K04
L96

# സ്നേഹ വിപ്ലവം

By

ലൂഷ്യസ് മാത്യൂ സി. എം. ഐ.

DHARMARAM COLLEGE LIBRARY, BANGALORE.
20987
K·04
L96

വില 2 ക. 50 പ.

**NIHIL OBSTAT**

Very Rev. Fr. Paulinus, C. M. I.,
Rev. Fr. Gaston, C. M. I.

**IMPRIMATUR**

† Joseph Parecattil
*Abp. of Ernakulam.*

Ernakulam
28-7-1965

Printed at the K. C. M. Press,
Ernakulam.
1967.

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | i |
| ആശയമുന്നേററം | 1 |
| സസ്വാത്രികമായ അടിമത്തം | 7 |
| പ്രതികരണങ്ങൾ | 18 |
| ചരിത്രത്തിലെ ക്രിസ്തു | 31 |
| നഴ്സറി | 44 |
| വിപ്ലവകാരിയായ യഹോവാ | 50 |
| ഭാവിയുഗങ്ങളുടെ പിതാവ് | 59 |
| അവതാരകൻ | 66 |
| പ്രലോഭകൻ | 71 |
| മനുഷ്യപുത്രൻ | 77 |
| ക്രിസ്തുവിൻെറ ജീവിതവീക്ഷണം | 100 |
| ക്രിസ്തു അവതരിപ്പിച്ച ദൈവം | 111 |
| വധുവിൻെറ ചിതയിൽ | 126 |
| സ്നേഹ ലബോറട്ടറി | 141 |
| സ്ഥാനപ്രതിഷ്ഠ | 160 |
| അനുതാപ പ്രതിഷ്ഠ | 175 |
| വരൻെറ ചിതയിൽ | 186 |
| ദാമ്പത്യ പ്രതിഷ്ഠ | 205 |
| പുഴു ചിത്രശലഭമായിത്തീരുന്നു | 210 |
| ഉൽഘാടകൻ | 227 |
| പൂർണ്ണനാകുവാൻ മനസ്സാകുന്നെങ്കിൽ | 239 |

# ആമുഖം

മനുഷ്യന്റെ ആകെത്തുക അവന്റെ ഔദാര്യമാണ്. ഔദാര്യം ബുദ്ധികൂർമ്മതയുടെ ഫലമല്ല.. ഉൽകൃഷ്ടമായ ജീവിതവീക്ഷണമാണ് ഔദാര്യത്തിന് നിദാനം. ഈ വീക്ഷണത്തിന്റെ അഭാവത്തിൽ കൂർമ്മബുദ്ധിയുള്ളവൻ എല്ലാ ചൊകരുന്നതു കണ്ടു എന്നുവരും. തേങ്ങാ ചൊകരുന്നതു കാണുകയില്ല— തട്ടിച്ചെടുക്കുന്നതിനു തടസ്സമില്ല. പാഴ്നഷ്ടംവന്നാലും ഖേദമില്ല. മനസ്സറിഞ്ഞൊന്നും കൊടുക്കുകയില്ല. ഔദാര്യത്തിനുള്ള അവസരംചുരുക്കമായിട്ടേ ഉണ്ടാകുകയുള്ളു. ഇടുങ്ങിയ വീക്ഷണംമൂലം ആ അവസരം നഷ്ടപ്പെടുത്തുന്നു. ചുരുങ്ങിയ കഴിവുള്ളവർ അവയെ യഥായോഗ്യം വിനിയോഗിച്ച് ഉദാരമായി പ്രവർത്തിക്കുന്നതു കാണുമ്പോഴാണ് വിപുലമായ കഴിവുകളുള്ള സ്വാർത്ഥമതികൾ തങ്ങൾക്കുപററിയ അബദ്ധം മനസ്സിലാക്കുന്നതു്. ഏതായാലും അവർ പരാജയം സമ്മതിക്കുകയില്ല. ഔദാര്യത്തിന്റെ പിന്നിൽ രക്ഷാകർതൃത്വത്തിന്റെ ചരടു് ആരോപിക്കുന്നതിനും ഔദാര്യം അധികപററാണെന്നു് സമർത്ഥിക്കുന്നതിനുമാണ് അവരുടെ ശ്രമം. സൌജന്യ സൃഷ്ടി നടത്തുന്ന ദൈവത്തിന്റെയും സൌജന്യമായി മുലകുടിപ്പിക്കുന്ന അമ്മയുടെയും ഔദാര്യം അവരുടെ ആശയഗതികളുമായി പൊരുത്തപ്പെടുകയില്ല.

വ്യാപാര നിലവാരത്തിൽ വർത്തിക്കുന്ന ഇന്നത്തെ സമുദായത്തിൽ തുല്യമായ കൈമാററ നീതിയ്ക്കപ്പുറമുള്ള സ്നേഹത്തിലും ഔദാര്യത്തിലും ആരും വിശ്വസിക്കുന്നില്ല. കുടുംബബന്ധംപോലും ക്ഷയിച്ചുവരുന്നു. തൊഴിലാളിഅമ്മ അഞ്ചുമണിക്കു് പണിനിർത്തുന്നതിനുള്ള ഫാക്ടററിയിലെ വിസിൽ കേട്ടാൽ പിന്നെ കുഞ്ഞിനെ മുല കുടിപ്പിക്കുകയില്ല. അമ്മയെ ആശ്രയിച്ചുകഴിയേണ്ട ശിശുവിന്റെ നിസ്സഹായാവസ്ഥ ഒരു നിർഭാഗ്യമായിട്ടാണ് ലോകായതികർ കരുതുന്നതു്. അവർ വിഭാവനം ചെയ്യുന്ന വ്യവസ്ഥിതിയിൽ അമ്മയുടെ രക്ഷാധികാരത്തിൽനിന്നു് ഒഴിവാകുന്നതിനുവേണ്ടി മനുഷ്യൻ ആറടിപൊക്കത്തിൽഭൂമിയിൽനിന്നു് മുളച്ചു വരികയാണ് വേണ്ടതു്. മൌലികമായ ദൈവത്തിന്റെ രക്ഷാധികാരത്തിൽനിന്നു് ഒഴിയുന്നതിനുവേണ്ടി ഭൂമിതന്നെയും ശൂന്യാവസ്ഥയിൽനിന്നു് സ്വയം പരിണമിച്ചുണ്ടാകണം. അമ്മയ്ക്കു് മീശയില്ലാത്ത സ്ഥിതിയ്ക്കു് തന്റെ മീശ സ്വയം പരിണമിച്ചുണ്ടായതാണെന്നാണ് മകന്റെ ഭാവം. അമ്മയെ മീശ പിരിച്ചുകാണിച്ചുകൊണ്ടു് ''ഞാൻ ആരാണെന്നറിയാമോ? അമ്മയുടെ രക്ഷാധികാരമൊന്നും ഇനി എടുക്കണ്ടാ. എനിക്കു പത്തുവയസ്സുള്ളപ്പോൾ മീശ ഇല്ല. എന്റെ ഓർമ്മയിൽ മീശ

സ്വയം പരിണമിച്ചുണ്ടായി എങ്കിൽ എന്തുകൊണ്ടു് ഓൎമ്മവയ്ക്കുന്നതിനു് മുമ്പു് ശരീരം മുഴവനും സ്വയം പരിണമിച്ചുണ്ടായിക്കൂടാ?'' അമ്മയും വിട്ടുകൊടുക്കുകയില്ല. ''നീ സ്വയം പരിണമിച്ചതാണെങ്കിൽ ഈ ബദ്ധപ്പാടിനൊന്നും കാര്യമില്ല. എൻെറ രക്ഷാധികാരം കൊണ്ടു് ഒന്നും നഷ്ടപ്പെടുവാനും പോകുന്നില്ല. എന്താണിത്ര പരാക്രമം? എനിക്കു് അഞ്ചുവയസ്സുള്ളപ്പോഠംമുതൽ ഞാൻ ഈ മീശ കാണുന്നതാ. കൃത്യം എൻെറ പിതാവിൻെറ മീശപോലിരിക്കുന്നു. നീ വളൎച്ച്പ്രാപിച്ച സ്ഥിതിയ്ക്കു് ഇനി എൻെറ രക്ഷാധികാരം നിനക്കാവശ്യമില്ല. എന്നാൽ നിൻെറ രക്ഷാധികാരം എനിക്കു് ആവശ്യമുണ്ടു്. നിൻെറ രക്ഷാധികാരത്തിൽ ജീവിച്ചു് ചെറുപ്പത്തിൽ എൻെറ പിതാവിൻെറ മടിയിൽ കയറിയിരുന്നു് മീശയ്ക്കു് പിടിച്ചു് അനുഭവിച്ച ഭാഗ്യം വീണ്ടെടുക്കുന്നതിൽപരം എനിക്കു് ആശിക്കുവാനൊന്നുമില്ല. സൎവ്വസമ്പൂൎണ്ണനായ ദൈവം മനുഷ്യൻെറ മടിയിൽ കയറിയിരിക്കുവാൻ പരക്കം പാഞ്ഞു നടക്കുകയാണു്. മനുഷ്യമക്കളോടുകൂടി ഇരിക്കുന്നതാണു് തൻെറ ഭാഗ്യം എന്നല്ലേ ദൈവം അരുളിച്ചെയ്യുന്നതു്?''

മകൻെറ മടിയിൽ കയറിയിരുന്നു് ഭാഗ്യം അനുഭവിക്കുവാൻ വെമ്പൽകൊള്ളുന്ന അമ്മയുടേയോ മനുഷ്യൻെറ മടിയിൽ കയറുവാൻ ബദ്ധപ്പെടുന്ന ദൈവത്തിൻെറയോ കൊഞ്ചൽ സ്വന്തം ദൃഷ്ടിയിൽ മഹാന്മാരായ ആളുകഠംക്കു് രസിക്കുകയില്ല. ഈ ബാലിശസന്തോഷങ്ങഠംക്കെല്ലാം അതീതമായി ഉയൎന്നു് ലോകയാഥാൎത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനാണു് അവരുടെ യത്നം. മനസ്സുതിരിഞ്ഞു ശിശുതുല്യമായ ഭാഗ്യം അനുഭവിക്കുന്നതിനു് അവൎക്കു് ഒരുക്കമില്ല. തങ്ങളുടെ സ്വയംകൃത വലിപ്പം അടിയറവെച്ചു കൊണ്ടുള്ള ജീവിതവീക്ഷണം ഉൽകൃഷ്ടമെന്നു് അവർ സമ്മതിക്കുകയുമില്ല. പിറവികരുടന്മാർ സമുദായത്തിൽ നേതൃത്വം വഹിക്കുകയും മൂല്യങ്ങളുടെ താരിപ്പു് നിൎണ്ണയിക്കുകയും ചെയ്യുവരവെ നിറത്തെപ്പററി ആരെങ്കിലും പ്രസംഗിക്കുന്നതായാൽ അതു് അധകൃതരുടെ ലാഘവബുദ്ധിയിൽനിന്നു് ഉടലെടുത്ത കൊഞ്ചലായിട്ടു മാത്രമേ അവർ കരുതുകയുള്ളു. തങ്ങളുടെ വേദാന്തത്തിനപ്പുറമുള്ള ഏതു വീക്ഷണവും വെറും ഒരു സങ്കല്പമായിട്ടു പോലും(hypothesis) അവർ സ്വീകരിക്കുകയില്ല. ഏതായാലും ലോകത്തിലെ വിജ്ഞാനികളിൽ നിന്നു് ഈ വീക്ഷണം മറച്ചു് ശിശുക്കഠംക്കു് വെളിപ്പെടുത്തിയതിൽ ക്രിസ്തു പ്രത്യേകം ദൈവത്തിനു് നന്ദി പറയുന്നുണ്ടു്.

യഥാൎത്ഥമായ സ്നേഹവും ഔദാര്യവും മാത്രമേ മനുഷ്യനെ ഭാഗ്യവാനാക്കുകയുള്ളു. പേനാക്കത്തി മുറിയ്ക്കുന്നതിനും സൂചി തയ്ക്കുന്നതിനുമെന്നപോലെ മനുഷ്യൻ കൊടുത്തു സ്നേഹിച്ചു് ഭാഗ്യമടയുന്നതിനുവേണ്ടിയാണു്. അവൻെറ സ്നേഹം അൎഹിക്കുന്ന വിഷയത്തിൽ എ

ത്തിച്ചേരുമ്പോൾ അവൻ ജന്മസാഫല്യമടയുന്നു. അവൻ എല്ലാ ററിലുമുപരിയായി ദൈവത്തെയും ദൈവത്തെപ്രതി അയല്ക്കാരേയും സ്നേഹിക്കുന്നതോടെ പരമാവധി ഭാഗ്യമടയുകയും പരമാവധി പുരോഗമിക്കുകയും പരമാവധി ഭൂമുഖത്തെ നവീകരിക്കുകയുംചെയ്യുന്നു.

കൊടുത്തുകൊണ്ടുള്ള സ്നേഹം താനേ ഉണ്ടാകുകയില്ല. പ്രകൃതിജന്യമായ വൈകാരികസ്നേഹം കാട്ടിലെ ചെടിപോലെ താനേ മുളച്ചുണ്ടാകുന്നു. അതു് മുൾച്ചെടിയാണെന്നു് വാദമില്ല. ഭൂമുഖത്തെ നവീകരിക്കുന്നതിനു് മതിയാകുകയില്ലെന്നുമാത്രം. സംസ്കരണത്തിൻെറ അഭാവത്തിൽ അഥവാ വഴിപിഴച്ച സംസ്കരണത്തിൽ അതു് നാശകരവും ആയിത്തീർന്നേക്കാം. കാട്ടുചെടികൾക്കെന്നപോലെ പ്രകൃതിജന്യമായ സ്നേഹത്തിനും അപ്രതിരോധ്യമായ ആകർഷണശക്തിയുണ്ടു്. അതിൻെറ സമ്പർക്കപരിധിയിൽ പെടുന്ന വസ്തുക്കളെയും ആളുകളെയും അവരെകൊണ്ടുള്ള ഉപയോഗം കഴിഞ്ഞാൽ അനന്നിമിഷം അവരെ നശിപ്പിച്ചു് അവരുടെ പ്രേതങ്ങളിന്മേൽ ചവുട്ടിക്കൊണ്ടായിരിക്കും മുന്നേറുക. കൂർമ്മബുദ്ധി സൂചിക്കുഴയിൽക്കൂടി പാരകടത്തുന്നതിനായിരിക്കും വിനിയോഗിക്കുക. ആത്മാർത്ഥതയും സത്യസന്ധതയുമുള്ളവനെ ശുദ്ധഗതിക്കാരനായിട്ടും (Simpleton) ദുഷ്ടനെ യാഥാർത്ഥ്യബോധമുള്ളവനായിട്ടും അവർ കരുതുന്നു.

ഫലംകൊണ്ടു് വൃക്ഷം നിർണ്ണയിക്കണമെന്നാണു് ക്രിസ്തുവിൻെറ വിവക്ഷ. കാട്ടുചെടികളിൽനിന്നു് ആരും സ്ഥായിയായ ആദായം പ്രതീക്ഷിക്കുന്നില്ല. കാടു് അണുബോംബു പരീക്ഷിക്കുന്നതിനും, അക്രമികൾക്കു് അഭയം നൽകുന്നതിനും, ഫോട്ടോ എടുക്കുന്നതിനും, വിനോദയാത്ര കഴിക്കുന്നതിനും മററുമാണു് ഉപകരിക്കുക. നിക്ഷിപ്തതാല്പര്യക്കാരെ തുരത്തി കാടു് വെട്ടിത്തെളിച്ചു് കൃഷിചെയ്താൽ അതു് സമ്പുഷ്ടമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതുപോലെ ശരിയായ ശിക്ഷണം വഴി പ്രകൃതിജന്യമായ സ്നേഹത്തെ സംസ്കരിക്കുന്ന പക്ഷം അതു് മനുഷ്യനെ ഭാഗ്യവാനാക്കുകയും പുരോഗമിപ്പിക്കുകയും ഭൂമുഖത്തെ നവീകരിക്കുകയും ചെയ്യുന്നു. ആത്മീയ സംസ്കരണം കൊണ്ടുമാത്രമേ ഫലപ്രദവും വിപ്ലവാത്മകവുമായ കൊടുത്തുകൊണ്ടുള്ള സ്നേഹം ഉടലെടുക്കുകയുള്ളു. ആത്മാവിൻെറ ഈ സംസ്കരണം എങ്ങനെ നിർവ്വഹിക്കണമെന്നുള്ളതാണു് ഈ ചെറുഗ്രന്ഥത്തിൻെറ പ്രതിപാദ്യവിഷയം.

ഗ്രന്ഥകർത്താവു്

ധർമ്മാരാം കോളേജ് ബാംഗളൂർ

7–1–1967.

†

**A. M. D. G.**

# സ്നേഹ വിപ്ലവം

## ഒന്നാംഭാഗം

### അദ്ധ്യായം 1

### ആശയ മുന്നേററം

സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ മുദ്രാവാക്യങ്ങളോടു കൂടെയാണ് ഫ്രഞ്ചുവിപ്ലവം ആരംഭിച്ചതു്. സാഹോദര്യത്തിനു പകരം സ്വാതന്ത്ര്യത്തിനായിരുന്നു മുൻഗണന. ഒരു തലമുറക്കാലത്തേയ്ക്കു് മർദ്ദനവും അടിമത്വവും ശതഗുണീഭവിച്ചെങ്കിലും കാലാന്തരത്തിൽ ഫ്രാൻസിൽ മാത്രമല്ല ലോകം മുഴുവനും സ്വാതന്ത്ര്യം ആദരിക്കപ്പെട്ടു. എന്നാൽ അതേസമയം കൂടുതൽ മൌലികമായ പുതിയ പുതിയ അസ്വാതന്ത്ര്യങ്ങൾ ഈ വിപ്ലവം വരുത്തിവെച്ചു. ഈ സ്വാതന്ത്ര്യം സാഹോദര്യത്തിൽ അധിഷ്ഠിതമായിരുന്നില്ല. നിർബ്ബന്ധ സൈന്യസേവനം അതിനുമുമ്പ് കേട്ടിട്ടില്ലാത്ത സംഗതിയാണ്. നിർബ്ബന്ധ സൈന്യസേവനത്തിന് വിസമ്മതിച്ചതുമൂലം വെൻഡേ പ്രവിശ്യയിൽ ഒരു ലക്ഷത്തിൽപരം ആളുകൾ വധിക്കപ്പെട്ടു. സമുദായം മുഴുവനും പട്ടാളചിട്ടയിൽ ക്രമീകൃതമായി. മനുഷ്യന്റെ ചിന്തപോലും പട്ടാളചിട്ടയിലായിത്തീർന്നു. സേനാനായകൻ കല്പിച്ചാൽ ഒരു ലക്ഷം പടയാളികൾ ഒന്നിച്ചു് നിറയൊഴിക്കുന്നതുപോലെ പാർട്ടിനേതാക്കന്മാർ എന്തെങ്കിലും മുദ്രാവാക്യം മുഴക്കിയാൽ ലക്ഷക്കണക്കിന് ആളുകൾ അതു് ഏററു പാടുകയായി. ചിന്തിക്കുവാൻ ജനങ്ങൾക്ക് കഴിവില്ലെന്നും അണിയറയിലുള്ളവർ എല്ലാവർക്കുംവേണ്ടി ചിന്തിച്ചുകൊള്ളുമെന്നുമാണ് ന്യായം. അതിനുമുമ്പ് ഇഷ്ടമുള്ള രീതിയിൽ ചിന്തിക്കുന്നതിനും വിദ്യ അഭ്യസിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരുന്നു.

വിപ്ലവത്തെ തുടന്ന് ചിന്താസ്വാതന്ത്ര്യം ഒരു കൂട്ടരുടെ കുത്തകയായി. നിർബ്ബന്ധ സ്റ്റേററുവിദ്യാഭ്യാസം ഉൽഘാടനം ചെയ്തുകൊണ്ടു് നെപ്പോളിയൻ പ്രസ്താവിച്ചതു്: വിദ്യാഭ്യാസം രാഷ്ട്രത്തിൻെറ ഒരു ആയുധമെന്നത്രേ. കാളയുടെ ഉടമസ്ഥൻ നിലമുഴുന്നതിനും വണ്ടി വലിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതുപോലെ രാഷ്ട്രത്തിൻെറ ലക്ഷ്യമനുസരിച്ചു്(പ്രയോഗത്തിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ താല്പര്യമനുസരിച്ചു്) പൌരന്മാരെ അഭ്യസിപ്പിച്ചുകൊള്ളണമെന്നു സാരം. അഞ്ചു വയസ്സുമുതൽ മരണംവരെ എന്തു ചിന്തിക്കണമെന്നു് പാർട്ടി അണിയറകളിൽ ഇരിക്കുന്നവരാണു് നിശ്ചയിക്കേണ്ടതു്. പട്ടാളച്ചിട്ടയിലുള്ള ചിന്തയാണു് സാക്ഷാൽ സ്വാതന്ത്ര്യവും പുരോഗമനപരവുമെന്നു് ഭൂരിപക്ഷം ആളുകളേയും ബോധ്യപ്പെടുത്തുവാൻ തല്പരകക്ഷികൾക്കു് സാധിച്ചു.

പാരീസ് നഗരത്തിലെ അങ്ങാടി പരിഷയ്ക്കു് വിപ്ലവനേതൃത്വം വിട്ടുകൊടുക്കാതെ യഥാർത്ഥ ചിന്തകന്മാർ ഏറെറടുത്തിരുന്നെങ്കിൽ സ്വാതന്ത്ര്യം സാഹോദര്യത്തിൽ അധിഷ്ഠിതമായിരുന്നെങ്കിൽ, പുതിയ അടിമത്തം കെട്ടിയേല്പിക്കാതെ നിലവിലുള്ള അഴിമതികൾ നീക്കി ലോകചരിത്രം ഇന്നത്തേക്കാൾ ശോഭനമാക്കിത്തീർത്തനേ. വിപ്ലവനേതാവായ റൊബേസ്പിയർ ഇതിനു് അല്പംമുമ്പു് കുററക്കാരെ ശിക്ഷിക്കുന്നതിനുള്ള വൈമനസ്യം മൂലം ജഡ്ജിയുദ്യോഗം നിരസിച്ചു. വിപ്ലവനേതൃത്വത്തിൽ എത്തിയതിനെ തുടന്നു് നിരപരാധികളെ ലക്ഷക്കണക്കിനു് യാതൊരു വിസ്താരവും അഭിനയിക്കുകപോലും ചെയ്യാതെ വധിച്ചു. കുററത്തെ ആസ്പദമാക്കിയല്ല വിപ്ലവകക്ഷിയോടുള്ള മനോഭാവത്തെ അടിസ്ഥാനമാക്കിയാണു് വധശിക്ഷ. അങ്ങാടി പരിഷയുടെ വിപ്ലവം ചിന്തയുടെ ഫലമല്ല വികാരത്തിൻെറയും ആവേശങ്ങളുടെയും ഫലമാണു്. അതു് ദുഷ്ടന്മാരുടെ സ്വാതന്ത്ര്യവും ശിഷ്ടന്മാരുടെ അടിമത്തവുമായി കലാശിച്ചു.

## സമത്വവിപ്ലവം

1917—ൽ ആരംഭിച്ച ബോൾഷെവിക്ക് വിപ്ലവം സമത്വത്തിനുവേണ്ടിയായിരുന്നു. ഇതിൻെറ പ്രത്യേകത ഉരുക്കു മറകൊണ്ടു് പരീക്ഷണരംഗം മറച്ചു വച്ചിരിക്കുന്നു എന്നുള്ളതാണു്. ആദ്യതലമുറയിലെ ഭീകരവാഴ്ച കഴിഞ്ഞു് ഇന്നത്തെ സർവ്വാധിപതിയുടെ കീഴിൽ ഉരുക്കുമറ നീങ്ങിക്കൊണ്ടിരിക്കുന്നതായും എല്ലാം ക്രമീകൃതാവസ്ഥയിൽ എത്തിക്കൊണ്ടിരിക്കുന്നതുമായിട്ടാണു് റിപ്പോർട്ട്: സ്വാതന്ത്ര്യം അവർ അവകാശപ്പെടുന്നതേയില്ല. വ്യക്തിസ്വാതന്ത്ര്യമുള്ള പക്ഷം അവിടെ സമത്വമുണ്ടാകുക സാധ്യമല്ല എന്നാണ് അവരുടെ സങ്കല്പം.

ഈ സമത്വം സാഹോദര്യത്തിൽ അധിഷ്ഠിതമല്ല. വിപ്ലവഫലമായി സമത്വമുണ്ടോ? ലോകത്തിലേയ്ക്കും ഏററം അസമത്വമുള്ള രാജ്യമായിട്ടാണു് റിപ്പോർട്ടു്. മററുരാജ്യങ്ങളിൽ ഏററം ഉയന്ന ശമ്പളം

ഏററം താഴ്ന്ന ശമ്പളത്തിൻെറ പത്തിരട്ടിയിൽ ഒട്ടം അധികരിക്കുക യില്ല. സോവ്യററുഷ്യയിൽ 300—ഇരട്ടിയാണ്. ഇത്രയും ഉയൻ പലിശനിരക്ക്(7%)ഒരിടത്തുമില്ല. മുതലാളിസ്റ്റ് അയാളുടെ റേഷ്യൻ കടയിൽ നല്ലസാമാനങ്ങൾ ചുരുങ്ങിയ വിലയ്ക്കു കിട്ടും. മററുള്ളവക്ക് കരിഞ്ചന്തയിൽ തീപിടിച്ചവിലയ്ക്കുമാത്രം കിട്ടും നല്ലസാമാനം. അവിടത്തേ മുതലാളികൾ അദ്ധ്വാനം കൊണ്ടല്ല ഗവമ്മേണ്ടിനെ സേവിച്ച് മുതലാളികളായവരാണ്. അമേരിക്കയിൽ പത്തുശതമാനം ധനികർ ദേശീയവരുമാനത്തിൻെറ 35% അനുഭവിക്കുമ്പോൾ റഷ്യയിലെ പത്തുശതമാനം ധനികന്മാർ 50% അനുഭവിക്കുന്നു.

## യാഥാർത്ഥ വിപ്ലവം

യഥാൎത്ഥ വിപ്ലവം ചിന്തയുടെ ഫലമാണ്. അതു് തത്വങ്ങളിലാണ്, രക്തച്ചൊരിച്ചിലിലല്ല സ്ഥിതിചെയ്യുന്നതു്. അതു് ആദ്യം ധാൎമ്മികരംഗത്തും പിന്നീട് സാമുദായികരംഗത്തും പ്രത്യക്ഷപ്പെടുന്നു. വിപ്ലവം ഉത്തമന്മാരായ ആളുകളിൽനിന്നാരംഭിച്ച് ജനങ്ങളിലേയ്ക്കു് വ്യാപിക്കയാണ് വേണ്ടതു്. സമകാലീന ആശയങ്ങളുടെ ചട്ടക്കൂട്ടിൽനിന്നു് സ്വതന്ത്രമായി, സൃഷ്ടിപരമായി ചിന്തിക്കുന്നവനാണ് വിപ്ലവകാരി — സർ ഐസക്ക് ന്യൂട്ടൻ ഒരു വിപ്ലവകാരിയായി കരുതപ്പെടുന്നില്ല—അദ്ദേഹത്തോളം വലിയ വിപ്ലവകാരി അടുത്തകാലത്തു് ഉണ്ടായിട്ടില്ല. ഒരു മരത്തിൽനിന്നു് ഒരുപഴം നിലത്തു വീഴുന്നതുകണ്ടു് അദ്ദേഹം അതിൻെറ കാരണം ആരായുകയും പ്രകൃതിശാസ്ത്രത്തിൻെറ അടിസ്ഥാനതത്വമായ വസ്തുക്കളുടെ പരസ്പര ആകഷ്ണം കണ്ടുപിടിക്കയും ചെയ്തു. സമകാലീനക്ക് ഇത്തരം ഗവേഷണം വിചിത്രമായിട്ടാണ് തോന്നിയതു്. അദ്ദേഹത്തെ ഭ്രാന്താസ്പത്രിയിൽ ആക്കാതിരുന്നതു് ഭാഗ്യം. സമകാലീനരുടെ കല്ലേറിനെ അതിജീവിക്കുന്ന വിപ്ലവകാരികൾ ചുരുക്കം. എത്രമാത്രം ആഴമായും സ്വതന്ത്രമായും ചിന്തിക്കുമോ അത്രകണ്ടു് വിപ്ലവങ്ങൾ മാനവവംശത്തെ മുന്നേററുകയും സംസ്കരിക്കുകയും ചെയ്യും. ചിന്തകന്മാരുടെ നിലവാരം ഉയരുംതോറും അവരുടെ ചിന്തകൾ വിദൂരവ്യാപകങ്ങളായിത്തീരുന്നു. ജാതീയവും ദേശീയവുമായ ചിന്താഗതികളുടെ ചട്ടക്കൂട്ടിനതീതമായി ചിന്തിക്കുന്നവൻ മാനവവംശത്തെ ഒന്നാകെ സംസ്കരിക്കുന്നു. പ്രപഞ്ചത്തിൻെറ ചട്ടക്കൂട്ടിനെല്ലാം അതീതമായി ചിന്തിക്കുന്ന ദൈവം ഒരു വിപ്ലവം ഉൽഘാടനംചെയ്യുന്നപക്ഷം അതു് ഭൂമുഖത്തെ നവീകരിക്കുകയും എല്ലാ കാലങ്ങളേയും എല്ലാ ദേശങ്ങളേയും സമൂലം സംസ്കരിക്കുകയും ചെയ്യും.

വിപ്ലവത്തിൻെറ ലക്ഷ്യം മനുഷ്യനെ ഭാഗ്യപ്രദമാക്കുകയായിരിക്കണം. ജീവിതത്തിൽ പ്രയോഗിക്കുവാൻ ഉദ്ദേശിക്കപ്പെടാത്ത യൂട്ടോപ്യൻ സ്വപ്നങ്ങൾ വിപ്ലവമല്ല. പ്രായോഗികമായ വിപ്ലവ ആശയങ്ങൾ ഉടനടി ഫലം പുറപ്പെടുത്തിയെന്നു വരികയില്ല. വിപ്ലവ

ആദൎശം എത്രകണ്ടു് ഉന്നതമായിരിക്കുമോ അത്രകണ്ടു് സാവധാനത്തിൽ മാത്രമേ അതു് പ്രയോഗത്തിൽ വരികയുള്ളു. പ്രയോഗത്തിൽ കൊണ്ടുവരുന്നതു് ചരിത്രപരമായ സാഹചര്യങ്ങളിലൂടെയാണു്. പ്രയോഗത്തിൽ അതിലേപ്പെടുന്ന ആളുകളുടെ വ്യക്തിവിലാസം അതിൽ പതിയാതിരിക്കുകയില്ല. ചരിത്രപരമായ സാഹചര്യങ്ങളുടെ അനിശ്ചിതാവസ്ഥമൂലം ലക്ഷ്യത്തിൽനിന്നു് വ്യതിചലിച്ചുവെന്നോ, പരാജയമടഞ്ഞുവെന്നോ വരാം. വിജയവും പരാജയവും എല്ലാം അളക്കുന്നതിനു് പക്വമായബുദ്ധി ആവശ്യമാണു്.

സാമാന്യജനങ്ങൾ ചിന്തയുടെ ഫലമായ വിപ്ലവത്തെ കടലാസുവിപ്ലവമായിട്ടാണു് കരുതുന്നതു്. രക്തച്ചൊരിച്ചിലുണ്ടെങ്കിൽ മാത്രമേ അവൎക്കു് വിപ്ലവമാകുകയുള്ളു. അതിനെ കൂട്ടക്കൊല എന്നുവിളിക്കുകയായിരിക്കും ഉത്തമം.

## സാഹോദര്യ വിപ്ലവം

യഥാൎത്ഥ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനം സാഹോദര്യമാണു്. രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് മറെറാരുവിപ്ലവകാരി സാഹോദര്യത്തിന്റെ വിപ്ലവം ഉൽഘാടനം ചെയ്തു. അത്താഴത്തിനിരിക്കുകയിൽ അദ്ദേഹം എഴുന്നേററു് സ്വശിഷ്യരുടെ കാലുകഴുകി അനന്തരം പറയുന്നു ''നിങ്ങൾ എന്നെ ഗുരു എന്നുവിളിക്കുന്നു. അതുശരി, നിങ്ങളുടെ ഗുരുവായഞാൻ നിങ്ങളുടെ കാലുകഴുകിയതുപോലെ നിങ്ങളും പരസ്പരം കാലുകഴുകണം. ഒരു പുതിയ പ്രമാണം ഞാൻ നിങ്ങൾക്കു് തരുന്നു. നിങ്ങൾ എന്റെ ശിഷ്യരാകുന്നു എന്നു് അറിയുന്നതിനുവേണ്ടി പരസ്പരം സ്നേഹിക്കുവിൻ.''

പരസ്പരം സ്നേഹിക്കുക എന്നതു് പുതിയ പ്രമാണമാണോ? ''നിങ്ങളോടു് മററുള്ളവർ ചെയ്യരുതെന്നു് ആഗ്രഹിക്കുന്നവ നിങ്ങൾ മററുള്ളവരോടും ചെയ്യരുതു്'' എന്നു് സ്റ്റോയിക്ക തത്വശാസ്ത്രികൾ പഠിപ്പിച്ചിരുന്നു. ''ഒരാൾ പുഴയുടെ നടുവിൽ പെട്ടാൽ അയാളെ രക്ഷിച്ചു അക്കരെ എത്തിക്കുമ്പോഴേയ്ക്കും നിങ്ങളും അക്കരെ എത്തിക്കഴിഞ്ഞു'' എന്നാണു് ഹൈന്ദവ മതഗ്രന്ഥങ്ങൾ ഘോഷിക്കുന്നതു്. ഇതു രണ്ടും സ്നേഹം തന്നെയാണു്. എന്നാൽ വിപ്ലവപരമല്ല. ആദ്യത്തേതു് നിഷേധാത്മകം. രണ്ടാമത്തേതു് വിശാല വീക്ഷണത്തോടു കൂടിയ സ്വാൎത്ഥം എന്നുമാത്രം. സ്നേഹം ഏതായാലും അവിടെ അന്തർഭവിച്ചിട്ടുണ്ടു്. അക്കരെ എത്തുന്നതിനു് ഒരുവനെ രക്ഷിക്കണമെന്നില്ല. അതു് ഔദാൎയ്യത്തിന്റെ പ്രവൃത്തിയാണു്. ചിലപ്പോൾ സ്വന്തം ജീവനെപ്പോലും അപകടത്തിലാക്കിയെന്നുവരും. അതോടുകൂടി സ്വാൎത്ഥലാഭവും ഉദ്ദേശിക്കുന്നുണ്ടെന്നു മാത്രം. ആ സ്വാൎത്ഥം കൂടി അങ്ങു് ഉപേക്ഷിച്ചാൽ (ചുരുങ്ങിയപക്ഷം മനഃപൂൎവ്വം ഉദ്ദേശിക്കാതിരുന്നാൽ) വിപ്ലവാത്മകമായി. താല്പൎയ്യങ്ങളുടെ പൊരുത്തം മൂലം അന്യരെ സ്നേഹിക്കുന്നതു് വെറും പ്രകൃതിജന്യമായ സ്നേഹമാണു്. തങ്ങൾക്കു് സ്വസ്തിചൊല്ലുന്നവൎക്കു്

ചുങ്കക്കാരും പുറജാതികളും സ്വസ്തിചൊല്ലുന്നില്ലേ? പ്രത്യുപകാരത്തെ പരിഗണിക്കാതെ ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും മഴ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആകുന്നതാണ് വിപ്ലവപരമായ സ്നേഹം.

## ആവണക്കെണ്ണ വിപ്ലവം

മനുഷ്യന്റെ വ്യക്തിപരവും സാമൂഹ്യപരവുമായ ജീവിതം പുരോഗമിക്കേണ്ടതു് വിപ്ലവപരമായ വീക്ഷണത്തിൽക്കൂടിയാണ്. ശരീരത്തിന്റെ ആരോഗ്യത്തിനു് രണ്ടു് പദ്ധതികളാണ് നിർദ്ദേശിക്കപ്പെടുന്നതു്. മിതഭോജനവും ആവണക്കെണ്ണ വിപ്ലവവും. മിതഭോജനത്തിനു് വിപ്ലവപരമായ വീക്ഷണം ആവശ്യമാണ്. മൃഗങ്ങളെപ്പോലെ വാസനയെമാത്രം പിഞ്ചെല്ലുന്നവൻ രുചിയുള്ള ഭക്ഷണം മൂക്കററംതിന്നും. യഥാർത്ഥ വിപ്ലവകാരി പോഷകമൂല്യങ്ങളുള്ള ആഹാരമാണ് ആരായുക. യാഥാസ്ഥിതികന്മാർ മാമൂലിന്മേൽ കടിച്ചുതൂങ്ങിക്കിടക്കുമ്പോൾ, വിപ്ലവകാരി ഗവേഷണം വഴി ബുദ്ധിപരമായ ജീവിതത്തിനു് ഏററം പററിയ ആഹാരമേതെന്നു് കണ്ടുപിടിക്കും. അതുകൊണ്ടുമായില്ല. മിതത്വം പാലിക്കണം. അതിലേയ്ക്കു് ഭൗതികാതീതമായി ചിന്തിക്കണം. ഭോജനപ്രിയത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനു് ശാരീരാരോഗ്യത്തിനപ്പുറമുള്ള വീക്ഷണം ഉണ്ടായിരിക്കണം. മൃഗം വയറുനിറഞ്ഞാൽ വെറും വാസനയുടെ നേതൃത്വത്തിൽ തീററനിറുത്തും. ആരോഗ്യത്തിനു് ഹാനികരമെന്നറിഞ്ഞാൽ തന്നെയും മനുഷ്യൻ ഭക്ഷിക്കും. ഏറിയാൽ നൂറു് കൊല്ലമേ ഞാൻ ജീവിക്കുകയുള്ളു. നാളത്തെ കാര്യംതന്നെ സംശയം. എന്തിനു് തീർച്ചയില്ലാത്ത നാളേയ്ക്കു വേണ്ടി ഇന്നു് ഉപവസിക്കുന്നു? മൃഗങ്ങൾക്കുള്ളതിലപ്പുറം ഒരു ലക്ഷ്യം തങ്ങൾക്കുള്ളതായി കാണുകയും ആ ലക്ഷ്യപ്രാപ്തിയുമായി മിതഭോജനം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്താൽ മാത്രമേ ഭോജനാസക്തി ഫലപ്രദമായി നിയന്ത്രിക്കപ്പെടുകയുള്ളു.

മൃഗങ്ങൾക്കതീതമായ ലക്ഷ്യത്തെപ്പററി ബോധ്യപ്പെടാത്ത അനാത്മവാദി വൈരുദ്ധ്യം വഴിയാണ് മുന്നേറുന്നതു്. ഈ മുന്നേററത്തിനു് ''ഡയലക്ററിക്കൽ മററീരിയലിസം'' എന്നു് വേണമെങ്കിൽ പേരു് കൊടുക്കാം. ഒന്നാം ദിവസം മൂക്കററം തിന്നുക. ഒന്നാംദിവസത്തെ ഈ ''പ്രമേയ''ത്തിനു് (thesis) കടകവിരുദ്ധമാണ് (antithesis) രണ്ടാം ദിവസത്തെ ആവണക്കെണ്ണ പ്രയേഗം. ആവണക്കെണ്ണ പ്രയോഗം ഒരു വിപ്ലവം തന്നെയാണ്. ഈ വിപ്ലവം വഴി മൂക്കററംതിന്നതുകൊണ്ടുള്ള അസ്വാസ്ഥ്യം നീങ്ങി മൂന്നാം ദിവസം സുഖം പ്രാപിക്കുന്നു. (synthesis) മൂന്നാം ദിവസം വീണ്ടും അമിത ഭോജനം ആരംഭിക്കുകയും പിന്നാലെ ആവണക്കെണ്ണ വിപ്ലവംകൊണ്ടു് അതിന്റെ അസ്വാസ്ഥ്യം പരിഹരിക്കുകയുമായി.

സാമൂഹ്യഗാത്രത്തിന്റെ ആരോഗ്യത്തിനും ചിലർ നിർദ്ദേശിക്കുന്നതു് ആവണക്കെണ്ണ വിപ്ലവം ആണു്. വർഗ്ഗീയമത്സരം അഥവാ ദ്വേഷവിപ്ലവം കൊണ്ടാണു് സാമൂഹ്യഅനീതികൾ പരിഹരിക്കേണ്ടതെന്നാണു് അവരുടെ വാദം. ആദ്യമായി അമിതഭോജനത്തിന്റെ സ്ഥാനത്തു് മുതലാളികൾ സാധുക്കളെ ചൂഷണംചെയ്തു്, സമുദായത്തിൽ അസ്വാസ്ഥതയും സംഘർഷാവസ്ഥയും സൃഷ്ടിക്കുക (thesis). ഇതിന്റെ വൈരുദ്ധ്യമായ ആവണക്കെണ്ണ പ്രയോഗമാണു് അടുത്ത പടി. സാധുക്കൾ വർഗ്ഗീയമത്സരം വഴി സംഘടിച്ചു് മുതലാളികളെ കൊന്നൊടുക്കി അവരുടെവസ്തുക്കൾ പിടിച്ചെടുക്കുകയും തൊഴിലാളി സ്വേച്ഛാധിപത്യം സ്ഥാപിച്ചു് ചാട്ടപിടിച്ചു് എല്ലാവരെക്കൊണ്ടും ജോലി ചെയ്യിപ്പിക്കുകയും ചെയ്യുക(antithesis)ഇങ്ങനെ സമൃദ്ധിയുണ്ടായി വിഭവങ്ങൾ പച്ചവെള്ളംപോലെ സമൃദ്ധമാകുമെങ്കിൽ ആരാണു് ചൂഷണത്തിനു് പോകുക. അങ്ങനെ ചൂഷണവും സ്വാർത്ഥവും ഇല്ലാതാകും (Csynthesis).

ആവണക്കെണ്ണവിപ്ലവം കൊണ്ടു് വ്യക്തികളുടെയോ, സമുദായത്തിന്റെയോ ആരോഗ്യം മുന്നേറുകയില്ല. അധഃപതിക്കുകയേയുള്ളു. അമിതഭോജനത്തിന്റേയും ആവണക്കെണ്ണയുടെയും പരമ്പരകൾ ആരോഗ്യം ക്ഷയിപ്പിച്ചു് അകാലമൃത്യുവിനിരയാക്കുന്നു. സാമുദായികരംഗത്തു് സ്വാർത്ഥവും ചൂഷണവും വർഗ്ഗീയമത്സരവും വിപ്ലവവുംകൊണ്ടു് ഒരു പുരോഗതിയും ഉണ്ടാകുവാൻ പോകുന്നില്ല. ഇന്നു്ഒരാൾക്കു് വിപ്ലവമുണ്ടാക്കാമെങ്കിൽ എന്തുകൊണ്ടു് നാളെ അയാൾക്കെതിരായി മറ്റൊരാൾക്കു് വിപ്ലവമുണ്ടാക്കുവാൻ പാടില്ല? ചാട്ടപിടിച്ചു് അദ്ധ്വാനിപ്പിച്ചതുകൊണ്ടു് ശാശ്വതമായ സമൃദ്ധിയുണ്ടാകുവാൻ പോകുന്നില്ല. പ്രകൃതിവിരുദ്ധമായിട്ടുള്ളതൊന്നും നിലനില്ക്കുകയില്ല. ചൂഷണത്തിന്റെയും വിപ്ലവത്തിന്റെയും മർദ്ദനത്തിന്റെയും പരമ്പര, ആരാജകത്വവും അധഃപതനവും മാത്രമേ സൃഷ്ടിക്കുകയുള്ളു.

പ്രാപഞ്ചികമൂല്യങ്ങളിൽ വിശ്വസിക്കുന്നവനു് ആവണക്കെണ്ണ വിപ്ലവത്തിനുപുറമെ, സൃഷ്ടിപരമായ പല മാർഗ്ഗങ്ങളും നിർദ്ദേശിക്കുവാനുണ്ടു്. പ്രകൃതിജന്യമായ സ്നേഹം, താല്പര്യങ്ങളിലുള്ള പൊരുത്തം എന്നിവ മനുഷ്യനെ പരസ്പര സഹകരണത്തിനു് ഒരുക്കുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി പൗരസ്ത്യരാജ്യങ്ങൾ പിടിച്ചടക്കുകയും അവിടെ ധന്യമായ ഗ്രീക്കുസംസ്കാരം വ്യാപിപ്പിക്കുകയും ചെയ്തു. പാശ്ചാത്യ പൗരസ്ത്യ ഐക്യത്തിനുവേണ്ടി അദ്ദേഹം ഒരു പേർഷ്യൻ രാജകുമാരിയെ വിവാഹംചെയ്യുകയും തന്റെ പ്രജകളും പൗരസ്ത്യരുമായുള്ള വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ലോകം മുഴുവൻ പിടിച്ചടക്കി ദേശീയവും ജാതീയവുമായ അതിർത്തികൾ നീക്കി ലോകത്തെ ഒരു കുടുംബമാക്കിത്തീർക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ അകാലമൃത്യുവിനെ തുടർന്നു് സാമ്രാജ്യം പല രാജ്യങ്ങളായി ചിതറുകയും, അദ്ദേഹം കെട്ടിപ്പടുത്ത ഐക്യം അപ്രത്യക്ഷമാകുകയും ചെയ്തു.

വിവാഹബന്ധം കൊണ്ടോ പ്രകൃതിജന്യമായ സ്നേഹംകൊണ്ടോ മാത്രം ലോകം ഒരു കുടുംബമായിത്തീരുവാൻ പോകുന്നില്ല. സ്വാതന്ത്ര്യമെങ്കിലും അതൊന്നും വിപ്ലവാത്മകമല്ല. ലോകം ഒരു കുടുംബമായിത്തീരണമെങ്കിൽ മനുഷ്യരെല്ലാം പരസ്പരം സഹോദരന്മാരായിത്തീരണം. സഹോദരന്മാരായിത്തീരണമെങ്കിൽ പൊതുവായ ഒരു പിതാവുണ്ടാകണം. പ്രപഞ്ചാതീതനായ ഒരു പിതാവുണ്ടെങ്കിൽ മാത്രമേ മനുഷ്യർ പരസ്പരം സഹോദരന്മാരാകുകയുള്ളു. പ്രപഞ്ചാതീതമായ ദൌത്യം മാത്രമേ മാനവവംശത്തിനു് ലക്ഷ്യവും ഐക്യവും നല്കി അതിനെ ഒരു കുടുംബമാക്കിത്തീർക്കുന്നുള്ളു. പ്രപഞ്ചാതീതലക്ഷ്യത്തിന്റെ അഭാവത്തിൽ ലോകം ഒരു കുടുംബമായിത്തീരുന്നതിനു പകരം ഒരു തൊഴുത്തായിത്തീരുന്നു. പ്രാപഞ്ചികമായ സംസ്കാരത്തിൽനിന്നു് ഉടലെടുക്കുന്ന നാഗരീകതയും ഉയർന്ന ജീവിതത്തോതും ബ്രഹ്മാണ്ഡമായ പിരമിഡ് സ്തംഭങ്ങളും, ശില്പകലകളും, വാണിജ്യവും, വ്യവസായവും, അടിമകളുടെ തൊഴുത്തു് നിർമ്മിക്കുന്നതിനല്ലാതെ സ്വാതന്ത്ര്യപൌരന്മാരുടെ കുടുംബം നിർമ്മിക്കുന്നതിനു് പര്യാപ്തമാവുകയില്ല.

---

## അദ്ധ്യായം 2.

# സാർവ്വത്രികമായ അടിമത്തം

ചരിത്രകാലം എവിടെയും ആരംഭിക്കുന്നതു് അടിമത്തത്തോടുകൂടെയാണു്. 7000—കൊല്ലങ്ങൾക്കു മുമ്പുമുതൽ അവിടെയവിടെയായി പലപട്ടണങ്ങളും രാജ്യങ്ങളും ഉയർന്നുവന്നു. ഈജിപ്തിലാണു് നഗരീകത ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. അവിടെ നിന്നു് ക്രീറ്റു് ദ്വീപിലേയ്ക്കും ഗ്രീസിലേയ്ക്കും വ്യാപിച്ചു. നദീതടങ്ങളിലാണു് നാഗരീകത ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ മദ്ധ്യത്തിലുള്ള മെസൊപൊട്ടേമിയ ആയിരുന്നു അടുത്ത രംഗം. സിന്ധു, ഗംഗാ നദീതടങ്ങളിലും പൌരാണിക സംസ്ക്കാരം നിലവിലിരുന്നതായി രേഖകളുണ്ടു്. 6000—കൊല്ലങ്ങൾക്കു മുമ്പു് മഞ്ഞനദിയുടെ തീരങ്ങളിലും വികസിച്ച നാഗരീകത നിലവിലിരുന്നതായി പറയപ്പെടുന്നു. മററു രാജ്യങ്ങളും പിന്നാലെ നാഗരീകതയിൽ എത്തിച്ചേർന്നു. ഇന്നും നാഗരീകതയിൽ എത്താത്ത കാട്ടുജാതികൾ ഉണ്ടു്. ഈ രാജ്യങ്ങളെല്ലാം നാഗരീകതയിൽ എത്തിച്ചേർന്നതു് പ്രായേണ അടിമകളുടെ അദ്ധ്വാനം കൊണ്ടാണു്. അന്നത്തെ സ്വത്തു് നിലമോ വ്യവസായങ്ങളോ അല്ല, അടിമകളും ആടുമാടുകളുമാണത്രേ.

## ഉത്ഭവം

അടിമത്തത്തിൻെറ ഉത്ഭവം പല രീതികളിലാണ്. യുദ്ധതടവുകാരെ ജേതാക്കളുടെ സംസ്കാര നിലവാരമനുസരിച്ച് കൊന്നു ഭക്ഷിക്കുകയോ ദേവന്മാൎക്ക് ബലി അൎപ്പിക്കുകയോ അടിമകളായി വില്ക്കുകയോ ഒക്കെയാണ് പതിവ്. പിന്നൽ പിറന്നാൽ വിവിധ ജാതികൾ തമ്മിലുള്ള യുദ്ധം ആരംഭിക്കുകയായി. ജേതാക്കൾ യജമാനന്മാരും പരാജിതർ അടിമകളും ആയിത്തീരും. സ്വവൎഗ്ഗത്തിൽപ്പെട്ട കടബാദ്ധ്യതക്കാരും കുററപ്പുള്ളികളും മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ട ബാലികാബാലന്മാരും അടിമകളാക്കപ്പെട്ടിരുന്നു. ഇന്ത്യയിൽ ആൎയ്യന്മാർ ദ്രാവിഡരും ആദിവാസികളുമായി സമരത്തിൽ ഏൎപ്പെട്ട് അവരെ അടിമകളാക്കുകയും ഈ അടിമത്വം ശാശ്വതീകരിക്കുന്നതിനുവേണ്ടി കൎമ്മഫല സിദ്ധാന്തം അവതരിപ്പിച്ച് സമുദായത്തെ മുഴുവൻ അഞ്ചുവൎഗ്ഗങ്ങളായി തിരിക്കുകയും, പിൻതലമുറകൾക്ക് ഒരു വൎഗ്ഗത്തിൽ നിന്നു് മററു വൎഗ്ഗത്തിലേയ്ക്കുള്ള മാററം നിരോധിക്കുകയുംചെയ്തു. സ്വകാൎയ്യത്തിൻെറയും സ്വാതന്ത്ര്യ പ്രവൎത്തനങ്ങളുടെയും കേളീരംഗമായി പരിഗണിക്കപ്പെട്ടിരുന്ന സുമേരിയൻ സാമ്രാജ്യത്തിൽ അടിമകളും അൎദ്ധ അടിമകളും സ്വതന്ത്രരും ഉണ്ടായിരുന്നതായി ഹമ്മുരാബിയുടെ ശിലാലിഖിതങ്ങൾ വിളിച്ചറിയിക്കുന്നു. ഈജിപ്റ്റിലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ അന്തർഭവിച്ചിരിക്കുന്ന അടിമത്തത്തിനു പുറമെ ഹീനജോലികൾക്കായി ഹെലഫിൻ എന്നൊരു അടിമ വൎഗ്ഗം അവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. രാജ്യം മുഴുവൻ ഒരു അടിമപ്പാളയമായിരുന്നു എന്നു പറയാം. ചക്രവൎത്തികൾ ഈ അടിമകളുടെ അദ്ധ്വാനംകൊണ്ടു് അവരവൎക്ക്‌വേണ്ടിയുള്ള പിരമിഡുകൾ (ശ്മശാന സ്തംഭങ്ങൾ) പണിയുകയും വൻതോതിലുള്ള ജലസേചനം നിൎവ്വഹിക്കുകയും ചെയ്തിരുന്നു. ചൈനയിൽ തൊഴിൽ പരമായ അടിസ്ഥാനത്തിന്മേൽ അഞ്ചുവൎഗ്ഗങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഹ്വാങ്ടീ ചക്രവൎത്തി അടിമവേലകൊണ്ടു് ചൈനയിലെ വൻകോട്ട നിൎമ്മിച്ചതു് ചരിത്ര പ്രസിദ്ധമാണ്. ഏററം പരിഷ്കൃതമായ ഗ്രീസിൽ അടിമത്വം പ്രബലപ്പെട്ടിരുന്നു. ആഥൻസിലെ നാലര ലക്ഷം ആളുകളിൽ രണ്ടരലക്ഷം ആളുകൾ അക്ഷരാൎത്ഥത്തിലുള്ള അടിമകളായിരുന്നു. റോമൻ സാമ്രാജ്യം അടിമത്തത്തിൽ അധിഷ്ഠിതമത്രേ.

## യജമാനൻെറ വസ്തു

അടിമകൾ ഇന്നത്തെ കൂലിക്കാരെ പോലെയല്ല. അവൎക്ക് യാതൊരു അവകാശവുമില്ല. യജമാനന്മാൎക്ക് നിയമദൃഷ്ട്യാ അവരെ കൊല്ലുകപോലും ചെയ്യാം. അതു പ്രയോഗത്തിൽ വരുത്തിയിട്ടുള്ള കേസുകളും ഇല്ലാതില്ല. കേസു തെളിയിക്കുവാൻ സാധിക്കാതെ യജമാനൻ തൻെറ 400. അടിമകളെ കുരിശിൽ തറച്ചുകൊന്നതു പോലെയുള്ള ച

രിത്ര വിവരണങ്ങൾ വിശ്വസിക്കുവാതിരിക്കുവാൻ പ്രത്യേക കാരണമൊന്നുമില്ല. റോമൻ കളിസ്ഥലങ്ങളിൽ യജമാനന്മാരുടെ വിനോദത്തിനുവേണ്ടി ഇന്നു സ്പെയിനിൽ ബുൾഫൈററു നടത്തുന്നതുപോലെ അടിമകളെ മരണകരമായ മല്ലയുദ്ധത്തിൽ വിനിയോഗിച്ചിരുന്നു. യജമാനന്മാരുടെ സുഖജീവിതത്തിനുള്ള ഉപകരണങ്ങളായിട്ടു മാത്രമേ അടിമകൾ കരുതപ്പെട്ടിരുന്നുള്ളു. വയലിൽ അവരെക്കൊണ്ട് അദ്ധ്വാനിപ്പിച്ച് യജമാനന്മാർ സുഖലോലുപന്മാരായി കഴിഞ്ഞിരുന്നു.

## നീതീകരിക്കപ്പെട്ടുന്നു

അടിമത്വം നിലവിലിരുന്നു എന്നുള്ളതല്ല വിചിത്രമായിട്ടുള്ളത്. യജമാനന്മാരാകട്ടെ അടിമകളാകട്ടെ അതിൽ യാതൊരു പിശകും ഉള്ളതായി കണ്ടില്ല. പ്ലേറേറായുടെ ആദശ ''ജനാധിപത്യത്തിൽ'' അടിമകൾ ഒരു അവിഭാജ്യ ഘടകമാണ്. അരിസ്റ്റോട്ടൽ കൃഷിയുപകരണങ്ങളെ മൂന്നുതരമായി തരംതിരിക്കുന്നു. 1. ജീവനില്ലാത്ത കലപ്പ, തൂമ്പാ 2. അദ്ധജീവനുള്ള കാള, പോത്ത് 3. പൂണ്ണജീവനുള്ള അടിമകൾ. വ്യക്തിപരമായ ദുഷ്ടതയുടെയോ കിരാതത്വത്തിന്റെയോ ഫലമല്ല. സാവ്വത്രികമായ ഈ അടിമത്തം. മനുഷ്യത്വമുള്ള യജമാനന്മാരും സംതൃപ്തിയോടുകൂടി കഴിഞ്ഞിരുന്ന അടിമകളുമുണ്ട്. കിരാതന്മാരായ കാട്ടുജനതകളുടെ ഇടയിൽ അടിമത്തം ഉണ്ടായിരുന്നില്ല. പരിഷ്കാരത്തിന്റെ തോതനുസരിച്ചാണ് അടിമത്വം ശക്തിപ്പെട്ടിരുന്നത്. ജോലിക്കാരെക്കൊണ്ടുള്ള ആവശ്യവും അടിമത്വത്തിനു കാരണമാകുന്നില്ല. പുരോഗമനത്തിന് സ്വതന്ത്രമായ അദ്ധ്വാനമാണ് ഏററം കൂടുതൽ ഉപകരിക്കുക. യുദ്ധവും തടവുകാരും കുററപ്പുള്ളികളും കടബാധ്യതക്കാരും ഇന്നുമുണ്ട്. അവരെ അടിമകളാക്കുന്നതിനെപ്പററി ആരും സ്വപ്നം കാണുകപോലും ചെയ്യുന്നില്ല. അതിനുള്ള കാരണം നിലവിലിരിക്കുന്ന മനുഷ്യന്റെ പുരുഷാന്മകത്വത്തെപ്പററിയുള്ള ബോധമാണ്. അടിമത്തത്തിനു കാരണം പൌരാണിക കാലങ്ങളിൽ പ്രബലപ്പെട്ടിരുന്ന വിശ്വദേവതാവാദമത്രേ. അടിമത്തത്തിന്റെ ഉത്ഭവത്തെപ്പററി മനസ്സിലാക്കുന്നതിന് ചരിത്രാതീത കാലത്തേയ്ക്ക് കടക്കേണ്ടിയിരിക്കുന്നു.

## ചരിത്രാതീതകാലം

നാഗരീകതയൊന്നുമില്ലാതെ കാട്ടുജാതികളായി കഴിഞ്ഞിരുന്ന കാലത്തിനാണ് ചരിത്രാതീതകാലം എന്നു പറയുന്നത്. മൃഗങ്ങളേയും, മത്സ്യങ്ങളെയും വേട്ടയാടിയോ കാട്ടുകനികൾ ഭക്ഷിച്ചോ അവർ കാലയാപനം ചെയ്യുന്നു. അല്പമെല്ലാം സംസ്കാരമുള്ളവർ ആടുകളെ മേയിച്ചോ കൃഷിചെയ്തോ കഴിച്ചു കൂട്ടുന്നു എന്നും വരാം. എന്നാൽ അവക്ക് ചാരിത്രബോധമില്ല, അവരുടെ ചെയ്തികൾ ആരും രേഖപ്പെടുത്താറുമില്ല. അവക്ക് ബുദ്ധിയും മനസ്സും ഉണ്ടായിരുന്നാലും സം

സ്ക്കാരത്തിൽ നിന്നുണ്ടാകുന്ന പക്വത ഉണ്ടായിരിക്കുകയില്ല. ജാതി തലവന്മാരോടുള്ള അന്ധമായ വിധേയത്വത്തിനപ്പുറം അവക്ക് രാഷ്ട്രീയ ബോധമോ സാമുദായിക ബോധമോ, ഉണ്ടായിരിക്കുകയില്ല. അന്ധവിശ്വാസം, പിശാചുസേവ മന്ത്രവാദം എന്നിവയെല്ലാം അവരുടെ ഇടയിൽ കാണുവാൻ കഴിയും.

ചരിത്രാതീത കാലത്തേയ്ക്കു് നാം കടന്നു ചെല്ലുന്തോറും നാം കണ്ടുമുട്ടുന്നതു് സന്മാർഗ്ഗപശ്ചാത്തലത്തിലുള്ള ഏക ദൈവ വിശ്വാസമാണു്. ചരിത്രാതീതകാലത്തു് നിലവിലിരുന്നതു് ബഹുദേവതാ വാദമാണെന്നും (Polytheism) അതിൽ നിന്നു് പരിണമിച്ചുണ്ടായതാണു് ഏക ദൈവത്തിലുള്ള വിശ്വാസമെന്നുമുള്ള പാരിണാമ വാദികളുടെ ജല്പനങ്ങൾക്കു് അവരുടെ മുൻ വിധികൾക്കപ്പുറം യാതൊരു അടിസ്ഥാനവുമില്ലെന്നു് ഷ്മിററ (Schmidt) തുടങ്ങിയ നിരവധി നരവംശ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾ തെളിയിക്കുന്നു. ഇന്ത്യയിൽ ഋഗ്വേദ കാലത്തു് ഏക ദൈവവിശ്വാസമാണു് നിലവിലിരുന്നതു്. ചൈനായിൽ ''തിയേൻ'' എന്ന ഏക ദൈവത്തിലാണു് വിശ്വാസം. ജപ്പാനിൽ ''ഇഷ്''' എന്ന പേരിൽ ഏക ദൈവം അറിയപ്പെട്ടിരുന്നു. പുറകോട്ടു പോകുന്തോറും സംസ്കാരം കൂടുതൽ കൂടുതൽ അവികസിതവും, മതം കൂടുതൽ കൂടുതൽ ലളിതവും പരിശുദ്ധവുമായിട്ടാണു് കാണപ്പെടുന്നതു്. സംസ്കാരത്തിൻെറ പുരോഗതിയനുസരിച്ചു് മതപരമായ നിലവാരം അധപതിച്ചുകൊണ്ടിരുന്നു. നിലവിലുള്ള കാട്ടുജാതികളുടെ ഇടയിൽ തന്നെ സംസ്കാരത്തോടുള്ള അവരുടെ സാമീപ്യമനുസരിച്ചു് ദേവന്മാരുടെ എണ്ണവും അന്ധവിശ്വാസവും കൂടി വരുന്നു. ഇന്നും കാട്ടുജാതികളുടെ ഇടയിൽ തേഞ്ഞു മാഞ്ഞുകൊണ്ടിരിക്കുന്ന പാരമ്പര്യങ്ങളുടെ ഇടയിൽകൂടി ഏക ദൈവവിശ്വാസവും സന്മാർഗ്ഗവും തെളിഞ്ഞുകാണാം. അവർ പുരോഗമിച്ചതോടെ അന്ധവിശ്വാസത്തിലും ബഹുദേവതാ വാദത്തിലും വിശ്വദേവതാ വാദത്തിലും (Pantheism) ലയിച്ചു.

ലോകത്തിലെ വിവിധ കാട്ടുജാതികളുടെ പാരമ്പര്യങ്ങൾ കൂട്ടിവെച്ചു് പരിശോധിക്കുന്നതു് ഉപകാരപ്രദമായിരിക്കും. അവയെല്ലാം അപ്പടി സ്വീകരിക്കുകയല്ല വേണ്ടതു്. പൊതുവായ ആശയങ്ങൾ സ്വീകരിക്കുകമാത്രം. കോടതിയിൽ കട്ടികൾ സമർപ്പിക്കുന്ന മൊഴി പോലെയാണു് അവ. ദൈവം മനുഷ്യരെ സൃഷ്ടിച്ചു് അവരുടെ ഇടയിൽ വസിച്ചു്, അവരെ കൈത്തൊഴിലും മററും പഠിപ്പിച്ചു വരവേ മനുഷ്യർ പാപം ചെയ്തതു മൂലം പിണങ്ങി സ്വർഗ്ഗത്തിലേക്കു പോയി എന്നിതുപോലുള്ള പല കഥകളും ഉണ്ടു്. മനുഷ്യരുടെ സൃഷ്ടി, ദത്തെടുപ്പു്, പാപം, ബഹിഷ്കരണം, മനുഷ്യവർഗ്ഗത്തിൻെറ പൊതു ഉത്ഭവം എന്നിവയെല്ലാം പൊതു ആശയങ്ങളാണു്.

ഭാവനാശക്തിയുടെ സ്വതന്ത്ര വിഹാരത്തിനു് വിളയാട്ടം അനുവദിക്കാത്ത സൃഷ്ടി വിവരണം ഉള്ളതു് പലസ്റ്റീനായിൽ നാലായിരംകൊല്ലം മുമ്പു് ഉത്ഭവിച്ച ഇസ്രായേൽ ജനതയുടെ ഇടയിൽ മാത്ര

മാണ്. മററുജനതകൾക്കെല്ലാം ലോകത്തിൻേറയും മനുഷ്യരുടെയും എല്ലാം ഉത്ഭവം ദേവന്മാരുടെ തലയിൽ നിന്നോ കൈയ്യിൽ നിന്നോ കണ്ണിൽ നിന്നോ മൂക്കിൽ നിന്നോ എല്ലാമാണ്. (രണ്ടു പൂച്ചകൾ കടികൂടി പരസ്പരം തിന്നു് രണ്ടിൻേറയും വാലുമാത്രം ശേഷിച്ചു. യുദ്ധം തുടന്നു് വീണ്ടും കൂടിയടിക്കുവാൻ വന്നപ്പോൾ ഉന്നംതെററി രണ്ടും രണ്ടുവഴിയ്ക്കു പോയി. ആ വാലുകളിൽ നിന്നു് ഇററിററുവീണ രക്തത്തുള്ളികൾ കട്ടിയായതാണു് ഭൂമിയും സൂര്യനും നക്ഷത്രങ്ങളുമെല്ലാം.) ഇസ്രായേലിലെ പാരമ്പര്യമനുസരിച്ചു് മനുഷ്യൻ ദേവന്മാരിൽ നിന്നല്ല മണ്ണിൽ നിന്നാണു്. മണ്ണു് പ്രപഞ്ചത്തിനതീതനായ ദൈവം ശൂന്യാവസ്ഥയിൽനിന്നു് സൃഷ്ടിച്ചു. ദൈവത്തെ അവർ തങ്ങളെപ്പോലെ ഒരു മനുഷ്യൻെറ രീതിയിൽ സങ്കല്പിക്കുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. എന്നാൽ ഈ ആളിൽ ഉൽകൃഷ്ടനായ ഒരു മനുഷ്യൻെറ സുകൃതങ്ങളെങ്കിലുമുണ്ടു്. ഈ വിവരണത്തിൽ ലോകത്തിനു് ആരംഭവും അവസാനവുമുണ്ടു്. മററുജാതികൾക്കെന്നപോലെ ചരിത്രത്തിൻെറ ഗതിവൃത്തത്തിലല്ല മുന്നോട്ടാണു്. തങ്ങൾക്കു് ആക്ഷേപകരമായ ആദിമാതാപിതാക്കന്മാരുടെ പാപവും ബഹിഷ്ക്കരണവും കൊണ്ടാണു് അവരുടെ ചരിത്രം ആരംഭിക്കുന്നതു്.

## ലോകോല്പത്തി

ലോകം എന്നാരംഭിച്ചുവെന്നോ എങ്ങിനെ ആരംഭിച്ചുവെന്നോ നമുക്കു് ഒരു പിടിയുമില്ല. യുക്തിയിൽ നിന്നും അനുമാനിക്കാവുന്നതു് പ്രപഞ്ചമത്രയും അതിനു പുറമെയുള്ള പ്രപഞ്ച കത്താവിൽ നിന്നു പുറപ്പെട്ടുവെന്നാണു്. സ്വതേ പരിണമിച്ചു എന്നുള്ള വാദം യുക്തിക്കോ പ്രകൃതി ശാസ്ത്രത്തിനോ സ്വീകാര്യമല്ല. ലോകോല്പത്തി സ്വതേ പ്രകൃതി ശാസ്ത്രത്തിൻെറ പരിധിയിൽ പെടുന്നില്ല. വസ്തുക്കളുടെ പ്രകൃതിയും ഘടനയും മാത്രമേ പ്രകൃതി ശാസ്ത്രജ്ഞൻ പരിഗണിക്കേണ്ടതുള്ളു. ഒരു വസ്തു സ്വയം പരിണമിക്കുക എന്നതും ഒരു വസ്തുവിൽനിന്നു് മറെറാന്നു സ്വയം പരിണമിക്കുക എന്നതും പ്രകൃതിശാസ്ത്രത്തിന്നെതിരാണു്. പ്രകൃത്യാതീതമായ ഒരു ശക്തിവഴി ഒരു വസ്തു ഉത്ഭവിക്കുന്നതും മറെറാന്നായി പരിണമിക്കുന്നതും പ്രകൃതിശാസ്ത്രത്തിനെതിരല്ല. അതിൻെറ പരിധിക്കപ്പുറമാണെന്നുമാത്രം. ലോകം ദൈവത്തിൻെറ ഒരു അംശമല്ല. അംശമെങ്കിൽ ദൈവത്തിൻെറ പ്രകൃതി അതിനും ഉണ്ടായിരിക്കണം. ശൂന്യാവസ്ഥയിൽനിന്നുള്ള സൃഷ്ടിവഴി മാത്രമേ ലോകം ദൈവത്തിൽനിന്നു പുറപ്പെടുവാൻ പാടുള്ളു.

ലോകം സൃഷ്ടിച്ചിട്ടു് അനേകകോടി കൊല്ലങ്ങൾ കഴിഞ്ഞുവെന്നോ മനുഷ്യസൃഷ്ടികഴിഞ്ഞിട്ടു് അനേകലക്ഷം കൊല്ലങ്ങൾ കഴിഞ്ഞുവെന്നോ വേണം കരുതുവാൻ. ഒരേ മാതാപിതാക്കന്മാരിൽനിന്നും മനുഷ്യവർഗ്ഗം പുറപ്പെട്ടുവെന്നും ആദിമാതാപിതാക്കന്മാരുടെ പാപം മൂലം മനുഷ്യവർഗ്ഗത്തിൻെറ ആരംഭത്തിൽ തന്നെ ധാർമ്മിക അധഃ

പതനം ആരംഭിച്ചുവെന്നുമാണ് വിവിധ ജാതികളുടെ ഇടയിലുള്ള പൊതു വിശ്വാസം. മനുഷ്യൻ മററുവസ്തുക്കളെപ്പോലെയോ സസ്യങ്ങളെപ്പോലെയോ മൃഗങ്ങളെപ്പോലെയോ അല്ല സ്നേഹിക്കുവാൻ കഴിവുള്ളവനാണ്. അവൻ സ്വാതന്ത്ര്യനും സ്വന്തം നാഥനുമത്രേ. മററുള്ളവയെല്ലാം മനുഷ്യൻെറ വസ്തുക്കളത്രേ. സർവ്വശക്തനും, സ്നേഹിക്കുവാൻ കഴിവുള്ളവനും, സ്വാതന്ത്ര്യനും ആയ ആളിൽനിന്നുമാത്രമേ ലോകം സൃഷ്ടി വഴിയായി പുറപ്പെടുവാൻ പാടുള്ളൂ. സ്വയം ഭൂവും, പൂർണ്ണനും, അപൂർണ്ണത അന്തർഭവിച്ചിരിക്കുന്ന ശരീരം ഇല്ലാത്തവനും ആയ ദൈവത്തിൽനിന്ന് ലോകംസൃഷ്ടിവഴിയായി പുറപ്പെടുന്നു എന്നുള്ള അനുമാനമാണ് സുബുദ്ധിക്ക് യോജിച്ചതു്.

പൂർണ്ണനായ ദൈവത്തിനു് മനുഷ്യനെക്കൊണ്ടു് ആവശ്യമോ ഉപകാരമോ ഇല്ലാത്ത സ്ഥിതിയ്ക്കു്, കവിഞ്ഞൊഴുകുന്ന സ്നേഹമുണ്ടെങ്കിലല്ലാതെ ലോകത്തെ സൃഷ്ടിക്കുകയില്ല. സ്വാതന്ത്ര്യമായി സ്വയം നല്കിക്കൊണ്ടു് സ്നേഹിച്ചു ഭാഗ്യമടയുന്ന ദൈവത്തിൻെറ ഛായയിലത്രേ മനുഷ്യൻ. മൃഗങ്ങൾ തിന്നു ഭാഗ്യമടയുമ്പോൾ മനുഷ്യൻ ദൈവത്തെപ്പോലെ സ്നേഹിച്ചാണ് ഭാഗ്യമടയുന്നതു്. ഇങ്ങോട്ടു വാങ്ങിച്ചല്ല, അങ്ങോട്ടു കൊടുത്താണ് ഭാഗ്യമടയുന്നതു്. സ്വയം നല്കുന്നതിനു പകരം, സ്വയം കേന്ദ്രമാക്കിക്കൊണ്ടു്, സൃഷ്ടികളിൽനിന്നു് ഭാഗ്യം അന്വേഷിക്കുന്നതോടെ അവൻ ധാർമ്മികമായി അധഃപതിക്കുകയും, നിർഭാഗ്യവാനായിത്തീരുകയും ചെയ്യുന്നു. ഇതാണ് പാപം. സ്രഷ്ടാവായ ദൈവത്തെ മുഴു ഹൃദയത്തോടും മുഴു ആത്മാവോടും മുഴു ശക്തിയോടും മുഴു മനസ്സോടും കൂടെ സ്നേഹിക്കുകയാണ് അവൻെറ ധർമ്മവും അവൻെറ ഭാഗ്യവും.

ധാർമ്മികമായ പശ്ചാത്തലമുള്ള ഏക ദൈവവിശ്വാസം പാലിച്ചുകൊണ്ടു്, മനുഷ്യവർഗ്ഗം ഏതാനും കാലം അതിൻെറ ഉത്ഭവസ്ഥാനത്തു് കഴിച്ചുകൂട്ടി എന്നുവേണം പില്ക്കാലങ്ങളിൽ അവശേഷിക്കുന്ന വിദൂര ഓർമ്മയിൽനിന്നു്അനുമാനിക്കുവാൻ. കാലാന്തരത്തിൽ അവർ ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും കുടിയേറി. തികച്ചും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളെയാണ് അവർ അഭിമുഖീകരിക്കേണ്ടിവന്നതു്. കാലദേശാവസ്ഥകൾ അവരുടെ ശരീരപ്രകൃതിയെപ്പോലും ബാധിച്ചു. ഉത്ഭവസ്ഥാനത്തു്, അവർക്ക് ശിശു തുല്യമായ മനസ്ഥിതിയും സംസ്കാരവും ഉണ്ടായിരുന്നതായിട്ടുവേണം കരുതുവാൻ. വിസ്തൃതമായ ലോകത്തെ അഭിമുഖീകരിച്ചതോടുകൂടി അവർ എല്ലാ രംഗത്തും പക്വത പ്രാപിച്ചു. കായ്കനികൾ ഭക്ഷിച്ചും വേട്ടയാടിയും കാലയാപനം ചെയ്തുതുടങ്ങി. കാലാന്തരത്തിൽ തീ ഉപയോഗിച്ചു് ഭക്ഷണംവേവിച്ചു കഴിയ്ക്കുകയായി. വന്യമൃഗങ്ങൾ പ്രകൃതിക്ഷോഭം എന്നിങ്ങനെ പല അപകടങ്ങളെയും അവർ അഭിമുഖീകരിക്കേണ്ടിവന്നു. തണുപ്പുമൂലം പല പ്രദേശങ്ങളിലും വെള്ളം ഉറച്ചു് മഞ്ഞായിത്തീരുകയും ഈ മലകൾ ഒഴുകിനടന്നു് (Glacier period) മനുഷ്യാധി

വാസ സ്ഥാനങ്ങളെ നശിപ്പിക്കുകയും ചെയ്തു. അവിടവിടെയായി അവശേഷിച്ച മനുഷ്യർ ഗുഹകളിലും മററും അഭയം തേടി. മനുഷ്യർ ഇതിനകം പല ജാതികളായി തിരിഞ്ഞിരുന്നു. അനേക ലക്ഷം കൊല്ലങ്ങളിലെ പരിവർത്തനങ്ങളുടെ ഫലമായി അവരുടെ ഭാഷയും ആചാരമര്യാദകളും ആശയഗതികളും തുലോം വ്യത്യസ്തമായിത്തീൎന്നു. ജാതികൾ തമ്മിലുള്ള മത്സരങ്ങളും യുദ്ധങ്ങളും അപൂർവ്വമായിരുന്നില്ല. മേച്ചിൽ ജോലിയും കൃഷിയുമായി മനുഷ്യർ കഴിഞ്ഞുകൂടി. മേച്ചിൽ ജോലിക്കാർ കൂട്ടംകൂട്ടമായിട്ടാണ് നീങ്ങിയിരുന്നത്. കർഷകർ പററം പററങ്ങളായി കുററിക്കാടുകളിൽ താമസിച്ച് കൃഷിചെയ്തിരുന്നു.

## അന്ധവിശ്വാസം

മതപരവും സന്മാൎഗ്ഗപരവുമായ തുറകളിൽ ഉണ്ടായ മാററമായിരുന്നു ഏററം പ്രകടമായിരുന്നത്. ഏക ദൈവത്തിലുള്ള വിശ്വാസം കാലാന്തരത്തിൽ ക്ഷയിക്കുകയും, അരൂപിയായ പ്രപഞ്ചാതീത ദൈവത്തിൻെറ സ്ഥാനത്ത് ദൃശ്യമായ പ്രപഞ്ചംതന്നെ സ്ഥാനം പിടിക്കുകയും ചെയ്തു. ഇതിനാണ് വിശ്വദേവതാ വാദം (Pantheism) എന്നു പറയുന്നത്. അനേകായിരം തലമുറകളും അനേകലക്ഷം കൊല്ലങ്ങളും കൊണ്ടുമാണ് ഇതെല്ലാം സംഭവിച്ചത്. സൃഷ്ടികളിൽ ദൈവത്തിൻെറ വിരൽ പതിഞ്ഞിട്ടുണ്ട്. പ്രപഞ്ചവസ്തുക്കളിൽ പ്രത്യക്ഷപ്പെട്ടുന്ന ദൈവീകപ്രതീകം അവയെ മനുഷ്യൻെറ ആരാധനാ വിഷയമാക്കിത്തീൎത്തു. പ്രപഞ്ചത്തിൽ അമാനുഷികമായി തോന്നിയിരുന്ന ശക്തികളെ മനുഷ്യൻ ആരാധിച്ചു തുടങ്ങി. ശരിയായ വിശ്വാസം ക്ഷയിച്ചാൽ അന്ധവിശ്വാസം കയറിപററിയേ മതിയാവൂ. ദൈവത്തെ നിഷേധിക്കുന്നവൻ കരികിലയുടെ അടിയിൽ കൂടെ പിശാചിനെ കണ്ടെത്തും. മതവിശ്വാസരാഹിത്യത്തിൻെറ വിടവിൽ മാത്രമേ അന്ധവിശ്വാസം കയറി പററുകയുള്ളൂ. മനുഷ്യവൎഗ്ഗത്തിൻെറ ശൈശവത്തിലെ ഓൎമ്മയിൽ നിന്നു മാത്രമാണ് സൃഷ്ടികളിലെ ദൈവീക പ്രതീകം അവൻെറ ശ്രദ്ധയിൽ പെട്ടതും സൃഷ്ടികൾ ആരാധനാവിഷയമായതും. അവൻെറ നൈസൎഗ്ഗികമായ, മതപരമായ വാസന അവനെ സഹായിച്ചു എന്നുമാത്രം. ഹൃദയത്തിൻെറ വിടവ് നികത്തുവാൻ ദൈവത്തെ പ്രപഞ്ചത്തിൽ എവിടെയെങ്കിലും കുത്തി തിരുകണം. അരൂപിയും പുരുഷാത്മകത്വമുള്ളവനുമായ പ്രപഞ്ചാതീത ദൈവത്തെക്കാൾ പ്രപഞ്ചത്തിൻെറ ആത്മാവായിട്ടോ ജീവനായിട്ടോ അതോടു ഏകീകരിക്കുന്ന ദൈവമാണ് സ്വീകാര്യനായി കാണപ്പെട്ടത്. അവൎക്ക് പ്രപഞ്ചം തന്നെയാണ് ദൈവം. ഇതിന്ന് വിശ്വദേവതാ വാദമെന്നാണ് പേർ. സ്രഷ്ടാവായ ഉദൈവത്തിൻെറ വേഷമണിയിച്ച് ചന്തയിൽ ഇറക്കുമതി ചെയ്താലും സൃഷ്ടവസ്തുക്കൾക്കപ്പുറം ഈ ദൈവത്തിൽ ഒന്നുമില്ല. എല്ലാംകൂടി കൂട്ടിച്ചേൎത്തുവെയ്ക്കുന്നു എന്നു മാ

ത്രം. ലോകശക്തിക്കു് മതപരമായ ഒരു പ്രതിഷ്ഠനല്കുന്നതിനുമാത്രമേ അതു് ഉപകരിക്കുകയുള്ളു. ലോകത്തിൻെറ വഷളത്വത്തെ മറയ്ക്കുന്നതിനു് അതിനെ പൊതിഞ്ഞിരിക്കുന്ന ഒരു വിവിധവൎണ്ണ പുതപ്പുമാത്രമാണു് വിശ്വദേവതാവാദം. നഗ്നമായ നിരീശ്വരത്വത്തിലെ മൃഗീയശക്തി വിശ്വദേവതയുടെ മൂൎത്തീകരണമായ ദിവ്യ അധികാരമായി എന്നൊരു മെച്ചമുണ്ടു്. ഈ അധികാരം വഹിക്കുന്ന ആൾ കാണപ്പെട്ടന്ന ദൈവവുമത്രേ.

വിശ്വദേവതാ വാദത്തിൻെറ ഏററം ആധുനിക രൂപമായ ഹെയഗേലിയൻ സിദ്ധാന്തങ്ങളിൽ ഈ വസ്തുത തെളിഞ്ഞു കാണുന്നുണ്ടു്. ഹേഗൽ തൻെറ വിശ്വദേവതാവാദം കെട്ടിപ്പടുത്തതു് പ്രഷ്യാ രാജാവായിരുന്ന ഫ്രഡറിക്കു് രണ്ടാമൻെറ അക്രമങ്ങളെ നീതീകരിക്കുവാനാണു്. എന്തിനു് അക്രമങ്ങൾ നടത്തുന്നു എന്ന ചോദ്യത്തിനു് എനിക്കു് പട്ടാളമുള്ളകൊണ്ടു് എന്നായിരുന്നു ഈ രാജാവിൻെറ മറുപടി. അയാളുടെ അക്രമങ്ങൾക്കു് ദിവ്യത്വം നല്കി സാധൂകരിക്കുന്നതിനു് ചരിത്ര സംഭവങ്ങളാകുന്ന മൂടപടത്തിൻെറ പിന്നിൽ ''ആശയ'' മെന്ന പേരിൽ ഒരു വിശ്വദേവത സ്വയം യഥാൎത്ഥീകരിക്കുന്നതായി ഹേഗൽ സങ്കല്പിക്കുകയായി. ഈ ദേവതയുടെ സ്വയം യഥാൎത്ഥീകരണത്തിനു് ചരിത്ര സംഭവങ്ങളിലുള്ള അക്രമങ്ങളെല്ലാം ആവശ്യമായതുകൊണ്ടു് അവയെല്ലാം സത്യവും നീതിയുമത്രേ.

## ധാർമ്മീകാധഃപതനം

ബാല്യകാലം കുടുംബത്തു് നിഷ്കളങ്കതയിൽ കഴിച്ചുകൂട്ടിയശേഷം ജീവിതസമരത്തിൽ ഏൎപ്പെടുന്നതോടെ കൎയ്യനടത്തിപ്പിനുവേണ്ടി എന്തു് അക്രമവും പ്രവൎത്തിക്കുന്നതിനു് ഒരുങ്ങിയിരിക്കുന്ന ഒരാളിൻെറ മനസ്ഥിതിയായിരുന്നു മനുഷ്യവൎഗ്ഗത്തിനു് ചരിത്രാതീതകാലത്തു് ഉണ്ടായിരുന്നതു് എന്നു് ഊഹിക്കപ്പെടുന്നു. അയൽക്കാരനെ ചൂഷണം ചെയ്യണമെങ്കിൽ ദൈവത്തിൻെറ പുരുഷാത്മകത്വവും മനുഷ്യൻെറ പുരുഷാത്മകത്വവും എല്ലാം വലിച്ചെറിയണം. പ്രപഞ്ചാതീത ദൈവം അലംഘനീയമായ അവകാശങ്ങളും സ്വാതന്ത്ര്യവും എല്ലാം ഉള്ളിടത്തു് കയ്യൂക്കുള്ളവൻ ഒന്നും നേടുവാൻ പോകുന്നില്ല. അതേസമയം കയ്യൂക്കുള്ളവൻ കയ്യടക്കിയിരിക്കുന്നതു് മററുള്ളവർ തട്ടിക്കൊണ്ടുപോകാതിരിപ്പാൻ പ്രപഞ്ചത്തോടു് ഏകീഭവിച്ചിരിക്കുന്ന ദേവതയും ധൎമ്മവും എല്ലാം ആവശ്യമാണുതാനും. നഗ്നമായ നിരീശ്വരത്വമുള്ളിടത്തു് കയ്യൂക്കുള്ളവൻെറ നേട്ടങ്ങളെ ആദരിക്കുവാൻ കടപ്പാടൊന്നുമില്ല. നിരീശ്വരനു് രാജാവോ അടിമകളുടെ യജമാനനോ, ബ്രാഹ്മണനോ പുരോഹിതനോ കാണപ്പെടുന്ന ദൈവമല്ല.

## വിളക്കുകെടുന്നു

പ്രപഞ്ചാതീതനായ ഏക ദൈവത്തിൻെറ സ്ഥാനത്തു് വിശ്വദേവത പ്രതിഷ്ഠിതയായതോടെ മുറിയിലുള്ള വിളക്കു് കെട്ടാലുണ്ടായ

അനുഭവമാണ് ലോകത്തിനുണ്ടായതു്. വിശ്വദേവതക്കു് കണ്ണും കരളു മില്ല. മൃഗീയ ശക്തിയത്രേ സര്‌വ്വം. ദൈവപരിപാലന നിഷേധി ക്കപ്പെട്ടു. ജൂപ്പിററർ തുടങ്ങിയുള്ള ദേവന്മാർപോലും ലോകത്തിൻെറ അന്ധമായ ശക്തികളുടെ കളിപ്പാട്ടമണു്. ബുദ്ധിക്കും ഹൃദയത്തിനും അവിടെ ഒന്നും പ്രവർത്തിക്കുവാനില്ല. പ്രപഞ്ചകേന്ദ്രീതമായ മതവും സന്മാർഗ്ഗവുമേ അവിടെയുള്ളു. മനുഷ്യജീവിതം മതനിബിഡമായിരു ന്നു. ഈ മതം പ്രപഞ്ചകേന്ദ്രീതമെന്നുമാത്രം. ഭൂമിയും സൂര്യ ചന്ദ്ര ന ക്ഷത്രങ്ങളും ഇടി മഴ കാററു് മൃഗങ്ങൾ സസ്യങ്ങൾ പാറകൾ നദികൾ എന്നിവയെല്ലാം ആരാധനാപാത്രമാവുകയും അവയുടെ മൂർത്തീകരണ മായി പ്രാദേശിക ദേവന്മാർ ഉയർന്നു വരികയും ചെയ്തു. മരിച്ച പൂർവ്വി കന്മാർക്കും അധികാരികൾക്കും വീരപുരുഷന്മാർക്കും ദിവ്യത്വം ആരോ പിക്കപ്പെട്ടു. അവർ മരങ്ങളിലും പാറകളിലുമെല്ലാം വസിക്കുന്നതാ യി വിശ്വസിച്ചു തുടങ്ങി. ജൂപ്പിററർ, മെർക്കുറി, ഒസീറിസ്, ററി യാന, ഓഡിൻ, തോർ, ഇന്ദ്രൻ, വരുണൻ എന്നിങ്ങനെ പല ദേവ ന്മാർക്കും അമ്പലങ്ങളും കാവുകളും പ്രതിഷ്ഠിക്കപ്പെട്ടു. എവിടെയും മാ ന്ത്രികരും പുരോഹിതരും പ്രത്യക്ഷപ്പെട്ടുതുടങ്ങി. ദേവന്മാരുടെ സ ഹായമുണ്ടെങ്കിൽ ചൂണ്ടയിൽ മീൻ കൊത്തുകയും, കെണിയിൽ കാട്ടു മൃഗം വീഴുകയുംചെയ്യും. ദേവന്മാരുടെ പ്രസാദം ഉണ്ടാകുന്നതിനു നേ ച്ചകാഴ്ചകളിൽ ആരംഭിച്ചു് നരബലിവരെ എത്തി. ദേവന്മാരുടെ വി ഗ്രഹങ്ങൾ ഉണ്ടാക്കി അതിനു് പൂജയർപ്പിക്കുകയും, ഭക്ഷണം കൊടുക്കു കുകയും കുളിപ്പിക്കുകയുമായി. പൌരന്മാരുടെ ഒന്നാമത്തെ ധർമ്മം കു ലദേവതകളെ സംരക്ഷിക്കുകയാണു്.

## ഭയ പ്രേരിതം.

വിശ്വദേവതക്കു് കരളില്ല. സ്നേഹമല്ല, ഭയമാണു് ആശ്രിതരെ നയിക്കുന്നതു്. തങ്ങളുടെ സൃഷ്ടികളായ ഈ ദേവന്മാരിൽ യാതൊരു സു കൃതവും ആരും ആരോപിക്കുന്നില്ല. അവരുടെ ഉപദ്രവം ഉണ്ടാകാതിരി പ്പാൻ വേണ്ടിയാണു് അവരെ സേവിക്കുന്നതു്. നിലമുഴുന്നവൻ ഭൂമി ദേവിയുടെ ശരീരം വെട്ടിമുറിക്കുന്നതിൽ അവളുടെ കോപമുണ്ടാകാ തിരിപ്പാൻവേണ്ടി നിലമുഴുന്നതിനുമുമ്പു് ബലി അർപ്പിക്കും. അയാൾ ക്കു് ഒരു പശ്ചാത്താപവുമില്ല. ദേവന്മാരെ ആരും സ്നേഹിക്കുന്നുമില്ല. അവർ തങ്ങളേക്കാൾ ദുഷ്ടന്മാരാണെന്നാണു് സങ്കല്പം. അവരുടെ കോ പമുണ്ടാകാതിരിപ്പാനുള്ള കൈക്കൂലിമാത്രമാണു് നേച്ചകാഴ്ചകളെ ല്ലാം. സ്വന്തം ഭൌതീക നന്മകൾമാത്രമേ അവർ പ്രതീക്ഷിക്കുന്നു ള്ളു. പ്രപഞ്ചത്തിനുള്ളിൽ ഒതുങ്ങുന്ന പ്രതീക്ഷകളെ അവക്കുള്ളു. മര ണാനന്തര ജീവിതമുണ്ടെങ്കിൽതന്നെ പ്രപഞ്ചത്തിനുള്ളിൽ വല്ലയിട ത്തുമായിരിക്കും. എത്രയായാലും അതു് ഇവിടെയുള്ളിടത്തോളം സു ഖകരമായിരിക്കുകയുമില്ല.

## അന്ധയായ വിശ്വദേവത.

വിശ്വദേവതയ്ക്കു് പുരുഷാത്മകത്വമില്ലെങ്കിൽ മനുഷ്യന്റെകാര്യം പറയുവാനുണ്ടോ? മനുഷ്യവ്യക്തിയുടെ പുരുഷാത്മകത്വവും പ്രപഞ്ചാതീത ലക്ഷ്യവും അവകാശങ്ങളും തിരസ്കരിക്കപ്പെട്ടു. മനുഷ്യനും മൃഗവും തമ്മിലുള്ള മൌലിക വ്യത്യാസം അവഗണിച്ചു തുടങ്ങി. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം തരത്തിലല്ല അളവിലേയുള്ളു എന്നായി. മൃഗങ്ങളിൽനിന്നു് വലിപ്പച്ചെറുപ്പത്തിലുള്ള വ്യത്യാസമേയുള്ളുവെങ്കിൽ അവനെ യജമാനന്റെ പ്രയോജനത്തിനും ലോകത്തിന്റെ പുരോഗതിയ്ക്കും വിനിയോഗിക്കുന്നതിൽ എന്താണു് പിശകു്? അനുദിന പ്രായോഗിക ജീവിതത്തിൽ മനുഷ്യരും മൃഗവും തമ്മിലുള്ള മൌലിക വ്യത്യാസം എല്ലാവരും സമ്മതിക്കുന്നുണ്ടു്. എന്നാൽ വിശ്വദേവതയുടെ കാഴ്ചപ്പാടിൽ സകല ചരാചരങ്ങളും പ്രപഞ്ചത്തിന്റെ ഭാഗമാണു്. മററു ചരാചരങ്ങളുമായുള്ള ബന്ധമേ മനുഷ്യർ തമ്മിലുമുള്ളു. മററുവസ്തുക്കളെയും മൃഗങ്ങളെയും കൊല്ലുകയും അടിമയാക്കുകയും ദേവന്മാക്കു് ബലിയപ്പിക്കുകയും ചെയ്യാമെങ്കിൽ എന്തുകൊണ്ടു മനുഷ്യരെ അടിമയാക്കിക്കൂടാ? അടിമളാക്കപ്പെടുന്നവക്കുതന്നെ തങ്ങളുടെ പുരുഷാത്മകത്വത്തെപ്പററി ബോധമില്ലെങ്കിൽ മററുള്ളവർ എന്തിനു സംശയിക്കുന്നു?

## കുലദേവത.

ചരിത്രാതീതകാലത്തു് ദേവന്മാരുടെ നാമത്തിലാണു് അടിമകളെക്കൊണ്ടു് യുദ്ധം ചെയ്യിച്ചു് മററുരാജ്യങ്ങൾ പിടിച്ചടക്കുകയും, അവരെക്കൊണ്ടു് ജോലിചെയ്യിച്ചു് നഗരങ്ങൾ നിമ്മിക്കുകയും റോഡു വെട്ടുകയും ജലസേചനം നടത്തുകയും കൃഷിചെയ്യുകയും ചെയ്തിരുന്നതു്. (ബാബിലോണിയൻ പുരാണങ്ങൾ അനുസരിച്ചു് തിയെമ്മാത്തു ദേവതയുടെ ശരീരം വെട്ടിമുറിച്ചു് ആകാശവും ഭൂമിയും നിമ്മിച്ചു. ദേവന്മാർ ആകാശത്തിലും ഭൂമിയിലുമായി കഴിഞ്ഞുകൂടുന്നു. ഭൂമിയിലെ ദേവന്മാക്കു് കൃഷിചെയ്യുവാൻ വിഷമമായതുകൊണ്ടു് ജോലി ചെയ്യുവാനുള്ള അടിമകളായിട്ടാണു് മനുഷ്യരെ നിമ്മിച്ചതു്.) ഇങ്ങനെ ചാട്ടപിടിച്ചുള്ള അടിമകളുടെ നിബ്ബന്ധസേവനം വഴിലോകത്തിന്റെ വിഭവങ്ങൾ വദ്ധിക്കുകയും കലയും സംസ്കാരവും പുരോഗമിക്കുകയും നഗരങ്ങളും രാജ്യങ്ങളും സാമ്രാജ്യങ്ങളും ഉയന്നുവരികയും ചെയ്തു. കുലദേവതയുടെ അകമ്പടിയോടുകൂടെയാണു് മനുഷ്യർ നാഗരീകതയിൽ പ്രവേശിക്കുന്നതു്. വ്യക്തികളും കുടുംബങ്ങളും നഗരങ്ങളും ഏതെങ്കിലും ഒരു കുലദേവതയുടെ സംരക്ഷണത്തിനു് തങ്ങളെ പ്രതിഷ്ഠിക്കുന്നു. രണ്ടു നഗരങ്ങൾ തമ്മിലുള്ള യുദ്ധം അതതു കുലദേവതകൾ തമ്മിലുള്ള യുദ്ധമാണു്. വിജയിയാകുന്ന കുലദേവത പരാജിതയാകുന്ന കുലദേവതയെ അവളുടെ അമ്പലത്തിൽനിന്നു് വലിച്ചെറിഞ്ഞു് സ്വയം പ്രതിഷ്ഠിക്കുന്നതിനു പുറമെ ആ നഗരവാസികളെ തടവുകാ

രാക്കി വില്ക്കുകയോ അവരെക്കൊണ്ടു് ജോലി ചെയ്യിപ്പിക്കുകയോ ചെയ്യുന്നു. വിലകൊടുത്തു വാങ്ങുന്ന അടിമയെ യജമാനനു് കൊല്ലുകപോലും ചെയ്യാം. അടിമ അദ്ധ്വാനം കൊണ്ടത്രേ രാജ്യങ്ങളും സാമ്രാജ്യങ്ങളും വളൎന്നുവന്നതു്.

അടിമത്തം ഇല്ലാതിരുന്നതു് പ്രപഞ്ചാതീത ദൈവത്തിൽ വിശ്വസിച്ചിരുന്ന ഇസ്രായേൽജനതയുടെ ഇടയിൽമാത്രം. മററുജാതികളുമായുള്ളസമ്പൎക്കം മൂലം അദ്ധ്യടിമത്തം അവിടെയും സ്ഥലംപിടിച്ചു. പുരുഷാത്മകത്വം അവഗണിക്കപ്പെടുന്നതുവഴി മററു് അഴിമതികളും നുഴഞ്ഞുകയറുന്നു. അടിമസമുദായത്തിൽ വിവാഹത്തിനു് എന്തുസ്ഥാനമാണു് ഉള്ളതു്? പുരുഷൻെറ സുഖത്തിനുവേണ്ടിയുള്ള ഒരു മൃഗമാണു് സ്ത്രീ. അബലകളായ സ്ത്രീകളെക്കൊണ്ടു് അദ്ധ്വാനിപ്പിച്ചു് പുരുഷന്മാർ സുഖലോലുപരായിക്കഴിയും. അവൎക്കു് യാതൊരു അവകാശവുമില്ല. മൃഗതുല്യമായ ഈ ജീവിതത്തിൽ മനുഷ്യത്വത്തിനും അനുകമ്പയ്ക്കും വാത്സല്യത്തിനും സ്ഥാനമെന്തു്? ഭ്രൂണഹത്യ, ശിശുവധം എന്നിവയെല്ലാം സൎവ്വസാധാരണമായിരുന്നു. തങ്ങളുടെ കുഞ്ഞുങ്ങളെ വധിക്കുന്നതിനു് മാതാപിതാക്കന്മാൎക്കു് പരിപൂൎണ്ണ സ്വാതന്ത്ര്യമുണ്ടു്. സാമാന്യമായി ആവശ്യമില്ലാത്ത ശിശുക്കളെ വധിക്കുന്നതു് ജനിച്ചു് എട്ടാം ദിവസമാണു്. പഴയ ഗ്രീക്കു നാടകങ്ങളിലെ കഥാനായിക സാമാന്യമായി ആഭിജാത്യരായ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു് അവരാൽ പരിത്യജിക്കപ്പെട്ട ഒരു ബാലികയായിരിക്കും. ആഭിജാത്യർ പ്രത്യേകിച്ചു പെൺകുഞ്ഞുങ്ങളെ വലിച്ചെറിയുകയാണു് പതിവു്. വല്ലവൎക്കും അതിനെ എടുത്തുവളൎത്തുന്നതിനു് വേണ്ട മനുഷ്യത്വമുണ്ടായാൽ അതു് ജീവിക്കുകയായി.

ജീവിതം മതനിബിഡമത്രേ. പക്ഷെ ഈ മതാനുഷ്ഠാനങ്ങൾ മുഴുവനും അസന്മാൎഗ്ഗിക രംഗങ്ങൾകൊണ്ടു് നിറഞ്ഞിരുന്നു. ദേവാലയങ്ങളിലെ പരസ്യ ആരാധന പോലും തീൎത്തും അസന്മാൎഗ്ഗികമത്രേ. അവിടെ പോരാത്തതു് തീൎക്കുവാനുള്ള സ്ഥലമാണു് അമ്പലത്തിനു ചുററുമുള്ള കാവുകൾ. കളിസ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും സ്ത്രീപുരുഷന്മാർ പ്രത്യക്ഷപ്പെട്ടിരുന്നതു് പരിപൂൎണ്ണനഗ്നരായിട്ടത്രേ. കുടുംബങ്ങൾ അക്ഷരാൎത്ഥത്തിൽ ഒരു തൊഴുത്തുമാത്രം.

പില്ക്കാലത്തിൽ രാഷ്ട്രാരാധകരായിരുന്ന മർസിലീയസ്ു്ദു് പാദുവാ, മക്കിയവേല്ലി തുടങ്ങിയവർ സുവൎണ്ണദശയായി കരുതിയിരുന്നതും പുനരുദ്ധരിക്കുവാൻ ബദ്ധപ്പെട്ടിരുന്നതും അടിമത്താധിഷ്ഠിതമായ റോമൻ സാമ്രാജ്യമാണു്. പ്രപഞ്ചാതിതനായ ദൈവത്തേയും പ്രപഞ്ചാതീതസാഹോദര്യത്തേയും അവകാശങ്ങളേയും അവർ അംഗീകരിക്കുകയില്ല. എന്നാൽ സമകാലീനരുടെ ആശയഗതികൾ അങ്ങനെയൊന്നുമായിരുന്നില്ല. മനുഷ്യൻെറ അസ്ഥിപഞ്ജരത്തിന്മേൽ അധിഷ്ഠിതമായ ഈ കൃത്രിമസംസ്കാരവും നാഗരീകതയും അസ്വസ്ഥതയോടെയാണു് മുന്നോട്ടുനീങ്ങിയതു്. അടിമകൾക്കുത്രമാ

മല്ല യജമാനന്മാക്കുപോലും ജീവിതത്തിൽ സാവ്വത്രികമായ ശൂന്യത അനുഭവപ്പെട്ടു. മഹാഭൂരിപക്ഷം ആളുകളും കടുത്ത നിരാശയിൽ കഴിച്ചുകൂട്ടി. വിശ്വദേവതയ്ക്കു് കണ്ണും കരളുമില്ല. മരവിച്ച ഈ ലോകത്തിൽ മനുഷ്യത്വമോ, ദയയോ, അനുകമ്പയോ കണ്ടുമുട്ടുവാനില്ല. സ്വൎഗ്ഗത്തിലേക്കുനോക്കി നിലവിളിച്ചാൽ മറുപടിപറയുവാൻ ആരുമില്ല. വിവിധ കാലങ്ങളിലായി പ്രത്യക്ഷപ്പെട്ടിരുന്ന കണ്ണും കരളുമുള്ള ലോകോദ്ധാരകന്മാർ ഇവിടെ നിവ്വഹിക്കാവുന്ന പരിഹാരമാൎഗ്ഗങ്ങൾ നിദ്ദേശിച്ചു. അംസിബിയാദസ് എന്നയാൾ പരിഹാരമാൎഗ്ഗമായി കടലോരത്തു് ആത്മഹത്യചെയ്യുന്നതിനു് കുറെ കഴുവുമരങ്ങൾ ഉണ്ടാക്കികൊടുത്തു. സകലരാലും ഉപേക്ഷിക്കപ്പെട്ടു് സ്വൎഗ്ഗത്തിലേക്കുനോക്കി നിലവിളിക്കുന്നവരോടു് ''നീ ഭയപ്പെടേണ്ട നിനക്കു് ഞാനുണ്ടു് ഞാൻ നിനക്കുവേണ്ടിയാണു'' എന്നുള്ള മറുപടി നല്കുവാൻ രണ്ടായിരംകൊല്ലം മുമ്പുവരെ കാത്തിരിക്കേണ്ടിവന്നു.

---

# അദ്ധ്യായം 3

# പ്രതികരണങ്ങൾ

അടിമത്തത്തിൻെറ ഫലമായി എവിടെയും സമൃദ്ധി അനുഭവപ്പെട്ടു. ഒന്നിനുപുറകെ ഒന്നായി രാജ്യങ്ങളും സാമ്രാജ്യങ്ങളും ഉയന്നുവന്നു. മഹാനായ അലക്സാണ്ടർ ചക്രവൎത്തി പൗരസ്ത്യലോകമത്രയും പിടിച്ചടക്കി ലോകത്തെ മുഴുവൻ ഒന്നാക്കുന്നതിനു് നടത്തിയ യത്നം അകാലമൃത്യുമൂലം പരാജയമടഞ്ഞുവെങ്കിലും പിന്നാലെവന്ന റോമൻ സാമ്രാജ്യം ഈ ലക്ഷ്യം ഭാഗികമായിട്ടെങ്കിലും നിറവേററി. മൂന്നു ഭൂഖണ്ഡങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള റോമൻ സാമ്രാജ്യം ലോകത്തിൻെറ ഗണ്യമായഭാഗത്തെ രാഷ്ട്രീയവും സാംസ്കാരികവുമായ ഐക്യത്തിൽ വരുത്തി. അതിൽ പെടാതിരുന്ന ഇൻഡ്യാ ചൈനാ എന്നീ രാജ്യങ്ങളുമായി വാണിജ്യ ബന്ധംമൂലം സമ്പക്കം പാലിച്ചിരുന്നു. ധന്യമായ ഗ്രീക്കു സാംസ്കാരവും ഭാഷയും സാമ്രാജ്യത്തിൻെറ എല്ലാഭാഗങ്ങളിലും എത്തിച്ചേന്നു. അതിൻെറ ഇടയിൽ കിടക്കുന്ന മെഡിറററേനിയൻ കടലും റോമൻ അടിമകൾനിമ്മിച്ച റോഡുകളുംചേന്നു് സാമ്രാജ്യത്തിൻെറ വിദൂരസ്ഥ ഗ്രാമങ്ങളെപ്പോലും യോജിപ്പിച്ചു് സാമ്രാജ്യത്തെ മുഴുവൻ ഒരു പട്ടണംപോലെ ആക്കിത്തീൎത്തു. ഗ്രീക്കുഭാഷ അറിയാവുന്നവക്കെല്ലാം സാമ്രാജ്യത്തിൻെറ ഏതു ഭാഗത്തും യഥേഷ്ടം സഞ്ചരിക്കു

ന്നതിനും എല്ലാവരോടും സമ്പക്കം പാലിക്കുന്നതിനും സാധിച്ചിരുന്നു. നാലു നൂററാണ്ടുകാലം ദീർഘിച്ച റോമൻ സമാധാനംവഴി ദേശീയാതിത്തികാം നീങ്ങിപ്പോകുകയും മനുഷ്യർ തങ്ങളുടെ ഇടുങ്ങിയ ചടക്കൂട്ടിൽ നിന്നെല്ലാം സ്വതന്ത്രമായി ചിന്തിക്കുകയും ചെയ്തുതുടങ്ങി.

എന്നാൽ രാഷ്ട്രീയ ഐക്യംകൊണ്ടോ സാംസ്കാരിക ഐക്യംകൊണ്ടോ മനുഷ്യവർഗ്ഗം ഒരു കുടുംബമായിത്തീരുവാൻപോകുന്നില്ല. മനുഷ്യർ പരസ്പരം സഹോദരന്മാരായിത്തീന്നാൽമാത്രമേ ലോകം ഒരു കുടുംബമായിത്തീരുകയുള്ളൂ. സാവ്വത്രികമായ പൊതു ഉത്തമനത്തെപ്പററിയുള്ള ബോധംമാത്രം മനുഷ്യരെ ഐക്യപ്പെടുത്തുകയില്ല. അലക്സാണ്ടറിൻെറ മനോരാജ്യമനുസരിച്ച് ലോകത്തിലുള്ള എല്ലാ ജാതികളും മിശ്രവിവാഹം ചെയ്തു എന്നിരിക്കട്ടെ. അതുകൊണ്ടും മനുഷ്യവഗ്ഗം ഒരു കുടുംബമാകുകയില്ല. ഗ്രേക്കോറോമൻ നാഗരികതയുടെ കാലത്തുള്ള വസതികളിൽ ഒന്നുപോലും ഒരു കുടുംബമായിരുന്നില്ല. തൊഴുത്തിൽ പശുക്കളെ കയറുകൊണ്ടു കെട്ടുന്നതുപോലെ ഓരോ വസതികളിലും വിലങ്ങോടു കൂടിയാണ് അടിമകളെ സൂക്ഷിച്ചിരുന്നത്. കുടുംബമെന്നതിനേക്കാൾ അവ ഓരോന്നും ഓരോ തൊഴുത്തായിരുന്നു. ഓരോവീടും കുടുംബമായതിൻെറ ശേഷംവേണമല്ലോ ലോകംമുഴവൻ ഒരു കുടുംബമാകുവാൻ. മനുഷ്യവഗ്ഗംമുഴവൻ ഒരു കുടുംബമായിത്തീരുന്നതിനു് രാഷ്ട്രീയ ഐക്യമോ സാംസ്കാരിക ഐക്യമോ ആവശ്യമില്ല. ആന്തരികമായ സംസ്കരണമുണ്ടായാൽമതി. ഈ ആന്തരികമായ സംസ്കരണം എല്ലാമനുഷ്യരെയും പരസ്പരം സഹോദരരാക്കുന്നതിനു് പര്യാപ്തമായിരിക്കണം. മനുഷ്യനെ സംസ്കരിക്കുന്നതിനു് പല മഹാത്മാക്കളും ആത്മാത്ഥമായി ശ്രമിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ മുറിയിലെ വിളക്ക് കെട്ടിരിക്കുന്നതുമൂലം തപ്പിത്തടയുകയായിരുന്നു അനുഭവം.

## മനുഷ്യത്വ വിപ്ലവം

ഇത്തരത്തിലുള്ള ഒരു അനുഭവമാണ് കൺഫൂസിയസിനുണ്ടായതു്. വിശ്വദേവതയുടെ പ്രാബല്യവും അടിമത്തവും ഏററം ലഘുപ്പെട്ടിരുന്ന ഒരു രാജ്യമാണ് ചൈന. യൂദന്മാരെയൊഴിച്ചാൽ ഏകദൈവ വിശ്വാസത്തിൽ ലോകജനതകളിൽ ഏററം ഉറച്ചുനിന്നവരാണ് ചൈനക്കാർ. ഏക ദൈവമായിരുന്ന ''തീയേൻ'' സവ്വത്ര അംഗീകരിക്കപ്പെട്ടിരുന്നു. എങ്കിലും അതോടുകൂടി അന്ധവിശ്വാസവും പ്രകൃതിശക്തികളുടെ ആരാധനയും എല്ലാം ശക്തിപ്പെട്ടുതുടങ്ങി. തീയേൻ വിദൂര ഓമ്മയായി അവശേഷിച്ചു. കൺഫൂസിയസ് നല്ലവനായ ''തിയേനിൽ'' വിശ്വസിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ജീവിതവീക്ഷണം പ്രപഞ്ചകേന്ദ്രീകൃതമത്രേ. മനുഷ്യത്വമായിരുന്നു അദ്ദേഹത്തിൻെറ ഏററംവലിയ സുകൃതം. മനുഷ്യത്വത്തോ

ടുചേൎന്നുപോകുന്ന ദയ, അനുകമ്പ എന്നിവയെല്ലാം അദ്ദേഹം നിൎദ്ദേശിക്കുന്നുണ്ടെങ്കിലും സ്നേഹിച്ചു ഭാഗ്യമടയുകയും സ്നേഹത്തിനു പ്രതിഷ്ഠിക്കുകയും ചെയ്യുക എന്നപദ്ധതി അദ്ദേഹത്തിന്നില്ല. ഭൌതികജീവിതത്തെ വിജയപ്രദമാക്കുന്നതിന്നുള്ള സദാചാരനിഷ്ഠയും മററും അദ്ദേഹത്തിനു കാര്യമാണു്. അദ്ദേഹം എപ്പോഴും ചൈനീസ് പാരമ്പര്യത്തിൻെറ ചട്ടക്കൂട്ടിൽ ആണു് ചിന്തിച്ചിരുന്നതു്. ഭരണകൂടത്തിൻെറ നിയന്ത്രണവും കുടുംബപരമായ പരിശീലനവും, സദാചാര നിയമങ്ങളുടെ അഭ്യസനവുംകൊണ്ടു് ജീവിതത്തെ പുറമെനിന്നു് സംസ്കരിക്കുക എന്നുള്ളതായിരുന്നു ചൈനയുടെപാരമ്പര്യം. മററു സംസ്കാരങ്ങളിൽ പുരോഹിതൻ നിൎവ്വഹിച്ചിരുന്ന നിയന്ത്രണം ചൈനായിൽ രാജാവാണു് നിൎവ്വഹിച്ചിരുന്നതു്. സ്വൎഗ്ഗവുമായുള്ള ധാൎമ്മികബന്ധം അധികാരികളെ നിയന്ത്രിച്ചിരുന്നുവെന്നും, അവർ ഈ ഉദ്ദേശത്തിനായി സ്വൎഗ്ഗത്തിൽനിന്നു് നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്നും, അതിനാവശ്യമുള്ളവെളിച്ചം ഉന്നതങ്ങളിൽ നിന്നുലഭിക്കുന്നുവെന്നും അവർ അവകാശപ്പെട്ടിരുന്നു. ചൈനീസ് രാജവാഴ്ചയുടെ ആരംഭത്തിൽ യാഓ, യൂൺ, യൂ എന്നിങ്ങനെ മൂന്നു രാജാക്കന്മാരുടെ ഏററം ആദൎശപരവും മാതൃകാപരവും ആയ ഭരണം ചിരകാലമായി ജനങ്ങളാൽ പ്രകീൎത്തിക്കപ്പെട്ടിരുന്നു. ഈ രാജവാഴ്ച, അതിൻെറ പ്രാരംഭവിശുദ്ധിയിൽ പ്രതിഷ്ഠിച്ചു്, ഭരണകൂടം വഴി മുകളിൽനിന്നു് മനുഷ്യനെ സംസ്കരിക്കുകയായിരുന്നു അദ്ദേഹത്തിൻെറലക്ഷ്യം. ചൈനയിലെ കുടുംബജീവിതവും അത്യന്തം ആദൎശപരമായിരുന്നു. കുടുംബപരമായ വിദ്യാഭ്യാസമാണു് മനുഷ്യനെ സംസ്കരിക്കേണ്ടതു്. മനുഷ്യൻ സ്വതേ നല്ലവനാണെന്നും വിദ്യാഭ്യാസംകൊണ്ടു് അവൻ സംസ്കരിക്കപ്പെടുകയേവേണ്ടൂ എന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അറിവിൻെറ കുറവുകൊണ്ടുമാത്രമാണു മനുഷ്യൻ പിഴയ്ക്കുന്നതെന്നും അറിവുണ്ടായാൽ അപ്രമാദമായി മനുഷ്യൻ നല്ലവഴിയ്ക്കു് തിരിയുമെന്നുമുള്ള ഗ്രീക്കു തത്വജ്ഞന്മാരുടെ ആശയമായിരുന്നു അദ്ദേഹത്തിനുമുണ്ടായിരുന്നതു്.

പുറമെയുള്ള സംസ്കരണംകൊണ്ടോ, സദാചാരനിയമങ്ങളുടെ അനുഷ്ഠാനംകൊണ്ടോ, മനുഷ്യൻ ആന്തരികമായി സംസ്കരിക്കപ്പെടുമോയെന്നു് കണ്ടറിയേണ്ടിയിരിക്കുന്നു. മനുഷ്യൻെറ സംസ്കരണം അവൻെറ ഉള്ളിൽനിന്നാണു് വരേണ്ടതു്. അതു് ഒരു പുതിയ ജീവിതവീക്ഷണത്തിൽനിന്നുവേണം വരുവാൻ. വിപ്ലവപരമായ ആശയങ്ങൾ കൊണ്ടു മാത്രമേ മനുഷ്യൻ ആന്തരികമായി സംസ്കരിക്കപ്പെടുകയുള്ളു. സ്നേഹംവഴിവേണം അവൻ ശാന്തിയടയുവാൻ. വിപ്ലവപരമായ സ്നേഹംകൊണ്ടുമാത്രമേ പ്രകൃതിജന്യമായ സ്വാൎത്ഥവും ദുരാശയും ചൂഷണവാസനയും നീങ്ങുകയുള്ളു. മനുഷ്യത്വവിപ്ലവം വെറും തൊലിപ്പുറമെയുള്ള സംസ്കരണംമാത്രമേ നിൎവ്വഹിക്കുന്നുള്ളു. എന്നാൽ ആന്തരികമായ വിപ്ലവത്തോടു ചേൎന്നാൽ അതു വളരെ ഉപകാരപ്രദമായിരിക്കും. മനുഷ്യത്വവിപ്ലവത്തിന്മേലാണു് മനുഷ്യാതീതവിപ്ല

വും കെട്ടിപ്പടുക്കേണ്ടതു്. സ്നേഹവിപ്ലവത്തിൻെറ വളച്ചയ്ക്കു് ഗ്രേക്കോ റോമൻ ''തൊഴുത്തു'' കുടുംബത്തേക്കാൾ പററിയതു് ചൈനയിലെ ആദർശപരമായ കുടുംബങ്ങളാണു്. രാഷ്ട്രത്തിൻെറ രക്ഷാകരമായ നിയന്ത്രണവും കുടുംബത്തിലെ ആരോഗ്യപരമായ വിദ്യാഭ്യാസവും പരിശീലനവും, സദാചാര നിയമങ്ങളുടെ അനുഷ്ഠാനവും ആന്തരീകമായ സംസ്കരണത്തെ പുഷ്ടിപ്പെടുത്തുകയും, നിലനിർത്തുകയും ചെയ്യും.

കൺഫ്യൂസിയസ് ലക്ഷ്യമാക്കിയ സാമുദായിക ഉദ്ധാരണം നടന്നില്ല. അതിൽനിന്നു് ഒരു പുതിയമതം രൂപംപ്രാപിക്കുകയും, അദ്ദേഹത്തിനു് ദിവ്യത്വം ആരോപിക്കപ്പെടുകയും അമ്പലങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു എന്നുള്ളതാണു് പ്രധാനമായ നേട്ടം. ഈ മതം ചൈനയിൽ സർവ്വത്ര പ്രചരിക്കുകയും വളരെക്കാലത്തേയ്ക്കു് അതിനു് രാഷ്ട്രീയപ്രതിഷ്ഠ ലഭിക്കുകയുംചെയ്തു. പിന്നാലെവന്ന ബുദ്ധമതവും താവോമതവുമായി ലയിക്കുന്നില്ലെങ്കിലും ഇവ മൂന്നുംകൂടി പരസ്പരം പൂരിപ്പിച്ചു് ചൈനീസ് ജനതയുടെ വിധേയത്വം നൂററാണ്ടുകളായി സമ്പാദിക്കുകയും അങ്ങനെ ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കുകയും ചെയ്തു. വിപ്ലവപരമായ സ്നേഹമല്ല പരമ്പരാഗതമായ മാമൂലുകളാണു് ഈ സംസ്കാരത്തിനു് നിറംകൊടുക്കുന്നതു്.

## ധർമ്മ വിപ്ലവം

ഇന്ത്യയിൽ ആവിഷ്കരിക്കപ്പെട്ട ''ധർമ്മ''സിദ്ധാന്തം അടിമത്തത്തിനു് വർഗ്ഗീയ ഛായയും മതപരമായ അംഗീകാരവും നല്കി അതിനെ ശാശ്വതീകരിച്ചു. ഗ്രേക്കോ റോമൻ നാഗരീകത അടിമത്തത്തിന്മേൽ അധിഷ്ഠിതമത്രേ. അവിടെ അടിമത്തത്തിൻെറ അടിസ്ഥാനം ശക്തിയിന്മേൽ അധിഷ്ഠിതമായ ക്രയവിക്രയമാണു്. യജമാനന്മാക്കു് വിലകൊടുത്തുവാങ്ങിക്കുന്ന അടിമകളെ യഥേഷ്ടം കൈകാര്യം ചെയ്യാം. അതു് ഒരു വ്യക്തിപരമായ ബന്ധമാണു്. ഇന്ത്യയിൽ സമുദായം ക്രമീകരിക്കപ്പെടുന്നതു് ധാർമ്മികമായ അടിസ്ഥാനത്തിന്മേലാണു്. എന്നാൽ ഈ ധർമ്മം മൗലികമായി ശക്തിയിന്മേൽ അധിഷ്ഠിതമത്രേ. ആരിയന്മാർ ആരംഭത്തിൽ ദ്രാവീഡരെയും ആദിവാസികളെയും യുദ്ധത്തിൽ തോല്പിച്ചു് അടിമകളാക്കി. ഇതേത്തുടന്നു് ഹിന്ദുസമുദായം തൊഴിൽപരമായ അടിസ്ഥാനത്തിന്മേൽ അഞ്ചുവർഗ്ഗങ്ങളായി തരം തിരിക്കപ്പെട്ടു. ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻ അധഃകൃതൻ എന്നിവയാണു് ഈ അഞ്ചുവർഗ്ഗങ്ങൾ. ഗ്രേക്കോ റോമൻ യജമാനന്മാർ അടിമത്തത്തിനു് മതപരമായ സാധൂകരണം നല്കുവാൻ മിനക്കെടുകയുണ്ടായില്ല. ഹൈന്ദവർ പൗരസ്ത്യരാജ്യങ്ങളിൽ നിലവിലിരുന്ന''കർമ്മ''സിദ്ധാന്തം ഉപയോഗിച്ചു്അതിനു്സാധൂകരണം നല്കുകയും അങ്ങനെ അതിനെ ശാശ്വതീകരിക്കുകയും ചെയ്തു. ഈ ജന്മത്തിലോ മുൻജന്മത്തിലോ ചെയ്തിട്ടുള്ള കർമ്മങ്ങളുടെഫലമാണു് ഈ ജീവിതം. ബ്രാഹ്മണൻ യജമാനനായിത്തീർന്നിരിക്കുന്നതു് മുൻജന്മങ്ങളു

ടെ കമ്മഫലമാണ്. താഴ്ന്ന വർഗ്ഗങ്ങളാൽ ശുശ്രൂഷിക്കപ്പെടുകയാണ് അയാളുടെ ധർമ്മം. താഴ്ന്നവർഗ്ഗങ്ങൾ തങ്ങളുടെ മുൻജന്മത്തിലെ കർമ്മഫലം വഴിയാണ് ഈ സ്ഥിതിയിൽ എത്തിയിരിക്കുന്നത്. തന്മൂലം അവരുടെ ധർമ്മം ഉയർന്നജാതികളെ ശുശ്രൂഷിക്കുകയാണ്. ഇവിടെ പ്രപഞ്ചകേന്ദ്രീകൃതമായ ധർമ്മം മാത്രമെയുള്ളവെന്നു സ്പഷ്ടം. ഓരോവ്യക്തിയും തങ്ങൾ ജനിച്ചുവളർന്ന വർഗ്ഗത്തിൽ നിന്നുകൊള്ളണം. അധഃകൃതർ വിദ്യഭ്യാസംവഴിയും മററും ഈ വലയത്തിൽ നിന്നു് പുറത്തുചാടി രക്ഷപ്പെടുവാൻ പാടുള്ളതുകൊണ്ടു് അവക്കു് വിദ്യഭ്യാസം നിരോധിച്ചിരുന്നു. അധഃകൃതരെ വിദ്യഅഭ്യസിപ്പിക്കുന്നതു് വലിയ അധർമ്മമാണ്. വ്യക്തികളുടെയും വർഗ്ഗങ്ങളുടെയും ജീവിതം മുഴുവനും ധർമ്മശൃംഖലയാൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഉന്നതവർഗ്ഗങ്ങളുടെ നിലവാരം താഴ്ന്നു പോകാതിരിക്കത്തക്കവിധത്തിലാണ് അവരുടെ ''ധർമ്മം''വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതു്.

ഗ്രേക്കോ റോമൻ യജമാനൻ യഥേഷ്ടം അടിമകളെ സ്വതന്ത്രരാക്കുകയും പുതിയ പുതിയ യുദ്ധങ്ങളിൽ പുതിയ അടിമകളെ സമ്പാദിക്കുകയും ചെയ്യുന്നു. ഹൈന്ദവസംസ്കാരത്തിൽ വർഗ്ഗീയപരമായ പഴയ അടിമത്തം തുടന്നു് കൊണ്ടുപോകുന്നതല്ലാതെ പുതിയ അടിമത്തമില്ല.

പ്രപഞ്ചാതീത ജീവിത വീക്ഷണത്തിൽ നിന്നു് മാത്രമേ പ്രപഞ്ചാതീത''ധർമ്മം'' രൂപം പ്രാപിക്കുകയുള്ളു. പ്രപഞ്ചാതീതധർമ്മം എല്ലാ മനുഷ്യരേയും ദൈവപുത്രന്മാരയിട്ടാണ് വിഭാവനം ചെയ്യുന്നതു്. ദൈവപുത്രന്മാരെല്ലാം ദൈവസമക്ഷവും സമുദായത്തിലും തുല്യരാണ്. അവൻ ക്രമീകരിക്കപ്പെടുന്നതു് യന്ത്രത്തിൻെറ ഭാഗങ്ങൾപോലെയല്ല സജീവമായ ഒരു ശരീരത്തിൻെറ അവയവങ്ങൾ പോലെയാണ്. ഒരുത്തൻ മറെറാരുത്തനുവേണ്ടിയോ ഒരുവർഗ്ഗം മറെറാരുവർഗ്ഗത്തിനുവേണ്ടിയോ അല്ല. അവൻ ശാന്തിയടയുന്നതു് സ്നേഹിച്ചുകൊണ്ടാണ്. സ്നേഹത്തെപ്രതി സ്വയം മററുള്ളവരുടെശുശ്രൂഷക്കു് സമർപ്പിച്ചുകൊണ്ടാണ്. യജമാനൻ സ്വമേധയാ ഭൃത്യൻെറ കാലു കഴുകുന്നതിലാണ് പ്രപഞ്ചാതീത ധർമ്മം അടങ്ങിയിരിക്കുന്നതു്.

## കർമ്മഫല വിപ്ലവം

ഒരു പുതിയ ജീവിതവീക്ഷണം നല്കി മനുഷ്യനെ ആന്തരികമായിസംസ്കരിച്ചു് ജീവിത നവീകരണം വരുത്തുന്നതിനു് ആത്മാർത്ഥമായി യത്നിച്ച ഒരു മഹാത്മാവാണ് ഗൌതമഗോത്രത്തിൽപ്പെട്ട ബുദ്ധൻ എന്നറിയപ്പെടുന്ന സിദ്ധാർത്ഥൻ. അദ്ദേഹത്തിനു് മതാനുഷ്ഠാനങ്ങളേക്കാളും കർമ്മവിധികളേക്കാളും എല്ലാം കാര്യം ആന്തരികസംസ്കരണവും ജീവിതനവീകരണവുമാണ്. ഈ മനുഷ്യസ്നേഹി ഹൈന്ദവധർമ്മത്തിൽനിന്നും ഉൽഭൂതമാകുന്ന അടിമത്തത്തെയും അഴിമതികളെയും ഉച്ചനീചത്വങ്ങളെയും നിവാരണം ചെയ്യുന്നതിനുവേണ്ടി രാജകൊട്ടാ

രവും കുടുംബവുമെല്ലാമുപേക്ഷിച്ച് ഏതാനും അനുയായികളോടുകൂടി സമുദായോദ്ധാരണത്തിനായി പുറപ്പെട്ടു. ഈ സംരംഭം ബുദ്ധമതത്തിൽ കലാശിച്ചു. ഒരു മതം സ്ഥാപിക്കുന്നതിന് അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ലെങ്കിലും അദ്ദേഹത്തിൽ ദൈവത്വം ആരോപിക്കപ്പെടുകയും അതിൽനിന്നു ഒരു മതം രൂപമെടുക്കുകയും ചെയ്തു. തൻെറ പദ്ധതിയിൽ നിന്നും ദൈവത്തെ ബഹിഷ്കരിച്ച ഒരാളാണ് സിദ്ധാർത്ഥൻ. ദൈവം മനുഷ്യൻെറ സങ്കല്പങ്ങൾക്കെല്ലാം അതീതമായതുകൊണ്ടാണ് ഈ ബഹിഷ്കരണം എന്നു പറയുന്നവരുമുണ്ട്. ദൈവത്തിൻെറയും ധർമ്മത്തിൻെറയും പേരിൽ ലോകത്തിലെ അധർമ്മങ്ങളും അസമത്വങ്ങളും നീതീകരിക്കുന്നതിനും, നിർഭാഗ്യരായ അവശരെ ദുഷ്ടരായി മുദ്രകുത്തുന്നതിനും ഒരുമ്പെട്ട ''ഹൈന്ദവധർമ്മ''ത്തോടുള്ള പ്രതിഷേധമായി ദൈവത്തെയും സ്വർഗ്ഗത്തെയുമെല്ലാം അവഗണിക്കുകയാണ് ചെയ്തതു്. സിദ്ധാർത്ഥനു് മനുഷ്യരെല്ലാം സമന്മാരാണ്. വർഗ്ഗീയ തരംതിരുവുകൾ അദ്ദേഹം സ്വീകരിക്കുകയില്ല.

എന്നാൽ സിദ്ധാർത്ഥൻെറ സമത്വത്തിനും പ്രാപഞ്ചികമായ അടിസ്ഥാനമെയുള്ളു. വിശ്വദേവതയുടെ ആവിർഭാവത്തോടെ മുറിയിലുള്ള വിളക്കുകെട്ടാലുള്ള അനുഭവമാണ് ഉണ്ടാകുന്നതെന്നു് മുമ്പ് സൂചിപ്പിക്കുകയുണ്ടായല്ലൊ. പ്രകൃതിക്കതീതനും പിതാവുമായ ദൈവം സിദ്ധാർത്ഥനു് അജ്ഞാതമാണ്. ഇരുട്ടത്തു് തപ്പിത്തടയുന്ന സിദ്ധാർത്ഥനു് മണ്ണിൽ നിന്നുത്ഭവിക്കുന്ന സാഹോദര്യത്വം മാത്രമെ ചിന്തിക്കുവാൻ കഴിഞ്ഞുള്ളു. മററു ചരാചരങ്ങൾ തമ്മിൽ ഉള്ളതിൽ കൂടുതലായ ബന്ധം മനുഷ്യർതമ്മിലില്ല. വിളക്കുകെട്ടുമുറിയിൽ ഇരുട്ടത്തു് തപ്പിത്തടഞ്ഞു് അനുഭവിക്കാവുന്ന ശാന്തി മാത്രമെ മനുഷ്യനു് പ്രാപ്യമായിട്ടുള്ളു. അവനവൻ ചിന്തിച്ചും ധ്യാനിച്ചുംഉണ്ടാക്കുന്ന മുക്തി മാത്രമാണ് അവശേഷിച്ചിരിക്കുന്നതു്. മനുഷ്യനു് എല്ലാം കൂടിയുള്ളതു് ദൃശ്യമായ പഞ്ചസ്കന്ധം മാത്രം. അനേക തലമുറകളായി വിളക്കുകെട്ടുമുറിയിൽ ജീവിക്കുന്നവർ പുറമെനിന്നുള്ളവെളിച്ചം അന്വേഷിക്കുക അസാദ്ധ്യം തന്നെ.

ഏതാനും ആളുകൾ ഒരു ക്ലബ്ബിൽ സമ്മേളിച്ചിരിക്കുമ്പോൾ ഒരു ദ്വീപിൽ ഏകാകിയായി ജീവിക്കേണ്ടിവന്നാൽ എന്തുപുസ്തകമാണ് ഇഷ്ടപ്പെടുക എന്നൊരു ചോദ്യം ഒരാൾ ഉന്നയിച്ചു. ഓരോരുത്തനും അവനവനു് ഇഷ്ടപ്പെട്ട പുസ്തകത്തിൻെറ പേരു പറഞ്ഞു. ചെസ്റ്റർട്ടൻ എന്നയാൾ കപ്പൽനിർമ്മാണത്തെ പററിയുള്ള പുസ്തകമാണ് ആവശ്യപ്പെട്ടതു്. മനുഷ്യവർഗ്ഗം ഒരു ദ്വീപിൽ അകപ്പെട്ടിരിക്കുന്നു. അനേക തലമുറക്കാലം ദ്വീപിൽ വാസമുറപ്പിച്ചതോടെ വൻകരയുടെ അസ്തിത്വം പോലും അജ്ഞാതമായിത്തീർന്നു. മനുഷ്യൻ സ്വന്തം തുരുത്തിന്മേൽ ഇരുന്നുകൊണ്ടു് ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്താൽ അധികമൊന്നും മുന്നേറുവാൻ പോകുന്നില്ല. വൻകരയുമായി ബന്ധം സ്ഥാപിക്കണം. പ്രപഞ്ചാതീതനായ, കണ്ണും, കരളുമുള്ള ഒരു ദൈവത്തെ അന്വേഷിച്ചുപോകണം. പുരുഷാത്മകത്വമുള്ള ഒരു ദൈവത്തിനു്

മാത്രമെ മനുഷ്യനു് ശക്തിനല്ലവാൻ സാധിക്കുകയുള്ളു. പുരുഷാത്മകത്വമുള്ളതും പ്രപഞ്ചാതീതനുമായ ദൈവത്തെ കൂടാതെ ശരിയായ ഒരു ജീവിതവീക്ഷണം ഉണ്ടാകുക സാധ്യമല്ല. ഈ ചെറു ദ്വീപിലെ ഇരുട്ടിൽ കിടന്നു് തപ്പിത്തടയാതെ പുറമെയുള്ള വൻകരയെപ്പററി വല്ലൊരുസൂചനയും സിദ്ധാത്ഥനു് ലഭിച്ചിരുന്നുവെങ്കിൽ പൗരസ്ത്യരാജ്യങ്ങളുടെ ചരിത്രം ഇന്നു് കാണുന്നതിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നേനേ. കണ്ണും കരളുമുള്ള ഒരു ദൈവത്തെ അദ്ദേഹം കണ്ടുമുട്ടിയിരുന്നുവെങ്കിൽ, മനുഷ്യൻെറ പഞ്ചസ്കന്ധമാകുന്ന പുറംതോടിനുള്ളിൽ പുരുഷാത്മകത്വമുള്ളതും ലോകത്തിലെ അരിഷ്ടതകളെ ചവിട്ടുപടികളാക്കിക്കൊണ്ടു് മുന്നേറുന്നതുമായ ഒരു വിപ്ലവകാരിയെ കണ്ടെത്തിയേനേ.

## തിന്മയുടെ പ്രശ്നം

ലോകാരംഭംമുതൽ ഇന്നുവരെയുള്ള എല്ലാ മഹാന്മാരെയും വെല്ലുവിളിച്ചിട്ടുള്ള തിന്മയുടെ പ്രശ്നം അഭിമുഖീകരിക്കുന്നതിനു് പുനഃജന്മസിദ്ധാന്തം, കമ്മഫലസിദ്ധാന്തം എന്നിവയെല്ലാമേ സിദ്ധാത്ഥൻെറ കൈവശമുള്ളു. ലോകത്തിലെ അരിഷ്ടതകളുടേയും ക്ലേശങ്ങളുടെയും കാരണമെന്തു്? മുൻജന്മങ്ങളുടെ കമ്മഫലമാണു് ജീവിതത്തിലെ അരിഷ്ടതകളുടെ കാരണമെന്നുള്ള സമകാലീനരുടെആശയം സിദ്ധാത്ഥൻ അപ്പടിസ്വീകരിച്ചു. പുനഃജന്മത്തിനുള്ള തെളിവെന്താണു്? ദൈവം നീതിമാനാണെന്നുള്ള ഒരു ബോധം വിദൂരഓമ്മയിൽ അവശേഷിക്കുന്നുണ്ടു്. ദൈവം നീതിമാനെങ്കിൽ നിരപരാധിയായ ശിശുവിൻെറ കഷ്ടാരിഷ്ടതകഠം എങ്ങനെ വ്യാഖ്യാനിക്കും? മുൻജന്മത്തിലെ കമ്മഫലമാണെന്നു് അവർ വ്യാഖ്യാനിച്ചു. എന്നാൽ പ്രപഞ്ചാതീതനായ ദൈവത്തിൻെറ, അരിഷ്ടതകളെ കേന്ദ്രമാക്കിയുള്ള പദ്ധതി മനസിലാക്കിയാൽ ഈ അരിഷ്ടതകഠം ഉയന്നു പറക്കുന്നതിനുള്ള വിമാനതാവളമായിതീരും. മനുഷ്യൻെറ പഞ്ചസ്കന്ധങ്ങളെല്ലാം മരണശേഷം പഴയമനുഷ്യൻെറ കമ്മഫലങ്ങളോടു് കൂടിച്ചേന്നു് മറെറാരാളായിതീരുന്നു എന്നുള്ള സമകാലീന ആശയമായിരുന്നു സിദ്ധാത്ഥനും ഉണ്ടായിരുന്നതു്. അവനവൻെറ അറിവും സമ്മതവും കൂടാതെയുള്ള കമ്മഫലവും പുനഃജന്മവുമെല്ലാം യുക്തിവിരുദ്ധമത്രേ. ഏതായാലും സിദ്ധാത്ഥനെ തിന്മയുടെ പ്രശ്നം ശക്തിയായി സ്പശിച്ചു. അസ്ഥിത്വത്തിൻെറ അടിസ്ഥാനംതന്നെ ദുഃഖമാണു്. ദുഃഖത്തിൻെറ അടിസ്ഥാനകാരണം ആശയാണു്. ആഗ്രഹത്തെ നിഗ്രഹിക്കുവാൻ വേണ്ടിയാണു് തപസ്സു്. ആഗ്രഹമാണു് പുനഃജന്മത്തിനു് നിദാനം. മനുഷ്യനുണ്ടാകുവാൻ പാടുള്ളതിൽവെച്ചു് ഏററം വലിയഭാഗ്യം പുനഃജന്മത്തിൽനിന്നു്മുക്തിപ്രാപിച്ചു്ശൂന്യതയിൽ ലയിക്കുകയാണു്. ആഗ്രഹങ്ങളെ നിഗ്രഹിച്ചു് കമ്മഫലങ്ങഠം ഈ ജീവിതത്തിനുള്ളിൽ ഒതുക്കിനിത്തുന്നതിനുവേണ്ടി അദ്ദേഹം ഒരു അഷ്ടാംഗമാഗ്ഗം നിദ്ദേശിക്കുന്നു. ശ

രിയായ ജീവിതവീക്ഷണം, വിജ്ഞാനം, മിതഭാഷണം, അഹിംസ, ആത്മനിയന്ത്രണം, ജീവിതനവീകരണം, ധ്യാനം, ജാഗരണം എന്നിവയാണ് അഷ്ടാംഗമാർഗ്ഗം.

നാം എത്തിച്ചേർന്നിരിക്കുന്ന ചെറുദ്വീപിൽ ഇരുന്നുകൊണ്ട് ജീവിതവീക്ഷണം നടത്തിയാൽ പൂർണ്ണമായിരിക്കുകയില്ല. ഈ ദ്വീപിൽ ഇരുന്ന് കിട്ടുന്ന പുസ്തകം വായിച്ച് തൃപ്തിയടയുക എന്നതു് നിരാശയിൽ നിന്നു് ഉടലെടുത്ത ഒരു പദ്ധതിയാണ്. പുറത്തേയ്ക്ക് കടക്കാതെ വിശാലമായ ഒരു വീക്ഷണം ഉണ്ടാകുകയില്ല. കപ്പൽ നിർമ്മാണത്തേപ്പററിയുള്ള പുസ്തകം പുറത്തോട്ട് വഴിതുറക്കുന്നു. വൻകരയുമായുള്ള ബന്ധത്തിൽ നമ്മുടെ ദ്വീപിനെ വീക്ഷിച്ചാൽ മാത്രമെ അതു് പൂർണ്ണമായ വീക്ഷണമായിരിക്കുകയുള്ളു. മനുഷ്യജീവിതത്തെപ്പററിയുള്ള വീക്ഷണം പൂർണ്ണമായിരിക്കണമെങ്കിൽ അതിൻെറ ആദികാരണത്തോടും പരമാന്ത്യത്തോടും ബന്ധിപ്പിച്ച് അതിനെ വീക്ഷിക്കണം. മനുഷ്യനെ വെറും പഞ്ചസ്കന്ധമായിട്ടോ പ്രപഞ്ചത്തിൻെറ ഭാഗമായിട്ടോ ഉള്ള വീക്ഷണം വസ്തുനിഷ്ഠമല്ല. മനുഷ്യൻെറ ജീവിതം ഈ ലോകത്തിനുള്ളിൽ ഒതുങ്ങുകയുമില്ല. മനുഷ്യൻെറ അരിഷ്ടതകളിൽ അന്ധമായ ലോകം പല്ലിളിച്ചു കാണിക്കുകയേയുള്ളു. മനുഷ്യൻെറ അരിഷ്ടതകളിൽ ''നീ ഭയപ്പെടേണ്ടാ. നിനക്കു ഞാനുണ്ട്'' എന്നു വിളിച്ചുപറയുന്ന പുരുഷാത്മകത്വമുള്ള ഒരു ദൈവമുണ്ടായിരിക്കണം. ശരിയായിട്ടുള്ള ഒരു ജീവിതവീക്ഷണമുണ്ടാകണമെങ്കിൽ ഈ ദൈവവുമായുള്ള ബന്ധം ക്ലിപ്തപ്പെടുത്തണം.

മനുഷ്യൻ ദൈവത്തിൻെറ സൃഷ്ടിയാണെന്നുള്ള സങ്കല്പം മാത്രമെ അവൻെറ പ്രകൃതിയുമായി പൊരുത്തപ്പെടുകയുള്ളു. സ്രഷ്ടാവായ ദൈവം അവൻെറപ്രകൃതിയനുസരിച്ച് അവനെ പരമാന്ത്യത്തിലേയ്ക്ക് നയിക്കുന്നു. ശൂന്യതയല്ല അവൻെറ ലക്ഷ്യം. ജീവൻ തിന്മയുമല്ല. ആസ്തിക്യം നന്മയാണ്. അവൻ ഭാഗ്യമനുഭവിക്കുവാൻ വേണ്ടിയാണ്. കണ്ണ് കാണുന്നതിനു വേണ്ടിയയെന്നവണ്ണം മനുഷ്യൻ ഭാഗ്യമനുഭവിക്കുന്നതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അഹിംസ ആത്മനിയന്ത്രണം മിതഭാഷണം എന്നിവയെല്ലാം അവൻെറ ആശകളെ നശിപ്പിക്കുന്നതിനു വേണ്ടിയല്ല. ആരോഗ്യകരമായി നിയന്ത്രിക്കുന്നതിനു വേണ്ടിയാണ്. തപസ്സിനുവേണ്ടിയുള്ള തപസ്സ് ശരിയായ ജീവിതവീക്ഷണവുമായി പൊരുത്തപ്പെടുകയില്ല. മനുഷ്യൻെറ സ്വാതന്ത്ര്യത്തേയും ദുരാശകളെയും ചൂഷണത്തെയും തീച്ചയായും അമർത്തേണ്ടതുണ്ട്. സാമൂഹ്യജീവിതത്തിനു അതു് ഒരു ആവശ്യംതന്നെ. പക്ഷെ അവയൊന്നും ശൂന്യതയിലേയ്ക്കുല്ല യഥാർത്ഥജീവിതത്തിലേയ്ക്കുള്ള യാത്രയാണ്.

ജീവിതവീക്ഷണം പൂർണ്ണമാകണമെങ്കിൽ അതിൻെറ ലക്ഷ്യം മനസ്സിലാക്കണം. മനുഷ്യൻ സ്നേഹിക്കുവാൻവേണ്ടിയാണ്. സ്നേഹം കൊണ്ടല്ലാതെ മററു യാതൊന്നുകൊണ്ടും മനുഷ്യൻ ഭാഗ്യമടയുകയില്ല. ദൈവത്തെയും മനുഷ്യരെയും സ്നേഹിച്ചുകൊണ്ടാണ് അവൻ ശാന്തിയ

ടയുന്നതു്. അരിഷ്ടതകൾ അവൻെറ സ്നേഹത്തെ ശുദ്ധീകരിക്കുന്നതിനും, പരീക്ഷിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനും ഉപകരിക്കും. ലോകചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഏററം വലിയ മനുഷ്യസ്നേഹികളിൽ ഒരാളായ സിദ്ധാത്ഥൻെറ ജീവിതവീക്ഷണം ഈ ഘടകത്തെ അവഗണിച്ചിരിക്കുന്നതു് വിചിത്രമെന്നോ നിർഭാഗ്യകരമെന്നോ പറയേണ്ടിയിരിക്കുന്നു. അതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നതു് നല്ലവനായ ദൈവത്തെപ്പററിയുള്ള അജ്ഞതയും അദ്ദേഹത്തെ ആവരണം ചെയ്തിരുന്ന വിശ്വദേവതാ സംസ്കാരവുമത്രെ.

## ഓർഫിക്കമതങ്ങൾ

തിന്മയുടെപ്രശ്നം പൌരസ്ത്യരുടെ പ്രത്യേകതയായിരുന്നില്ല. പാശ്ചാത്യരുടെ ഇടയിൽ പിത്തഗോറിയൻസ്, ഓർഫിക്കമതക്കാർ, എന്നിവർ പുനഃജന്മം, കർമ്മഫലസിദ്ധാന്തം എന്നിവ സ്വീകരിച്ചിരുന്നു. ബുദ്ധമതത്തെപ്പോലെ തപോനിഷ്ടയും മററും അവക്കുമുണ്ടു്. എന്നാൽ അവർ മനുഷ്യൻെറ ലക്ഷ്യമായി സ്വീകരിച്ചതു് ശൂന്യതാപരമായ മുക്തി ആയിരുന്നില്ല. വിശ്വദേവതാവാദത്തിൻെറ വക്താക്കളായി പ്രത്യക്ഷപ്പെട്ടിരുന്ന കാവ്യമതക്കാരുടെ ജീവിതസുഖങ്ങൾ ആവുന്നത്ര അനുഭവിക്കുക എന്നുള്ളതായിരുന്നില്ല ഓർഫിക്കമതക്കാരുടെ ലക്ഷ്യം. ഭാവിജീവിതവും അതിലേക്കുള്ള ഒരുക്കവും എല്ലാം അവക്കു വളരെ പ്രധാനമാണു്. ഈ ഒരുക്കം അടങ്ങിയിരിക്കുന്നതു് സ്വയം വിശുദ്ധീകരിക്കുന്നതിലോ ജീവിത നവീകരണത്തിലോ അല്ല. ശുഷ്കമായ ഏതാനും ശുദ്ധികർമ്മങ്ങളിലും മന്ത്രങ്ങളിലുമെല്ലാമാണു്. അവരുടെ ഭാവി ജീവിതവും ഭൂമിയിൽ എവിടെയോ ആണു്. അങ്ങോട്ടുള്ളയാത്രയിൽ പാലം കടക്കുമ്പോൾ പിശാചു് പിടിക്കാതിരിക്കുവാനാണു്മന്ത്രങ്ങളും ശുദ്ധീകർമ്മങ്ങളുമെല്ലാം. ഈ വിഷയത്തിൽ പേർഷ്യയിലെ സൊറോവാസ്റ്റ്യൻ മതവും കുറെയെല്ലാം പ്രേരണ ചെലുത്തിയിരിക്കാം. സൊറോവാസ്റ്ററിനു് നല്ലദൈവമായ അഹുരമാസ്ദായും ദുഷ്ടദൈവമായ അഹ്റിമാനും തമ്മിലുള്ള മത്സരമാണു് ലോക ചരിത്രമത്രയും. പിന്നീടുവന്ന മനിക്കേയരും ഇതേ ആശയക്കാരാണു്. ഓർഫിക്ക മതസിദ്ധാന്തമനുസരിച്ചു് എല്ലാ മനുഷ്യരിലും നല്ലഅംശവും ദുഷ്ട അംശവുമുണ്ടു്. നല്ല അംശം നല്ലദൈവമായ ഡിയനേഷ്യസിൽ (Dynasius) നിന്നാണു്. ഈ നല്ലദൈവത്തെ ദുഷ്ടന്മാരായ ടീററാനിയർ വധിച്ചു. മനുഷ്യരിലുള്ള ദുഷ്ടഅംശം ഇവരിൽ നിന്നാണു്. പിന്നാലെ പ്രത്യക്ഷപ്പെട്ട നോസ്റ്റിക്കമതക്കാരും മനിക്കേയരുമെല്ലാം ആത്മാവിനെ ഉത്തമാംശമായും ശരീരത്തെ ദുഷ്ട അംശമായും കരുതുന്നു. ശരീരമാകുന്ന കാരാഗൃഹത്തിൽ ആത്മാവിനെബന്ധിച്ചിരിക്കുകയാണു്പോലും! അതിനുമുൻപു് നന്മ തിന്മ എന്നീ ആശയങ്ങൾ അപൂർവ്വമായിട്ടേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളു. അതു് മനസ്സിൻെറ ദുഷ്ടതയിൽനിന്നല്ല പുറമെ നിന്നാണു്. ദുഷ്ടനുംശിഷ്ടനുംതമ്മിലുള്ള വ്യത്യാസം കടിക്കുന്ന പട്ടിയും കടിക്കാത്ത പട്ടിയും തമ്മിലുള്ളതുമാത്രം.

## തത്വ ശാസ്ത്രജ്ഞന്മാർ

പൌരസ്ത്യ രാജ്യങ്ങളിൽ സിദ്ധാർത്ഥൻ, കൺഫ്യൂഷിയസ് എന്നിവർ ചെയ്തതുപോലെ പാശ്ചാത്യ രാജ്യങ്ങളിൽ പുതിയ ജീവിതവീക്ഷണവും ജീവിത നവീകരണത്തിനുള്ള പദ്ധതിയും ആവിഷ്കരിച്ചതു് സ്റ്റോയിക്കു്, നെയോപ്ലറ്റോണി എന്നീ വിഭാഗങ്ങളിൽ പെട്ട തത്വ ശാസ്ത്രജ്ഞന്മാരാണു്. പൌരസ്ത്യ രാജ്യങ്ങളിലെന്നപോലെ അതു് മതമായി പരിണമിക്കാതെ തത്വശാസ്ത്രമായിത്തന്നെ നില കൊണ്ടു. തത്വശാസ്ത്രത്തിൻെറ ആരംഭം ഗ്രീസിലാണു്. വസ്തുക്കളുടെ ഘടനയെപ്പററിയുള്ള ഗവേഷണം കൊണ്ടാരംഭിച്ചു് ജീവിതത്തിൻെറ മൌലികപ്രശ്നങ്ങളിൽ എത്തിച്ചേൎന്നു. സോക്രട്ടീസ് തുടങ്ങിയുള്ള ധാൎമ്മീകോപദേഷ്ടാക്കാം രംഗപ്രവേശനം ചെയ്തതോടെ ജീവിത പ്രശ്നങ്ങാം സജീവങ്ങളായിതീൎന്നു. സ്റ്റോയിസിസം നെയോപ്ലറ്റോനിസം എന്നീ തത്വസംഹിതകാം പുതിയ ജീവിത വീക്ഷണം അവതരിപ്പിച്ചു.

## സ്റ്റോയിസിസം

ഇവർ അവതരിപ്പിക്കുന്ന വിശ്വദേവതയ്ക്കു് കണ്ണുണ്ടു്. ദൈവപരിപാലനയിൽ അവർ വിശ്വസിക്കുന്നു. വിശ്വദേവതയെ അധികാരത്തിൻെറ പിന്നിൽ കുത്തിത്തിരുകുകയല്ല, ലോകത്തിൻെറ ആത്മാവായി സ്ഥാപിക്കുകയാണു് ചെയ്യുന്നതു്. മൃഗീയശക്തിക്കു് മതപരമായ പ്രതിഷ്ഠ നൽകുകയും ശക്തിയെ അധികാരമാക്കി പകൎത്തുകയുമല്ല അവയുടെ ലക്ഷ്യം. മാനവചരിത്രത്തിൽ അവരാണു് ആദ്യമായി വ്യക്തിസ്വാതന്ത്ര്യത്തെ ആദരിച്ചതു്. ഒരേ ഒരു മൌലിക പദാൎത്ഥത്തിൻെറ വിവിധ പരിവൎത്തന ഘട്ടങ്ങളാണു് ലോകത്തിലുള്ള വസ്തുക്കളെല്ലാം. ഈ മൂല പദാൎത്ഥം അഗ്നേയമായ ഒരു വാതകമാണു്. അതിൻെറ മാററു കുറഞ്ഞുവരുന്നതാണു് മററുവസ്തുക്കാം. ഒരു അഗ്നിപ്രളയത്തെത്തുടൎന്നു് അതെല്ലാം മൂലധാതുവിലേയ്ക്കു് പിന്തിരിയുന്നു. അധഃപതിക്കാത്ത മൂലധാതുവായ ദൈവം (വിശ്വദേവത) ഭൂമിയുടെ ആത്മാവത്രെ (logos spermatikos). മനുഷ്യനിൽ ആത്മാവും (മാററുകുറയാത്ത പദാൎത്ഥം) ശരീരവും (മാററുകറഞ്ഞ പദാൎത്ഥം) ഉണ്ടു്. വിശ്വാത്മാവും മനുഷ്യാത്മാവും തമ്മിലുള്ള തുല്യതയാണു് വ്യക്തി സ്വാതന്ത്ര്യത്തിനു് നിദാനം. എല്ലാം ദൈവം നേരത്തെ നിശ്ചയിച്ചുവച്ചിട്ടുണ്ടു്. അതിനു് മാററം വരികയില്ല. സ്വാതന്ത്ര്യമെന്നു പറയുന്നതു് ഓരോരുത്തൎക്കുമുള്ള വിധിയ്ക്കു് (ദൈവനിശ്ചയത്തിനു്) സമ്മതിച്ചു കൊടുക്കുകയാണു്.

ലോകത്തിനു് ആരംഭവും അവസാനവുമുണ്ടു്. ഒടുവിൽ ഒരു അഗ്നിപ്രളയത്തോടുകൂടി സകലതും അവസാനിക്കും. വ്യക്തിപരമായ അമർത്യത അതുവരെ മാത്രം. അതും ബുദ്ധിമാന്മാൎക്കുമാത്രം. പിന്നെ

യുള്ളതു് ഒരു പുതിയ ലോകമാണു്. മനുഷ്യർ അവ:നവൻെറ തെററുകളെ പരിശോധിച്ചു് തിരുത്തണം. ദുർഗ്ഗുണങ്ങളെ ഓരോന്നായി ഇല്ലാതാക്കണം. ഇതൊക്കെയായാലും അടിമത്തത്തിൽ യാതൊരു പിശകും അവർ കാണുന്നില്ല. പ്രകൃത്യാതീതമായ ലക്ഷ്യവും അവകാശങ്ങളും അവനു് അവർ കല്പിക്കുന്നുമില്ല. സ്നേഹത്തിനും, ഔദാര്യത്തിനും അവിടെ ഒരു സ്ഥാനവുമില്ല. വിശ്വദേവതയുടെ മരവിച്ച ലോകം മാത്രമെ അവക്കു് അവതരിപ്പിക്കുവാനുള്ളു. നിർവ്വികാരത്വമാണു് അവരുടെ ഏററംവലിയ സുകൃതം. തിന്മകളൊന്നും ബുദ്ധിമാനു് തിന്മകളേയല്ല. ബുദ്ധിയുടെ നേതൃത്വമനുസരിച്ചുകൊണ്ടു് എല്ലാം നിർവ്വികാരതയോടെ സഹിക്കണം.

## നെയോപ്ലറേറാനിസം

പ്രപഞ്ചത്തിനെല്ലാം അതീതനായ ദൈവത്തെയാണു് പ്ലേറേറാ വിഭാവനം ചെയ്യുന്നതു്. ഒന്നുകിൽ 'ആശാൻെറ നെഞ്ചത്തു് അല്ലെങ്കിൽ കളരിക്കുപുറത്തു്' എന്നമട്ടിൽ പ്രപഞ്ചത്തിനതീതനായ ദൈത്തിനു് ഭൂമിയുമായി യാതൊരു ബന്ധവുമില്ല. ഭൌതികമായതെല്ലാം അശുദ്ധമാണെന്നും പരിശുദ്ധനായ ദൈവത്തിനു് ലോകസൃഷ്ടി യോജിക്കാത്തതുകൊണ്ടു് മദ്ധ്യവർത്തികൾ വഴി സൃഷ്ടിക്കുന്നു എന്നമാണു് സങ്കല്പം. അതുപോലെ അരൂപിയായ ആത്മാവിനു് ശരീരവുമായി ഒരു ബന്ധവും ഉണ്ടായിക്കൂടാ. ഒരു കാരാഗ്രഹത്തിൽ എന്നവണ്ണം അവിടെ വസിക്കുന്നു എന്നുമാത്രം. അവിടെ ശരീരവും ആത്മാവും തമ്മിൽ നിരന്തര സംഘട്ടനമത്രെ. ആത്മാവു് നല്ലതും ശരീരം ചീത്തയും എന്നാണു് സങ്കല്പം. ലോകത്തിലുള്ളവയെല്ലാം അപൂർണ്ണങ്ങളത്രേ. എല്ലാ വസ്തുക്കളുടെയും ആദർശ മോഡലുകൾ പ്രപഞ്ചത്തിപ്പുറം സ്ഥിതിചെയ്യുന്നു — അവയുടെ അനുകരണങ്ങളാണു് ഇടിയുള്ളവയെല്ലാം.

പ്ലേറേറായുടെ ദൈവത്തിനു് കണ്ണില്ലാതെ കരളില്ല. പാവപ്പെട്ട സാമാന്യ മനുഷ്യനു് ഈ അത്യുന്നതനുമായി സമ്പർക്കം അസാദ്ധ്യം. സ്നേഹത്തിനു് അവിടെ ഒരു സ്ഥാനവുമില്ല. ബുദ്ധിജീവികൾക്കു മാത്രം ഉന്നതമായ ധ്യാനംവഴി അല്പനേരത്തേക്കു് ദൈവവുമായി സമ്പർക്കം പാലിക്കാം.

## സ്നേഹവിപ്ലവം

കണ്ണും കരളുമുള്ള ദൈവത്തെ അവതരിപ്പിച്ചതു് ക്രിസ്തു എന്ന പേരിൽ അറിയപ്പെടുന്ന നസ്രായൻ യേശുവാണു്. വിശ്വദേവതയുടെ ആവിർഭാവത്തോടെ അണഞ്ഞുപോയ വിളക്കു് വീണ്ടും കൊളുത്തിയതു് ക്രിസ്തുവത്രേ. പ്രപഞ്ചത്തിനതീതനും, സ്നേഹപിതാവും, ലോകത്തെ പരിപാലിക്കുന്നവനുമായ ദൈവം ലോകത്തിൽ പ്രത്യാശാദീപം കൊളുത്തി. പ്രപഞ്ച ദ്വീപിൽ എത്തിച്ചേർന്നു് മനുഷ്യൻ,

പ്രപഞ്ചത്തിനതീതമായി ചിന്തിച്ച്, വൻകരയുമായി ബന്ധംപു ലർത്തി പൂർണ്ണമായ ജീവിതവീക്ഷണം നടത്തുന്നതിനുള്ള അവസരംനല്കി. മനുഷ്യനെ ആന്തരീകമായി സംസ്കരിച്ച് ജീവിത നവീകരണം വരുത്തുന്നതിനും, സ്വാൎത്ഥത്തേയും, ചൂഷണത്തെയും നീക്കി, ജീവിതത്തെ സമ്പുഷ്ടമാക്കുന്നതിനും വേണ്ട പദ്ധതി അവിടുന്ന് ആവിഷ്കരിച്ചു. സ്നേഹവിപ്ലവം വഴിയാണ് ക്രിസ്തു മനുഷ്യനെ സമൂലം സംസ്കരിക്കുന്നത്.

കൺഫ്യൂസിയസും, സിദ്ധാൎത്ഥനും എന്നുവേണ്ടാ ലോകചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഉദ്ധാരകന്മാരെല്ലാം പ്രപഞ്ചകേന്ദ്രീകൃതമായ ഒരു പദ്ധതി ആവിഷ്കരിക്കുകമാത്രമേ ചെയ്തിട്ടുള്ളു. ദൈവരാജ്യം സ്ഥാപിക്കുകയല്ല, മനുഷ്യൻെറ നഗരം പണിയുകയാണ് അവരുടെ ലക്ഷ്യം. മനുഷ്യരെ നല്ല പൌരന്മാരാക്കി ഇഹലോകജീവിതം ഭാഗ്യപ്രദമാക്കുവാൻ മാത്രമെ അവൎക്ക് ഉദ്ദേശമുള്ളു. അവർ സ്വന്തം അധികാരത്താലാണ് പഠിപ്പിക്കുകയും, പ്രവൎത്തിക്കുകയും ചെയ്തിരുന്നത്. അവൎക്കാൎക്കും ഒരു മതം സ്ഥാപിക്കുവാൻ ഉദ്ദേശമേയില്ലായിരുന്നു. മററുള്ളവർ അവരിൽ ദിവ്യത്വം ആരോപിച്ച് മതം വകഞ്ഞുണ്ടാക്കുകയാണ് ചെയ്തത്.

ക്രിസ്തുവിൻെറ പദ്ധതി ഇതിൽനിന്നെല്ലാം വ്യത്യസ്തമായിരുന്നു. അവിടുന്ന് ദൈവത്താൽ അയയ്ക്കപ്പെട്ടവം, ദൈവവുമാണെന്ന് അവകാശപ്പെടുകയും, ഈ അവകാശവാദത്തെ തെളിയിക്കുകയും ചെയ്തു. അങ്ങേ ലക്ഷ്യം മനുഷ്യനഗരം പണിയുകയല്ല ദൈവരാജ്യം സ്ഥാപിക്കുകയാണ്. ലോകപൌരന്മാരാക്കുകയല്ല ദൈവപുത്രന്മാരാക്കുകയാണ്. ഭൌതിക സമൃദ്ധിയല്ല പാരത്രികഭാഗ്യമാണ് വാഗ്ദാനം ചെയ്യുന്നത്. ക്രിസ്തു ഒരു ധാൎമ്മികോപദേഷ്ടാവ് മാത്രമല്ല ഒരു മതസ്ഥാപകനുമാണ്. മന്ത്രോച്ചാരണത്തോടുകൂടിയ സ്നാനം, മന്ത്രോച്ചാരണത്തോടുകൂടിയ അപ്പംമുറിക്കൽ, പാപമോചനാധികാരം എന്നിവയെല്ലാം ഒരു മതത്തേയാണ് സൂചിപ്പിക്കുന്നത്. എന്നാൽ അതുവരെയുള്ള മതങ്ങളിൽനിന്നെല്ലാം വ്യത്യസ്ഥമാണ് ക്രിസ്തു സ്ഥാപിച്ചമതം. അന്നുവരെയുള്ള മതങ്ങളൊന്നും ജീവിതനവീകരണത്തെ ലക്ഷ്യമാക്കിയുള്ളതല്ല. അന്ധമായ ചില അനുഷ്ഠാനങ്ങൾ മാത്രമേ അതുവരെ മതംകൊണ്ട് ആരെങ്കിലും ഉദ്ദേശിച്ചിരുന്നുള്ളു. ക്രിസ്തുവിൻേറത് അന്ധമായ അനുഷ്ഠാനങ്ങളല്ല. അവിടുന്ന് ഒരു ജീവിതവീക്ഷണം അവതരിപ്പിക്കുന്നു. അതിൻെറ വെളിച്ചത്തിൽ മനുഷ്യനെ സമൂലം സംസ്കരിക്കയാണ് അങ്ങേ ലക്ഷ്യം. ഒരു മതംവഴിയാണ് മനുഷ്യനെ ക്രിസ്തു ഉദ്ധരിക്കുന്നത്.

മതം ഏതായാലും വേണ്ടതില്ല ജീവിതം നന്നായാൽമതി എന്നുള്ള ആധുനികരുടെ പല്ലവി സ്വീകാര്യമല്ല. ജീവിതത്തോട് ബന്ധമില്ലാത്ത ഏതോ ചടങ്ങായിട്ടാണ് അവർ മതത്തെ കരുതുന്നതും. ജീവിതത്തിൻെറ നന്മതിന്മനിൎണ്ണയിക്കുവാൻ മതം ഇടപെട്ടുപോക

രുതു് എന്നുള്ളകാര്യത്തിൽ അവക്കു് നിർബ്ബന്ധമാണു്. സന്താനനിയന്ത്രണം മുതൽ 'അനുഗ്രഹവധം' വരെയല്ല ക്രൂരവധംവരെ എല്ലാത്തരത്തിലുമുള്ള പാതകങ്ങളും അവരുടെ നല്ല ജീവിതത്തിൽ പെടുന്നുണ്ടു്. അതേപ്പററി വിധി പ്രസ്താവിക്കുവാനുള്ളതു് അവനവൻ മാത്രമാണു്. ജീവിതത്തെപ്പററി വിധിപറയുവാൻ മതം തുനിയുന്നതു് അതിൻെറ അതിർത്തിവിട്ടുള്ള പുറപ്പാടായിട്ടാണു് അവർ കരുതുന്നതു്. ഇതു് ആധുനിക കാലത്തിൻെറ പ്രത്യേകതയല്ല. എക്കാലത്തും ഇങ്ങനെതന്നെ. മററു മതങ്ങളൊന്നും ഈ ''നല്ല ജീവിതത്തെ'' അലട്ടുവാൻ പോകുകയില്ല.

ക്രിസ്തുമതത്തിനു് ഈ ആശയം സ്വീകാര്യമല്ല. ജീവിതം നല്ലതോ ചീത്തയോ ആകുന്നതു് വസ്തുനിഷ്ഠമായ ജീവിതവീക്ഷണം അനുസരിച്ചാണു്. ശരിയായ ജീവിതവീക്ഷണമാണെങ്കിൽ നല്ല ജീവിതമായിരിക്കും. ശരിയായ ജീവിതവീക്ഷണം അവതരിപ്പിക്കുന്ന മതമേതോ അതാണു് ശരിയായ മതം. വണ്ടി കുതിരയ്ക്കുമുമ്പു് കെട്ടുകയല്ല കുതിരയെ വണ്ടിയ്ക്കു മുമ്പു് കെട്ടുകയാണു് വേണ്ടതു്. കുതിര വണ്ടി വലിച്ചു കൊണ്ടുപോകുന്നതുപോലെ മതം ജീവിതത്തെ നന്നാക്കുകയാണു് വേണ്ടതു്. ശരിയായ ജീവിത വീക്ഷണം അവതരിപ്പിക്കുന്ന മതം ജീവിതത്തെ സംസ്കരിക്കും. ജീവിതത്തെ സംസ്കരിക്കുന്നതിനായി ക്രിസ്തു അവതരിപ്പിക്കുന്നതു് സ്നേഹവിപ്ലവമാണു്. ''സ്നേഹം'' എന്ന പദം കൊണ്ടു് പലരും പലതും വിഭാവനം ചെയ്യും. കവർച്ച നടത്തുവാൻ കൂട്ടുകൂടുന്ന കള്ളന്മാർ തമ്മിലുള്ള സ്നേഹം, കാമുകികാമുകന്മാർ തമ്മിലുള്ള സ്നേഹം, പട്ടിയ്ക്കു യജമാനനോടുള്ള സ്നേഹം, പിതൃപുത്രസ്നേഹം, എന്നിങ്ങനെ പലതും സ്നേഹത്തിൻെറ പട്ടികയിൽ പെടുന്നു. ക്രിസ്തു ആവശ്യപ്പെടുന്നതു നിസ്വാർത്ഥമായ സ്നേഹമാണു്. നിസ്വാർത്ഥമായ സ്നേഹം താനെ ഉണ്ടാകുകയില്ല. നിസ്വാർത്ഥമായ സ്നേഹം ഉണ്ടാകുന്നതിനു് ഒരു പുതിയ ജീവിതവീക്ഷണം അവതരിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും നിലനിർത്തിക്കൊണ്ടു പോകുകയും ചെയ്യണം. ഇതിലേയ്ക്കു വേണ്ടിയാണു് ക്രിസ്തുമതം. വെറും യൂട്ടോപ്യൻസ്വപ്നങ്ങളും കൊണ്ടുവന്നിരിക്കുന്ന ആളല്ല ക്രിസ്തു. ക്രിസ്തുവിൽകൂടി ദൈവം ചരിത്രത്തിൽ പ്രവേശിച്ചു് മനുഷ്യരെ സംസ്കരിക്കുകയാണു്,

ക്രിസ്തുവിൻെറ സന്ദേശം പൂർണ്ണമായി മനസ്സിലാക്കുന്നതിനു്, അതിൻെറ ചരിത്രപരമായ പശ്ചാത്തലത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. ചരിത്രത്തിൽ പലപ്പോഴും മിഥ്യാ പുരുഷന്മാരേയും സംഭവങ്ങളേയും നാം കണ്ടുമുട്ടുന്നുണ്ടു്. നോവലുകൾ, കഥകൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ തുടങ്ങി പലതും ഒരു ആശയത്തെ അവതരിപ്പിക്കുന്നതിനുവേണ്ടി ഓരോ കഥാപാത്രങ്ങളെ വകഞ്ഞുണ്ടാക്കുന്നു. ഇങ്ങനെ വകഞ്ഞുണ്ടാക്കിയ ഒരു മിഥ്യാപുരുഷനാണോ, ഒരു ചരിത്ര പുരുഷനാണോ, ക്രിസ്തു എന്നാണു് ഒന്നാമതായി പരിശോധിക്കേണ്ടതു്. റോമൻ ചക്രവർത്തിയായ തിബേരിയസ് സീസറിൻെറ

വാഴ്ചയുടെ പതിനഞ്ചാം കൊല്ലം ക്രിസ്തു പലസ്തീനായിൽ പ്രത്യക്ഷപ്പെട്ടു് സുവിശേഷം പ്രസംഗിച്ചുവെന്നും രണ്ടുകൊല്ലം കഴിഞ്ഞു് ദൈവപുത്രൻ എന്നവകാശപ്പെട്ടതിനാൽ അധികാരികൾ അദ്ദേഹത്തെ ക്രൂശിച്ചു എന്നും, മരിച്ചു് മൂന്നാം ദിവസം കല്ലറയിൽനിന്നു് ഉയിർത്തെഴുന്നേററു് നാല്പതു ദിവസം പലക്കും പ്രത്യക്ഷപ്പെട്ടശേഷം മററുള്ളവർ നോക്കിനില്ക്കേ അന്തരീക്ഷത്തിൽ ഉയന്നു് മേഘങ്ങളുടെ ഇടയിൽ മറഞ്ഞുവെന്നുമാണു് ക്രിസ്തുവിൻെറ അനുയായികൾ അവകാശപ്പെടുന്നതു്. ഇതു നിസ്സാരമായ അവകാശവാദങ്ങളൊന്നുമല്ല. സമകാലീനരും പിൻതലമുറകളും മിക്കവാറും ഐകകണ്ഠ്യേന ഇതിനെ അംഗീകരിച്ചിരിക്കെ മുൻവിധികളെല്ലാം മാററിവെച്ചു് ചരിത്രമാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ അവയെ പരിശോധിക്കേണ്ടിയിരിക്കുന്നു.

---

## അദ്ധ്യായം 4.

# ചരിത്രത്തിലെ ക്രിസ്തു.

നമ്മുടെ ഭാഗധേയത്തെ സാരമായി സ്പശിക്കുന്നുവെന്നു് അവകാശപ്പെടുന്ന ക്രിസ്തുമതത്തെയോ അതിൻെറ സ്ഥാപകനെയോ ലാഘവബുദ്ധിയോടെയോ അലസരായ നിരീക്ഷകരെപ്പോലെയോ അല്ല പരിശോധിക്കേണ്ടതു്. അലസരായ നിരീക്ഷകർ വിശദാംശങ്ങളിലേയ്ക്കു് കടക്കാതെയും. പ്രത്യേകതകൾ പരിശോധിക്കാതെയും എല്ലാ മതങ്ങളും സാരാംശത്തിൽ ഒന്നാണെന്നും, ക്രിസ്തു മറേറതു മതസ്ഥാപകനെയും പോലെ വെറും ഒരു ധാമ്മീകോപദേഷ്ടാവു് മാത്രമാണെന്നും, സമത്ഥിച്ചു് തങ്ങളുടെ മുൻവിധികളുമായി പൊരുത്തപ്പെടുത്തുന്നു. ക്രിസ്തുമതത്തിൻെറ വിപ്ലവഘടകവും അതിൻെറ ജീവിത സംസ്കരണ പദ്ധതിയും പൂണ്ണമായി മനസ്സിലാക്കുതിനു് ക്രിസ്തുമതത്തെ അതിൻെറ ചരിത്രപരമായ പശ്ചാത്തലത്തിൽ പരിശോധിക്കേണ്ടതുണ്ടു്.

### ചരിത്ര പുരുഷൻ.

ക്രിസ്തുമതം ചരിത്രപരമായ വെളിപാടിൻെറ ഫലമാണു്. നാലായിരംകൊല്ലം മുമ്പു് പലസ്തീനായിൽ ഉത്ഭവിച്ച യൂദമതത്തിൻെറ തുടച്ചയും പൂത്തീകരണവുമാണു് ക്രിസ്തുമതം. യൂദമതം വഗ്ഗീയ ചട്ടക്കൂട്ടിൽനിന്നും വിടുത്തിയതാണു് മഹമ്മതുമതം. ക്രിസ്തുവിനു് അഞ്ചു നൂററാണ്ടിനുമുമ്പു നീപ്പോളിൽ ബുദ്ധമതവും, ചൈനയിൽ കൺഫൂഷ്യൻ

മതവും ഉൽഭവിച്ചു. ഏതാണ്ട് അതേകാലത്തുതന്നെ ഇൻഡ്യയിൽ ജൈനമതവും ചൈനയിൽ താവോമതവും ഉത്ഭവിച്ചു. ക്രിസ്തുവിനു് ആറോ ഏഴോ നൂററാണ്ടുകൾക്കുമുമ്പാണ് പേർഷ്യയിൽ സൊറൊവാസ്ത്യൻ മതം ഉത്ഭവിച്ചതു്. ഇവയ്ക്കെല്ലാം കാലവും ദേശവുമുണ്ട്. ഈ മതങ്ങളും പ്രകൃതിമതങ്ങളുമായുള്ള വ്യത്യാസം അവയ്ക്കു് കാലമോ ദേശമോ ഇല്ല എന്നുള്ളതാണ്. ജൂപ്പിററും, മെർക്കുറിയും, വീനസും, ഒസീറിസും, ഡിയാനായും, ഓഡിനും, തോറും, അപ്പളോയും, ഇന്ദ്രനും, വരുണനും, കാളിയും, ബാളും, മർദ്ദുക്കും, ചരിത്രപുരുഷന്മാരേ അല്ല. അവക്കു് കാലവും ദേശവുമില്ല. ആ മതാനുയായികൾപോലും അവർ ചരിത്രപുരുഷന്മാരാണെന്നു് കാര്യമായി വാദിക്കുന്നുമില്ല. ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവർ അവർ അവതരിപ്പിക്കപ്പെടുന്നരീതിയിലുള്ള ചരിത്രപുരുഷന്മാരാണെന്നു് ഹിന്ദുക്കൾപോലും വാദിക്കുന്നില്ല.

ക്രിസ്തു അപ്രകാരമല്ല. കാലവും ദേശവും പ്രവിശ്യയും ഗ്രാമവും വംശാവലിയും തിട്ടപ്പെടുത്തിയിരിക്കുന്നു. ''തിബേരിയസ് സീസറിൻെറ വാഴ്ചയുടെ 15—ാം കൊല്ലം പന്തിയോസ് പീലാത്തോസ് യൂദായിലെ ഗവർണറും ഹേറോദേസ് ഗ്ലീലായിലെ രാജാവും, ഫിലിഫ് ഇത്തുരിയായിലെ ടെട്രാർക്കും അന്നാസും, കയ്യാപ്പായും പ്രധാനാചാര്യന്മാരായിരിക്കെ.'' ഇവരെല്ലാം രാഷ്ട്രീയ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന ആളുകളാണ്. ആ ചരിത്രങ്ങൾ പരിശോധിച്ചു് അവയെല്ലാം തിട്ടപ്പെടുത്താവുന്നതുമാണ്. അലക്സാണ്ടർ, സീസർ, പ്ലേറേറാ തുടങ്ങിയവരുടെ പല നൂററാണ്ടുകഴിഞ്ഞു വിരചിതമായ ചരിത്രമേ നിലവിലുള്ളു. ക്രിസ്തുവിൻെറ മരണം കഴിഞ്ഞു് ഒരു തലമുറയ്ക്കകം എഴുതിയ മൂന്നു വിവരണങ്ങൾ നിലവിലുണ്ട്. ഈ വിവരണങ്ങളെപ്പററി (സുവിശേഷങ്ങൾ) രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന പപ്പിയാസ്, ജസ്റ്റിൽ എന്നിവർ സാക്ഷിക്കുന്നുമുണ്ട്.

## വിദേശ സാക്ഷ്യങ്ങൾ.

വിദേശിയരായ സമകാലീന ചരിത്രകാരന്മാർ ക്രിസ്തുവിനെപ്പററി ഒന്നും പ്രസ്താവിക്കുന്നില്ല. വാർത്താവിതരണത്തിൻെറ അഭാവത്തിൽ റോമൻ സാമ്രാജ്യത്തിലെ ഒരു അപ്രധാനപ്രവശ്യയായ പലസ്തീനായിലെ ഒരു പ്രവാചകൻെറ ചെയ്തികൾക്കു് ഇന്നു് ആസാമിലെ ഒരു കാട്ടുജാതിയുടെ പ്രവാചകൻെറ ചെയ്തികൾക്കു് ഇൻഡ്യയിൽ കിട്ടുന്ന പ്രചാരമേ സമകാലീനരുടെ ഇടയിൽ പ്രതീക്ഷിക്കേണ്ടിയിരുന്നുള്ളു. 112—ൽ മാത്രമാണ് വിദേശീയനായ പ്ലിനി (ബിതീനിയ ഗവർണർ) ട്രാജർ ചക്രവർത്തിക്കുള്ളകത്തിൽ ക്രിസ്ത്യാനികളെപ്പററിയും അവർ ദൈവമായി ആരാധിക്കുന്ന ക്രിസ്തുവിനെപ്പററിയും അനുസ്മരിക്കുന്നതു്. 117—ൽ ടാസിററസിൻെറ നാളാഗമത്തിൽ പന്തിയോസ് പീലാത്തോസിൻെറ കാലത്തു് ക്രൂശിക്കപ്പെട്ട ക്രിസ്തുവിൻെറ അനുയായികളായ ക്രിസ്ത്യാനികളെ നീറോചക്രവർത്തി മർദ്ദിച്ചതായി പ്രസ്താവിക്കുന്നുണ്ട്.

## ജോസേഫസ് പ്ലാവിയസ്

യൂദചരിത്രകാരനായ ജോസേഫസ് പ്ലാവിയസിന്ന് വസ്തുതകളെപ്പററി അടുത്തറിവുണ്ടെങ്കിലും പുറജാതികളുടെ നിഷ്പക്ഷത അയാളിൽനിന്ന് പ്രതീക്ഷിക്കേണ്ടതില്ല. കരുതിക്കൂട്ടി അയാരം മൗനം പാലിക്കുന്നുണ്ടെങ്കിലും രണ്ടവസരങ്ങളിൽ അയാളുടെ ചരിത്രത്തിൽ ക്രിസ്തുവിനെപ്പററി സൂചിപ്പിക്കുന്നുണ്ട്. ഓർശ്ശം മെത്രാനായിരുന്ന ചെറിയ യാക്കോവിനെപ്പററി പറയുമ്പോരം ''ക്രീസ്തു എന്നറിയപ്പെടുന്ന നസ്രായൻ യേശുവിൻെറ സഹോദരൻ'' എന്ന് പ്രസ്താവിക്കുന്നു. രണ്ടാമത്തെ അനുസ്മരണ പലരും ചോദ്യം ചെയ്യാവുന്ന ഒന്നാണ്. ''ഈ കാലഘട്ടത്തിൽ ഈശോ എന്നപേരിൽ വളരെ വിവേകിയായ ഒരു മനുഷ്യൻ (ഒരു മനുഷ്യനെന്ന് അയാളെ വിളിക്കാമെങ്കിൽ) ഉണ്ടായിരുന്നു .അദ്ദേഹം ഒരു അത്ഭുതപ്രവത്തകനും സത്യാന്വേഷികരംക്ക് ഒരു ഗുരുഭൂതനും ആയിരുന്നു. അയാരം തന്നിലേയ്ക്ക് വളരെ യൂദന്മാരേയും കുറെ ഗ്രീക്കുകാരേയും ആകഷിച്ചു. നമ്മുടെ ജനപ്രമാണികളുടെ ആരോപണങ്ങളിന്മേൽ പീലാത്തോസ് അയാളെ ക്രൂശിച്ചു. ഈ മനുഷ്യനായിരുന്നു ചിരപ്രതീക്ഷിതനായ അഭിഷിക്തൻ. അയാളുടെ സ്നേഹിതന്മാരുടെ ഗണം മരണത്തോടെ അവസാനിച്ചില്ല. മൂന്നാം ദിവസം അയാരം ജീവനോടെ വീണ്ടും അവക്ക് പ്രത്യക്ഷപ്പെട്ടു. നമ്മുടെ പ്രവാചകന്മാർ ഇതും മററു പല കാര്യങ്ങളും അയാളെപ്പററി പറഞ്ഞിട്ടുണ്ട്. ഇന്നും അയാളുടെ അനുയായികളായ ക്രിസ്ത്യാനികരം കുറഞ്ഞല്ല വരുന്നതു്.'' ഈ ഭാഗം പില്ക്കാലങ്ങളിൽ കൂട്ടിചേത്തതാണ് എന്നാണു ചിലരുടെ വാദം. ക്രിസ്തുവിൻെറ ഉയപ്പ് സാക്ഷിച്ചശേഷം അയാരം യൂദമതത്തിൽനില്ക്കുന്നതാണ് സംശയത്തിനു കാരണം. ക്രിസ്തുവിനെതിരായിട്ടുള്ള ഒരു പ്രസ്താവനയാണ് എല്ലാവരും ജോസേഫസ്പ്ലാവിയസിൽ നിന്ന് പ്രതീക്ഷിക്കുക.

## സുവിശേഷങ്ങരം

ക്രിസ്തുവിൻെറ ജീവിതത്തിലെ വിശദാംശംങ്ങളെല്ലാം അറിയുന്നതു് തൻെറ അനുയായികളായ സുവിശേഷകരുടെ കൃതികളിൽ നിന്നാണ്, അവരിൽ രണ്ടുപേർ ദൃക്സാക്ഷികളും ബാക്കിയുള്ളവർ ദൃക്സാക്ഷികളിൽ നിന്ന് വിവരങ്ങരം ശേഖരിച്ച് എഴുതിയവരുമാണ്. സാഹിത്യഗുണം തുലോം കുറവെങ്കിലും വിശ്വസനീയമായ ചരിത്രമാണ് അവ. ശിശുക്കളുടെ നിഷ്കളങ്കത അതിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നു. തങ്ങരംക്ക തന്നെ അഭിമാനകരമല്ലാത്തവ പലതും അതിൽ ഉള്ള സ്ഥിതിയ്ക്ക് അതിൻെറ സത്യസന്ധതയെ ചോദ്യംചെയ്തുകൂടാ. കള്ളപ്രസ്താവനകരം കൊണ്ട് എന്തെങ്കിലും ഗുണം അവക്ക് ലഭിക്കുവാനുണ്ടായിരുന്നില്ല. സുവിശേഷങ്ങരം ക്രിസ്തുമതത്തെ വെല്ലുവിളിച്ചിരുന്ന ഒരു സമൂഹത്തിൻെറ മുമ്പിൽ ആണ് അവതരിപ്പിക്കപ്പെട്ടതു്. മററു മതങ്ങളിലെ മത ഗ്രന്ഥങ്ങരം അതാതു് മതാനുയായികരം പ്രാബ-

ല്യത്തിൽ ഇരിക്കുമ്പോഴാണ് രചിക്കപ്പെട്ടതു്. അവക്ക് എതിരഭി പ്രായങ്ങളെ അടിച്ചമർത്തുന്നതിനുള്ള കഴിവുണ്ടായിരുന്നു. സുവിശേഷത്തിലെ സ്ഥലവിവരണങ്ങളും, ആശയഗതികളും, സാമൂഹ്യാചാരങ്ങളും, മതപരമായ പാരമ്പര്യങ്ങളും, എന്നിവയെല്ലാം ഭൂമിശാസ്ത്രപരമായ ആധുനിക ഗവേഷണങ്ങളും പുറം ചരിത്രങ്ങളുമായി ഇണങ്ങിച്ചേരുന്നുണ്ട്.

## പൌരാണികരുടെ സൃഷ്ടിയായ ക്രിസ്തു

ക്രിസ്തുവിൻെറ ചരിത്രം സമകാലീനർ വകഞ്ഞുണ്ടാക്കുകയാണെങ്കിൽ സുവിശേഷങ്ങളിലെ വിവരണങ്ങൾക്കെല്ലാം കടകവിരുദ്ധമായ ഒരു ക്രിസ്തുവിനെ ആയിരിക്കും വകഞ്ഞുണ്ടാക്കുക. പൌരസ്ത്യദേശങ്ങളിൽ പ്രത്യക്ഷപ്പെട്ട നോസ്റ്റിക്ക്, ഓർഫിക്ക്, നെയോപ്ലറോണിസ്റ്റ് സിദ്ധാന്തങ്ങളുടെ പ്രേരണയിൽ ക്രിസ്തുവിൻെറ മനുഷ്യത്വം നിഷേധിക്കുന്നതിനാണ് പൌരാണികർ ബദ്ധപ്പെട്ടിരുന്നതു്. 13—ാം നൂററാണ്ടിൽ തോമസ് അക്വീനാസിൻെറ കാലംവരെ ഈ പ്രവണത നീണ്ടുനിന്നു. പ്രപഞ്ചത്തിനു പുറമെയുള്ളതും, അപൂർണ്ണതയില്ലാത്തതും ആയ മോഡലുകളും അഥവാ അസൽവസ്തുക്കളും മാത്രമെ യാഥാർത്ഥ്യമായിട്ടുള്ളുവെന്നും നമ്മുടെ മുമ്പിൽ കാണുന്ന ദൃശ്യവസ്തുക്കളെല്ലാം വെറും മായയാണെന്നും ആയിരുന്നു ഇന്ത്യയടക്കം പൌരസ്ത്യരുടെ ആശയഗതി. ശരീരം തിന്മയാണെന്നും അരൂപിമാത്രമെ നന്മയായിട്ടുള്ളുവെന്നും ഈ അരൂപിയെ ശരീരമാകുന്ന കാരാഗൃഹത്തിൽ അടച്ചിരിക്കുകയാണെന്നുമായിരുന്നു അവരുടെ വാദം. ക്രിസ്തുവിനു് ശരീരമുണ്ടാകുകയെന്നതു് ദൈവദൂഷണപരമാണ്. ക്രിസ്തു ഭക്ഷിക്കുകയും, കുടിക്കുകയും, ഉറങ്ങുകയും ചെയ്തു എന്നുപറയുന്നതു് ദൈവദൂഷണപരമായിട്ടാണ് പലരും കരുതിയിരുന്നതു്. ക്രിസ്തുവിൻെറ ശരീരം വെറും നിഴൽ ശരീരമെന്നോ, വെറും പ്രകടനമെന്നോ എല്ലാമാണ് അവരുടെ വാദം.

ക്രിസ്തീയസഭയ്ക്കു് ആദ്യമായി പോരാടേണ്ടിവന്നതു് ഇത്തരം വൈരാഗികളോടാണ്. അവർ തങ്ങളുടെ സിദ്ധാന്തങ്ങളെ സാധൂകരിക്കുന്നതിനു് അപ്പസ്തോലന്മാരുടെയും ശിഷ്യന്മാരുടെയുമൊക്കെ പേരിൽ 18 കള്ള സുവിശേഷങ്ങൾ നിർമ്മിച്ചു. ക്രിസ്തീയസഭ അവയെ തള്ളിക്കളഞ്ഞതുകൊണ്ടാണ് അവ സഭയിൽ പ്രചരിക്കാതിരുന്നതു്. അപ്പോക്രീഫൻ സുവിശേഷങ്ങൾ എന്നപേരിൽ അവ ഇന്നും നിലനില്ക്കുന്നു. കാലാന്തരത്തിൽ ഇവർ ഏകസ്വഭാവവാദികൾ തുടങ്ങി പല സഭകളായി പിരിഞ്ഞു. ക്രിസ്തുവിനു് ശരീരമില്ലെന്നും, ഉണ്ടെങ്കിൽതന്നെ ദൈവസ്വഭാവത്തിൽ ലയിച്ചു എന്നുമാണ് അവരുടെ വാദം. അവർ സ്വരൂപവണക്കം നിരോധിച്ചിരുന്നതു് റദ്ദാക്കപ്പെട്ട യഹൂദനിയമത്തിലെ വിലക്കുമൂലമല്ല ക്രിസ്തുവിനു് ശരീരമില്ലാത്തതുകൊണ്ടുതന്നെ. ക്രിസ്തു ഒന്നുകിൽ നേരിട്ടു് സ്വർഗ്ഗത്തിൽനിന്നിറങ്ങുകയോ

അല്ലെങ്കിൽ യോഹന്നാൻ സ്നാനപ്പെടുത്തിയ അവസരത്തിൽ നസ്രായൻ യേശുവിൽ ആവസിക്കുകയോ ചെയ്തു എന്നാണ് അവരുടെ വിശ്വാസം.

പൗരാണികരുടെ സൃഷ്ടിയായ ഈ ക്രിസ്തുവിൽ തീർത്തും ബാലിശവും ദൈവീക കുലീനതത്വത്തിനു് യോജിക്കാത്തതുമായ അത്ഭുതങ്ങൾ കോരിച്ചൊരിഞ്ഞിരിക്കുകയാണ്. അവക്ക് അത്ഭുതങ്ങൾ പ്രകൃതിയുടെ സാമാന്യഗതിക്കൊഴിവല്ല. സാമാന്യഗതിയിലുള്ള പ്രവൃത്തികളാണ് ഒഴിവായിട്ടുള്ളതു്. ക്രിസ്തുവിന്റെ പിറവിയിലും മറിയത്തിന്റെ ജനനത്തിലും, വിവാഹത്തിലുമെല്ലാം അത്ഭുതങ്ങളുടെ കളിയാണ്. ക്രിസ്തുവിന്റെ ശൈശവത്തിലും മററും കോമാളി അത്ഭുതങ്ങൾ ധാരാളം. ഈജിപ്തിലേയ്ക്കുള്ള യാത്രയിൽ ഉണ്ണിയെ പോററുവാൻ വൃക്ഷങ്ങളുടെ കമ്പുകൾ വളഞ്ഞുകൊടുക്കുന്നു. കള്ളന്മാർ ഉണ്ണിയെ പോററുന്നു, അമ്പലങ്ങളിലെ വിഗ്രഹങ്ങൾ ഇടിഞ്ഞുവീഴുന്നു. ബാലനായ യേശു മണ്ണുകൊണ്ടു് പ്രാവുകളെ മനഞ്ഞുണ്ടാക്കി പറപ്പിക്കുന്നു. യേശു കയറിയിരുന്ന കഴുതയുടെപിശാചുബാധ നീങ്ങി മനുഷ്യനായി പരിണമിക്കുന്നു. വറുത്ത മീൻ ഈശോയുടെ സ്വരം കേട്ട് പാടുകയും, നൃത്തം ചെയ്യുകയും ചെയ്യുന്നു. ശിക്ഷിക്കുന്നതിനായി നീട്ടിയ അദ്ധ്യാപകന്റെ കൈ വരണ്ടുപോകുന്നു. കളിത്തോഴന്മാർ ക്രിസ്തുവുമായി തർക്കത്തിൽ ഏർപ്പെട്ടതോടെ ഒരാൾ മരിച്ചുവീഴുന്നു. മററൊരാൾ ആടായിത്തീരുന്നു. ക്രിസ്തുവിന്റെ സ്നാനത്തിൽ ആ പ്രദേശം മുഴുവൻ പ്രകാശം കൊണ്ടു് മിന്നിയിരുന്നതായും, വെള്ളത്തിൽനിന്നു് അഗ്നി പുറപ്പെട്ടിരുന്നതായും മററുമാണ് വിവരിക്കപ്പെടുന്നതു്. ക്രിസ്തുവിന്റെ സ്നാനയവസരത്തിൽ മാലാഖമാർ പാടിയ പാട്ട് അപ്പോക്രീഫൻ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

## ആധുനികരുടെ സൃഷ്ടിയായ ക്രിസ്തു

നമ്മുടെ മുമ്പിൽ കാണുന്ന വസ്തു മായയല്ലെന്നും യാഥാർത്ഥ്യമാണെന്നും തോമസ് അക്വീനാസ് സ്ഥാപിച്ചതോടെ തിരിച്ചടി ആരംഭിക്കുകയും, പ്രപഞ്ചാതീതമായവയെല്ലാം മായയാണെന്നുള്ള വാദം ആരംഭിക്കുകയുംചെയ്തു. ആധുനിക നിരീശ്വരത്വത്തിന്റെ ജനയിതാവ് തോമസ് അക്വീനാസ് ആണെന്നു് വാദിക്കുന്നവർപോലും ഇല്ലാതില്ല. വിശ്വദേവതാ വാദത്തിന്റെ അവശിഷ്ടങ്ങൾ സമുദായത്തിന്റെ അടിത്തട്ടിൽ മങ്ങികിടന്നിരുന്നതു് ഗ്രേക്കോ റോമൻ സംസ്കാരത്തിന്റെ നവോത്ഥാനത്തോടുകൂടി മുന്നണികളിൽ എത്തി. സൃഷ്ടികളിലുള്ള ദൈവീക പ്രതീകത്തെ ദൈവത്തിൽനിന്നു് വേർപെടുത്തി പ്രപഞ്ചത്തിന്റെ ഘടകമായി സ്ഥാപിക്കുകയും അങ്ങനെ നഗ്നമായ നിരീശ്വരത്വം രംഗപ്രവേശനം ചെയ്യുകയും ചെയ്തു. പ്രോട്ടസ്റ്റന്റു വിപ്ലവത്തെത്തുടർന്നുള്ള അരാജകത്വത്തിൽ ഡെയിസം (Deism) പ്രതിഷ്ഠാപിതമായി. ദൈവം ഉണ്ടാകുന്നതിൽ തടസ്സമൊന്നുമില്ല.

ലോക കാര്യങ്ങളിൽ ഇടപെട്ടുകൂടാ. പ്രകൃതിയുടെ വ്യവസ്ഥാപിത മായ ഭരണക്കൂടത്തിൽ കൂടിമാത്രമെ പ്രവത്തിക്കാവൂ. മനുഷ്യൻെറ സ്വ യം ഭരണത്തിനെതിരായ വെല്ലുവിളിയായിട്ടാണ് പ്രപഞ്ചാതീത നായദൈവവും, പ്രപഞ്ചാതീതസന്മാർഗ്ഗവും പ്രത്യക്ഷപ്പെട്ടതു്. മനുഷ്യ സങ്കല്പങ്ങളുടെ സൃഷ്ടിയായ ദൈവത്തെ മാത്രമെ അവർ അംഗീകരിക്കു കയുള്ളു. വിശ്വദേവതയുടെ പരിഷ്ക്കരിച്ച പതിപ്പുമാത്രമാണ് ഈ ദൈ വം. അവേറോസ് അവിസെന്നാ പ്രഭൃതികളുടെ പരിശ്രമ ഫലമായി വിശ്വദേവത പരിഷ്കൃതവേഷമണിഞ്ഞു. സ്പിനോസാ വിശ്വദേവതാ വാദത്തെ ക്രോഡീകരിച്ച് അതിനു് ശാസ്ത്രീയവേഷം കൊടുത്തു. ആ ധുനികരുടെ ദൃഷ്ടിയിൽ ലോകത്തിലെ മതങ്ങളുടെയെല്ലാം മേൽത ട്ടിൽ വിരാജിക്കുന്ന ''ഉപരിമത''ത്തിൻെറ ദേവതയാണ് ഈ വി ശ്വദേവത.

പൌരാണികക്ക് ക്രിസ്തുവിൻെറ മനുഷ്യത്വം നിഷിദ്ധമാണെ ങ്കിൽ ആധുനികക്ക് ക്രിസ്തുവിൻെറ ദൈവത്വമാണ് നിഷിദ്ധമായി ട്ടുള്ളതു്. സ്വയംകൃതമായ ദൈവപുത്രത്വം മാത്രമെ അവർ അംഗീക രിക്കുകയുള്ളു. ഏതു മനുഷ്യനും ഈ ദൈവപുത്രത്വം പ്രാപിക്കുകയും ചെയ്യാം. കൺഫൂസിയസ് സോക്രട്ടീസ് മോഡലിലുള്ള ഒരു ധാർ മ്മികോപദേഷ്ടാവായിട്ടുമാത്രമെ അവർ അങ്ങെ സ്വീകരിക്കുകയുള്ളു. അതിലേയ്ക്കു് ഒന്നാമതായി അവർ ചെയ്യുന്നതു് ചരിത്രപരമായ പ ശ്ചാത്തലത്തിൽനിന്നു് അങ്ങേ വിടത്തുകയാണ്. മനുഷ്യനെ അന്വേ ഷിച്ചുവരുന്ന ദൈവത്തെ അവക്കു വേണ്ടാ. തങ്ങളുടെ ആത്മീയ അനു ഭവങ്ങൾക്കും മുൻ വിധികൾക്കും പൊരുത്തപ്പെടുന്ന ക്രിസ്തുവി നെ മാത്രമെ അവർ സ്വീകരിക്കുകയുള്ളു. 19 നൂററാണ്ടുകൾ കഴിഞ്ഞു് പൌരാണികർ ചെയ്തതുപോലെ അപ്പോക്രീഫൻ സുവിശേഷങ്ങൾ ഉണ്ടാക്കുക ഇനി സദ്ധ്യമല്ല. തന്മൂലം നിലവിലിരിക്കുന്ന സുവിശേഷ ങ്ങളിൽനിന്നു് തങ്ങളുടെ മുൻ വിധികളോടു് പൊരുത്തപ്പെടാത്ത ഭാ ഗങ്ങൾ വിട്ടുകളയുകമാത്രമാണ് ചെയ്യുന്നതു്. ന്യൂയോക്കിലും ലണ്ട നിലും ഇരുന്നു് ഇവർ വകഞ്ഞുണ്ടാക്കുന്ന ക്രിസ്തുവിനു് സുവിശേഷ ങ്ങളിലെ ക്രിസ്തുവുമായി യാതൊരു പൊരുത്തവുമില്ല. സുവിശേഷ ങ്ങളിലെ ദൈവശാസ്ത്രപരമായ ക്രിസ്തുവിനെതിരായി അവർ സ്വ ന്തം ആശയം അനുസരിച്ചുള്ള ചരിത്രപുരുഷനായ ഒരു ക്രിസ്തുവിനെ അവതരിപ്പിക്കുന്നു.

ഇന്നത്തെ ചിന്തയെല്ലാം പട്ടാളച്ചിട്ടയിൽ ആണെന്നു് മുമ്പ് പ റയുകയുണ്ടായല്ലോ. പട്ടാളക്കാക്ക് അളവെടുത്തു് ഉടുപ്പ് തയ്യിപ്പിക്കുക യല്ല പലവലിപ്പത്തിലുള്ള യൂണിഫോറം തയ്യിച്ച് അതിനകത്തു് പ ട്ടാളക്കാരനെ തള്ളിക്കയററുകയാണ്. ന്യൂയോക്കിലും ഇംഗ്ലണ്ടിലും ഇരു ന്നുകൊണ്ടു് വിവിധകാലങ്ങളിലും ദേശങ്ങളിലും ഉള്ള ചരിത്രപുരുഷ ന്മാക്ക് യൂണിഫോറം തയ്ക്കുന്നവർ ഇതുതന്നെയാണ് ചെയ്യുന്നതു്. എ ല്ലാ മനുഷ്യരും ഏറക്കുറെ തുല്യരാണെന്നുള്ള സങ്കല്പത്തിലാണ് വ്യത്യ

സ്ഥ അളവിലുള്ള യൂണിഫോറം തയ്ക്കുന്നതു്. അഞ്ചു് അടിയുടെയും ആറു് അടിയുടെയും മദ്ധ്യത്തിൽ വ്യത്യസ്ഥ അളവിലുള്ള യൂണിഫോറം തയ്ക്കുന്നതല്ലാതെ 60. അടി ഉയരത്തിൽ ഉള്ള യൂണിഫോറം ആരും തയ്ക്കാറില്ല. സാമാന്യ ആളുകൾക്കു് മാതാപിതാക്കന്മാരും സഹോദരന്മാരും ഭാര്യയും മക്കളും എല്ലാം ഉണ്ടാകും. യൌസേപ്പിൽ നിന്നും മറിയത്തിൽനിന്നും പിറന്നവനും, സഹോദരന്മാരും സഹോദരികളും ഭാര്യയും മക്കളും ഉള്ള ക്രിസ്തുവിനെ മാത്രമെ അവർ ചരിത്രപുരുഷനായി എണ്ണുകയുള്ളു. സുകൃതങ്ങളോടുകൂടി കുറെയെല്ലാം തെററുകളും പ്രമാദങ്ങളും ചപലതകളും ഉള്ളവനും, ആകസ്മികമായി സുവിശേഷം പ്രസംഗിക്കാതെ ചെറുപ്പംമുതൽ പരിശീലനം നടത്തി പടിപടിയായി ഉയൎന്നു് സൎവ്വസമ്മതനായ ഒരു ധാൎമ്മികോപദേഷ്ടാവായ ക്രിസ്തുവിനെ മാത്രമെ അവർ ചരിത്ര പുരുഷനായി സ്വീകരിക്കുകയുള്ളു. കന്യകയിൽ നിന്നുള്ള ജനനം, അമാനുഷീക വിശുദ്ധി, അത്ഭുതകരമായ രോഗശാന്തി, സൎവ്വോപരി മരിച്ചവരിൽനിന്നുള്ള ഉയൎപ്പു് എന്നിവയെല്ലാം പൌരസ്ത്യഭാഷ സാഹിത്യത്തിൻെറ പ്രത്യേകതകളായിട്ടോ അലങ്കാരപ്രയോഗങ്ങളായിട്ടോ ആണു് അവർ കരുതുക. അത്ഭുതങ്ങൾ ശാസ്ത്രത്തിനെതിരും തന്മൂലം അസാദ്ധ്യവുമാണെന്നുള്ളതു് അവൎക്കു് പരിശോധനാതീതമായ(dogma) ഒരു സത്യമത്രേ. തുറന്ന മനസ്ഥിതിയല്ല അവൎക്കുള്ളതു്. പ്രകൃതി ശാസ്ത്രത്തിൻെറ യൂണിഫാറത്തിൽ പ്രകൃത്യാതീത ശാസ്ത്രത്തേ തള്ളിക്കയററാനുള്ള ബദ്ധപ്പാടിൽ പ്രകൃതി ശാസ്ത്രത്തിൻെറ പരിധികളെ വിസ്മരിക്കുകയോ അതേപ്പററി അവസാനവാക്കു പറയുവാനുള്ളകുത്തക അവകാശപ്പെടുകയോ ചെയ്യുന്നു. ക്രിസ്തുവിൻെറ ആദർശങ്ങളിൽ പലതും അവൎക്കു് സ്വീകാര്യമാണു്. സോക്രട്ടീസ് മോഡലിലുള്ള ഒരു ധാൎമ്മീകോപദേഷ്ടാവായി അവർ സ്വീകരിക്കും. ഒരു അപരിമേയസ്ഥാനം അവർ അനുവദിക്കുകയില്ല. ക്രിസ്തുവിൻെറ ആദൎശങ്ങളും മററു് ലോകോദ്ധാരകന്മാരുടെ ഉപദേശങ്ങളും സാരാംശത്തിൽ ഒന്നുതന്നെയെന്നു് സ്ഥാപിക്കുവാൻ അവർ പെടുന്ന പാടു് ചില്ലറയൊന്നുമല്ല.

## സുവിശേഷങ്ങളിലെ ക്രിസ്തു

ചരിത്ര പുരുഷനു് അളവെടുത്തു് ഉടുപ്പു തയ്പ്പിക്കുകയായിരിക്കും നല്ലതു്. അല്ലാത്തപക്ഷം അങ്ങേ അലങ്കോലപ്പെടുത്തുന്നതിനുമാത്രമേ ഉപകരിക്കുകയുള്ളു. യാതൊരു യൂണിഫാറത്തിലും എത്ര ബലം പ്രയോഗിച്ചു് തള്ളിക്കയററിയാലും ക്രിസ്തു കയറുകയില്ല. സുവിശേഷങ്ങളുടെ വിശ്വാസയോഗ്യതയെപ്പററി അന്യത്ര നാം കണ്ടുകഴിഞ്ഞു. പൌരാണികർ വിചാരിച്ചിരുന്നതുപോലെ സ്വൎഗ്ഗത്തിൽനിന്നിറങ്ങിയ വാനാരൂപിയല്ല ക്രിസ്തു. പലസ്തീനായിൽ ജനിച്ചുവളൎന്ന ഒരു യുവാവാണു്. അങ്ങേയ്ക്കു് രാജ്യമുണ്ടു്, ഗ്രാമമുണ്ടു്, വംശമുണ്ടു്. പ്രസവിച്ചു് അമ്മ പിള്ളക്കച്ചകൊണ്ടു ചുററി വയ്ക്കോലിൽ കിടത്തി. നസ്രസിൽ മാതാപിതാക്കന്മാൎക്കു് കീഴ്പ്പെട്ടു് ജീവിച്ചുവന്നു. കാലത്തേ സംബ

ന്ധിച്ചിടത്തോളം തിബേരിയസ് സീസറിൻെറ വാഴ്ചയുടെ 15–ാം കൊല്ലം ആണ് ക്രിസ്തു പരസ്യജീവിതത്തിൽ പ്രവേശിക്കുന്നതു്. യൂദന്മാർ നിയമദൃഷ്ട്യാ 30 വയസ്സുവരെ മൈനറാണ്. ക്രിസ്തുവും 30–വയസ്സിൽ പരസ്യജീവിതത്തിൽ പ്രവേശിച്ചുവെന്നുവേണം കരുതുവാൻ. തന്മൂലം ജനനം അതിനു 30–കൊല്ലം മുമ്പായിരിക്കണം–അന്നുമുതലാണ് ക്രിസ്തുവർഷം ആരംഭിക്കുന്നതു്. സമകാലീന ചരിത്രസംഭവങ്ങളുമായി ബന്ധപ്പെടുത്തി "ക്രിസ്തുവർഷം" കെട്ടിപ്പടുത്തതു് ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഡയനീഷ്യസ് എക്സീഗുവസ് എന്ന ആളാണ്. റോമൻ വർഷം 754–ൽ ക്രിസ്തു ജനിച്ചു എന്ന സങ്കല്പത്തിലാണ് അദ്ദേഹം ഈ കണക്ക് നിർമ്മിച്ചിട്ടുള്ളതു്. എന്നാൽ ഈ കണക്കു ശരിയല്ല. റോമൻ വർഷം 750–ൽ ഹേറോദേസ് രാജാവു് മരിച്ചു എന്നു് ചരിത്രത്തിൽ നിന്നും നാം അറിയുന്നു. ശിശുവധം നടത്തിയ ഹേറോദേസിൻെറ മരണത്തിനു മുമ്പായിരിക്കണമല്ലോ ക്രിസ്തുവിൻെറ ജനനം. തന്മൂലം 6 കൊല്ലം മുമ്പോട്ടുതള്ളി റോമൻവർഷം 748–ൽ അഥവാ ബി.സി. 6–ൽ (ബി. സി. = ക്രിസ്തുവിനുമുമ്പ്) ക്രിസ്തു ജനിച്ചു എന്നുവേണം കരുതുവാൻ. ക്രിസ്തുവിൻെറ പരസ്യജീവിതം 28–മുതൽ 30–വരെ ദീർഘിച്ചു എന്നു് കരുതപ്പെടുന്നു.

ക്രിസ്തുവിൻെറ സുവിശേഷവേല, മൂന്നുപാസ്കതിരുനാളുകളെപ്പററി സുവിശേഷം പ്രസ്താവിക്കുന്നതുകൊണ്ടു് രണ്ടുകൊല്ലമെങ്കിലും ദീർഘിച്ചിരിക്കണം. അതിനിടയ്ക്കു് അവിടുന്നു് അപ്പസ്തോലന്മാരോടുകൂടി ഗ്ലീലായിലുള്ള ഗ്രാമങ്ങൾതോറും ചുററിനടന്നു് സുവിശേഷം പ്രസംഗിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും പിശാചുക്കളെ ഒഴിക്കുകയും ഒരു ദൃശ്യസഭയെ സ്ഥാപിക്കുകയും ചെയ്തു. സുവിശേഷ ഗ്രന്ഥങ്ങൾകൊണ്ടു അനുമാനിക്കാവുന്നിടത്തോളം ഈ രോഗശാന്തി സാമാന്യ രീതിയിലല്ല അത്ഭുതംവഴിയത്രേ–ഉമിനീർചേർന്ന മണ്ണിൻെറ ഔഷധ ഗുണംകൊണ്ടോ, നാഡിചികിത്സകൊണ്ടോ, വിശ്വാസംവഴി ഞരമ്പുകൾ ബലം പ്രയോഗിച്ചതുകൊണ്ടോ ഈ രോഗശാന്തി സംഭവിച്ചു എന്നുള്ളവാദം തീർത്തും ബാലിശമാണ്. ക്രിസ്തു മരിച്ചു മൂന്നാളുകളെ ഉയിർപ്പിച്ചതായി സുവിശേഷ ഗ്രന്ഥങ്ങൾ സാക്ഷിക്കുന്നുണ്ടു്. അതിൽ ഒരാളെ അടക്കിയിട്ടു് നാലുദിവസം കഴിഞ്ഞിരുന്നു–ക്രിസ്തുവിൻെറ മരിച്ചവരിൽനിന്നുള്ള ഉയിർപ്പാണ് ഏററം വലിയ അത്ഭുതം. ഇവയിൽ ഏതെങ്കിലും ഒന്നു് നോവൽ രൂപത്തിലോ ഉപമാരൂപത്തിലോ ഉള്ള വിവരണമായി സ്വീകരിക്കുന്നതിനു് യാതൊരു സൂചനയും സുവിശേഷങ്ങളിൽ ഇല്ല. ഒരു യഥാർത്ഥസംഭവമായിട്ടുതന്നെ അവ മററുസുവിശേഷ വിവരണങ്ങളുമായി ഇണങ്ങിച്ചേരുന്നു. കന്യകയിൽനിന്നുള്ള ജനനവും മററും യൌസേപ്പിൻെറ സംശയത്തിൽ നിന്നുമാത്രം ഒരു ചരിത്ര സംഭവമായി സ്വീകരിക്കുക വിഷമമാണ്. അതേപ്പററി 738 കൊല്ലങ്ങൾക്കു മുമ്പുള്ള ഐസയാസിൻെറ പ്രവചനവും, ക്രിസ്തുവിൻെറ ഉയിർപ്പും എല്ലാംകൂടി ചേരുമ്പോൾ അതു് വിശ്വ

സനീയമായിതീരുന്നു. ക്രിസ്തു മരിച്ചവരിൽനിന്നുയത്ത്ിട്ടില്ലെങ്കിൽ കന്യകയിൽനിന്നുള്ള ജനനവും മററുംവെറും കള്ളത്തരമാണ്. അത്തരം അവകാശവാദവുംകൊണ്ട് നടക്കുന്നവർ യൂദന്മാരുടെ ഇടയിലൊഴികെ ആയിരക്കണക്കിനുണ്ടാകും. യൂദന്മാർ കന്യത്വത്തോട് ബഹുമാനമുള്ളവർ ആയിരുന്നില്ല. അവരുടെ മതഗ്രന്ഥങ്ങളിലുള്ള ഭാവി കന്യകാഗർഭധാരണത്തെപ്പററിയുള്ള സൂചന അവൎക്ക് തീൎത്തും ദുർഗ്രഹമായിരുന്നു. അതേപ്പററി നിരൂപണം ചെയ്യുവാൻ അവരുടെ ഗുരുക്കന്മാർ വിസമ്മതിച്ചു. തന്റെ അവകാശവാദങ്ങൾക്കെല്ലാം അടിസ്ഥാനമായി ക്രിസ്തു ചൂണ്ടിക്കാണിച്ചതു് മരിച്ചവരിൽനിന്നുള്ള ഉയൎപ്പാണ്.

## യൌനാന്റെ അടയാളം

ജനങ്ങളുടെ ഇടയിൽ ബഹളമുണ്ടാകാതിരിപ്പാൻ വേണ്ടി ക്രിസ്തു തന്റെ ദൈവത്വം പടിപടിയായിട്ടാണ് വെളിപ്പെടുത്തിയതു്. യൂദമതത്തിലെ ആചാര്യന്മാർ ക്രിസ്തു ദൈവത്വം അവകാശപ്പെടുന്നതായി ആദ്യംമുതൽ മനസ്സിലാക്കി. ക്രിസ്തു ദൈവത്തെ പിതാവെന്നത്രെ എപ്പോഴും അഭിസംബോധനം ചെയ്തിരുന്നതു്. താൻ ദൈവത്താൽ അയക്കപ്പെട്ടവനെന്നും താനും പിതാവും (ദൈവം) ഒന്നാണെന്നും താൻ പിതാവിന്റെ (ദൈവത്തിന്റെ) ജോലി തുടരുന്നുവെന്നും ക്രിസ്തു ഇതിനകം വ്യക്തമാക്കി കഴിഞ്ഞിരുന്നു. ദൈവീക അധികാരം അന്തർഭവിച്ചിരിക്കുന്ന പാപമോചനാധികാരം തുടങ്ങി പലതും ക്രിസ്തു അവകാശപ്പെട്ടിട്ടുണ്ട്. ശിക്ഷയെ ഭയന്നു് തന്റെ അവകാശ വാദങ്ങളിൽനിന്നു് ഒഴിഞ്ഞു മാറാതിരിക്കുവാൻ വേണ്ടിയാണ് വിധിയാളൻ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നുവോ എന്നു് ആണയിട്ടുചോദിച്ചതു്. ക്രിസ്തു തന്റെ ദൈവത്വം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. അങ്ങനെയാണ് വിധിയാളൻ മനസ്സിലാക്കിയതും. ഇനിസാക്ഷികളെക്കൊണ്ടെന്താവശ്യം, ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു എന്നായിരുന്നു വിധിയാളന്റെ മറുപടി. യൂദന്മാർ ക്രിസ്തുവിന്റെ ദൈവത്വത്തിനു് സാക്ഷിപത്രം ആവശ്യപ്പെട്ടു. 'താൻ ചെയ്യുന്ന പിതാവിന്റെ പ്രവൃത്തി'കളെയത്രേ സാക്ഷിയായിട്ടു് ക്രിസ്തു അവതരിപ്പിച്ചതു്. പിതാവിന്റെ പ്രവൃത്തികൾകൊണ്ട് ക്രിസ്തു ഉദ്ദേശിക്കുന്നതു് അത്ഭുതങ്ങളത്രേ. ദൈവത്വത്തിന്റെ തെളിവായി സ്വൎഗ്ഗത്തിൽനിന്നു് ഒരു അടയാളം യൂദന്മാർ ആവശ്യപ്പെട്ടു. യൌനാന്റെ അടയാളമല്ലാതെ മററൊരു അടയാളം നല്കപ്പെടുകയില്ല എന്നായിരുന്നു ക്രിസ്തുവിന്റെ മറുപടി. യൂദമതഗ്രന്ഥത്തിൽ അനുസ്മരിക്കപ്പെടുന്ന ''യൌനാൻ'' പ്രവാചകൻ തിമിംഗലത്തിന്റെ വയററിൽമൂന്നുദിവസം കഴിച്ചുകൂട്ടിയ ശേഷം പുറത്തു വന്നതുപോലെ ക്രിസ്തുവും മരിച്ച്അടക്കപ്പെട്ടു മൂന്നു ദിവസം കല്ലറയിൽ ഇരുന്നതിന്റെ ശേഷം മൂന്നാം ദിവസം കല്ലറയ്ക്കു പുറത്തുവരുമെന്നു സാരം. നാലു സുവിശേഷഗ്രന്ഥങ്ങളും ക്രിസ്തുവിന്റെ മരിച്ചവരിൽനിന്നുള്ള ഉയൎപ്പ് വിവരിക്കുന്നുണ്ട് ഈ വിവരണങ്ങൾ ആരംഭംമുതൽ ഉള്ള എല്ലാപ്രതികളിലും കാണുന്നതുകൊണ്ട്പില്ക്കാലങ്ങ

ളിൽ കൂട്ടിച്ചേർത്തതെന്നു് വിചാരിക്കുവാൻ യാതൊരു കാരണവുമില്ല. ഈ വിവരണം ബാക്കിയുള്ള വിവരണങ്ങളുമായി ഇണങ്ങിച്ചേരുന്നുണ്ടു്.

പരസ്യമായി എല്ലാവർക്കും പ്രത്യക്ഷപ്പെട്ടില്ലെങ്കിലും ക്രിസ്തുവിൻെറ ഉയർപ്പുപോലെ ഇത്ര ഖണ്ഡിതമായി ഒരു ചരിത്രസംഭവമായി തെളിയിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ ചരിത്രത്തിൽ ചുരുക്കമാണു്. മൃതദേഹം തട്ടിക്കൊണ്ടുപോയേക്കാമെന്നുള്ള ഭീഷണിയിന്മേലാണു് കാര്യക്ഷമതയുള്ള റോമൻ പട്ടാളം മുദ്രവെച്ചു് കബറിടം കാത്തതു്. റോമൻ പട്ടാളത്തിൻെറയും അതിപ്രബലരായ യൂദപ്രമാണികളുടെയും കാവലിൽനിന്നും ഭീരുക്കളായ ശിഷ്യർ തട്ടിക്കൊണ്ടുപോകുക എന്നതു് സംഭവ്യമേയല്ല. ഒഴിഞ്ഞ കബറിടമായിരുന്നു ഒരു തലമുറക്കാലത്തേക്കു് ശിഷ്യന്മാരുടെയും ക്രൈസ്തവരുടെയും വെല്ലുവിളി. ശിഷ്യർക്കു് പ്രത്യക്ഷമായ വിവരവും സുവിശേഷഗ്രന്ഥങ്ങൾ നൽകുന്നുണ്ടു്. പിൽക്കാലങ്ങളിൽ പൗലോസു് ഗ്ലീലായിലെ ഒരു മലയിൽവെച്ചു് ക്രിസ്തു 500—ൽ പരം ആളുകൾക്കു് പ്രത്യക്ഷപ്പെട്ടതായും അതിൽ പലരും അന്നും ജീവിച്ചിരിക്കുന്നതായും പ്രസ്താവിക്കുന്നുണ്ടു്. ഗ്ലീലായിൽ പ്രത്യക്ഷപ്പെടുമെന്നാണു് മരണത്തിനുമുമ്പു് അറിയിച്ചിരുന്നതു്. തൻമൂലം ഉയപ്പു് തിട്ടപ്പെടുത്തേണ്ടവർ അവിടെ സമ്മേളിക്കേണ്ടിയിരുന്നു. ആവശ്യക്കാരെല്ലാം അവിടെസമ്മേളിക്കുകയും ചെയ്തു—500 പേർക്കുള്ള പ്രത്യക്ഷീകരണം രഹസ്യമോ സ്വകാര്യമോ ആയ പ്രത്യക്ഷീകരണമല്ല. അതിൽ ഒളിച്ചുകളി ആരോപിക്കുവാനും പാടില്ല—ആവശ്യക്കാർക്കു തിട്ടപ്പെടുത്തുവാൻവേണ്ടിയാണു് ദൃക്‌സാക്ഷികൾ അന്നും ജീവിച്ചിരിക്കുന്നതായി പൗലോസു് ലേഖനത്തിൽ എടുത്തുപറയുന്നതു്. ശിഷ്യർക്കോ 500—ൽ പരംവരുന്ന ആളുകൾക്കോ ചിത്തഭ്രമം പിടിപെട്ടു എന്നു കരുതുവാനും പാടില്ല. ചിത്തഭ്രമംകൊണ്ടാണെങ്കിൽ അതു് അവസാനമില്ലാതെ തുടരേണ്ടതാണു്. നാൽപതു ദിവസം കഴിഞ്ഞശേഷം ആർക്കും പ്രത്യക്ഷപ്പെട്ടിട്ടില്ല. നല്പതാം ദിവസം അന്തരീക്ഷത്തിൽ ഉയൎന്നു് മേഘങ്ങളുടെ ഇടയിൽ മറഞ്ഞ സംഭവവും മർക്കോസിൻെറയും ലൂക്കായുടെയും സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ടു്. ക്രിസ്തുവിൻെറ ഉയപ്പിനെ വെല്ലുവിളിക്കുന്നതു് ചരിത്രമല്ല അത്ഭുതങ്ങൾ അസംഭവ്യമാണെന്നുള്ള ഡോഗ്മാ (പരിശോധനാതീത സത്യം) മാത്രമാണു്.

സുവിശേഷങ്ങളിലെ ക്രിസ്തു മാനുഷികവും മനുഷ്യാതീതവുമായ പ്രവൎത്തനങ്ങളോടുകൂടിയ ഒരാളാണു്. സുവിശേഷങ്ങളിലെ ക്രിസ്തു ദൈവവുമാണു് മനുഷ്യനുമാണു്. സുവിശേഷങ്ങളിലെ ദൈവവും മനുഷ്യനുമായ ചരിത്രപുരുഷനു് മററു ചരിത്രപുരുഷന്മാർക്കു് തയിച്ചുവെച്ചിരിക്കുന്ന യൂണിഫോറങ്ങളൊന്നും പററുകയില്ല. ക്രിസ്തു മററു ധാൎമ്മികോപദേഷ്ടാക്കളിൽനിന്നെല്ലാം നൂറു ശതമാനം വ്യത്യസ്തനാണു്. എല്ലാ മനുഷ്യർക്കും കൈകാലു തുടങ്ങിയുള്ള അവയവങ്ങൾ എ

ല്ലാമുള്ളതുകൊണ്ട് എല്ലാവരും ഒരുപോലെയാണെന്ന് പറയുകയില്ല ല്ലോ. മററു ധാർമ്മികോപദേഷ്ടാക്കരംക്കെല്ലാം ധ്യാനംവഴി തനിക്കു താൻ വെളിച്ചമാകുക എന്നതാണ് പ്രമാണം. ക്രിസ്തു സ്വന്തമായി ട്ടൊന്നും പഠിപ്പിക്കുന്നില്ല. തനിക്കുതാൻ വെളിച്ചമല്ല. പിതാവിൻെറ (ദൈവത്തിൻെറ) വെളിച്ചം പകൎന്നുകൊടുക്കുകമാത്രം. തൻെറ പഠനം ഗവേഷണഫലമല്ല ദൈവത്തിൻെറ ആവിഷ്കരണംമാത്രം. മററുള്ളവ രെല്ലാം ലോകത്തിൽനിന്നുള്ളവരത്രേ. സ്വൎഗ്ഗീയ ഉത്ഭവം അവകാശ പ്പെടുകപോലുംചെയ്യുന്നില്ല. ക്രിസ്തു സ്വൎഗ്ഗീയ ഉത്ഭവവും സ്വൎഗ്ഗീയ ദൗത്യവും അവകാശപ്പെടുന്നു. ദൈവികവക്താവായിട്ടാണ് അവിടു ന്ന് പ്രത്യക്ഷപ്പെടുന്നതു്.

## സ്രഷ്ടാവായ ദൈവത്തെ അവതരിപ്പിക്കുന്നു

ക്രിസ്തു അവതരിപ്പിക്കുന്നതു് പ്രപഞ്ചാതീതനും സ്രഷ്ടാവുമായ ദൈവത്തെയാണ്. മററുള്ളവർ ദൈവത്തെ അവതരിപ്പിക്കുന്നതുത ന്നെ ചുരുക്കം. അവതരിപ്പിക്കുകയാണെങ്കിൽതന്നെ സ്രഷ്ടാവായ ദൈ വമല്ല. തങ്ങളുടെ ആത്മീയ അനുഭവമോ, സങ്കല്പസൃഷ്ടിയോ മററു വല്ല തുമോ ആയിരിക്കും—പ്രപഞ്ചകേന്ദ്രീതമല്ലാത്ത ഒരുമതം ക്രിസ്തു ഒഴി കെ ആരും അവതരിപ്പിച്ചിട്ടില്ല. മനുഷ്യൻെറ സമ്പൂൎണ്ണമായ പ്രതി ഷ്ഠ മറെറാരു മതത്തിലും അന്തർഭവിച്ചിട്ടുമില്ല. ദൈവം സ്രഷ്ടാവല്ലെ ങ്കിൽ പ്രതിഷ്ഠിച്ചിട്ടെന്തുകാര്യം? ചായക്കടയിൽ കയറി കാശുകൊടു ത്തു് ചായകുടിക്കുന്ന ബന്ധമേ മറെറവിടെയും ദൈവവുമായിട്ടുള്ളു. അതിലപ്പുറം അവകാശപ്പെട്ടാൽ എന്തിന് വിതയ്ക്കാത്തിടത്തു കൊയ്യു വാൻ വരുന്നു എന്നുള്ള മറുപടിയാണ് കിട്ടുക. ക്രിസ്തു ഈ മറുപടി ശി ക്ഷാർഹമായി കരുതുന്നു. നിങ്ങരം കൈയ്യിൽനിന്നു വാങ്ങിച്ച തലേ ന്നു് പിടിച്ചോ എന്നുപറഞ്ഞാൽ അയാളുടെ കടം തീരുകയില്ല. അ യാളുടെ അസ്തിത്വംതന്നെ ദൈവത്തിൽനിന്നാണ്. അസ്തിത്വമത്രയും ദൈവശുശ്രൂഷയ്ക്കു് പ്രതിഷ്ഠിക്കുവാൻ കടപ്പെട്ടുമിരിക്കുന്നു.

ഈ പ്രതിഷ്ഠയിലുള്ള വിലോപം മനുഷ്യൻെറ അന്ത:സത്തയെ വിധിനിൎണ്ണായകമായി സ്പർശിക്കുന്നതായിട്ടാണ് സുവിശേഷങ്ങളി ലെ ക്രിസ്തു കരുതുന്നതു്. ''അവൻ പുറത്തേയ്ക്കുള്ള അന്ധകാരത്തിലേ യ്ക്കു് എറിയപ്പെട്ടു.'' മനുഷ്യൻ അവൻെറ പ്രവൃത്തികരംക്കു് കണക്കു കൊടുക്കണം. ഹിന്ദുമതത്തിൽ പാപപുണ്യങ്ങളൊന്നും ആത്മാവിനെ സ്പർശിക്കുകയില്ല. സുവിശേഷത്തിലെ ക്രിസ്തുവിനു് ദൈവരാജ്യം മ നുഷ്യൻെറ ഉള്ളിലാകുന്നു. നന്മയും തിന്മയും എല്ലാം ഉള്ളിലാണ്. സ ൎവ്വലോകത്തേക്കാരം വിലയുള്ള ഒരു ആത്മാവു് ഓരോ മനുഷ്യവ്യക്തി യ്ക്കും ഉണ്ടു്. ഓരോരുത്തൻെറയും നിത്യമായ ഭാഗധേയം നിൎണ്ണയിക്കു ന്നതു് അവനവൻതന്നെയാണ്. സൎവ്വശക്തനായ ദൈവം മനുഷ്യസ്വാ തന്ത്ര്യത്തിൻെറ മുമ്പിൽ നിസ്സഹായനാണ്. മനുഷ്യാത്മാവിൻെറ ഘ ടന, സ്നേഹിച്ചു്, സ്വയം പ്രതിഷ്ഠിച്ചു്, ഭാഗ്യമടയുവാനാണ്-സ്വയം പ്രതിഷ്ഠിക്കാതെ നിത്യം ദൈവരാജ്യത്തെ വെല്ലുവിളിക്കുന്നതിനുള്ള

കഴിവും മനുഷ്യനുണ്ട്. ക്രിസ്തു ഒഴികെ മററാക്കും മനുഷ്യൻെറ ഉള്ളിൽ ഉള്ളതായ ദൈവരാജ്യമോ അതിനെതിരായ നിത്യമായ വെല്ലുവിളിയോ ഇല്ല. സുവിശേഷത്തിലെ ക്രിസ്തുവിനു് മനുഷ്യൻെറ ഉള്ളിൽമാത്രമേ നന്മയും തിന്മയും ഉള്ളു— പുറമെ ഉള്ളതായി കരുതപ്പെടുന്ന തിന്മയെല്ലാം മനുഷ്യൻെറ മുന്നേററത്തിനായി ദൈവം സജ്ജീകരിച്ചിട്ടുള്ള നന്മയാണു്.

## ദൈവം മനുഷ്യരെ അന്വേഷിച്ചു വരുന്നു

ക്രിസ്തു ഒഴിയെ ബാക്കിയുള്ള ധമ്മോപദേഷ്ടാക്കളെല്ലാം ദൈവത്തെ അന്വേഷിച്ചു പോകുകയാണു്. സുവിശേഷങ്ങളിലെ ക്രിസ്തുവിൽ ദൈവം മനുഷ്യരെ അന്വേഷിച്ചു വരികയാണു്. ക്രിസ്തുവിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നു. മററുള്ളവർക്കു് ദൈവത്തിനു് ലോകത്തിൽ പദ്ധതിയൊന്നുമില്ല. ക്രിസ്തുവിനു് ദൈവം ചരിത്രത്തിൻെറ നാഥനാണു്. ക്രിസ്തുവിൽകൂടി ദൈവം ചരിത്രത്തിൽ പ്രവേശിക്കുന്നു. ദൈവം ചരിത്രത്തിൽകൂടിയാണു് മനുഷ്യനെ സംസ്കരിക്കുന്നതും, പൂർണ്ണതയിൽ എത്തിക്കുന്നതും. ജീവിതത്തിൻെറ എല്ലാ തുറയിലും മദ്ധ്യവർത്തികളിൽ കൂടിയാണു് ദൈവം മനുഷ്യനെ നയിക്കുന്നതു്. മനുഷ്യൻെറ ജനനത്തിൽ രണ്ടു മദ്ധ്യവത്തികരം (മാതാപിതാക്കന്മാർ) ഉണ്ടാകാമെങ്കിൽ എന്തുകൊണ്ടു് രക്ഷണീയവേല മദ്ധ്യവത്തികളിൽ കൂടി നിവ്വഹിച്ചുകൂടാ? മനുഷ്യൻെറ രക്ഷണീയവേല ക്രിസ്തുവിൽകൂടിയാണു് ദൈവം നിവ്വഹിക്കുന്നതു്. ക്രിസ്തു തൻെറ രക്ഷണീയവേല നിവ്വഹിക്കുന്നതു് ഒരു ദൃശ്യസമൂഹത്തിൽ കൂടിയാണു്. സുവിശേഷത്തിലെ ക്രിസ്തു സോക്രട്ടീസിനെപ്പോലെ പ്രസംഗിച്ചു പോകുകയോ ഒരു പുസ്തകമെഴുതുകയോ അല്ല ദൈവരാജ്യം സ്ഥാപിക്കുകയാണു് മനുഷ്യരക്ഷണാത്ഥം ചെയ്തതു്. അവിടുന്നു് എതാനം ശിഷ്യന്മാരെ ഒരുക്കി പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഭരിച്ചുനടത്തുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടു് 12 പേരടങ്ങുന്ന ഒരു സമൂഹത്തെ സ്ഥാപിക്കുകയും അതിൻെറ പരമാദ്ധ്യക്ഷനായി ശിമയോൻ പത്രോസിനെ നിയമിച്ചാക്കുകയും ചെയ്തു. ലോകാവസാനംവരെ നിലനില്ക്കേണ്ട ഈ ദൈവരാജ്യം ലോകാവസാനത്തിൽ ആരംഭിക്കേണ്ട പൂർണ്ണ ദൈവരാജ്യത്തിൻെറ ഒരു പ്രാരംഭംമാത്രം.

സുവിശേഷത്തിലെ ക്രിസ്തുവിനു്. ഈലോകജീവിതം മററു ധാർമ്മികോപദേഷ്ടാക്കരംക്കെന്നപോലെ അന്തിമമല്ല. ക്രിസ്തുവിൻെറ ലക്ഷ്യം ലോക പൗരന്മാരെ സൃഷ്ടിക്കുകയുമല്ല. ഈലോക ജീവിതം പാരത്രികജീവിതത്തിനൊരുക്കമത്രേ. കള്ളന്മാർ മോഷ്ടിക്കാത്തതും ചിതൽ തിന്നാത്തതുമായ പരലോകജീവിതമത്രേ ക്രിസ്തു ലക്ഷ്യമാക്കുന്നതു്. അവിടെ സ്ഥലമൊരുക്കുവാനത്രേ ക്രിസ്തു വന്നിരിക്കുന്നതും. ക്രിസ്തുവിനു് ചരിത്രത്തിൻെറ ഗതിവൃത്തത്തിലല്ല (cyclic theory) നേരേ മുന്നോട്ടാണു് (linear theory) ചരിത്രമാകുന്ന നദിവട്ടത്തിൽ കറങ്ങി ഉത്ഭവസ്ഥാനത്തുതന്നെ എത്തുകയല്ല മുന്നോട്ടു നീങ്ങി സമുദ്ര

ത്തിൽ പതിക്കുകയാണ്. ലോകാവസാനത്തെപ്പററി ക്രിസ്തു പ്രസ്താവിക്കുന്നുണ്ട്. അതേതുടന്ന് പുതിയ ആകാശവും, പുതിയ ഭൂമിയും രൂപമെടുക്കുന്നു. ക്രിസ്തുവിൻെറ മരിച്ചവരിൽ നിന്നുള്ള ഉയിപ്പിനോടുകൂടി പുതിയ ആകാശവും, പുതിയ ഭൂമിയും ആരംഭിച്ചുകഴിഞ്ഞു. ക്രിസ്തു ആവത്തിച്ചാവത്തിച്ചു പ്രത്യക്ഷപ്പെട്ടിട്ടും ശിഷ്യക്ക് തന്നെ തിരിച്ചറിയുവാൻ സാധിച്ചില്ല. അവിടുത്തെ ശരീരം മഹത്വീകരിക്കപ്പെട്ടിരുന്നു. മററുള്ളവരുടെ മഹത്വീകരണം ലോകാവസാനത്തോടുകൂടിയാണ് നടക്കേണ്ടതു്. ഇതിലേയ്ക്കു് മനുഷ്യൻ സ്വയം സജ്ജീകരിക്കണം. ഈ സജ്ജീകരണത്തിനുവേണ്ടിയാണ് ദൃശ്യസമൂഹം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ദൈവരാജ്യം ദൃശ്യസമൂഹത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും ഈ ദൃശ്യസമൂഹം വഴി ഉണ്ടാകേണ്ട ആത്മീയ സംസ്കരണമാണ് പ്രധാനമായി ഉദ്ദേശിക്കപ്പെടുന്നതു്.

ഈ ദൈവരാജ്യത്തിൻെറ നഴ്സറി ആണ് ഇസ്രായേലിൻെറ ദൈവരാജ്യം. ഒരു വ്യക്തിയെ മദ്ധ്യവർത്തിയായി സ്വീകരിക്കുന്നതുപോലെ സർവ്വലോകത്തിൻെറയും വിശുദ്ധീകരണത്തിന് ഒരു മദ്ധ്യവത്തിയായി ദൈവം സ്വീകരിച്ച ഒരു ജനതയാണ് ഇസ്രായേൽ. ഒരു ജനതയെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നതു് പക്ഷാഭേദമാണെന്നാണ് സെത്സസ് (Celsus) ടോയിൻബീ (Toyinbee) എന്നിവരുടെ ആക്ഷേപം. ദൈവം ചരിത്രത്തിൽകൂടി പ്രവത്തിക്കുന്നതിൻെറ ഒരു അവശ്യഫലമാണ് അതു്. ഏതെങ്കിലും ഒരു വ്യക്തി, ഏതെങ്കിലും ഒരു ജനത, ഏതെങ്കിലും ഒരു സ്ഥലം ആവശ്യമാണ്. അതോ ഇതോ എന്നു് തീരുമാനിക്കേണ്ടതു് ദൈവമാണ്.

ന്യൂയോക്കിൽ ഇരുന്നുകൊണ്ടു് ക്രിസ്തുവിനു് യൂണിഫോറം തയിച്ചാൽ പററുകയില്ല. അതിനു് ക്രിസ്തുവിൻെറ ജന്മദേശമായ പലസ്തീനായിൽ വരണം. അവിടെ കാറിൽ സഞ്ചരിക്കാതെ കാൽനടയായി ക്രിസ്തുവിൻെറ ചരിത്രപരമായ സാഹചര്യങ്ങരം പരിശോധിക്കണം. പലസ്തീനാ അഞ്ചാമത്തെ സുവിശേഷമാണെന്നാണ് പറയപ്പെടുന്നതു്. ഒരു ചരിത്ര പുരുഷനെ പരിശോധിക്കേണ്ടതു് ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പശ്ചാത്തലത്തിലും പാരമ്പര്യത്തിലും ആണ്. ക്രിസ്തുവിൻെറ സന്ദേശം പൂർണ്ണമായി മനസ്സിലാക്കുന്നതിനു് അദ്ദേഹം ഉരംപ്പെട്ടിരുന്ന ഇസ്രായേലിൻെറ മതപരമായ പാരമ്പര്യത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കണം.

## അദ്ധ്യായം 5.

# നഴ്സറി

അഖിലലോക ദൈവരാജ്യത്തിൻെറ പ്രാരംഭമായിട്ടു് ദൈവം സ്ഥാപിച്ച ഒരുപ്രാദേശിക സ്ഥാപനമാണു് ഇസ്രായേലിൻെറ ദൈവരാജ്യം. തോട്ടത്തിൽ നടുവാനുള്ളചെടിയുടെ അരിപാകി കിളിപ്പിക്കുന്ന ഒരു നേഴ്സറിയോടു് ഈ സ്ഥാപനത്തെ ഉപമിക്കാം. ചരിത്രകാലത്തുള്ള ദൈവത്തിൻെറ ആവിഷ്കരണം ഇസ്രായേലിനോടുകൂടിയാണു് ആരംഭിക്കുന്നതു്. നാലായിരം കൊല്ലംമുമ്പു് ആരംഭിച്ച ഈ ചെറുജനത ഇന്നും അവശേഷിക്കുന്നു. ഇസ്രായേലിൻെറ 12 ഗോത്രങ്ങളിൽ ഒന്നായ യൂദന്മാർ മാത്രമെ ഇന്നു് അവശേഷിക്കുന്നുള്ളു. എവിടെയും സാമ്പത്തികമേധാവിത്വം വഹിച്ചുകൊണ്ടു് യൂദന്മാർ ഇന്നു് ലോകമാകെ ചിതറിക്കിടക്കുന്നു. അടുത്തകാലത്തു് അവരുടെ ജന്മദേശമായ പലസ്തീനായിൽ ഇസ്രായേൽ എന്നപേരിൽ ഒരു രാജ്യം സ്ഥാപിതമായതിനെ തുടന്നു് എവിടെയുമുള്ള യൂദന്മാർ അവിടേയ്ക്കു് കുടിയേറിക്കൊണ്ടിരിക്കുന്നു. 19— നൂററാണ്ടുകൾക്കുമുൻപു് ഈ ജനത ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും ചിതറിക്കപ്പെട്ടു. ചരിത്രത്തിൻെറ സാമാന്യ ഗതിക്കെല്ലാമെതിരായി അവർ തദ്ദേശവാസികളുമായി കലരാതെ ഇന്നും അവരുടെ വ്യക്തിത്വം പാലിച്ചുകൊണ്ടുനില്ക്കുന്നു. 19 നൂററാണ്ടുകാലത്തെ വിദേശവാസത്തിനുശേഷം വെറും തരിശുഭൂമിയായ ജന്മദേശത്തേയ്ക്കു് അവിടെയുള്ള ആളുകളെ കുടിയിറക്കി ലോകത്തിൻെറ എല്ലാഭാഗങ്ങളിൽനിന്നും കുടിയേറുകയെന്നതു് ചരിത്രത്തിൻെറ ഗതിക്കെല്ലാമെതിരാണു്. ചരിത്രകാലത്തു് ഉത്ഭവിക്കുകയും വികസിക്കുകയും ചെയ്ത ഈ ജനതയ്ക്കു് മററുയാതൊരു ജനതയുടെയും യൂണിഫോറം പററുകയില്ല.

നാഴികയ്ക്കു് നാല്പതുപ്രാവശ്യം ഏത്തയിടീച്ചു് നടത്തുന്ന ഈ ചെറുജനതയുടെമേലുള്ള ദൈവത്തിൻെറ പരിപാലന സ്വന്തം കുടുംബാംഗങ്ങളുടെമേലുള്ളതുപോലെയാണു്. ചരിത്രത്തിലൂടെ അത്ഭുതങ്ങൾ കോരിച്ചൊരിഞ്ഞു് സംരക്ഷിക്കപ്പെടുന്ന ഈ ജനത ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. വിഗ്രഹാരാധകരായ അയൽരാജ്യങ്ങളുടെ ആധിപത്യത്തിനും മർദ്ദനത്തിനും, സംസ്കാരസമ്പന്നരായ ജനതകളുടെ വശീകരണത്തിനും ബലപ്രയോഗങ്ങൾക്കുപോലും ഇരയായിട്ടും അനേക നൂററാണ്ടുകാലത്തേയ്ക്കു് അവർ തങ്ങളുടെ വിശ്വാസം അഭംഗമായി പാലിച്ചതു് അത്യത്ഭുതകരംതന്നെ. സംസ്കാരസമ്പന്നരായ ഗ്രേക്കർ തീർത്തും ബാലിശങ്ങളായ മതാനുഷ്ഠാനങ്ങൾ നടത്തുമ്പോൾ ഈ കിരാതജനത അരൂപിയായ ഏക ദൈവത്തിൽ വിശ്വസിക്കുക എന്നതും ഹമ്മുരാബിയുടെ നിയമാവലിയേക്കാൾ

ശ്രേഷ്ഠമായ ധാർമ്മികനിലവാരം പാലിച്ചുപോന്നതും കൊച്ചു കുട്ടികളെക്കൊണ്ടു് പറഞ്ഞുകൊടുത്തു പറയിപ്പിക്കുന്നതുപോലെ അവരുടെ പിന്നിൽനിന്നു നയിക്കുന്ന ഒരു അദൃശ്യ അദ്ധ്യാപകനെയല്ലേ ചൂണ്ടിക്കാണിക്കുന്നതു്? സംസ്കാരസമ്പന്നരായ നിരവധി ജനങ്ങളെ അപേക്ഷിച്ചു് അവരുടെ കിരാതാവസ്ഥയിൽ (ക്രിസ്തുവരെ) അതിവിപുലമായ ഒരു മതഗ്രന്ഥസഞ്ചയം അവർക്കുണ്ടെന്നുള്ളതും അത്ഭുതകരമാണു്. പ്രപഞ്ചകേന്ദ്രീതമായ ബാബിലോണിയൽ ലോകോല്പത്തി വിവരണങ്ങളുടെ പുറന്തോടു് ഒരു കരുവാക്കിക്കൊണ്ടു് ഇസ്രായേലിന്റെ പാരമ്പര്യത്തെ അടിസ്ഥാനമാക്കി സ്വയംഭൂവും പ്രപഞ്ചാതീതനും സ്രഷ്ടാവുമായ ദൈവത്തെ കേന്ദ്രമാക്കിക്കൊണ്ടു് ഒരു സൃഷ്ടിവിവരണം അവർ കരുപ്പിടിപ്പിച്ചു. സർവ്വശക്തനും സർവ്വജ്ഞനും കണ്ടറിഞ്ഞിരിക്കുന്നവനുമായ ഈ ദൈവം തന്നെയാണു് ലോകത്തെ ഖണ്ഡിതമായ ഒരുലക്ഷ്യത്തിലേയ്ക്കു് നയിച്ചുകൊണ്ടു് അതിനെ പരിപാലിക്കുന്നതും.

## അബ്രാഹം

ഇസ്രായേലിന്റെ ചരിത്രം ആരംഭിക്കുന്നതു് 4000—കൊല്ലങ്ങൾക്കുമുൻപുള്ള അബ്രാഹത്തോടു കൂടിയല്ല നാലുലക്ഷം കൊല്ലം മുൻപുള്ള ആദിമാതാപിതാക്കന്മാരോടുകൂടിയത്രെ. സുദീർഘമായ അധഃപതനഘട്ടത്തിനുശേഷം ദൈവരാജ്യം അബ്രാഹത്തോടുകൂടി പുനരുത്ഥാനം ചെയ്യുന്നു എന്നുമാത്രം. ആദിമാതാപിതാക്കന്മാരെ പ്രപഞ്ചത്തിന്റെ ഒരു ഭാഗമായിട്ടല്ല ദൈവഛായയിലുള്ള ദൈവപുത്രന്മാരായിട്ടാണു് അവർകരുതുന്നതു്. സൃഷ്ടികളെങ്കിലും മക്കളായി സ്വീകരിച്ചു് തുല്യനിലയിൽ അവരുമായി ഇടപെടുകയും അവരെ സൃഷ്ടിയുടെ നാഥന്മാരായി നിയമിക്കുകയും ചെയ്യുന്നതായി അവർ വിഭാവനം ചെയ്യുന്നു. പാപം ദൈവത്തിനെതിരായ ഒരു അപരാധമായിട്ടാണു് ഇസ്രായേലിന്റെ സൃഷ്ടിവിവരണം ചിത്രീകരിക്കുന്നതു്. ഗ്രീക്കുകാർക്കു് അജ്ഞതയുടെ ഫലമാണു് പാപം. മററുപലർക്കും പാപം ഒരോരുത്തന്റേയും വിധി വൈപരീത്യമത്രെ. ഇസ്രായേലിലാകട്ടെ ദൈവത്തിന്റെ വിലക്കു് പൂർണ്ണഅറിവോടും സമ്മതത്തോടും കൂടി ലംഘിച്ചാൽ മാത്രമെ പാപമാകുകയുള്ളു. പാപം അന്തഃസത്തയെ സ്പർശിക്കുന്നില്ല എന്നുള്ള ഹൈന്ദവരുടെ വിശ്വാസമല്ല ഇസ്രായേലിനുള്ളതു്. പാപം മനുഷ്യനെ ആന്തരികമായി സ്പർശിക്കും. മനുഷ്യന്റെ മനസ്സിലാണു് ദുഷ്ടത ഇരിക്കുന്നതു്. മനുഷ്യൻ ആന്തരികമായി ദൈവസമക്ഷം അവന്റെ പ്രവൃത്തികൾക്കു് ഉത്തരവാദിയാണു്. ആദിമാതാപിതാക്കൾ പാപം വഴി മനുഷ്യ പ്രകൃതിയിൽ വരുത്തിയ അധഃപതനം ജനനം വഴി സന്താനങ്ങളിലേയ്ക്കും പ്രവഹിക്കുന്നു എന്നുള്ള സിദ്ധാന്തം ത്രെന്തോസു് സൂനഹദോസിന്റെ നിർണ്ണയങ്ങൾക്കു് 2500—കൊല്ലങ്ങൾക്കു മുമ്പു് ദാവീദു് സങ്കീർത്തകൻ ഏററുപറഞ്ഞിട്ടുണ്ടു്. ''എന്റെ മാതാവു് പാപത്തിൽ എന്നെ ഗർഭം ധരിച്ചു.''

## കാനാനിലേയ്ക്കു്

തെഹറൈററു് വംശജനായിരുന്ന അബ്രാഹവുമായി ദൈവം നടത്തിയ ഉടമ്പടിയോടുകൂടിയാണു് ഇസ്രായേലിന്റെ ചരിത്രം ആരംഭിക്കുന്നതു്. ബാബിലോണിലെ ഊർ നഗരവാസികളായ തെഹറെററു്വംശക്കാർ മേച്ചിൽ ജോലിക്കാരും വിഗ്രഹാരാധകരുമത്രേ. ശീൻ (ചന്ദ്രൻ)ദേവനെയാണു് ചന്ദ്രന്റെ നിലാവിൽ യാത്രചെയ്യേണ്ട മേച്ചിൽ ജോലിക്കാർ ആരാധിക്കുന്നതു്. സ്ഥിരവാസമുറപ്പിക്കാതെ അലഞ്ഞുനടക്കുന്നവരാണു് മേച്ചിൽ ജോലിക്കാർ. മേച്ചിലിനുവേണ്ടി അന്നത്തെക്കാലസ്ഥിതിക്കു് അതിവിദൂരമായ കാനാൻ ദേശത്തേയ്ക്കു് കുടിയേറുക എന്നതു് സ്വാഭാവികമല്ല. അബ്രാഹം ദൈവം വിളിക്കുന്നതിനുമുമ്പു് വിഗ്രഹാരാധകനായിരുന്നുവോ എന്നു് നമുക്കറിഞ്ഞുകൂടാ. ഏതായാലും അയാൾ ദൈവത്തിന്റെ ക്ഷണമനുസരിച്ചു് കുടുംബത്തോടും ആശ്രിതവൃന്ദത്തോടും ആടുമാടുകളോടും കൂടി കാനാൻ ദേശത്തേയ്ക്കു്തിരിച്ചു. ദൈവം ഈ രാജ്യം അദ്ദേഹത്തിന്റെ സന്തതികൾക്കു് വാഗ്ദാനം ചെയ്യുകയും അവരെ തന്റെ ജനമായി തിരഞ്ഞെടുക്കുകയുംചെയ്തു. സാമാന്യഗതിയിൽ വാദ്ധക്യദശയിൽ ഒരു സന്തതിയും ഏഴുപ്രബല ജാതികളുടെ കൈവശമിരുന്നിരുന്ന ആ രാജ്യത്തിന്റെ പ്രാപ്തിയും ഒരുപോലെ അസംഭവ്യമായിരുന്നു. എന്നാൽ ദൈവരാജ്യം ഉദയം ചെയ്യേണ്ടതു് മനുഷ്യന്റെ നിസ്സഹായതയിൽ നിന്നാണു്. പ്രാരംഭ ദൈവരാജ്യം ഉദയംചെയ്യേണ്ടതു് സന്താന പ്രതീക്ഷയില്ലാത്തവാദ്ധക്യത്തിലുള്ള പുത്രനിൽ നിന്നും, പൂർണ്ണദൈവരാജ്യം ഉദയം ചെയ്യേണ്ടതു് കന്യക ഗർഭംധരിച്ചുള്ള പുത്രനിൽനിന്നുമാണു്. പൂർണ്ണദൈവരാജ്യം ഉദയം ചെയ്യേണ്ടതു് കാലംത്തിന്റെ തികവിലാണു്. ലോകം സാംസ്കാരികമായ ഐക്യത്തിൽ എത്തിച്ചേരാതെ ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെട്ടാൽ ഗണ്യമായ സ്വീകരണമൊന്നും അതിനു് ലഭിച്ചെന്നു വരികയില്ല. അതിനിടയിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും അങ്ങിങ്ങായി ഓരോവ്യക്തികളിൽ മാത്രം അവശേഷിക്കുകയും ചെയ്തിരുന്ന സത്യവിശ്വാസവും സന്മാർഗ്ഗവും സാമൂഹ്യ പശ്ചാത്തലത്തിൽ പുതിയ തോട്ടത്തിലേയ്ക്കു് പറിച്ചുനടത്തക്ക വിധത്തിൽ വളർത്തിക്കൊണ്ടുവരികയും പുതിയ ദൈവരാജ്യത്തിന്റെ അവതാരകനെ ഒരുക്കുകയുമത്രെ ഇസ്രായേലിന്റെ ലക്ഷ്യം.

ലോകത്തിന്റെ ധാർമ്മികമായ അധഃപതനം ഇതിനകം പൂർത്തിയായിക്കഴിഞ്ഞിരുന്നു. ദൃശ്യമായ പ്രപഞ്ചം മാത്രമാണു് മനുഷ്യന്റെ ആകെയുള്ള പ്രതീക്ഷ. പ്രാപഞ്ചികമായ ഐശ്വര്യം ഉണ്ടാകുന്നതിനു് സാർവ്വത്രികമായി നിലവിലിരുന്ന ഒരു പ്രതിഷ്ഠയാണു് ലൈംഗികാരാധന. (Fertility cult) ഇന്ത്യയിൽ ശിവലിംഗം ആരാധന വിഷയമാണു്. ദേവന്മാരുടെ ലൈംഗിക വിഹാരം വഴിയാണു് എല്ലാ സമൃദ്ധിയും ലോകത്തിൽ ഉണ്ടാകേണ്ടതു്. ദേവന്മാരുടെ പ്രീതി സമ്പാദിക്കുന്നതിനു് മനുഷ്യൻ ഈ ലൈംഗികവിഹാരത്തെ അഭിനയിക്കു

കയും ലിംഗത്തെ ആരാധിക്കുകയും ചെയ്യണം. ഇസ്രായേലിൻെറ ദൈവരാജ്യം ഭൌതീക ശ്രേയസ്സിലല്ല. പാരത്രിക ജീവിതത്തിന് ഭൌതീക ശ്രേയസ്സിനെ വിധേയമാക്കി നിയന്ത്രിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതു്. തന്മൂലം ദൈവരാജ്യത്തിലെ പ്രതിഷ്ഠ ലിംഗത്തെ ആരാധിക്കുന്നതിലല്ല ലിംഗത്തെ വെട്ടിമുറിച്ച് പ്രാപഞ്ചിക പ്രതിഷ്ഠയെ പ്രപഞ്ചാതീത പ്രതിഷ്ഠയായി ഉയർത്തുന്നതിലാണ് സ്ഥിതി ചെയ്യുന്നതു്. അഗ്രചർമ്മം മുറിച്ചുകൊണ്ടുള്ള ഈ പ്രതിഷ്ഠ സൂചനാപരംമാത്രം. ഭൌതിക ശ്രേയസ്സിനെ വെറുത്തു തള്ളുന്നില്ല. അതു് തന്നിൽതന്നെ ഒരു അന്ത്യമാകുവാൻ പാടില്ല. ഉല്പാദനേന്ദ്രിയത്തിൽ ഏല്പിക്കുന്ന ഈ മുറിവു് ഭാവിതലമുറയുടെയും സമുദായത്തിൻെറയും പ്രതിഷ്ഠയെ സൂചിപ്പിക്കുന്നു. ഉടമ്പടിയുടെ പുത്രനായ ഇസഹാക്കിനെ ചേലാകർമ്മത്തിന് വിധേയമാക്കുവാൻ ദൈവം ആവശ്യപ്പെട്ടു. പ്രാരംഭ ദൈവരാജ്യമായ ഇസ്രായേലിലേയ്ക്കുള്ള പ്രവേശനം ജനനം വഴിയല്ല ചേലാകർമ്മം വഴിയത്രെ. മാംസം വെട്ടിമുറിച്ചുകൊണ്ടുള്ള പ്രതിഷ്ഠ ക്രിസ്തുവിൻെറ കുരിശു മരണത്തിൽ അവസാനിക്കുന്നു. ദൈവരാജ്യത്തിലെ ജീവിതം പ്രതിഷ്ഠാജീവിതമാണ്. മനുഷ്യൻ ഭൂമിയിൽ സുഖമായി ജീവിക്കുവാൻ വേണ്ടിയല്ല ദൈവമഹത്വത്തിന് വേണ്ടിയാണ്. ദൈവമഹത്വത്തിനുവേണ്ടി സ്വന്തം ജീവൻ അർപ്പിക്കുവാൻ പോലും ഒരുങ്ങിയിരിക്കണം. ഈ മന:സ്ഥിതി പരീക്ഷിക്കുവാനാണ് പുത്രനെ ബലികഴിക്കുവാൻ അബ്രാഹത്തോട് ആവശ്യപ്പെട്ടതു്.

## ഹോരേബ് മലയിൽ

അബ്രാഹത്തിന് കാനാൻദേശം വാഗ്ദാനംചെയ്തിട്ടും അയാളും സന്തതികളും വിദേശികളായിട്ടാണ് അവിടെ കഴിഞ്ഞതു്. അവർ ഈജിപ്തിൽ 400—ൽപരം കൊല്ലം വിദേശവാസമനുഭവിച്ച് വാഗ്ദാനങ്ങളെല്ലാം മറന്നുതുടങ്ങിയതോടെ അവരെ വിളിക്കുകയായി. ഹോരേബ്മലയിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്ന മൂശയ്ക്കു് ദൈവം ഒരു മുൾപ്പടർപ്പിൽ അഗ്നിരൂപത്തിൽ പ്രത്യക്ഷനായി തൻെറ ജനത്തെ ഈജിപ്ഷ്യൻ അടിമത്തത്തിൽ നിന്നു് മോചിച്ച് അവരുടെ വാഗ്ദത്തഭൂമിയായ കാനാനിൽ കൊണ്ടുപോയി ആക്കണമെന്നാവശ്യപ്പെട്ടു. താൻ അബ്രാഹത്തിൻെറ ദൈവമാണ്. തൻെറപേരു് ''ആയിരിക്കുന്നവൻ'' എന്നർത്ഥമുള്ള യഹോവാ എന്നാണ്. മൂശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനത മരുഭൂമിയിൽ കൂടി ജോർദ്നാൻെറ കിഴക്കേകര എത്തുകയും ഈശോവബ്ല്ലോൻെറ നേതൃത്വത്തിൽ കാനാൻരാജ്യം പിടിച്ചെടുത്തു ഇസ്രായേലിൻെറ 12 ഗോത്രങ്ങളുടെ ഇടയിൽ വിഭജിക്കുകയും ചെയ്തു. യാത്രാമദ്ധ്യേ സീനാമലയിൽവച്ചു ദൈവം മൂശയ്ക്കു് പ്രമാണങ്ങൾ നല്കി. മൂശതന്നെയാണ് ദൈവപ്രേരണയാൽ യൂദമതത്തിൻെറ ആരാധനാകർമ്മങ്ങളും ആചാരാനുഷ്ഠാനങ്ങളും തിരുകർമ്മവിധികളും നിർണ്ണയിച്ചതു്. മൂശയുടെ സഹോദരനായ അഹറോൻ പുരോഹിതനായി അഭിഷേകിക്കപ്പെടുകയും ലേവായഗോത്രം ദേവാലയശുശ്രൂഷ

ങ്ങായി നിയോഗിക്കപ്പെടുകയും ചെയ്തു. പില്കാലങ്ങളിൽ എസ്ദ്രാസ് പുരോഹിതൻെറനേതൃത്വത്തിൽ ക്രോഡീകരിക്കപ്പെട്ട ഇസ്രായേലിൻെറ ചരിത്രവും വിശ്വാസസത്യങ്ങളും പ്രമാണവും ആരാധനക്രമവും എല്ലാം ഉൾക്കൊള്ളുന്ന പഞ്ചഗ്രന്ഥി എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൻെറ രചയിതാവ് മൂശ തന്നെയാണെന്ന് വിശ്വസിക്കപ്പെടുന്നു.

## ഇസ്രായേൽരാജ്യം

ഇങ്ങനെ ബി. സി. 14 —ാം നൂററാണ്ടോടുകൂടി രൂപമെടുത്ത ഇസ്രായേലിൻെറ രാജ്യം രാഷ്ട്രീയ ഐക്യത്തിൽ എത്തിച്ചേന്നതു് ബി. സി. 10 —ാം നൂററാണ്ടിൽ ദാവീദ് രാജാവിനോട് കൂടിയാണ്. ഓർശ്ലേം ദേവാലയം ദൈവാരാധനയ്ക്കു് പ്രതിഷ്ഠിക്കപ്പെട്ടതോടെ ഐക്യം പൂർണ്ണമായി. എന്നാൽ ഈ ഐക്യം നീണ്ടുനിന്നില്ല. പത്തു് വടക്കൻ ഗോത്രങ്ങൾ പിണങ്ങിപ്പിരിഞ്ഞു് മറെറാരു രാജാവിനെ സ്ഥാപിക്കുകയും പുതിയ ദേവാലയം സ്ഥാപിച്ചു മതപരമായ ഐക്യത്തിൽനിന്നു പിരിയുകയും ചെയ്തു. കാലാന്തരത്തിൽ അവർ അസീരിയൻസാമ്രാജ്യത്തിൽ ലയിക്കുകയും തെക്കുള്ള യൂദാ ഗോത്രം ഇസ്രായേലിൻെറ വാഗ്ദാനങ്ങൾക്ക് അവകാശിയായിത്തീരുകയും ചെയ്തു. കാലക്രമത്തിൽ യൂദാരാജ്യത്തെയും ദൈവം ശത്രുകരങ്ങളിൽ ഏല്പിച്ചു. ബി. സി. 587—ൽ ബാബിലോണിയാ രാജാവായിരുന്ന നബുക്കദ്നാസർ ഓർശ്ലേം പിടിച്ചടക്കുകയും ദേവാലയം നശിപ്പിക്കുകയും യൂദന്മാരെ തടവുകാരായി കൊണ്ടുപോകുകയും ചെയ്തു. അവരുടെ അനുതാപത്തെ തുടന്നു് ബാബിലോണിയാ പിടിച്ചടക്കിയ സൈറസ് രാജാവു് അവർ മടങ്ങി പോകുന്നതിനു് അനുവദിക്കുകയും, അവർ മടങ്ങി വന്നു പട്ടണവും ദേവാലയവും പണിയുകയും പേർഷ്യൻ ചക്രവത്തിയുടെ കീഴിൽ സ്വയംഭരണത്തോടുകൂടി തുടരുകയും ചെയ്തു. യൂദന്മാരിൽ ഗണ്യമായ ഒരുഭാഗം വിദേശങ്ങളിൽ കഴിച്ചുകൂട്ടി. പലസ്തീന റോമൻ സാമ്രാജ്യത്തിൽ ലയിച്ചതിനെ തുടന്നു് ഹേറോദേസ് രാജാവായി സ്ഥാപിക്കപ്പെട്ടു. ഹേറോദേസിൻെറ വാഴ്ചയുടെ അവസാനത്തോടു കൂടിയാണ് ക്രിസ്തുവിൻെറ ജനനം.

## വിദേശ യൂദന്മാർ

ഇതിനിടയ്ക്കു് പല കാലങ്ങളിലായി യൂദന്മാർ റോമാസാമ്രാജ്യത്തിലും പുറമെയുള്ള മിക്കപട്ടണങ്ങളിലും കുടിയേറി കഴിഞ്ഞിരുന്നു. ഇങ്ങിനെ സ്വദേശയൂദന്മാർ വിദേശയൂദന്മാർ എന്നിങ്ങനെ രണ്ടുഗണം യൂദന്മാർ ഉത്ഭവിച്ചു. സ്വദേശയൂദന്മാരുടെ ആസ്ഥാനം ഓർശ്ലേം പട്ടണമത്രെ. ബാബിലോണിയൻ അടിമത്തത്തെത്തുടർന്നു് യൂദന്മാർ താരതമ്യേന വിശ്വസ്തതയോടെ തങ്ങളുടെ മതാനുഷ്ഠാനങ്ങൾ നിവ്വഹിച്ചുപോന്നു. എസ്ദ്രാസ് പുരോഹിതൻെറ നേതൃത്വത്തിൽ മൂശയുടെ പഞ്ചഗ്രന്ഥിയും മററു ഗ്രന്ഥങ്ങളും പാരമ്പര്യങ്ങളിൽ നിന്നും മററു രേഖകളിൽനിന്നും ശേഖരിച്ചു ക്രോഡീകരിച്ചു. ഇതിനുംപുറമെ വി. ഗ്ര

ന്ഥങ്ങളുടെ വ്യാഖ്യാതക്കളായി ഗുരുക്കന്മാർ എന്നപേരിൽ ഒരു പുതിയവർഗ്ഗം ഉയൎന്നുവന്നു. ഇക്കാലയളവിൽ തന്നെയാണു് ഗ്രാമങ്ങൾതോറും ജപക്കൂടങ്ങൾ ഉയൎന്നുവന്നതു്. ശാബത്തുദിവസം ജനങ്ങൾ അവിടെ സമ്മേളിച്ചു് വിശുദ്ധഗ്രന്ഥപാരായണത്തിലും പ്രാൎത്ഥനകളിലും കഴിച്ചുകൂട്ടും. വിദേശയൂദന്മാരുടെ കേന്ദ്രം അലക്സാന്ത്രിയാ പട്ടണമായിരുന്നു. അവർ വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രീക്കു് ഭാഷയിലേയ്ക്കു് തൎജ്ജമ ചെയ്യുകയും വിജാതീയരുടെ ഇടയിൽ അതിനെ അവതരിപ്പിച്ചു് ഗ്രീക്ക തത്വശാസ്ത്രവും യൂദമതവും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനു് യത്നിക്കുകയും ചെയ്തു. വിജാതീയരെ യൂദമതത്തിൽ ചേൎക്കുന്നതിനും അവർ പരിശ്രമിക്കാതിരുന്നില്ല.

പാലസ്തീനായിൽ റോമൻ അധികാരത്തോടുള്ള എതൃപ്പു് ശക്തിപ്പെട്ടുവന്നു. ക്രിസ്തുവിൻെറ കുരിശുമരണത്തെത്തുടൎന്നു് ഒരു തലമുറയ്ക്കകം റോമൻ സൈന്യം ഓർശ്ലം പട്ടണവും ദേവാലയവും നശിപ്പിക്കുകയും നിരവധി യൂദന്മാരെ കൊന്നൊടുക്കുകയും ബാക്കിയുള്ളവരെ നാനാഭാഗത്തേയ്ക്കും ചിതറിക്കുകയും ചെയ്തു. മററുജാതികളെല്ലാം പിതൃരാജ്യത്തിൽനിന്നു തുരത്തപ്പെട്ടു് ഒന്നു് രണ്ടു് തലമുറയ്ക്കകം പിതൃരാജ്യം മറന്നു് തങ്ങൾ ജനിച്ചു വളൎന്ന രാജ്യവുമായി ലയിച്ചുചേരും. യൂദന്മർ എവിടെ ആയാലും എത്ര ചിന്നിച്ചിതറി കിടന്നിരുന്നാലും എത്രതലമുറകഴിഞ്ഞാലും അവരുടെ ദൃഷ്ടി പതിഞ്ഞിരിക്കുന്നതു് വെറും തരിശായ പലസ്തീനായിലെ പാറക്കെട്ടുകളിന്മേലാണു്. ദൈവരാജ്യപ്രതീക്ഷയാണു് അവരെ ആകർഷിക്കുന്നതു്. ജാതികളുടെ ഇടയിൽ ദൈവരാജ്യം സ്ഥാപിച്ചു് മാനവചരിത്രത്തിനു് ലക്ഷ്യവും ഐക്യവും അൎത്ഥവും കൊടുക്കേണ്ടതു് തങ്ങളുടെ ദൌത്യമായിട്ടാണു് അവർ കരുതുന്നതു്.

ഇസ്രായേലിൻെറ ദൈവരാജ്യം പൂൎണ്ണ ദൈവരാജ്യത്തിൻെറ മുന്നോടി മാത്രമല്ല അതിൻെറ മുൻപ്രതീകവുമത്രേ. വൎഗ്ഗീയവും രാഷ്ട്രീയവുമായ ആരാജ്യം സാൎവ്വത്രികവും ആത്മീകവുമായ ദൈവരാജ്യത്തിൻെറ ഒരു മോഡലാണു്. സമൂഹംവഴിയത്രെ മനുഷ്യൻ പൂൎണ്ണവളൎച്ചയിൽ എത്തേണ്ടതു്. മനുഷ്യൻ തന്നിൽതന്നെ കെട്ടിയടച്ചിരുന്നുകൊണ്ടല്ല സ്വയം നല്കിക്കൊണ്ടും വിതരണം ചെയ്തുകൊണ്ടുമത്രെ ധന്യനാകേണ്ടതു്. സ്േനഹ വിപ്ലവം സാമൂഹ്യ ജീവതത്തിൽ സമ്പ്വഷ്ടമാകണം. ബൈബിൾ വായിച്ചോ, ആത്മീയാനുഭവങ്ങൾ കൊണ്ടോ ദൈവവുമായി വ്യക്തിപരമായ ബന്ധംപുലൎത്തുന്ന ആളുകളുടെ കൂട്ടമല്ല ദൈവരാജ്യം. ഓരോരുത്തൻേറയും ഇഷ്ടാനുഷ്ടങ്ങൾ അനുസരിച്ചു് കയറുകയും ഇറങ്ങുകയും ചെയ്യേണ്ട ഒരു ചായപ്പീടികയല്ല ദൈവരാജ്യം. ദൈവവചനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും. സ്വീകരിക്കാത്തവർ വിധിക്കപ്പെടും. ഇത്തരമൊരു സാൎവ്വത്രിക ദൃശ്യസമൂഹത്തിൻെറ മോഡലാണു്. ഇസ്രായേലിലെ നഴ്സറി.

---

# അദ്ധ്യായം 6

# വിപ്ലവകാരിയായ യഹോവാ

സമ്പൽ സമൃദ്ധിയിലും സംസ്കാരത്തിലും രാഷ്ട്രീയപ്രതാപത്തിലും മികച്ചുനിന്നിരുന്ന ജനതകളുടെ ഇടയിൽ അവരുമായി കൂടികലരാതെ വ്യക്തിത്വം പാലിച്ചിരുന്ന ഇസ്രായേൽ ജനത ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. അവക്ക് വിഗ്രഹാരാധനയോ നരബലിയോ അടിമത്തമോ ഇല്ല. ഭൌതീക നേട്ടങ്ങളിൽ തുലോം പിന്നോക്കം നിന്നിരുന്ന ഈ ജനതയുടെ അവകാശവാദം തങ്ങൾ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമെന്നും ലോകമാസകലം സത്യവിശ്വാസവും പ്രകൃത്യാതീതസന്മാർഗ്ഗവും അവതരിപ്പിക്കുക തങ്ങളുടെ ദൌത്യമാണെന്നു മത്രേ. അവരുടെ മതാനുഷ്ഠാനങ്ങളിലും വിശ്വാസത്തിലും സന്മാർഗ്ഗത്തിലും അസൂയാർഹമായ കുലീനത്വം പ്രതിഫലിച്ചിരുന്നതു കൊണ്ടു് ഈ അവകാശവാദത്തെ വെറും വീരവാദമായി തള്ളുന്നതിനു് മററുള്ളവക്കു കഴിഞ്ഞിരുന്നതുമില്ല. ഗ്രീസിൻെറ സംഭാവന ശാസ്ത്രവും റോമിൻെറതു് രാഷ്ട്രീയ മീമാംസയുമെങ്കിൽ ഇസ്രായേലിൻെറ ലോകത്തിനുള്ള സംഭാവന മതവിശ്വാസവും സന്മാർഗ്ഗവുമത്രെ.

## വിപ്ലവപരമായ ജീവിത വീക്ഷണം

മററുജാതികൾ നിമ്നതസ്ഥരെന്നല്ല ധരിക്കേണ്ടതു്. അവരുടെ ജീവിതം മതനിബിഡമായിരുന്നു. അവരോടു് താരതമ്യപ്പെടുത്തി വിഗ്രഹങ്ങളില്ലാത്ത ഇസ്രായൽ ജനത്തെ നിമ്നതസ്ഥരായിട്ടാണു് മററുള്ളവർ കരുതിയിരുന്നതു്. അവർ അവതരിപ്പിച്ച വിപ്ലവപരമായ ജീവിതവീക്ഷണം പില്ക്കാലചരിത്രത്തിനു് രൂപംകൊടുത്തതുകൊണ്ടാണു് അവരുടെ സംഭാവന വിലമതിക്കപ്പെടുന്നതു്. ഗ്രീക്കശാസ്ത്രത്തിനും റോമൻ രഷ്ട്രിയ മീമാംസയ്ക്കുമെല്ലാമുപരിയായി ഈ ജീവിതവീക്ഷണം ലോകത്തെ സംസ്കരിച്ചു. പുറജാതികളുടെ ഭൌമിക കേന്ദ്രീതമായജീവിതവീക്ഷണം വിപ്ലവപരമല്ല. ഇസ്രായേലിൽതന്നെയും രണ്ടായിരം കൊല്ലം കൊണ്ടാണു് പ്രപഞ്ചാതീതവും വിപ്ലവപരവുമായ ഒരു ജീവിതവീക്ഷണം വന്നു ചേർന്നതു്. പ്രപഞ്ചാതീതനും പുരുഷാത്മകത്വമുള്ളവനും, സ്രഷ്ടാവും, അരൂപിയും, പരിശുദ്ധനും ആയ ദൈവത്തിൽ ആരംഭംമുതൽ അവർ വിശ്വസിച്ചിരുന്നു. ഇപ്രകാരമുള്ള ഒരു ദൈവത്തെ സമകാലീന ആശയങ്ങളിൽ നിന്നും വകഞ്ഞുണ്ടാക്കുക സാദ്ധ്യമല്ല. എന്നാൽ പില്ക്കാലങ്ങളിൽ പ്രവാചകന്മാരോടുകൂടി മാത്രമാണു് പ്രപഞ്ചാതീതവീക്ഷണം അവതരിപ്പിക്കപ്പെട്ടതു്. മരണാനന്തരജീവിതത്തിലുള്ള വിശ്വാസം അവസാനനാളുകളിൽ മാത്രമേ ഇസ്രായേലിൽ പ്രത്യക്ഷപ്പെടുന്നുള്ളു. ഇസ്രായേലിലെ വിപ്ലവപരമാ

യ ജീവിതവീക്ഷണം ആരംഭിക്കുന്നതു് വിപ്ലവകാരിയായയ യഹോവാ യിൽ നിന്നാണു്. ഇസ്രായേലിൻെറ ദൈവം പരിശുദ്ധനായതുകൊണ്ടു് തൻെറ ജനവും പരിശുദ്ധരായിരിക്കണം. യഹോവായുടെ വിശുദ്ധി ജനങ്ങളിലേയ്ക്കും പകരണം. ജീവിതത്തിൻെറയും മതാനുഷ്ഠാനങ്ങളുടേയും ലക്ഷ്യം ഭൂമിയിൽ ഒരു നഗരം പണിയുകയല്ല ദൈവരാജ്യത്തെ ലക്ഷ്യമാക്കി സ്വയം വിശുദ്ധീകരിക്കുകയാണു്. മൂശയ്ക്കു് ദൈവം പ്രത്യക്ഷപ്പെട്ട കാലത്തു് ഇന്നറിയപ്പെടുന്ന തരത്തിലുള്ള വിശുദ്ധി അജ്ഞാതമായിരുന്നു. സമകാലീനർ നന്മയും സ്നേഹവുമല്ല ശക്തിയാണു് ദേവന്മാരിൽ ആരോപിച്ചിരുന്നതു്. സൈനീകവീരപരാക്രമങ്ങൾ മാനിക്കപ്പെട്ടിരുന്ന ആ കാലത്തു് സ്നേഹവും മററും അധകൃതരുടെ സുകൃതമായിട്ട മാത്രമെ കരുതപ്പെട്ടിരുന്നുള്ളു. ഭൌതീകമൂല്യങ്ങൾക്കപ്പുറമുള്ളതിനൊന്നിനും യാതൊരു വിലയും ആരും കല്പിച്ചിരുന്നില്ല. ഭൌതീകമൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള സുകൃതങ്ങൾ മാത്രമെ വിലമതിക്കപ്പെട്ടിരുന്നുള്ളു.

## പ്രപഞ്ചാതീത വിശുദ്ധി

യാഹോവായുടെ വിശുദ്ധി പ്രാപഞ്ചികമൂല്യങ്ങളിൽ അധിഷ്ഠിതമല്ല. പ്രാപഞ്ചീകമൂല്യങ്ങൾക്കു് അവിടുന്നു് കല്പിക്കുന്ന വില വെറും പൂജ്യമാണു്. നേർച്ചപ്പെട്ടിയിൽ ഇട്ട വിധവയുടെ കൊച്ചുകാശിനെയാണു് യഹോവാ ധനവാന്മാരുടെ സ്വർണ്ണക്കിഴികളെക്കാൾ കാര്യമായി മതിക്കുന്നതു. ജീവിതവീക്ഷണത്തിൽ ഇസ്രായേലും പുറജാതികളും തമ്മിലുള്ള വ്യത്യാസം ആശ്രയിച്ചിരിക്കുന്നതു് ദൈവത്തെപ്പററിയുള്ള ഇരു കൂട്ടരുടേയും ആശയഗതിയെ ആണു്. ഇസ്രായേലിൻെറ ദൈവം പ്രാപഞ്ചികചട്ടക്കൂട്ടിൽ ഒതുങ്ങുകയില്ല. അവിടുന്നു് പ്രപഞ്ചത്തിനെല്ലാമതീതനാണു്. നീ ആരാകുന്നു എന്നുള്ള മൂശയുടെ ചോദ്യത്തിനുള്ള മറുപടി ''ഞാൻ ആകുന്നവൻ ആകുന്നു'' എന്നായിരുന്നു. ദൈവത്തിൻെറ പ്രകൃതി തന്നെ ആസ്ഥിക്യമാണു്. ദൈവത്തിൻെറ ആസ്ഥിക്യം പ്രാപഞ്ചിക ആസ്ഥിക്യത്തിൽ നിന്നെല്ലാം വ്യത്യസ്തമത്രേ. തന്മൂലം ദൈവം ഇല്ലാതിരിക്കുക എന്നുള്ളതു അസാദ്ധ്യമാണു്. അങ്ങേ ആസ്ഥിക്യം മററാരിൽ നിന്നും പ്രാപിച്ചതല്ല. അങ്ങേ പ്രകൃതിതന്നെ ആസ്ഥിക്യമായതു കൊണ്ടു് മററാരുമല്ല തന്നാൽ താൻ ആയിരിക്കുന്നു. സേനോയുടെയും, ഹേഗലിൻെറയും വിശ്വദേവതാ ചരിത്രമാകുന്ന മൂടുപടത്തിലൂടെ സ്വയം യഥാർത്ഥീകരിക്കുന്നു. ''ശീൻ''(ബാബിലോണിയൻ ദേവൻ) സ്വയം ഉല്പാദിപ്പിക്കപ്പെടുന്ന ഒരു ഫലമായിട്ടാണു് ചിത്രീകരിക്കപ്പെടുന്നതു്. അസീരിയരുടെ ദേവൻ സ്വയം സൃഷ്ടിക്കുന്നതായും, ഈജിപ്ഷ്യൻ ദേവൻ ''റേ''യ്ക്കു് അസ്തിത്വം സ്വയം നല്കുന്നതായും മററും വിവരിക്കപ്പെടുന്നു. അസ്തിത്വം പ്രാപിച്ചവരാരും ദൈവമല്ല. പ്രപഞ്ചത്തിൽനിന്നും ആസ്ഥിക്യം പ്രാപിച്ചവരിൽ പ്രാപഞ്ചികവിശുദ്ധിയേ പ്രതീക്ഷിക്കേണ്ടതുള്ളു.

## ഏകദൈവം

ഇസ്രയേലിൽ യഹോവാ അല്ലാതെ വേറെ ദൈവമില്ല. പുറജാതികഠം എവിടേയും പ്രാപഞ്ചികശക്തികളുടെ മൂത്തികരണങ്ങളായ പല ദേവന്മാരെയും ദേവതകളെയും ആരാധിച്ചിരുന്നു. ഈജിപ്തിൽ ചക്രവത്തി തുടങ്ങി മനുഷ്യരും മൃഗങ്ങളും സസ്യങ്ങളും ആരാധനാ പാത്രമായി. ബി. സി. 14—ാം നൂററാണ്ടിൽ ഈജിപ്തിൽ ഇക്കാനറേറാൺ ചക്രവത്തി ഏകദൈവ വിശ്വാസം ഏപ്പെടുത്തിയെങ്കിലും അയാളുടെ മരണത്തോടുകൂടി പ്രാപഞ്ചികദേവന്മാർ പുനഃപ്രതീഷ്ഠിക്കപ്പെട്ടു. ഇക്കാലയളവിൽ തന്നെ എവിടെയും വിഗ്രഹാരാധന പ്രത്യക്ഷമായി. സിറിയ തുടങ്ങിയുള്ള കിഴക്കൻ രാജ്യങ്ങളിൽ സസ്യജീവിതത്തിൻെറ മൂത്തികരണമായി ഒരോ ഗ്രാമങ്ങളിലും ''ബാഠം'' എന്ന ദേവനെ സങ്കല്പിച്ചുണ്ടാക്കി അവക്കായി അമ്പലങ്ങളും കാവുകളും പ്രതീഷ്ഠിച്ചുതുടങ്ങി. ഇസ്രായലിലെ ദൈവമായ യഹോവായുമായി സമ്പക്കം പുലത്തുന്നതിനു് സിറിയക്കാരൻ നാമാൻ ഇസ്രായേൽ രാജ്യത്തുനിന്നു് കുറെ മണ്ണു് കഴുതപുറത്തുകയററി സ്വരാജ്യത്തിലേയ്ക്കു് കൊണ്ടുപോയതായി പറയപ്പെടുന്നു. ദേവന്മാരെ ഭൂമിയുമായി ബന്ധിക്കുക പൌരസ്ത്യരാജ്യങ്ങളിലെ ഒരു പതിവാണു്. ഇസ്രായേലിലും ഇത്തരം പ്രാദേശിക ദേവന്മാരിലേക്കുള്ള വശീകരണം ശക്തിയായി അനുഭവപ്പെട്ടുവെങ്കിലും പ്രവാചകന്മാരുടെയും മററും ശ്രമഫലമായി പ്രപഞ്ചാതീതനായ ഏകദൈവത്തിലുള്ള വിശ്വാസം പ്രബലപ്പെട്ടു. നല്ലവനായ ഏകദൈവത്തിലുള്ള വിശ്വാസമായിരുന്നു അവരുടെ സന്മാഗ്ഗത്തിൻെറയും അനുഷ്ഠാനങ്ങളുടെയും അടിസ്ഥാനം. പുറജാതികഠം മൂലത്തിലേയ്ക്കു് തിരിയാതെ പ്രകൃതിയിൽ കാണുന്ന ദൈവീക പ്രതീകങ്ങളെ നേരിട്ടു് ആരാധനാ വിഷയമാക്കിയപ്പോഠം ലോകത്തിലെ വൈവിധ്യത്വങ്ങളുടെഅടിയിൽ കാണുന്ന ഏകത്വം ഒരേ ഒരു മൂല്യവസ്തുവിലേയ്ക്കു് അഥവാ ഏകദൈവത്തിലേയ്ക്കു്ഇസ്രായേൽജനതയെ നയിച്ചു. യുക്തിയിൽ നിന്നുള്ള അനുമാനത്തേക്കാഠം ദൈവത്തിൻെറ ഇടപെടലാണു് അവരെ കാത്തുസൂക്ഷിച്ചതു്. പ്രപഞ്ചത്തിൽ കാണുന്ന ദൈവീക പ്രതീകങ്ങഠം പ്രപഞ്ചത്തിനതീതമോ പ്രപഞ്ചാതീതവീക്ഷണം നല്കുന്നവയോ അല്ല. നേരേമറിച്ചു് ഈ ദൈവീക പ്രതീകങ്ങളുടെ പിന്നിൽനില്ക്കുന്ന മൂലവസ്തു പ്രപഞ്ചത്തിനതീതമത്രേ. പ്രപഞ്ചത്തിന്നതീതമായ ഈ മൂല വസ്തു അഥവാ ഏക ദൈവം അവതരിപ്പിക്കുന്ന ജീവിതവീക്ഷണവും പ്രപഞ്ചാതീതമായിരിക്കും.

## അരൂപിയായ ദൈവം

പ്രപഞ്ചത്തിനതീതനായ ഈ ഏകദൈവം അരൂപിയും പുരുഷാന്മകത്വമുള്ളവനുമത്രേ. ദൈവത്തിൻെറ ഏകത്വം കൊണ്ടുമാത്രംപ്രപഞ്ചാതീതവിശുദ്ധിയോ ജീവിതവീക്ഷണമോ കൈവരുകയില്ല. ഈ ദൈവം പ്രപഞ്ചവുമായി ഏകീഭവിക്കുന്നവനോ പ്രപഞ്ചത്തിൽ ഒതു

ങ്ങുന്നവനോ ആണെങ്കിൽ അയാളുടെ ജീവിതവീക്ഷണവും വിശുദ്ധി യും എല്ലാം പ്രാപഞ്ചികമായിരിക്കും. യഹോവായുടെ വിപ്ലവാത്മക ത്വം അടങ്ങിയിരിക്കുന്നതു് മററു ദേവന്മാരെപ്പോലെ ഒരു പ്രദേശ ത്തോടോ പ്രപഞ്ചം മുഴുവനോടുതന്നെയോ ബന്ധിതനല്ലെന്നുള്ളതുത ന്നെ. യഹോവാ അരൂപിയും പുരുഷാത്മകത്വമുള്ളവനുമത്രേ. അങ്ങേ യ്ക്കു് ശരീരമില്ല. പ്രാപഞ്ചികദേവന്മാരുടെ വികാരങ്ങളും ചപലതക ളും അങ്ങേയ്ക്കില്ല. അവിടുന്നു് ബുദ്ധിയും മനസ്സും ഉള്ള അരൂപിയത്രേ. ജഡവും അരൂപിയുംതമ്മിൽ വേർതിരിക്കുന്നതിനു് ഉപയോഗിക്കുന്ന ''റൂഹാ'' എന്ന പദമാണു് യഹോവായ്ക്കു് അവർ ആരോപിക്കുന്നതു്. ജഡത്തിൻെറ പ്രകൃതിയിൽനിന്നും വ്യത്യസ്ഥമായ ഒരു വസ്തുവായി ട്ടാണു് അവർ അരൂപിയെ ചിത്രീകരിക്കുന്നതും. ദൈവവും മനുഷ്യ നുംതമ്മിൽ വ്യത്യസ്ഥമായിരിക്കുന്നതുപോലെ ജഡവും അരൂപിയും തമ്മിൽ വ്യത്യസ്ഥമെന്നു് ഐസയാസ് സമർത്ഥിക്കുന്നു. ''ഈജി പ്തുകാർ മനുഷ്യരത്രേ. ദൈവമല്ല. അവരുടെ കുതിരകരം മാംസമ മത്രേ. അരൂപിയല്ല.'' (ഐസ. 31: 3). മനുഷ്യൻെറ പദാർത്ഥപ രമല്ലാത്ത ആത്മാവിനെപ്പററി വ്യക്തിപരമായ ധാരണ അവക്കുണ്ടോ യെന്നു് നമുക്കറിഞ്ഞുകൂടാ. ദൈവത്തിനു് കണ്ണും കയ്യും കാലുമെല്ലാം ആരോപിക്കുന്നുണ്ടെങ്കിലും അവിടേയ്ക്കു് ശരീരമില്ല എന്നുള്ള ധാരണ യാണു് അവക്കുണ്ടായിരുന്നതു്. പ്രപഞ്ചത്തിൽനിന്നുള്ള വേർതിരി വുമാത്രമാണു് ദൈവം അരൂപിയാണെന്നുള്ള ബോധം അവക്കു വരു ത്തിയതു്. യഹോവാ പ്രപഞ്ചത്തിൻെറ ഒരു ഭാഗമല്ല. അതിൽനിന്നും തീത്തും വിഭിന്നനായ അതിൻെറ സ്രഷ്ടാവാണു്. മറെറാരു മൂലധാതു വിൽനിന്നല്ല ശൂന്യാവസ്ഥയിൽനിന്നും അതിനെ സൃഷ്ടിച്ചു.

## സൌജന്യസൃഷ്ടി

വിപ്ലവാത്മകമായ സ്നേഹമാണു് സൃഷ്ടിയിൽ അന്തർഭവിച്ചിരി ക്കുന്നതു്. ദൈവത്തിനു് മനുഷ്യരെക്കൊണ്ടു് ആവശ്യമോ ഉപകാര മോ ഇല്ലാത്ത സ്ഥിതിയ്ക്കു് കവിഞ്ഞൊഴുകുന്ന സ്നേഹത്തിൽനിന്നുമാ ത്രമേ സൃഷ്ടി നടക്കുകയുള്ളു. മററുദേവന്മാരും മനുഷ്യരുമായുള്ള സമ്പർ ക്കത്തിൽ തുല്യകൈമാററമല്ലാതെ സ്നേഹം അന്തർഭവിച്ചിട്ടില്ല. സൃ ഷ്ടി അവർ നിഷേധിക്കുന്നു. ലോകം നിത്യമാണെന്നാണു് പ്രകൃതി മതക്കാരുടെ വാദം, നിത്യമായ ലോകം സൃഷ്ടമായിക്കൂടെന്നില്ല. ഏ തായാലും കൊടുത്തുകൊണ്ടുള്ള സ്നേഹം മനുഷ്യൻ സ്വപ്നം കാണുക പോലും ചെയ്യാതിരുന്നകാലത്തു് തീത്തും സൌജന്യമായ സൃഷ്ടി വി ഭാവനംചെയ്യുന്നതിനു് സമകാലീന ചട്ടക്കൂടിനെല്ലാം അതീതമായി ചിന്തിക്കേണ്ടിയിരുന്നു. മനുഷ്യനെ ദൈവം തൻെറ ഛായയിൽ ബു ദ്ധിയും മനസ്സും ഉള്ളവനായിട്ടത്രേ സൃഷ്ടിച്ചിരിക്കുന്നതു്. എല്ലാ ശാ സ്ത്രങ്ങളും മനുഷ്യ മനസ്സിൻെറ പ്രത്യേകതയ്ക്കു് സാക്ഷ്യം വഹിക്കുകയും പദാർത്ഥപരമായ ഉത്ഭവത്തെ നിഷേധിക്കുകയുംചെയ്യുന്നു. കളിമ ണ്ണിൽനിന്നുള്ള ജീവജാലങ്ങളുടെ ഉത്ഭവത്തേക്കാരം സ്രഷ്ടാവായ

ദൈവത്തിൽനിന്നുള്ള ഉത്ഭവമാണ് ശാസ്ത്രവുമായി ഇണങ്ങിച്ചേരുന്നത്. ജീവൻെറ എല്ലാ നിലവാരങ്ങളും, ജീവൻെറ എല്ലാ പ്രകടനങ്ങളും വിശദീകരിക്കുന്നതിന് പര്യാപ്തമായതു് സൃഷ്ടിമാത്രമാണ്. യുക്തിയിൽനിന്നുള്ള ഈ അനുമാനങ്ങളും സങ്കല്പങ്ങളും സ്വതേ സംശയരഹിതമാകുന്നില്ല. അടിസ്ഥാനപരമായ വിശ്വാസത്തിൻെറ വെളിച്ചത്തിൽ സംശയമെല്ലാം നീങ്ങുന്നു.

സൌജന്യസൃഷ്ടി ദൈവപുത്രനായുള്ള മനുഷ്യൻെറ ദത്തെടുപ്പുവഴി പൂർണ്ണതപ്പെടുത്തുന്നതിനാണ് യഹോവായുടെ വിപ്ലവപരമായ സ്നേഹം ബന്ധപ്പെടുന്നതു്. സൃഷ്ടിയായ മനുഷ്യൻ സ്വതേ ദൈവത്തിൻെറ ദാസൻമാത്രം. ദൈവം സ്നേഹിച്ചുതുടങ്ങിയാൽ അവസാനിക്കുകയില്ല. ദാസനെ ദൈവപുത്രനായി ദത്തെടുക്കുകയായി. ദത്തുപുത്രൻ പാപം ചെയ്താൽ ഉപേക്ഷിച്ചു തള്ളുകയല്ല അവനെ അന്വേഷിച്ചു പുറപ്പെടുകയത്രേ. സമകാലീന മതങ്ങളിൽ മനുഷ്യർ ദൈവത്തെ അന്വേഷിച്ചു പോകുകയാണെങ്കിൽ ഇസ്രായേലിൽ ദൈവം പാപിയായ മനുഷ്യനെ അന്വേഷിച്ചു പോകുകയാണ്. മനുഷ്യനെ അന്വേഷിച്ച് ഹോരേബ് മലയിൽവച്ച് കണ്ടെത്തി. ഹോരേബ് മലയിൽ പ്രത്യക്ഷപ്പെട്ട് മൂശവഴിയായി ഇസ്രായേൽജനതയെ അടിമത്തത്തിൽനിന്ന് മോചിക്കുന്നു. ദൈവം ചരിത്രത്തിൽ ഇടപെടുന്ന സംഭവങ്ങളിൽ ഒന്നും രാഷ്ട്രീയവും സാമ്പത്തികവുമായ പരിവർത്തനങ്ങളുടെ ഫലമല്ല. യഹോവായുടെ നിർണ്ണയങ്ങളാണ് ഇസ്രായേലിൻെറ സ്വന്തം രീതിയലുള്ള മുന്നേററത്തിന് ഏററംവലിയ തടസ്സമായി നില്ക്കുന്നതു്. ജനത്തിൻെറ ഇഷ്ടത്തിനെതിരായി യഹോവാ പ്ലാനിടുകയും ചരിത്രത്തിൻെറ ഗതിയിൽകൂടി അതിനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരികയുംചെയ്യുന്നു. മററുജാതികൾക്ക് സ്വന്തം ഇഷ്ടത്തിനൊപ്പിച്ച് തുള്ളുന്ന ദേവന്മാർമാത്രമേയുള്ളു. എതിരായി ഉരിയാടുന്ന പ്രവാചകൻെറ കഥകഴിയ്ക്കും. എന്നാൽ ഇസ്രായേലിൻെറ നീക്കങ്ങൾ ഓരോന്നും പുരുഷാത്മകത്വമുള്ള യഹോവായുടെ ഇടപെടൽകൂടാതെ വ്യാഖ്യാനിച്ചുകൂടാ. നാനൂറുകൊല്ലം ഈജിപ്തിൽ കഴിച്ചുകൂട്ടിയശേഷം ഒരു ജനം മുഴവനും പിതാക്കന്മാരോട് വാഗ്ദത്തംചെയ്ത നാട്ടിലേയ്ക്ക് പോകുക എന്നതു് ചരിത്രമാനദണ്ഡങ്ങൾക്കെല്ലാമെതിരാണ്.

## ഇസ്രായേല്യമായുള്ള ഉടമ്പടി

യഹോവായുടെ രക്ഷണീയ പദ്ധതി താൻ തിരഞ്ഞെടുത്ത ഇസ്രായേൽ ജനതയുമായുള്ള ഉടമ്പടിയോടുകൂടിയാണ് ആരംഭിക്കുന്നതു്. മനുഷ്യൻെറ പുരുഷാത്മകത്വം പരിപൂർണ്ണമായി അംഗീകരിച്ചു കൊണ്ടു് അവനുമായി ഉടമ്പടി നടത്തുന്നു. ഉടമ്പടിയ്ക്ക് ഇരുകൂട്ടരുടെയും സമ്മതം ആവശ്യമാണ്. മനുഷ്യൻെറ ആദ്യമറുപടി നിഷേധരൂപത്തിലായിരുന്നു. പാപത്തിൻെറശേഷവും ദൈവത്തിൻെറ വാഗ്ദാനം പിൻവലിക്കാതെ അവശേഷിച്ചു. അബ്രാഹത്തോടുള്ള വാഗ്ദാനം

കൂടെക്കൂടെ പുതുക്കിക്കൊണ്ടിരുന്നു. ബി. സി. 14—ാം നൂററാണ്ടിൽ മനുഷ്യരുമായുള്ള പ്രാരംഭ ഉടമ്പടിയ്ക്കു് ഒപ്പുവെച്ചു. പൌരസ്ത്യരുടെ ഇട യിൽ ബലിയർപ്പണത്തോടുകൂടിയാണു് ഉടമ്പടി നടത്തുന്നതു്. ക ക്ഷികഠം അഠംത്താരയ്ക്കുചുററും സമ്മേളിച്ചു് ബലിമൃഗത്തിൻെറ രക്തം അഠംത്താരയിൽ ചിന്തുകയും ബക്കിയുള്ളവ ഉടമ്പടിയിലെ കക്ഷി കഠം അനുഭവിക്കുകയുംചെയ്യും. മൂശ 70 ജനപ്രതിനിധികളോടു ചേന്നാ ണു് ഈ ഉടമ്പടി നടത്തിയതു്. അദ്ദേഹം ദൈവപ്രമാണങ്ങഠം ജന ങ്ങളെ അറിയിച്ചതിനെത്തുടന്നു് അതു് പ്രമാണരൂപത്തിൽ എഴുതിയു ണ്ടാക്കി. അനന്തരം ബലിമൃഗത്തിൻെറ രക്തത്തിൽ ഒരു ഭാഗം അഠം ത്താരയിൽ ചൊരിയുകയും ബാക്കിയുള്ളതു് പാത്രങ്ങളിലാക്കുകയും ചെയ്തു. മൂശ പ്രമാണരേഖ എടുത്തു വായിക്കുകയും ജനപ്രതിനിധികഠം ഒന്നടങ്കം ഈ പ്രമാണങ്ങഠം കാത്തുകൊള്ളാമെന്നു് വാഗ്ദാനം ചെയ്യുക യുംചെയ്തു. മൂശ പാത്രങ്ങളിൽ സൂക്ഷിച്ചിരുന്ന രക്തമെടുത്തു് ഇതാ ഉ ടമ്പടിയുടെ രക്തമെന്നുപറഞ്ഞു് ജനങ്ങളുടെമേൽ തളിച്ചു. ഈ ഉടമ്പ ടിവഴി ഇസ്രായേൽജനത യഹോവായുടെ ശുശ്രൂഷയ്ക്കും യഹോവാ ജ നത്തിൻെറ സംരക്ഷണത്തിനും സ്വയം പ്രതിഷ്ഠിച്ചു.

## ഛേലാകമ്മം

സമകാലീന ആശയങ്ങളുടെ ചട്ടക്കൂട്ടിൽ ചിന്തിക്കുന്നവക്കു് ഈ ഉടമ്പടി ഭൂമിയിലുള്ള ദൈവനഗരത്തിൻെറ ഒരു പ്രാരംഭമായിത്തോ ന്നിയേക്കാം. ഇസ്രായേലിൽ ഭൂരിപക്ഷവും ഭൌതിക ഐശ്വര്യം ജീ വിതത്തിൻെറ ആകെത്തുകയായി കരുതിയിരുന്നു. തങ്ങഠംക്കും ത ങ്ങളുടെ സന്തതികഠംക്കും ഭൌതിക ഐശ്വര്യം ഭദ്രമാക്കുകയായിരുന്നു മതാനുഷ്ഠാനങ്ങളുടെയെല്ലാം ലക്ഷ്യം. എന്നാൽ ഭൌതിക ഐശ്വര്യമ ല്ല മനുഷ്യൻെറ ലക്ഷ്യമെന്നു് യഹോവാ ആരംഭംമുതൽ വ്യക്തമാക്കി. ഭൌതിക ഐശ്വര്യത്തിനുവേണ്ടിയാണു് പുറജാതികഠം ലിംഗ ആരാ ധന നടത്തിക്കൊണ്ടു് ഭൌതികപ്രതിഷ്ഠ നടത്തിയിരുന്നതു്. ദേവന്മാ രുടേയും ദേവതകളുടേയും ലൈംഗിക വികാരത്തിൻെറ ഫലമാണു് ഭൌതിക ഐശ്വര്യമെന്നാണു് അവർ കരുതിയിരുന്നതു്. അവരുടെ അനുഗ്രഹം ഉണ്ടാകുന്നതിലേയ്ക്കു് അതിനെ അഭിനയിക്കുകയും ലിംഗ ത്തെ ആരാധിക്കുകയും ചെയ്തുകൊണ്ടുള്ള മതാനുഷ്ഠാനം (Fertility cult) ഏർപ്പെടുത്തി. ലിംഗത്തെ വെട്ടിമുറിച്ചു് ഈ പ്രാപഞ്ചിക പ്ര തിഷ്ഠയെ പ്രപഞ്ചാതീതപ്രതിഷ്ഠയായി ഉയത്തുകയായിരുന്നു ദൈവ ത്തിൻെറ പദ്ധതി. ജനനംവഴിയല്ല ഈ പ്രപഞ്ചാതീത പ്രതിഷ്ഠവ ഴിയത്രേ ഒരുവൻ ഇസ്രായേലിൽ അംഗത്വം വരിക്കുന്നതു്. അഗ്രചർ മ്മം മുറിച്ചുകൊണ്ടുള്ള ഈ പ്രതിഷ്ഠ സന്താനങ്ങളുടെ പ്രതിഷ്ഠയും സൂ ചിപ്പിക്കുന്നു. ഈ പ്രതിഷ്ഠ ക്രിസ്തുവിൻെറ കുരിശുമരണത്തിലത്രേ ചെന്നവസാനിക്കേണ്ടതും. മനുഷ്യൻെറ മരണം ദൈവം ആവശ്യപ്പെ ടുന്നില്ല. അഗ്രചമ്മം മുറിച്ചുകൊണ്ടുള്ള സൂചനാപരമായ അർപ്പണം മാത്രം. തങ്ങളേയും തങ്ങളുടെ സന്തതികളേയും അർപ്പിക്കുന്നതിനുള്ള

ഒരുക്കം ഉണ്ടായിരിക്കണം. അബ്രാഹത്തിൻെറ മനസ്ഥിതി പരീക്ഷിക്കുന്നതിനാണ് ഇസഹാക്കിനെ ബലികഴിക്കുവാൻ ആവശ്യപ്പെട്ടതു്.

യഹോവായുടെ ലക്ഷ്യം ഭൂമിയിൽ ദൈവനഗരം പണിയുകയല്ല സ്വർഗ്ഗീയ നഗരത്തിനൊരുക്കമായി ലോകജീവിതത്തെ പവിത്രീകരിക്കുകയാണ്. പ്രപഞ്ചത്തിൻെറ ഒരു ഭാഗമായി പ്രപഞ്ചത്തിലെ ഒരു പുഴുവായി ഇഴഞ്ഞു നടക്കുന്നതിനല്ല മനുഷ്യൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യർ പ്രപഞ്ചത്തിൻെറ നാഥന്മാരാണെന്നും ദൈവപുത്രന്മാരായി ഉയർത്തപ്പെട്ടിരിക്കുന്നു എന്നുമാണ് ഇസ്രായേലിലെ പാരമ്പര്യം എക്കാലത്തും ഘോഷിച്ചിരുന്നതു്. ഇന്നു് പുഴുവായി ഇഴഞ്ഞു നടക്കുന്ന മനുഷ്യൻ രൂപാന്തരപ്പെട്ടു് ഒരു ചിത്രശലഭമായിത്തീരണം. ദൈവരാജ്യം പൂർണ്ണതയിൽ എത്തുന്നതു് പുതിയ ആകാശവും പുതിയ ഭൂമിയുമായി ലോകം രൂപാന്തരപ്പെടുമ്പോഴാണ്. യഹോവായുടെ പ്രപഞ്ചാതീത പരിശുദ്ധി മനുഷ്യരിലേയ്ക്കു് വ്യാപിപ്പിച്ചുകൊണ്ടാണ് ഈ രൂപാന്തരീകരണം നിർവ്വഹിക്കേണ്ടതു്.

## പരിശുദ്ധൻ

ഐസയാസ് പ്രവാചകൻ യഹോവായെ വിവരിക്കുന്നതു് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നാണ്. ദൈവത്തിൻെറ അനന്ത പരിശുദ്ധിയെ സൂചിപ്പിക്കുന്നതിനു് വിശുദ്ധ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ''കന്തശ്'' എന്ന പദത്തിനു് അതിൻെറ ധാതുവിൽ മതപരമായ ബന്ധമൊന്നുമില്ല. ജനങ്ങളുടെ സാമാന്യ ഉപയോഗത്തിൽനിന്നു് മാന്ത്രികശക്തിയാലോ മറേറതെങ്കിലും തരത്തിലോ നിരോധിക്കുന്നതിനാണ് ആ പദം ഉപയോഗിക്കുക. ദൈവത്തിൽനിന്നുള്ള മനുഷ്യൻെറ അനന്തമായ വേർതിരിവു് കാണിക്കുന്നതിനാണ് ഈ പദം ആദ്യമായി വിനിയോഗിച്ചതു്. പരിശുദ്ധി എന്നുപറയുന്നതു് ഭൗമികമായ ഒരു പൂർണ്ണതയല്ല. ഭൗമികാതീതനായ ദൈവത്തെപ്പോലെ ഭൗമികാതീതമായി വർത്തിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതു്. സൃഷ്ടികൾ യഹോവായുടെ പരിശുദ്ധിയും നന്മയും അപൂർണ്ണമായിട്ടേ പ്രതിഫലിപ്പിക്കുന്നുള്ളു. പദാർത്ഥത്തിനു് ധാർമ്മികബോധമില്ല. മനുഷ്യൻെറ പ്രകൃതിജന്യമായ നന്മ ദൈവത്തിൻെറ അനന്തവിശുദ്ധിയുടെ ഒരു നേരിയ നിഴൽമാത്രം. വെള്ളംചേർത്ത പാലുപോലെ അതു് പ്രാപഞ്ചികമൂല്യങ്ങളുമായി കലരുന്നു.

വെള്ളം ചേരാത്ത പാലുപോലെയാണു ദൈവത്തിൻെറ പ്രപഞ്ചാതീതവിശുദ്ധി, അതിൻെറ മാനദണ്ഡം മനുഷ്യനല്ല ദൈവമാണ്. ലോകത്തിൽ വിശ്വാസം അർപ്പിക്കുന്നവൻ ഭൗതികമൂല്യങ്ങൾക്കുമാത്രമേ വില കല്പിക്കുകയുള്ളു. പാപം അവർക്കു തിന്മയേ അല്ല. അവരുടെ സന്മാർഗ്ഗം ലോകത്തിൽ മുന്നേറുന്നതിനു് അത്യാവശ്യമായി

പൊതുവേ അംഗീകരിക്കപ്പെടുന്ന ചില വഴക്കങ്ങൾമാത്രമാണ്. നാളെക്കൂടെ വ്യാപാരം നടത്തണമെന്നുണ്ടെങ്കിൽ ഇന്നു് സത്യസന്ധത പാലിക്കണം. അതെല്ലാം മൂടുപട വിശുദ്ധിമാത്രമാണ്. മൂടുപടവിശുദ്ധി രഹസ്യതാല്പര്യങ്ങളെയും പ്രവൎത്തനങ്ങളെയും നിയന്ത്രിക്കുകയില്ല. ദൈവത്തിൻേറതു് മൂടുപടങ്ങളില്ലാത്തതും നട്ടെല്ലുള്ളതുമായ വിശുദ്ധിയാണ്. മനുഷ്യസ്വാതന്ത്ര്യത്തിൻെറമുമ്പിൽ സൎവ്വശക്തനായ ദൈവം നിസ്സഹായനാണ്. ദൈവത്തിൻെറ നട്ടെല്ലുള്ള വിശുദ്ധി യാതൊരു വിട്ടുവീഴ്ചയുംകൂടാതെ പാപത്തെ വെറുക്കുന്നു. ലോകത്തിലുള്ള എല്ലാ തിന്മകളെക്കാരം വലിയ തിന്മയായി പാപത്തെ കരുതുന്നവൻ ലോകത്തിൽ പ്രായോഗികമനുഷ്യനായി എണ്ണപ്പെടുന്നില്ലെന്നിരുന്നാലും ദൈവത്തിൻെറ വിശുദ്ധിയോടു് അയാരം അനുരൂപപ്പെടുന്നു. വെള്ളം ചേരാത്ത മനുഷ്യൻെറ പ്രകൃതിജന്യമായ നന്മപോലും ദൈവത്തിൻെറ അനന്തമായ വിശുദ്ധിയിൽനിന്നും തുലോം വിദൂരമത്രേ. പാപത്തോടും തങ്ങളുടെ സ്വാർത്ഥത്തോടും വിട്ടുവീഴ്ചയില്ലാത്ത ദൈവത്തിൻെറ പ്രപഞ്ചാതീതവിശുദ്ധിയെ മനുഷ്യൻ സ്വാഗതം ചെയ്യുന്നില്ല. തങ്ങളുടെ സങ്കുചിതമായ വീക്ഷണത്തിനപ്പുറമുള്ളവയെല്ലാം അയഥാർത്ഥമെന്നാണ് അവർ കരുതുക.

## പ്രപഞ്ചാതീത നീതി

യഹോവായുടെ പരിശുദ്ധി അങ്ങേ പ്രപഞ്ചാതീതനീതിയോടും മനുഷ്യരക്ഷയോടും ബന്ധപ്പെട്ടിരിക്കുന്നു. അതു് മനുഷ്യസ്വാതന്ത്ര്യത്തെ ലംഘിക്കുന്നില്ല. ദൈവത്തിൻെറ പരിശുദ്ധി സംഭ്രമജനകമായിരുന്നാലും അതു് മനുഷ്യൻെറ ധാൎമ്മിക കഴിവുകളെ നിശ്ചലമാക്കുകയോ മതപരവും ധാൎമ്മികവുമായ തീരുമാനങ്ങരം എടുക്കുന്നതിനു് അപ്രാപ്തനാക്കുകയോചെയ്യുന്നില്ല. മനുഷ്യൻ അവൻെറ പാപങ്ങളെ ദൈവത്തിൻെറ അനുഗ്രഹംകൊണ്ടു് അഭിമുഖീകരിക്കത്തക്കവിധത്തിൽ അനുതപിക്കുന്നതിനു് പ്രാപ്തനാക്കുകയേചെയ്യുന്നുള്ളൂ. അതേസമയം ആധുനികരിൽ പലരും കരുതുന്നതുപോലെ സ്വാഭാവികതലത്തിലേയ്ക്കു് ഉയരുന്നതിനു് സഹായിക്കുകയും ധൈര്യപ്പെടുത്തുകയും മാത്രം ചെയ്യുന്നു. വെറും ഒരു മനുഷ്യസ്നേഹിമാത്രമല്ല ദൈവം. യഹോവായുടെ നീതി പ്രപഞ്ചാതീതമത്രേ. അവിടുന്നു് തിന്മയെ അതികഠിനമായി വെറുക്കുകയും ചരിത്രത്തെ അതിസ്വാഭാവിക ലക്ഷ്യത്തിലേയ്ക്കു് തിരിച്ചുവിടുകയുംചെയ്യുന്നു. ഈ അതിസ്വാഭാവികലക്ഷ്യം മനുഷ്യരുടെ പദ്ധതികളുമായി പൊരുത്തപ്പെട്ടില്ലെന്നുവരും. ഏതായാലും മനുഷ്യൻെറ അന്തരംഗത്തിൽ അനുഭവപ്പെടുന്ന ധാൎമ്മികബോധം അവനുപുറമെ സ്ഥിതിചെയ്യുന്നതും, വീരോചിതമായ കൃത്യങ്ങൾക്കു് അവനെ ക്ഷണിക്കുന്നതും, അരിഷ്ടതകളുടെ നടുവിൽ തനിക്കുതന്നെ അതീതമായി ഉയരുന്നതിനു് അവനെ ശക്തമാക്കുന്നതുമായ ധാൎമ്മിക മൂല്യങ്ങളുടെ ആസ്ഥിക്യം വിളിച്ചറിയിക്കുന്നു. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ചരിത്രത്തിൻെറ പിന്നിൽ നല്ലമനുഷ്യരുടെ സൃഷ്ടി

പരമായ പ്രവത്തനങ്ങളെ മുന്നേററുന്നതും ദുഷ്ടന്മാരുടെ സംഹാരവേലയെ ശിഥിലീകരിക്കുന്നതുമായ ഒരു ധാമ്മികലക്ഷ്യം തെളിഞ്ഞു കാണാം.

പ്രപഞ്ചാതീതമായ വിശുദ്ധി വിധിയാളനായ ദൈവത്തിൽനിന്ന് വേർപെടുത്തുവാൻ പാടില്ല. പരിശുദ്ധനായ ദൈവം തിന്മയെ ശിക്ഷിക്കാതെയോ നന്മയെ സമ്മാനിക്കാതെയോ വിട്ടുകൂടാ. അവിടുന്ന് അനുഗ്രഹമുള്ളവനും ദുഷ്ടൻെറ മരണം ആഗ്രഹിക്കാതെ അവൻ അനുതപിച്ച് ജീവൻ പ്രാപിക്കുന്നതിനു ആഗ്രഹിക്കുന്നവനുമാണ്. അങ്ങേ അത്യുന്നതമായ പരിശുദ്ധിയും നീതിയും മനുഷ്യനിമ്മിതമായ വിശുദ്ധിയുടെയും ധാമ്മികതത്വത്തിൻെറയും മാതൃകകളോട് പൊരുത്തപ്പെടുകയില്ല. മനുഷ്യൻ തൻെറ പാപങ്ങളെ ഏററുപറഞ്ഞ്, തൻെറഅയോഗ്യതയെ ഏററുപറയുമ്പോഠം ദൈവത്തിൻെറ അത്യുന്നതമായ വിശുദ്ധിയേയും നീതിയേയും പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള നട്ടെല്ലുള്ള വിശുദ്ധി മനുഷ്യന് വകഞ്ഞുണ്ടാക്കുവാൻ സാധിക്കുകയില്ല. അത് യുക്തിക്കോ മനുഷ്യപ്രകൃതിക്കോ എതിരുമല്ല. മനുഷ്യൻെറ നിസ്സഹായതയിലും അവശതകളിലും തങ്ങളുടെ ഏക രക്ഷാമാൎഗ്ഗമായി പരമാധികാരിയായ ദൈവത്തിൽ ശരണം പ്രാപിക്കുന്നഅവസരങ്ങഠം ഉണ്ട്. മനുഷ്യൻ യാഥാർത്ഥ്യങ്ങളെ പൂൎണ്ണമായി അഭിമുഖീകരിക്കുമ്പോഠം അതിൻെറ വിശദീകരണത്തിനായി അവയെല്ലാം അതീതമായ ഒന്നിൽ അഭയം പ്രാപിക്കുന്നതിനു് നിബ്ബന്ധിക്കപ്പെടുന്നു; ഈ അന്വേഷണത്തിൽ ലോകത്തിൻെറ മുന്നോട്ടു നീങ്ങാത്ത സ്വാഭാവിക ക്രമത്തിൽനിന്നും, മനുഷ്യജീവിതത്തിലെ ക്രമക്കേടുകളിൽനിന്നും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത അഭയസ്ഥാനമായി അനുമാനിച്ചെടുക്കുന്നത് പ്രപഞ്ചത്തിനെല്ലാം അതീതമായ ഒരു ശക്തിയെ, ഒരാളെ ആണ്.

## പ്രമാണങ്ങഠം

പ്രപഞ്ചാതീതമായ ഈ പരിശുദ്ധി മനുഷ്യാത്മാവിലേയ്ക്കു് വ്യാപിപ്പിക്കുന്നതിനുവേണ്ടി യഹോവാ മൂശവഴിയായി പ്രമാണങ്ങഠം നൽകി. ''മുഴു ഹൃദയത്തോടും മുഴു ആത്മാവോടും മുഴു ശക്തിയോടുംകൂടി ദൈവത്തെ സ്നേഹിക്കണം. തങ്ങളെപ്പോലെതന്നെ അയൽക്കാരനേയും സ്നേഹിക്കണം.'' യഹോവാ പരിശുദ്ധനായിരിക്കുന്നതുപോലെ തൻെറ ജനവും പരിശുദ്ധമായിരിക്കണം— ഈ പരിശുദ്ധി പ്രാപിക്കുന്നതു് യഹോവായെപ്പോലെ കൊടുത്തു സ്നേഹിച്ചുകൊണ്ടാണ്. ഇസ്രായേലിലെ ബലിയുംമററും ഈ സ്നേഹം പ്രകടിപ്പിക്കുന്നതിനുവേണ്ടിയത്രേ. യഹോവായെ മണവാളനായും പിതാവായിട്ടുമൊക്കെയാണ് പിൽക്കാലങ്ങളിങ്ങളിൽ പ്രവാചകന്മാർ ചിത്രീകരിക്കുന്നതു്. ഹൃദയസംസ്കരണമില്ലാതുള്ള ബലികളെ അവിടുന്ന്അപലപിക്കുകകൂടി ചെയ്യുന്നു. പുറജാതികളിലെന്നപോലെ വിപ്ലവവീര്യമെല്ലാം ന

ഷ്ടപെട്ടു് അവയെ അന്ധമായ അനുഷ്ഠാനങ്ങളാക്കി പകർത്തിയതാണു് ഈ ആവലാതിയ്ക്കു് കാരണം.

ചേലാകർമ്മംവഴി ദൈവരാജ്യത്തിൽ അംഗത്വം വരിക്കുന്നതോടെ ഈ സ്നേഹപ്രതിഷ്ഠയുടെ അരൂപിയിലാണു് ജീവിക്കേണ്ടതു്. തങ്ങളുടെ ജീവിതം പ്രതിഷ്ഠാജീവിതമാണെന്നുള്ള ബോധം ഓരോരുത്തനും ഉണ്ടായിരിക്കണം. പുറജാതികളുടേതു് ഇത്തരത്തിലുള്ള പ്രതിഷ്ഠയുടെ ജീവിതമല്ല. അവർ സൃഷ്ടിയിൽ വിശ്വസിക്കുന്നില്ല. തങ്ങളുടെ ഗ്രാമത്തിലോ പട്ടണത്തിലോ പല ദേവന്മാരും അവരുടെ അമ്പലങ്ങളും ഉണ്ടായിരിക്കും. അവരിൽ ആരോടും ഒരു വിധേയത്വവുമില്ല. ആരെയും സേവിക്കുവാൻ ഒരു കടപ്പാടുമില്ല. ചായപീടികയിൽ കയറുന്നതുപോലെമാത്രമാണു് അവരെ സേവിക്കുന്നതും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതും. അവരിൽ ശക്തിയല്ലാതെ നന്മയും സ്നേഹവും ആരും ആരോപിക്കുന്നില്ല. അവർ തങ്ങളുടെ സ്വകാര്യജീവിതത്തിൽ ഇടപെടേണ്ടതുമില്ല. വ്യാപാരപരമായ പ്രതിഷ്ഠയും ഇടപാടുകളുംമാത്രമേ ആശ്രിതരുമായിട്ടുള്ളു. ഇഷ്ടംപോലെ ഒരാളെയോ എല്ലാവരെയുമോ സേവിച്ചു എന്നുവരും.

ഇസ്രായേലിലെ സ്ഥിതി അതല്ല. സൃഷ്ടാവായ യഹോവായോടു് പരിപൂർണ്ണവിധേയത്വം സങ്കല്പിക്കുന്നു. ''ഇസഹാക്കിനെ'' ബലിയർപ്പിക്കുന്നതിനു് ഒരുങ്ങിയിരിക്കണം. അതാണു് മുഴുഹൃദയത്തോടും മുഴു ആത്മാവോടും മുഴു ശക്തിയോടുംകൂടി സ്നേഹിക്കുക എന്നതിന്റെ അർത്ഥം. വ്യാപാരപരമായ പ്രതിഷ്ഠയല്ല സ്നേഹപ്രേരിതമായ പ്രതിഷ്ഠയാണു് ആവശ്യപ്പെടുന്നതു്. യഹോവായെമാത്രമേ ആരാധിക്കാവൂ. അയൽക്കാരെ സ്നേഹിക്കേണ്ടതു് അവരുടെ വ്യക്തിപരമായ നന്മയെ പരിഗണിച്ചല്ല പിതാവായ ദൈവത്തെപ്രതിയായിരിക്കണം.

---

## അദ്ധ്യായം 7

# ഭാവിയുഗങ്ങളുടെ പിതാവു്

ഇസ്രായേലിന്റെ ദൌത്യം സത്യവിശ്വാസവും സന്മാർഗ്ഗവും പുതിയ ദൈവരാജ്യത്തിലേയ്ക്കു് പറിച്ചു നടത്തക്കവണ്ണം സമൂഹ്യപശ്ചാത്തലത്തിൽ വളർത്തിക്കൊണ്ടുവരികയും പുതിയ ദൈവരാജ്യം സ്ഥാപിക്കേണ്ട അഭിഷിക്തനെ അവതരിപ്പിക്കുകയുമാണു്. ഹെബ്രായ

ഭാഷയിൽ അഭിഷിക്തൻ മിശിഹാ എന്നും, ഗ്രീക്കു ഭാഷയിൽ ക്രിസ്തു എന്നും വിളിക്കപ്പെടുന്നു. രാജാക്കന്മാരും, പുരോഹിതന്മാരും, പ്രവാചകന്മാരും അഭിഷേകിക്കപ്പെട്ടിരുന്നു. ഇസ്രായേലിൻെറ ഉദ്ധാരകനായി വരേണ്ട ആൾ രാജാവും, പുരോഹിതനും, പ്രവാചകനും ആകേണ്ടതുകൊണ്ടു് അഭിഷിക്തൻ എന്ന പേരിൽ ആണു് പ്രതീക്ഷിക്കപ്പെട്ടിരുന്നതു്.

## അഭിഷിക്ത പ്രതീക്ഷ

അഭിഷിക്ത പ്രതീക്ഷ ഇസ്രായേലിൻെറ ഒരു പ്രത്യേകതയാണു്. മററുജാതികളിൽ ഉള്ളതായി പറയപ്പെടുന്ന പ്രതീക്ഷകളെല്ലാം അതിനു പിമ്പുള്ളതും അതിൻെറ അനുകരണങ്ങളുമത്രേ. ഖണ്ഡിതമായ ദൌത്യത്തോടുകൂടിയ ഈ അഭിഷിക്തനെ അവതരിപ്പിച്ചതു് ഇസ്രായേലിലെ പ്രവാചകന്മാരാണു്. ആരാണു് ഈ പ്രവാചകന്മാർ? പുറജാതികളുടെ ഇടയിലുള്ള ജോത്സ്യന്മാരെപ്പോലെയുള്ള ആളുകളല്ല പ്രവാചകന്മാർ. ജോത്സ്യവൃത്തി ഒരു കലയും ശാസ്ത്രവുമത്രേ. ഗ്രഹനിലയും ആകാശത്തിലെ അടയാളങ്ങളും പക്ഷിമൃഗാദികളുടെ നീക്കങ്ങളും പരിശോധിച്ചു് ഭാവി തിട്ടപ്പെടുത്താമെന്നു് അവകാശപ്പെട്ടിരുന്നവരാണു് ജോത്സ്യന്മാർ— ഇസ്രായേലിൽ ജോത്സ്യവൃത്തി നിരോധിച്ചുകൊണ്ടു് മൂശ, തന്നെപ്പോലെയുള്ള ദൈവീക വക്താക്കളെ ദൈവം ഉയർത്തുമെന്നു് ജനങ്ങളെ അറിയിച്ചു— ഇവരുടെ ജോലി ഭാവികാര്യങ്ങൾ അറിയിക്കുകയല്ല ഇസ്രായേലിൻെറ വിശ്വാസം ബാഹ്യപ്രേരണകൾക്കെതിരായി സംരക്ഷിക്കുകയത്രേ. പുരോഹിതന്മാരെപ്പോലെ അതു് ഒരു ശാശ്വത സ്ഥാപനമല്ല—തങ്ങൾ ദൈവ വക്താക്കളെന്നു് അത്ഭുതങ്ങളും പ്രവചനങ്ങളുംമററും വഴി അവർ തെളിയിക്കേണ്ടിയിരുന്നു. ജോത്സ്യന്മാരുടെയോ കള്ളപ്രവാചകന്മാരുടെയോപോലെ ആദായകരമായ ജോലി ആയിരുന്നില്ല അവരുടേതു്. ദുഷ്ടന്മാരായ രാജാക്കന്മാർക്കും ഭൌതികവാദികളായ പുരോഹിതന്മാർക്കും ജനങ്ങൾക്കും എതിരായിട്ടുള്ള ദൈവത്തിൻെറ സന്ദേശം അത്രേ അവർ അറിയിക്കേണ്ടിയിരുന്നതു്. സ്വമനസ്സാലെയല്ല ദൈവത്താൽ നിർബ്ബന്ധിക്കപ്പെട്ടിട്ടെന്നോണമാണു് അത്യന്തം ആപൽക്കരമായ ഈ ജോലി അവർ ഏറെറടുത്തിരുന്നതു്.

ഹൃദയസംസ്കരണവും തങ്ങളുടെ ജാതിക്കപ്പുറമുള്ള വീക്ഷണവും ആദ്യമായി അവതരിപ്പിച്ചതു് പ്രവാചകന്മാരത്രേ. അവർക്കു് ഇസ്രായേൽ സർവ്വദേശീയമായ ദൈവരാജ്യത്തിലേയ്ക്കുള്ള ഒരു ചവിട്ടുപടി മാത്രമാണു്. ഈ ദൈവരാജ്യം അവതരിപ്പിക്കേണ്ട ദൈവത്തിൻെറ അഭിഷിക്തൻ ആയിരുന്നു അവരുടെ പ്രവചനങ്ങളുടെ മുഖ്യവിഷയം. യൂദമതം അഭിഷിക്തനിൽകൂടി പക്വത പ്രാപിച്ചു് സർവ്വദേശീയമായിത്തീരണം.

## സങ്കീർത്തനങ്ങൾ

ദാവീദിന്റെ സങ്കീർത്തനങ്ങളോടുകൂടിയാണ് ഭാവിരക്ഷകനിൽകൂടി മനുഷ്യരക്ഷ നിർവ്വഹിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി സാമാന്യജനങ്ങളുടെ ചിന്തയ്ക്കു വിഷയീഭവിച്ചതു്. ഇസ്രായേലിന്റെ പാരമ്പര്യത്തിൽ രക്ഷകനെപ്പററിയുള്ള പ്രതീക്ഷ മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതലുണ്ടു്. പാപത്തെ തുടർന്നു് ദൈവം രക്ഷകനെ വാഗ്ദാനംചെയ്യുന്നു. ചരിത്രാതീതകാലങ്ങളിലെ പരിവർത്തനങ്ങളിലൂടെ വിശ്വദേവത കയറിപ്പററുകയും ഈ പാരമ്പര്യം തേഞ്ഞുമാഞ്ഞു് ഇല്ലാതാകുകയുംചെയ്തു. ലോകം മുഴുവനും പല ജാതികളും രാജ്യങ്ങളുമായി ചിതറി. ഈജിപ്തും ചൈനയും ഗ്രീസും എല്ലാം വെറും പ്രാദേശിക വീക്ഷണംകൊണ്ടു് തൃപ്തിയടഞ്ഞിരുന്നകാലത്തു് തുലോം ചെറുതും അശക്തവും അപരിഷ്കൃതവുമായ ഇസ്രായേൽജനത മാനവവംശത്തെയും ചരിത്രത്തെയും ഒന്നിപ്പിക്കുന്ന ഒരു ഭാവി യുഗങ്ങളുടെ പിതാവിനെ, ഒരു അഭിഷിക്തനെ സ്വപ്നംകണ്ടിരുന്നു. എന്നാൽ ഈ പാരമ്പര്യം ബി. സി. 5—ാം നൂററാണ്ടിൽ എസ്ദ്രാസ് പുരോഹിതനോടുകൂടിമാത്രമേ ലിഖിതരൂപത്തിൽ എത്തിയിട്ടുള്ളു. അതിനുമുമ്പും ഈ പാരമ്പര്യം ഇസ്രായേലിൽ പ്രചരിച്ചിരുന്നു.

ബി. സി. 10—ാം നൂററാണ്ടിൽ ദാവീദിന്റെ സങ്കീർത്തനങ്ങളോടുകൂടി ഈ പാരമ്പര്യം പൊതുജനങ്ങളുടെ ഇടയിൽ പ്രചരിച്ചുതുടങ്ങി. പഴയ നിയമഗ്രന്ഥങ്ങളിലെ 150—ാം സങ്കീർത്തനങ്ങളിൽ പലതും ദാവീദ്‌രാജാവു് രചിച്ചു എന്നാണു് വിശ്വസിക്കപ്പെട്ടുന്നതു്. ഈ സങ്കീർത്തനങ്ങൾ ഒരു ന്യൂനപക്ഷം പണ്ഡിതന്മാരുടെ സ്വത്തായിരുന്നില്ല. അതു് സാമാന്യജനങ്ങളുടെ പ്രാർത്ഥനയും, പാട്ടും, ചരിത്രവും ആരാധനയുമെല്ലാമായിരുന്നു. വാർത്താവിതരണമാർഗ്ഗങ്ങൾ വികസിച്ചിരിക്കുന്ന ഇക്കാലത്തുപോലും സാമാന്യജനങ്ങളിൽ ഒരു ആശയം പ്രചരിപ്പിക്കുന്നതിനുള്ള മാർഗ്ഗം പാട്ടുകളാണു്. ദാവീദിന്റെ സങ്കീർത്തനങ്ങൾ ഇസ്രായേൽജനങ്ങളിൽ മുഴുവനും പ്രചരിച്ചു. ദാവീദിനോടുകൂടി രാജ്യം ഏകീഭവിക്കുകയും പുതുതായി ഒരു ദേശീയ ഐക്യം ഉൽഭൂതമാകുകയും ചെയ്തതിന്റെ ഫലമാണു് ഈ സങ്കീർത്തനങ്ങൾ.

സങ്കീർത്തനങ്ങളുടെ ആശയങ്ങൾ അത്യന്തം വിപ്ലവകരങ്ങളായിരുന്നു. അവയെല്ലാം ആന്തരിക സംസ്കരണത്തെ പ്രത്യോതിപ്പിക്കുന്നവയത്രേ. വരുവാനിരിക്കുന്ന അഭിഷിക്തനെപ്പററിയുള്ള അനുസ്മരണകളാണു് ഏററം വിപ്ലവപരം. ദാവീദിന്റെ അത്യുന്നതനായ ഒരു സന്താനത്തെപ്പററിയാണു് അനുസ്മരണ. ഈ സന്താനത്തെ ദാവീദു് അഭിസംബോധനംചെയ്യുന്നതു് ''എന്റെ കർത്താവു്'' (അദോനേ) എന്നാണു്. പുറജാതികളുടെ ഇടയിൽ രാജാക്കന്മാരെയും ''കർത്താവു്'' എന്നു അഭിസംബോധനം ചെയ്യുമെങ്കിലും ഇസ്രായേലിന്റെ ഇട

യിൽ ദൈവത്തിനുമാത്രം നീക്കിവച്ചിരിക്കുന്ന ഒരു പദപ്രയോഗമാണ് അതു്. ദൈവത്തിൻെറ വലത്തുവശത്തു് ദൈവീകസിംഹാസനത്തിന്മേൽ ഇരുന്നു് വിധിനടത്തുന്ന അഭിഷിക്തനാണ് ഈ കർത്താവു്. ഒരു സർവ്വദേശീയ രാജാവിൻെറ പ്രതീതിയാണ് ഈ അഭിഷിക്തനിൽ പ്രതിഫലിക്കുന്നതു്— ഇതു് സോളമൻ തുടങ്ങിയുള്ള ദാവീദിൻെറ പിൻഗാമികളല്ല— ചെങ്കോലിനെപ്പററിമാത്രമല്ല പൌരോഹിത്യത്തെപ്പററിക്കൂടി സൂചനയുണ്ടു്. ഈജിപ്തു് അസ്സീരിയാ തുടങ്ങിയ വൻരാജ്യങ്ങറംപോലും പ്രാദേശിക ആധിപത്യംകൊണ്ടു് തൃപ്തിയടയുമ്പോറം ചെറിയ ഇസ്രായേൽ ലോകരാജാക്കന്മാരുടെമേൽ ആധിപത്യം മോഹിക്കുമെന്നു് പ്രതീക്ഷിക്കുവാൻ പാടില്ല— തൻെറ അഭിഷിക്തനെതിരായ രാജാക്കന്മാരുടെ വെല്ലുവിളിയെ അഭിമുഖീകരിക്കുന്നതു് യഹോവായാണ്. അഭിഷിക്തനും അഭിഷേകിച്ചവനും തമ്മിലുള്ള ബന്ധം പിതൃപുത്ര ബന്ധമാണ്. അതും ദത്തുപുത്രനല്ല. ''ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു.'' ''ഇന്നു്'' എന്ന പദം നിത്യമായ ജനനത്തെ സൂചിപ്പിക്കുവാനേ തരമുള്ളു.

ഇപ്രകാരമുള്ള ഒരു അഭിഷിക്തനെ ബി. സി. 10—ാം നൂററാണ്ടിൽ വകഞ്ഞുണ്ടാക്കുക സാധ്യമല്ല. ദാവീദിനെ പ്രീണിപ്പിക്കുവാൻ ഏതെങ്കിലും സ്തുതിപാടകൻ വകഞ്ഞുണ്ടാക്കുന്നപക്ഷം സമകാലീന ആശയങ്ങളുടെ ചട്ടക്കൂട്ടിൽമാത്രമേ വകഞ്ഞുണ്ടാക്കുകയുള്ളു— അരൂപിയായ ദൈവത്തിൽ വിശ്വസിക്കുന്നവൻ ''ഇന്നു നിന്നെ ഞാൻ ജനിപ്പിച്ചു.'' എന്നൊന്നും വകഞ്ഞുണ്ടാക്കുകയില്ല. ദാവീദു് സംഘടിപ്പിച്ച അഹറോൻെറ പൌരോഹിത്യത്തെ വെല്ലുവിളിക്കുന്ന മെൽക്കിസ്ദെക്കിൻെറ നിത്യമായ പൌരോഹിത്യത്തെയോ 22—ാം സങ്കീർത്തനത്തിൽ പറയുന്ന വ്യാകുലങ്ങളുടെ മനുഷ്യനെയോ അവതരിപ്പിക്കുവാൻ സ്തുതിപാടകൻ മുതിരുകയില്ല. 16—ാം സങ്കീർത്തനത്തിൽ പറയുന്ന അഭിഷിക്തൻെറ കബറിടത്തിലെ അക്ഷയത്വം മുഖസ്തുതിയുടെ പരിധിയിലെല്ലാം കവിയുന്നതാണ്. മുഖസ്തുതിക്കാർ ഒരാറം സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെടുന്നതായോ ഏററം പ്രതാപപൂർണ്ണമായ അമർത്യതയിൽ എത്തിയതായോ വിഭാവനം ചെയ്യേക്കാമെന്നല്ലാതെ കബറിടത്തിൽക്കൂടി കടത്തി അക്ഷയത്വം കല്പിക്കുന്നതിനു് മിനക്കെടുകയില്ല. സങ്കീർത്തനങ്ങറംവഴി ദൈവത്തിൻെറ അഭിഷിക്തൻ വരുവാൻപോകുന്നു എന്നുള്ള ധാരണ പൊതുജനങ്ങളുടെ ഇടയിൽ ബി. സി. 10—ാം നൂററാണ്ടിൽ പ്രചരിച്ചു.

## കന്യക ഗർഭം ധരിക്കും

പിന്നാലെവന്ന പ്രവചകന്മാർ എല്ലാവരുംതന്നെ അഭിഷിക്തനെപ്പററി പലതും പ്രവചിച്ചിട്ടുണ്ടു്. 738—ൽ ആക്കാബു് രാജാവു് സ്വയരക്ഷയ്ക്കായി അസ്സിരിയൻ രാജാവുമായി സഖ്യത്തിൽ ഏപ്പെട്ടു. ആത്മഹത്യാപരമായ ഈ സഖ്യത്തെ ഏശയ്യാപ്രവാചകൻ എതിർത്തു. മനുഷ്യൻെറ നിസ്സഹായതയിൽക്കൂടി പ്രവർത്തിക്കുന്ന ദൈവത്തിൻെറ പ

രിപാലനാരീതി വിദൂരഭാവിയിൽനടക്കേണ്ട ഒരു സംഭവംവഴി പ്രവാചകൻ വ്യക്തമാക്കി. പുതിയ യുഗങ്ങളുടെ അടയാളമായി ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടും. ഹെബ്രായ പ്രതിയിലുള്ള ''അലൈംസാ'' എന്ന പദത്തിനു് യുവതി എന്നുമാത്രമേ അർത്ഥമുള്ളു. യുവതി ഗർഭം ധരിക്കുക സാമാന്യമാണു്. തന്മൂലം അതു് പുതിയ യുഗങ്ങളുടെ അടയാളമായിരിക്കുകയില്ല. തന്മൂലം യഹൂദപണ്ഡിതന്മാർ 'കന്യക' എന്ന അർത്ഥത്തിലാണു് അതു് സ്വീകരിച്ചതും. യൂദന്മാർ കന്യാത്വത്തെ മാനിക്കുന്നില്ലെങ്കിലും ഈ വാക്യത്തെ അവർ അലങ്കോലപ്പെടുത്തുകയുണ്ടായില്ല. ഗ്രീക്കു പ്രതിയിൽ കന്യക എന്നർത്ഥമുള്ള ''പർത്തേനോസ്'' എന്ന വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്.

## ഉത്ഭവം നിത്യത്വത്തിൻെറ ദിവസങ്ങളിൽനിന്നു്

ഒരു തലമുറ കഴിഞ്ഞു് മിക്കിയാ പ്രവാചകൻ ബി. സി. 701—ൽ വരുവാനിരിക്കുന്ന അഭിഷിക്തൻ ബേസ്ലഹം ഗ്രാമത്തിൽ ജനിക്കുമെന്നു് അറിയിച്ചു. ''ബേസ്ലഹമെ! ഇസ്രായേലിലെ ഗ്രാമങ്ങളിൽ നീ ഏററം ചെറുതെങ്കിലും എൻെറ ജനമായ ഇസ്രായേലിൻെറ നായകൻ നിന്നിൽനിന്നത്രേ വരേണ്ടതു്. അവൻെറ ഉത്ഭവം നിത്യത്വത്തിൻെറ ദിവസങ്ങളിൽ നിന്നത്രേ.'' അഭിഷിക്തൻെറ ദൈവീക ഉത്ഭവംകൂടി ഇവിടെ അനുസ്മരിക്കപ്പെടുന്നു. അഭിഷിക്തൻെറ ജനനത്തെപ്പററി ഏശയ്യാ ''നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. സർവ്വാധിപത്യം അവൻെറ തോളിൽ വയ്ക്കപ്പെട്ടിരിക്കുന്നു. അവൻെറ പേർ അതിശയനീയനായ ഉപദേഷ്ടാവു്, സർവ്വശക്തനായ ദൈവം, സമാധാനത്തിൻെറ രാജാവു്, ഭാവിയുഗങ്ങളുടെ പിതാവു് എന്നെല്ലാമാണു്....അവൻെറ ഭരണം പ്രതാപപൂർണ്ണമായിരിക്കും....അവസാനമില്ലാത്ത സമാധാനമുണ്ടാകും. അവൻ ദാവീദിൻെറ സിംഹാസനത്തിന്മേൽ ഇരിക്കുകയും സത്യത്തോടും നീതിയോടുംകൂടി ഭരിക്കുകയും ചെയ്യും.

## സർവ്വലോക ആധിപത്യം

അഭിഷിക്തൻ ഇസ്രായേലിനുവേണ്ടിമാത്രമല്ല. പുറജാതികളും അങ്ങുവഴിയായി ഉദ്ധരിക്കപ്പെടേണ്ടിയിരിക്കുന്നു— ഐസയാസ് പറയുന്നു ''ആ നാളുകളിൽ യഹോവായുടെ ഭവനം സ്ഥിതിചെയ്യുന്ന മല മററെല്ലാ മലകളിലും ഉയർത്തപ്പെടും. എല്ലാ ജനങ്ങളും അവിടേയ്ക്കു വരും. അവൻ ഇപ്രകാരം പറയും: 'യഹോവായുടെ മലയിലേയ്ക്കു്—യാക്കോബിൻെറ ഭവനത്തിലേയ്ക്കു് നമുക്കു പോകാം.' അവൻ അവൻെറ വഴികളും നമ്മെ പഠിപ്പിക്കും. എന്തെന്നാൽ സത്യപഠനം സെഹിയോനിൽനിന്നത്രേ പ്രഖ്യാപിക്കപ്പെടുന്നതു്— അവൻ ജാതികളുടെമേൽ ന്യായവിധി നടത്തും.'' ഇവിടെ രാഷ്ട്രീയ മേധാവിത്വമല്ല പ്രതിപാദ്യവിഷയം. ''അവർ തങ്ങളുടെ വാളു കലപ്പയാക്കി പ

കത്തും. മനുഷ്യർ പരസ്പരം കലഹിക്കാതെ ഐക്യത്തിൽ കഴിഞ്ഞുകൂടും. ചെന്നായും ആട്ടിൻകുട്ടിയും ഒരുമിച്ചുവസിക്കും.''അഭിഷിക്തൻെറ സർവ്വലോക ആധിപത്യം മനുഷ്യഹൃദയങ്ങളിന്മേലാണ്. വിവാഹബന്ധംപോലുള്ള ഒരു ഐക്യമാണ് ദൈവവും മനുഷ്യരുംതമ്മിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. അഭിഷിക്തൻ വരനും, തൻെറ സഭ തൻെറ വധുവുമത്രേ. അഭിഷിക്തൻ ഇടയനും ജനങ്ങൾ ആടുകളുമത്രേ. ഇടയൻ തൻെറ ആടുകൾക്കുവേണ്ടി ആയുസ്സിനെ കൊടുക്കുന്നു.

കടൽമുതൽ കടൽവരെയും ലോകത്തിൻെറ അതിർത്തികൾവരെയും സത്യത്തിലും നീതിയിലും ഭരണംനടത്തുന്ന അഭിഷിക്തനെ ഐസയാസ് വിവരിക്കുന്നതു് യഹോവായുടെ ''കഷ്ടതയനുഭവിക്കുന്ന ദാസനായിട്ടാണ്.'' അഭിഷിക്തൻ വെളിപ്പെട്ടിരിക്കുന്നതു് ദരിദ്രരോടു് സുവിശേഷം പ്രസംഗിക്കുന്നതിനും, കുരുടന്മാർക്ക് കാഴ്ചകൊടുക്കുന്നതിനുമത്രേ. യഹോവായുടെ ദാസൻെറമേൽ മനുഷ്യരുടെ പാപങ്ങൾ വയ്ക്കപ്പെട്ടിരിക്കുന്നു. ഐസയാസിൻെറ 53—ാം അദ്ധ്യായം ക്രിസ്തുവിൻെറ പീഡാനുഭവങ്ങളുടെ ഏതാണ്ട് ഒരു ദൃക്സാക്ഷി വിവരണമാണ്.

## മനുഷ്യപുത്രൻ

ബാബിലോണിയൻ അടിമത്തകാലത്തു് ദാനിയേൽ യഹോവായുടെ പ്രവാചകനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിനുണ്ടായ സ്വർഗ്ഗീയ ദർശനം സാമ്രാജ്യങ്ങളുടെ അധഃപതനവും അഭിഷിക്തൻെറ ദൈവരാജ്യത്തിൻെറ മുന്നേററവും സൂചിപ്പിക്കുന്നു. ''കടലിൽനിന്നു വന്ന നാലു മൃഗങ്ങൾ ഭൗതിക സാമ്രാജ്യങ്ങളെയത്രേ സൂചിപ്പിക്കുന്നതു്. അവയെല്ലാം യഹോവായ്ക്കെതിരായി അണിനിരക്കുന്നു. ഇതേത്തുടർന്ന് ഒരു ന്യായവിധിയുടെ രംഗമാണ്. ഇതാ വാനമേഘങ്ങളിൽ മനുഷ്യപുത്രനെപ്പോലെ ഒരാൾ വരുന്നു. അയാൾ യഹോവായുടെ സമക്ഷം എത്തുന്നതോടെ അവൻെറമേൽ എല്ലാ ജനതകളുടെമേലും ദേശക്കാരുടെമേലും ആധിപത്യവും മഹത്വവും നൽകപ്പെടുന്നു. അവൻെറ ഭരണത്തിന്ന് അവസാനമുണ്ടാകുകയില്ല. അവൻെറ രാജത്വം നശിക്കുകയുമില്ല.'' ഇവിടെ മനുഷ്യപുത്രൻ അഭിഷിക്തനാണെന്നു് സ്പഷ്ടമാണ്. ഈ മനുഷ്യപുത്രൻ യൂദന്മാർ വിചാരിച്ചിരുന്നതുപോലെ ഒരു ഭൗതിക രാജാവോ അങ്ങേ രാജ്യം ഭൗതിക രാജ്യമോ അല്ല. എല്ലാമനുഷ്യരുടെയും നിത്യഭാഗധേയം അങ്ങേ കരങ്ങളിൽ അത്രേ. അവിടുന്ന് എല്ലാമനുഷ്യരുടെയും വിധിയാളനായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അഭിഷിക്തൻ പ്രത്യക്ഷപ്പെടുന്ന സമയത്തെപ്പററിയും ദാനിയേൽ വിവരിക്കുന്നുണ്ട്. ''പാപത്തിൻെറ ദുഷ്ടത നീങ്ങുന്നതിനും, പാപം ഇല്ലാതാകുന്നതിനും, ദൈവത്തിൻെറ നിത്യമായ കൃപ പുനഃസ്ഥാപിക്കുന്നതിനും, പ്രവചനങ്ങൾ പൂർത്തിയാകുന്നതിനും, സർവ്വപരിശുദ്ധൻ അഭിഷേകിക്കപ്പെടുന്നതിനും 70 ആഴ്ചവട്ടങ്ങൾ ($70 \times 7 = 490$ വർഷം) പാർത്തിരിക്കേണ്ടതുണ്ട്. ഓർശ്ലം പുതുക്കി പണിയുന്നതിനുള്ള കല്പന

പുറപ്പെട്ടുകഴിഞ്ഞു് 69 ആഴ്ചവട്ടങ്ങൾ കഴിഞ്ഞു് അഭിഷിക്തൻ നിങ്ങളുടെ നേതാവായി പ്രത്യക്ഷപ്പെടും. പട്ടണം പണിതു് 62 ആഴ്ചവട്ടങ്ങൾക്കുശേഷം ക്രിസ്തു വധിക്കപ്പെടും.'' അട്ടാക്സെർക്സസ് രാജാവിൻെറ ഓർഡ്യം പട്ടണം പണിയുവാനുള്ള കല്പന പുറപ്പെട്ടിട്ടു് 490 കൊല്ലങ്ങൾക്കകം അഭിഷിക്തൻ വരുമെന്നു സാരം.

ആയിരം കൊല്ലംകൊണ്ടു് പലസ്തീനായിലെ വിവിധ ദേശക്കാരും അന്യോന്യം പരിചയമില്ലാതെ വിവിധ കാലങ്ങളിലും ദേശങ്ങളിലും ജീവിച്ചിരുന്നവരുംകൂടി വരച്ചുണ്ടാക്കിയ ചിത്രമാണു് അഭിഷിക്തനെപ്പററിയുള്ള പ്രവചനങ്ങൾ. കാലും കയ്യുമെല്ലാം അതാതിൻെറ സ്ഥാനത്തു് കൂട്ടിവച്ചു നോക്കിയാൽ അതു് ഒരു മനുഷ്യൻെറ ചിത്രമാകും. അവിടവിടെയായി ചിതറിക്കിടക്കുന്ന ഈ പ്രവചനങ്ങൾ കൂട്ടിച്ചേർത്തുവച്ചു് പരിശോധിക്കുന്നവനു് അവരെയെല്ലാം കരുവാക്കിക്കൊണ്ടു് അവരുടെ പിന്നിൽ പ്രവത്തിക്കുന്ന ഒരു ചിത്രമെഴുത്തുകാരനെ കാണുവാൻ സാധിക്കും— അല്ലാത്തവക്കു് ഈ പ്രവാചകന്മാർ പിച്ചും പേയും പറയുന്നതായിട്ടുമാത്രമേ തോന്നുകയുള്ളു. സംഭവത്തിനുശേഷംമാത്രമേ അവയെല്ലാം യഥായോഗ്യം കൂട്ടിയിണക്കി അതെല്ലാം നസ്രായൻ യേശുവിൽ പൂത്തിയായിരിക്കുന്നതായി മനസ്സിലാക്കുവാൻ സാധിച്ചുള്ളു. അതിനുമുമ്പും ഒരു രക്ഷകൻ വരുവാനിരിക്കുന്നു എന്നുള്ള ബോധം പൊതുജനങ്ങളിലും നേതാക്കന്മാരിലും ഉണ്ടായിരുന്നു. എന്നാൽ ഈ വിഷയത്തിൽ അഭിപ്രായ ഐക്യം ഉണ്ടായിരുന്നില്ല. ചിലർ വരുവാനുള്ളതു് രാജാവാണെന്നും, മററുള്ളവർ മൽക്കിസ്ദെക്കിൻെറ ക്രമത്തിലുള്ള പുരോഹിതനാണെന്നും, ഇനിയുമൊരുകൂട്ടർ രണ്ടു അഭിഷിക്തന്മാർ (ഒരാൾ രാജാവും മറെറയാൾ പുരോഹിതനും) വരുവാനിരിക്കുന്നുവെന്നും വാദിച്ചു. പലസ്തീനായ്ക്കു പുറമെയുള്ളവക്കു് അഭിഷിക്തൻ ഒരു ആളേ അല്ല. അവക്കു ലോകം മുഴുവൻ പ്രചരിക്കേണ്ട യഹോവായുടെ സത്യവിശ്വാസമാണു് ഈ അഭിഷിക്തൻ.

യൂദന്മാക്കു് അവരുടെ അരിഷ്ടതകളിൽ ആശ്വാസം നല്കിയിരുന്നതു് അഭിഷിക്തനെപ്പററിയുള്ള പ്രതീക്ഷയാണു്. മററുജാതികളിൽനിന്നെല്ലാം വ്യത്യസ്ഥമായി ഭാവിയിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഒരു വ്യക്തിയെപ്പററി ഖണ്ഡിതമായ ബോധം അവക്കു് ഉണ്ടായിരുന്നു. മററു് ആളുകൾക്കും ഈ വസ്തുത അജ്ഞാതമായിരുന്നില്ല. റോമൻ ചക്രവത്തിയായിരുന്ന തിബേരിയസ് സീസറിനു് അത്താഴവേളയിലെ വിനോദസംസാരത്തിനുള്ള വിഷയം യൂദന്മാരുടെ അഭിഷിക്ത പ്രതീക്ഷയായിരുന്നു.

---

## അദ്ധ്യായം 8

# അവതാരകൻ

പ്രവാചകന്മാരിൽ ഒടുവിലത്തേയാറം സഖറിയായുടെ പുത്രൻ യോഹന്നാനത്രേ. അദ്ദേഹം ഒരു സന്യാസസമൂഹമായ എസ്സീനിയരുടെ ഗണത്തിൽപ്പെട്ടവനാണെന്നു് സംശയിക്കപ്പെടുന്നു. തിബേരിയസ് സീസറിൻെറ കാലത്തു് ഇസ്രായേലിലെ പ്രവാചകന്മാരുടെ പാരമ്പര്യമനുസരിച്ചു് അദ്ദേഹം മരുഭൂമിയിൽ ദൈവ അരുളപ്പാടു് അറിയിച്ചു: ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കുവിൻ'' ഒരു പ്രവാചകൻ പ്രത്യക്ഷപ്പെട്ടിട്ടു് നാലു നൂററാണ്ടു കഴിഞ്ഞിരുന്നു. ദൈവരാജ്യത്തിൻെറ സ്വഭാവം അയാറം വ്യക്തമാക്കി—ഇസ്രായേലിൻെറ പുതിയ ദൈവരാജ്യം ജനങ്ങറംക്കു് പുത്തരിയൊന്നുമല്ല— പ്രവചനങ്ങളനുസരിച്ചു് ദാവീദിൻെറ രാജ്യം പുനഃസ്ഥാപിക്കപ്പെടുമെന്നും അതു് ലോകത്തിൻെറ അതിർത്തികറംവരെയുമുള്ള എല്ലാരാജ്യങ്ങളെയും അടക്കിഭരിക്കുമെന്നും അവർ സ്വപ്നം കണ്ടുകൊണ്ടിരുന്നു. എന്നാൽ പുതിയ രാജ്യം അനുതാപത്തിലത്രേ അടങ്ങിയിരിക്കുന്നതു്. ദൈവരാജ്യം അടങ്ങിയിരിക്കുന്നതു് രാഷ്ട്രീയ മേധാവിത്വത്തിലല്ലാ, ഹൃദയസംസ്കരണത്തിലത്രേ. ''രണ്ടു കോട്ടുള്ളവൻ ഒന്നു് ഇല്ലാത്തവനു് കൊടുക്കണം.'' ഈ ദൈവരാജ്യം യൂദന്മാരുടെ കുത്തകയുമല്ല. ''ദൈവത്തിനു് ഈ കല്ലുകളിൽനിന്നു് അബ്രാഹത്തിനു് പുത്രന്മാരെ ജനിപ്പിക്കുവാൻ സാധിക്കും.''

പൊതുജനങ്ങറംമാത്രമല്ല സമുദായ പ്രമാണികറംപോലും ഇയാറം പ്രവചനങ്ങറം അനുസരിച്ചു് വരുവാനുള്ള അഭിഷിക്തൻ അഥവാ ക്രിസ്തു ആണോ എന്നു് സംശയിക്കുകയും വസ്തുത തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു ദൌത്യസംഘത്തെ അയയ്ക്കുകയുംചെയ്തു. യോഹന്നാൻെറ മറുപടി നിഷേധരൂപത്തിലായിരുന്നു. താൻ അഭിഷിക്തനു് വഴി ഒരുക്കുവാൻ വന്നിരിക്കുന്നു. തൻെറ പിന്നാലെ വരുന്നവനാണു് പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നതു്.

### സ്നാനപ്പെടുത്തുന്നു

ഇങ്ങനെയിരിക്കെ നസ്രായൻ യേശു യോഹന്നാൻെറപക്കൽ സ്നാനപ്പെടുവാൻ വന്നു. യേശുവിനെ പരിചയമില്ലെങ്കിലും തൻെറ അമാനുഷീക വ്യക്തിവിലാസത്തിൽ സ്തംഭിച്ചു് സ്നാനപ്പെടുത്തുവാൻ വിസമ്മതിച്ചു. യേശുവിൻെറ നിർബ്ബന്ധംമൂലം യോഹന്നാൻ യോർദനാൻ നദിയിൽ ബെത്ബാറ കടവിൽവെച്ചു് സ്നാനപ്പെടുത്തി. യോഹന്നാൻ അനുതാപികളെ യോർദനാൻ നദിയിൽ സ്നാനപ്പെടുത്തിയിരുന്നു. ഈ സ്നാനം അനുതാപത്തെ സൂചിപ്പിക്കുന്നതല്ലാതെ ആത്മാവിൽ എന്തെങ്കിലും മാററം വരുത്തിയിരുന്നതായി അദ്ദേഹം അവകാ

ശപ്പെടുകയുണ്ടായില്ല. നസ്രായൻ യേശുവിനെ സ്നാനപ്പെടുത്തിയതി നെതുടൎന്ന് ദൈവസാന്നിദ്ധ്യം പ്രത്യക്ഷമാക്കമാറു് ഒരു പ്രാവിൻെറഭാഷയിൽ പരിശുദ്ധാത്മാവു് അങ്ങേ ശിരസ്സിൽ ആവസിക്കുകയും ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവൻ എനിക്കു് പ്രസാദിച്ചിരിക്കുന്നു. ഇവനെ കേൾക്കുവിൻ,'' എന്നു് ഒരു സ്വരം സ്വൎഗ്ഗത്തിൽനിന്നു് കേൾക്കുകയുംചെയ്തു. യോഹന്നാൻെറ സംശയമെല്ലാം നീങ്ങി. ''ഞാൻ അവനെ അറിഞ്ഞിരുന്നില്ല. അനുതാപത്തിൻെറ സ്നാനം നടത്തുവാൻ എന്നെ അയച്ചവൻ അറിയിച്ചതു് നീ ആരുടെമേൽ പരിശുദ്ധാത്മാവു് പ്രാവിൻെറഭാഷയിൽ ആവസിക്കുന്നതായി കണുന്നുവോ അവനാണു് പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ'' എന്നാണു്. ഇതേതുടൎന്നു് യോഹന്നാൻ ക്രിസ്തുവിനെ ലോകസമക്ഷം അവതരിപ്പിച്ചു. ''ഇതാ ലോകത്തിൻെറ പാപങ്ങളെ വഹിക്കുന്ന ചെമ്മരിയാട്ടിൻകുട്ടി.'' ഇതോടെ യോഹന്നാൻെറ ദൌത്യം അവസാനിച്ചു. ഇവയെല്ലാം ദൃക്സാക്ഷികളായ യോഹന്നാൻെറ രണ്ടു ശിഷ്യന്മാർ (അന്ത്രയോസും യോഹന്നാനും) നസ്രായൻ യേശുവിനെ അനുഗമിക്കുകയും അതോടെ യേശു ദൈവരാജ്യത്തിനുവേണ്ടിയുള്ള തൻെറ പ്രേഷിതവേല ആരംഭിക്കുകയുംചെയ്തു. എഴുപതുകൊല്ലം കഴിഞ്ഞു് യോഹന്നാൻ തൻെറ സുവിശേഷം എഴുതുമ്പോൾക്കൂടെയും ഈ രംഗത്തെപ്പററിയുള്ള ഓൎമ്മ സജീവമത്രേ. പത്തുമണിയായിരുന്നു യേശുവിൻെറ അടുക്കൽ ചെല്ലുമ്പോൾ എന്നു് യോഹന്നാൻ സുവിശേഷകൻ എടുത്തുപറയുന്നുണ്ടു്.

## ആഭ്യന്തര ജീവിതം വെളിപ്പെടുത്തുന്നു

ഇവിടെവച്ചാണു് നസ്രായൻ യേശുവിൻെറ ചരിത്ര പഠിതാക്കൾ ഇരുവഴികളിലായി തിരിയുന്നതു്. ഒരുകൂട്ടൎക്കു് പ്രപഞ്ചാതീതനായ ദൈവത്തിൻെറ ദൌത്യവും കൊണ്ടുവരുന്ന നസ്രായൻ യേശു ചരിത്രപുരുഷനല്ല. തച്ചൻ യൌസേപ്പിൻെറ മകൻ യേശു പല സ്ഥലങ്ങളിലും പഠിച്ചുരങ്ങേറി ബെത്ബാറാ കടവിൽ കുളിക്കുമ്പോൾ ഒരു പ്രാവു് എവിടെനിന്നോ വന്നു് തലയിൽ ഇരുന്നിരിക്കാം. സ്വൎഗ്ഗത്തിൽനിന്നുള്ള സ്വരവുംമററും അന്ത്രയോസിൻെറയും യോഹന്നാൻെറയും ഞരമ്പുപിണക്കത്തിൽനിന്നും ഉത്ഭവിച്ചിരിക്കാം. മററൊരു കൂട്ടൎക്കു് ഈ സംഭവം പ്രപഞ്ചാതീതനായ ദൈവത്തിൻെറ ചരിത്രപ്രവേശനമാണു്. ഇതുവരെ ചരിത്രത്തിനു പുറമേനിന്നു് ചരിത്രത്തിൻെറ ഗതിയെ നിയന്ത്രിക്കുകയാണു്. ഇതുമുതൽ ചരിത്രത്തിനുള്ളിൽ പ്രവേശിച്ചുകൊണ്ടാണു് ചരിത്രത്തെ നിയന്ത്രിക്കുന്നതു്. ഇതുവരെ ദൈവം അജ്ഞാതനായിരുന്നു. 15 നൂററാണ്ടുകൾക്കുമുമ്പു് ഹോറേബു് മലയിൽവെച്ചു് തൻെറ വ്യക്തിത്വം വെളിപ്പെടുത്തിയെങ്കിലും തൻെറ ആഭ്യന്തര ജീവിതം ഇനിയും അജ്ഞാതമായിരുന്നു. മുപ്പരിശുദ്ധനായ (പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ) യഹോവായുടെ ആഭ്യന്തര ജീവിതത്തിലെ മുപ്രതീഷ്ഠയും മൂവാൾജീവിതവും വെളിപ്പെടുന്നതു് ബെ

ത്ബാറാ കടവിൽവെച്ചാണ്. യൂദന്മാർ ഏകദൈവ വിശ്വാസികളാണ്. ഏക ദൈവത്തിൽ വ്യത്യസ്ഥരായ മൂന്നാളുകൾ ഉള്ളതായിട്ടാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്. സ്വർഗ്ഗത്തിൽനിന്നു് സാക്ഷിക്കുന്ന പിതാവു്, ആരെപ്പററി സാക്ഷിപ്പെടുത്തുന്നുവോ ആ പുത്രൻ. പ്രാവിന്റെ ഭാഷയിൽ യേശുവിന്റെ ശിരസ്സിൽ ആവസിക്കുന്ന പരിശുദ്ധാത്മാവു്. ദൈവികമായ പ്രവത്തനമാണ് യോഹന്നാൻ പരിശുദ്ധാത്മാവിൽ ആരോപിക്കുന്നതു്. പരിശുദ്ധാത്മാവിൽ ഉള്ള സ്നാനം തന്റെ സ്നാനത്തിൽനിന്നു് വ്യത്യസ്ഥമായി ആത്മാവിനെ സംസ്കരിക്കുന്നു. പില്ക്കാലങ്ങളിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തണമെന്നാണ് ക്രിസ്തു ശിഷ്യന്മാരോടു് ആവശ്യപ്പെടുന്നതു്. വ്യത്യസ്ഥരായ മൂന്നാളുകളുടെ അധികാരത്താൽസ്നാനപ്പെടുത്തുന്നുവെങ്കിലും മൂവരുംകൂടി ഒരേ ഒരു വിശുദ്ധീകരണംമൂലമേ (നാമങ്ങളിലല്ല നാമത്തിൽ) ആകുന്നുള്ളു. ഒരു ദൈവത്തിൽ മൂന്നു ദൈവമെന്നോ ഒരാളിൽ മൂന്നാളെന്നോ പറഞ്ഞാൽ അതു് പരസ്പര വിരുദ്ധമാണ്. ഒരു ദൈവത്തിൽ മൂന്നാളെന്നു പറഞ്ഞാൽ പരസ്പരവിരുദ്ധമല്ലെങ്കിലും അതു് നമ്മുടെ ഗ്രഹണശക്തിയിൽ ഒതുങ്ങുകയില്ല. ദൈവം നമ്മുടെ ഗ്രഹണശക്തിയിൽ ഒതുങ്ങുവാനേയുള്ളുവെങ്കിൽ അതു് തീത്തും പാപ്പരായ ദൈവമായിരിക്കും. വഴിയേ പോകുന്നവൻ വീടിന്റെ അകം കാണാതെ പുറംമാത്രം കാണുന്നപോലെ യുക്തികൊണ്ടു് ദൈവാസ്ഥിക്യമല്ലാതെ ദൈവത്തിന്റെ ആഭ്യന്തരപ്രകൃതി മനസ്സിലാക്കുക സാധ്യമല്ല. വെളിപ്പെടുത്തിയാൽപോലും നേരിട്ടു കാണാതെ അതെങ്ങനെയെന്നു് പൂണ്ണമായി മനസ്സിലാകുകയില്ല.

## ചെമ്മരിയാട്ടിൻകുട്ടി

പൌരാണികക്കു് യോഹന്നാന്റെ സ്നാനത്തിൽ ദൈവം നസ്രായൻ യേശുവിൽ വസിക്കുകയാണ് ചെയ്തതു്. ആധുനികക്കു് ഒരുപുതിയ ആത്മീയ അനുഭവം നസ്രായൻ യേശുവിൽ ഉണ്ടായി എന്നുമാത്രം. ഈ ആത്മീയ അനുഭവത്തിൽനിന്നു് പുതുതായ ഒരു ദൌത്യത്തെപ്പററിയുള്ള ബോധം ഉത്ഭവിച്ചതോടെ സോക്രട്ടീസിനെയും മററും പോലെ ഒരു ധാമ്മീകോപദേഷ്ടാവയിത്തീന്നു. ലോകപാപങ്ങൾക്കു് പരിഹാര ബലിയായിത്തീരുക എന്നതു് ആധുനികരുടെ അഭിരുചികൾക്കു് ഒട്ടും പററിയതല്ല. പാപം അവക്കു് ഒരു യാഥാർത്ഥ്യമേയല്ല. ദുഷ്ടനും ശിഷ്ടനും തമ്മിലുള്ള വ്യത്യാസം കടിക്കുന്ന പട്ടിയും കടിയ്ക്കാത്ത പട്ടിയും തമ്മിലുള്ളതുമാത്രം. പാപം ഒരു യാഥാർത്ഥ്യമാണെങ്കിൽതന്നെയും അതിന്റെ പരിഹാരത്തിന്മേൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ഷൈലോക്കു മോഡലിലുള്ള ദൈവം സ്വീകാര്യനേയല്ല. ഒരു മനുഷ്യൻ മററുള്ളവരുടെ പാപ പരിഹാരാർത്ഥം ബലി അപ്പിക്കപ്പെടുക എന്നതാണ് ആധുനികക്കു് ഏററം അഗ്രാഹ്യമായ സംഗതി. യൂദന്മാർ പാപത്തിലും പാപ പരിഹാരത്തിലും എല്ലാം വിശ്വസിച്ചിരു

ന്നവരാണ്. പാപ പരിഹാരാർത്ഥം കുഞ്ഞാടിനെ ബലികഴിക്കുക എന്നതു് അവക്കു് സുപരിചിതമായ ഏപ്പാടാണ്. അതു് സൂചനാപരമായ ഒരു അപ്പണംമാത്രം. തങ്ങളുടെ സ്ഥാനത്തു് ഒരു കുഞ്ഞാടിനെ അപ്പിക്കുകയത്രേ. കുഞ്ഞാടിനെ കൊല്ലുന്നതുവഴി ദൈവത്തിനു് തങ്ങളുടെമേലുള്ള അധികാരത്തെ ഏററുപറയുന്നു. മനുഷ്യൻെറ പുരുഷാത്മകത്വം അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇസ്രായേലിൽ നരബലി വിലക്കപ്പെട്ടിരിക്കുകയാണ്. ലോകപാപങ്ങളുടെ പരിഹാരാർത്ഥമുള്ള കുഞ്ഞാടു് എന്നുവെച്ചാൽ കുഞ്ഞാടു് വധിക്കപ്പെടുന്നതുപോലെ ഈ മനുഷ്യൻ വധിക്കപ്പെടണമെന്നോ മരണശിക്ഷ ഏറെറടുക്കണമെന്നോ അല്ലേ സൂചിപ്പിക്കപ്പെടുന്നതു്? പാപ പരിഹാരാർത്ഥം ഒരു മനുഷ്യൻ മരണം സ്വീകരിക്കുക എന്ന ദൈവത്തിൻെറ വിധിത്തീപ്പു് എത്ര കക്ശം? ഓരോ മനുഷ്യനും അവനവൻെറ പാപഭാരം ഏറെറടുക്കുക എന്നതു് മനസ്സിലാക്കാം. മറെറാരാളിൻെറയോ ലോകം മുഴുവൻെറയോ പാപഭാരം ഒരാൾ ഏറെറടുക്കേണ്ട കാര്യമെന്താണ്? ഈ ആൾ ''എൻെറപ്രിയ പുത്രൻ ഇവനാകുന്നു'' എന്നു് സ്വഗ്ഗത്തിൽനിന്നു് സാക്ഷിപ്പെടുത്തപ്പെട്ട ആൾ ആണ്. ദൈവത്തോടു ബന്ധപ്പെട്ട ആൾ ലോകം മുഴുവൻെറയും പാപ ഭാരം ഏറെറടുക്കുക എന്നതു് ഈ പ്രശ്നത്തെ കൂടുതൽ രൂക്ഷതരമാക്കുന്നു. ഒരാൾ ലോകം മുഴുവൻെറയും പാപഭാരം ഏറെറടുക്കുക എന്നതു് ലോകം മുഴുവനെയും ഈ ഒററ ആളിനു കടപ്പെടുത്തുകയല്ലേ? മാനവചരിത്രം മുഴുവൻ ഒരൊററ വ്യക്തിയിൽ കേന്ദ്രീകരിക്കുക, ഈ കേന്ദ്രനടനു ചുററും ലോകചരിത്രം മുഴുവനും ഒരു നാടകമാക്കി കേന്ദ്രീകരിക്കുക, ചരിത്രസംഭവങ്ങളെയെല്ലാം ഈ കേന്ദ്രനടൻെറ മാനദണ്ഡമനുസരിച്ചു് വിധിത്തീപ്പിനു വിധേയമാക്കുക എന്നിവയെല്ലാമല്ലേ സാവ്വത്രികമായ ഈ പരിഹാരബലിയിൽ അന്തർഭവിച്ചിരിക്കുന്നതു്?

ആധുനികക്കു് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, യോഹന്നാൻെറ അവതരണത്തിലും നയപ്രഖ്യാപനത്തിലും ഇവയെല്ലാം അന്തർഭവിച്ചിട്ടുണ്ടു്. പൌരാണികരെപ്പോലെ നസ്രായൻ യേശു മനുഷ്യനല്ലെന്നും ദൈവം യേശുവിൽ വസിക്കുക മാത്രമേ ചെയ്യുള്ളു എന്നും യോഹന്നാൻ വിശ്വസിച്ചിരുന്നില്ല. ക്രിസ്തുവിൻെറ മനുഷ്യത്വത്തെപ്പററിയും ദൈവത്വത്തെപ്പററിയും അദ്ദേഹത്തിനു് പൂണ്ണ ബോധ്യമുണ്ടായിരുന്നുവോ? തന്നിൽനിന്നു സ്നാനം സ്വീകരിച്ചവൻ മായയോ നിഴൽ ശരീരമോ അല്ല. ബലി അപ്പിക്കപ്പെടേണ്ടവൻ മനുഷ്യനത്രേ. പൂണ്ണ മനുഷ്യനായ നസ്രായൻ യേശു പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്ന ദൈവവുമത്രേ. യോഹന്നാനു് പാപം ഒരു യാഥാത്ഥ്യമായിരുന്നു. പാപ പരിഹാരത്തിനു പിന്നിൽ ഷൈലോക്കിൻെറ ഇടുങ്ങിയ മനസ്ഥിതിയല്ല, മക്കളുടെ ഉയച്ചയെ ത്വരിപ്പിക്കുന്നതിനുവേണ്ടി പരിഹാരം ആവശ്യപ്പെടുന്ന വാത്സല്യ പിതാവിൻെറ ആത്മാത്ഥമായ സ്നേഹമാണ് അദ്ദേഹം ദൈവത്തിൽ ദർശിക്കുന്നതു്. ഷൈലോക്കിനെപ്പോലെയുള്ള ദുഷ്ടന്മാർ പ്രതികാരത്തിനുവേണ്ടിയാണ് പരിഹാരത്തിന്മേൽക

ടിച്ചു തൂങ്ങിക്കിടക്കുന്നതു്. ഉത്തമനായ വാത്സല്യ പിതാവു് അയാളു ടെ ജീവിതവീക്ഷണത്തിൻെറ തോതനുസരിച്ചു് മക്കാം പരിഹാരം ചെയ്യണമെന്നു് നിഷ്കർഷിച്ചുവെന്നോ പിടികൂടുവാൻ തക്കംനോക്കി നടന്നുവെന്നോ വരുവാൻപാടുണ്ടു്. പ്രതികാരമല്ല അതിൻെറ ലക്ഷ്യം. അയാളുടെ ഉന്നതമായ ജീവിതവീക്ഷണത്തിൻെറ തോതനുസരിച്ചു് പുത്രനെ മുന്നേററുവാൻതന്നെ. തിന്മയിൽനിന്നു് പ്രതിനിവത്തിപ്പി ക്കാതെ മകനോടു് ദാക്ഷിണ്യം കാണിക്കുന്നവൻ കൂട്ടുകുററവാളി (accomplice) ആണു്. നല്ലവനായ പിതാവു് പുത്രൻെറ ദുഷ്ട മനസ്ഥി തി മാററുവാനുള്ള ഒരു ഉപകരണമായിട്ടാണു് പരിഹാരം ദർശിക്കുന്ന തു്. മകനുവേണ്ടി ത്യാഗം അനുഷ്ഠിക്കുന്നതിനുള്ള പുതിയ പുതിയ മാ ർഗ്ഗങ്ങളും പരിഹാരം നിഷ്കർഷിക്കുന്നതിൽ പിതാവു് അന്വേഷിപ്പാൻ പാടുണ്ടു്. മനുഷ്യനോടു് കൂടുതൽ അടുക്കുന്നതിനും ബന്ധം സ്ഥാപി ക്കുന്നതിനുമുള്ള ഒരു മാർഗ്ഗമായി പരിഹാരത്തിന്മേൽ ദൈവം നിഷ്കർ ഷിക്കുന്നതായിട്ടാണു് യോഹന്നാൻ സങ്കല്പിക്കുന്നതു്.

ക്രിസ്തുകഴിഞ്ഞാൽ യോഹന്നാനെപ്പോലെ ലോകായതികരാൽ വെറുക്കപ്പെടുന്ന മറെറാരു വ്യക്തി ഭൂമുഖത്തില്ല. ''നിനക്കവളെ വെ ച്ചുകൊണ്ടിരിക്കുവാൻ പാടില്ല'' എന്നുള്ള വിലക്ക് ഹെറോദിയായെ മാത്രമല്ല ലോകയതികരെയത്രയും കലികൊള്ളിക്കുന്നു. അദ്ദേഹം ഒരു ദോഷൈക ദൃക്കാണെന്നോ പൗരസ്ത്യരുടെ കർമ്മഫലസിദ്ധാന്തവുംമററും എസ്സീനിയൻ സന്യാസ സമൂഹത്തിൻെറ ശിക്ഷണത്തിൽനിന്നു് പ്രാ പിച്ചതാണെന്നോ ചിന്തിക്കുന്നവരുമുണ്ടു്. യോഹന്നാൻെറ പരിഹാ ര ബലിസ്സു്ഈ സിദ്ധാന്തങ്ങളുമായി ഒരു ബന്ധവുമില്ല. യോഹന്നാൻ പരിചയമില്ലാതിരുന്ന ആളിനെ ദൈവനിവേശത്താൽ മനസ്സിലാ ക്കി ദൈവത്തിൻെറ രക്ഷണീയ പരിപാടി അതേദൈവനിവേശ ത്തിൽനിന്നും വെളിപ്പെടുത്തിയെന്നുമാത്രം. ഇതു വഴി മുൻ പ്രവചന ങ്ങളും പൂർണ്ണതയിൽ എത്തിക്കുകമാത്രമാണു്ചെയ്തതു്. ദാവീദിൻെറ വ്യാകുലങ്ങളുടെ മനുഷ്യൻ, ഏശയ്യായുടെ പീഡകളും സഹിക്കുന്ന ദാ സൻ, ദാനിയേലിൻെറ ദാസവേഷത്തിൽ പുറപ്പെടുന്ന മനുഷ്യപുത്രൻ എന്നിവരുടെയെല്ലാം തുടച്ചയും പൂർത്തീകരണവുമാണു്പാപ പരി ഹാരാർത്ഥമുള്ള ചെമ്മരിയാട്ടിൻകുട്ടി.

## അദ്ധ്യായം 9

# പ്രലോഭകൻ

ഇസ്രായേൽജനത ദൈവത്തിനു പുറമെ സൃഷ്ടികളായ അരൂപികളിൽ വിശ്വസിച്ചിരുന്നു. ദൈവീകദൌത്യം വഹിച്ചുകൊണ്ടു് ഈ അരൂപികൾ ഇസ്രായേലിന്റെ ചരിത്രത്തിൽ ഇടപെടുന്നുണ്ടു്. ഇതിനും പുറമെ ദൈവത്തിന്റെ ശാപമേററ ദുഷ്ടരായ അരൂപികൾ ആദിമാതാപിതാക്കന്മാരുടെ ധാർമ്മിക അധഃപതനത്തോടെ ലോകത്തെ അവരുടെ കൊള്ളവസ്തു (booty) ആക്കിയതായും അതിന്മേൽ ആധിപത്യം വഹിക്കുന്നതുമായാണു് യൂദന്മാരുടെ വിശ്വാസം. അരൂപിയായ ദൈവത്തിൽ വിശ്വസിക്കുവാൻ വിസമ്മതിക്കുന്നവർക്കു് മററു അരൂപികളും സ്വീകാര്യമായിരിക്കുകയില്ല. സുവിശേഷങ്ങളിൽ ക്രിസ്തു നിരവധി പിശാചു ബാധിതരെ സ്വസ്ഥമാക്കിയതായി പറയുന്നുണ്ടു്. സമ്മതിച്ചാലും ഇല്ലെങ്കിലും എക്കാലങ്ങളിലും എല്ലാരാജ്യങ്ങളിലും മനുഷ്യരെ അലട്ടുന്ന ഒരു പ്രശ്നമാണു് പിശാചുബാധ. ആധുനികരുടെ അടവു് ഞരമ്പുരോഗമെന്നു് പറഞ്ഞു് ഈ പ്രശ്നത്തിൽനിന്നു് ഒഴിഞ്ഞു മാറുകയാണു്. തൊണ്ണൂറുശതമാനം കേസുകളും മാനസികരോഗംതന്നെയെന്നു തോന്നുന്നു. ഉള്ളതിനും ഇല്ലാത്തതിനും എല്ലാം പിശാചിനെ കുററപ്പെടുത്തുന്നതു് ശരിയല്ല. അതേസമയം എല്ലാം ഞരമ്പുരോഗത്തിനു് ആരോപിക്കുന്നതും ശരിയല്ല. യുക്തികൊണ്ടു് മററു അരൂപികളുടെ ആസ്ഥിക്യം തെളിയിക്കുക സാദ്ധ്യമല്ലെങ്കിലും അവയുടെ ആസ്ഥിക്യത്തിനു് യുക്തി എതിരല്ല. മനുഷ്യന്റെ ശരീരത്തിന്മേൽ ആവസിച്ചുകൊണ്ടും മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെട്ടു് മനുഷ്യനെ പ്രലോഭിപ്പിച്ചുകൊണ്ടും പിശാചു് തന്റെ രാജ്യം ലോകത്തിൽ സ്ഥാപിക്കുവാൻ ബദ്ധപ്പെടുന്നുവെന്നാണു് യൂദന്മാരുടെ വിശ്വാസം. പിശാചിന്റെ ആധിപത്യത്തിൽനിന്നു് ലോകത്തെ മോചിച്ചു് ദൈവരാജ്യം സ്ഥാപിക്കുന്നതിനാണു് ക്രിസ്തു അവതരിച്ചിരിക്കുന്നതു്. ക്രിസ്തുവിന്റെ ദൈവത്വം ആദ്യമായി ഏററുപറഞ്ഞുവെളിപ്പെടുത്തിയതു് പിശാചുബാധിതരായ ആളുകളാണു്. അതു് ഞരമ്പുരോഗംമൂലമാണെന്നു് തോന്നുന്നില്ല. ''ഞങ്ങളെ ഓടിക്കുവാൻ നീ വന്നിരിക്കുന്നുവോ'' എന്നു് പിശാചുബാധിതർ പലവുരു ആവലാതിപ്പെടുന്നുണ്ടു്. ക്രിസ്തുവിനെതന്നെയും പ്രലോഭിപ്പിക്കുന്നതിനു് പിശാചു് മനുഷ്യവേഷത്തിൽ അടുത്തുകൂടിയതായിട്ടാണു് സുവിശേഷകൻ വിവരിക്കുന്നതു്.

### കല്ലു് അപ്പമാക്കുക

യോഹന്നാൻ ക്രിസ്തുവിനെ ലോകസമക്ഷം അവതരിപ്പിച്ചശേഷം ക്രിസ്തു തന്റെ പ്രേഷിതവേലയ്ക്കൊരുക്കമായി ഏകാന്തവാസ

ത്തിൽ പ്രവേശിച്ച് തപസ്സിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. വിശപ്പുകൊണ്ട് അവശനായിരിക്കവെ ഭോജനപ്രിയത്തിനു് പ്രലോഭിപ്പിക്കുകയായിരുന്നു പിശാചിന്റെ ആദ്യയത്നം. ''നീ ദൈവപുത്രനെങ്കിൽ കല്ല് അപ്പമാക്കിത്തീർക്കുക'' ഇതായിരുന്നു പ്രലോഭകന്റെ നിർദ്ദേശം. തങ്ങൾക്കെതിരായ ദൈവരാജ്യഭീഷണി ദുഷ്ടാരൂപികൾ സഹിക്കുകയില്ല. ദുഷ്ടാരൂപികൾ മനുഷ്യരെ വശീകരിക്കുന്നതു് മത്സ്യങ്ങൾക്ക് ചൂണ്ടമേലുള്ള ഇരപോലെ പ്രാപഞ്ചിക സന്തോഷങ്ങൾവഴിയാണു്. ഇസ്രായേൽജനത ചേലാകർമ്മപ്രതീക്ഷയുടെയെല്ലാംശേഷം പ്രപഞ്ചാതീതദൈവത്തിൽ വിശ്വസിച്ചിരുന്നാലും മററവരേയുംപോലെ പ്രാപഞ്ചികസന്തോഷങ്ങൾക്കുവേണ്ടിയാണു് ജീവിച്ചിരുന്നതു്. അവരുടെ പുരോഹിതരത്രേ ഏററം വലിയ ഭൌതീകവാദികൾ. പ്രവാചകന്മാർ മാത്രമേ അരൂപിയായ ദൈവത്തെ അവതരിപ്പിക്കുവാനുള്ളു. അവസാനത്തെ പ്രവാചകനായിരുന്ന യോഹന്നാൻ ലോകത്തെ വെല്ലുവിളിച്ചുകൊണ്ടാണു് പ്രത്യക്ഷപ്പെട്ടതു്. നസ്രായൻ യേശുവിന്റെയും ഗതിഅതുതന്നെയോ? ക്രിസ്തുവിനെ ഭോജനപ്രിയംവഴി തന്റെ ദൌത്യനിർവ്വാഹണത്തിൽനിന്നു് വ്യതിചലിപ്പിക്കുകയാണു് പ്രലോഭകന്റെ ലക്ഷ്യം. ''ദൈവരാജ്യസ്ഥാപനത്തിനുവേണ്ടി നല്കപ്പെട്ടിരിക്കുന്ന അത്ഭുതവരം ക്രിസ്തു തന്റെ വ്യക്തിപരമായ സുഖജീവിതത്തിനു് ഉപയോഗിക്കുകയില്ല.''

രണ്ടു് ജീവിതവീക്ഷണങ്ങൾ തമ്മിലുള്ള ഏററുമുട്ടലാണു് ഇവിടെ നാം ദർശിക്കുന്നതു്. പ്രലോഭകന്റേതു് സമൃദ്ധിവഴി ലോകത്തിൽ സംതൃപ്തിയും സ്നേഹവും എല്ലാം കൈവരുത്തുകയാണു്. കൃഷികൊണ്ടും മററും സമൃദ്ധി ഉണ്ടാകുകയില്ല. അത്ഭുതവരംകൊണ്ടു്, കല്ല് അപ്പമാക്കികൊണ്ടു് പച്ചവെള്ളംപോലെ വിഭവങ്ങൾ സമൃദ്ധമായാൽ ആരാണു് ചൂഷണത്തിനു് പോകുക? ദാരിദ്ര്യമുള്ളിടത്തോളം കാലം മനുഷ്യന്റെ ഇടയിൽനിന്നു് സ്വാർത്ഥവും ചൂഷണവും മാറുകയില്ല. സമൃദ്ധിയിൽനിന്നത്രേ സ്നേഹവും നിസ്വാർത്ഥതയുമുണ്ടാകേണ്ടതു്. ക്രിസ്തുവിനു് നിസ്വാർത്ഥതയും സ്നേഹവും വരേണ്ടതു് സമൃദ്ധിയിൽനിന്നല്ല പ്രപഞ്ചാതീതവീക്ഷണത്തിൽ നിന്നാണു്. ''ഒന്നാമതായി ദൈവരാജ്യവും അങ്ങേ നീതിയും അന്വേഷിക്കുക അപ്പോൾ സകലവുംനല്കപ്പെടും.'' മനുഷ്യനു് അപ്പം ആവശ്യമില്ലെന്നു് ക്രിസ്തുവിനു് വാദമില്ല. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതെന്നു് മാത്രമേയുള്ളു. മനുഷ്യൻ ജീവിക്കുന്നതു് ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന വചനങ്ങൾകൊണ്ടാണു്. മനുഷ്യൻ സ്നേഹിക്കുവാൻ വേണ്ടിയാണു്. സ്നേഹിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാണു് അപ്പം. മനുഷ്യന്റെ ആവശ്യങ്ങളാകുന്ന കോവണിയുടെ ആദ്യത്തെപ്പടിമാത്രമാണു് അപ്പം. അതിനുപരിയായി നിരവധി ആവശ്യങ്ങളുണ്ടു്. ഏററം ഉപരിയായതു് സ്നേഹിക്കുകയാണു്. അപ്പം ആവശ്യമെങ്കിലും അതിനുവേണ്ടി ആകുല ചിന്തപ്പെട്ടിട്ടു് കാര്യമില്ല. അവനവൻ ചെയ്യാനുള്ളതു ചെയ്താൽ (കൃഷിചെയ്യുക) പറവകളെ പോററുന്ന ദൈവം

കല്ല് അപ്പമാക്കാതെതന്നെ മനുഷ്യരെ പോററും. സമൃദ്ധി എല്ലാകാലങ്ങളിലും, എല്ലാ ദേശങ്ങളിലും ഭിന്നതയ്ക്ക് വിത്തുപാകുന്ന എന്നുള്ളതാണ് അനുഭവം. അപ്പമോ, മനുഷ്യൻെറ വായിൽനിന്ന പുറപ്പെടുന്ന വചനംതന്നെയോ മനുഷ്യന് ശാന്തിനല്കുകയില്ല. മനുഷ്യൻെറ വായിൽനിന്ന പുറപ്പെടുന്ന പ്രകൃതിജന്യമായ സ്നേഹം സ്വതേ നല്ലതെങ്കിലും ശക്തമോ ശാശ്വതമോ മനുഷ്യനെ തൃപ്തിപ്പെടുത്തുന്നതിന് പര്യാപ്തമോ അല്ല. പ്രകൃതിജന്യമായ സ്നേഹം താല്പര്യങ്ങളുടെ സംഘട്ടനത്തിൽ ദ്വേഷമായി പകരുന്നു. സൃഷ്ടികറം മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെങ്കിലും, അവൻ അവയെ പരമാന്ത്യമായി വരിച്ച് ദൈവത്തിൽനിന്നകലുന്നതിനാണ് പലപ്പോഴും ഉപകരിക്കുന്നത്. ദാരിദ്ര്യത്തിൻെറയും അരിഷ്ടതകളുടെയുമിടയിൽ പ്രകൃതിജന്യമായ നന്മ നിലനിന്ന എന്നുവരും. സമൃദ്ധി മനുഷ്യൻെറ പ്രകൃതിജന്യമായ നന്മയെ മരവിപ്പിക്കുകയും, താല്പര്യങ്ങളുടെ സംഘട്ടനത്തിൽ സ്നേഹം ദ്വേഷമായിപകരുകയും ചെയ്യും.

## താഴേയ്ക്കു ചാട്ടക

പ്രലോഭകൻ ക്രിസ്തുവിനെ ദേവാലയഗോപുരത്തിൽ നിത്തി താഴേയ്ക്ക് ചാടുന്നതിന് ഉപദേശിച്ചു. ''നിൻെറ കാല് കല്ലിന്മേൽ ഉതയ്ക്കാതിരിക്കേണ്ടതിന് നിന്നെ താങ്ങിക്കൊള്ളുവാൻ തൻെറ മാലാഖാമാരോട് ആജ്ഞാപിച്ചിരിക്കുന്നു'' എന്ന് എഴുതപ്പെട്ടരിക്കുന്നു. ''നിൻെറ കത്താവായ ദൈവത്തെ നീ പരീക്ഷിക്കരുത്'' എന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ എന്നായിരുന്നു ക്രിസ്തുവിൻെറ മറുപടി.

ഇസ്രായേലിൻെറ അഭിഷിക്തൻ സ്വർഗ്ഗത്തിൽ നിന്നു വരുന്നു എന്നാണ് പൊതുജനങ്ങളുടെ പ്രതീക്ഷ. ദേവാലയ ഗോപുരത്തിൽനിന്നു ചാടുമ്പോറം മാലാഖമാർ നിലംതൊടീയ്ക്കാതെ ആകാശത്തിൽകൂടി ചുമന്നുകൊണ്ടു നടക്കുന്നു എന്നിരിക്കട്ടെ. സാമാന്യജനങ്ങറംക്ക് അതുമതി. അവക്ക് കുറെ വെടിക്കെട്ടും പ്രകടനവുമെല്ലാമാണ് ആവശ്യം— ദേവാലയഗോപുരത്തിൽനിന്ന് ചാടിയതാണെന്ന് ആളുകറം മനസ്സിലാക്കുകയില്ല. ജനങ്ങളെല്ലാം ആർപ്പുവിളിയോടെ അങ്ങേ സ്വീകരിക്കും— ജനങ്ങറം പിടിയിൽ അമന്നാൽ പിന്നെ എന്താണ് സാധ്യമല്ലാത്തത്?. തീപൊരിപ്പൻ പ്രസംഗങ്ങറംവഴി ജനനേതാക്കന്മാരെ കൈവശത്താക്കണം. ഇത്രയുമായിക്കഴിഞ്ഞാൽ റോമാക്കാരെ ഓടിച്ച് ഇസ്രായേലിൻെറ രാജ്യം സ്ഥാപിക്കണം. ആഥെൻസ്, റോമ, അലക്സാന്ത്രിയ മുതലായ പട്ടണങ്ങളിൽ പണ്ഡിതസദസ്സുകളോടു പ്രസംഗിച്ച് അവരെ വശത്താക്കി ഒരു അഖിലലോക സാമ്രാജ്യം സ്ഥാപിക്കണം. ഇതെല്ലാമാണ് പ്രലോഭകൻെറ നിർദ്ദേശങ്ങറം. ഇതൊന്നും ശത്രുവിൻെറ പ്രലോഭനമാണെന്ന് ലോകത്തിൽ ഒരു വ്യക്തിയും പറയുകയില്ല. ലോകത്തിൽ ഏതെങ്കിലും ഒരു പ്രസ്ഥാനം വി

ജയിപ്പിക്കണമെങ്കിൽ അതിനുള്ള അടവുകഠം ഇതൊക്കെത്തന്നെ. വിജയപ്രാപ്തിയിലെത്തിയിട്ടുള്ളവരെല്ലാം സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങഠം ഇവയൊക്കെത്തന്നെ. മറിച്ചുപ്രവർത്തിക്കുന്നവരുടെ അനുഭവം ഗാഗുൽത്തായാണ്. ക്രിസ്തുവിൻെറ പ്രത്യാശ സാമാന്യജനങ്ങളുടെ കഥയില്ലായ്മയെ ചൂഷണം ചെയ്തുകൊണ്ടു് കാര്യം നേടുകയല്ല. അവിടുത്തെ പ്രത്യാശ ദൈവത്തിലാണ്. ദൈവത്തെ പരീക്ഷിക്കരുതു്. തനിക്കു് വ്യക്തിപരമായി ഒന്നും നേടുവാനില്ല. ദൈവദൗത്യവും കൊണ്ടു് വന്നിരിക്കുന്നവൻ ദൈവത്തിൻെറ പദ്ധതിയത്രേ നിർവ്വഹിക്കേണ്ടതു്. ജനസമ്മതിയേക്കാളും പ്രശസ്തിയേക്കാളുമെല്ലാം മൗലികവും ആഴമുള്ളതുമായ കാര്യം നിർവ്വഹിക്കുവാനാണു് അവിടുന്നു് വന്നിരിക്കുന്നതു്. ഒരു പുതിയ ജീവിതവീക്ഷണം അവതരിപ്പിക്കുകയാണു് തൻെറ ലക്ഷ്യം. പപ്പടാച്ചികൊണ്ടു് അല്പന്മാരുടെ ഇടയിൽ പ്രശസ്തിയും സ്വാധീന ശക്തിയും പ്രാപിക്കാമെന്നുമാത്രമേയുള്ളു.

ദ്വേഷവിപ്ലവം ആളിക്കത്തിച്ചു് ജനങ്ങളെ പട്ടാളച്ചിട്ടയിൽ സംഘടിപ്പിക്കുന്നതിനും അക്രമം പ്രവർത്തിക്കുന്നതിനും മററും ഇതെല്ലാം പററിയ അടവുകളാണ്. ക്രിസ്തു വന്നിരിക്കുന്നതു് സ്നേഹവിപ്ലവം അവതരിപ്പിക്കുവാനാണ്. അതിൻെറ അടവുകളെല്ലാം, ഇതിനു്കടകവിരുദ്ധമാണ്. ദൈവരാജ്യം മനുഷ്യൻെറ ഉള്ളിലാണ്. അതിൻെറലക്ഷ്യം മനുഷ്യൻെറ സംസ്കരണമാണ്. ചെണ്ടകൊട്ടി പരസ്യം ചെയ്തുകൊണ്ടോ, മററു മാനുഷികമായ അടവുകഠം കൊണ്ടോ മനുഷ്യൻ അനുതപിച്ചു് ജീവിത നവീകരണം നിർവ്വഹിക്കുവാൻ പോകുന്നില്ല. ഒരു ദിവസം കൊണ്ടൊന്നും മനുഷ്യവർഗ്ഗം സംസ്കരിക്കപ്പെടുമെന്നു് അങ്ങേയ്ക്കു് പ്രതീക്ഷയില്ല. ദൈവരാജ്യസ്ഥാപനത്തിൽ ഭൌതീക മൂല്യങ്ങഠംക്കു് സ്വകീയമായി വിലകല്പിക്കുന്നില്ല. ആത്മീയമൂല്യങ്ങഠംക്കു് വിധേയമാകുന്നതിൻെറ തോതനുസരിച്ചുമാത്രമേ അവയ്ക്കു് എന്തെങ്കിലും വിലയുള്ളു. ധനം, സ്വാധീനശക്തി, പാണ്ഡിത്യം എന്നിവയ്ക്കെല്ലാം അടിയറവെച്ചുകൊണ്ടുള്ള ദൈവരാജ്യം അങ്ങേയ്ക്കു സ്വീകാര്യമല്ല. അവിടുന്നു് മുക്കുവരെ സഹപ്രവർത്തകരായി സ്വീകരിക്കുന്നു. സാധുക്കളോടു് സുവിശേഷം പ്രസംഗിക്കുന്നു. ദൈവരാജ്യത്തിലെ മുക്കുവൻ ദൈവവചനം ഒന്നുകൊണ്ടുമാത്രം മനുഷ്യരെ പിടിക്കുന്നു.

## എല്ലാം നിനക്കുതരാം

പ്രലോഭകൻ അവസാനമായി ക്രിസ്തുവിനെ ഒരു മലയിൽ നിർത്തി ലോകത്തിൻെറ സകല പ്രതാപങ്ങളും കാണിച്ചുകൊണ്ടു് അവയെല്ലാം തൻേറതെന്നും മുട്ടുകുത്തി തന്നെ ആരാധിക്കുന്നപക്ഷം അവയെല്ലാം നല്കാമെന്നും വാഗ്ദാനം ചെയ്തു. ദൈവദൂഷണപരമായ ഈ നിർദ്ദേശങ്ങളെ തിരസ്കരിച്ചുകൊണ്ടു് പിശാചിനെ ആട്ടി ഓടിക്കുകയാണു് അവിടുന്നു് ചെയ്തതു്. ഭൌതീകാധിപത്യം: രാഷ്ട്രീയാധികാ

രം, എന്നിവയെല്ലാം വേണ്ടതരത്തിൽ കൈകാര്യം ചെയ്യുന്നപക്ഷം അതിശീഘ്രം ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കാമെന്നാണ് പ്രലോഭകൻെറവാദം. ഭൗതീകാധിപത്യവും, രാഷ്ട്രീയാധികാരവും, ലോകാധികാരവും കൈകാര്യം ചെയ്ക എന്നതു്, ദൈവരാജ്യം അതിന്നടിയറവെയ്ക്കുകയാണ് എന്നു് തുറന്നു പറയുന്നതിനുള്ള ആത്മാൎത്ഥ പ്രലോഭകനുണ്ടായി. ദൈവരാജ്യം സ്ഥാപിക്കുന്നതിനു് ലോകരാജ്യവുമായി ഒരു ധാരണയിൽ എത്തണമെന്നുള്ളതാണ് എക്കാലത്തുമുള്ള ലോകായതികരുടെ വാദം. ധാരണയിൽ എത്തുക എന്നുവച്ചാൽ അധീനപ്പെടുക എന്നൎത്ഥം. കേസറിൻേറതു് കേസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുക്കുക എന്നുള്ളതിൽ കവിഞ്ഞുള്ള ഒരു ധാരണയ്ക്കും ക്രിസ്തുവിനു് ഒരുക്കമില്ല. കേസറിൽനിന്നു് വ്യത്യസ്തനായ ദൈവം കേസറിനോടുള്ള ഒരു വെല്ലുവിളിയായിട്ടാണ് ലോകായതികർ കരുതുന്നതു്. ക്രിസ്തു ഒഴികെ ലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള തത്വസിദ്ധാന്തികളും മത സ്ഥാപകന്മാരുമെല്ലാം വിജയം വരിച്ചിട്ടുള്ളതു് രാഷ്ട്രീയബന്ധം മൂലവും സഹകരണം മൂലവുമാണ്. കൺഫ്യൂഷിയനിസം ചക്രവൎത്തിയുടെ സഹായത്താൽ പ്രചരിച്ചു. ബുദ്ധമതം അശോകൻെറ സഹായം മൂലം പ്രചരിച്ചു. മഹമ്മദുമതം നഗ്നമായ വാളിൻെറ പ്രയോഗംകൊണ്ടുമാത്രം. രാഷ്ട്രീയാനുകൂല്യം മതത്തിനു് പ്രശസ്തിനല്കുന്നു. രാഷ്ട്രീയ ആനുകൂല്യം പ്രചാരത്തെ സഹായിക്കും. രാഷ്ട്രീയാധികാരം സഹായത്തിനെത്തിയാൽ പിന്നത്തെക്കാര്യം പറയുകയേ വേണ്ട. നേരേമറിച്ചു് തച്ചൻെറ ദൈവരാജ്യം, മുക്കുവൻപ്രചരിപ്പിക്കുന്ന സുവിശേഷം സ്വീകരിക്കുവാൻ വളരെ ചുരുക്കംപേരേ ഉണ്ടാവുകയുള്ളു. അതു് വിജയം വരിക്കുന്നുവെങ്കിൽ സ്വൎഗ്ഗത്തിൽനിന്നുള്ള ഇടപെടൽകൊണ്ടുമാത്രം. എന്നാൽ ഭൗതിക ശക്തികൾക്കു് അടിയറവെയ്ക്കാത്ത ദൈവരാജ്യം ഭൗതീക തകൎച്ചകളെ അതിജീവിച്ചു് മുന്നോട്ടുപോകും.

പിശാചു് മഹാ ബുദ്ധിമാനെങ്കിലും അവൻേറതു് കുരുട്ടു ബുദ്ധിയാണ്. അവൻെറ സൂക്ഷ്മ ബുദ്ധി വളരെ ആഴത്തിൽ പരിശോധിക്കുകയും അടവുകൾ നിൎമ്മിക്കുകയും ചെയ്യുമെങ്കിലും ദൈവീക വെളിച്ചത്തിൻെറ അഭാവത്തിൽ ഒന്നും ഉള്ളതുപോലെ കാണുകയില്ല. ക്രിസ്തു ദൈവപുത്രനെന്നു് അവൻ സംശയിക്കുന്നുണ്ടു്. അവനു് (പിശാചിനു്) ദൈവീക അധികാരവും ശക്തിയും ലഭിച്ചാൽ അവൻ എങ്ങനെ പ്രവൎത്തിക്കുമോ അങ്ങനെ ക്രിസ്തുവും പ്രവൎത്തിക്കുമെന്നാണ് അവൻെറ പ്രതീക്ഷ. ദൈവത്തിൻെറ ശക്തിയല്ലാതെ ആന്തരിക പ്രകൃതി അവൻ മനസ്സിലാക്കിയിട്ടില്ല. ക്രിസ്തു ഒരു വിപ്ലവകാരിയാണെന്നും ശക്തി പ്രകടിപ്പിക്കുവാനല്ല സ്നേഹവിപ്ലവം അവതരിപ്പിക്കുവാനാണ് വന്നിരിക്കുന്നതെന്നുമുള്ള സംഗതി അവനു് അഗ്രാഹ്യമാണ്. അവൻ ദൈവരാജ്യത്തെ വിഭാവനം ചെയ്യുന്നതു് പിശാചിൻെറ രാജ്യത്തിൻെറ രീതിയിലത്രേ. പിശാചിൻെറ സ്ഥാനത്തു് ദൈവം ആണെന്നുമാത്രം. സ്വയം അൎപ്പിച്ചുകൊണ്ടുള്ള സ്നേഹം അവ

നു് സങ്കല്പിക്കുവാൻ സാധിക്കുകയില്ല. ദ്വേഷ വിപ്ലവത്തിൻെറ മു ന്നേററത്തിനുള്ള മാർഗ്ഗങ്ങൾ സമൃദ്ധി, പ്രകടനം, രാഷ്ട്രീയാധിപത്യം എന്നിവയെല്ലാമാണു്. ഈ അടവുകൾ സ്നേഹവിപ്ലവവും കൊണ്ടുവ ന്നിരിക്കുന്ന ആൾ സ്വീകരിക്കുമെന്നു് പ്രതീക്ഷിക്കുന്നതിനുള്ള മൌ ഢ്യവും, അന്ധതയും പിശാചിനുണ്ടു്. ഇത്ര ബുദ്ധിമാനായ പിശാചി ൻെറ അന്ധത മനസ്സിലാക്കുന്നതിനു് വളരെ ബുദ്ധിമാന്മാരായ ചില ആളുകളുടെ അന്ധതയെപ്പററിയും ആത്മവഞ്ചനയെപ്പററിയുമുള്ള ന മ്മുടെ അനുഭവം ഉപകരിക്കും.

ക്രിസ്തുവിനോടുകൂടി ഈ പ്രലോഭനങ്ങൾ അവസാനിക്കുന്നില്ല. ലോകാവസാനംവരെ വിവിധ വേഷങ്ങളിൽ അവ അവശേഷി ക്കും. ക്രിസ്തു പ്രലോഭകനെ ആട്ടി ഓടിച്ചതുപോലെ ക്രിസ്തുവിൻെറ അനുയായികൾ ആട്ടി ഓടിക്കുവാൻ പോകുന്നില്ല. ആട്ടിഓടിക്കുന്ന വൻ സാമാന്യമായി കിറുക്കനായിട്ടാണു് കരുതപ്പെടുക. ഒന്നാം നൂ ററാണ്ടുമുതൽ 20—ാം നൂററാണ്ടുവരെ പ്രായോഗിക മനുഷ്യരായി കരു തപ്പെടുന്നവരത്രയും ക്രിസ്തുവിൻെറ കുരിശിനെ ഉപേക്ഷിച്ചു് സമൃദ്ധി, പ്രകടനം, അധികാരസേവ എന്നിവവഴിയായി സഭയെ മുന്നേററുന്ന തിനാണു് യത്നിച്ചുകൊണ്ടിരിക്കുന്നതു്. രാജാക്കന്മാരുടെയും ചക്രവ ർത്തികളുടെയും സംരക്ഷണം സഭയ്ക്കു് നാശമേ വരുത്തിയിട്ടുള്ളു. ഭൌ തിക ഐശ്വര്യവും സമൃദ്ധിയും അതിൻെറ ആത്മവീര്യത്തെ കെടു ത്തി. മതമർദ്ദനംകഴിഞ്ഞു് രണ്ടു തലമുറയ്ക്കുകം വൈദീകർ സ്വർണ്ണപാ ത്രങ്ങളിൽ ഭക്ഷിച്ചുതുടങ്ങി. ഭൌതീക പ്രതാപത്തിലും അധികാര ത്തിലും എത്തിയതോടെ ലോകായതികത്വവും അഴിമതികളും ഉന്നത സ്ഥാനങ്ങളിൽപോലും നുഴഞ്ഞുകയററി.

# അദ്ധ്യായം 10

# മനുഷ്യപുത്രൻ

പ്രലോഭകനെ ആട്ടിയോടിച്ചശേഷം നസ്രായൻ യേശു ചിരപ്രതീക്ഷിതമായ ദൈവരാജ്യം സ്ഥാപിക്കുന്നതിനായി പുറപ്പെട്ടു. ഏതാനും ശിഷ്യന്മാരെ ശേഖരിച്ച് പലസ്തീനായിലെ ഗ്രാമീണ ജനങ്ങളുടെ ഇടയിൽ ദൈവരാജ്യത്തെപ്പററി പ്രസംഗിച്ചു തുടങ്ങി. യോഹന്നാനെപ്പോലെ അങ്ങേയും എല്ലാവരും ഒരു പ്രവാചകനായിട്ടാണ് കരുതിയിരുന്നത്. ''സ്വർഗ്ഗരാജ്യം വന്നിരിക്കുന്നു. അനുതപിക്കുവിൻ'' എന്നായിരുന്നു യേശുവിൻെറയും സന്ദേശം.

നസ്രായൻ യേശു ഇന്ന് ക്രിസ്തു അഥവാ അഭിഷിക്തൻ എന്ന പേരിൽ ആണ് അറിയപ്പെടുന്നതു്. സമകാലീനർ, പ്രവാചകൻ, ഗുരു എന്നീ പേരുകളിലാണ് അങ്ങേ അഭിസംബോധനം ചെയ്തിരുന്നതു്. അവിടുന്ന് സ്വയം നല്കിയ പേരു് ''മനുഷ്യപുത്രൻ'' എന്നാണ്. എൺപതിൽപരം പ്രാവശ്യം സ്വയം മനുഷ്യപുത്രൻ എന്ന പേരു് ആരോപിക്കുന്നു. ''മനുഷ്യപുത്രൻ'' എന്നതു് ഒരു ഹെബ്രായ ശൈലിയാണ് ''മനുഷ്യൻ'' എന്നു മാത്രമേ അതിന് അർത്ഥമുള്ളൂ. മനുഷ്യപുത്രൻ എന്ന വാക്കിന് സ്വതേ ദൈവത്വത്തിൻെറ ധ്വനിയില്ല. തൻെറ വ്യക്തിത്വം സ്ഥാപിക്കുന്നതിന് ക്രിസ്തു ദാനിയേലിൻെറ പ്രവചനത്തിൽനിന്നും (ദാനി. 7.13) സ്വീകരിച്ചതാണ് ഈ നാമം. ഈ പ്രവചനത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുന്നവന് ഈ അവകാശവാദത്തിൻെറ ഗൌരവം മനസ്സിലാക്കാം. മനുഷ്യരെ വിധിക്കുക എന്നതു് ദൈവത്തിനു സ്വന്തമായ അധികാരമാണ്. സകല മനുഷ്യരെയും സകല ജാതികളെയും വിധിക്കുന്നതിൽ ഉപരിയായ ദൌത്യം എന്തു സങ്കല്പിക്കുവാനുള്ളൂ? ഈ മനുഷ്യപുത്രൻെറ ഉത്ഭവമാണെങ്കിൽ ഭൂമിയിലല്ല. സ്വർഗ്ഗത്തിലാണ്. മനുഷ്യൻ എന്നുവെച്ചാൽ ഛായഎന്നാണർത്ഥം. ഇതു് ദൈവത്തിൻെറ ഛായയിലുള്ളതും ദൈവത്തിലുള്ളതുമായ ഒരു മനുഷ്യൻ, ആണ്. ദൈവവും തൻെറ ഛായയും തമ്മിലുള്ള ബന്ധം വെളിപ്പെടുത്തുന്നതു്കാലാന്തരത്തിൽ മാത്രം. ദൈവത്തിലെ അസൃഷ്ടമനുഷ്യൻ കാലത്തിൻെറ തികവിൽ സൃഷ്ടമാംസം ധരിച്ചതാണ് നസ്രായൻ യേശു. ഒരു കാര്യം തീർച്ചയാണ്. ദാസവേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ഈ ''മനുഷ്യൻെറ'' ജോലി ദൈവത്തിൻെറ പരമാധിപത്യത്തിൽ പെടുന്നവയാണ്. അപ്പസ്തോലന്മാരോ സാമാന്യജനങ്ങളോ ഇത്ര ചുഴിഞ്ഞു പരിശോധിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ദാനിയേലിൻെറ പ്രവചനം മനസ്സിരുത്തി വായിക്കുന്നവനു്''മനുഷ്യപുത്രൻ'' എന്ന വാക്കിൻെറ ധ്വനി സ്പഷ്ടമാണ്. വിധിയാളൻെറ മുമ്പിൽവെച്ച് ദൈവപുത്രനാണോ എന്നുള്ള ചോദ്യത്തിനുള്ള മറുപടി മനുഷ്യപുത്രൻ ദൈവത്തിൻെറ വലത്തുഭാഗ

ത്തിരിക്കുന്നതായും വാനമേഘങ്ങളിൽ വരുന്നതായും കാണുമെന്നാണു്. ഇതുതന്റെ ദൈവത്വപ്രഖ്യാപനമായിട്ടാണു് വിധിയാളന്മാർ മനസ്സിലാക്കിയതും. ബഹളമുണ്ടാകാതിരിക്കാൻ വേണ്ടി ക്രിസ്തു തന്റെ ദൈവത്വം പടിപടിയായിട്ടുമാത്രമേ വെളിപ്പെടുത്തുകയുണ്ടായുള്ളു. അന്തിമ വിസ്താരത്തിലാണു് അങ്ങേ ദൈവത്വം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതു്.

## കർത്താവു്.

ക്രിസ്തുവിന്റെ ഉയിർപ്പിനെതുടർന്നാണു് അങ്ങേ ദൈവത്വം അപ്പസ്തോലന്മാരും വിശ്വാസികളും ഖണ്ഡിതമായി സ്വീകരിച്ചതു്. സുവിശേഷങ്ങൾക്കെല്ലാം മുമ്പുള്ള പൌലോസിന്റെ ലേഖനങ്ങളിൽ ഈ വിശ്വാസം ഖണ്ഡിതരൂപം പ്രാപിച്ചുകാണുന്നു. ''കർത്താവു്''എന്ന സംജ്ഞ അങ്ങിൽ സാർവ്വത്രീകമായി ആരോപിക്കുന്നതു് അങ്ങേ ദൈവത്വത്തിന്റെ അംഗീകാരമായി പരിഗണിക്കാം. രാജാക്കന്മാരെ കർത്താവു് എന്നു വിളിക്കുന്ന പതിവു് പുറമെ നിലവിലിരുന്നുവെങ്കിലും ഇത്തരത്തിലുള്ള ദൈവീകരണത്തെ യൂദന്മാർ ദൈവദൂഷണമായിട്ടാണു് കരുതിയിരുന്നതു്. കൊർണ്ണേലിയോസു് പത്രോസിനെയും ലിസ്ത്രായിലെ ജനങ്ങൾ പൌലോസിനെയും ആരാധിക്കുവാൻ വന്നപ്പോൾ സർവ്വ ശക്തിയോടെ അതിനെ എതിർക്കുകയുണ്ടായി പുതിയ നിയമത്തിൽ ''കർത്താവു്'' എന്നു വിളിക്കുന്നതു് ഒരു സങ്കല്പ സൃഷ്ട ശക്തിയെ കാണിക്കുവാനല്ല. ജനങ്ങളുടെ മതപരമായ വികാരങ്ങളുടെയും അനുഭവങ്ങളുടെയും മൂർത്തീകരണവുമല്ല ക്രിസ്തു. സഭ അങ്ങേ കർത്താവെന്നു വിളിക്കുമ്പോൾ അപ്പസ്തോലന്മാരുടെ അനുഭവങ്ങൾമാത്രമേ കണക്കിലെടുക്കുന്നുള്ളു. മരണത്തിന്മേലുള്ള അങ്ങേ ആധിപത്യത്തെ പരിഗണിച്ചുമാത്രമാണു് അവർ അങ്ങേ കർത്താവെന്നു വിളിക്കുന്നതു്. അവിടുന്നു് മരണം സ്വമേധയാ ഏറ്റെടുക്കുകയത്രേ. ''ഞാൻ പോകുകയും നിങ്ങളിലേയ്ക്കു് തിരിച്ചു വരികയും ചെയ്യുന്നു'' (J. 14-26.)

ഈ ലോകത്തിന്റെ നാഥനു് അവന്റെ മേൽ അധികാരമില്ല. പിതാവിന്റെ ഇഷ്ടം നിറവേററുന്നതിനു് അവിടുന്നു് മരണം സ്വാതന്ത്ര്യമായി തിരഞ്ഞെടുത്തു. താൻ എവിടേയ്ക്കു് പോകുന്നുവെന്നും മരണത്തിനപ്പുറം തന്നെ എന്തു പ്രതിക്ഷിക്കുന്നുവെന്നും അവിടുന്നു് അറിഞ്ഞിരുന്നു. ക്രിസ്തുവിനു്. മരണം പുതിയജീവിതത്തിലേയ്ക്കുള്ള ഒരു വഴി ആയിരുന്നതുകൊണ്ടു് അങ്ങേ മരണം പ്രകൃതിയുടെ ഗതി തട്ടിയുടയ്ക്കുന്നതിനെ സൂചിപ്പിക്കുന്നു. നിത്യം ആവർത്തിച്ചുകൊണ്ടിരുന്ന ജനനമരണ പരമ്പരയ്ക്കു് അവിടുന്നു് എന്നേയ്ക്കുമായി വിരാമമിട്ടു. ഈ പരമ്പരയ്ക്കു് പുറത്തേയ്ക്കുള്ള വഴിയാണു് അവിടുന്നു് തുറന്നതു്. ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്നതിൽ പ്രകൃതിയുടെ വിനാശത്തിൽനിന്നു് ദൈവത്തിന്റെ അമർത്ത്യ ജീവിതത്തിലേയ്ക്കു് പ്രവേശിക്കു

ന്നു എന്നാണു് ആദ്യ ക്രിസ്ത്യാനികഠം വിശ്വസിച്ചിരുന്നതു്. ക്രിസ്തുവിൻെറ അത്ഭുതങ്ങളിൽ സർവ്വോപരി അങ്ങേ ഉയിപ്പിൽ അങ്ങേ പരമാധിപത്യം വെളിപ്പെടുന്നു. എന്നാൽ ഈ വിജയം പൂണ്ണതയിൽ എത്തുന്നതു് പരലോകത്തിൽ മാത്രം. അപ്പോഠം മരണവും പീഡകളും നീക്കപ്പെടുകയും ക്രിസ്തു ജേതാവും വിധിയാളനുമായി പ്രത്യക്ഷപ്പെടുകയും ചെയ്യും. അതുവരെ ക്രിസ്തുവിൻെറഭരണം അശക്തമായും മററു കത്താക്കന്മാർ ചരിത്രത്തെ നിണ്ണയിക്കുന്നതായും തോന്നും. ഇതൊക്കെ ആയാലും, അവിടുന്നത്രേ ചരിത്രത്തിൻെറ നാഥൻ, അതിൻെറ ചക്കാൻ അങ്ങേക്കയ്യിൽ, എല്ലാ സൃഷ്ടികളും അങ്ങേ കരുക്കഠം.

## ലോകാരംഭത്തിനുമുമ്പുള്ള മഹത്വം

ലോകത്തിനു മേലായ തൻെറ ആധിപത്യത്തെപ്പററി ക്രിസ്തുവിനു് ബോധമുണ്ടായിരുന്നു. അങ്ങേ ലോകജീവിതം സമയത്തിനുമുമ്പും ചരിത്രം കഴിഞ്ഞുമുള്ള അങ്ങേ ജീവിതത്തെ മറച്ചിരുന്നില്ല. ''പിതാവേ, ലോകാരംഭത്തിനുമുമ്പു് നിന്നോടുകൂടി എനിക്കുണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്നോടുകൂടി മഹത്വപ്പെടുത്തുക'' J. 17-5. ലോകം ഉണ്ടാകുന്നതിനു മുമ്പു് വചനം പിതാവുമായി ഗാഢമായ ഐക്യത്തിൽ വത്തിച്ചിരുന്നു. മററുള്ളവരെപ്പോലെ ക്രിസ്തു ലോകത്തിൻേറതായിരുന്നില്ല. ദൈവം ലോകത്തിനു് അതീതനായി വത്തിക്കുന്നതുപോലെ ക്രിസ്തുവും ലോകത്തിനു് അതീതമായി വത്തിക്കുന്നു. അവിടുന്നു് പൂണ്ണമായും ദൈവീക തുറയിൽപ്പെട്ട ആളത്രേ. അങ്ങേ വചനങ്ങഠം പിതാവിൻെറ ലോകത്തോടുള്ള വചനങ്ങളാണു്. അവിടുന്നു ചെയ്യുന്നവ പിതാവിൻെറ പ്രവൃത്തികളത്രേ. ''ഞാൻ പിതാവിലും പിതാവു് എന്നിലും ആണെന്നു് നിങ്ങഠം അറിയുന്നില്ലേ?'' സ്വർഗ്ഗീയ പിതാവുമായുള്ള ബന്ധത്തെപ്പററിയുള്ള ബോധം മരണത്തെ സംബന്ധിച്ചുള്ള വാഗ്ദാനങ്ങഠംക്കു് അങ്ങേ പ്രാപ്തനാക്കി. ''എന്നിൽ വിശ്വസിക്കുന്നവൻ മരിക്കുകയില്ല.'' J. 11-26 വിശ്വാസംവഴി തനിക്കു് പ്രതിഷ്ഠിക്കുന്നവരെ തനിക്കു് പിതാവുമായുള്ള ഐക്യത്തിൽ സ്വീകരിക്കുന്നു. ''അവരെല്ലാം ഒന്നാകേണ്ടതിനും ഞാൻ നിന്നിലും നീ എന്നിലും ആയിരിക്കുന്നതുപോലെ.''J. 11-21 തൻെറ നിത്യമായ ദൈവീക ജീവിതത്തെ അനുസ്മരിച്ചുകൊണ്ടു് ''പിതാവായ അബ്രാഹം എൻെറ നാളുകഠം കാണുന്നതിനാഗ്രഹിച്ചു.'''' അബ്രാഹം ആയിരുന്നതിമുമ്പു് ഞാൻ ഉണ്ടു്.'' (J. 8-56-58). ക്രിസ്തു ഈ അവകാശവാദങ്ങഠം നടത്തുമ്പോഠം യൂദന്മാർ പുച്ഛിച്ചു് അവഗണിക്കുന്നതിനു പകരം കലികൊണ്ടു് കല്ലെടുക്കത്തക്കവിധത്തിൽ കാര്യമായിട്ടുതന്നെ എടുത്തു.

## വിധിയാളൻ

നിത്യപിതാവിൻെറ പുത്രനെന്നവകാശപ്പെടുന്നതിൽ ഈ ബോധം സ്പഷ്ടമാണു്. മററാരും ദൈവപുത്രനെന്നു് വിളിക്കപ്പെടുന്നതിൽ

ഉപരിയായ രീതിയിൽ അവിടുന്നു് ദൈവപുത്രനാണു്. മാതാപിതാക്കന്മാർ മററുള്ളവക്കെങ്ങനെയോ അങ്ങനെയാണു് പിതാവു് തനിക്കു്. തനിക്കുള്ളതും താൻ ചെയ്യുന്നതുമെല്ലാം പിതാവിൻേറതാണു്. പിതാവിൻെറ ഭാഗത്തുനിന്നു് തനിക്കുള്ളതത്രയും പുത്രനു് നല്കിയിരിക്കുന്നു. ക്രിസ്തു പിതാവിൻെറ അസ്തിത്വത്തിൽ അതിൻെറ പൂർണ്ണതയിൽ ഓഹരിക്കാരനാകുന്നു. പിതാവിനെപ്പോലെതന്നെ ക്രിസ്തുവും തൻെറ സത്തയിൽ ദൈവമാണു്. തന്മൂലം ക്രിസ്തു അറിയുന്നതുപോലെ പിതാവിനെ ആരും അറിയുന്നില്ല, പിതാവറിയുന്നതുപോലെ ആരും ക്രിസ്തുവിനെയും അറിയുന്നില്ല. അവിടുന്നു് ദൈവപുത്രനായതുകൊണ്ടു് ദൈവീക കാര്യങ്ങടം യഥേഷ്ടം കൈകാര്യംചെയ്യുന്നു. മനുഷ്യരക്ഷയെ സംബന്ധിച്ച കാര്യങ്ങളിലെല്ലാം അങ്ങേ തീരുമാനങ്ങടം അധികൃതമാണു്. ''മനുഷ്യപുത്രനു് ലോകത്തിൽ പാപങ്ങടം മോചിക്കുന്നതിനധികാരമുണ്ടെന്നു് അറിയുവാൻ നിൻെറ കട്ടിൽ എടുത്തുകൊണ്ടു് നിൻെറ വീട്ടിലേയ്ക്കു് പോകുക.'' ക്രിസ്തു ദൈവപുത്രനായതുകൊണ്ടു് മനുഷ്യരെ വിധിക്കുന്നതിനു് അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. തൻെറ വിധി പിതാവിൻെറ വിധിയാണു് വെളിപ്പെടുത്തുന്നതു്. പുത്രത്വംവഴി പിതാവിൻെറ ബഹുമാനംതന്നെയാണു് തനിക്കും ഉള്ളതു്. തൻെറ മഹത്വത്തിനുവേണ്ടി താൻ ബദ്ധപ്പെടണമെന്നില്ല. പിതാവാണു് തന്നെ മഹത്വപ്പെടുത്തുന്നതു്. പിതാവിൻെറ മഹത്വമാണു് തൻെറ ഭക്ഷണം. പുത്രനായതുകൊണ്ടു് മററുള്ളവരെ ദത്തുപുത്രരായി പിതാവിൻെറ ഇഷ്ടക്കേടുകൂടാതെ വീട്ടിൽ കൊണ്ടുവരാം. അവരെ സഹോദരന്മാരായി സ്വീകരിച്ചുകൊണ്ടു് തനിക്കുള്ള പുത്രത്വത്തിൽ അവരെയും എടുക്കുന്നു. പുത്രനെന്നുള്ള നിലയിൽ തനിക്കുള്ള ജീവൻെറ പൂർണ്ണതയിൽനിന്നു് സ്നേഹംവഴിയായി തന്നോടു് ബന്ധിക്കപ്പെടുന്നവക്കു് മരണത്തെ അതിജീവിക്കുന്ന ജീവൻ നല്കും. ക്രിസ്തുവിൻെറ അവകാശവാദങ്ങടം സമകാലീനർ ഗൌരവമായി വീക്ഷിച്ചതുതന്നെ അങ്ങേ മരണത്തിനു കാരണം. മരണത്തിലും പിതാവു് തനിക്കു പിതാവുതന്നെ. മരിക്കുക എന്നതു് പിതാവിൻെറ പക്കലേയ്ക്കു് തിരിച്ചു പോകുകയാണു്. ചരിത്രപരമായ തൻെറ ദൌത്യം നിവ്വഹിച്ചശേഷം ലോകത്തിനും ചരിത്രത്തിനുംമുമ്പു് തനിയ്ക്കുണ്ടായിരുന്ന മഹത്വത്തിലേയ്ക്കു് പിതാവു് തന്നെ തിരിച്ചു വിളിക്കുകയാണു്.

## വചനം ദൈവമായിരുന്നു

മർത്ത്യജീവിതത്തിനുമുമ്പുള്ള ക്രിസ്തുവിൻെറ ആസ്ഥിക്യം യോഹന്നാൻ സുവിശേഷകൻ ഇപ്രകാരം വിവരിക്കുന്നു. സമയത്തിൻെറ ''ആരംഭത്തിൽ വചനം സ്ഥിതിചെയ്തിരുന്നു. വചനം ദൈവത്തോടുകൂടി ആയിരുന്നു. വചനം ദൈവമായിരുന്നു അങ്ങുവഴിയായി എല്ലാവസ്തുക്കളും ആസ്ഥിക്യത്തിൽ എത്തി അങ്ങിൽ കൂടിയല്ലാതെ യാതൊന്നും ഉണ്ടായിട്ടില്ല'' മനുഷ്യൻെറ അധരങ്ങളിൽനിന്നു വരുന്ന

വാക്കുകളെപ്പററിയും ആശയത്തെപ്പററിയും ആണു് നാം വചനം എന്നുപറയുന്നതു്. എന്നാൽ മനുഷ്യന്റെ അധരങ്ങളിൽനിന്നുവരുന്ന വചനം ഒരു ആളല്ല. ക്രിസ്തുവിനു് ഒന്നുരണ്ടു നൂററാണ്ടു മുമ്പുമുതൽ പ്ലേറേറാണിയൻ തത്വശാസ്ത്രത്തിന്റെ പ്രേരണയിൽ സാർവ്വത്രികമായ ഒരു ലോകമനസ്സിനെപ്പററിയുള്ള ബോധം ചിന്തകന്മാരുടെ ഇടയിൽ ജനിക്കുകയും ഈ സങ്കല്പസൃഷ്ടിക്കു് വചനം എന്നർത്ഥമുള്ള "ലോഗോസ്" എന്നപേരു കൊടുക്കുകയുംചെയ്തിരുന്നു. ഒരേ ഒരു മനസ്സു് എല്ലാററിലും വിശ്വം മുഴുവനിലും കുടികൊള്ളുന്നുവെന്നും, ഓരോ വ്യക്തിയുടെയും മനസ്സു് ഈ വിശ്വാത്മാവിന്റെ അംശമാണെന്നും, ഈ അസൽ മോഡൽ വസ്തുവിന്റെ ബാഹ്യ പ്രത്യക്ഷീകരണമായിട്ടു് എല്ലാവസ്തുക്കളെയും ഗണിക്കുന്നതാണു് ഓരോ വസ്തുവിനും വിശ്വം മുഴുവനും ലക്ഷ്യം കല്പിക്കുന്നതിനു് ഉപകരിക്കുക എന്നുമായിരുന്നു പ്ലാറേറായുടെ ആശയം. ഇക്കാലയളവിൽ വിരചിതമായ 'എക്ലീസിയാസ്റ്റസ്' എന്ന യൂദന്മാരുടെ മതഗ്രന്ഥം ഈ സാർവ്വത്രികമനസ്സിനോടു് പൊരുത്തപ്പെടുന്ന പ്രപഞ്ചാതീതദൈവത്തിന്റെ വചനമായ ഒരു "ലോഗോസിനെ" വിഭാവനംചെയ്യുന്നുണ്ടു്. യഹോവാ വചനംവഴിയായി ലോകത്തെ സൃഷ്ടിച്ചു. ഇവിടെ വചനംകൊണ്ടു് വിവക്ഷിക്കുന്നതു് ദൈവീകശക്തിയും ദൈവീകപ്രവർത്തനങ്ങളുമാണു്.

### "ലോഗോസ്"

യോഹന്നാൻ അവതരിപ്പിക്കുന്ന "ലോഗോസ്" അഥവാ വചനം മേല്പറഞ്ഞ വ്യക്തിത്വമില്ലാത്ത വിശ്വരൂപമോ മൂർത്തീകരണമോ അല്ല; കാലത്തിൽ മനുഷ്യസ്വഭാവമെടുത്ത ദൈവപുത്രനത്രേ. "വചനം മാംസമായി നമ്മിൽ വസിച്ചു." (ദൈവത്തിന്റെ അസൃഷ്ടവചനത്തിന്റെ വ്യക്തിത്വത്തെപ്പററി അടുത്ത അദ്ധ്യായത്തിൽ) ദൈവത്തിന്റെ അസൃഷ്ടവചനവും ഗ്രീക്കരുടെ ലോഗോസുമായി പൊരുത്തമുണ്ടു്. ദൈവം തന്റെ അസൃഷ്ടവചനത്തിൽ ലോകത്തെപ്പററിയുള്ള ആശയം വചിക്കുന്നു. തന്നിൽ സൃഷ്ടശക്തിയും സൃഷ്ട ആദർശവും സ്ഥിതിചെയ്യുന്നു. എല്ലാം ആസ്തിക്യത്തിൽ വന്നിട്ടുള്ളതു് ദൈവത്തിന്റെ സൃഷ്ടശക്തിയിൽനിന്നും സൃഷ്ടചിന്തയിൽനിന്നുമത്രേ. എല്ലാ വസ്തുക്കളിലും എല്ലാ സംഭവങ്ങളിലും പ്രകടിതമാകുന്ന നിത്യവും സാർവ്വത്രീകവുമായ ബോധാവസ്ഥ അവിടുന്നാണു്. യോഹന്നാന്റെ സുവിശേഷത്തിൽ സൂചിപ്പിക്കപ്പെടുന്നതു് ലോകം ഉണ്ടാകുന്നതിനു മുമ്പുതന്നെ അതിന്റെ ശക്തിയും ലക്ഷ്യവും ദൈവത്തിന്റെ അസൃഷ്ടവചനത്തിൽ സ്ഥിതിചെയ്തിരുന്നു എന്നാണു്.

ദൈവവചനം മാംസമായതോടുകൂടി തന്റെ മനുഷ്യത്വത്തിൽ കൂടി മനുഷ്യനെന്നനിലയിൽ പ്രവർത്തിക്കാം. അങ്ങനെ മനുഷ്യനായ നസ്രായൻ യേശു മനുഷ്യ ആളല്ല ദൈവആളു മാത്രമേ ആകുന്നുള്ളു. നസ്രായൻ യേശുവിനു് നമ്മെപ്പോലെ മനുഷ്യപരിമിതികളെല്ലാമുണ്ടെങ്കിലും അവിടുന്നു് ദൈവീക ആളായതുകൊണ്ടു് മററെല്ലാ മനുഷ്യരി

ൽനിന്നും വ്യത്യസ്തനാണു്. ദൈവചനം മനുഷ്യസ്വഭാവം സ്വീകരിച്ചതുമൂലം ദൈവം മനുഷ്യനുമായി ഒരു ബന്ധം സ്ഥാപിച്ചു. ദൈവപുത്രൻെറ ജീവിതത്തിൽ മനുഷ്യസ്വഭാവം എടുത്തതുകൊണ്ടു് മനുഷ്യപ്രകൃതി ദൈവകുടുംബത്തു് എത്തിച്ചേൎന്നു. മനുഷ്യവൎഗ്ഗം മുഴുവനും ഒരു കുടുംബമായി ബന്ധപ്പെട്ടിരിക്കുകകൊണ്ടു് അതിൽ ഒരു അംഗം ദൈവകുടുംബത്തു് എത്തിയതോടെ മനുഷ്യവൎഗ്ഗത്തിൻെറ ഗതിമുഴുവൻ ദൈവത്തിലേയ്ക്കു തിരിഞ്ഞു.

## മനുഷ്യവതാരം ബാഹ്യപ്രത്യക്ഷീകരണമല്ല

മനുഷ്യാവതാരം എന്ന സംഭവം എന്താണു് സൂചിപ്പിക്കുന്നതു്? മററുമതങ്ങളിലെ അവതാരങ്ങളെല്ലാം ബാഹ്യമാത്രവും താല്ക്കാലികവുമായ ഒരു പ്രത്യക്ഷീകരണംമാത്രമേയുള്ളു. അതു് ഇടയ്ക്കിടയ്ക്കു് ആവർത്തിച്ചുകൊണ്ടിരിക്കുകയുംചെയ്യും. ക്രിസ്തുമതത്തിലേതു് ഏകവും ശാശ്വതവും ആന്തരികവുമാണു്. വസ്ത്രം മാറുന്നതുപോലെ നീക്കിക്കളയാവുന്ന ഒരു ബന്ധമല്ല അതു്. ക്രിസ്തുവിൽ ഒരാൾ മാത്രമേയുള്ളു. മനുഷ്യാവതാരത്തിനുമുമ്പു് ലോഗോസിനു് ദൈവസ്വഭാവംമാത്രമേ ഉണ്ടായിരുന്നുള്ളു. ലൂക്കായുടെ സുവിശേഷത്തിൽ വിവരിക്കുന്നതിൻവണ്ണം പുരുഷസംസൎഗ്ഗം കൂടാതെ ദൈവം ഇടപെട്ടു മറിയം ഗർഭംധരിച്ചു. മറിയത്തിൻെറ പുത്രൻ യേശുവിൽ ദൈവീകവും മാനുഷികവുമായ പ്രവൎത്തനങ്ങളുണ്ടു്. അവിടുന്നു് പൂൎണ്ണ ദൈവവും പൂൎണ്ണ മനുഷ്യനുമത്രേ. യേശുവിൽ അബ്രാഹത്തിനുമുമ്പും ലോകസൃഷ്ടിക്കുമുമ്പും സ്ഥിതിചെയ്തിരുന്ന ഒരേ ഒരാൾ മാത്രമേയുള്ളു. ഒരേ ഒരാളിൽ ഇരുസ്വഭാവങ്ങൾ കലച്ചുകൂടാതെ സ്ഥിതിചെയ്യുന്നു. പ്രകൃതിയിൽ അങ്ങനെയുള്ള അനുഭവം ഇല്ല. തന്മൂലം അതു് നമ്മുടെ ഗ്രഹണശക്തിക്കതീതവുമത്രേ. അതിൽ പരസ്പരവൈപരീത്യമില്ലെന്നു സ്ഥാപിക്കുവാനേ നമുക്കു കഴിവുള്ളു— ഒരു വസ്തുവിനെ അതാക്കുന്നതെന്തോ അതിൻെറ ജീവനും പ്രവൎത്തനങ്ങൾക്കും നിദാനമായിരിക്കുന്നതെന്തോ അതാണു് പ്രകൃതി (nature). പ്രകൃതിയുടെ പ്രവൎത്തനങ്ങൾ നിയന്ത്രിക്കുന്നതും അതിനുത്തരവാദിത്വം വഹിക്കുന്നതും ആളാണു്. കണ്ണുകൊണ്ടു് കാണുന്നുണ്ടെങ്കിലും കണ്ണല്ല കണ്ണുപയോഗിക്കുന്ന ഞാനാണു് (ആൾ) കാണുന്നതു്. ഈ ആൾ പ്രകൃതിയ്ക്കെതിരായിട്ടു് പ്രവൎത്തിക്കുവാനും പ്രകൃതിയെ വ്യഭിചരിപ്പിക്കുവാനുംപാടുണ്ടു്. പ്രകൃതി ആളിൻെറ അധീനതയിൽ ആണു്. പ്രകൃതിയെ നിയന്ത്രിക്കുന്ന വസ്തുവാണു് ആൾ. ആളിനു് വ്യക്തിത്വവും സ്വാതന്ത്ര്യമനസ്സും ഉണ്ടായിരിക്കണം. മനുഷ്യാവതാരത്തിൽ മനുഷ്യപ്രകൃതി ഒരു മനുഷ്യ ആളിൻെറയല്ല. ഇരു പ്രകൃതിയ്ക്കുമായി ദൈവ ആൾമാത്രം. ദൈവികപ്രവൎത്തനങ്ങളും മാനുഷീകപ്രവൎത്തനങ്ങളുമുള്ള ഈ ആളാണു് തിബേരിയസ് സീസറിൻെറ വാഴ്ചയുടെ 15–ാം കൊല്ലം ഗ്ലീലായിൽ പ്രത്യക്ഷപ്പെടുകയും രണ്ടു കൊല്ലം കഴിഞ്ഞു് ക്രൂശിക്കപ്പെട്ടു് മൂന്നാം ദിവസം മരിച്ചവരിൽനിന്നുയൎത്തു് സ്വൎഗ്ഗത്തിൽ കരേറുകയുംചെയ്ത നസ്രായൻ യേശു എന്ന ചരിത്രപുരുഷൻ.

## അട്ടത്തറിയണം.

ചരിത്രം ക്രിസ്തുവിനെ അവതരിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. ചരിത്രത്തിൽനിന്നു് മനസ്സിലാക്കാവുന്നിടത്തോളം നമ്മുടെ ഭാഗധേയം ക്രിസ്തുവിനെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. അതുവഴിയാണു് നാം ജന്മസാഫല്യമടയേണ്ടതു്. ചരിത്രപരമായ പരിശോധന കൊണ്ടു് ക്രിസ്തുവിനെ പൂർണ്ണമായി മനസ്സിലാക്കുക സാധ്യമല്ല. ഏതു മനുഷ്യനെപ്പററിയും പത്രറിപ്പോർട്ടുകളിൽനിന്നെല്ലാം വ്യത്യസ്തമായ അനുഭവമാണു് നേരിട്ടു പരിചയപ്പെടുമ്പോൾ ഉണ്ടാവുക. ആദ്യം നിരീക്ഷകൻെറ നിലയിൽ പരിശോധിച്ചശേഷം നിരീക്ഷകൻെറ നിലവിട്ടു് സ്നേഹപൂർണ്ണമായ ഒരു പരിശോധന നടത്തുമ്പോഴാണു് ആളിൻെറ തനിനിറം പ്രത്യക്ഷമാകുന്നതു്. ക്രിസ്തുവിനെ ആദ്യം നിഷ്പക്ഷമായി പരിശോധിച്ചശേഷം വീണ്ടും വണക്കത്തോടെ പരിശോധിക്കുമ്പോൾ അവിടുന്നു് ചരിത്രത്തിലെ തുറന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ വന്നിരിക്കുന്ന ആളാണെന്നു് ബോധ്യമാകും. വഴിയും സത്യവും ജീവനും വെളിച്ചവും ഞാനാകുന്നു എന്നു ക്രിസ്തു പ്രഖ്യാപിക്കുമ്പോൾമാത്രമാണു് ചരിത്രത്തിൽ തുറന്ന ഏതാനും ചോദ്യങ്ങളുണ്ടെന്നുള്ള വസ്തുതതന്നെ മഹാഭൂരിപക്ഷം ആളുകളും മനസ്സിലാക്കുന്നതു്.

## വഴിയും, സത്യവും, ജീവനും

ക്രിസ്തുവിൻെറ സംഭാവന പ്രാപഞ്ചിക സത്യങ്ങളൊന്നുമല്ല. പ്രാപഞ്ചിക സത്യത്തിൻെറയും വെളിച്ചത്തിൻെറയും അടിസ്ഥാനത്തിൽ മനുഷ്യനു് വിലയൊന്നുമില്ലെന്നു് ചരിത്രം തെളിയിച്ചുകഴിഞ്ഞു (സാർവ്വത്രിക അടിമത്വം) ഞാൻ സത്യമാകുന്നു എന്ന അവകാശവാദംവഴി ദൈവത്തെയും മനുഷ്യനെയും ലോകത്തെയുംപററിയുള്ള തൻെറ വ്യാഖ്യാനമാണു് അധികൃതമെന്നു ക്രിസ്തു സ്ഥാപിക്കുകയാണു് ചെയ്തതു്. തൻേറതാണു് അന്തിമമായ സത്യം. ദൈവത്തിൻെറ മുമ്പിൽ മനുഷ്യൻെറ നിലവാരമെന്തെന്നും, ദൈവം മനുഷ്യനു് എന്താണെന്നും അവിടുന്നു് നിർണ്ണയിക്കുന്നു. പ്രാപഞ്ചികസത്യങ്ങൾ മനുഷ്യനു് യാതൊരു നിലവാരവും നല്കുന്നില്ലെങ്കിൽ ക്രിസ്തു അവതരിപ്പിക്കുന്ന സത്യം അത്യന്തം ഉയർന്ന നിലാരമാണു് മനുഷ്യനു് നല്കുന്നതു്. അസ്തിത്വവാദിയായ കീയർക്കുഗാഡു് പറയുന്ന ''ആട്ടിടയനു് സ്വന്തം ആടുകളുടെമുമ്പിലും അടിമകളുടെ യജമാനനു് തൻെറ അടിമകളുടെമുമ്പിലും ഉള്ള നിലവാരം വലുതെന്നുതോന്നിയാലും അളവുകോലിൻെറ അഭാവത്തിൽ അവരുടെ നിലവാരം വളരെ താഴ്ന്നപടിയിലുള്ളതാണു്. കുട്ടി മാതാപിതാക്കന്മാരുടെ അളവുകോലുകൊണ്ടല്ല പക്വമായ സമുദായത്തിൻെറ അളവുകോലുകൊണ്ടാണു് വ്യക്തിത്വം പ്രാപിക്കുന്നതു്. ദൈവത്തിൻെറ അളവുകോലുകൊണ്ടു് അളന്നു് അങ്ങേ മുമ്പിൽ നില്ക്കുന്ന മനുഷ്യൻെറ വ്യക്തിത്വം എത്രകണ്ടു് ഉയർന്ന

തു്?'' അസ്തിത്വപരമായ ഒരു സത്യം, നിത്യജീവനെയും നിത്യനാശത്തേയും ബാധിക്കുന്ന ഒരു സത്യം ആണു് ക്രിസ്തു പഠിപ്പിക്കുന്നതു്. അതിൻെറ സ്വീകരണം നിത്യജീവനും, നിരാകരണം നിത്യനാശവും വരുത്തുന്നു. അവിടുന്നു് അവതരിപ്പിക്കുന്ന സത്യങ്ങൾ നിരുപാധി സ്വീകരിക്കണം. അതോടു താരതമ്യപ്പെടുത്തിയാൽ പ്രാപഞ്ചികസത്യങ്ങളെല്ലാം നിഷ്പ്രഭം. അവ അപ്രധാനമെന്നു് വാദമില്ല. അവ മനുഷ്യനു് ആവശ്യവുമാണു്. ലോകായതികനു് അവയെല്ലാം പരമമായ സത്യമെങ്കിൽ ദൈവത്തെ മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നവനു് അവയെല്ലാം ആവശ്യങ്ങളെങ്കിലും പരമമോ അന്തിമമോ അല്ല. അവയ്ക്കു് മനുഷ്യൻെറ അന്തിമപ്രശ്നങ്ങൾക്കു് പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കുകയുമില്ല. ക്രിസ്തു ലോകത്തിലെ തുറന്നതും അന്തിമവുമായ പ്രശ്നങ്ങൾക്കു് ആധികാരികമായി മറുപടി നല്കുന്നു. അവിടുന്നു് മരണം വരിച്ചുകൊണ്ടു് ഈ സത്യങ്ങൾക്കു് ഉറപ്പുനല്കുന്നു. അതിൻെറ ഉറപ്പിലേക്കായി മരണംവരിക്കുന്നതിനു് അനുയായികളോടു് ആവശ്യപ്പെടുകയുംചെയ്യുന്നു.

## ക്രിസ്തുവഴി ദൈവം പ്രാപ്യനായിത്തീരുന്നു

ക്രിസ്തു കുറെ സത്യങ്ങൾ പ്രസംഗിച്ചു പോകുകമാത്രമല്ലചെയ്തതു്. അവിടുന്നു് സ്വർഗ്ഗീയസത്യം പ്രപഞ്ചത്തിൽ ആവിഷ്കരിച്ചുകൊണ്ടു് ദൈവത്തിൻെറ യാഥാർത്ഥ്യം വെളിപ്പെടുത്തുകയാണു്. പാപംമൂലം അപ്രാപ്യനായിത്തീൎന്ന ദൈവം ക്രിസ്തുവഴി പ്രാപ്യനായിത്തീൎന്നു. ദൈവം ഇനിമേലിൽ മനുഷ്യനു് വിദൂരസ്ഥനല്ല. ക്രിസ്തുവഴി ദൈവം മനുഷ്യരിലേയ്ക്കു് തൻെറ കരങ്ങൾ നീട്ടുന്നു. ക്രിസ്തുവിൻെറ കരങ്ങൾ സ്പർശിക്കുന്നവൻ ദൈവത്തിൻെറ കരങ്ങൾ സ്പർശിക്കുന്നു. ക്രിസ്തുവുമായി സ്നേഹബന്ധത്തിൽ ഏർപ്പെടുന്നവൻ ദൈവവുമായി സ്നേഹബന്ധത്തിൽ ഏർപ്പെടുന്നു. അതോടെ പിതാവു് അവനിൽ വരികയും വാസമുറപ്പിക്കുകയുംചെയ്യുന്നു. അതോടെ അയാൾ ദൈവീകമൂശയിൽ വാർത്തെടുക്കപ്പെടുകയും ദൈവഛായ പ്രാപിക്കുകയുംചെയ്യുന്നു.

## ലോകജീവിതം അന്തിമമല്ല

വിശ്വാസത്തിൻ ക്രിസ്തുവിനെ തിരഞ്ഞെടുത്തവൻെറ ജീവിതം ഈലോകത്തിനുള്ളിൽ ഒതുങ്ങുന്നതല്ല. ലോകജീവിതം അയാൾക്കു് അന്തിമവുമല്ല. ലോകത്തിലെ നഷ്ടങ്ങളും ദുരിതങ്ങളും വിധിനിർണ്ണായകവുമല്ല. ശരീരത്തെ കൊല്ലുന്നവരെയല്ല ആത്മാവിനെ കൊല്ലുന്നവരെയത്രേ ഭയപ്പെടേണ്ടതു്. അതേസമയം അവിടുന്നു് ലോകത്തിൻെറ അനിശ്ചിതാവസ്ഥയേയും അപകടങ്ങളെയുംപററി പരിപൂർണ്ണബോധമുള്ളവനത്രേ. അവയെപ്പററി മുന്നറിയിപ്പുകൊടുക്കുകയും ചെയ്യുന്നു. ക്രിസ്തു ജീവിതത്തിലെ എല്ലാ അരിഷ്ടതകളോടും ഇഛാഭംഗങ്ങളോടുംകൂടിയാണു് ജീവിച്ചതെങ്കിലും അവയ്ക്കെല്ലാം അതീതനായിട്ടു് ജീവിച്ചതുപോലെ തൻെറ അനുയായികളും അവയ്ക്കെല്ലാം അതീതമാ

യി ജീവിക്കണം. അവരുടെ മൌലീകമായ അഭിലാഷങ്ങാംക്കും ആവശ്യങ്ങാംക്കും പൂത്തീകരണം വാഗ്ദാനംചെയ്യുകയും അതിനുള്ള മാഗ്ഗങ്ങാം നിദ്ദേശിക്കുകയുംചെയ്യുന്നു. ക്രിസ്തു ദോഷൈകദൃക്കല്ല. മനുഷ്യൻെറ ജന്മാഭിലാഷങ്ങളെ അടിച്ചമത്തുകയല്ല വ്യതിചലിക്കാതെ നിയന്ത്രിക്കുകമാത്രമേ ചെയ്യേണ്ടതുള്ളു. കണ്ണു കാണുന്നതിനെന്നപോലെ മനുഷ്യൻ ഭാഗ്യമനുഭവിക്കുന്നതിനു് ജനിച്ചിരിക്കുന്നു എന്നുള്ളതാണു് ശരിയായ ജീവിതവീക്ഷണത്തിൻെറ അനുമാനം. അതു് ഇഹത്തിൽ പൂത്തീകരിക്കപ്പെടുവാൻ പോകുന്നില്ലെങ്കിലും ദൈവീകസത്യത്തിലേയ്ക്കും ദൈവസ്നേഹത്തിൻെറ പ്രതാപത്തിലേയ്ക്കുമുള്ള വഴി കാണിച്ചുകൊണ്ടു് പ്രതീക്ഷയ്ക്കു് വകനല്കുന്നു. ദൈവസ്നേഹത്തിൽ വത്തിക്കുകയാണു് മനുഷ്യൻെറ ജന്മാഭിലാഷങ്ങളിൽ ഏററം വലുതു്. അതിലേയ്ക്കു് ക്രിസ്തു തൻെറ പിതാവിൻെറ ഭവനത്തിൽ അവക്കു് സ്ഥലം ഒരുക്കുന്നു. അവിടെ എത്താത്തിടത്തോളംകാലം മനുഷ്യൻ നിർഭാഗ്യനും പരദേശിയുമത്രേ. ദൈവത്തിലുള്ള വാസം സ്നേഹത്തിലുള്ള വാസമത്രേ. ക്രിസ്തുവിൽ സ്നേഹം ഒരു വിദൂര ഓമ്മ ആകാതെ ചരിത്രത്തിൽ പ്രവത്തിക്കുന്നു. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെടുന്ന സ്നേഹം തൻെറ അനുയായികളെ സ്വാത്ഥത്തിൻെറ ഏകാന്തതയിൽനിന്നു് മോചിക്കുന്നു. ദൈവത്തിൽ സംസ്കരിക്കപ്പെടുകയെന്നതു് സ്നേഹത്തിൽ സംസ്കരിക്കപ്പെടുകയത്രേ. സ്നേഹമാണു് ജീവിതത്തെ അത്ഥവത്താക്കുന്നതു്. ഈ ലോകത്തിൽ സ്നേഹത്തിൻെറ ആരംഭംമാത്രം. പരലോകത്തു് അതു് പൂണ്ണതയിൽ എത്തുന്നു.

## ലോകത്തിൻെറ വെളിച്ചം

താൻ ലോകത്തിൻെറ വെളിച്ചമാകുന്നു എന്നാണു് ക്രിസ്തുവിൻെറ അവകാശ വാദം. മററാരെങ്കിലും ഇപ്രകാരമുള്ള ഒരു അവകാശ വാദം നടത്തിയാൽ ആളുകാം പൊട്ടിച്ചിരിക്കുകയേയുള്ളു. ക്രിസ്തുവിനുള്ളമറുപടി പൊട്ടിച്ചിരിയല്ല കുരിശുമരണമാണു്. തനിക്കുതാൻ വെളിച്ചമാകണമെന്നാണു് സിദ്ധാത്ഥൻെറ വാദം. തങ്ങാംക്കു് മററാരും വഴികാണിക്കേണ്ട ആവശ്യമില്ല. സ്വതന്ത്രമായ ധ്യാനം വഴിയാണു് മനുഷ്യൻ നയിക്കപ്പെടേണ്ടതു്. ആധുനിക മനുഷ്യൻെറ ചിന്താഗതിയും ഇതുതന്നെയാണു്. എന്നാൽ പ്രാപഞ്ചികസത്യവും പ്രാപഞ്ചികവെളിച്ചവും മനുഷ്യനെ വട്ടം കറക്കുകയേ ഉള്ളു എന്നാണു് ക്രിസ്തുവിൻെറ ആശയവും നമ്മുടെ അനുദിന അനുഭവവും. ലോകത്തിലുള്ള വഴികളെല്ലാം തന്നി ലേയ്ക്കുതന്നെയുള്ള തിരിച്ചിലാണു്. അവയെല്ലാം ഇരുട്ടുവഴികളാണു്. അവയെല്ലാം ഈ ലോകംകൊണ്ടു് അവസാനിക്കുകയും മനുഷ്യൻ തൻെറ ഏകാന്തകയിൽ കഴിഞ്ഞുകൂടുകയും ചെയ്യുന്നു. അവൻെറ ജീവിതാഭിലാഷങ്ങാം നിറവേറുന്നില്ല. ക്രിസ്തുവിൻെറ വഴി മനുഷ്യനെ ചരിത്രത്തിനും പ്രപഞ്ചത്തിനുമപ്പുറം നയിക്കുന്നു സമയത്തിനപ്പുറമുള്ള യാഥാത്ഥ്യത്തിൽ അവനെ എത്തിക്കുന്നു. അതു് ലോകപാഥകളുടെ തുടച്ചയല്ല തികച്ചും വ്യത്യസ്ഥമായ ഒരു പാഥയാണു്. ഈ വഴി താനാകുന്നുവെന്നാണു് ക്രിസ്തു പ്രഖ്യാപിക്കുന്ന

തു്. ലോകത്തിൻെറ വഴിയെ അവഗണിക്കുകയല്ല. മനുഷ്യനു് അതെല്ലാം ആവശ്യമാണു്. രാഷ്ട്രം, സമുദായം, കലകരം, ശാസ്ത്രങ്ങരം എന്നിവയെല്ലാം മനുഷ്യൻെറ ജീവിതത്തെ സമ്പുഷ്ടമാക്കുന്നതിനുവേണ്ടിയാണു്. എന്നാൽ ആ വഴിയെ നടക്കുന്നതോടുകൂടി വിശ്വാസം വഴി സമയത്തിൽനിന്നു് നിത്യത്വത്തിലേയ്ക്കു് കടക്കുന്നവഴിയെ അവൻ ചരിക്കണം.

തനിക്കുതാൻ വെളിച്ചമാകുന്നവൻ തൻെറ മുഖം ഏററം സുന്ദരമാണെന്നു കരുതുന്നു. ദൈവികംവളിച്ചം വരുന്നതോടുകൂടി ലോകത്തിൻെറ മുഖം എത്ര വിരൂപമെന്നു് പ്രത്യക്ഷപ്പെടുന്നു.

കണ്ണാടി കാണ്മോളവും തന്നുടെമുഖമേററം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ.

തനിക്കുതാൻ വെളിച്ചമായിക്കൊണ്ടു് വിശ്വദേവതയുടെ സംസ്കാരത്തിൽ നാഗരീകതയുടെ അത്യുച്ചിയിൽ മനുഷ്യൻ എത്തിച്ചേരുന്നു. ക്രിസ്തുവിൻെറ സമകാലീനന്മാർ തങ്ങളുടെ നേട്ടങ്ങളിൽ അഭിമാനിക്കുകയും ചെയ്തു. അതിഭീകരമായ പിരമിഡുകളും അടിമത്വവും ശിശുവധവും മൃഗതുല്യരായ ദേവന്മാരും ലിംഗാരാധനയും അതിവിപുലമായ അടിമസാമ്രാജ്യവും എല്ലാം അവരുടെ അഭിമാനവിഷയമത്രേ. അപ്പോഴാണു് ക്രിസ്തു സ്വർഗ്ഗത്തിൽനിന്നുള്ള കണ്ണാടിയും കൊണ്ടു് രംഗപ്രവേശനം ചെയ്തതു്— ഈ കണ്ണാടിയിൽകൂടി നോക്കിയപ്പോരം പ്രാപഞ്ചികനാഗരീകതയുടെ പാപ്പരത്വവും വൈരൂപ്യവും സാർവ്വത്രികമായി ബോധ്യമായി. അന്ധകാരം വെളിച്ചത്തെ വെറുക്കുന്നു. ദൈവികവെളിച്ചത്തിനുള്ള പ്രാപഞ്ചികവെളിച്ചത്തിൻെറ മറുപടിയായിരുന്നു ഗാഗുൽത്താ. മനുഷ്യൻ തൻെറ ഹൃദയത്തിൽ അന്വേഷിക്കുന്നവെളിച്ചം ഈ ലോകത്തിൽ കണ്ടുകിട്ടുകയില്ല. ജീവിതപ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഈ വെളിച്ചമാണു് മനുഷ്യൻ ആവശ്യപ്പെടുന്നതു്. ക്രിസ്തു നല്കുന്നവെളിച്ചംവഴി മനുഷ്യർ തങ്ങരം എന്തെന്നും, എവിടെനിന്നെന്നും, തങ്ങളുടെ ലക്ഷ്യമെന്തെന്നും ഗ്രഹിക്കുന്നു. ഈ വെളിച്ചംവഴി ലോകം ദൈവത്തെ അവക്കു് വെളിപ്പെടുത്തുന്നു. ഈ വെളിച്ചത്തിനെതിരായി സ്വയം അടച്ചു് സ്വയംകൃത വെളിച്ചത്തിൽ ജീവിക്കുന്നവർ ലോകത്തെയോ തങ്ങളെതന്നെയോ അറിയുന്നില്ല. ദൈവത്തിൻെറ സൃഷ്ടിയെന്നു് സമ്മതിക്കുന്നതിനുപകരം സ്വയംഭരണത്തിനും സ്വയം ദൈവീകരണത്തിനും വട്ടംകൂട്ടുകയാണു് അവർ ചെയ്യുന്നതു്.

## ദൈവവെളിച്ചം മനുഷ്യരൂപത്തിൽ

ലോകാന്ധകാരത്തിലെ വെളിച്ചമാണു് ക്രിസ്തു. മററു വെളിച്ചമെല്ലാം അതിൻെറ നിഴൽ മാത്രം. മനുഷ്യവതാരത്തിനുശേഷം ദൈവവെളിച്ചം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ക്രിസ്തുവഴിയായിട്ടാണു് മനുഷ്യൻ സൃഷ്ടിയാണെന്നും, അവൻ ചരിത്രകാലത്തു് അധഃ

പതിച്ചുവെന്നും, വീണ്ടെടുക്കപ്പെട്ടിരിക്കുന്നുവെന്നും ഗ്രഹിക്കുന്നതു്. ക്രിസ്തുവിൽകൂടിമാത്രമെ ദൈവം കാണുന്നതുപോലെ എല്ലാം നാം കാണുന്നുള്ളു. നമ്മെപ്പററിയുള്ള ജ്ഞാനത്തിൻെറ ഉത്ഭവം ക്രിസ്തുവല്ലാത്തിടത്തോളംകാലം നാം മായാമോഹത്തിൽ ജീവിക്കുന്നു. ക്രിസ്തുവിൻെറ വെളിച്ചത്തിൽ ജീവിക്കുന്നവക്കു് യൂട്ടോപ്പിയൻ സ്വപ്നങ്ങളോ അപ്രതിഹതമായ പുരോഗതിയിലുള്ള വിശ്വാസമോ ഇല്ല. അയാരം യാഥാത്ഥ്യബോധമുള്ളവനത്രേ. അതേസമയം ലോകത്തിൻെറ തലതിരിഞ്ഞുള്ള പോക്കിൽ അയാരംക്കു് നിരാശയുമില്ല. യാഥാത്ഥ്യങ്ങളിൽ നിന്നു് ഒഴിഞ്ഞുമാറുവാൻ അയാരം വിനോദങ്ങളിൽ അഭയം പ്രാപിക്കുന്നുമില്ല. ലോകാന്ധകാരത്തിൻെറനടുവിൽ, നിരാശകളുടെമദ്ധ്യേ മനുഷ്യദുഷ്ടതകളുടെയും ചരിത്രത്തിൻെറ ശൂന്യതയുടെയുമിടയിൽ, ക്രിസ്തുവിൻെറ വെളിച്ചത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവത്തിൻെറ സ്നേഹമാണു് അവനു് അന്തിമവും നിരുപാധികവുമായ പ്രത്യാശ നല്കുന്നതു്. നിരാശയിൽനിന്നൊഴിയുവാൻ എവിടേയ്ക്കു് തിരിയണമെന്നു് ഈ വെളിച്ചത്തിൽനിന്നു് മനസ്സിലാക്കുന്നു.

## അന്ധകാരം വെളിച്ചത്തെ ബഹിഷ്കരിക്കുന്നു

ഈ വെളിച്ചം സ്വീകരിക്കേണ്ടതു് മനുഷ്യൻെറ ചുമതലയാണു്. എങ്കിലും അഹങ്കാരി അതു് സ്വീകരിക്കുകയില്ല. ജീവിതപ്രശ്നങ്ങരം മറുപടി ലഭിക്കാതെ അവശേഷിച്ചാൽതന്നെയും സ്വയം പര്യാപ്തതാബോധമുള്ളവൻ സൃഷ്ടിയാകുവാൻ വിസമ്മതിക്കുകയും സ്വയമായി സ്വന്തം കാര്യം നിർണ്ണയിക്കുന്നതിനു് ബദ്ധപ്പെടുകയുംചെയ്യുന്നു. ക്രിസ്തുവിൻെറ സമകാലീനരും ദൃക്സാക്ഷികരംതന്നെയും മൊത്തത്തിൽ അങ്ങേ നിരസിക്കുകയാണു്ചെയ്തതു്. അങ്ങിൽ ആദ്യമായി ഇടച്ചിലനുഭവിച്ചതു് സ്വന്തം ഗ്രാമവാസികളായ നസ്രേയരാണു്. അങ്ങേ അധരങ്ങളിൽനിന്നും നിർഗ്ഗമിച്ച വചനങ്ങളിൽ അവർ അത്ഭുതപ്പെട്ടു. എന്നാൽ തങ്ങളുടെ ഹൃദയത്തെ സംസ്കരിക്കുന്നതിനോ, ക്രിസ്തുവിൻെറ ദൈവീകവെളിച്ചം സ്വീകരിക്കുന്നതിനോ അവക്കു് ഒരുക്കമില്ല. അവരുടെ ഇടച്ചിലുള്ള ഏകകാരണം ''അവൻ തച്ചൻ യൌസേപ്പിൻെറ മകനല്ലേ'' എന്നുള്ളതുമാത്രമാണു്. അവക്കു് ക്രിസ്തുവിനെ അളക്കുവാൻ കൈവശമുള്ളതു് പ്രാപഞ്ചികവെളിച്ചവും, പ്രാപഞ്ചിക അളവുകോലുംമാത്രം. ഈ അളവുകോലുകൊണ്ടു് അളന്നുവരുമ്പോരം തച്ചൻ യൌസേപ്പിൽ കവിച്ചിലായിട്ടുള്ളതെല്ലാം വെറും പൂജ്യമാണു്. സാധുക്കളോടു് സുവിശേഷം പ്രസംഗിക്കുന്നതിനുള്ള പരിശുദ്ധാത്മാവിൻെറ അഭിഷേകവുംമററും വെറും പൂജ്യമാണു്. വെടിക്കെട്ടുകാണുന്നതുപോലെ അത്ഭുതങ്ങളുംമററും കാണുന്നതിൽ അവർക്കു് വിരോധമില്ല. വെറും വെടിക്കെട്ടിനുവേണ്ടിയുള്ള അത്ഭുതങ്ങരം ക്രിസ്തുവിൻെറ കൈവശം ഇല്ലതാനും. ''അവരുടെ അവിശ്വാസംമൂലം അത്ഭുതം പ്രവത്തിക്കുകയുണ്ടായില്ല.'' ''മററു സ്ഥലങ്ങളിൽ അത്ഭുതം പ്രവത്തിച്ചിട്ടു് എന്തുകൊണ്ടു് നിൻെറ നഗരത്തിൽ പ്രവത്തി

ക്കുന്നില്ല?'' എലിസേവൂസ് പ്രവാചകൻ സ്വദേശീയരെയല്ല സിറിയാക്കാരൻ നാമാനെയാണ് സുഖപ്പെടുത്തിയതു് എന്നായിരുന്നു ക്രിസ്തുവിൻെറ മറുപടി. അവർ കോപാക്രാന്തരായി അങ്ങേ വലിച്ചിഴച്ച് താഴേയ്ക്കു് തള്ളിയിടുവാനായി കുന്നിൻെറ ഉച്ചിയിലേയ്ക്കു് കൊണ്ടുപോയി.

## മാനുഷീക അളവുകോലുകൊണ്ടു് അളന്നുകൂടാ

ക്രിസ്തു മനുഷ്യരുടെ സങ്കല്പസൃഷ്ടിയെങ്കിൽ മനുഷ്യരുടെ അളവുകോലുകൊണ്ടു് അളക്കാമായിരുന്നു. അപ്പസ്തോലന്മാർക്കുപോലും ക്രിസ്തു ഒരു അപ്രാപ്യരഹസ്യമായി അവശേഷിച്ചു. ദൈവത്തെപ്പററിയും മനുഷ്യരെപ്പററിയും ലോകത്തെപ്പററിയുമുള്ള ക്രിസ്തുവിൻെറ സന്ദേശം ഭൂരിപക്ഷത്തിൻെറയും പ്രതീക്ഷകൾക്കെതിരായിരുന്നു. അവർ വെച്ചുപുലത്തിപ്പോന്ന ആശയഗതികളെ ക്രിസ്തു തട്ടിയുടച്ചതു് അവരെ കലികൊള്ളിച്ചു. എത്ര നയത്തോടെ സമീപിച്ചാലും ഈ വൈപരീത്യം ഇല്ലാതാവുകയില്ല. താൻ ലോകത്തിൽ സ്വാഗതംചെയ്യപ്പെടുന്നില്ല എന്നുള്ള ബോധം ക്രിസ്തുവിനുണ്ടായിരുന്നു. ''മനുഷ്യപുത്രനു് തലചായിപ്പാൻ സ്ഥലമില്ല.'' ക്രിസ്തുവിനെതിരായി ലോകം മുഴുവൻ സംഘടിച്ചു. ഇത്ര അഗാധമായ ദ്വേഷത്തിൻെറമുമ്പിൽ ലോകത്തിൻെറ പരസ്പരഭിന്നതകളത്രയും നിസ്സാരമത്രേ. തൻെറ അനുയായികളോടും ഇത്തരം ശത്രുത പ്രതീക്ഷിപ്പാൻ ക്രിസ്തു ആവശ്യപ്പെടുന്നു. ''നിങ്ങൾ ലോകത്തിൻെറതെങ്കിൽ ലോകം നിങ്ങളെ സ്നേഹിക്കും. നിങ്ങൾ ലോകത്തിൻെറതല്ലാത്തതുകൊണ്ടും, ലോകത്തിൽനിന്നു് ഞാൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുകകൊണ്ടുമാണു് ലോകം നിങ്ങളെ ദ്വേഷിക്കുന്നതു്.''

ക്രിസ്തുവിനെതിരായി കൊണ്ടുവരുന്ന ന്യായങ്ങൾക്കു് കഴമ്പില്ലാതെയുമില്ല. അവയുടെ അടിസ്ഥാനം കട്ടിയായ മറയുടെ അടിയിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നു എന്നുള്ളതത്രേ. ഗാഗുൽത്തായിലെ അവശതയുടെയും നിസ്സഹായതയുടെയും മറയിന്മേൽമാത്രം നോക്കുന്ന മനുഷ്യനു് ക്രിസ്തുവിനെ ഉപേക്ഷിക്കാതെ തരമില്ല. സ്വയം കൃതാത്ഥനായ മനുഷ്യനു്, ലോകത്തിൽ വിശ്വാസം അപ്പിക്കുന്ന മനുഷ്യനു്, ഈ മറ തുളച്ചു് ക്രിസ്തുവിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യം മനസ്സിലാക്കുക സാധ്യമല്ല. നസ്രേയക്കു് പററിയ അബദ്ധവും അതുതന്നെ. സ്നേഹത്തിൻെറ പ്രേരണയിൽ ഈ മറ തുളച്ചു് പരിശോധിക്കുന്നവൻ ക്രിസ്തുവിനെതിരായിട്ടുള്ള ന്യായങ്ങളെല്ലാം കണ്ടിരുന്നാലും അവയ്ക്കെല്ലാം മറയുമായുള്ള ബന്ധം മനസ്സിലാക്കി ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെടുന്ന ദിവ്യരഹസ്യം മനസ്സിലാക്കുന്നു. മററുമനുഷ്യരുടെ അളവുകോലുകൊണ്ടു് ക്രിസ്തുവിനെ അളന്നുകൂടാ എന്നുള്ളതാണു് അയാളുടെ ആദ്യ അനുഭവം.

## ഭൗതീകരാജ്യമല്ല ലക്ഷ്യം

ക്രിസ്തുവിനെ മനുഷ്യ അളവുകോലുകൊണ്ടു് അളക്കുവാൻ ആരംഭിച്ചതു് യൂദന്മാരാണു്. പുരോഹിതന്മാർതുടങ്ങി യൂദജനമത്രയും പ്രവചനവിഷയമായ ഒരു അഭിഷിക്തനെ പ്രതീക്ഷിച്ചിരുന്നു. ഐസയാസ്തുടങ്ങിയുള്ളവരുടെ പ്രവചനമനുസരിച്ചു് അഭിഷിക്തൻ ഒരു അഖിലലോക സാമ്രാജ്യം സ്ഥാപിക്കുമെന്നായിരുന്നു ചിലരുടെ പ്രതീക്ഷ. ഭൂരിപക്ഷം ആളുകളും ദാവീദിൻെറ രാജ്യം പുനഃസ്ഥാപിക്കപ്പെടുമെന്നും റോമാക്കാരിൽനിന്നും അഭിഷിക്തൻ തങ്ങളെ മോചിക്കുമെന്നും ആണു് സ്വപ്നം കണ്ടിരുന്നതു്. ഒരു ന്യൂനപക്ഷം ആളുകൾമാത്രമേ ആത്മീയസംസ്കരണം നിവ്വഹിക്കേണ്ട ഒരു അഭിഷിക്തനെ പ്രതീക്ഷിച്ചിരുന്നുള്ളു. ഇക്കൂട്ടരാണു് അനുതാപത്തിൻെറ സ്നാനത്തിനായി യോഹന്നാനെ സമീപിച്ചിരുന്നതു്. ഇസ്രായേലിൽ ഒരു പ്രവാചകൻ പ്രത്യക്ഷപ്പെട്ടിട്ടു് നാലു നൂററാണ്ടു കഴിഞ്ഞിരുന്നു. അതോടെ ഇസ്രായേലിൻെറ വിപ്ലവലഹരി കെട്ടടങ്ങി. രാജാക്കന്മാരും പുരോഹിതന്മാരുമെല്ലാം ഭൗതീകവും ജാതീയവുമായ പ്രതീക്ഷമാത്രമെ പുലത്തിയിരുന്നുള്ളു. മരണാനന്തരജീവിതത്തിൽ പലരും വിശ്വസിച്ചിരുന്നതേയില്ല. വിഗ്രഹങ്ങളെയും സങ്കല്പദേവന്മാരെയും ആരാധിക്കുന്നതിൽനിന്നു് അവരെ തടഞ്ഞുനിത്തിയതു് പ്രവാചകന്മാരാണു്. സത്യവിശ്വാസികൾതന്നെയും യഹോവായെ ആരാധിച്ചിരുന്നതു് പുറജാതികളുടെ രീതിയിൽ ഭൗതികനന്മകൾ പ്രാപിക്കുന്നതിനുവേണ്ടിയാണു്. സന്തതികളിൽ കൂടിയുള്ള അമർത്യതയിൽമാത്രമേ അവർ വിശ്വസിച്ചിരുന്നുള്ളു. വ്യക്തിപരമായ അമർത്യതയിൽ വിശ്വസിച്ചിരുന്നതു് പ്രീശേന്മാർ മാത്രമാണു്. പ്രീശേന്മാർ തന്നെയും ഹൃദയസംസ്കരണത്തിലല്ല നിയമാനുഷ്ഠാനങ്ങളിലാണു് നിഷ്കഷിച്ചിരുന്നതു്. തിരുവെഴുത്തുകളുടെ വ്യാഖ്യാതാക്കളായ ഗുരുക്കന്മാർക്കും (സാപ്രേന്മാർ) അന്ധമായ നിയമാനുഷ്ഠാനങ്ങളാണു് സവ്വവും. എല്ലാ വിഭാഗക്കാക്കും ദേശീയവും ജാതീയവുമായ വിധേയത്വമാണു് ഏററം വലിയ സുകൃതം

ആത്മീയവും സവ്വദേശീയവുമായ ഒരു ജീവിതവീക്ഷണം അവതരിപ്പിച്ചിരുന്നതു് ഇസ്രായേലിലെ പ്രവാചകന്മാർ മാത്രമാണു്. ബലിയപ്പണത്തേക്കാൾ ഹൃദയസംസ്കരണത്തിലാണു് അവർ നിഷ്ക്കഷിച്ചിരുന്നതു്. ഹൃദയസംസ്കരണത്തിൻെറ സൂചനയായിട്ടുമാത്രമാണു് യഹോവാ ഈ ബലികൾ നിർദ്ദേശിച്ചിട്ടുള്ളതും. അവക്കു് ഇസ്രായേൽ സവ്വദേശീയ ദൈവരാജ്യത്തിനുവേണ്ടിയുള്ള ഒരു ചവിട്ടുപടിമാത്രമേ ആകുന്നുള്ളു. പ്രവാചകന്മാരുടെ കാലടികളെ പിഞ്ചെന്നുകൊണ്ടു് യോഹന്നാനും ഹൃദയസംസ്കരണത്തിനാണു് ആഹ്വാനം ചെയ്തതു്. ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കുവിൻ'' ചിരപ്രതീക്ഷിതമായ ദൈവരാജ്യം ഭൗതികമല്ലെന്നു് യോഹന്നാൻ വ്യക്തമാക്കി. അനുതാപംകൊണ്ടാരംഭിക്കുന്ന ജീവിതനവീകരണമാ

ണ്് അതിൻെറ ലക്ഷ്യം. ''രണ്ടുകോട്ടുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കണം'' നിയമാനുഷ്ഠാനംതുടങ്ങി സ്വയംകൃതനീതിയിൽ അഭിമാനിച്ചിരുന്ന പ്രീശേന്മാരെയും മററും അണലിപ്പാമ്പിൻെറ സന്തതികാം എന്നാണ് അദ്ദേഹം അഭിസംബോധന ചെയ്യുന്നതു്. സഹോദരൻെറ ഭാര്യയെ പരിഗ്രഹിച്ച ഹേറോദേസ് രാജാവിനെ അദ്ദേഹം ശാസിക്കുന്നു. ദൈവരാജ്യംഇസ്രായേൽ ജനതയുടെ കുത്തകയല്ല ''ഈ കല്ലുകളിൽനിന്നു് അബ്രാഹത്തിന്് സന്താനങ്ങളെ ജനിപ്പിക്കുവാൻ ദൈവത്തിന്് സാധിക്കും''.

## സത്യം സ്വതന്ത്രരാക്കും

ക്രിസ്തുവും ദൈവരാജ്യം ഭൗതികമല്ലെന്ന് ആരംഭംമുതൽ വ്യക്തമാക്കി ''ദൈവരാജ്യം വന്നിരിക്കുന്നു. അനുതപിക്കുവിൻ'' അവിടുന്ന് വന്നിരിക്കുന്നതു് റോമൻ നുകത്തിൽനിന്നും മോചിക്കുന്നതിനല്ല. ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' ക്രിസ്തുവിൻെറ ദൃഷ്ടിയിൽ റോമൻ അടിമത്തത്തേക്കാളെല്ലാം കഠിനമായിട്ടുള്ളതു് പാപംവഴി മനുഷ്യൻെറ അന്തരംഗജീവിതത്തിൽ വന്നുചേരുന്ന അടിമത്തമാണ്. പാപംചെയ്യുന്നവൻ പാപത്തിൻെറ അടിമയത്രേ. വിദഗ്ദ്ധനായ ഡോക്ടർ മൗലികരോഗം കണ്ടുപിടിക്കുന്നതുപോലെ ക്രിസ്തു മാനവവംശത്തിൻെറ മൗലീകരോഗം കണ്ടുപിടിക്കുന്നു. അതു നീങ്ങിയാൽ മററുള്ളതെല്ലാം താനേ അപ്രത്യക്ഷമായിക്കൊള്ളും. അതു നീങ്ങാതെയുള്ള ഏതു പ്രതിവിധിയും ഉലക്ക വിഴുങ്ങിയശേഷം ചുക്കുവെള്ളം കുടിച്ചുള്ള ചികിത്സപോലെ മാത്രമേ ആകുകയുള്ളൂ. ക്രിസ്തുവിനുമുമ്പ് പല ലോകോദ്ധാരകന്മാരും തൊലിപ്പുറമേയുള്ള ചികിത്സയ്ക്കാണു് ശ്രമിച്ചതു്. തന്മൂലം അവരാരും ഭൂമുഖത്തെ നവീകരിക്കുകയുണ്ടായില്ല. പാപപരിഹാരാർത്ഥമുള്ള ചെമ്മരിയാട്ടിൻകുട്ടിയെ അവതരിപ്പിക്കുന്ന യോഹന്നാനെയും പാപമോചനഭാരം തൻെറമേൽ ഏറെറടുത്ത ക്രിസ്തുവിനെയും ദോഷൈകദൃക്കുകളായി ലോകായതികർ താറടിക്കുന്നെങ്കിൽ അത്ഭുതപ്പെടുവാനില്ല. വിപ്ലവകാരിയായ യഹോവായുടെ വക്താവായി വന്നിരിക്കുന്ന ക്രിസ്തു പാപവുമായി യാതൊരു വിട്ടുവീഴ്ചയും ചെയ്യുകയില്ല. അവിടുന്ന് വെള്ളംചേരാത്ത പാലാണ്. ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ വെള്ളംചേരാത്ത വിശുദ്ധിക്ക് ദൃക്സാക്ഷിയാണ് അവിടുന്ന്.

## ദൈവരാജ്യം മനുഷ്യൻെറ ഉള്ളിൽ

ക്രിസ്തുവിന്് ''ദൈവരാജ്യം'' മനുഷ്യൻെറ ഉള്ളിലാണ്. ഈ രാജ്യത്തിൽ അപ്പംകൊണ്ടല്ല ദൈവത്തിൽനിന്നുള്ള വചനംകൊണ്ടാണ്ജീവിക്കുന്നതു്. മൃഗത്തിൻെറ ആഹാരം അപ്പമാണെങ്കിൽ ദൈവരാജ്യത്തിലെ ആഹാരം സത്യമാണ്. സത്യംമാത്രമെ മനുഷ്യനെ സ്വതന്ത്രമാക്കുകയുള്ളൂ. മൃഗങ്ങളുടെ ഇടയിൽ സത്യമില്ല. മൃഗതുല്യരായ മനുഷ്യർക്കും സത്യം എന്നൊന്നില്ല. താൻ സത്യത്തിനു സാക്ഷ്യം വഹിക്കു

ന്നതിനു് വന്നിരിക്കുന്നു എന്നു് ക്രിസ്തു പ്രതിവചിച്ചപ്പോൾ സത്യം എന്നാൽ എന്തു് എന്നായിരുന്നു പീലാത്തോസിന്റെ ചോദ്യം. ആഹാരം വേണ്ടെന്നല്ല ക്രിസ്തുവിന്റെ വിവക്ഷ. ഒന്നാമതായി ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക. അപ്പോൾ സകലവും നല്കപ്പെടും. ദൈവരാജ്യവും നീതിയുംതമ്മിലുള്ള അഭേദ്യബന്ധം ക്രിസ്തുവാണു് അവതരിപ്പിച്ചതു്. അന്നുവരെ മതവും സന്മാൎഗ്ഗവുംതമ്മിൽ ബന്ധപ്പെട്ടിരുന്നില്ല.

മനുഷ്യപുത്രൻ മനുഷ്യരുടെ വിധിയാളനായിട്ടാണു് വെയ്ക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യന്റെ ഉള്ളിൽ ഉള്ള ദൈവരാജ്യമത്രേ വിധിത്തീൎപ്പിന്റെ രംഗം. സ്വാതന്ത്ര്യമനസ്സിന്റെ പ്രവൃത്തികൾമാത്രമേ വിധിത്തീൎപ്പിന്റെ വിഷയമാകുന്നുള്ളു. ക്രിസ്തുവിനു് ദൈവരാജ്യം എന്നു പറയുന്നതു് ദൈവത്തിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെന്നതുപോലെ ആകുകയാണു്. അവനവന്റെ ഇഷ്ടമനുസരിച്ചല്ല മനുഷ്യൻ സംസ്കരിക്കപ്പെടേണ്ടതു് ദൈവത്തിന്റെ ഇഷ്ടമനുസരിച്ചാണു്. ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു് സ്വന്തം ഛായയിലത്രേ. മനുഷ്യൻ ഭാഗ്യമടയേണ്ടതു് ഭക്ഷിച്ചല്ല സ്നേഹിച്ചാണു്. അവൻ സ്വയം പര്യാപ്തനല്ല. ബുദ്ധിയും മനസ്സും കൊടുത്തിരിക്കുന്നതു് അറിഞ്ഞു് സ്നേഹിക്കുവാനാണു്. ദൈവത്തെ അറിഞ്ഞു സ്നേഹിക്കുവാനുള്ള ദാഹം അവനിൽ അവശേഷിക്കുന്നു. ഭാഗ്യമടയണമെങ്കിൽ ബുദ്ധിയേയും മനസ്സിനേയും യഥായോഗ്യം ഉപയോഗിക്കണം. അവ രണ്ടിന്റെയും വിനിയോഗം മനുഷ്യപുത്രന്റെ വിധിത്തീൎപ്പിന്റെ വിഷയമാണു്. ബാഹ്യപ്രലോഭനങ്ങൾമൂലം വ്യതിചലിക്കുമ്പോൾ മനസ്സാക്ഷി അയാളെ കുറപ്പെടുത്തും. മനസ്സാക്ഷി ദൈവത്തിന്റെ സ്വരമാണു്. ഈ വിധിയാളൻ എപ്പോഴും നമ്മോടുകൂടിയുണ്ടു്.

ക്രിസ്തു ഒഴികെ ഭൂമുഖത്തു് പ്രത്യക്ഷപ്പെട്ടിട്ടുള്ള യാതൊരു ഉദ്ധാരകനും മനുഷ്യന്റെ ഉള്ളിലുള്ള ഈ ദൈവരാജ്യത്തെപ്പററി സ്വപ്നം കാണുകപോലും ചെയ്തിട്ടില്ല. സൎവ്വലോകത്തെക്കാൾ വിലയുള്ളതാണു് ഒരു ആത്മാവു്. എന്നാൽ ഈ ആത്മാവു് പൂൎണ്ണമല്ല. സ്നേഹിച്ചാണു് അതു് ധന്യമാകേണ്ടതു്. ദൈവത്തെ സ്നേഹിച്ചാൽ അതു് പുരോഗമിക്കും. ലോകത്തെ സ്നേഹിച്ചാൽ അതു് അധോഗമിക്കും. ഒരു കൃഷിക്കാരൻ കൃഷിക്കു പററിയ വയലുകാണുമ്പോൾ അതിന്റെ കാഷികസാധ്യത ആലോചിച്ചു് കുതിച്ചു ചാടുന്നതുപോലെ ക്രിസ്തു ഓരോ മനുഷ്യാത്മാവിന്റെയും സ്നേഹവിപുലസാധ്യത കാണുമ്പോൾ സന്തോഷംകൊണ്ടു് കുതിച്ചു ചാടുകയത്രേചെയ്യുന്നതു്. ദൈവത്തിന്റെ ആഭ്യന്തരജീവിതത്തിലെ പരസ്പരം നല്കിക്കൊണ്ടുള്ള സ്നേഹവും ഭാഗ്യവും അനുഭവിക്കുവാൻ കഴിവുള്ളവനാണു് ലോകത്തിലുള്ള ഏററം എളിയ മനുഷ്യനും. പ്രകൃതിയിൽ ബാക്കിയുള്ള ഒന്നിനും കൊടുത്തു ഭാഗ്യമടയുവാൻ സാധിക്കുകയില്ല. പ്രകൃതിയെ ക്രിസ്തു ആസ്വദിക്കുന്നില്ല എന്നു

ല്ല അത്ഥമാക്കേണ്ടതു്. പിതാവു് കാശിനു നാലു കിട്ടുന്ന പറവകളെ പോററുകയും ലില്ലി പുഷ്പങ്ങളെ ഉടുപ്പിക്കുകയുംചെയ്യുന്നു. എന്നാൽ ഇവയെല്ലാം സ്നേഹവിപ്ലവത്തിനുള്ള മാർഗ്ഗംമാത്രം.

## സ്നേഹപ്രതിഷ്ഠയുടെ മതം

സ്നേഹം വ്യക്തിപരമായ ഏർപ്പാടല്ലേ? ദൈവം എന്തിനു് അതിൽ ഇടപെടുന്നു? മതവുമായി സ്നേഹത്തെ ബന്ധപ്പെടുത്തിയിട്ടെന്തു കാര്യം? എന്നെല്ലാമാണു് ലോകായതികരുടെ വാദം. ദൈവവും മതവുമെല്ലാമിടപെട്ടാൽ സ്നേഹത്തിന്റെ സ്വാദു മുഴുവൻ നഷ്ടപ്പെടുമെന്നാണു് അവരുടെ ഭയം. സ്നേഹം വിധിതീർപ്പിന്റെ വിഷയമാകുവാൻ അവർ സമ്മതിക്കുകയില്ല. സ്നേഹമെന്നു പറയുന്നതു് പലക്കും വെറും വികാരമാണു്. അതിൽ ധാർമ്മികമായി ഒന്നുമില്ല. ക്രിസ്തുവിന്റെ കാഴ്ചപ്പാടു് ഇതിൽനിന്നെല്ലാം വ്യത്യസ്തമാണു്. ഏററം വലിയ പ്രമാണമേതെന്നുള്ള നിയമജ്ഞന്റെ ചോദ്യത്തിനുള്ള ക്രിസ്തുവിന്റെ മറുപടി ''നിന്റെ കത്താവായ ദൈവത്തെ മുഴു ഹൃദയത്തോടും മുഴു ആത്മാവോടും മുഴു ശക്തിയോടുംകൂടി സ്നേഹിക്കുക. നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക'' എന്നായിരുന്നു. ഇസ്രായേലിന്റെ പ്രമാണം അവിടുന്നു് ഉദ്ധരിക്കുകമാത്രം. സ്നേഹത്തെ മതത്തിന്റെ കേന്ദ്രമാക്കുക ഇസ്രായേലിന്റെ ഒരു പ്രത്യേകതയാണു്. ആധുനികരിൽ പലക്കും മാന്ത്രികൻ, ജോത്സ്യൻ, നരബലി, അന്ധവിശ്വാസം, ചൂഷണം, അന്ധമായ അനുഷ്ഠാനങ്ങൾ എന്നിവയോടു് ബന്ധപ്പെടുത്തിമാത്രമേ മതത്തെപ്പററി ചിന്തിക്കുവാൻ കഴിവുള്ളൂ. ക്രിസ്തുവരെയുള്ള എല്ലാമതങ്ങളെപ്പററിയും ഈ ആരോപണം കുറെയൊക്കെ ശരിയാണുതാനും. ക്രിസ്തുവാകട്ടെ വിപ്ലവകാരിയായ യഹോവായുടെ വക്താവായിട്ടാണു് പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. അങ്ങേയ്ക്കു് മതം അന്ധമായ അനുഷ്ഠാനമോ മാന്ത്രികവിദ്യയോ അല്ല, പ്രത്യുതാ സ്നേഹപ്രേരിതമായ ഒരു പ്രതിഷ്ഠയാണു്. ഈ മതംതന്നെയാണു് സന്മാർഗ്ഗത്തിന്റെമൂലവും— മുഴുഹൃദയത്തോടും മുഴുആത്മാവോടും മുഴുശക്തിയോടുംകൂടി കത്താവായ ദൈവത്തെ സ്നേഹിക്കണം— മുഴുഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിച്ചാൽ മററുള്ളവരെ എങ്ങനെ സ്നേഹിക്കും? മററുള്ളവരെ സ്നേഹിക്കുന്നതു് ദൈവത്തോടുള്ള ബന്ധത്തെ പരിഗണിച്ചുമാത്രം. സൃഷ്ടിയിൽ വിശ്വസിക്കാത്ത മതങ്ങളിൽ തങ്ങളോടു് ബന്ധമില്ലാത്ത വലിയ ഒരാളായിട്ടുമാത്രമേ ദൈവത്തെ പരിഗണിക്കുന്നുള്ളൂ. കാര്യലാഭത്തിനുവേണ്ടിയുള്ള സമീപനംമാത്രമേ അവിടെയുള്ളൂ. മുഴുഹൃദയത്തോടെയുള്ള സ്നേഹമോ പ്രതിഷ്ഠയോ അവിടെയില്ല. മററുള്ളവരെ സ്നേഹിക്കുന്നതും അവരുടെ വ്യക്തിപരമായ നന്മയേയോ ഉപകാരത്തെയോ പരിഗണിച്ചായിരിക്കും. അവിടെ സന്മാർഗ്ഗവിഷയത്തിൽ ദൈവം ഒന്നും ഇടപെടേണ്ടതായിട്ടില്ല. ഞാൻ ചായക്കടയിൽ കയറി കാശുകൊടുത്തു് ചായകുടിക്കുന്നു. എന്റെ സന്മാർഗ്ഗത്തെപ്പററി അയാൾ അന്വേഷിച്ചിട്ടെന്തുകാര്യം? സൃഷ്ടിയിൽ വിശ്വസിക്കുന്നിടത്തു് ദൈവം മനുഷ്യന്റെ പരിപൂർണ്ണവിധേയത്വം അവകാശപ്പെടുന്നു. അവ

ൻെറ എല്ലാ പ്രവൃത്തികളും ദൈവത്തിൻെറ വിധിത്തീപ്പിൻെറ വിഷയമാണ്. ദൈവം മനുഷ്യരെമാത്രമല്ല വിശ്വം മുഴുവനെയും അവയുടെ പ്രകൃത്യാനുസരണം ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നു. ദൈവത്തിൻെറ ഈ ക്രമീകരണത്തിനെതിരായി മത്സ്യം പറക്കുവാൻ ശ്രമിക്കുന്നതും പക്ഷി നീന്തുവാൻ ശ്രമിക്കുന്നതും അപകടകരമായിരിക്കും. അന്ധമായ വാസനയനുസരിച്ചല്ല മനുഷ്യൻ നീങ്ങേണ്ടതു്. ദൈവസത്തയിൽനിന്നു് പുറപ്പെടുന്നതും ദൈവത്തെതന്നെ ബാധിക്കുന്നതുമായ സനാതന നിയമമാണു്. മനുഷ്യനെ നയിക്കേണ്ടതു്. മനുഷ്യപ്രകൃതിയിൽ പ്രതിഫലിക്കുന്ന ഈ സനാതനനിയമം പ്രകൃതിനിയമം എന്ന പേരിൽ അറിയപ്പെടുന്നു.

സോക്രട്ടീസ് മോഡലിലുള്ള ഒരു ധാമ്മികോപദേഷ്ടാവായിട്ടാണു് ആധുനികർ ക്രിസ്തുവിനെ സങ്കല്പിക്കുന്നതു്. അതിനു് സുവിശേഷങ്ങളിലാകട്ടെ മറേറതെങ്കിലും ചരിത്രത്തിലാകട്ടെ യാതൊരു അടിസ്ഥാനവുമില്ല. മതസ്ഥാപകനോ പ്രപഞ്ചാതീത ധാമ്മികമൂല്യങ്ങളിൽ കടിച്ചുതൂങ്ങിക്കിടക്കുന്നവനോ ആയ ക്രിസ്തു അവക്കു് പഥ്യമല്ല. ഇന്നത്തെ കാലത്തിനടുത്ത ചിന്താഗതി (Zeit geist) മതത്തിനും വിട്ടുവീഴ്ചയില്ലാത്ത ധാമ്മികക്രമത്തിനും എതിരാണു്. മതം പിന്തിരിപ്പനാണെന്നോ, മനുഷ്യനെ മയക്കുന്ന കറപ്പാണെന്നോ എല്ലാമാണു് ഇന്നത്തെ ചിന്താഗതി. യൂദപുരോഹിതന്മാരെ വെല്ലുവിളിച്ച ഒരു വൈദിക വിദ്വേഷിയായിട്ടോ, സമുദായത്തെ നവീകരിക്കുവാൻ മുതിന്ന ഒരു വിപ്ലവകാരി ആയിട്ടോ, അഴിമതികളെ ദൂരീകരിക്കുവാൻ പുറപ്പെട്ട ഒരു രക്തസാക്ഷി ആയിട്ടോ, ഉച്ചനീചത്വങ്ങൾ നീക്കുവാൻ പുറപ്പെട്ട ഒരു മനുഷ്യസ്നേഹി ആയിട്ടോ, ലോകാവസാനം അടുത്തിരിക്കുന്നു എന്നുള്ള ധാരണയിൽ ജനങ്ങളെ അനുതാപംവഴി ഒരുക്കുവാൻ പുറപ്പെട്ട ഒരു പ്രവാചകനായിട്ടോ അവർ അങ്ങേ സ്വീകരിച്ചേക്കും. ക്രിസ്തു കാലത്തിനടുത്ത ചിന്തകൾക്കെല്ലാം അതീതനാണു്. കാലത്തിനടുത്ത ചിന്തയിൽ ലയിച്ചിരിക്കുന്നവക്കു്, അവർ ആധുനികരായാലും പൌരാണികരായാലും നിഷ്പക്ഷദൃഷ്ട്യാ ഒന്നും വീക്ഷിക്കുവാൻ സാധിക്കുകയില്ല. കാലത്തിനടുത്ത ചിന്തയിൽനിന്നു് ഉയരുവാൻ നട്ടെല്ലില്ലാത്തവൻ ക്രിസ്തുവിനെ പരിശോധിക്കുവാനേ പോകരുതു്. ക്രിസ്തുവിൻെറ പ്രത്യേകത ഏതുകാലത്തുമുള്ള ചിന്തകൾക്കെല്ലാം അതീതമായി നിലകൊള്ളുന്നു എന്നുള്ളതാണു്. അവിടുന്നു് മതത്തെ പിന്തിരിപ്പനായി കരുതുന്നില്ല. അതേസമയം അങ്ങേയ്ക്കു് സമകാലീനരുടെ അന്ധമായ അനുഷ്ഠാനങ്ങളുടെ ആകെ തുകയായ മതവും സ്വീകാര്യമല്ല. സൃഷ്ടാവായ ദൈവത്തിനുള്ള പരിപൂണ്ണവിധേയത്വവും സ്നേഹപ്രേരിതമായ പ്രതിഷ്ഠയുമാണു് അങ്ങേയ്ക്കു് മതം. ഈ മതം ജീവിതത്തെസംസ്കരിക്കുകയും ഭൂമുഖത്തെ നവീകരിക്കുകയും ചെയ്യണം. മനുഷ്യൻെറ വ്യവസ്ഥയനുസരിച്ചുള്ള സ്വകാര്യവിധേയത്വവും, സ്വകാര്യ ആത്മീയ അനുഭവങ്ങളും, സ്വകാര്യ അഭിമുഖീകരണവും, സ്വകാര്യ ആത്മീയസംസ്കരണവും സ്വീകാര്യമല്ല.

## ദൈവജന്യമായ സ്നേഹം

ക്രിസ്തു അവതരിപ്പിക്കുന്ന സ്നേഹവിപ്ലവം പ്രകൃതിജന്യമായ സ്നേഹമല്ല. അതു് ദൈവജന്യമായ സ്നേഹമാണു്. കാട്ടിൽ മുളച്ചുണ്ടായ ചെടിയ്ക്കു് വളമിട്ടു് വളത്തിക്കൊണ്ടുവരികയല്ല പുതിയ ചെടി നട്ടുപിടിപ്പിക്കുകയാണു്. മനുഷ്യഹൃദയത്തെ സംസ്കരിച്ചുകൊണ്ടാണു് ഈ സ്നേഹം അതിൽ നട്ടുപിടിപ്പിക്കുന്നതു്. ഒരു മതംവഴിയായിട്ടാണു് അവിടുന്നു് മനുഷ്യഹൃദയങ്ങളെ സംസ്കരിക്കുന്നതു്. അതും സംഘടിതമായ ഒരു മതംവഴി. എന്നാൽ ഈ മതം അന്നുവരെയുള്ള എല്ലാ മതങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമത്രേ. മററുമതങ്ങളിലെന്നപോലെ അതിനു് പുരോഹിതനും ബലിയുമെല്ലാമുണ്ടു്. അതിൻെറയെല്ലാം ലക്ഷ്യം മനുഷ്യൻെറ ആത്മീയസംസ്കരണംമാത്രം. അതു് ഒരു സാംസ്കാരിക സംഘടനയല്ല. മനുഷ്യൻെറ ഹൃദയത്തെ ആണു് അതു് സംസ്കരിക്കുന്നതു്. ദൈവരാജ്യം മനുഷ്യൻെറ ഉള്ളിലത്രേ. ആന്തരികമായ ഈ സംസ്കരണം ബാഹ്യപ്രവൎത്തനങ്ങളെയും സ്പൎശിക്കും. ദൈവവുമായുള്ള ബന്ധത്തെ ക്രമീകരിച്ചുകൊണ്ടാണു് ഈ സംസ്കരണം നിൎവ്വഹിക്കുന്നതു്. ദൈവത്തിൻെറ പരമമായ കതൃത്വം ആരാധനവഴിയായി മനുഷ്യൻ ഏററുപറയണം.

## ദൈവപിതൃത്വം

ദൈവത്തെ പിതാവായിട്ടാണു് ക്രിസ്തു സങ്കല്പിക്കുന്നതു്. മനുഷ്യരെല്ലാം അങ്ങേ മക്കളും പരസ്പരം സഹോദരന്മാരുമത്രേ. പൈതൃകമായ പരിപാലനയാണു് ദൈവം മനുഷ്യരുടെമേൽ വർഷിക്കുന്നതു്. മക്കൾക്കെന്നപോലെ അവൎക്കു് അനുദിന ആഹാരം നല്കുന്നു. അങ്ങേ ഇഷ്ടം സ്വൎഗ്ഗത്തിലെന്നതുപോലെ ഭൂമിയിലും ആകണം. തിന്മയിൽനിന്നു് അവരെ രക്ഷിക്കുകയും പ്രലോഭനങ്ങളിൽ അകപ്പെടാതെ കാക്കുകയുംചെയ്യുന്നതിനു് സ്വൎഗ്ഗസ്ഥനായ പിതാവിനോടു് അനുദിനം പ്രാൎത്ഥിക്കണം. അനുതപിക്കുന്ന പാപിയുടെ തെററുകൾ പിതാവായ ദൈവം ക്ഷമിക്കും. അതേസമയം പിതാവായ ദൈവത്തെപ്രതി അയല്ക്കാരോടു് ക്ഷമിക്കുന്നതിനു് ഒരുങ്ങിയിരിക്കണം. അയല്ക്കാരനു് ഒരു കോപ്പ പച്ചവെള്ളം കൊടുത്താൽ അതു് തനിക്കു് നല്കിയതായി ദൈവം കരുതും. തങ്ങൾക്കെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പിതാവിനോടെന്നവണ്ണം ചോദിക്കണം. ''മുട്ടുവിൻ തുറക്കപ്പെടും'' ''തങ്ങളുടെ മക്കൾ അപ്പം ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?''

## പരസ്പര സഹോദൎയ്യത്വം

ദൈവമക്കളായ മനുഷ്യർ പരസ്പരം സ്നേഹിക്കണം. ''മററുള്ളവർ നിങ്ങളോടു് ചെയ്യണമെന്നു് ആഗ്രഹിക്കുന്നതു് നിങ്ങൾ മററുള്ളവൎക്കു് ചെയ്യണം''. ''നിങ്ങളുടെ ഗുരുവായ ഞാൻ നിങ്ങളുടെ കാലു കഴുകിയതുപോലെ നിങ്ങളും പരസ്പരം കാലു കഴുകണം''. ''എൻെറ ശി

ഷ്യരാകുന്നു എന്നു് അറിയുന്നതിനു് നിങ്ങൾ പരസ്പരം സ്നേഹിക്കണം''. ''ഈ ചെറിയവരിൽ ഒരാൾക്കു് ചെയ്തപ്പോൾ നിങ്ങൾ എനിക്കാണു് ചെയ്തതു്'': അയല്ക്കാരൻ ആരെന്നുള്ളചോദ്യത്തിനു് നല്ല സമ്രായന്റെ ഉപമയാണു് ക്രിസ്തു അരുൾചെയ്തതു്. ക്രിസ്തു എല്ലാവക്കും നന്മചെയ്തുകൊണ്ടു് കടന്നുപോയതുപോലെ ഓരോ അനുയായിയും നന്മചെയ്തുകൊണ്ടു് കടന്നുപോകണം. ''കൊല്ലരുതു്'' എന്നു് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, സഹോദരനെ റാക്കാ എന്നു വിളിക്കുന്നവൻ ന്യായാസനത്തിൻമുമ്പാകെ നിത്തപ്പെടണം. ചുരുക്കത്തിൽ സഹോദരന്മാരോടു് ചെയ്തതെല്ലാം തന്നോടു് ചെയ്തതായിട്ടാണു് ക്രിസ്തു കരുതുന്നതു്. പരസ്നേഹത്തിനടുത്ത ഈ പ്രവത്തികൾ മനുഷ്യപുത്രന്റെ വിധിത്തീർപ്പിന്റെ വിഷയമാണു്. ''എനിക്കു്വിശന്നു. നിങ്ങൾ ഭക്ഷണം തന്നില്ല...........'' ''നിനക്കു ഭക്ഷണം നിഷേധിച്ചതെപ്പോൾ?'' ''ഈ ചെറിയവരിൽ ഒരുത്തനു് നിഷേധിച്ചപ്പോൾ എനിക്കാണു് നിഷേധിച്ചതു്.''

## ശത്രുസ്നേഹം ദൈവസ്നേഹത്തിൽനിന്നുമാത്രം

ക്രിസ്തു വെറും വികാരപരമായ സ്നേഹമല്ല ആവശ്യപ്പെടുന്നതു്. പട്ടി വാലാട്ടിക്കൊണ്ടു് വളരെയധികം സ്നേഹവികാരങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. അതു് ധാമ്മിക തുറയിൽപ്പെട്ട ഒരു പ്രവൃത്തിയേ അല്ല. മനുഷ്യരുടെ സ്നേഹപ്രകടനങ്ങളും വികാരങ്ങളുമെല്ലാം പലപ്പോഴും പട്ടിയുടെ സ്നേഹത്തിന്റെ പരിഷ്കരിച്ച പതിപ്പാണു്. അതു് കൂടിയും കുറഞ്ഞുമിരിക്കും. പലപ്പോഴും ധാമ്മികമായി ഒന്നും അതിൽ അന്തർഭവിച്ചിട്ടുണ്ടാകുകയുമില്ല. രക്തത്തിൽ ചുവന്ന ബിന്ദുക്കൾ (red Corpuscles) അധികരിച്ചിരിക്കുമെങ്കിൽ സ്നേഹവികാരങ്ങൾകൊണ്ടു് (sanguinic temperament) നിറഞ്ഞവരായിരിക്കും. പലരുടെയും സ്നേഹം പുറം സാഹചര്യങ്ങളുടെ (stimuli) നിശ്ചിത രീതിയിലുള്ള പ്രത്യാഘാതങ്ങൾ ആയിരിക്കും. സാഹചര്യങ്ങൾ മാറി വീണാൽ ഈ സ്നേഹം ഭയങ്കര ശത്രുതയായി പരിണമിക്കും. പലപ്പോഴും മറുകക്ഷിയെക്കൊണ്ടു് ആദായമെടുക്കുതിനാണു് രണ്ടാളുകൾ അടുക്കുന്നതു്. ഒരാൾക്കോ ഇരുകൂട്ടക്കുമോ ഇച്ഛാഭംഗത്തിലായിരിക്കും അതു് അവസാനിക്കുക. ഇതോടെ ബദ്ധവൈരികളായിത്തീരുന്നു. പ്രതിഫലം ഇച്ഛിക്കാത്തുള്ള സ്നേഹംമാത്രമേ വിപ്ലവകരമാകുന്നുള്ളു. പ്രതിഫലം ഇച്ഛിക്കാതെയുള്ള പ്രകൃതിജന്യമായ സ്നേഹം അപൂർവ്വമത്രേ. അതും അഗ്നിപരീക്ഷണങ്ങളെ അതിജീവിക്കുകയുമില്ല. ശത്രുക്കളെ സ്നേഹിക്കണമെന്നാണു് ക്രിസ്തു ആവശപ്പെടുന്നതു്. ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും മഴപെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയുംചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആയിത്തീരണം. നയതന്ത്രപരമായ ശത്രു സ്നേഹമല്ല ക്രിസ്തു ആവശ്യപ്പെടുന്നതു്. ആത്മാത്ഥമായ ശത്രുസ്നേഹം ദൈവസ്നേഹത്തിൽനിന്നുമാത്രമേ ഉടലെ

ടുക്കുകയുള്ളു. അയാളുടെ വ്യക്തിപരമായ ഗുണങ്ങളല്ല അയാളുടെയും എൻെറയും പിതാവായ ദൈവത്തോടുള്ള സ്നേഹമാണ് എനിക്കു് പ്രേരണ നല്കേണ്ടതു്.

## അനുസരണം സ്നേഹത്തിൻെറ ഉരകല്ല്

വികാരങ്ങളും മുഖസ്തുതിയുമല്ല ക്രിസ്തു സ്നേഹത്തിൻെറ മാനദണ്ഡമായി സ്വീകരിക്കുന്നതു്. ''പിതാവെ! പിതാവെ!'' എന്നു വിളിക്കുന്നവരല്ല പിതാവിൻെറ ഇഷ്ടം നിവ്വഹിക്കുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽപ്രവേശിക്കുന്നതു്. ദൈവത്തിൻെറ പ്രമാണങ്ങരം അനുസരിക്കുന്നില്ലെങ്കിൽ തീച്ച്യയായും അയാരം ദൈവത്തെ സ്നേഹിക്കുന്നില്ല. പാപം ചെയ്യുന്നവൻ ദൈവ ഐക്യത്തിൽനിന്നും വിട്ടകലുന്നു. ക്രിസ്തു സ്ഥാപിച്ച സഭാധികാരികളെ അനുസരിക്കാതെ ബൈബിളും ചുമന്നുകൊണ്ടു നടക്കുന്നവൻ വെറും മുഖസ്തുതിക്കാരനാണ്. ദൈവത്തെപ്രതിയുള്ള സ്നേഹം നട്ടെല്ലുള്ളതായിരിക്കണം. ''മനുഷ്യരുടെ മുമ്പാകെ എന്നെ ഏററു പറയുവാൻ ലജ്ജിക്കുന്നവനെ എൻെറ പിതാവിൻെറ മുമ്പാകെ ഏററുപറയുവാൻ ഞാൻ ലജ്ജിക്കും''. യഥാത്ഥമായ സ്നേഹമുള്ളിടത്തു് സ്നേഹിക്കുന്ന ആളിനുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുന്നതിനു് സന്നദ്ധമായിരിക്കും. മനുഷ്യൻെറ വളച്ച് സ്നേഹത്തിലുള്ള വളച്ച്യയാണ്. അവൻെറ സ്നേഹം നട്ടെല്ലുള്ളതാകുന്തോറും അവൻ ആത്മീയമായി വളരുന്നു. വിശ്വസ്തരായ ആത്മാക്കളുടെ സ്നേഹം വളച്ച് പ്രാപിക്കുവാൻ ദൈവം അവസരം കൊടുക്കുന്നു. ''എന്നെ പിഞ്ചെല്ലുവാൻ മനസ്സാകുന്നവൻ തനിക്കുള്ളതെല്ലാം ത്യജിച്ച് തൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലെ വരണം''. ''കലപ്പയ്ക്കു് കൈവച്ച ശേഷം തിരിഞ്ഞുനോക്കുന്നവൻ എനിക്കു് യോഗ്യനല്ല''. ദൈവം വീരാത്മാക്കളെയാണ് ആവശ്യപ്പെടുന്നതു്. ''തന്നെത്താൻ നഷ്ടപ്പെടുത്തുന്നവൻ തന്നെത്തന്നെ കണ്ടെത്തും''.

## ലോകവിരക്തി ദൈവസ്നേഹത്തെ ത്വരിപ്പിക്കുന്നു

ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പരിത്യാഗമാണ് സ്നേഹത്തിൻെറ മാററുകൂട്ടുന്നതു്. ലോകവസ്തുക്കളോടുള്ള വിരക്തി നട്ടെല്ലുള്ള സ്നേഹത്തിൻെറ ഒരു അവശ്യഘടകമാണ്. അനുദിന പ്രായോഗികജീവിതത്തിൽ സൃഷ്ടികരം ദൈവത്തോടുള്ള വിധേയത്വത്തിൽനിന്നു് മനുഷ്യരെ മാററുന്നു. ധനം ശാരീരികസന്തോഷങ്ങരം എന്നിവയെല്ലാം മനുഷ്യൻെറ വിശ്വസ്തതയെ ശോധനചെയ്യുന്ന സംഗതികളാണ്. ആക്കും രണ്ടു യജമാനന്മാരെ ശുശ്രൂഷിക്കുക സാധ്യമല്ല. ധനത്തെ സ്നേഹിക്കുന്നവൻ ദൈവസ്നേഹത്തിൽനിന്നും അകലുന്നു. ധനം മനുഷ്യൻെറ ഹൃദയത്തെ മരവിപ്പിക്കുന്നു. ഒട്ടകം സൂചിക്കുഴയിൽകൂടി കടക്കുന്നതിനേക്കാരം വിഷമമാണ് ധനവാൻ സ്വർഗ്ഗരാജ്യം പ്രാപിക്കുവാൻ. ധനം മനുഷ്യൻ ഉപയോഗിക്കാതെ തരമില്ല. വിരക്തിയോടുകൂടി ദൈവത്തെപ്രതിമാത്രമേ അതിനെ ഉപയോഗിക്കാവൂ. ഹൃദയ

ദാരിദ്ര്യമുള്ളവർ ഭാഗ്യവന്മാർ. ധനവാനായ യുവാവിനോട്ട് തനിക്കു ള്ളതെല്ലാം വിററ് തലചായിപ്പാൻ സ്ഥലമില്ലാത്ത തന്നെപ്പോലെ ആയിത്തീരുവാനാണ് ആവശ്യപ്പെട്ടതു്. ശാരീരികസന്തോഷങ്ങളാ ണ് മനുഷ്യനെ ദൈവസ്നേഹത്തിൽനിന്നകററുന്ന മറെറാരു കെണി. വലതുകണ്ണ് ഇടച്ച്വരുത്തുന്നുവെങ്കിൽ പിഴുതുകളയണം. കുററകരമ ല്ലാത്ത മാതാപിതാക്കന്മാരോടുള്ള സ്നേഹംപോലും ദൈവസ്നേഹത്തി നെതിരായി നിന്നുകൂടാ. ദൈവത്തെ ആണ് മാതാപിതാക്കന്മാരിലും ഉപരിയായി സ്നേഹിക്കേണ്ടതു്. മാതാപിതാക്കന്മാരുടെമേലുള്ള സ്നേ ഹം ദൈവസ്നേഹത്തിൽനിന്ന് നമ്മെ അകററുമെങ്കിൽ അതിനെ വെ ട്ടി നീക്കണം. ''അപ്പനേയോ അമ്മയേയോ എന്നെക്കാരം സ്നേഹിക്കു ന്നവൻ എനിക്കു് യോഗ്യനല്ല''. ഏററം ശ്രേഷ്ഠമായ ബലിയർപ്പണ ത്തേക്കാരംപ്പോലും മുൻഗണന നല്കേണ്ടതു് സ്നേഹത്തിനാണ്. ''നീ ബലി അപ്പിക്കുവാൻ ചെല്ലുമ്പോരം നിൻെറ സഹോദരന് നിനക്കെ തിരായി എന്തെങ്കിലും ഉണ്ടെന്നുകണ്ടാൽ, ബലിസാധനം അവിടെ വച്ച് ആദ്യമായി സഹോദരനുമായി രമ്യപ്പെടുകയും അതിൻെറശേ ഷംവന്ന് ബലി അപ്പിക്കുകയുംചെയ്യണം.

## അരിഷ്ടതകരം സ്നേഹത്തെ ത്വരിപ്പിക്കുവാൻ

മനുഷ്യൻെറ വിശ്വസ്തതയെ പരിശോധിക്കുന്നതിനും സ്നേഹ ത്തെ ഉറപ്പിക്കുന്നതിനുംവേണ്ടി ദൈവം അരിഷ്ടതകരം യാത്രയാക്കു ന്നു. ''നീതിയെപ്രതി പാടുപീഡകരം സഹിക്കുന്നവർ ഭാഗ്യവാ ന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു''. അരി ഷ്ടതകളിൽ സന്തോഷിക്കുവാനാണ് ക്രിസ്തു ആഹ്വാനംചെയ്യുന്നതു്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഉറയ്ക്കുന്നതിനുള്ള ഒരു സുവർണ്ണ അവസരമാണ് അതു് നല്കുന്നതു്. അവർ കൊടുത്തു് ഭാഗ്യമനുഭവിക്കു ന്നു. സിദ്ധാത്ഥനെ അമ്പരിപ്പിച്ച തിന്മയുടെ പ്രശ്നം ക്രിസ്തുവിൻെറ അനുയായികരംക്കു് ഉയന്നു പറക്കുന്നതിനുള്ള ചിറകുകരം പ്രദാനംചെ യ്യുന്നു. അരിഷ്ടതകരം സ്വതേ ഭാരമുള്ളവയാണ്. പക്ഷിയുടെ ചിറകി നും കുറെയെങ്കിലും ഭാരമുണ്ടു്. എന്നാൽ ആ ചിറകുവിടുത്തി അതിൽ കാററുപിടിച്ചാൽ ആ ചിറകുകരം പക്ഷിയെ വഹിക്കും. അനുഗ്രഹ വാനായ ദൈവം നമ്മെ തൻെറ സ്നേഹവിപ്ലവംവഴി ധന്യരാക്കുന്നതി നു് അരിഷ്ടതകരം അയച്ചു എന്നറിയുമ്പോരം അതിൻെറ ഭാരം കുറയുക യും മധുരതരമാകുകയുംചെയ്യും.

ഒട്ടകരോമംകൊണ്ടുള്ള അങ്കിയും ധരിച്ച് ജനതാമദ്ധ്യത്തിൽ പ്ര ത്യക്ഷപ്പെട്ട യോഹന്നാൻെറ വേഷംതന്നെ വിപ്ലവകാരിയുടേതായി രുന്നു. ക്രിസ്തു തൻെറ ദാരിദ്ര്യസ്ഥിതിയ്ക്കു് യോജിച്ചവിധത്തിൽ ചി തമായി വസ്ത്രം ധരിച്ചുകൊണ്ടാണ് ജനതാ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെ ട്ടതു്. തന്നെപ്പററി ഒരു താപസവര്യൻ എന്ന ധാരണ അവിടുന്ന് ന ല്കിയില്ല. താപസവേഷത്തിൽ കപടഭക്തരായിരുന്ന നേതൃവർഗ്ഗങ്ങരം ക്കു് ഒന്നുകൂടി സ്വീകാര്യനായിരുന്നേനേ. യോഹന്നാൻേറതുപോലുള്ള

ഇടിമുഴക്ക പ്രസംഗങ്ങളായിരുന്നില്ല ക്രിസ്തുവിൻേറതു്. എല്ലാവർക്കും സമീപിക്കാവുന്ന ഇണക്കപ്രകൃതിയായിരുന്നു അങ്ങേയ്ക്കുണ്ടായിരുന്നതു്. മരുഭൂമിയിലല്ല ജനവാസമുള്ള ഗ്രാമങ്ങളിലത്രേ അങ്ങേ പ്രേഷിതരംഗം. രോഗികളെ അവിടുന്നു് സ്വസ്ഥമാക്കുകയും പിശാചുക്കളെ ഒഴിപ്പിക്കുകയും ദരിദ്രരോടു് ഉപമകളിലായി തൻെറ സന്ദേശം അറിയിക്കുകയുംചെയ്തു. മതപരമായ സത്യങ്ങൾ പഠിപ്പിക്കുന്ന ഇസ്രായേലിലെ ഗുരുക്കന്മാരുടെ ജോലിയാണു് അവിടുന്നു് ഏറ്റെടുത്തതു്. മററു ഗുരുക്കന്മാരുടെ കീഴിൽ അഭ്യസിച്ചതിൻെറശേഷമാണു് ഈ ഗുരുക്കന്മാർ അദ്ധ്യാപക ജോലിയിൽ ഏർപ്പെടുക. ക്രിസ്തു ഇന്ത്യയിലോ ഈജിപ്തിലോ പോയി പഠനം നടത്തി എന്നുള്ള ചിലരുടെ വാദത്തിനുള്ള മറുപടി ഒന്നും പഠിക്കാതെ ഇത്ര ഭംഗിയായി പഠിപ്പിക്കുന്നതിലുള്ള ജനങ്ങളുടെ അത്ഭുതപ്രകടനമാണു്.

## അന്ധമായ വിദ്വേഷം

മററു ഗുരുക്കന്മാരെപ്പോലെയല്ല അധികാരമുള്ളവനെപ്പോലെയാണു് അവിടുന്നു് പഠിപ്പിച്ചിരുന്നതു്. അവിടുന്നു് പ്രവർത്തിച്ച അത്ഭുതങ്ങൾ അങ്ങേ ദൈവീകദൗത്യം തെളിയിച്ചു. മനുഷ്യരെ സംബന്ധിച്ചുള്ള ദൈവത്തിൻെറ പദ്ധതി അവിടുന്നു് വെളിപ്പെടുത്തി. പാപവഴികളെ വിട്ടു് ദൈവത്തിലേയ്ക്കു് പിന്തിരിയണം. ശത്രുക്കളെക്കൂടെയും സ്നേഹിച്ചുകൊണ്ടു് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആയിത്തീരണം. തങ്ങൾ അവഗണിക്കപ്പെടുന്നതായി യഹൂദമതാധികാരികൾക്കു് തോന്നി. ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങളും പൊതുജനങ്ങളുടെ ഇടയിൽ അങ്ങേയ്ക്കു് ലഭിച്ച സ്വീകരണവും അങ്ങേ അവഗണിക്കുക അസാദ്ധ്യമാക്കിത്തീർത്തു. അങ്ങേ അവകാശവാദങ്ങൾ അവരെ അസ്വസ്ഥരാക്കി. പാത്രങ്ങളുടെ കഴുകുതുടങ്ങിയുള്ള അന്ധമായ അനുഷ്ഠാനങ്ങളെ അവിടുന്നു് അപലപിച്ചതു് അവരെ കലികൊള്ളിച്ചു. മൂടുപടം നീക്കി അവരുടെ കാപട്യം വെളിപ്പെടുത്തിയതു് അവരെ അന്ധരാക്കി. അങ്ങേ നീക്കംചെയ്യുന്നതുവരെ തങ്ങളുടെ നില ഭദ്രമല്ലെന്നു് അവർക്കു് ബോധ്യമായി.

## കുരിശുമരണംവരെ കീഴ്വഴങ്ങി

തൻെറ പ്രസംഗങ്ങൾവഴിയായി ക്രിസ്തു സ്നേഹവിപ്ലവം അവതരിപ്പിച്ചു. അതിനെ വളർത്തിക്കൊണ്ടുവരുന്നതിനായി അവിടുന്നു് ദൃശ്യസഭ സ്ഥാപിക്കുകയും പരിശുദ്ധാത്മാവിനെ അയയ്ക്കുകയുംചെയ്തു. അങ്ങേ ജീവിതം ഈ വിപ്ലവത്തെ ഉറപ്പിക്കുന്നതിനു് പര്യാപ്തമായിരുന്നു. പാപത്തെ അനന്തമായി ദ്വേഷിച്ചിരുന്ന അവിടുന്നു് പാപികളെ അനന്തമായി സ്നേഹിച്ചു. ധൂർത്തപുത്രൻെറ ഉപമ ദൈവത്തിൻെറ അനന്തമായ അനുഗ്രഹം സ്പഷ്ടമാക്കുന്നു. മനുഷ്യരെ വിധിക്കുവാൻ വരുവാനിരിക്കുന്ന മനുഷ്യപുത്രൻ ദാസൻെറ വേഷത്തിലാണു് പ്രത്യക്ഷപ്പെടുന്നതു്. അവിടുന്നു് കുരിശുമരണംവരെ കീഴ്‌വഴങ്ങി. മനു

ഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുന്നതിനും പലരുടെ വീണ്ടെടുപ്പിനു തൻെറ ജീവൻ അപ്പിക്കുന്നതിനുമത്രേ വന്നിരിക്കുന്നതു്. ''വലഞ്ഞും ഭാരം ചുമക്കുന്നവരും എൻെറ പക്കൽ വരുവിൻ ഞാൻ അവരെ ആശ്വസിപ്പിക്കാം''. എവിടെയും അവിടുന്നു് അനുകമ്പയും വാത്സല്യവുമാണു് പ്രകടിപ്പിച്ചതു്. ശിശുക്കളെ അവിടുന്നു് അനുഗ്രഹിച്ചു. ലാസറിൻെറ കവറിടത്തിങ്കൽ കരഞ്ഞു. അവിടുന്നു് എല്ലാവക്കും എല്ലാമായി.

അവിടുന്നു് സ്വന്തം സ്തുതി അന്വേഷിച്ചിരുന്നില്ല— പിതാവിൻെറ ഇഷ്ടം നിറവേററുന്നതിനാണു് അവിടുന്നു് ബദ്ധപ്പെട്ടിരുന്നതു്. പ്രാത്ഥനവഴിയായി എവിടെയും പിതാവുമായി ഐക്യത്തിൽ വർത്തിച്ചിരുന്നു. പലപ്പോഴും രാത്രി മുഴുവൻ അവിടുന്നു് പ്രാത്ഥനയിൽ കഴിച്ചുകൂട്ടി. മനുഷ്യരുടെ പ്രശംസയിൽനിന്നും എപ്പോഴും ഒഴിഞ്ഞുമാറുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങേ അത്ഭുതങ്ങളെല്ലാം പരസേവനത്തിനുവേണ്ടിയുള്ളവമാത്രം. ഈ അത്ഭുതങ്ങളെല്ലാം അനാർഭാടമായിരുന്നു. ''എളിമയും ശാന്തശീലവുമുള്ള എന്നിൽനിന്നു് നിങ്ങൾ കണ്ടു പഠിക്കുവിൻ''.

അങ്ങേ എളിമയും ശാന്തശീലവും അനുഗ്രഹവും നട്ടെല്ലില്ലാത്തതോ ക്ഷീണപ്രകൃതിയിൽനിന്നുള്ളതോ ആയിരുന്നില്ല. പാപികളെ അനന്തമായി സ്നേഹിച്ചുവെങ്കിൽ പാപത്തെ അനന്തമായി ദ്വേഷിച്ചു. ദേവാലയത്തിൽ ക്രയവിക്രയം ചെയ്തിരുന്നവരെ ചാട്ടകൊണ്ടു് അടിച്ചോടിച്ചു, ഹൃദയപരിഛേദനംകൂടാതുള്ള നേതൃവഗ്ഗങ്ങളുടെ നിയമാനുഷ്ഠാനങ്ങളെ അവിടുന്നു് അതികഠിനമായി അപലപിച്ചു. ''അണലിപ്പാമ്പിൻെറ സന്തതികൾ'' ''വെള്ളയടിച്ച ശവകുടീരങ്ങൾ''. എന്നുതുടങ്ങി യൂദനേതാക്കന്മാരുടെമേൽ ചൊരിഞ്ഞ ശകാരവർഷങ്ങളിന്മേൽ ക്രിസ്തുവിനെ അപലപിക്കുന്ന കപടഭക്തന്മാർ ഇന്നും ധാരാളമുണ്ടു്. നിത്യനരകശിക്ഷയെപ്പററിയുള്ള ഖണ്ഡിതമായ പ്രസ്താവനകൾ, പാപത്തോടുള്ള സന്ധിയില്ലാസമരം എന്നിവയെല്ലാം യാഥാത്ഥ്യബോധത്തിൻെറ അഭാവമായിക്കരുതുന്നവരുമുണ്ടു്. കപടഭക്തിയേയും പാപത്തെയും വെറുക്കുന്നവരിൽപോലും ചിലർ അവിടുന്നു് ക്രമംവിട്ടും തീത്തും പരുഷമായും വികാരങ്ങൾക്കധീനനായും സംസാരിക്കുന്നതായി കരുതുന്നു. ഇക്കൂട്ടരെല്ലാം വിസ്മരിക്കുന്ന ഒരു മൗലീകവസ്തുത ക്രിസ്തു ഒരു വിപ്ലവകാരിയാണെന്നുള്ളതാണു്. വികാരങ്ങൾക്കധീനമായി പ്രവത്തിക്കാവുന്ന അവസരങ്ങൾ അങ്ങേ ജീവിതത്തിൽ പലതുമുണ്ടു്. അടിക്കുകയും, മുഖത്തു തുപ്പുകയുംചെയ്യുമ്പോൾ, കോടതിയിൽവെച്ചു് അനധികൃതമായി അടിക്കപ്പെടുമ്പോൾ, ക്രൂശിൽ അതികഠിന വേദന അനുഭവപ്പെടുമ്പോൾ, പ്രേമശിഷ്യൻ ഒററിക്കൊടുക്കുമ്പോൾ എല്ലാമാണു് ഏതുമനുഷ്യനും വികാരങ്ങൾക്കു് അടിപ്പെട്ടുപോകുക. ഈ അവസരങ്ങളിലെല്ലാം അമാനുഷിക ക്ഷമയാണു് അവിടുന്നു് പ്രദശിപ്പിക്കുന്നതു്. ''പിതാവെ! അവരോടു ക്ഷമിക്കണമേ, എന്തുകൊണ്ടെന്നാൽ അവർ എന്താണു് ചെയ്യുന്നതു് എന്നു് അ

വർ അറിയുന്നില്ല''. ''സ്നേഹിതാ ചുംബിച്ചുകൊണ്ടാണോ മനുഷ്യ പുത്രനെ ഒററിക്കൊടുക്കുന്നതു''. വിപ്ലവകാരി സ്വന്തം അസ്വാസ്ഥത കരം പരിഗണിക്കുകയേയില്ല. അയാരം ആശയങ്ങളിന്മേൽ കടിച്ചു തൂങ്ങിക്കിടക്കുന്ന ആളാണു്. ആശയങ്ങരം വ്യക്തമാക്കുന്നതിനുവേണ്ടി കായിക്കാത്ത അത്തിവൃക്ഷത്തെ ചിലപ്പോരം ശപിച്ചെന്നുവരും. സ്വന്തം അസൌകര്യങ്ങളാലോ ഇഷ്ടാനിഷ്ടങ്ങളാലോ നയിക്കപ്പെടുന്നവൻ വിപ്ലവകാരിയേ അല്ല. സ്വന്തം കീശ നിറയ്ക്കുന്നതിനുവേണ്ടി യത്നിക്കുന്ന ആധുനിക വിപ്ലകാരികളെപ്പോലെയല്ല ക്രിസ്തു. ആദശ്നിഷ്ഠയാണു് അങ്ങേ ഭരിക്കുന്നതു്. കപടഭക്തന്മാരുടെ വിമശ്നങ്ങരം അങ്ങേ അതിൽനിന്നു് വിരമിപ്പിക്കുവാനുംപോകുന്നില്ല.

---

## അദ്ധ്യായം 11

# ക്രിസ്തുവിൻെറ ജീവിതവീക്ഷണം

ഭൂമുഖത്തു് പ്രത്യക്ഷപ്പെട്ടിട്ടുള്ള മനുഷ്യരിൽവെച്ചു് ഏററം വലിയ ശുഭാപ്തി വിശ്വാസി ക്രിസ്തുവത്രേ. അങ്ങയോടു് താരതമ്യപ്പെടുത്തിയാൽ മററുമനുഷ്യരെല്ലാം ദോഷൈകദൃക്കുകളാണു്. അവരെല്ലാം ഉണങ്ങി വരണ്ട ഈ ഭൂമിമാത്രമേ കണ്ടിട്ടുള്ളു. മനുഷ്യൻെറ അതിവിപുലമായ കഴിവുകളെപ്പററി അവക്കു് ഒരു ബോധവുമില്ല. സസ്യപരമായ ജീവിതം അതിൻെറ പാരമ്യത്തിൽ എത്തിക്കുകയാണു് അവരുടെ മധുരസ്വപ്നങ്ങളുടെയെല്ലാം മകുടം.

### ശുഭാപ്തി വിശ്വാസി

വിദേശങ്ങളിൽ പോയി പലതും കണ്ടും കേട്ടും വന്നിട്ടുള്ള ആരം സാമാന്യമായി വലിയ ശുഭാപ്തിവിശ്വാസി ആയിരിക്കും. വിദേശസമ്പക്ത്തിൽനിന്നും സ്വരാജ്യത്തിൻെറ വികസനസാദ്ധ്യതകളെപ്പററി ലഭിച്ച അറിവിൻെറ തോതനുസരിച്ചു് അയാളുടെ പ്രതീക്ഷകരം ഉയരുന്നു. ഇവിടെയുള്ള കാട്ടുചെടികളെല്ലാം പറിച്ചുകളഞ്ഞു് വിദേശത്തു കണ്ട ചെടികരം കൊണ്ടുവന്നു നട്ടു്, നാട്ടുകാർ സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാത്ത ഈ ഭൂമിയുടെ കഴിവുകരം പരമാവധി വികസിപ്പിക്കുന്നതിനായിരിക്കും അയാളുടെ ശ്രമം.

DHARMARAM COLLEGE LIBRARY, BANGALORE.
20987

ക്രിസ്തുവിൻെറ അനുഭവവും ഇതുതന്നെ ആയിരുന്നു. സ്നേഹവിപ്ലവത്തിനുപിന്നിൽ അങ്ങേയ്ക്കു് ഒരു ജീവിതവീക്ഷണമുണ്ടു്. മററുള്ളവർ കാണുന്നതിൽനിന്നെല്ലാം വ്യത്യസ്തമായ രീതിയിലാണു് അവിടുന്നു് വസ്തുതകളെകാണുന്നതു്. പ്രാപഞ്ചികകഴിവുകൾമാത്രമേ മനുഷ്യൻ വിലയിരുത്തുന്നുള്ള. പ്രാപഞ്ചികകഴിവുകളെല്ലാം പ്രപഞ്ചാതീതകഴിവുകൾക്കു് വളമായിത്തീരേണ്ട കാട്ടുചെടികളായിട്ടുമാത്രമാണു് അവിടുന്നു് കരുതുന്നതു്. അവയൊന്നും മനുഷ്യനെ ധന്യനാക്കുന്നില്ല. പ്രപഞ്ചാതീതകഴിവുകൾമാത്രമേ മനുഷ്യനെ ധന്യനാക്കുകയുള്ള. പ്രാപഞ്ചികകഴിവുകൾ പരമാവധി വികസിപ്പിച്ചാൽ എവറസ്റ്റിൻെറ ഉച്ചിവരെ എത്തിച്ചേക്കാം. പ്രപഞ്ചാതീതകഴിവുകൾ വികസിപ്പിച്ചു് ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും മഴ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയുംചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണനാകുന്നതിനാണു് ക്രിസ്തു ആഹ്വാനംചെയ്യുന്നതു്. എവറസ്റ്റിൻെറ മുകളിൽക്കൂടിയോ ബഹിരാകാശത്തിൽക്കൂടെയോ യാത്രചെയ്താലും കൊടുത്തുസ്നേഹിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഭാഗ്യം അവക്കു് ലഭിക്കുകയില്ല.

## ആത്മാവിൻെറ അനന്തമായവില

ദൈവത്തിലെ അസൃഷ്ടമനുഷ്യനു് സൃഷ്ടമനുഷ്യനിലുള്ള ദൈവീകകഴിവുകളെപ്പററിയുള്ള ബോധമാണു് ഈ ശുഭാപ്തിവിശ്വാസത്തിനു കാരണം. പ്രാപഞ്ചികവിലയിരുത്തലിൽ മനുഷ്യനു് വിലയൊന്നുമില്ല. ക്രിസ്തുവിൻെറ വീക്ഷണത്തിൽ സർവ്വലോകത്തെക്കാൾ വിലയുള്ളവനാണു് ഭിക്ഷാടനംചെയ്തു്നടക്കുന്ന മനുഷ്യൻ. ''ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്തു്? മനുഷ്യൻ അവൻെറ ആത്മാവിനു വിലയായി എന്തുകൊടുക്കും?'' അനശ്വരമായ മനുഷ്യാത്മാവു് നശ്വരമായ സർവ്വലോകത്തെക്കാൾ വിലയുള്ളതാണു്. കൊടുത്തുസ്നേഹിച്ചു് ഭാഗ്യമടയുന്നതിനു് കഴിവുള്ള മനുഷ്യാത്മാവു് കൊടുക്കുന്നതിനോ സ്നേഹിക്കുന്നതിനോ ഭാഗ്യമനുഭവിക്കുന്നതിനോ കഴിവില്ലാത്ത സർവ്വലോകത്തെക്കാൾ വിലയുള്ളതാണു്. ഈ വസ്തുത ക്രിസ്തുവിൻെറ കാലംവരെ അജ്ഞാതമായിരുന്നു. പഞ്ചസ്കന്ധങ്ങളുടെ ആകെത്തുകയായിട്ടാണു് മനുഷ്യൻ കരുതപ്പെട്ടിരുന്നതു്. പക്ഷിമൃഗാദികളിൽ കവിച്ചിലായ വിലയോ ലക്ഷ്യമോ മനുഷ്യനു് ലഭിച്ചിരുന്നില്ല. മനുഷ്യവ്യക്തിക്കു് പ്രകൃതിജന്യവും അലംഘനീയവുമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു. പ്രാപഞ്ചികഭാഗ്യങ്ങൾമാത്രമേ മനുഷ്യൻ തേടിയിരുന്നുള്ള. മതത്തിൻെറയും ബലിയുടെയുമെല്ലാം ലക്ഷ്യം അവ തങ്ങൾക്കും സന്തതികൾക്കും ഭദ്രമാക്കുകമാത്രം.

ലോകത്തെയും മനുഷ്യരെയും ദൈവത്തെയും ഏതാണ്ടു് ഒരേ ലെവലിലാണു് അന്നുള്ളവർ വീക്ഷിച്ചിരുന്നതെന്നുപറയാം. അവയെല്ലാം പ്രപഞ്ചത്തിൻെറ ഭാഗംതന്നെ. വലിപ്പചെറുപ്പവ്യത്യാസംമാത്രം. സൃഷ്ടിയിൽ അവർ വിശ്വസിച്ചിരുന്നില്ല. തങ്ങളേക്കാൾ കുറെ

കൂടെ ശക്തന്മാരായ ആളുകളായിട്ടുമാത്രമേ അവർ ദേവന്മാരെ കരുതിയിരുന്നുള്ളു. ക്രിസ്തുവിൻെറ വീക്ഷണത്തിൽ അവയെല്ലാം വ്യത്യസ്തങ്ങളാണു്. ദൈവം പ്രപഞ്ചത്തിനെല്ലാം അതീതനായ അതിൻെറ സ്രഷ്ടാവാണു്. സൃഷ്ടിയായ മനുഷ്യൻ പൂർണ്ണമായും ദൈവത്തിനു് വിധേയനത്രേ, തന്മൂലം ഒരു തലേന്തു് ഏല്പിച്ചു് അതു് വർദ്ധിപ്പിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെടുക എന്നതു് വിതയ്ക്കാത്തിടത്തു് കൊയ്യുവാൻ വരികയല്ല. അയാളും അയാളുടെ അദ്ധ്വാനവും, അദ്ധ്വാനഫലവും എല്ലാം ദൈവത്തിൻേറതാണു്. മനുഷ്യൻെറ അദ്ധ്വാനഫലമെടുത്തു് തിന്നുവാനല്ല ദൈവമിരിക്കുന്നതു്. അവനെ പൂർണ്ണതപ്പെടുത്തി പത്തു നഗരങ്ങളുടെമേൽ ആധിപത്യം ഏല്പിക്കുവാനാണു് ഒരു തലേന്തു് നൽകുന്നതു്.

## മനുഷ്യൻ പ്രപഞ്ചത്തിനതീതൻ

മനുഷ്യക്കു് മററുവസ്തുക്കളെപ്പോലെ വണ്ണവും നീളവും, മൃഗങ്ങളെപ്പോലെ കണ്ണും കയ്യുമുണ്ടെങ്കിലും പ്രപഞ്ചത്തിൻെറ ഭാഗമല്ല. അവൻ പ്രപഞ്ചത്തിനതീതനാണു്, പ്രപഞ്ചത്തിൽ വിവേചനമോ, സ്നേഹമോ ഇല്ല. മനുഷ്യനു് ഉത്തരവാദിത്വവും സ്വാതന്ത്ര്യവും ഉണ്ടു്. അവൻ സാഹചര്യങ്ങളുടെ സൃഷ്ടിയല്ല സാഹചര്യങ്ങളെ സൃഷ്ടിക്കുന്നവനാണു്. ഈ വ്യത്യാസം വലിപ്പച്ചെറുപ്പത്തിൻെറ വകഭേദമോ അന്തിമദശയോ അല്ല. പുരുഷാത്മകത്വം പ്രകൃതിവിലാസം എന്നീ രണ്ടു് അടിസ്ഥാനരൂപങ്ങളിലാണു് സൃഷ്ടജീവിതം പ്രത്യക്ഷമാകുന്നതു്. പുരുഷാത്മകത്വം പ്രകൃതിജീവിതത്തിൻെറ വകഭേദമോ അന്തിമദശയോ അല്ല. ആധുനികർ വളരെ കാര്യമായി മതിക്കുന്ന പ്രകൃതി പുരുഷാത്മകത്വത്തിൽനിന്നെല്ലാം വളരെ താഴെയാണു്. അവ അന്യോന്യം ബന്ധപ്പെട്ടിരുന്നാലും ഒന്നു് മറെറാന്നിൽനിന്നു വ്യത്യസ്തമത്രേ. പ്രകൃതിഘടകങ്ങൾ ശക്തങ്ങളെന്നിരുന്നാലും അന്ധമാണു്. അതു് സ്വന്തം നാഥനല്ല. അതിനു് സ്നേഹിക്കുവാൻ സാധിക്കുകയില്ല. അതിനു് ഭാഗ്യവും നിർഭാഗ്യവുമില്ല. മനുഷ്യനാൽ ഉപയോഗിക്കപ്പെട്ടുകൊണ്ടാണു് അതു് ജന്മസാഫല്യമടയുന്നതു്. ഒരു പുരുഷൻ ആരുടെയുമല്ല സ്വന്തമാണു്. അയാൾ ഏകാകിയായിതന്നിൽതന്നെ ജീവിക്കുന്നു. അയാൾ മററുള്ളവരിൽനിന്നെല്ലാം സ്വതന്ത്രനത്രേ. ബുദ്ധിയുള്ളതാണു് ഈ സ്വാതന്ത്ര്യത്തിനുകാരണം. തനിക്കു് പുരുഷാത്മകത്വമുണ്ടെന്നുള്ളവസ്തുത സ്വയമേ ബോദ്ധ്യമാകുന്നു. ''ഞാൻ'' എന്നു പറയുവാനുള്ള കഴിവു് അയാളെ മററു സകലവസ്തുക്കളിൽനിന്നു് വേർതിരിക്കുന്നു. ഈ ബോധംമൂലം തന്നിൽതന്നെ ആശ്രയിച്ചു് സ്വന്തം നാഥനായി വർത്തിക്കുന്നു.

ഇസ്രായേലിൻെറ അവസാനനാളുകളിൽമാത്രമേ മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം കാണുന്നുള്ളു. നിൻെറ സഹോദരൻ ഉയക്കും എന്നു് ക്രിസ്തു പറഞ്ഞപ്പോൾ ''അവസാനനാളുകളിൽ അവൻ ഉയക്കും എന്നുള്ള മർത്തായുടെ മറുപടി ഇസ്രായേലിൻെറ പരമ്പരാഗത

മായ വിശ്വാസത്തെയാണ് അനുസ്മരിപ്പിക്കുന്നത്. ഈ വിശ്വാസത്തെ ക്രിസ്തു ആവർത്തിച്ചുറപ്പിക്കുകയാണ് ചെയ്യുന്നത്. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോവിന്റെയും ദൈവം മരിച്ചവരുടെ ദൈവമല്ല ജീവിക്കുന്നവരുടെ ദൈവമത്രേ. ഏഴുപേരുടെ ഭാര്യ മരിച്ചവരുടെ ഉയിർപ്പിൽ വിഷമിക്കേണ്ടകാര്യമില്ല. അവിടെ തീനും കുടിയും വിവാഹവുമൊന്നുമില്ല. ഉയിർപ്പിനുശേഷവും പ്രാപഞ്ചികഭാഗ്യങ്ങൾ എന്നായിരുന്നു യൂദന്മാരുടെ വിശ്വാസം. അവയെല്ലാം സജ്ജീകരണകാലത്തേ താല്ക്കാലിക ക്രമീകരണംമാത്രമേ ആകുന്നുള്ളു. മനുഷ്യൻ ഭക്ഷിക്കുവാനോ വിവാഹംചെയ്യുവാനോ അല്ല സ്നേഹിക്കുവാനാണ്. സ്നേഹജീവിതത്തിനുള്ള സജ്ജീകരണംമാത്രമാണ് ഈലോകജീവിതം.

## അനശ്വരമായ ആത്മാവ്

സർവ്വലോകത്തെക്കാൾ വിലയുള്ളതായി ക്രിസ്തു വിവരിക്കുന്ന ആത്മാവ് ശരീരത്തിൽ വസിക്കുകയും അതിന് രൂപംകൊടുക്കുകയും (substantial form) ചെയ്യുന്നു. ശരീരത്തോടു ബന്ധമില്ലാതെ ഒരു കാരാഗൃഹത്തിലെന്നവണ്ണം വസിക്കുന്ന (പ്ലേറ്റോ) ആത്മാവല്ല അതു്. മനുഷ്യാത്മാവിന്റെ ഉത്ഭവം ശരീരത്തിൽനിന്നല്ല ദൈവത്തിന്റെ ശ്വാസത്തിൽനിന്നാണ്. അതിന് സ്വായമായി ആസ്ഥിക്യമുണ്ട്. ശരീരം നശിച്ചാലും ആത്മാവ് ജീവിക്കും. ശരീരം ആന്തരികമായി ശരീരത്തെ ആശ്രയിക്കുന്നുവെങ്കിൽ വള്ളം മുങ്ങുന്നതോടെ അതിലുള്ള ആളും മുങ്ങുന്നതുപോലെ ശരീരം നശിക്കുന്നതോടെ ആത്മാവും നശിക്കും. നേത്രരോഗി കണ്ണാടിയെ ആശ്രയിക്കുന്നതുപോലെ ബാഹ്യമായിട്ടുമാത്രമേ ആത്മാവ് ശരീരത്തെ ആശ്രയിക്കുന്നുള്ളു. സ്വായമായി ആസ്ഥിക്യമുള്ള ഒരു വസ്തുവായി ആത്മാവിനെ ക്രിസ്തു സങ്കല്പിക്കുന്നു. ''ശരീരത്തെ കൊല്ലുന്നവരെയല്ല ഭയപ്പെടേണ്ടതു് ശരീരത്തെയും ആത്മാവിനെയും നരകത്തിൽ ആഴ്ത്തുന്നവരെയാണ് ഭയപ്പെടേണ്ടതു്''. പ്ലേറ്റോയുടെ ആത്മാവുപോലെ ശരീരത്തിനുമുമ്പ് സ്ഥിതിചെയ്യുന്ന ആത്മാവല്ല അതു്. നേരിട്ട് അതിനെ ശരീരത്തിൽ സൃഷ്ടിക്കുകയത്രേ. ഒരാളിന്റെ തല അയാളുടെ കഴുത്തിനുമാത്രം പററുന്നതുപോലെ ഓരോ ആത്മാവും അതു് രൂപംകൊടുക്കുന്ന ആത്മാവിനുമാത്രമേ പററുകയുള്ളു. തന്മൂലം പുനഃജന്മവാദം സ്വീകാര്യമല്ല. മനുഷ്യാത്മാവിന് സ്വായമായ ആസ്ഥിക്യം ഉണ്ടെങ്കിലും ശരീരംകൂടാതെയുള്ള ആസ്ഥിക്യം സ്വാഭാവികമോ ശാശ്വതമോ അല്ല. ആത്മാവിന്റെ സ്വതന്ത്രമായ ആസ്ഥിക്യത്തെപ്പററി യൂദന്മാക്ക് ധാരണയുണ്ടായിരുന്നുവെന്ന് തോന്നുന്നില്ല. ശരീരത്തിന്റെ ഉയിർപ്പുവഴിയുള്ള അമർത്ത്യതയിലാണ് അവർ വിശ്വസിച്ചിരുന്നതു്. മനുഷ്യൻ ജീവിക്കുന്നതിന് ആശിക്കുന്നു. മററു് ആശകളുടെയെല്ലാം അടിസ്ഥാനം അതാണ്. അങ്ങനെ ഒരു ആശ മനുഷ്യനിൽ നിക്ഷേപിച്ചശേഷം അതിനെ വിഫലീകരിക്കുന്നതു് വഞ്ചനയല്ലേ? ഉറങ്ങിക്കിടക്കുന്ന ആളേ വിളിച്ചെഴുന്നേല്പിച്ച് അത്താഴമില്ലെന്നു പറയുകയല്ലേ?

സർവ്വലോകത്തെക്കാൾ വിലയുള്ളതായ ആത്മാവിനെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു് വികസിതരൂപത്തിലല്ല. വികസിക്കുന്നതിനുള്ള കഴിവു് അതിനു് കൊടുത്തിട്ടുണ്ടു്. ആത്മാവു് വികസിക്കുന്നതിലേയ്ക്കാണു് ബുദ്ധിയും മനസ്സും ശരീരവും മററു ഭൌതികവസ്തുക്കളും കൊടുത്തിട്ടുള്ളതു്. മനുഷ്യൻ സ്നേഹിക്കുന്നതിനാണു്. അവൻ ധന്യനാകണമെങ്കിൽ വിവേചിച്ചു് സ്നേഹിക്കണം. സ്വാതന്ത്ര്യമുപയോഗിച്ചു് സ്നേഹവിഷയം തിരഞ്ഞെടുക്കണം. ജീവിതം ഒരു കലയത്രേ. അതിൽ ഒരു തിരഞ്ഞെടുപ്പു് അന്തർഭവിച്ചിട്ടുണ്ടു്. ഒരുവശത്തു് അവൻെറ ആദികാരണവും പരമാന്ത്യവുമായ ദൈവം. മറുവശത്തു് ദൈവത്തിലേയ്ക്കുയരുന്നതിനു് ഒരു ഉപകരണമായി ദൈവം സ്ഥാപിച്ചിട്ടുള്ള സൃഷ്ടികൾ. ദൈവത്തെ ഉപേക്ഷിച്ചു് നശ്വരമായ സൃഷ്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള സാദ്ധ്യത സർവ്വത്ര ശുഭാപ്തി വിശ്വാസിയെങ്കിലും തികഞ്ഞ യാഥാർത്ഥ്യബോധമുള്ള ക്രിസ്തു വിഭാവനംചെയ്യുന്നുണ്ടു്. നശ്വരമെങ്കിലും ദൃശ്യമായ സൃഷ്ടികളുടെ ആകർഷണത്തിൽ അയാൾ കുടുങ്ങിപ്പോകുന്നു. ഇങ്ങനെ അയാൾ സർവ്വലോകത്തെക്കാൾ വിലയുള്ള ആത്മാവിനെ തീർത്തും നിസ്സാരമായ ഐന്ദ്രീകഭാഗ്യങ്ങൾക്കുവേണ്ടി നഷ്ടപ്പെടുത്തുന്നു. ഇതാണു് പാപം.

## ശരീരം ആത്മാവിനുവേണ്ടി

ക്രിസ്തു തൻെറ സമകാലീനർ ചെയ്യുതുപോലെ ശരീരത്തെയോ ലോകവസ്തുക്കളെയോ തിന്മയായി കരുതുന്നില്ല. ദൈവത്തിൻെറ സൃഷ്ടി മുഴുവനും നല്ലതാണു്. മനുഷ്യൻെറ ഉള്ളിൽമാത്രമേ തിന്മയുള്ളു. ശരീരം ആത്മാവിനുവേണ്ടിയാണു്. ഭൌതികവസ്തുക്കൾ മനുഷ്യനെ ശുശ്രൂഷിക്കുന്നതിനത്രേ. ശരീരത്തിൽക്കൂടിമാത്രമേ ആത്മാവിനു് എന്തെങ്കിലും പ്രവർത്തിക്കുവാൻ സധിക്കുകയുള്ളു. മുളകുകൊടി നിലത്തുകൂടി പടർന്നാൽ ഫലം പുറപ്പെടുവിക്കാത്തതുപോലെ ശരീരത്തെക്കൂടാതെ ആത്മാവിനു് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. മുരിക്കിന്മേൽ കൊടികയററിയാൽമാത്രമേ കുരുമുളകു് ഉണ്ടാകുകയുള്ളു. കുരുമുളകുവേണമെങ്കിൽ മുരിക്കും കൊടിയും ഒരുമിച്ചു് വളരണം. തലച്ചോറിനെയും പഞ്ചേന്ദ്രിയങ്ങളെയും കരുവാക്കിക്കൊണ്ടാണു് ബുദ്ധി പ്രവർത്തിക്കുന്നതു്. പ്രത്യേകതരമായ ഐന്ദ്രീകഛായകളിൽനിന്നു് ബുദ്ധി പൊതുവായ ആശയങ്ങൾ രൂപീകരിക്കുകയും അവയെ താരതമ്യപ്പെടുത്തി അനുമാനങ്ങൾ എടുക്കുകയുംചെയ്യുന്നു. ദൈവത്തെപ്പററിയുള്ള ജ്ഞാനംപോലും ഐന്ദ്രീകഛായകളിൽക്കൂടിയാണു് ലഭിക്കുന്നതു്. തലച്ചോറിൽക്കൂടി പ്രവർത്തിക്കുന്നതിനു് അതു് പക്വത പ്രാപിക്കുകയും ആരോഗ്യംപാലിക്കുകയുംചെയ്യണം. അതിലേയ്ക്കു് ഭക്ഷിക്കുകയും ഭൌതികവസ്തുക്കളെ ഉപയോഗിക്കുകയുംചെയ്യുക ആവശ്യമാണു്. അവയുടെ നാഥനായി വർത്തിച്ചുകൊണ്ടാണു് അവയെ ഉപ

യോഗിക്കേണ്ടതു്. അവയുടെ വശീകരണങ്ങളിൽ കുടുങ്ങി അവയുടെ ദാസനാകുന്നപക്ഷം സർവ്വലോകത്തെക്കാൾ വിലയുള്ള ആത്മാവിനെ നഷ്ടപ്പെടുത്തുന്നു.

രണ്ടു യജമാനന്മാരെ ശുശ്രൂഷിക്കുക സാദ്ധ്യമല്ലെന്നു് ക്രിസ്തു വ്യക്തമാക്കിയിട്ടുണ്ടു്. ഒന്നുകിൽ ദൈവത്തെ സേവിക്കുക. അല്ലെങ്കിൽ മാമോനായെ (ധനത്തെ) സേവിക്കുക. ധനം ഐന്ദ്രീകസന്തോഷങ്ങൾ എന്നിവയൊന്നും തന്നിൽതന്നെ ഒരു അന്ത്യമായിക്കൂടാ. ആത്മാവിനെ വികസിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടുമാത്രമേ അവയെ ഉപയോഗിക്കാവൂ. ദൈവത്തിൽനിന്നു് അവ നമ്മെ അകററുമെങ്കിൽ അവയെ വെട്ടിനീക്കണം. വലതുകണ്ണു് ഇടച്ചയാകുന്നപക്ഷം അതിനെ പിഴുതുകളയണം. സൃഷ്ടികളുടെ ആകർഷണം പലപ്പോഴും നമ്മെ ദൈവത്തിൽ നിന്നകററുന്നതിനാണു് ഉപകരിക്കുന്നതു്. ദൈവ ഇഷ്ടത്തിനെതിരായി സൃഷ്ടികളെ ഉപയോഗിക്കുന്നവൻ ദൈവത്തെ ഉപേക്ഷിക്കുകയും സൃഷ്ടികളെ പരമാന്ത്യമായി വരിക്കുകയുംചെയ്യുന്നു. ദൈവഇഷ്ടത്തിനു വിധേയമായിട്ടേ സൃഷ്ടികളെ ഉപയോഗിക്കാവൂ. ക്രിസ്തുവിൻെറ പദ്ധതി നിഷേധാത്മകമല്ല. മനുഷ്യനു് കണ്ണുകൊടുത്തിരിക്കുന്നതു് അടച്ചുവയ്ക്കുവാനല്ല തുറന്നു് നോക്കിക്കാണുവാനാണു്. കഴിവുകളും വാസനകളും കൊടുത്തിരിക്കുന്നതു് അവയെ വികസിപ്പിച്ചു് ജീവിതം സമ്പുഷ്ടമാക്കുവാനാണു്. മനുഷ്യൻെറ ആശകളെ നിഗ്രഹിക്കുകയല്ലനിയന്ത്രിക്കുകയത്രേവേണ്ടതു്. ഹൃദയവിരക്തിയോടെയാണു് സൃഷ്ടികളെ ഉപയോഗിക്കേണ്ടതു്. ഹൃദയദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാർഎന്തുകൊണ്ടെന്നാൽ ദൈവരാജ്യം അവരുടേതാകുന്നു. ധനം ഉപയോഗിക്കാതെ നിവൃത്തിയില്ല. അതിരുകവിഞ്ഞപക്ഷം അതിന്മേൽ അർപ്പിക്കുന്നപക്ഷം അതു് ഹൃദയത്തെ മരവിപ്പിക്കുന്നു. ഒന്നാമതായി ദൈവരാജ്യം അന്വേഷിക്കുക അപ്പോൾ സകലവും നല്കപ്പെടും. ധനപ്പെരുപ്പം പ്രായോഗികമായി മനുഷ്യനു് അപകടകരമാണു്. അതിനെ അപകടംകൂടാതെ കൈകാര്യംചെയ്യുന്നതിനു് ആത്മീയ ചൈതന്യവും ശക്തിപ്പെടണം. ആത്മീയചൈതന്യവും ആരോഗ്യപരമായ ജീവിതവീക്ഷണവുംവഴി ഭൗതീകഘടകത്തെപരിപൂർണ്ണമായി നിയന്ത്രണത്തിൽ കൊണ്ടുവരുന്നപക്ഷം അതു് ദൈവത്തിലേയ്ക്കുയരുന്നതിനു് ഒരു ഉപകരണമായിത്തീരും.

## സ്വയ പരിത്യാഗം

അരൂപിയുടെ വളർച്ചയ്ക്കു് ക്രിസ്തുവിൻെറ പദ്ധതിയിൽസ്വയ പരിത്യാഗം അത്യന്താപേക്ഷിതമായ ഒരു ഘടകമാണു്. സ്വയം പരിത്യജിച്ചു് തൻെറ കുരിശുമെടുത്തു് അങ്ങേ പിഞ്ചെല്ലണം. സ്വയം നഷ്ടപ്പെടുത്തുന്നവൻ സ്വയം കണ്ടെത്തും. സ്വയം അന്വേഷിക്കുന്നവൻ സ്വയം നഷ്ടപ്പെടുത്തും. സ്വയ പരിത്യാഗം എല്ലാ മതങ്ങളുടെയും പൊതുവായ ആഹ്വാനമാണു്. ഇതിൽനിന്നു് മതങ്ങളെപ്പററി താരതമ്യപഠനംനടത്തുന്നവർ മതങ്ങൾ എല്ലാം സാരാംശത്തിൽ ഒന്നാണെ

നു് വാദിക്കുകയുണ്ടായി. ഈ വാദം സ്വീകാര്യമല്ല. ക്രിസ്തു തൻെറ പുതിയ വീഞ്ഞു പഴയ തുകൽക്കുടങ്ങളിൽ ഒഴിക്കുവാൻ അനുവദിക്കുകയില്ല. സിദ്ധാൎത്ഥൻതുടങ്ങിയുള്ളവരുടെ സ്വയപരിത്യാഗം ആശകളെ നിഗ്രഹിച്ചു് കൎമ്മഫലങ്ങൾ ഈ ജീവിതത്തിൽ ഒതുക്കിനിൎത്തി പുനഃജന്മത്തിൽനിന്നു് രക്ഷപെടുവാൻവേണ്ടിയാണു്. മററു പല മതങ്ങളിലും സ്വയപരിത്യാഗത്തിൻെറപിന്നിൽ സൃഷ്ടിപരമായ ഒരു പദ്ധതി ഇല്ല. (തപസ്സിനുവേണ്ടിയുള്ള തപസ്സ്) ആശകളുടെ പൂൎത്തീകരണമാണു് ക്രിസ്തുവിൻെറ ലക്ഷ്യം. ആശകളുടെ പൂൎത്തീകരണത്തിൽ അരാജകത്വമുണ്ടായിക്കൂടാ. മൌലീകമായ ആശകളെ വിഫലീകരിക്കരുതെന്നുമാത്രം. കണ്ണു കാണുന്നതിനെന്നപോലെ മനുഷ്യൻ ഭാഗ്യമനുഭവിക്കാൻവേണ്ടിയാണു്. കൊടുത്തു ഭാഗ്യമനുഭവിക്കുന്നതാണു് ഏററം വലിയഭാഗ്യം. ദൈവസ്നേഹത്തെ ത്വരിപ്പിക്കുന്നതിനു് ദൈവത്തെപ്രതി സ്വയം പരിത്യജിക്കണം. ഈ ഭാഗ്യം മൎത്ത്യജീവിതത്തോടുകൂടി അവസാനിക്കേണ്ടതുമല്ല. ഈ ലോകത്തിലെ അരിഷ്ടതകൾ പാരത്രികജനനത്തിനുവേണ്ടിയുള്ള ഒരു പ്രസവവേദനയാണു്.

## പാപം സ്നേഹത്തിൻെറ അഭാവം

ഗ്രേക്കൎക്കും കൺഫൂസിയസിനുമെല്ലാം അജ്ഞതയാണു് പാപത്തിനുകാരണം. ഹൈന്ദവൎക്കു് പാപം മനുഷ്യൻെറ അന്തഃസത്തയെ ബാധിക്കുന്നില്ല. മററുചിലൎക്കു് മനസ്സിൻെറ ദുഷ്ടതയിലല്ല പ്രവൃത്തിയുടെ വൈകല്യത്തിലാണു് പാപം (ദശരഥൻ കാട്ടുമൃഗമെന്നുകരുതി മഹൎഷിയെ വധിച്ചതിനു് പുത്രവിരഹം അനുഭവിക്കേണ്ടതായി വന്നു). ഇനിയുമൊരുകൂട്ടൎക്കു് പാപം എന്നു് ഒരു സംഗതിയേ ഇല്ല. ദുഷ്ടനും ശിഷ്ടനും തമ്മിലുള്ള വ്യത്യാസം കടിക്കുന്ന പട്ടിയും കടിക്കാത്ത പട്ടിയും തമ്മിലുള്ളതുമാത്രം. ക്രിസ്തുവിനു് സ്നേഹത്തിൻെറ അഭാവത്തിലാണു് പാപം അടങ്ങിയിരിക്കുന്നതു്. പൂൎണ്ണ അറിവോടും സമ്മതത്തോടുംകൂടി ദൈവകല്പന ലംഘിക്കുമ്പോൾ ദൈവത്തെ ഉപേക്ഷിച്ചു് സൃഷ്ടികളെ വരിക്കുന്നു. കണ്ണു കാണുന്നതിനെന്നവണ്ണം മനുഷ്യൻ ദൈവത്തെ സ്നേഹിക്കുവാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിൽനിന്നകലുമ്പോൾ കണ്ണു പൊട്ടിയാലുള്ള അനുഭവമാണു് ഉണ്ടാകുന്നതു്. മനുഷ്യ സ്വാതന്ത്ര്യത്തിൻെറമുമ്പിൽ സൎവ്വശക്തനായദൈവം നിസ്സഹായനത്രേ.

## പാപത്തെ ദ്വേഷിക്കുന്നു

പ്രാപഞ്ചികവീക്ഷണമനുസരിച്ചു് പാപം വലിയ തിന്മയൊന്നുമല്ല. ദൈവത്തിലെ അസ്പൃഷ്ടമനുഷ്യനു് പാപമാണു് ഏററം വലിയ തിന്മ. ദൈവത്തിൻെറ അനന്ത വിശുദ്ധി ദൎശിച്ചിട്ടുള്ള ക്രിസ്തുവിനുമാത്രമേ പാപത്തിൻെറ അനന്ത തിന്മബോധ്യമാകുകയുള്ളൂ. താഴ്ന്ന ധാൎമ്മികനിലവാരമുള്ള കുടുംബങ്ങളിൽ തീൎത്തും അശ്ലീലമായ സംസാരം ആരെയും അത്ഭുതപ്പെടുത്തുന്നില്ല. അതേ സംസാരം കലീനക

ടുംബങ്ങളിൽ മമ്മഭേദകമായിട്ടാണ് അനുഭവപ്പെടുക. ദൈവത്തിൻെറ അനന്തമായ വിശുദ്ധിയ്ക്കു വിളിക്കപ്പെട്ടവനാണ് മനുഷ്യൻ. ഈ അനന്തവിശുദ്ധിയുമായി താരതമ്യപ്പെടുത്തിയാണ് പാപത്തിൻെറ ദുഷ്ടത നിർണ്ണയിക്കേണ്ടതു്. പ്രാപഞ്ചികവീക്ഷണമുള്ളവൻ പാപം വെച്ചുപുലത്തിക്കൊണ്ടു് മററു സുകൃതങ്ങഠംവഴി അതിനെ നികത്താമെന്നു് കരുതുന്നു. (നികത്താനെന്തെങ്കിലുമുണ്ടെങ്കിൽ). ജീവൻെറഅഭാവം മരുന്നുകുത്തിവച്ചു് നികത്താമെന്നു് കരുതുന്നതുപോലെയാണ് അതു്. പ്രപഞ്ചാതീതവീക്ഷണമുള്ള യാതൊരുവനും പാപം വച്ചുപുലത്തിക്കൊണ്ടുള്ള വിശുദ്ധി സ്വീകാര്യമല്ല. സവ്വത്ര ശുഭാപ്തിവിശ്വാസിയായ ക്രിസ്തു പാപവുമായി ഒത്തുതീപ്പു് നടത്താത്തതുമൂലം അങ്ങേ ദോഷൈകദൃക്കായിട്ടാണ് ലോകായതികർ കരുതുന്നതു്.

## പാപികളെ സ്നേഹിക്കുന്നു

പാപത്തെ അനന്തമായി വെറുക്കുന്ന ക്രിസ്തു പാപികളെ അനന്തമായി സ്നേഹിക്കുന്നു. അങ്ങേ പാപികളോടുള്ള അനന്തസ്നേഹം സമകാലീനക്കു് ഇടച്ച്ാവിഷയമായിരുന്നു. ലോകത്തിൽ എക്കാലത്തും എവിടെയും ഉള്ള ആളുകളിൽ തൊണ്ണൂറുശതമാനവും കപടഭക്തന്മാരാണ്. അനുതപിക്കുവാൻ ഒരുക്കമില്ലാത്തവർ അനുതാപികഠം മോചനം പ്രാപിക്കുന്നതു് സഹിക്കുകയില്ല. ''ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കട്ടെ'' എന്നാണ് അവരുടെ മുദ്രാവാക്യം. പാപികഠംക്കു് മോചനമുണ്ടു് എന്നുള്ള ക്രിസ്തുവിൻെറ പ്രസ്താവന സ്വയംകൃത നീതിമാന്മാരായ ഫ്രീശേന്മാക്കംമററും അരാജകത്വമായിട്ടോ ദൈവദൂഷണപരമായിട്ടോ എല്ലാമാണ് തോന്നിയതു്. പാപികളെ മോചിക്കുന്ന ദൈവം ദുഷ്ടതയ്ക്കു് കൂട്ടുനില്ക്കുകയാണുപോലും! മനസ്ഥിതി നോക്കാതെ കുററത്തെമാത്രം പരിശോധിക്കുന്ന സിവിഠം കോടതിയിലെ വിധിയാളനെപ്പോലെ ദൈവവും പ്രവത്തിച്ചുകൊള്ളണമെന്നാണ് ഇവരുടെ ഭാവം.

മനുഷ്യാത്മാവിൻെറ ദുഷ്ടത നീക്കുന്നതു് പുറമെനിന്നു പ്രവത്തിച്ചുകൊണ്ടല്ല ആത്മാവിനെ ആന്തരികമായി സംസ്കരിച്ചുകൊണ്ടാണ്. ആന്തരികമായി ആത്മാവിനെ സംസ്കരിക്കാതെ തകിടംമറിഞ്ഞ അവസ്ഥ നീങ്ങുകയില്ല. മുഖസ്തുതിപരമായ വിശ്വാസം (ധൈര്യമായി പാപംചെയ്യുക. ഉറപ്പായിവിശ്വസിച്ചാൽമതി) (ലൂഥർ)മനുഷ്യനെനീതീകരിക്കുകയില്ല. ഗംഗാനദിയിൽ കുളിച്ചാൽ ഏതു പാപവും ഇല്ലാതാകും എന്നു പറയുന്നതിനേക്കാഠം ബാലിശമാണ് ഈ വാദം. പ്രതികാരേച്ഛയിൽനിന്നല്ല പാപത്തോടുള്ള ദൈവത്തിൻെറ വെറുപ്പു്. പാപികളെ രക്ഷിക്കുവാനായിവന്ന ക്രിസ്തു ഷൈലോക്കിനെപ്പോലെ പരിഹാരത്തിന്മേൽ കടിച്ചുതൂങ്ങിക്കിടക്കുവാൻ ഉദ്ദേശിക്കുന്നുമില്ല. പരിഹാരത്തിന്മേൽ നിഷ്കർഷിക്കുന്നതു് മനസ്ഥിതി നേരേയാക്കുവാൻവേണ്ടിമാത്രമാണ്. പാപിയുടെ പ്രഥമ പ്രത്യാഘാതം

പാപത്തെ നിഷേധിക്കുകയും സ്വയം നീതീകരിക്കുകയും സൃഷ്ടിക ളോടു കൂടുതൽ കൂടുതൽ വരിഞ്ഞുകെട്ടി അടിമത്തടത്തിൽ പതിക്കുക യുമത്രേ. പരിശുദ്ധാത്മാവു് ആന്തരികമായി പ്രവൎത്തിച്ചു് ഒരു പുതിയ വീക്ഷണം അവതരിപ്പിച്ചുകൊണ്ടാണു് പാപത്തെപ്പററി ബോദ്ധ്യ പ്പെടുത്തുകയും പാപത്തിൻെറ കെട്ടുകളെ വെട്ടിനീക്കുകയുംചെയ്യുന്ന തു്. എവിടെയെങ്കിലും ഒരു പഴുതുണ്ടെങ്കിൽ അതിൽകൂടി പ്രവേശി ച്ചു് പരിശുദ്ധാത്മാവു് ആത്മാവിനെ അഭിമുഖീകരിക്കുകയായി. എ ന്നാൽ ദൈവം പ്രവേശിക്കാതിരിക്കത്തക്കവണ്ണം പഴുതുകൾ എല്ലാം അടയ്ക്കുന്നപക്ഷം ദൈവം നിസ്സഹായനായി മടങ്ങുകയേയുള്ളു.

## നിത്യനരകം

മരണത്തോടുകൂടി മനുഷ്യൻ നന്മയിലോ തിന്മയിലോ ഉറയ്ക്കുന്നു. തിന്മയിലുറച്ചവൻെറ സ്ഥിതി അപരിഹാര്യമാണു്. സ്വയംകൃതമായ ഒരുനാശമത്രേ അതു്. ''ശപിക്കപ്പെട്ടവരെ! എന്നിൽനിന്നകന്നു് പി ശാചിനും അവൻെറ ദാസന്മാൎക്കുമായി ഒരുക്കിയിരിക്കുന്ന നിത്യനര കാഗ്നിയിലേയ്ക്കു് പോകുവിൻ''. സ്വയംകൃതമായ അകൽച്ചയെ ശി ക്ഷയായിട്ടു് ദൈവം ഏല്പിക്കുന്നു എന്നുമാത്രം. നീതിമാന്മാരുടെ ഉയൎ പ്പിൽ ''പുതിയ ഭൂമി'' (ഉയത്തെഴുന്നേററ ശരീരം) പുതിയ ആകാശ ത്തെ (നീതിമാന്മാരുടെ ആത്മാവു്) പൂൎണ്ണതപ്പെടുത്തുകയും സ്നേഹവി പ്ലവത്തെ ത്വരിപ്പിക്കുകയും ചെയ്യുന്നതുപോലെ ദുഷ്ടന്മാരുടെ ഉയൎ പ്പിൽ അവർ പരമാന്ത്യമായിവരിച്ച സൃഷ്ടികൾ അവരുടെ മൎദ്ദകരാ യിത്തീരുന്നു. ക്രിസ്തുവിനെ ഒററിക്കൊടുത്ത യൂദാസ്സ്കറിയോത്താ മന സ്സാക്ഷിക്കടിക്കധീനനായി കൈപ്പൊള്ളിക്കുന്ന മുപ്പതു വെള്ളിക്കാ ശ് മടക്കിക്കൊടുക്കുവാൻ ബദ്ധപ്പെടുകയായി. ദൈവം അത്ഭുതം പ്ര വൎത്തിച്ചു് ആ നാണയത്തിൽ എന്തെങ്കിലും മാററം വരുത്തിയെന്നു തോന്നുന്നില്ല. അവൻെറ മനസ്സാക്ഷിക്കടി അതിനെ ഒരു ശിക്ഷാകരു വാക്കി. ഓക്സിജൻ (Oxygen) കത്തിയല്ല നരകതീയുണ്ടാകുന്നതു്. പാ പകരുവാക്കിയതും പിന്നാലെ മഹത്വീകരിക്കപ്പെട്ടതുമായ സൃഷ്ടിയു മായുള്ള സമ്പൎക്കമാണു് ഈ തീയുടെ ഉത്ഭവം. പാപം ചെയ്തുകഴിയു മ്പോൾ നരകം ബീജരൂപത്തിൽ ആരംഭിച്ചുകഴിഞ്ഞു. സൎവ്വത്ര സ്നേ ഹനിധിയും അനുഗ്രഹവാനും ശുഭാപ്തിവിശ്വാസിയുമായ ക്രിസ്തുമാത്ര ണു് ലോകചരിത്രത്തിൽ നിത്യനരകത്തെപ്പററി ഖണ്ഡിതമായി പ്ര ഖ്യാപിച്ചിട്ടുള്ളതു്.

ക്രിസ്തുവിൻെറ യാഥാൎത്ഥ്യബോധം അങ്ങേ ശുഭാപ്തിവിശ്വാസ ത്തെ എള്ളിടപോലും കുറയ്ക്കുന്നില്ല. മനുഷ്യൻെറ പാപം അല്പംപോ ലും അങ്ങേ നിരുത്സാഹപ്പെടുത്തുന്നുമില്ല. മനുഷ്യനെ സംസ്കരിക്കുന്ന തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയായി. അന്ധമായ അനുഷ്ഠാന ങ്ങളോടുകൂടിയതല്ല അങ്ങേ മതം. ''നിങ്ങളുടെ നീതി പ്രീശരുടേതി നേക്കാൾ അധികരിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വൎഗ്ഗരാജ്യത്തിൽ പ്ര വേശിക്കുകയില്ല''. ഗവണ്മെൻറധികാരികൾ മനസ്ഥിതിയല്ല ബാ

ഹ്യാനുഷ്ഠാനമാണ് നോക്കുന്നതു്. പുറജാതികളുടെ ദേവന്മാരും ആ ശ്രിതന്മാരുടെ ബാഹ്യാനുഷ്ഠാനങ്ങളിൽമാത്രമേ ശ്രദ്ധിക്കുന്നുള്ളു. എന്നാൽ ഇസ്രായേലിലെ യഹോവാ പരിശുദ്ധനാണ്. അങ്ങേയ്ക്കു് അനുഷ്ഠാനങ്ങളല്ല മനസ്ഥിതിയാണ് കാര്യം. മനുഷ്യരാൽ കാണപ്പെടുവാനല്ല പ്രാർത്ഥിക്കേണ്ടതും, തപസ്സുചെയ്യേണ്ടതും, ദാനധർമ്മംചെയ്യേണ്ടതും. ദൈവരാജ്യം മനുഷ്യന്റെ ഉള്ളിലത്രേ. ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവത്തെ കേന്ദ്രമാക്കി ഓരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തെ ദൈവീകപ്രവർത്തനങ്ങളുടെ രംഗമാക്കിക്കൊണ്ടുള്ള ഒരു മതം അവതരിപ്പിച്ചതു് ക്രിസ്തുമാത്രമാണ്. ഓരോ മനുഷ്യനും അവന്റെ പ്രവർത്തനങ്ങൾക്കു് കണക്കുകൊടുക്കണം, ഓരോ മനുഷ്യന്റെയും ഭാഗധേയം നിർണ്ണയിക്കേണ്ടതു് അവനവൻതന്നെയാണ്. ഈ ചെറുരാജ്യത്തിന്റെ ജയാപജയങ്ങൾ ഓരോരുത്തനെയും ആശ്രയിച്ചിരിക്കും.

## ദൈവീക കുലീനത്വം

ക്രിസ്തുവിന്റെ ലക്ഷ്യം ഭൂമിയിൽ മനുഷ്യനഗരം പണിയുകയല്ല ദൈവരാജ്യത്തിനുവേണ്ടി ഭൌമീകജീവിതത്തെ സജ്ജീകരിക്കുകയാണ്. മനുഷ്യന്റെ പരിശീലനം മരണത്തോടുകൂടിമാത്രമേ പൂർത്തിയാകുന്നുള്ളു. ശാശ്വതമായ നഗരം മനുഷ്യനു് ഭൂമിയിൽ ഇല്ല. ലോകം അവസാനമില്ലാതെ പൊയ്ക്കൊണ്ടിരിക്കുമെന്നു് അവിടുന്നു് പ്രതീക്ഷിക്കുന്നില്ല. ലോകാവസാനത്തെപ്പററി അവിടുന്നു് ഖണ്ഡിതമായി പ്രസ്താവിക്കുന്നുണ്ടു്. ദൈവം ഇടപെട്ടു് ലോകം രൂപാന്തരപ്പെടുകയും പുതിയ ആകാശവും പുതിയ ഭൂമിയുമായി പകരുകയുംചെയ്യുമ്പോഴാണ് ശാശ്വതദൈവരാജ്യം ഉദയംചെയ്യുന്നതു്. ചരിത്രകാലത്തുള്ള ദൈവരാജ്യം അതിന്റെ പ്രാരംഭംമാത്രം.

പ്രാരംഭദൈവരാജ്യത്തിന്റെ ലക്ഷ്യം ശാശ്വതദൈവരാജ്യത്തിനു് ഒരുക്കുകയാണ്. ഈ ഒരുക്കം മനുഷ്യരെ ലോകപൌരന്മാരാക്കുന്നതിലല്ല ദൈവപുത്രന്മാരാക്കുന്നതിലത്രേ സ്ഥിതിചെയ്യുന്നതു്. ലോകപൌരത്വം പാരത്രികപൌരത്വത്തിനു് ഒരുക്കംമാത്രം. ലോകജീവിതം അപ്രധാനമായി ക്രിസ്തു കരുതുന്നില്ല. അതു് വിധിനിർണ്ണായകമത്രേ. പാരത്രിക ഭാഗധേയം നിർണ്ണയിക്കുന്നതു് മനുഷ്യജീവിതമാണ്. പാരത്രികജീവിതത്തിനൊരുക്കമായി മനുഷ്യൻ തന്റെ മാനസികവും ശാരീരികവുമായ കഴിവുകളെ വികസിപ്പിക്കണം. മനുഷ്യാത്മാവു് രൂപാന്തരപ്പെട്ടു് ദൈവീക കുലീനത്വം പ്രാപിക്കണം. മനുഷ്യനു് അനശ്വരമായ ആത്മാവും ബുദ്ധിയും മനസ്സും ഉണ്ടെങ്കിലും പ്രകൃത്യാ അവൻ ദൈവത്തിന്റെ ദാസൻമാത്രമാണ്. തന്റെ സൌജന്യദാനംവഴി മനുഷ്യരെ ദത്തെടുത്തിരിക്കുന്നതുകൊണ്ടാണ് അവർ പുത്രന്മാർ ആയിരിക്കുന്നതു്. ദത്തെടുത്തതുകൊണ്ടുമാത്രമായില്ല. പരിശുദ്ധാത്മാവു് അവരുടെ ഹൃദയത്തെ സംസ്കരിച്ചു് ദൈവീക കുലീനത്വംനല്കണം. ഇതിലേയ്ക്കുവേണ്ടിയാണ് മനുഷ്യപ്രകൃതിയനുസരിച്ചു് ദൃശ്യമായ ദൈ

വരാജ്യം സ്ഥാപിച്ച് ദൃശ്യമായ അടയാളങ്ങറംവഴി അവരെ വിശു ദ്ധീകരിക്കുന്നതു്.

## ഭൂമിയിൽ തീയിടുവാൻ വന്നു

വിദേശസമ്പക്കംവഴി സ്വരാജ്യത്തിൻെറ കാഷികസാദ്ധ്യത മനസ്സിലാക്കിയ ആറം കാട്ടുചെടികളെല്ലാം പറിച്ചുകളഞ്ഞു് വിദേശത്തുനിന്നുള്ള നല്ല ചെടികറം നട്ടുപിടിപ്പിക്കുന്നതുപോലെ ക്രിസ്തു പ്രാപഞ്ചിക സുകൃതങ്ങളുടെ സ്ഥാനത്തു് പ്രപഞ്ചാതീത സുകൃതങ്ങറം നട്ടുപിടിപ്പിക്കുന്നതിനാണു് ബദ്ധപ്പെടുന്നതു്. മനുഷ്യഹൃദയത്തിൽ ഏററം നന്നായി വളരുന്ന ചെടി സ്നേഹമാണു്. സ്നേഹം അന്നുവരെ മാനിക്കപ്പെട്ടിരുന്നില്ല. അധകൃതരുടെ സുകൃതമായിട്ടാണു് സ്നേഹം കരുതപ്പെട്ടിരുന്നതു്. പടയാളിയും പണ്ഡിതനുമായിരുന്നു വീരപുരുഷന്മാർ. മനുഷ്യഹൃദയത്തിൻെറ ദാഹം യുദ്ധംചെയ്യുന്നതിനോ പഠിക്കുന്നതിനോ അല്ല സ്നേഹിക്കുന്നതിനാണു്. സ്നേഹംമാത്രമേ മനുഷ്യനെ ഭാഗ്യവാനാക്കുകയുള്ളു. സ്നേഹം എത്രയ്ക്കുമാത്രം നിസ്വാത്ഥമായിരിക്കുമോ അത്രമാത്രം മനുഷ്യൻ ഭാഗ്യമനുഭവിക്കുന്നു. പ്രാപഞ്ചികമായ സ്നേഹം മനുഷ്യനെ മുന്നേററുന്നില്ല. തികഞ്ഞ യാഥാത്ഥ്യബോധമുള്ള ക്രിസ്തു കൊടുത്തുകൊണ്ടുള്ള പ്രപഞ്ചാതീത സ്നേഹമാണു് അവതരിപ്പിക്കുന്നതു്. അതിൻെറ ഉത്ഭവം ദൈവത്തിലാണു്. ''ഭൂമിയിൽ തീയിടുവാൻ ഞാൻ വന്നു. അതു് കത്തിയെരിയുന്നതിനല്ലാതെ മററെന്താണു് ഞാൻ ആഗ്രഹിക്കുന്നതു്?''.

''സ്വർഗ്ഗസ്ഥനായ എൻെറ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ''. സ്വർഗ്ഗസ്ഥനായ പിതാവിൻെറ പൂർണ്ണത കൊടുത്തുകൊണ്ടു് സ്നേഹിക്കുന്നതിലാണു്. ദൈവമക്കറംക്കടുത്ത കുലീനത്വം അടങ്ങിയിരിക്കുന്നതു് പ്രതിഫലം പ്രതീക്ഷിക്കാതെ കൊടുത്തുസ്നേഹിക്കുന്നതിലാണു്. ദൈവം ലോകത്തെ സൃഷ്ടിക്കുന്നതു ദൈവത്തിനു് അവയെക്കൊണ്ടു് ആവശ്യമുള്ളതുകൊണ്ടല്ല പ്രത്യുതാ സ്വയം സൌജന്യമായി നല്കുന്നതിനുവേണ്ടിയാണു്. ദൈവം മനുഷ്യരെ സ്നേഹിക്കുന്നതു് അവർ അർഹിക്കുന്നതുകൊണ്ടല്ല അങ്ങേ സൌജന്യംകൊണ്ടുമാത്രം. അവർ പാപംവഴി അകന്നുപോകുമ്പോറം അവരെ അന്വേഷിച്ചു പിടിച്ച്വാദി പ്രതിയ്ക്കുവേണ്ടി പരിഹാരംചെയ്തു് അവരെ നീതീകരിക്കുകയാണു്.

സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആകുന്നതിനു് മനുഷ്യനും സ്നേഹിക്കണം. ക്രിസ്തു സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്ന തീ കത്തിയെരിയുകയും പടന്നു പിടിക്കുകയുംചെയ്യുന്നതിനാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്. മുഴുഹൃദയത്തോടും മുഴുആത്മാവോടും മുഴുശക്തിയോടുംകൂടി ദൈവത്തെ സ്നേഹിക്കുമ്പോഴാണു് മനുഷ്യാത്മാവു് പരമാവധി വികസിക്കുകയും ഭാഗ്യമനുഭവിക്കുകയുംചെയ്യുന്നതു്. പട്ടണങ്ങളിലുംമററും തീ പടന്നുപിടിക്കുന്നതുപോലെ ഈ സ്നേഹം പടന്നുപിടി

ക്കുന്നതു് നാം ദൈവത്തെപ്രതി അയല്ക്കാരെ സ്നേഹിക്കുമ്പോഴാണു്. ദൈവത്തെ നാം കാണുന്നില്ല. അയല്ക്കാർ എപ്പോഴും നമ്മോടുകൂടിയുണ്ടു്. അവരോടു് സ്നേഹം പ്രകടിപ്പിക്കുമ്പോഴാണു് നമ്മിലുള്ള ദൈവസ്നേഹം സമ്പുഷ്ടമാകുന്നതു്.

ഈ സ്നേഹം പ്രവൎത്തനപരമായിരിക്കണം. സ്നേഹത്തെപ്രതി എന്തു ത്യാഗത്തിനും നാം ഒരുങ്ങിയിരിക്കണം. അബ്രാഹത്തിൻെറ വിശ്വസ്തതയെ പരീക്ഷിക്കുന്നതിനു് ഇസഹാക്കിനെ ബലികഴിക്കുവാൻ ആവശ്യപ്പെട്ടു. നമ്മുടെ സ്നേഹത്തെ പരീക്ഷിക്കുന്നതിനും അതേസമയം വൎദ്ധിപ്പിക്കുന്നതിനും വിവിധരൂപങ്ങളിലുള്ള ത്യാഗങ്ങൾ ദൈവം ആവശ്യപ്പെടും. ഈ ത്യാഗങ്ങൾ സഹിച്ചാൽമാത്രമേ സ്നേഹം നമ്മിൽ കത്തിയെരിയുകയുള്ളു. ലോകം മുഴുവനും സ്നേഹത്താൽ കത്തിയെരിയുമ്പോൾമാത്രമേ ക്രിസ്തുവിൻെറ ദൌത്യം പൂൎത്തീകരിക്കപ്പെടുകയുള്ളു.

ക്രിസ്തുവിൻെറ ജീവിതവീക്ഷണത്തിൽ ദൈവം പിതാവും, മനുഷ്യരെല്ലാവരും പരസ്പരം സഹോദരങ്ങളുമത്രേ. ക്രൈസ്തവൻെറ ജീവിതം സ്വാൎത്ഥകേന്ദ്രീതമാകരുതു്. പിതാവും പുത്രന്മാരുമടങ്ങിയ ഈ കുടുംബത്തിൻെറ വളൎച്ചയ്ക്കും മഹത്വത്തിനും പ്രതിഷ്ഠിക്കപ്പെട്ടതായിരിക്കണം അയാളുടെ ജീവിതം. ''നിൻെറ രാജ്യം വരണം. നിൻെറ ഇഷ്ടം സ്വൎഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണം''.

## അദ്ധ്യായം 12

# ക്രിസ്തു അവതരിപ്പിക്കുന്ന ദൈവം

സൎവ്വലോകത്തെയും സൃഷ്ടിച്ചുണ്ടാക്കിയ യഹോവായുടെ പരമാധിപത്യവും ഭാവിയിൽ വന്നുചേരുവാനിരിക്കുന്ന അങ്ങേ വിശ്വവ്യാപകമായ ദൈവരാജ്യവും യൂദന്മാർ അംഗീകരിച്ചിരുന്നെങ്കിലും തങ്ങളോടുള്ള ഉടമ്പടിയുടെ വെളിച്ചത്തിൽ ദേശീയവും ജാതീയവുമായ ചട്ടക്കൂട്ടിൽ ''ഇസ്രായേലിൻെറ ദൈവം'' ആയിട്ടാണു് അവർ അങ്ങേ അനുസ്മരിച്ചിരുന്നതു്. യഹോവാ യൂദന്മാരുടെ സ്വന്തം ദൈവവും യൂദന്മാർ ദൈവത്തിൻെറ സ്വന്തം ജനതയുമത്രേ. മററു ജനങ്ങളെല്ലാം യൂദന്മാരുടെ ശുശ്രൂഷയ്ക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നു. എല്ലാ ജാതികളിലേയ്ക്കും ചിതറിക്കപ്പെട്ടിട്ടും അവർ അവരുമായി കലരാതെ വ്യക്തിത്വം പാലിച്ചുകൊണ്ടിരുന്നു. മററു മതങ്ങളെല്ലാം സാരാംശത്തിൽ ഒന്നുതന്നെ. യൂദമതം അതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമത്രേ.

## സ്വർഗ്ഗസ്ഥനായ പിതാവ്

ക്രിസ്തു അവതരിപ്പിക്കുന്നതു് ഇസ്രായേലിലെ സ്രഷ്ടാവും, പ്രപഞ്ചാതീതനും, പുരുഷാത്മകത്വമുള്ളവനും, അരൂപിയും, സർവ്വോപരി പരിശുദ്ധനുമായ യഹോവായെയാണു്. ക്രിസ്തു അവതരിപ്പിച്ച യഹോവാ ഇസ്രായേലിന്റെ ''സ്വന്തം'' ദൈവമല്ല എല്ലാ മനുഷ്യരുടെയും സ്വർഗ്ഗസ്ഥനായ പിതാവത്രേ. യഹോവാ ഇസ്രായേലിനെ തിരഞ്ഞെടുത്തതു് സാർവ്വത്രികമായ അങ്ങേ ദൈവരാജ്യത്തിനു് ഒരു നഴ്സറിമാത്രമായിട്ടാണു്. ദൈവത്തിനു് മുഖംനോട്ടമില്ല. എല്ലാ മനുഷ്യരെയും അങ്ങേ മക്കളായി വിളിച്ചിരിക്കുന്നു. നഴ്സറിയിൽനിന്നു് സത്യവിശ്വാസവും സന്മാർഗ്ഗവും പുതിയ തോട്ടത്തിലേയ്ക്കു് പറിച്ചുനടുന്നതു് ഇസ്രായേലിന്റെ ദേശീയവും ജാതീയവുമായ പശ്ചാത്തലത്തിൽനിന്നും വിടുത്തിയാണു്. പ്രവാചകന്മാർവഴി ഇതു് വ്യക്തമാക്കിയിട്ടുമുണ്ടു്. ഇസ്രായേലിനുള്ള ആവിഷ്കരണം അപൂർണ്ണമത്രേ. യുക്തിയിൽനിന്നും പ്രാഥമിക ആവിഷ്കരണത്തിൻനിന്നും അനുമാനിച്ചെടുക്കാവുന്നതിൽ കവിച്ചിലായി ഒന്നും ഇസ്രായേലിനു് വെളിപ്പെടുത്തിയിട്ടില്ല. കാലത്തിന്റെ തികവിൽ ആവിഷ്കരണം അതിന്റെ പൂർണ്ണതയിൽ നല്കുവാൻ പോകുകയാണു്. ദൈവത്തിന്റെ ആഭ്യന്തര പ്രകൃതി ഇനിയും വെളിപ്പെടുത്തിയിട്ടില്ല. വഴിയെ പോകുമ്പോൾ മാളികയുടെ പുറം കാണുന്നതുപോലെമാത്രമേ ഇപ്പോൾ ദൈവത്തെ കാണുന്നുള്ളു. മാളികയുടെ അകത്തു കയറി അതിന്റെ പ്രകൃതി പരിശോധിച്ചു മനസ്സിലാക്കുന്നതുപോലെ ദൈവത്തിന്റെ ആഭ്യന്തരപ്രകൃതി നേരിട്ടു കണ്ടുമനസ്സിലാക്കുകയോ വെളിപ്പെടുത്തുകയോചെയ്യണം.

പ്രമാണത്തെയും പ്രവാചകന്മാരെയും നശിപ്പിക്കുവാനല്ല ക്രിസ്തു വന്നിരിക്കുന്നതു് പൂർത്തിയാക്കുവാനാണു്. യൂദന്മാരുടെ വിശ്വാസത്തിൽ യാതൊരു മാററവും വരുത്തുവാൻ പോകുന്നില്ല. ദൈവത്തിന്റെ ആസ്തിക്യവും ഏതാനുംലക്ഷണങ്ങളുംമാത്രമേ ഇതിനകംവെളിപ്പെടുത്തിയിരുന്നുള്ളു. സ്രഷ്ടാവും, പ്രപഞ്ചാതീതനും, പുരുഷാത്മകത്വമുള്ളവനും, അരൂപിയും പരിശുദ്ധനുമായ യഹോവാ അഭംഗമായി നിലകൊള്ളുന്നു. അങ്ങേ ആഭ്യന്തരപ്രകൃതിയും രക്ഷണീയപദ്ധതിയുമാണു് ഇനി വെളിപ്പെടുത്തുവാനുള്ളതു്. ഈ പുതിയ ആവിഷ്കരണവും പുതിയ ഉടമ്പടിയും ഇസ്രായേൽ ജനതയ്ക്കായിട്ടുമാത്രമല്ല—ഇതിനകം വെളിപ്പെടുത്തിയിട്ടുള്ള ദൈവത്തിന്റെ സൌജന്യ സ്നേഹത്തിന്റെയും അനന്തമായ പരിശുദ്ധിയുടെയും വിപ്ലവപ്രകൃതി മനസ്സിലാക്കുന്നതിനു് അങ്ങേ ആഭ്യന്തരപ്രകൃതി മനസ്സിലാക്കിയേതീരൂ.

പൌരാണികജനതകളിൽവച്ചു് ശൂന്യാവസ്ഥയിൽനിന്നുള്ള സൃഷ്ടിയിൽ വിശ്വസിച്ചിരുന്നതു് ഇസ്രായേൽ ജനതമാത്രമാണു്. ദൈവം സമയത്തിൽ സ്വതന്ത്രമായി സൃഷ്ടിച്ചു എന്നാണു് അവരുടെ വിശ്വാസം. സർവ്വസംപൂർണ്ണനായ ദൈവത്തിനു് മനുഷ്യരെക്കൊണ്ടു് എ

ന്തെങ്കിലും ആവശ്യമോ ഉപകാരമോ ഇല്ല. മനുഷ്യരിൽനിന്നു് ദൈവത്തിനു് ഒന്നും കിട്ടുവാനില്ല. ആ സ്ഥിതിയ്ക്കു് എന്തിനു മനുഷ്യനെ സൃഷ്ടിച്ചു?— ബുദ്ധിയുള്ള ആറം യാതൊരു പ്രയോജനവും ഉപകാരവും പ്രതീക്ഷിക്കാതെ എന്തെങ്കിലും പ്രവർത്തിക്കുന്നതു് വിചിത്രമല്ലേ? വിശ്വദേവതാവാദക്കാരും ലോകായതികരും ലാഭപ്രതീക്ഷയില്ലാത്ത മനുഷ്യസൃഷ്ടി അധികപററോ അരാജകത്വമോ എല്ലാമായിട്ടാണു് കരുതുന്നതു്. നിസ്വാർത്ഥമായ സ്നേഹംഅവക്കു് സങ്കല്പിക്കുവാൻ കഴിവില്ല. സ്നേഹംകൊണ്ടു് അവർ ഉദ്ദേശിക്കുന്നതു് വികാരവും ആവേശവുമെല്ലാമാണു്. ക്രയവിക്രയപരമായ സ്നേഹംമാത്രമേ അവക്കു് മനസ്സിലാകുകയുള്ളു. സ്വയം കൊടുത്തു സ്നേഹിക്കുക എന്നതു് അസാധ്യമോ പ്രകൃതിവിരുദ്ധമോ എല്ലാമായിട്ടാണു് അവർ കരുതുന്നതു്. നിസ്വാർത്ഥത എന്നതു് അവക്കു കൊടുക്കുവാനുള്ളതുമുഴവൻ കൊടുക്കുന്നതിലാണു്. 100 കയുടെ നാളികേരം 90 കയ്ക്കു് വാങ്ങുന്നതിനും 110 കയ്ക്കു വില്ക്കുന്നതിനുമാണു് തല്പരകക്ഷികളുടെ ശ്രമം. 100 ക മുഴവൻ കൊടുത്തു് വാങ്ങുന്നതാണു് ഏററം വലിയ ഔദാര്യം. അതിൽ കവിഞ്ഞുള്ള ഔദാര്യമെല്ലാം വെറും കള്ളത്തരമെന്നു് അവർ കരുതുന്നു. അവനവനെക്കൊണ്ടാണല്ലോ മററുള്ളവനെയും അളക്കുക. മൃഗങ്ങറം കഴിവുള്ളിടത്തോളം ഇങ്ങോട്ടു് എടുക്കുവാനാണു് ബുദ്ധിമുട്ടുന്നതു്. നയശാലിയായ മനുഷ്യൻ പിന്നെയും വ്യാപാരം നടത്തുവാനുള്ളതുകൊണ്ടു് തുല്യമായ ക്രയവിക്രയ അടവാണു് സ്വീകരിക്കുക.

## സ്നേഹവിപ്ലവത്തിൻെറ ഉത്ഭവം ദൈവത്തിൽ

സ്നേഹിക്കുന്നവൻ സ്വന്തം നന്മയല്ല സ്നേഹിക്കുന്ന ആളിൻെറ നന്മയാണു് തേടുന്നതു്. സ്നേഹിക്കുന്ന ആളിനെ സ്വന്തം സ്ഥാനത്തു് പ്രതിഷ്ഠിക്കുന്നു. നീതിയിലെല്ലാം കവിച്ചിലായി തനിക്കുള്ളതിൽനിന്നു് പ്രതിഫലം പ്രതീക്ഷിക്കാതെ കൊടുക്കുന്നതിലാണു് സ്നേഹം അടങ്ങിയിരിക്കുന്നതു്. ഇങ്ങനെയുള്ള സ്നേഹമാണു് വിപ്ലവപരമായ സ്നേഹം. ഈ സ്നേഹത്തിൻെറ ഉത്ഭവം മനുഷ്യനിലല്ല ദൈവത്തിലാണു്. ദൈവവും മനുഷ്യനെപ്പോലെയാണെങ്കിൽ, പൌരാണികകാലങ്ങളിൽ മനുഷ്യൻ വകഞ്ഞുണ്ടാക്കിയ നരഭുക്കുകളായ ദേവന്മാരെപ്പോലെ ഇരിക്കും. ദൈവം മനുഷ്യനെപ്പോലെയല്ല. ഇസ്രായേലിലെ യഹോവാ ഭൌമീകമായിട്ടുള്ളവയിൽനിന്നെല്ലാം വ്യത്യസ്തനാണു്. യഹോവായുടെ വ്യക്തിത്വത്തെ കാണിക്കുന്നതിനാണു് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു വിളിക്കുന്നതു്. മററുജാതികറം ദേവന്മാരിൽ ശക്തി ആരോപിക്കുമ്പോറം ഇസ്രായേൽ പരിശുദ്ധിയാണു് യഹോവായിൽ ആരോപിക്കുന്നതു്. മററു ദേവന്മാരുടെ അഭിമാനവിഷയം പ്രാപഞ്ചികമൂല്യങ്ങളാണെങ്കിൽ യഹോവായുടേതു് പ്രപഞ്ചാതീതവിശുദ്ധിയാണു്. വെള്ളം ചേരാത്ത പാലുപോലെ പ്രാപഞ്ചികമൂല്യങ്ങറംക്കു് യാതൊരു സ്ഥാനവുമില്ലാത്ത വിശുദ്ധിയാണു് അതു്. ഈ വിശുദ്ധിയുടെ വ്യക്തിത്വം കാണിക്കുന്നതിനാണു് ''കന്തേശ്''

എന്ന വാക്കു് ഉപയോഗിച്ചിരിക്കുന്നതു്. ഭൌമീകമായവയിൽനിന്നു ള്ള അനന്തമായ ഈ വേർതിരിവു് ഏററം പ്രകടമാകുന്നതു് ദൈവ ത്തിൻെറ സ്നേഹിത്തിലാണു്. കൊടുത്തുകൊണ്ടുള്ള ദൈവത്തിൻെറ സ്നേഹം ലോകായതികനു് അംടാ വൈലററു് രശ്മിപോലെ തീർ ത്തും അപ്രാപ്യമത്രേ. യാതൊരു പ്രതിഫലവും ഇഛിക്കാതെ ലോക ത്തെ സൃഷ്ടിക്കുന്നതു് കൊടുത്തുസ്നേഹിക്കുന്ന ദൈവത്തിൻെറ പ്രകൃതി യിൽനിന്നാണു്. നന്മയുടെ പ്രകൃതി സ്വയം കൊടുത്തു് ഭാഗ്യമടയു കയാണു്. ഔദാര്യവാനായ മനുഷ്യനു് വളരെ അധികം ഭക്ഷ്യവിഭവ ങ്ങളുള്ളപ്പോഠം അതു് തിന്നുതീക്കുവാൻവേണ്ടി മററുള്ളവരെ ക്ഷണി ക്കുന്നതുപോലെ കവിഞ്ഞൊഴുകുന്നതായ നന്മ മററുള്ളവരെക്കൂടി സ്വഭാ ഗ്യത്തിൽ പങ്കുകാരാക്കുന്നതിനുവേണ്ടി ഇല്ലായ്മയിൽനിന്നു് സൃഷ്ടി ക്കുന്നു.

## സ്നേഹ ഭ്രാന്തു്

സ്നേഹം ഒരുതരത്തിൽ പറഞ്ഞാൽ ഒരു ഭ്രാന്താണു്. സ്നേഹത്തി ൻെറ പരക്കംപാച്ചിൽകണ്ടു് നാം പലപ്പോഴും അത്ഭുതപ്പെട്ടുപോകുന്നു. ചില കാമുകീകാമുകന്മാർ സാമാന്യ വിലയിരുത്തൽ അനുസരിച്ചു് അശേഷം ആകഷ്ണീയതയില്ലാത്ത മറുകക്ഷിയെ അന്വേഷിച്ചു് പര ക്കംപായുന്നതു്മററുള്ളവരെ രസിപ്പിക്കുന്ന ഒരു അനുദിന സംഭവമാ ണു്. വസ്തുനിഷ്ഠമായ ഗുണങ്ങളല്ല ആത്മനിഷ്ഠമായ ലഹരിയാണു് അവർ പരക്കംപായുന്നതിനുകാരണം. ദൈവം മനുഷ്യരുടെ പുറകെ പരക്കംപായുന്നതു് അവരുടെ വസ്തുനിഷ്ഠമായ ഗുണംകൊണ്ടല്ല ദൈവ ത്തിൻെറ ആത്മനിഷ്ഠമായ ലഹരികൊണ്ടാണു്. ദൈവത്തിൽ കുടി കൊള്ളുന്ന സ്നേഹലഹരി മനസ്സിലാക്കുന്നതിനു് അങ്ങേ ആഭ്യന്തരപ്ര കൃതിയിലേയ്ക്കു് കടക്കേണ്ടിയിരിക്കുന്നു. ദൈവത്തിൻെറ ആഭ്യന്തരപ്ര കൃതി ആവിഷ്ക്കരണംകൊണ്ടുമാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയു ള്ളു. ക്രിസ്തുവിനുമുമ്പുള്ള ആവിഷ്ക്കരണങ്ങളിൽ ദൈവത്തിൻെറ മൂവാഠം പദ്ധതിയെപ്പററി വളരെ അകന്ന സൂചനകഠം ഉണ്ടായിരുന്നാൽത ന്നെയും പൂർണ്ണമായ ആവിഷ്ക്കരണിൻെറശേഷം മാത്രമേ അതു് മനസ്സി ലാക്കുവാൻ സാധിക്കുകയുള്ളു. സൈന്യങ്ങളുടെ കർത്താവായ യഹോ വാ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു് മൂന്നു പ്രാവശ്യം ആ വർത്തിക്കുന്നതു് മൂന്നാളുകളെ സൂചിപ്പിക്കണമെന്നില്ല. അന്യൂനമായ പരിശുദ്ധിയെ സൂചിപ്പിക്കുന്നതിനുമാകാം.

## ഇവൻ എൻെറ പ്രിയ പുത്രനാകുന്നു

ക്രിസ്തുവിൻെറ പരസ്യജീവിതം ആരംഭിക്കുന്നതു് മൂന്നു ദൈവ ആളുകളെപ്പററിയുള്ള വ്യക്തമായ ആവിഷ്ക്കരണത്തോടു കൂടിയാണു്. യോഹന്നാൻ അങ്ങേ സ്നാനപ്പെടുത്തിയ അവസരത്തിൽ ''ഇവൻ എ ൻെറ പ്രിയപുത്രനാകുന്നു'' എന്ന സ്വരം സ്വർഗ്ഗത്തിൽനിന്നു് അവി ടെ കൂടിയിരുന്നവർ കേട്ടു. അങ്ങേ ശിരസ്സിന്മേൽ പരിശുദ്ധാത്മാവു്

ഒരു പ്രാവിൻെറ ഭാഷയിൽ ആവസിച്ചു. ഏകദൈവ വിശ്വാസിക ളായി അവിടെ കൂടിയിരുന്നവർക്കുണ്ടായ പ്രത്യാഘാതം എങ്ങനെയുള്ള തു്? സ്വർഗ്ഗത്തിൽനിന്നു് സാക്ഷിക്കുന്ന ആൾ ദൈവമത്രേ. മൂശയ്ക്കു് മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം ഇവിടെ പ്രത്യക്ഷനായി എന്നു മാത്രമേ യൂദജനങ്ങൾ ധരിച്ചിരിക്കുകയുള്ളൂ. ഇവൻ എൻെറ പുത്രനാകു ന്നു എന്നുള്ള സാക്ഷി ക്രിസ്തുവിൻെറ ദൈവത്വം തെളിയിക്കുന്നുണ്ടോ? മററുജാതികളെപ്പോലെ യൂദന്മാർ ദൈവത്തിനു് ലൈംഗീകത്വം ആ രോപിക്കുന്നില്ല. അരൂപിയായ ദൈവത്തിനു് എങ്ങനെ പുത്രനുണ്ടാ കും? യൂദന്മാർ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനവും അങ്ങേ പു ത്രന്മാരുമാണു്. അതു് വെറും ധാർമ്മികമായ പുത്രത്വംമാത്രം. നസ്രാ യൻ യേശുവിൽ ഈ ധാർമ്മിക ഐക്യം ഉയർന്നപദവിയിൽ ഉള്ളതാ യി അവർ ഗ്രഹിച്ചിരിക്കാം.

പ്രാവിനെ സംബന്ധിച്ചിടത്തോളം പ്രഥമദൃഷ്ടിയിൽ അത്ഭുത കരമായി ഒന്നുമില്ല. പ്രാവുകൾ ധാരാളമുള്ള ഒരു നാടാണു് പലസ്തീ നാ. ഇണക്കമുള്ള പ്രാവുകൾ ചിലപ്പോൾ മനുഷ്യൻെറ ശിരസ്സിൽ വ ന്നിരുന്നു എന്നു വരാം. ഇവിടെ പ്രാവു് ആവസിച്ചതു് യൂദന്മാരെ അ ത്ഭുതപ്പെടുത്തിയിരിക്കണം. വിദൂരത്തുനിന്നു വന്ന ഒരു മനുഷ്യൻെറ സ്നാനത്തിൻ ഒരു പ്രാവു്വന്നു് ശിരസ്സിൽ ആവസിക്കുക എന്നതു് അ പ്രതീക്ഷിതമായ ഒരു സംഭവമാണു്. ദൈവപ്രീതിയുടെ അടയാളമാ യിട്ടുമാത്രമേ ഈ അപ്രതീക്ഷിത സംഭവം അവർ വ്യാഖ്യാനിച്ചിരി ക്കുകയുള്ളൂ. നസ്രായൻ യേശുവിൻെറ അമാനുഷികമായ വ്യക്തിവി ലാസവും സ്വർഗ്ഗത്തിൽനിന്നുള്ള സാക്ഷിയും ഈ അനുമാനത്തിൽ അ വരെ ഉറപ്പിച്ചിരിക്കണം— പ്രാവിനെ പരിശുദ്ധാത്മാവിൻെറ സാ ന്നിദ്ധ്യമായി മനസ്സിലാക്കിയതു് യോഹന്നാൻമാത്രമാണു്. ''അരൂ പി പ്രാവിൻെറ ഭാഷയിൽ സ്വർഗ്ഗത്തിൽനിന്നിറങ്ങുന്നതും അവൻെറ മേൽ ആവസിക്കുന്നതും ഞാൻ കണ്ടു.......അവനെ ഞാൻ അറിഞ്ഞി രുന്നില്ല. വെള്ളംകൊണ്ടു സ്നാനപ്പെടുത്തുവാൻ എന്നെ അയച്ചവൻ ''ആരുടെമേൽ അരൂപി ഇറങ്ങി വസിക്കുന്നതായി നീ കാണുന്നുവോ അവനാണു് പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ എന്നു് എ ന്നെ അറിയിച്ചു''. ഇവിടെ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിങ്ങനെ മൂന്നു വ്യത്യസ്ത ആളുകൾ അവതരിപ്പിക്കപ്പെടുന്നു. പി താവു് ദൈവമാണെന്നുള്ളതിനെപ്പററി ആർക്കും സംശയമില്ല. പുത്രൻ എന്നു് വിളിക്കപ്പെടുന്ന നസ്രായൻ യേശു ദൈവമാണെന്നു് യോഹ ന്നാനൊഴികെ ആ ചടങ്ങിൽ സംബന്ധിച്ചിരുന്നവരിൽ ആരും കരു തിയിരുന്നിരിക്കുകയില്ല. പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവ ൻെറ ദൈവത്വം യോഹന്നാൻ ഒരു പക്ഷെ ഗ്രഹിച്ചിരുന്നിരിക്കണം. പ്രാവിൻെറ ഭാഷയിൽ നസ്രായൻ യേശുവിൻെറ ശിരസ്സിൽ ആവ സിച്ചതു് ഒരു അരൂപിയാണെന്നും യോഹന്നാൻെറ പ്രഖ്യാപനംവഴി വ്യക്തമായി. പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുക എന്ന പദപ്ര യോഗംകൊണ്ടു് ഈ അരൂപി ദൈവമാണെന്നു് അവിടെ കൂടിയിരു

ന്നവരിൽ ആരെങ്കിലും അനുമാനിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. പുറജാതികളിൽ ആരെങ്കിലുമാണെങ്കിൽ നസ്രായൻ യേശുവും ഈ അരൂപിയും ദൈവമാണെന്ന് വിശ്വസിക്കുവാൻപാടുണ്ട്. ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന യൂദന്മാർക്ക് മററൊരു ദൈവം ഉണ്ടാകുവാൻ പാടില്ല. അവർക്ക് ദൈവത്തെയും, ദൈവം അയയ്ക്കുന്ന സൃഷ്ടികളായ അരൂപി ദൂതന്മാരെയും തിരിച്ചെടുക്കുവാൻ സാധിക്കും. ക്രിസ്തുവിന്റെ പരസ്യജീവിതത്തിൽ താനും പിതാവും ഒന്നാണെന്നും, തന്നെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്നും പരിശുദ്ധാത്മാവ് പിതാവിൽനിന്നും തന്നിൽനിന്നും പുറപ്പെടുന്നുവെന്നും ആവർത്തിച്ചുറപ്പിച്ചിട്ടും ഒരേ ഒരു ദൈവത്തിൽ വ്യത്യസ്തരായ മൂന്നാളുകൾ ഉണ്ടെന്നുള്ള പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം പൊതുജനങ്ങളുടെയോ അപ്പസ്തോലന്മാരുടെതന്നെയോ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## മൂന്നാം ദൈവം

ക്രിസ്തു തന്റെ ദൈവത്വം പരോക്ഷമായി ആരംഭംമുതൽ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും പരസ്യമായി പ്രസ്താവിച്ചതു് വിധിയാളന്റെ മുമ്പാകെവച്ചുമാത്രമാണ്. പരിശുദ്ധാത്മാവ് പിതാവിൽനിന്നും തന്നിൽനിന്നും പുറപ്പെടുന്നതായി ക്രിസ്തു സ്പഷ്ടമാക്കിയെങ്കിലും ഒരു ദൈവ ആളായി അപ്പസ്തോലന്മാരും ജനങ്ങളും കരുതിയിരുന്നുവെന്ന് തോന്നുന്നില്ല. ഒരു ദൈവത്തിൽ മൂന്നാള് എന്ന ആശയം വ്യക്തമായി വെളിപ്പെടുത്തുന്നതിനുമുമ്പ് ആർക്ക് സങ്കല്പിക്കുവാൻ സാധിക്കും? അനുഭവങ്ങളിൽനിന്നാണല്ലോ നമ്മുടെ ആശയങ്ങൾ രൂപവല്കരിക്കുന്നതു്. ഇത്തരത്തിലുള്ള അനുഭവം ഒരിടത്തുമില്ല. യോർദനാൻ കരയിൽ ഉള്ള ആവിഷ്കരണത്തിനുശേഷവും ഒരു ദൈവത്തിൽ മൂന്നാം ഉണ്ട് എന്ന് ആരും അനുമാനിച്ചെടുക്കുകയുണ്ടായില്ല. പിതാവും താനും ഒന്നാണെന്നുള്ള ക്രിസ്തുവിന്റെ പ്രസ്താവനയും ധാർമ്മിക ഐക്യമായിട്ടായിരിക്കണം അവർ സ്വീകരിച്ചതു്. ക്രിസ്തു തന്റെ പിതാവിനെപ്പററി പറയുകയിൽ ഏകദൈവ വിശ്വാസത്തെ ചോദ്യംചെയ്യുന്നതായിട്ടാണ് പ്രീശരുടെയും ഗുരുക്കന്മാരുടെയും ആരോപണം. ചുരുക്കത്തിൽ ദൈവത്തിന്റെ ആഭ്യന്തരജീവിതത്തെപ്പററി കുരിശുമരണംവരെ ആർക്കും ഒരു രൂപവുമില്ലായിരുന്നു. ക്രിസ്തു സ്വർഗ്ഗാരോഹണത്തിനുമുമ്പ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുന്നതിന് ശിഷ്യരോട് കല്പിച്ചപ്പോൾമാത്രമാണ് ഈ സിദ്ധാന്തം ദൈവശാസ്ത്രരൂപത്തിൽ ക്രോഡീകൃതമായതു്. യോർദനാൻ തീരത്തിൽവെച്ച് സ്വർഗ്ഗത്തിൽനിന്ന് സാക്ഷിക്കുന്ന ആളും ആരേപ്പററി സാക്ഷിക്കുന്നുവോ ആ ക്രിസ്തുവും പരിശുദ്ധാത്മാവും വ്യത്യസ്ത ആളുകളാണെന്നുമാത്രമേ സിദ്ധിക്കുന്നുള്ളു. മൂവരും ദൈവമാണെന്നോ മൂവരുംകൂടി ഒരു ദൈവമാണെന്നോ അതിൽനിന്നും അനുമാനിച്ചുകൂടാ. മൂവർക്കും ദൈവീകപ്രവർത്തനങ്ങൾ ക്രി

സ്സ പരസ്യജീവിതത്തിൽ ആരോപിച്ചതിൽനിന്നും മൂവരും ദൈവമാണെന്നു് സിദ്ധിക്കുന്നു. അതേസമയം യൂദന്മാരുടെ ഏകദൈവത്തിലുള്ള അടിസ്ഥാനവിശ്വാസം അവശേഷിക്കുന്നു. ദൈവം ഏകനാണു്. ദൈവം അരൂപിയാണു്. അരൂപിയായ ദൈവത്തിനു് എങ്ങനെ പുത്രനുണ്ടാകും? പുറജാതികളുടെ ദേവന്മാർ പെററുപെരുകി കോടിക്കണക്കിനുണ്ടാകുവാൻ ഒരു വിഷമവുമില്ല. ലൈംഗികത്വത്തിനെല്ലാമതീതനായ യഹോവായ്ക്കു് എങ്ങനെ പുത്രനുണ്ടാകും? ഏകദൈവത്തിലുള്ള വിശ്വാസത്തെ ക്രിസ്തു ചോദ്യംചെയ്യുന്നില്ല. മൂന്നാളുകളുടെ നാമങ്ങളിലല്ല നാമത്തിലത്രേ സ്നാനപ്പെടുത്തേണ്ടതു്. മൂവരുംകൂടി ഒരു വിശുദ്ധീകരണമൂലംമാത്രമേ ആകുന്നുള്ളു. ഒരു ദൈവമേയുള്ളു—അതു്പരസ്പരവിരുദ്ധമല്ലേ? ഒരു ദൈവത്തിൽ മൂന്നു ദൈവമെന്നോ ഒരാളിൽ മൂന്നാളെന്നോ പറഞ്ഞാൽ പരസ്പരവിരുദ്ധമായിരിക്കും. ഒരു ദൈവത്തിൽ മൂന്നാളെന്നുപറഞ്ഞാൽ പരസ്പരവിരുദ്ധമല്ല. പരസ്പരവിരുദ്ധമല്ലെങ്കിലും അതെങ്ങനെയെന്നു് നമ്മുടെ ഗ്രഹണശക്തിയിൽ ഒതുങ്ങുകയില്ല. ദൈവം നമ്മുടെ ഗ്രഹണശക്തിയിൽ ഒതുങ്ങുവാനെയുള്ളുവെങ്കിൽ അതു് തീർത്തും പാപ്പരായ ദൈവമാണു്.

## മൂന്നു മൂട്ടപടങ്ങളല്ല

മൂവാംരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവം ഹിന്ദുമതത്തിലെ ത്രിമൂർത്തിയെപ്പോലെ മൂന്നു മൂട്ടപടങ്ങൾ അണിഞ്ഞ ആളല്ല. മൂവാംരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവത്തെ മറെറവിടെനിന്നെങ്കിലും വായ്പയെടുക്കുവാനോ വകഞ്ഞുണ്ടാക്കുവാനോ മറെറാരു മോഡൽ ചരിത്രത്തിൽ അറിയപ്പെട്ടിട്ടില്ല. സിംഹത്തിൻെറ തലയും മനുഷ്യൻെറ ഉടലുംകൂടിചേർന്ന ഒരു വസ്തുവിനെ കലാകാരനു് വകഞ്ഞുണ്ടാക്കാം. രണ്ടും മനുഷ്യരുടെ അനുഭവവിഷയമാണു്. അവ കൂട്ടിച്ചേർക്കുകമാത്രമേ ചെയ്യേണ്ടതുള്ളു. ഒരു ഉടലിന്മേൽ മൂന്നു തലവെച്ചു് ഒരാളെ ചിത്രീകരിക്കാം. മൂന്നാമത്തെ ആളിനെ പ്രാവായിട്ടു് ചിത്രീകരിക്കുക സങ്കല്പകർത്താവിൻെറ കലാവാസനയ്ക്കു് ഭൂഷണമായിരിക്കുകയില്ല. കലാകാരൻെറ ഭാവനയിൽനിന്നു പുറപ്പെടുന്ന മൂവാം എല്ലാം ഒരുപോലെയിരിക്കും. യൂദന്മാരുടെ ഇടയിൽ കലാകാരന്മാരുടെ സങ്കല്പ സൃഷ്ടികൾ വിലമതിക്കപ്പെട്ടിരുന്നുമില്ല.

## ദൈവപ്രകൃതിയുമായുള്ള മൂവാൾ ഏകീകരണം

ദൈവത്തിൻെറ പുരുഷാത്മകത്വവും പരിശുദ്ധിയും യുക്തികൊണ്ടു് കണ്ടുപിടിക്കാമെങ്കിലും ഹോരേബ്മലയിലെ വെളിപാടുകൊണ്ടാണു് വ്യക്തമായിത്തീർന്നതു്. രണ്ടാമത്തെ വെളിപാടു് ഈ പുരുഷാത്മകത്വത്തെ ഒന്നുകൂടി വ്യക്തമാക്കി. പ്രകൃതി സ്വഭാവം എന്നെല്ലാം പറയുന്നതു് പ്രവർത്തനങ്ങളുടെ മൂലത്തെ ഉദ്ദേശിച്ചാണു്. സസ്യപ്രവർത്തനങ്ങളുടെമൂലമാണു് സസ്യപ്രകൃതി. മൃഗീയപ്രവർത്തനങ്ങളുടെ മൂലമാണു് മൃഗപ്രകൃതി. ബുദ്ധിപരവും മൃഗീയവും സസ്യപരവുമായ

പ്രവത്തനങ്ങളുടെമൂലമാണു് മനുഷ്യപ്രകൃതി. മനുഷ്യനിൽ മൂന്നുതരം പ്രവത്തനങ്ങളുണ്ടെങ്കിലും അവയെല്ലാം ഒരേമൂലത്തിൽനിന്നു് പുറപ്പെടുന്നതുകൊണ്ടു് ഒരു സ്വഭാവം ഒരു പ്രകൃതി എന്നുപറയുന്നു. സസ്യവും മൃഗവും ഒരു ആളല്ല. അതിനു് ബുദ്ധിയും മനസ്സും ഇല്ലാത്തതുകൊണ്ടുതന്നെ. മനുഷ്യനിൽപ്രകൃതിയുടെ ഉടമസ്ഥനായിഒരാളുണ്ടു്. കാണുന്നതു കണ്ണല്ല ആളാണു്. കൈകൊണ്ടു് കൊലപാതകം നടത്തുന്നുവെങ്കിലും അതിനു് ഉത്തരവാദിത്വം വഹിക്കുന്നതു് കയ്യല്ല ആളാണു്. ബുദ്ധിയുള്ള ഒരു വ്യക്തിയെ ആണു് ആൾ എന്നു വിളിക്കുന്നതു്. മനുഷ്യ ആൾ മനുഷ്യസ്വഭാവവുമായി ഏകീഭവിച്ചിരിക്കുന്നു. നമ്മുടെ അനുദിനാനുഭവത്തിൽ ഒരു സ്വഭാവവുമായി ഒരാൾമാത്രമേ ഏകീകരിച്ചുകാണുന്നുള്ളു— ദൈവത്തിൽ വ്യത്യസ്തരായ മൂന്നാളുകൾ ദൈവസ്വഭാവവുമായി ഏകീഭവിച്ചിരിക്കുന്നു. നമ്മുടെ ശുഷ്കമായ പ്രകൃതി ജീവിക്കുന്നതിനു് ഒരാൾ അതിനോടു് ഏകീഭവിച്ചാൽ മതിയാകുമെങ്കിൽ ദൈവത്തിൻെറ അതിസമൃദ്ധമായ ജീവൻ പ്രകടിപ്പിക്കുന്നതിനു് ഒരാൾ മതിയാകുകയില്ല. ദൈവത്തിൻെറ മൂവാൾപ്രകൃതി ദൈവസ്വഭാവത്തിൻെറ ധന്യതയെ കാണിക്കുന്നു. ദൈവത്തിൻെറ പരിശുദ്ധി പ്രകടിപ്പിക്കുന്നതിനു് മൂന്നാൾ ആവശ്യമുള്ളതായി (മുപ്പരിശുദ്ധൻ) ഏഴു നൂററാണ്ടുകൾക്കുമുമ്പേ ഐസയാസ് സൂചിപ്പിച്ചിട്ടുണ്ടു്. സ്നേഹിക്കുന്നതിനുള്ള ദൈവത്തിൻെറ കഴിവു് പൂണ്ണമായും വിനിയോഗിക്കണമെങ്കിൽ മൂന്നാളുകൾ ഉണ്ടായിരിക്കണം. ദൈവത്തിൽ പുരുഷാത്മകത്വമില്ലാതെ യാതൊരു തുറയുമില്ല. മനുഷ്യൻെറ വചനത്തിനോ സസ്യപരവും മൃഗീയവുമായ ജീവിതത്തിനോ പുരുഷാത്മകത്വമില്ല. ദൈവത്തിൻെറ ജീവനും അറിവും സ്നേഹവുമെല്ലാം ദൈവികസത്തയോടു്ഏകീഭവിച്ചു് പുരുഷാത്മകത്വത്തിൻെറ പാരമ്യത്തിൽ എത്തുന്നു.

## പുറപ്പാടു്

പിതാവിൽനിന്നു് പുത്രനും, പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവും പുറപ്പെടുന്നതായി സുവിശേഷങ്ങളിൽ സൂചനയുണ്ടു്. അരൂപിയായ ദൈവത്തിലെ പുറപ്പാടു് ലൈംഗീകമല്ലെന്നു് സ്പഷ്ടമാണു്. ബുദ്ധിപരമായ പുറപ്പാടും മനസ്സിനടുത്ത പുറപ്പാടുംമാത്രമേ അരൂപിയിൽ സങ്കല്പിക്കുവാൻ പാടുള്ളു. ബുദ്ധിപരമായ പുറപ്പാടു് വചനത്തിലും മനസ്സിനടുത്ത പുറപ്പാടു് സ്നേഹശ്വാസത്തിലുമത്രേ കലാശിക്കുന്നതു്. നാം ഒരു പന്തിനെപ്പററി ചിന്തിക്കുമ്പോൾ പന്തിൻെറ ഒരു ഛായ മനസ്സിൽ രൂപംകൊള്ളുന്നു. ഇതിനാണു് വചനം എന്നു പറയുന്നതു്. അരൂപിയായ ദൈവം ചിന്തിക്കുകയാണെങ്കിൽ എന്തായിരിക്കും ചിന്തിക്കുക :എന്നു് ക്രിസ്തുവിനു് മൂന്നു നൂററാണ്ടുകൾക്കു മുമ്പു് പ്ലേറേറാ സ്വയം ചോദിക്കുകയുണ്ടായി. ദൈവത്തിൻെറ ചിന്താവിഷയം താൻതന്നെ ആയിരിക്കണം. എന്ന അനുമാനത്തിലാ

ണു് അദ്ദേഹം എത്തിയതു്. അതിനപ്പുറം മറെറാരുചിന്തയുണ്ടാകുക സാധ്യമല്ല. സ്വന്തം ഛായയായ വചനമല്ലാതെ മറെറാരു വചനവുമില്ല. ദൈവത്തിൻെറ ചിന്ത നിത്യവും ശാശ്വതവുമാണു്. മുഖക്കണ്ണാടിയിൽ നാം കാണുന്ന സ്വന്തം ഛായപോലെ തന്നെത്തന്നെ വചിച്ചുണ്ടാകുന്ന ഛായയാണു് ദൈവത്തിൻെറ അസ്പൃഷ്ടവചനം. സ്വയം വചിക്കുന്നവൻെറ വചനം സ്വന്തം സാദൃശ്യത്തിൽ കലാശിക്കുന്നതുകൊണ്ടാണു് ദൈവത്തിൻെറ അസ്പൃഷ്ടവചനം പുത്രൻ എന്നു പറയപ്പെടുന്നതു്. നമ്മുടെ ശരീരം പുഴുത്തു് ശരീരത്തിൽനിന്നു് പുറപ്പെടുന്ന പുഴുവിനെ പുത്രൻഎന്നു വിളിക്കുന്നില്ല. അതു്പുഴ, മനുഷ്യൻെറ ശരീരത്തിൽനിന്നു് പുറപ്പെടുന്നുവെങ്കിലും സാദൃശ്യത്തിൽ പുറപ്പെടാത്തതുകൊണ്ടുതന്നെ. പരിശുദ്ധാത്മാവിൻെറ പുറപ്പാടു് പിതാവിൻെറ സദൃശീകരണത്തിലല്ല കലാശിക്കുന്നതു്. സ്നേഹത്തിൻെറ പുറപ്പാടു് സ്നേഹിക്കുന്നവൻെറ സാദൃശ്യത്തിലല്ല. സ്നേഹത്തിൻെറ ലക്ഷ്യം സദൃശീകരിക്കുകയല്ല സ്നേഹിക്കുന്ന വസ്തുവിലേയ്ക്കു് പോകുകയാണു്. പിതാവിൻെറയുംപുത്രൻെറയും പരസ്പരസ്നേഹത്തിൽനിന്നു്പുറപ്പെടുന്ന ശ്വാസമാണു് പരിശുദ്ധാത്മാവു്. പുറപ്പെടുന്നു എന്നു പറഞ്ഞാൽ പൂർണ്ണമാകുകയില്ല. ആ പുറപ്പാടുതന്നെയാണു് പരിശുദ്ധാത്മാവു്. പരിശുദ്ധാത്മാവിൽ പുത്രനു് പിതാവിൽനിന്നു് സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയും പിതാവിനു് നല്കുന്നതിനുള്ള സന്നദ്ധതയും പ്രകടിതമാക്കപ്പെടുന്നു.

## പ്രതിഷ്ഠ

പിതാവിൻെറ അസ്പൃഷ്ടമായ വചനം ആളായതീരുന്നതു് ദൈവസത്തയുമായി ഏകീഭവിക്കുന്നതുകൊണ്ടുമാത്രമാണു്. ഈ ഏകീകരണം സംഭവിക്കുന്നതു് ദൈവസത്തയിൽ നടക്കുന്ന പ്രതീഷ്ഠവഴിയായായിട്ടാണു്. പിതാവു് വചനത്തിനും സ്നേഹത്തിനും സ്വയം പ്രതീഷ്ഠിക്കുന്നു. വചനം വചിക്കുന്നവനും സ്നേഹത്തിനും സ്വയം പ്രതീഷ്ഠിക്കുന്നു. സ്നേഹം വചനത്തിനും വചിക്കുന്നവനും സ്വയം പ്രതീഷ്ഠിക്കുന്നു. ദൈവീക കലീനത്വത്തെപ്പററി നാം കണ്ടുകഴിഞ്ഞു. സ്വാത്ഥമതികളായ ദേവന്മാരെപ്പോലെയല്ല യഹോവാ. സ്വാത്ഥമതികളായ ദേവന്മാർ എല്ലാം കയ്യടക്കുന്നതിനാണു് ശ്രമിക്കുക. ഉദാരമതിയായ ദൈവം സ്വയം പ്രതീഷ്ഠിക്കുന്നതിനാണു് ബദ്ധപ്പെടുന്നതു്. സ്വാത്ഥമതികളായ ദേവന്മാർ വലിയവരാകുന്നതു് തങ്ങളെക്കാറം ഉയന്നവരെ അക്രമിച്ചു് കീഴടക്കിക്കൊണ്ടാണു്. ഉദാരമതിയായ ദൈവം മറെറാരാളിൻെറ ശ്രേഷ്ഠതയുടെ അഭാവത്തിൽ സ്വയം താഴ്ത്തി തനിക്കുള്ളതിൽനിന്നു കൊടുത്തുമറേറയാളെതുല്യനാക്കുന്നു. ദൈവത്തിൻെറ വചനം ആളാകണമെങ്കിൽ വചിക്കുന്നവൻ തന്നെത്തന്നെ ദൈവസ്വഭാവമടക്കം തൻെറ വചനത്തിനു നല്കി ദൈവീകസത്തയുമായി ഏകീഭവപ്പിക്കണം. ദൈവീകജീവൻ ഈ കൈമാററത്തിലത്രേ അടങ്ങിയിരിക്കുന്നതു്. വചിക്കുന്നവൻ വചനത്തിനു് സ്വയം കയ്യാളിക്കുക

യും വചനത്തിൽ വസിക്കുകയും ചെയ്യുന്നു. അമ്മ കുഞ്ഞിനു് സ്വയം മുഴുവനായി നൽകുന്നില്ല. മുലയിലെ പാലു കുടിക്കുന്നതിനുമാത്രമേ അനുവാദമുള്ളു. മുലയിൽ ഒന്നു കടിച്ചുപോയാൽ അമ്മയുടെ സ്വഭാവം മാറും. ദൈവആളുകളുടെ പ്രതീഷ്ഠ പൂർണ്ണമാണു്. അമ്മ തന്നെ മുഴുവനും മുലയാക്കി കുഞ്ഞു വിഴുങ്ങുന്നതിനായി വായിൽവെച്ചുകൊടുക്കുന്നു എന്നു വിചാരിക്കുക. ഇത്തരത്തിലാണു് പിതാവിൻെറ അർപ്പണം. മൂന്നാളുകളും അവരവരുടെ രീതിയിൽ മററാളുകൾക്കു് സ്വയം പ്രതിഷ്ഠിക്കുന്നു. ഈ പ്രതീഷ്ഠയാണു് ദൈവീകജീവൻ. ദൈവം സ്നേഹമാകുന്നു. എന്നു പറയുന്നതു് ഒരു അലങ്കാര പ്രയോഗമല്ല. സ്നേഹം പ്രതിഷ്ഠയിലാണു്അടങ്ങിയിരിക്കുന്നതു്. ദൈവത്തിൽ പ്രതിഷ്ഠയല്ലാതെ ഒന്നുമില്ല. ദൈവീക കുലീനത്വം അടങ്ങിയിരിക്കുന്നതും ഈ പ്രതിഷ്ഠയിൽതന്നെ.

## അന്യോന്യബന്ധം

ദൈവം യാതൊരു തരത്തിലുള്ള കലച്ചയും മാററവും ഇല്ലാത്തവനത്രേ. കലച്ചയും മാററവുമില്ലാത്ത ദൈവത്തിൽ ദൈവ ആളുകൾ അന്യോന്യ ബന്ധത്തിൽനിന്നു മാത്രമേ വ്യത്യസ്തരായിരിക്കുകയുള്ളു. അന്യോന്യ ബന്ധമാണു് അവരെ വ്യക്തിത്വത്തിൽ സ്ഥാപിക്കുന്നതു്. മനുഷ്യരിൽ കാണുന്ന ബന്ധങ്ങളത്രയും വ്യക്തിത്വത്തിൻെറ വിളുമ്പിൽമാത്രം സ്പൃശിക്കുന്ന ബന്ധമാണു്. ലോകത്തിലെ ബന്ധങ്ങളിൽവെച്ചു് ഏററം വലിയതു് പിതൃപുത്ര ബന്ധമാണു്. ഈ ബന്ധം ഉത്ഭവിക്കുന്നതു് പിതാവു് പൂർണ്ണമായി വ്യക്തിത്വത്തിൽ സ്ഥാപിക്കപ്പെട്ടതിനുശേഷം മാത്രമാണു്. പിതാവു് മരിച്ചു പുത്രത്വം അവസാനിച്ചാലും പുത്രൻ പൂർണ്ണ വ്യക്തിത്വത്തിൽ തുടർന്നുകൊണ്ടിരിക്കും. ഇടവും വലവും തെക്കും വടക്കും തമ്മിലുള്ള ബന്ധംപോലെയാണു് ദൈവീക ആളുകൾ തമ്മിൽ. വലത്തില്ലെങ്കിൽ ഇടത്തുമില്ല. വടക്കില്ലെങ്കിൽ തെക്കുമില്ല. വചിക്കുന്നവനില്ലെങ്കിൽ വചനവുമില്ല. വചനമില്ലെങ്കിൽ വചിക്കുന്നവനുമില്ല. സ്നേഹിക്കുന്നവനില്ലെങ്കിൽ സ്നേഹവുമില്ല. സ്നേഹമില്ലെങ്കിൽ സ്നേഹിക്കുന്നവനുമില്ല. വ്യക്തിത്വത്തിൻെറ വിളുമ്പിൽമാത്രം മുട്ടുന്ന ഭൌമീക പിതൃപുത്ര ബന്ധം ജനിപ്പിക്കുക എന്ന സംഭവത്തെ അടിസ്ഥാനമാക്കിയാണു്. ദൈവത്തിലുള്ള പിതൃപുത്രബന്ധം ഒരു സംഭവത്തെ അടിസ്ഥാനമാക്കിയല്ല പ്രത്യുതാ ഈ ബന്ധം ദൈവീകസത്തയുമായി ഏകീഭവിക്കുന്നതു വഴിയാണു്. ഈ ബന്ധം നിത്യമാണു്. നിത്യമായ ഈ ബന്ധം സൂചിപ്പിക്കുന്നതിനു ''ഇന്നു നിന്നെ ഞാൻ ജനിപ്പിച്ചു'' എന്നുള്ള ദാവീദിൻെറ പദപ്രയോഗം മാത്രമേ പര്യാപ്തമാകുകയുള്ളു.

## ദൈവഭാഗ്യം മൂവാൾബന്ധത്തിൽ

ദൈവത്തിൻെറ അന്തരംഗ ജീവിതത്തിലെ ഭാഗ്യം മുഴുവനും അടങ്ങിയിരിക്കുന്നതു ഈ സ്നേഹവിപ്ലവത്തിലത്രേ (മനുഷ്യ[illegible]താര

രിപ്പനുസരിച്ച് സ്നേഹവിപ്പവമെന്നു പറയുന്നു. ദൈവീക താരിപ്പനു രിച്ച് വിപ്ലവപരമല്ല സ്വാഭാവികംമാത്രം) സ്നേഹവിപ്ലവത്തിൻെറ ഉത്ഭവം മൂവാരം ബന്ധത്തിലും അതിൻെറ അടിസ്ഥാനമായ പ്രതിഷ്ഠ യിലുമാണ്. ദൈവം വാങ്ങിച്ച ഭാഗ്യമടയുകയല്ല കൊടുത്തു ഭാഗ്യമട യുകയാണ്. ഈ ദൈവീക കുലീനത്വം മാതൃവാസനവഴി മനുഷ്യ രിൽ അപൂർണ്ണമായിട്ടെങ്കിലും നിക്ഷേപിച്ചതുകൊണ്ടാണ് അമ്മ കു ഞ്ഞിനെ മുല കുടിപ്പിച്ചശേഷം മുലപ്പാലിനു ബില്ലുകൊടുക്കാത്ത തും സൌജന്യ ദാനത്തിൽ തൃപ്തിയടയുന്നതും.

## നിന്നെ കൂടാതെ ഞാനില്ല

കൊടുത്തു ഭാഗ്യമടയുന്നദൈവത്തിൻെറ പ്രകൃതി എവിടെനിന്നു്? ദൈവീക ആളുകളുടെ അന്യോന്യ ബന്ധ പ്രകൃതിയാണ് പരസ്പര പ്ര തിഷ്ഠക്ക് അവരെ പ്രേരിപ്പിക്കുന്നതു്. അന്യോന്യ ബന്ധത്തിൻെറ പ്രകൃതി നൂറുശതമാനവും ബന്ധപ്പെട്ട വസ്തുവിനെ ലക്ഷ്യമാക്കിപ്പോ കുക എന്നുള്ളതാണ്. (ad aliud). കിഴക്ക് നൂറുശതമാനം പടിഞ്ഞാ റിനോടു ബന്ധപ്പെട്ടിരിക്കുന്നു. പടിഞ്ഞാറില്ലെങ്കിൽ ഒരു ശതമാനം പോലും കിഴക്കില്ല. പിതാവു് നൂറുശതമാനം അപ്പനാണ്. പിതാ വും പുത്രനും ചേർന്ന് ഏകമൂലമെന്നോണം നൂറുശതമാനം സ്നേഹിക്കു ന്നവനാണ്. ദൈവത്തിലെ ഓരോ ആളും തങ്ങളുടെ അസ്തിത്വവും ഭാഗ്യവും കണ്ടെത്തുന്നതു് അപരന്മാരിലാണ്. (ad aliud). വിളമ്പി ൽക്കൂടി മാത്രം ബന്ധപ്പെട്ടിരിക്കുന്നിടത്തു് ഒന്നില്ലെങ്കിലും മറേറതു ജീ വിക്കും. ദൈവത്തിൽ ഒരാറംക്ക അപരനെക്കൂടി (നീ) ചിന്തിക്കാതെ ത ന്നെപ്പററിത്തന്നെ (ഞാൻ) ചിന്തിക്കുക സാദ്ധ്യമല്ല. ആളിനടുത്ത അ സ്തിത്വം അപരനിലേയ്ക്കുള്ള തിരിവിനെ (ad aliud) ആശ്രയിച്ചിരി ക്കുന്നു. പുത്രൻെറ സ്വീകരണ പ്രകൃതിയില്ലാതെ പിതാവിൻെറ ദാന പ്രകൃതിയില്ല. ദാതാവെന്നുള്ളനിലയിലും, സ്വീകാരകൻ എന്ന നില യിലും ഒരേ ദൈവസത്ത ഇരുവരിലും സ്ഥിതിചെയ്യുന്നു. ''ഞാൻ'' ആകുന്ന പിതാവും ''നീ'' ആകുന്ന പുത്രനും കൂടി അറിയുന്നതു് ഒരേ ഒരു ബുദ്ധിയിൽ കൂടിയും സ്നേഹിക്കുന്നതു് ഒരേ ഒരു മനസ്സിൽ കൂടിയുമ ത്രേ. മൂവക്കും കൂടി ഒരു ബുദ്ധിയും ഒരു മനസ്സും ഒരു ജീവനുമത്രേ ഉള്ള തു്.(ദൈവത്തിൽ സത്തയും ബുദ്ധിയും മനസ്സും തമ്മിൽ വ്യത്യാസമി ല്ല. ഈ വ്യത്യാസം അടിസ്ഥാനപൂർവ്വകമായ ആരോപണംമാത്രം.) പുരു ഷാത്മകത്വത്തിൽ തന്നിൽ തന്നെ സ്ഥിതിചെയ്യുക മററുള്ളവരിലേ യ്ക്കു് തിരിയുക എന്നിങ്ങനെ രണ്ടു പ്രവൃത്തികളാണുള്ളതു്. മരണാന ന്തരം മാത്രമേ മനുഷ്യനു് സ്വയം കൊടുക്കുകയും സ്വയം കാക്കുകയും ചെയ്യുവാൻ സാധിക്കുകയുള്ളു. അതും സ്വശക്തിയാലെയല്ല ദൈവശ ക്തിയാൽ. ദൈവത്തിനു് സ്വയം സമപ്പിക്കാതെ അന്യനു് സ്വയം സ മപ്പിക്കുന്നവൻ മൃഗീയാവസ്ഥയിലും തന്നിൽ തന്നെ കെട്ടിയടച്ചിരി ക്കുന്നവൻ സ്വാത്മപൂജയിലും എത്തിച്ചേരുന്നു.

അപരനു് നൂറു ശതമാനം സ്വയം പ്രതിഷ്ഠിക്കുന്ന ദൈവത്തിന്റെ അഭ്യന്തര പ്രകൃതി മനസ്സിലാക്കിയിട്ടുള്ളവനു് ദൈവത്തിന്റെ ബാഹ്യപ്രവൎത്തനങ്ങളിൽ പ്രതിഫലിച്ചുകാണുന്ന നിസ്വാൎത്ഥസ്നേഹം അധികപ്പററായോ അരാജകത്വമായോ അറബികഥയായോ തോന്നുകയില്ല. ആളിന്നടുത്ത പ്രകൃതിയാൽ പുത്രനു് നൂറു് ശതമാനം സ്വയം പ്രതിഷ്ഠിക്കുവാൻ ബദ്ധപ്പെടുന്ന പിതാവു് വെറും കൈകളായ മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി, പാപം മൂലം ശത്രുക്കളായിത്തീൎന്ന മനുഷ്യൎക്കുവേണ്ടി സ്വന്തം ഏകജാതനെ യാത്രയാക്കുന്നതിൽ ഒരു അസാംഗത്യവുമില്ല. മനുഷ്യനു് അതു് വിപ്ലവപരമായിതോന്നിയാലും ദൈവത്തിനു് സ്വാഭാവികം മാത്രം. പിതാവിന്റെ സാദൃശ്യമായ പുത്രൻ തന്നെതന്നെ ഇല്ലായ്മയാക്കിക്കൊണ്ടു് മനുഷ്യരക്ഷയ്ക്കുവേണ്ടി ദാസന്റെ വേഷം ചമയുക എന്നതും ദൈവീകകുലീനത്വവുമായി സമ്പൂൎണ്ണമായി പൊരുത്തപ്പെടുന്നു. പിതാവിന്റെ വചനം മനുഷ്യപുത്രൻ എന്നാണു് വിളിക്കപ്പെടുന്നതു്. മനുഷ്യപുത്രൻ എന്ന ഹെബ്രായ ശൈലികൊണ്ടു് മനുഷ്യൻ (ബർനാശ) എന്നു മാത്രമേ അൎത്ഥമാക്കേണ്ടതുള്ളു. മനുഷ്യൻ എന്നു വെച്ചാൽ ഛായ എന്നാണൎത്ഥം. പിതാവിന്റെ ഛായയായ വചനം ദൈവത്തിലെ മനുഷ്യൻ ആണു്. മനുഷ്യപുത്രൻ ചരിത്രത്തിൽ പ്രവേശിക്കുന്നതു് ദൈവകുലീനത്വത്തിന്റെ പാരമ്പര്യമനുസരിച്ചാണു്. ദൈവത്തിലെ അസൃഷ്ടമനുഷ്യൻ (സമകാലീനരുടെ ശൈലിയിൽ 'ലോഗോസു്') മാംസംധരിച്ചു സൃഷ്ടമനുഷ്യനായിതീൎന്നു. ഉദാരമതിയായ ദൈവം കിഴിഞ്ഞു തന്നെതന്നെ ഇല്ലായ്മയാക്കിക്കൊണ്ടു് ദാസന്റെ വേഷം ചമഞ്ഞു എന്നാണു് പൌലോസു് അപ്പസ്തോലൻ പറയുന്നതു്. സൃഷ്ടിയായ മനുഷ്യനെ ആളിന്നടുത്ത ഐക്യത്തിൽ സ്വീകരിച്ചുകൊണ്ടു് അസൃഷ്ടമനുഷ്യൻ സൃഷ്ടമനുഷ്യരുമായി ബന്ധം സ്ഥാപിച്ചു. ഇതോടെ അധഃകൃതരായ മനുഷ്യർ ദൈവത്തിന്റെ ബന്ധുക്കളും തുല്യപദവിക്കാരും ആയിത്തീൎന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരം മനുഷ്യരെ ദൈവമാക്കുന്നതിനുവേണ്ടിയാണു്.

## മനുഷ്യവതാരംവഴി മുപ്രതിഷ്ഠ ലോകത്തിൽ അവതരിപ്പിക്കുന്നു

ക്രിസ്തുവിന്റെ മനുഷ്യവതാരത്തിൽ ആദ്യവസാനം പ്രതിഫലിക്കുന്നതു് സ്വാൎത്ഥമതികളായ ദേവന്മാരുടെ ചെപ്പടിവിദ്യകളല്ല ഉദാരമതിയായ ദൈവത്തിന്റെ പ്രതിഷ്ഠയും സ്വയഅൎപ്പണവുമത്രേ. ക്രിസ്തു മനുഷ്യപരിധികളിലെല്ലാം കവിഞ്ഞ അവകാശവാദം നടത്തുകയും അത്ഭുതങ്ങൾ പ്രവൎത്തിക്കുകയും ചെയ്യുന്നതുപോലും പ്രകടനമോ കോമാളിത്തമോ കൂടാതെയാണു്. മാതാപിതാക്കന്മാരെയും ജീവിതസാഹചര്യങ്ങളേയും തിരഞ്ഞെടുക്കുന്നതിനുള്ള കഴിവു്, ആവുന്നത്ര നിസ്സഹായവസ്ഥയിൽ തന്നെ വസിക്കുന്നതിനാണു് വിനിയോഗിച്ചതു്. വിദേശമേൽക്കോയ്മയുടെ കീഴിൽ അപ്രസിദ്ധമായ ഒരു പ്രവിശ്യയി

ൽ കുപ്രസിദ്ധമായ ഒരു ഗ്രാമത്തിൽ, ദരിദ്രരായ മാതാപിതാക്കന്മാരിൽനിന്നുള്ള ജനനം, പുല്ക്കൂട്ടിലുള്ള ജനനം, ഈജിപ്തിലേയ്ക്കുള്ള ഒളിച്ചോട്ടം എന്നിവയിലെല്ലാം ദൈവീക കുലീനതത്വത്തിൻെറ മുദ്രതെളിഞ്ഞു കണ്ടിരുന്നാലും, ലോകായിതികക്ക് അവയിലെല്ലാം നിസ്സഹായതമാത്രമേ കാണുവാൻ കഴിയുകയുള്ളു. പിതാവിൻെറ ധനപ്പെരുപ്പം അറിയുന്നതിനു് പുത്രൻെറ വസ്ത്രധാരണം പരിശോധിച്ചാൽ മതിയല്ലോ. പപ്പടാച്ചി ദൈവത്തെ മാത്രമേ അവർ സ്വീകരിക്കുകയുള്ളു. ദൈവത്തിൻെ യഥാൎത്ഥ പ്രകൃതിമനസ്സിലാക്കുന്നതിനു് ക്രിസ്തുവിനെ കാണുകയും ക്രിസ്തുവിൻെറ പാതാവിനെപ്പററിയുള്ള സാക്ഷ്യം പരിശോധിക്കുകയും ചെയ്താൽ മതി. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്നാണു് ക്രിസ്തു സമൎത്ഥിച്ചിരിക്കുന്നതു്. മനുഷ്യരിലേയ്ക്കു തിരിഞ്ഞിരിക്കുന്ന ദൈവത്തിൻെറ മുഖമാണു് ക്രിസ്തു. പിതാവിനെ അറിയുന്നതിനു് ക്രിസ്തുവിനെ പരിശോധിച്ചാൽ മതി.

ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ പ്രതിഷ്ഠയും വിപ്ലവപരമായ സ്നേഹവും ഭൂമിയിൽ അവതരിപ്പിക്കുകയായിരുന്നു ക്രിസ്തുവിൻെറ ലക്ഷ്യം. ക്രിസ്തുവിൻേറതു് സമ്പൂൎണ്ണപ്രതിഷ്ഠാജീവിതമായിരുന്നു. 12 വയസ്സായിരിക്കുകയിൽ മാതാപിതാക്കൾ അങ്ങേ ദേവാലയത്തിൽവെച്ചു് കണ്ടുമുട്ടിയപ്പോൾ ''ഞാൻ എൻെറ പിതാവിൻെറ ജോലിയിൽ ഏപ്പെട്ടിരിക്കേണ്ടതാകുന്നു എന്നു് നിങ്ങൾ അറിയുന്നില്ലേ?'' എന്നായിരുന്നു മറുപടി. രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ക്രിസ്തുവിൻെറ ഒന്നാമത്തേ വാക്കുകളാണിവ. ''പിതാവിൻെറ ജോലി'' കൊണ്ടു ഉദ്ദേശിക്കുന്നതു് പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടുമാത്രമുള്ള ഒരു ജീവിതമല്ല പ്രത്യുത കുടുബജീവിതം ഉപേക്ഷിച്ചുകൊണ്ടു് ദൈവീക വേലകൾക്ക്തന്നെ കയ്യാളിക്കുന്ന ഒരു പ്രതിഷ്ഠയാണു് എന്നു് തോന്നുന്നു. ഈ പ്രതിഷ്ഠ പൂൎത്തികരിക്കേണ്ടതു് കാലത്തിൻെറ തികവിലത്രേ. ഗൃഹത്തിലേയ്ക്കു് പോയി ഇരുപതുകൊല്ലത്തോളം കായികാദ്ധ്വാനത്തിൽ ഏൎപ്പെടുന്നതു് ഈ പ്രതിഷ്ഠയുടെ ഒരു ഭാഗമത്രേ. ''പിതാവിൻെറ ജോലി'' എന്നുപറയുന്നതിൽ നിന്നും തൻെറ ദൈവീക ഉത്ഭവത്തെപ്പററി ബോധമുണ്ടെന്നു സിദ്ധിക്കുന്നു. ''പിതാവിൻെറ ജോലി''യിൽ ഏൎപ്പെടേണ്ടതു് സ്വന്തം ഇഷ്ടം അനുസരിച്ചല്ല പിതാവിൻെറ ഇഷ്ടമനുസരിച്ചാണു്. ''പിതാവിൻെറ ഇഷ്ടം'' മാതാപിതാക്കന്മാരെ അനുസരിച്ചുജീവിക്കുകയാണു്. ദേവാലയപണ്ഡിതന്മാരെ അത്ഭുതപരതന്ത്രരാക്കിയ ബാലൻ 20 കൊല്ലം കായികാദ്ധ്വാനത്തിൽ ചിലവഴിക്കുക എന്നതു് വലിയ നഷ്ടമാണു്. സ്വന്തം മനസ്സിൻെറ പ്രതിഷ്ഠയാണു് ഏററവും വലിയ പ്രതിഷ്ഠ. പിതാവിൻെറ ഇഷ്ടം നിൎവ്വഹിക്കുകയാണു് ക്രിസ്തുവിൻെറ ഭക്ഷണം. ആദ്യന്തം വിരക്തജീവിതമാണു് അവിടുന്നു് നയിച്ചതു്. ''സ്ത്രീകളുമായി ഇടപെട്ടു് ജീവിച്ചിട്ടുംനിങ്ങളിൽ ആൎക്ക്എന്നിൽ പാപംആരോപിക്കുവാൻ സാധിക്കും'' എന്നുള്ള വെല്ലുവിളി സ്വീകരിക്കുന്നതിനു് ആരും ഉണ്ടായില്ല. താൻ തിരഞ്ഞെടുത്ത ജീവിതപരിത:സ്ഥിതികൾമൂലം ആദ്യന്തം

ദരിദ്രനായിട്ടാണ് അവിടുന്ന് ജീവിച്ചതു്. ഈ പ്രതിഷ്ഠയെ ഇളക്കി മറിക്കുന്നതിനുള്ള പ്രലോഭകൻെറ യത്നം ദയനീയമായി പരാജയമടഞ്ഞു.

പരസ്യ ജീവിതത്തിൽ പ്രവേശിച്ചതിനെ തുടൎന്നു് മനസ്സുണ്ടെങ്കിൽ തൻെറ ദൈവരാജ്യത്തിനുവേണ്ടിയുള്ള പ്രവൎത്തനങ്ങളോടുകൂടി സ്വന്തം താല്പര്യങ്ങൾ പുലൎത്തുന്നതിനു് പലപോംവഴികളും ഉണ്ടായിരുന്നു. മഹമ്മദ് നിബിയുടെ ഉയൎച്ചയ്ക്കും മതപ്രചരണത്തിനുമെല്ലാം വളരെ സഹായമായി ഭവിച്ചതു് കദീശാ എന്ന വിധവയുമായുള്ള വിവാഹമാണു്. അതുവഴി ധനത്തിനു പുറമെ മെക്കായിലെ ആഭിജാത്യരിൽ ഒരുവനായിത്തീൎന്നു. ക്രിസ്തു ആദ്യന്തം തച്ചനായിവൎത്തിച്ചു. ''നരികൾക്കു് അളകളും പക്ഷികൾക്കു് കൂടുകളുമുണ്ടു് മനുഷ്യപുത്രനു് തല ചായിപ്പാൻ സ്ഥലമില്ല'' ക്രിസ്തുവിൻെറ സുവിശേഷ പ്രചരണത്തിനു് ഏററം വലിയ തടസ്സം ആഭിജാത്യനല്ലെന്നുള്ളതുതന്നെയായിരുന്നു. ക്രിസ്തുവിൻെറ സഹപ്രവൎത്തകരും ആഭിജാത്യഗണത്തിൽപെട്ടവരായിരുന്നില്ല. അയ്യായിരത്തിൽപരം ജനങ്ങൾ ചേൎന്നു് രാജാവാക്കുവാൻ ബദ്ധപ്പെട്ടുവെങ്കിൽ ശ്രേയസ്കരമായ വിവാഹബന്ധത്തിലോ സാമ്പത്തികമേധാവിത്വത്തിലോ ആഭിജാത്യ സാമ്പത്തികകഴിവുകൾ, സ്വാധീനശക്തി, പാണ്ഡിത്യം എന്നിവയിലോ, അദ്വിതീയമായ ശിഷ്യസമ്പത്തിലോ എത്തിച്ചേരാമായിരുന്നു. പക്ഷെ അതൊന്നും ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ സ്നേഹവിപ്ലവവുമായി പൊരുത്തപ്പെടുകയില്ല. അവയുടെ കഴിവുകൾ അറിയാതെയുമല്ല ക്രിസ്തു അവഗണിച്ചതു്. പോരെങ്കിൽ അവയെല്ലാം പ്രലോഭകൻ നിർദ്ദേശിക്കുകയുംചെയ്തു. തൻെറ പ്രസ്ഥാനത്തിൻെറ വിജയത്തിനു് ഏററം പററിയ മാൎഗ്ഗം യൂദപ്രമാണികളോടും വിദേശയൂദന്മാരോടും സഖ്യത്തിൽ ഏൎപ്പെടുകയായിരുന്നു. അതിലേയ്ക്കു വേണമെങ്കിൽ അവശ്യമായി ഒത്തുപോകുന്നതിനു് കുറെ വിട്ടുവീഴ്ച ചെയ്യണമെന്നുമാത്രം. മഹമ്മദ് മെക്കായിലെ ചിലവൎഗ്ഗങ്ങളുടെ അപ്രീതിയ്ക്കു പാത്രമാകുകയും പുറംതള്ളപ്പെടുകയും ചെയ്തപ്പോൾ അവരുടെ കുലദേവത അള്ളായുടെ പക്കൽ പ്രീതികണ്ടെത്തിയിരിക്കുന്നതായി ഒരു വെളിപാടുണ്ടായി. മെക്കായിൽനിന്നു് പുറംതള്ളപ്പെട്ടതോടെ മെഡീനായിൽ പ്രാബല്യത്തിലിരുന്നിരുന്ന യൂദന്മാരുമായി സഖ്യത്തിൽ ഏൎപ്പെടുകയും ഒരു ഒത്തുതീൎപ്പെന്നവണ്ണം അവരുടെ ചേലാകൎമ്മവും പന്നിമാംസം വിലക്കമൊക്കെസ്വീകരിക്കുകയും ചെയ്തു.

ക്രിസ്തുവിൻെറ ആയുധം ദൈവവചനവും പിതാവിൻെറ സാക്ഷ്യവും തൻെറ സുകൃതജീവിതവുമത്രെ. ക്രിസ്തു എല്ലാവൎക്കും നന്മചെയ്തു കൊണ്ടു് കടന്നു പോയിരുന്നു. അവൻ എല്ലാം നന്നായി ചെയ്തു എന്നായിരുന്നു എല്ലാവരുടേയും സാക്ഷ്യം. കുരുടൎക്കു് കാഴ്ചയും ചെകിടൎക്കു് കേൾവിയും മുടന്തൎക്കു് നടക്കുന്നതിനുള്ള വശവും കുഷ്ഠരോഗികൾക്കു് രോഗശാന്തിയും പിശാചുബാധിതൎക്കു് മോചനവും വിശക്കുന്നവൎക്കു് ആഹാരവുമായിരുന്നു അങ്ങേ സംഭാവന. അവിടുന്നു് സ്വ

ന്തം മഹത്വം നേടിയിരുന്നില്ല. ''എന്നെ അയച്ചവൻെറ മഹത്വമാണ് ഞാൻ അന്വേഷിക്കുന്നത്.'' പരസ്തുതിയിൽനിന്നും ഒഴിഞ്ഞുമാറുന്നു. രാജവാക്കുവാൻ ശ്രമിക്കുമ്പോരം ഓടിഒളിക്കുന്നു. എവിടെയും അവിടുന്നു് പിതാവിൻെറ ഇഷ്ടമാണ് നിവ്വഹിക്കുന്നതു്. പിതാവിൻെറ ഇഷ്ടം നിവ്വഹിക്കുന്നതാണ് അങ്ങയുടെ ആഹാരം. അങ്ങേ അമാനുഷികവിശുദ്ധി ഏററം കൂടുതലായിപ്രത്യക്ഷപ്പെടുന്നതു് കുരിശുമരത്തിലാണ്. അവിടുന്നു് ശത്രുക്കരംക്കുവേണ്ടി പ്രാത്ഥിക്കുന്നു.

## മനുഷ്യൻെറ യഥാത്ഥ ഭാഗ്യം പ്രതിഷ്ഠയിൽ

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യാത്മാവുംമറെറാന്നിനു് (ad aliud) സ്വയം പ്രതിഷ്ഠിച്ചുകൊണ്ടുമാത്രമേ യഥാത്ഥ ഭാഗ്യം അനുഭവിക്കുന്നുള്ളു. പാപത്തിൻെറ ഫലമായി ആത്മാവിൽ വന്നിട്ടുള്ള സൃഷ്ടികളോടുള്ള ക്രമാതീതപക്ഷം സ്വയം ദൈവത്തിനു് അപ്പിച്ചു ഭഗ്യമടയുന്നതിനുള്ള മൌലീകമായ ഭാഗത്തെ മരവിപ്പിക്കുന്നു. തന്മൂലം അയാരം തൻെറ സ്വാത്ഥത്തിൻെറ കോട്ടയിൽ കെട്ടിയടച്ചു്സൃഷ്ടികളുടെ കേന്ദ്രമായിത്തീന്നുകൊണ്ടു്ഭാഗ്യമനുഭവിക്കുന്നില്ല. സൃഷ്ടികരം മനുഷ്യനെ അടിമയാക്കുകയേയുള്ളു. പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാകുന്നു. പ്രകൃതിയുടെ ഗതിക്കെതിരായ നീക്കമാണ്അടിമത്തം. കാലുകൊണ്ടു് നടന്നുപോകുന്നതു് സ്വാതന്ത്ര്യമാണ്. കാലും കയ്യും കൂട്ടികെട്ടിവലിച്ചുകൊണ്ടുപോകുന്നതു് അടിമത്തമാണ്. സ്വയം കൊടുത്തു ഭാഗ്യമടയുകയാണ് മനുഷ്യൻെറ മൌലീകദാഹം. സ്വാത്ഥത്തിൻെറകോട്ടയിൽ കെട്ടിയടച്ചിരിക്കുന്നവർ വീട്ടുതടങ്കലിലത്രേ. അതിൻെറ ചുററും നില്ക്കുന്ന സൃഷ്ടികരം അയാളെ തടങ്കലിൽ പാപ്പിക്കുന്ന പോലീസുകാരാണ്. ഈ യാഥാത്ഥ്യം കാലം തെററിമാത്രമേ അയാരം മനസ്സിലാക്കുകയുള്ളു.

ദൈവം ഭാഗ്യമടയുന്നതും അഭ്യന്തരജീവിതത്തിലെ പ്രതിഷ്ഠവഴിയാണ്. ദൈവത്തിൽ ഈ പ്രതിഷ്ഠയില്ലെന്നു് സങ്കല്പിക്കുക. ആ ദൈവം സൃഷ്ടികളെക്കൊണ്ടു് കഴിവുള്ളആദായമെടുക്കാനായിരിക്കും ശ്രമിക്കുക. പാപികളെ അന്വേഷിച്ചല്ല നീതിമാന്മാരെ അന്വേഷിച്ചായിരിക്കും വരവു്. ശിഷ്യന്മാരുടെ കാലു കഴുകുകയല്ല ശിഷ്യന്മാരെക്കൊണ്ടു് സ്വന്തം കാലു കഴുകിക്കുകയായിരിക്കും ചെയ്യുന്നതു്. മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി മരിക്കുകയോ, അവരുടെ ഭക്ഷണമായിതീരുകയോ ചെയ്യുന്നതിനല്ല അവരെ കൊന്നു ഭക്ഷിക്കുന്നതിനായിരിക്കും ബദ്ധപ്പെടുക. അങ്ങനെയെങ്കിൽ നിസ്വാത്ഥസ്നേഹം അധികപ്പററായിരിക്കും. അത്തരത്തിലുള്ള ദൈവം അത്ഭുതം പ്രവത്തിക്കുന്നെങ്കിൽ അതു് ദീനദയാലുത്വത്തിൻെറ പ്രവത്തനങ്ങളല്ല. കല്ല്അപ്പമാക്കുക ദേവാലയ ഗോപുരത്തിൻെറ മുകളിൽ നിന്നു് താഴെയ്ക്കു് ചാടി തൻെറ സാമത്ഥ്യവും ശക്തിയും പ്രകടപ്പിക്കുക എന്നിവ

യെല്ലാമായിക്കം ക്രിസ്തുമതത്തിലൊഴികെയുള്ള അവതാരങ്ങരം മിക്ക വാറും ദുഷ്ടന്മാരെ ശിഷ്ടന്മാരാക്കുന്നതിനല്ല ശിക്ഷിക്കുന്നതിനുമാത്രമാണ്.

## അദ്ധ്യായം 13

# വധുവിൻെറ ചിതയിൽ

ക്രിസ്തുവിൻെറ പ്രേഷിതവേല അവിടത്തേ കരിശുമരണം കൊണ്ടാണ് അവസാനിച്ചതു്. ഗാഗുൽത്താമലയിൽ അവിടത്തേ സ്നേഹവിപ്ലവം അരങ്ങേറി അതിപ്ലേയ്ക്കുള്ള ഒരുക്കമായിരുന്നു അതിനുമുമ്പുള്ള പ്രവത്തനങ്ങളത്രയും. പ്രേഷിതവേല രണ്ടുകൊല്ലം ദീർഘിച്ചെന്നാണ് ഊഹിക്കപ്പെടുന്നതു്. അവിടത്തേ പ്രവത്തനരംഗം പലസ്തീനായുടെ വടക്കേ അററത്തുള്ള ഗ്ലീലാ ആയിരുന്നു. ഹേറോദേസിൻെറ മരണത്തെതുടന്ന് ഗ്ലീലാ അയാളുടെ പിൻഗാമി ഹേറോദേസ് അന്തിപ്പായുടെ അധികാരത്തിലും തെക്കുള്ള യൂദാ നേരിട്ടുള്ള റോമൻ ഭരണത്തിലും എത്തിച്ചേന്നു. യോഹന്നാൻ കാരാഗൃഹത്തിൽ ആക്കപ്പെട്ടതിനെ തുടന്ന് ക്രിസ്തു വടക്ക് ഗ്ലീലായിലേയ്ക്കു് മാറി ജെനാസരത്തു തടാകത്തിൻെറ പരിസരങ്ങളിൽ പ്രവത്തനമാരംഭിച്ചു. കഫർനാം പട്ടണമായിരുന്നു അവിടുത്തേ പ്രവത്തനകേന്ദ്രം.

സ്വശിഷ്യന്മാരോടുകൂടി ക്രിസ്തു ഗ്രാമങ്ങരംതോറും ചുററിനടന്നു് ദൈവരാജ്യത്തെപ്പററി പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. പിശാചുക്കളെ ഒഴിക്കുകയും രോഗികളെ സ്വസ്ഥമാക്കുകയും ചെയ്തുകൊണ്ടാണ് എവിടെയും അവടുന്നു് സുവിശേഷവേല ആരംഭിക്കുന്നതു്. അവിടുന്നു് നന്മചെയ്തുകൊണ്ടു് കടന്നുപോയി. ''അവൻ എല്ലാം നന്നായി ചെയ്യുന്നു.'' എന്നായിരുന്നു പൊതുജനങ്ങളുടെ സാക്ഷ്യം. അവിടുന്നു് നിരവധി അത്ഭുതങ്ങരം പ്രവത്തിച്ചു. അതു് പ്രകടനത്തിനു വേണ്ടിയായിരുന്നില്ല. അവശരെ സഹായിക്കുകയും തൻെറ ദൈവീക ഭൗത്യം തെളിയിക്കുകയുമാണ് അവിടത്തേ ലക്ഷ്യം. പുരോഹിതന്മാർ, പ്രീശന്മാർ, സാപ്രേന്മാർ തുടങ്ങിയുള്ള ആഭിജാത്യവഗ്ഗങ്ങരം അങ്ങേ സ്വീകരിക്കുകയുണ്ടായില്ല. നിക്കാദേമോസ് തുടങ്ങി അവനിൽ രഹസ്യമായി വിശ്വസിച്ചിരുന്നവർപോലും നിശാവേളകളിൽ മാത്രമേ അവിടത്തേ സമീപിക്കുകയുള്ള ആഭിജാത്യരുടെ എതിപ്പുമൂലം തലസ്ഥാനനഗരിയിലോ യൂദായിലോ അധികമൊന്നും അവിടുന്നു് പ്രവത്തിക്കുകയുണ്ടായില്ല.

സാമാന്യജനങ്ങളും, പാപികളും, ചുങ്കക്കാരും, അധികാരികളാൽ പരിത്യക്തരും, അവിടത്തേ സസന്തോഷം സ്വീകരിച്ചു. അവൎക്ക് മനസ്സിലാകത്തക്കവണ്ണം ഉപമകളിലാണ് അവരെ പഠിപ്പിച്ചിരുന്നതു്. തന്നിൽ വിശ്വസിച്ചിരുന്നവരെ അപ്പസ്തോലന്മാർവഴി സ്നാനപ്പെടുത്തിയിരുന്നതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നു. മനുഷ്യപുത്രൻ വന്നിരിക്കുന്നതു് നീതിമാന്മാരെ അന്വേഷിച്ചല്ല പാപികളെ അന്വേഷിച്ചാണ്. സ്നേഹവിപ്ലവം ഏററം കൂടുതൽ പ്രകടമാകുന്നതു് അവരുടെ മാനസാന്തരത്തിലാണ്. മറിയംമഗ്ദലേന, സക്കേവൂസ്, സമ്രായക്കാരി എന്നിവരെല്ലാം ദുഷ്ടജീവിതം നയിച്ചിരുന്നവരാണ്. അവർ മാനസാന്തരപ്പെട്ടു്, പഴയതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമായി ജീവച്ചുതുടങ്ങി. മറിയമഗ്ദലേനാ ഒരു പരസ്യപാപിനിയായിരുന്നു. ക്രിസ്തു അവളെ മാനസാന്തരപ്പെടുത്തുകയും അവളിൽനിന്നു് ഏഴ് പിശാചുക്കളെ പുറത്താക്കുകയും ചെയ്തു. കൃതജ്ഞതാഭാരത്താൽ അവൾ തൻെറ സമ്പാദ്യമെല്ലാം വിററു് സുഗന്ധതൈലം വാങ്ങി മേശക്കിരുന്നിരുന്ന ക്രിസ്തുവിനെ അഭിഷേചിച്ചു. അപ്പസ്തോലന്മാർപോലും ഈ ദുർവ്യയത്തെപ്പററി പിറുപിറുത്തു. ഹൃദയങ്ങളെ പരിശോധിക്കുന്ന ക്രിസ്തു അവളെ ആദരിക്കുകയാണ്ചെയ്തതു്. ''ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടിയുണ്ടു് ഇവൾ എൻെറ ശവസംസ്കാരത്തിനെന്നോണം എന്നെ അഭിഷേചിച്ചിരിക്കുന്നു. അവൾ വളരെ സ്നേഹിച്ചതന്മൂലം അവളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എൻെറ സുവിശേഷം എവിടെയെല്ലാം പ്രസംഗിക്കപ്പെടുന്നുവൊ അവിടെയെല്ലാം ഇതു് അവളുടെ സ്തുതിക്കായി പറയപ്പെടും''. പ്രകടമായ ഈ സ്നേഹവിപ്ലവത്തെ അവിടുന്നു് അഭിനന്ദിക്കുകയാണ് ചെയ്തതു്. വിമൎശകരെ ക്രിസ്തുവിനു്നല്ലവണ്ണം അറിയാം. ഒരാൾ (യൂദാ) പെരുങ്കള്ളൻ. മററു അപ്പസ്തോലന്മാരും തീൎത്തും ശുദ്ധമായ ലക്ഷ്യത്തോടെയല്ല ക്രിസ്തുവിനെ പിഞ്ചെന്നിരുന്നതു്. അവൎക്കെല്ലാം തന്നെ പ്രാപഞ്ചീക ജീവിതവീക്ഷണമേയുള്ളു. ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹം പ്രതിഫല പ്രതീക്ഷയോടുകൂടിയുള്ളതത്രേ. മറിയമഗ്ദലേനയുടേതു് അപ്രകാരമായിരുന്നില്ല. അവളുടെ പാപങ്ങൾ പൊറുക്കപ്പെട്ടശേഷം അവളുടെ സ്വത്തും ഉപയോഗിച്ചുകൊണ്ടു് സുഖമായി ജീവിക്കാമായിരുന്നു. യാതൊരുപ്രതിഫലവും പ്രതീക്ഷിക്കാതെ ദൈവസ്നേഹത്താൽ പ്രേരിതയായി തനിക്കുള്ളതെല്ലാം ക്രിസ്തുവിൻെറ പാദത്തിൽ അവൾ ഹോമബലിയായി അൎപ്പിച്ചു. ഇതാണ് സ്നേഹവിപ്ലവം. ഈ രംഗത്തിനു് ദൃക്സാക്ഷികളായവരെല്ലാം അവളെ പഴിക്കുകയാണ് ചെയ്തതു്. ഈ സ്നേഹം അധികപ്പററെന്നോ, ഭ്രാന്തെന്നൊ, അരാജകത്വമെന്നോ, ഐന്ദ്രീകസ്നേഹമെന്നോ പാപകരമായ സ്നേഹമെന്നുതന്നെയോ തട്ടിമൂളിക്കുന്നവർ അവരുടെ ഇടയിൽ ഉണ്ടായിരുന്നിരിക്കാം ഹൃദയത്തെ പരിശോധിക്കുന്ന ക്രിസ്തു താൻ അവതരിപ്പിക്കുന്ന സ്നേഹവിപ്ലവത്തിൻെറ ആദ്യ പ്രയോക്താവായി അവളെ കാണുന്നു. എല്ലാവരും തന്നെ ഉപേക്ഷിച്ചപ്പോൾ കുരിശിൻെറ ചുവട്ടിൽ നില്ക്കുവാൻ അവൾമാത്രമേ ഉണ്ടായിരുന്നുള്ളു.

## സ്നേഹവിപ്ലവം മനുഷ്യനെ സംസ്കരിക്കുന്നു

മുണ്ടനായിരുന്ന സക്കേവൂസ് ധനാഢ്യനായിരുന്ന ഒരു ചുങ്കക്കാരനായിരുന്നു. ക്രിസ്തുവിനെ കാണുന്നതിനുവേണ്ടി വഴിയരികിലുള്ള ഒരു അത്തിവൃക്ഷത്തിന്മേൽ അയാരം കയറിയിരുന്നു. ''സക്കേവൂസ് ഇറങ്ങിവാ. ഇന്നു് എനിക്കു് നിന്റെ വീട്ടിൽ താമസിക്കണം''. അന്നു രാത്രി ക്രിസ്തു അയാളുടെ വീട്ടിൽ താമസിച്ചു. അവിടത്തേ സമ്പക്കം നിഷ്ഫലമായിരുന്നില്ല. ''എനിക്കുള്ളതിന്റെ പകുതി ദരിദ്രക്കു കൊടുക്കുന്നു. ആരെയെങ്കിലും അപഹരിച്ചിട്ടുള്ളതിനു് നാലു മടങ്ങായിമടക്കികൊടുക്കുന്നു''. ദൈവത്തിന്റെ ആഭ്യന്തരജീവിതത്തിലെ സ്നേഹവിപ്ലവം ഭൂമിയിൽ നട്ടുപിടിപ്പിക്കുന്നതിനാണല്ലോ ക്രിസ്തു വന്നിരിക്കുന്നതു്. ക്രിസ്തുവിനോടുള്ള സമ്പക്കം ജീവിതത്തെ സംസ്കരിക്കുന്നു. ഈ സംസ്കരണത്തിന്റെ ഫലമായി സാമുദായികനീതിയും പരസ്നേഹവും പ്രയോഗിക്കപ്പെടുകയും ഭൂമുഖം നവീകരിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ ചൂഷണവാസനയും സ്വാത്ഥവും അസൂയയും തീരുന്നതിനു് പുതിയ ഒരു ജീവിതവീക്ഷണം അവതരിപ്പിക്കണം. പ്രപഞ്ചാതീതവീക്ഷണം സക്കേവൂസിനെ മാനസാന്തരപ്പെടുത്തി.

## സ്നേഹവിപ്ലവം അന്ധമായ അനുഷ്ഠാനങ്ങളോടുള്ള ഒരു വെല്ലുവിളി

പാപികളുമായുള്ള സമ്പക്കം, ഭക്ഷണത്തിനു് കൈകഴുകൽ തുടങ്ങിയുള്ള അന്ധമായ അനുഷ്ഠാനങ്ങളുടെയും മാമൂലുകളുടെയും ലംഘനം എന്നിവയെല്ലാം ക്രിസ്തുവിനെ അധികൃതസമക്ഷം സ്വീകാര്യനല്ലാതാക്കിത്തീൎത്തു. ക്രിസ്തു സാബത്തു ദിവസങ്ങളിൽ പലപ്പോഴും അത്ഭുതങ്ങരം പ്രവൎത്തിച്ചിരുന്നതു് അവരെ കലികൊള്ളിച്ചു, പുതിയ ദൈവരാജ്യം പഴയതിനോടുള്ള ഭീഷണിയോ വെല്ലുവിളിയോ ആയിട്ടാണു് അവക്കു് തോന്നിയതു്. തങ്ങരം അവഗണിക്കപ്പെടുന്നതായി തോന്നി. വെളിച്ചത്തെ അന്ധകാരം വെറുക്കുന്നു. അവരുടെ മൂടുപടം നീക്കി ക്രിസ്തു അവരെ വെളിച്ചത്തു കൊണ്ടുവന്നു. ക്ഷതപ്പെട്ട സ്വസ്നേഹം അവരെ പ്രതികാരത്തിനു് പ്രേരിപ്പിച്ചു. സാബത്തിൽ അത്ഭുതം പ്രവൎത്തിക്കുന്നതല്ല, അത്ഭുതംവഴി തന്റെ ദൈവിക ഉത്ഭവം തെളിയിക്കുന്നതാണു് അവക്കു് അസഹനീയമായിട്ടുള്ളതു്. അത്ഭുതം പ്രവൎത്തിക്കാതെ പാപമോചനം തുടങ്ങിയുള്ള അധികാരങ്ങരം അവകാശപ്പെട്ടാൽ അതെല്ലാം അവഗണിക്കപ്പെടാവുന്നതേയുള്ളു. എന്നാൽ പ്രകടങ്ങളായ ഈ അത്ഭുതങ്ങളുടെമുമ്പിൽ അവർ നിസ്സഹായരായി തീൎന്നു. പിശാചിനെക്കൊണ്ടു് അത്ഭുതങ്ങരം പ്രവൎത്തിക്കുന്നു എന്നു വരുത്തുവാൻ ചെയ്ത ശ്രമങ്ങളും വിഫലമായി. തന്മൂലം നേതൃവൎഗ്ഗങ്ങളെല്ലാം ക്രിസ്തുവിനെതിരായി സംഘടിച്ചു് അവനിൽ കുററം ആരോപി

കുവാൻ ബദ്ധപ്പെട്ടുതുടങ്ങി. അവിടത്തെ വാക്കിൽ കുടുക്കുവാൻ കൊണ്ടുവന്ന അടവുകളൊന്നും ഫലിച്ചില്ല. അവയെല്ലാം അവക്കെതിരായിപ്രയോഗിക്കപ്പെട്ടു.

അങ്ങേ അത്ഭുതങ്ങൾക്കു് ദൃക്സാക്ഷികളായിരുന്ന പൊതുജനങ്ങൾ അങ്ങിൽ വിശ്വസിച്ചിരുന്നു. പലരും അധികാരികളെപ്പററിയുള്ള ഭയംമൂലം അതു് പ്രകടിപ്പിക്കുന്നതിനു് ധൈര്യപ്പെട്ടില്ല. അധികാരികൾ അങ്ങേമേൽ കൈവയ്ക്കാൻ ധൈര്യപ്പെടാതിരുന്നതു് ജനങ്ങളെ ഭയന്നിട്ടാണു്. അങ്ങേ അറസ്റ്റ്ചെയ്യുന്നതിനു സേവകന്മാരെഅയച്ചുവെങ്കിലും അങ്ങേ വ്യക്തി മാഹാത്മ്യത്തിനുമുമ്പിൽ അവർ നിസ്സഹായരായി മടങ്ങിപ്പോയി. ലാസറിനെ ഉയിപ്പിച്ചതു് അവരെ മാനസാന്തരപ്പെടുത്തുന്നതിനുപകരം അവരുടെ വിദ്വേഷത്തെ ത്വരിപ്പിക്കുകയാണു്ചെയ്തതു്. ലാസറിനെ കൊല്ലുന്നതിനുതന്നെ അവർ തീരുമാനിച്ചു. കഴുതപ്പുറത്തുള്ള പട്ടണപ്രവേശനവും, ഘോഷമായ എതിരേല്പും കുട്ടികളുടെ ഹോസാനാവിളിയും അവരെ അന്ധരാക്കി. അധികൃതർ യോഗംകൂടി ക്രിസ്തുവിനെ നീക്കംചെയ്യണമെന്നു് തീരുമാനിച്ചു. ''പൊതുനന്മയ്ക്കുവേണ്ടി ഒരാൾ വധിക്കപ്പെടേണ്ടതാണെന്നായിരുന്നു അവരുടെ വാദം. അല്ലാത്തപക്ഷം ബഹളം ഉണ്ടാകുകയും റോമാക്കാർ ഇടപെടുകയും, സംഗതികൾ നിയന്ത്രണാതീതമാകുകയും ചെയ്യും''.

## മരണത്തെ അഭിമുഖീകരിക്കുന്നു

കേസറിയാ ഫിലിപ്പിയിൽവെച്ചു് പത്രോസ് ക്രിസ്തുവിൻെറ ദിവ്യത്വം ഏററുപറഞ്ഞു. അതേതുടന്നു് താൻ ഓർശ്ലേത്തു് ജനപ്രമാണികളാൽ പുറജാതികൾക്കു് ഏല്പിക്കപ്പെടേണ്ടതായും, ക്രൂശിക്കപ്പെടേണ്ടതായും, മൂന്നാം ദിവസം ഉയത്തെഴുന്നേല്ക്കേണ്ടതായും പ്രഖ്യാപിച്ചു. അപ്പസ്തോലന്മാക്കു് ഇതെല്ലാം വിചിത്രമായിട്ടാണു് തോന്നിയതു്. പത്രോസിനു് അതു് ഒരു ഇടച്ചിയായിരുന്നു. ക്രിസ്തു അയാളെ തിരുത്തുകയും തൻെറ കുരിശുമരണത്തെ ആവത്തിച്ചുറപ്പിക്കുകയുംചെയ്തു. ക്രിസ്തുവിൻെറ അവകാശവാദങ്ങൾക്കു് പ്രതിയോഗികൾ അടയാളം ആവശ്യപ്പെട്ടിരുന്നപ്പോഴെല്ലാം തൻെറ മരണവും ഉയപ്പും അടയാളമായി ചൂണ്ടിക്കാണിച്ചു. ''ഈ ദേവാലയത്തെ നശിപ്പിക്കുക. മൂന്നു ദിവസം കൊണ്ടു പണിയാം''. ''വീണ്ടും യൌനാൻെറ അടയാളമല്ലാതെ മറെറാരടയാളവും ഈ തലമുറയ്ക്കു് നല്കപ്പെടുകയില്ല''. യൌനാൻ മൂന്നു ദിവസം മത്സ്യത്തിൻെറ വയററിൽ ഇരുന്നു് പുറത്തുവന്നതുപോലെ മനുഷ്യപുത്രനും മൂന്നുദിവസം കല്ലറയിൽ ഇരുന്നു് അതിൽനിന്നു് പുറത്തുവരണം എന്നു സാരം.

കേസറിയാ ഫിലിപ്പിയിലെ സംഭവങ്ങളെത്തുടന്നു് (അഭിഷിക്തപ്രഖ്യാപനവും സഭാസ്ഥാപനവും) തൻെറ കുരിശുമരണം സ്പഷ്ടമായ രീതിയിലും ഉപമകളിൽക്കൂടിയും അവിടുന്നു് പലവുരു ആവത്തി

ച്ചുറപ്പിച്ചിട്ടുണ്ട്. ''താൻ ഒരു സ്നാനം സ്വീകരിക്കേണ്ടതായും അതു കഴിയുന്നതുവരെ താൻ ഞെരുങ്ങുന്നതായും അന്ത്യ അത്താഴത്തിൽ പ്രഖ്യാപിച്ചതു് എത്ര ആകാംക്ഷയോടെ അതിനെ പ്രതീക്ഷിക്കുന്ന എന്നു് വെളിവാക്കുന്നുണ്ടു്''. പിതാവിന്റെ ഇഷ്ടം സന്തോഷസമേതം സ്വാഗതംചെയ്യുകയും സ്വീകരിക്കുകയുംചെയ്യുന്നുണ്ടെങ്കിലും മനുഷ്യപ്രകൃതിയ്ക്കു് അതു് എന്തുമാത്രം അസ്വീകാര്യമെന്നു് ഈ കാസ അകന്നുപോകണമെയെന്നുള്ള പ്രാർത്ഥനയിൽ വെളിപ്പെടുന്നു. വരുവാനിരിക്കുന്ന പീഡാനുഭവസ്മരണകൾ അതിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനോ, തന്റെ അടവുകൾ മാററുന്നതിനോ അല്ല സധീരം അതിനെ അഭിമുഖീകരിക്കുന്നതിനാണു് അങ്ങേ പ്രേരിപ്പിക്കുന്നതു്. ഭയമോ, ഗത്യന്തരമില്ലാതെയുള്ള കീഴടങ്ങലോ, നിരാശയോ, അസ്ഥിതാത്തിൽനിന്നുള്ള മോചനഭ്രമമോ അങ്ങിൽ കാണുവാനില്ല.

കുരിശുമരണത്തിനുമുമ്പുള്ള ഒരാഴ്ച പ്രക്ഷുബ്ധമായിരുന്നു. ക്രിസ്തുവിന്റെ ആഘോഷമായ പട്ടണപ്രവേശനത്തോടുകൂടിയാണു് അതാരംഭിക്കുന്നതു്. താൻ അഭിഷിക്തനാണെന്നുള്ളവിവരം മറച്ചുവയ്ക്കുന്നില്ല. ആ നിലയിൽ ആണു് അവർ അങ്ങേ സ്വീകരിക്കുന്നതും. കുഞ്ഞുങ്ങൾ ഓശാനാപാടി അങ്ങേ പ്രകീർത്തിച്ചു. പിന്നെയുള്ള ഒന്നു രണ്ടു ദിവസം ക്രിസ്തു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അധികൃതർ അങ്ങേ ചോദ്യംചെയ്തു. എന്തധികാരത്താൽ ഇവ ചെയ്യുന്നു എന്നാണു് അവക്കു് അറിയേണ്ടതു്. ''തിരുവെഴുത്തുകൾ വായിക്കുക. അവതന്നെയാണു് എന്നെപ്പററി സാക്ഷ്യം വഹിക്കുന്നതു്''. തന്നെപ്പററിയുള്ള പ്രവചനങ്ങൾ അവരെ അനുസ്മരിപ്പിക്കുകയും അവ തന്നിൽ നിറവേറിയിരിക്കുന്നതായി അവകാശപ്പെടുകയുംചെയ്തു. അനുസരിക്കാമെന്നു് ഏല്ക്കുകയും പിന്നീടു് അനുസരിക്കാതിരിക്കുകയും, അനുസരിക്കാൻ വിസമ്മതിക്കുകയും എന്നാൽ പിന്നീടു് പശ്ചാത്തപിച്ചു് അനുസരിക്കുകയുംചെയ്ത രണ്ടു് പുത്രന്മാരുടെ ഉപമവഴി ദൈവരാജ്യം ഇസ്രായേലിൽനിന്നും എടുത്തു് പുറജാതികളെ ഏല്പിക്കുന്ന ദൈവത്തിന്റെ നിശ്ചയം ക്രിസ്തു വ്യക്തമാക്കി. ഇസ്രായേൽ മുന്തിരിത്തോട്ടത്തിലേക്കയച്ച രാജാവിന്റെ ഭൃത്യന്മാരെയും, അവസാനമായി പുത്രനെയും തോട്ടത്തിനു പുറത്താക്കിവധിച്ച ഉപമ തന്റെ മരണത്തെ വ്യക്തമായി സൂചിപ്പിക്കുന്നു. തോട്ടക്കാർ പുറംതള്ളപ്പെടുകയും തക്കകാലത്തു് ഫലംനല്കുന്നവരെ തോട്ടം ഏല്പിക്കുകയുംചെയ്യും. ''വേലക്കാർ ഉപേക്ഷിച്ച കല്ലാകട്ടെ കെട്ടിടത്തിന്റെ മൂലക്കല്ലായിത്തീരും'' എന്നുള്ള തിരുവെഴുത്തു് ക്രിസ്തു അവരെ അനുസ്മരിപ്പിച്ചു. ക്രിസ്തുമതം ഇസ്രായേലിന്റെ തുടർച്ചയും പൂർത്തീകരണവുമെങ്കിലും അതിൽനിന്നും വിഭിന്നമത്രേ.

## ദൈവരാജ്യം രാഷ്ട്രത്തിൽനിന്നു് വിഭിന്നം

ക്രിസ്തുവിന്റെ ദൈവരാജ്യം കേസറിന്റെ രാജ്യത്തിൽനിന്നും വിഭിന്നമാണു്. അന്നുവരെ ഇസ്രായേലിൽമാത്രമല്ല പുറജാതികളിൽ

കൂടെയും ദൈവരാജ്യം സിവിറം ഭരണകൂടവുമായി ഏകീഭവിച്ചിരു ന്നു. രാജാക്കന്മാർ കാണപ്പെടുന്ന ദൈവമത്രേ. അവരത്രേ ദൈവരാജ്യ ത്തിൻെറയും പരമാധികാരികറം. അവക്ക് ദൈവരാജ്യം ഭൌതീകരാ ജ്യത്തിൻെറ ഒരു അലങ്കാരംമാത്രം. ദൈവം അധികാരത്തിനു് ദൈ വീകത്വം നല്കുന്നതിനും, സന്മാഗ്ഗം സാമുദായികശിക്ഷണത്തിനുംവേ ണ്ടിയാണു്. ക്രിസ്തുവിൻെറ ദൈവരാജ്യം ഇസ്രായേലിൻെറ ഭരണകൂ ടത്തിൽനിന്നെന്നപോലെ ഭൌതീകമായ അധികാരത്തിൽനിന്നെ ല്ലാം സ്വാതന്ത്ര്യവും അതീതവുമത്രേ. ഭൌതീക അധികാരത്തെ നിര സിക്കുന്നില്ല. ഓരോന്നിനും അതാതിൻെറ തുറകളിൽ പരമാധികാര മുണ്ടു്. സിവിറം അധികാരികളുടെയും ക്രിസ്തുവിൻെറയും ഇടയിൽ ഭിന്നത സൃഷ്ടിച്ചു് ക്രിസ്തുവിനെ നീക്കംചെയ്യുന്നതിനുവേണ്ടി ''കേ സറിനു് കപ്പംകൊടുക്കുവാൻ പാടുണ്ടോ ഇല്ലയോ എന്നുള്ള ചോദ്യവു മായി ജനപ്രമാണികറം ക്രിസ്തുവിനെ സമീപിച്ചു. ഇസ്രായേലിലെ അഭിഷിക്തൻ വിദേശമേൽക്കോയ്മക്കു് കപ്പംകൊടുക്കണമെന്നു വിധി ച്ചാൽ അതു ജനപ്രതീക്ഷയെ അസ്തമിപ്പിക്കും. കൊടുക്കേണ്ടായെന്നു വിധിച്ചാൽ റോമൻ അധികാരികറം ഇടപെടുകയായി. കപ്പമടക്കേ ണ്ട നാണയം കാണിക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടു. ദേനാറാ നാണയ ത്തിന്മേലുള്ള ചിത്രം ആരുടേതെന്നു് ചോദിച്ചപ്പോറം കേസറിൻേറ തെന്നു് മറുപടി ലഭിച്ചു. ''കേസറിൻേതു കേസറിനും, ദൈവത്തി ൻേറതു് ദൈവത്തിനും കൊടുക്കുക''. എന്നായിരുന്നു ക്രിസ്തുവിൻെറ വിധി.

കേസറിൻെറ രാജ്യം റദ്ദാക്കപ്പെടുന്നില്ല, അതു തുടൎന്നുകൊണ്ടിരി ക്കും. നേരേമറിച്ചു് ഇസ്രായേലിൻേറതു് റദ്ദാക്കപ്പെടുന്നു. ഇസ്രായേ ലിനെ സൂചിപ്പിക്കുന്ന ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതെ നശിയ്ക്കുമെന്നു് ക്രിസ്തു പ്രവചിക്കുന്നു. ഇസ്രായേലിൻെറ സ്ഥാനത്തു് ക്രിസ്തു സ്ഥാപിക്കുന്ന ദൈവരാജ്യം ലോകാവസാനത്തിൽ മഹത്വ ത്തിൽ പ്രവേശിക്കുന്നു. അടുത്തു സംഭവിക്കുവാനിരിക്കുന്ന ഓർശ്ലേത്തി ൻെറ നാശവും ലോകത്തിൻെറ നാശവും ഒരുമിച്ചു് ഒരേ ഒരു ചിത്ര ത്തിൽ ആണു് ക്രിസ്തു അവതരിപ്പിക്കുന്നതു്. അവ പരസ്പരം ബന്ധ പ്പെട്ടുമിരിക്കുന്നു. ഒന്നു മറെറാന്നിൻെറ സൂചനയാണു്. ലോകാവസാ നത്തോടുകൂടി മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുകയും വിധിയ്ക്കു് നിത്തപ്പെ ടുകയും നീതിമാന്മാർ മഹത്വത്തിലേയ്ക്കും ദുഷ്ടന്മാർ ശിക്ഷയിലേയ്ക്കും പ്രവേശിക്കുകയുംചെയ്യും. ഇതേത്തുടൎന്നുള്ള പുതിയ ആകാശവും പുതിയ ഭൂമിയും ആവിർഭവിക്കുമ്പോഴത്രേ ദൈവരാജ്യം അതിൻെറ പൂൎണ്ണത യിൽ എത്തിച്ചേരുന്നതു്.

## യൂദാസ്കറിയോത്താ

ദേവാലയത്തിൻെറ നാശവും ഇസ്രായേലിൻെറ പുറംതള്ളലും പ്ര വചിച്ചതു് അപ്പസ്തോലന്മാരടക്കം പലരേയും ക്ഷുഭിതരാക്കി. ഇ തിൽ ഒരാളായിരുന്നു കെറിയോത്താ ഗ്രാമക്കാരനായിരുന്ന യൂദാ. അ

യാരം മാത്രമേ യൂദാപ്രവിശ്യയിൽപ്പെട്ടവനായി അപ്പസ്തോലന്മാരുടെ ഇടയിൽ ഉണ്ടായിരുന്നുള്ളു. ഇട്ടചിയായുടെയും യൂദായുടെയും ഇടയ്ക്കുള്ള ചുങ്കസ്ഥലത്തെ ഉദ്യോഗസ്ഥനായിരുന്നു അയാരം. ഇസ്രായേലിൻെറ രാജ്യത്തിൻെറ പുനഃസ്ഥാപനപ്രതീക്ഷയോടെയാണ് അയാരം ക്രിസ്തുവിനെ അനുഗമിച്ചതു്. ഇസ്രായേലിലെ മതാധികാരികരം ചുങ്കക്കാരെ വെറുത്തിരുന്നു. ചുങ്കക്കാർ സാമ്രാജ്യശക്തിയുടെ പിണയാളുകളായി വർത്തിച്ച് യൂദജനത്തിൻെറ അപ്രീതി സമ്പാദിച്ചിരുന്നു. സാമ്പത്തികപ്രതീക്ഷയുള്ളവർ ഈ അപ്രീതിയെല്ലാം അവഗണിച്ചുകൊണ്ടു് കിട്ടിയ അവസരം ഉപയോഗപ്പെടുത്തുവാനാണ് ശ്രമിക്കുക. അദ്ദേഹം സ്വന്തം ജനത്തെ വെറുത്തിരുന്നില്ല. അതിൻെറ ഭാവിയിൽ വിശ്വസിച്ചിരുന്നു. അഖില്ലോക വ്യാപകമായ ഒരു സാമ്രാജ്യമായിരുന്നു അദ്ദേഹത്തിൻെറ പ്രതീക്ഷാവിഷയം. അതിനു തടസ്സമായി ട്ട നില്ക്കുന്നതു് ജനങ്ങളുടെ പാപമാണ്. അഭിഷിക്തൻ വന്നു ജനങ്ങളെ വിശുദ്ധീകരിച്ചുകഴിയുമ്പോരം ഇസ്രായേൽ അവളുടെ ഓഹരിയിൽ പ്രവേശിക്കും. ആയുധബലംകൊണ്ടുള്ള റോമാക്കാരുടെ സാമ്രാജ്യത്തിൽ യൂദായ്ക്കു് ബഹുമാനമോ വിശ്വാസമോ ഉണ്ടായിരുന്നില്ല. സാമ്പത്തികമേധാവിത്വംവഴിയുള്ള സാമ്രാജ്യമാണ് യൂദാ ആശിക്കുന്നതു്. സാമ്പത്തികരംഗത്തു് യൂദാ ഇതിനകം വൈദഗ്ദ്ധ്യം പ്രാപിച്ചുകഴിഞ്ഞിരുന്നു. അഭിഷിക്തൻ വന്നുകഴിഞ്ഞാൽ ഈ വിഷയത്തിൽ യൂദായ്ക്കു് വളരെസേവനം അനുഷ്ഠിക്കുവാൻ സാധിക്കും. യൂദന്മാർ ഇതിനകം റോമൻസാമ്രജ്യത്തിലെന്നല്ല പൌരസ്ത്യരാജ്യങ്ങളിലും പ്രധാന വാണിജ്യകേന്ദ്രങ്ങളിലുമെല്ലാം സാമ്പത്തിക മേധാവിത്വം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഇവരെയെല്ലാം സംഘടിപ്പിച്ചുകഴിഞ്ഞാൽ ഇസ്രായേൽ ഒരു മഹൽശക്തിയത്രേ. മൂന്നു ഭൂഖണ്ഡങ്ങളുടെ മദ്ധ്യത്തിൽസ്ഥിതിചെയ്യുന്ന പലസ്തീനാ ഈ സംഘടനയുടെ കേന്ദ്രമാകുവാൻ പററിയ സ്ഥാനമാണ്. പോരെങ്കിൽ വളരെയധികം വ്യാവസായികസാദ്ധ്യതയുള്ള ഒരു രാജ്യവുമത്രേ അതു്. അബ്രാഹം ഇസഹാക്കു് തുടങ്ങിയുള്ള പിതൃപിതാക്കന്മാരുടെകാലത്തുതന്നെ കാനാൻ എണ്ണക്കളങ്ങരംക്കു് പേരുകേട്ടതാണ്. ഓർശ്ലേം ദേവാലയംപോലെ ഈ അഖിലലോക സാമ്രാജ്യത്തിൻെറ കേന്ദ്രമാകുവാൻ പററിയ സ്ഥാനമൊന്നുമില്ല. അതു് യഹോവായുടെ ഭവനമാണ്. അതു് ഇതിനകം ഒരു വലിയ സാമ്പത്തിക സ്ഥാപനമായിക്കഴിഞ്ഞിരുന്നു. അതിൻെറ ശുശ്രൂഷയ്ക്കായി ഇരുപത്തയ്യായിരം ആളുകളോളം വരും. ലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു് നേച്ചകാഴ്ചകളായി വളരെ ദ്രവ്യം അവിടെ വന്നുചേരുന്നുണ്ടു്. രണ്ടരലക്ഷത്തോളം തീർത്ഥകർ പ്രതിവഷം യോപ്പേ തുറമുഖത്തു വന്നിറങ്ങുന്നു. ദേവാലയം ബാങ്കിടപാടുകളടക്കം വ്യാപാരംവഴിവളരെ ധനം സമ്പാദിച്ചുകൊണ്ടിരുന്നു. ഇതെല്ലാം വേണ്ടതരത്തിൽ കൈകാര്യംചെയ്യുന്നതിനും സംഘടിപ്പിക്കുന്നതിനും ഒരു അഭിഷിക്തനും ഒരു സാമ്പത്തിക വിദഗ്ധനും ആണ് വേണ്ടതു്.

ക്രിസ്തു ചുങ്കക്കാരെ സ്നേഹിക്കുന്നുവെന്നും കപടഭക്തരായ നേതാക്കന്മാരെ പുറംതള്ളുന്നുവെന്നുമുള്ള വാർത്ത യൂദായെ അങ്ങടിലേയ്ക്കു് അടുപ്പിച്ചു. കാലാന്തരത്തിൽ യൂദാ ശിഷ്യന്മാരിൽ ഒരാളായിത്തീൻു. സാമ്പത്തിക ഇടപാടുകളിലുള്ള ഇയാളുടെ സാമർത്ഥ്യംമൂലമായിരിക്കാം ക്രിസ്തു ഇയാളെ വിചാരിപ്പുകാരനായി നിയമിച്ചു. പില്ക്കാല സംഭവവികാസങ്ങളെ കൺമുമ്പാകെ വെച്ചുകൊണ്ടു് ഇയാളെ കള്ളൻ എന്നാണു് മററു് അപ്പസ്തോലന്മാർ വിളിക്കുന്നതു്. അയാളുടെ വിചാരിപ്പുകാരനടുത്തജോലിയിൽ അവിശ്വസ്തത പ്രവത്തിച്ചിരുന്നുവോയെന്നു് നമുക്കറിഞ്ഞുകൂടാ. മുപ്പതു വെള്ളിക്കാശിനു് ക്രിസ്തുവിനെ ഒററിക്കൊടുത്തതു് ദ്രവ്യമോഹംകൊണ്ടെന്നതിനേക്കാൾ നിന്ദപ്രകടിപ്പിക്കുവാനാണെന്നുതോന്നുന്നു. മുപ്പതു വെള്ളിക്കാശ് ഒരു നിസ്സാര സംഖ്യയാണു്. അത്രയേ വിലമതിക്കാനുള്ളു എന്നു കാണിക്കുവാനും കൂടി ആയിരിക്കണം.

യൂദായ്ക്കു് ഭൗതീകമൂല്യങ്ങൾമാത്രമേ വിലയുള്ളതായുള്ളു. ആദ്യം മുതൽ അയാൾക്കു് ഇഛാഭംഗമാണു് അനുഭവപ്പെട്ടതു്. ക്രിസ്തുവിൻെറ ഗിരിപ്രഭാഷണം അയാളെ നിസ്സഹായനാക്കി. പരിശുദ്ധാത്മാവിലും വെള്ളത്തിലുമുള്ള ജനനംതുടങ്ങി എവിടെയും ക്രിസ്തു ഭൗതീകാതീതമൂല്യങ്ങൾക്കുമാത്രമേ വിലകല്പിക്കുന്നുള്ളു. വിധവയുടെ കൊച്ചുകാശിനു് സമ്പന്നന്മാരുടെ നിക്ഷേപങ്ങളേക്കാൾ ദൈവരാജ്യത്തിൽ വിലയുണ്ടെങ്കിൽ ആ ദൈവരാജ്യത്തെ ബഹിഷ്ക്കരിക്കേണ്ടതുതന്നെയല്ലേ? ആ താരിപ്പുവച്ചുപോയാൽ അഖിലലോക സാമ്രാജ്യം സ്ഥാപിതമാകുമോ? സർവ്വലോകത്തെക്കാൾ ഒരാത്മാവു് വിലയുള്ളതാണെന്നും, ചിതലു തിന്നുകയും കള്ളന്മാർ മോഷ്ടിക്കുകയുംചെയ്യാത്ത സ്വർഗ്ഗത്തിൽ നിധി സമ്പാദിക്കണമെന്നുമാണു് ക്രിസ്തുവിൻെറ ആഹ്വാനം. രണ്ടു യജമാനന്മാരെ സേവിച്ചുകൂടെന്നും, ധനവാൻ സ്വർഗ്ഗം പ്രാപിക്കുന്നതു് ഒട്ടകം സൂചികുഴയിൽക്കൂടി കടക്കുന്നതിനേക്കാൾ ബുദ്ധിമുട്ടാണെന്നുമാണു് ക്രിസ്തു പഠിപ്പിക്കുന്നതു്. ക്രിസ്തുവിൻെറ സ്വർഗ്ഗത്തിൽ ധനവാൻ നിർഭാഗ്യനും ലാസർ ധന്യനും ഭാഗ്യവാനുമത്രേ. യൂദാസ്കറിയോത്താ ഭൗതീകാതീതമായ ഒന്നിലും വിശ്വസിച്ചിരുന്നില്ല. അയാൾക്കു് ആകെക്കൂടിയുള്ളതു് ഭൗതികരാജ്യംമാത്രം. സന്തതികളിൽക്കൂടിയുള്ള അമർത്ത്യതമാത്രമേ അയാൾ അംഗീകരിക്കുകയുള്ളു. ഈ ലോകജീവിതത്തിലും ഭാവിതലമുറകളിലും ആണു് യഹോവാ മനുഷ്യരെ അനുഗ്രഹിക്കുന്നതു്.

ക്രിസ്തുവിൻെറ ദിവ്യമാതൃകയും, പ്രഭാഷണങ്ങളും അയാളെ മാനസാന്തരപ്പെടുത്തുകയുണ്ടായില്ല. ക്രിസ്തുവിൻെറ അത്ഭുതങ്ങൾക്കെല്ലാം അയാൾ ദൃക്സാക്ഷിയെങ്കിലും അയാൾ തൻെറ അന്ധതയിൽ ഉറച്ചു. ക്രിസ്തുവിൻെറ രഹസ്യ ഉപദേശങ്ങളും തിരുത്തലുകളും അയാളെ ഭഗ്നാശനാക്കിയതേയുള്ളു. ക്രിസ്തുവും മററപ്പസ്തോലന്മാരും അയാളുടെ കഴിവുകളെ വിലമതിക്കാതിരുന്നതു് അയാളെ ഇഛാഭംഗപ്പെടുത്തി. സംസ്കാരത്തിലും, സാമർത്ഥ്യത്തിലും, കഴിവുകളിലും എല്ലാം

പിന്നോക്കംനിന്നിരുന്ന പത്രോസ് പ്രഥമസ്ഥാനത്തേയ്ക്കുയർത്തപ്പെട്ടതു് അയാളെ ഇരുത്തി ചിന്തിപ്പിച്ചു. ദൃശ്യസംഘടനയൊന്നുമില്ലാത്തതിൽ അയാരം ഇച്ഛാഭംഗപ്പെട്ടിരിക്കുകയായിരുന്നു. ഏതായാലും ക്രിസ്തുവിൻെറ മരണശേഷം മററു സംഘടനകളിൽനടക്കുന്നതുപോലെ ബലാല്ക്കാരമായി പിടിച്ചെടുക്കാമെന്നു് പ്രതീക്ഷിച്ചിരുന്നു. ഇപ്പോരം ഇതാ സഭയും സംഘടനയും എല്ലാമായി അതിൽ താൻ താഴെയും, കഴിവുകുറഞ്ഞ ആരം മുകളിലും ആയി വന്നിരിക്കുന്നു.

ഏതായാലും കരമടയ്ക്കേണ്ടിവരുമ്പോരം ഗുരുവും പത്രോസുമെല്ലാം തന്നെ ആശ്രയിക്കുമെന്നും അപ്പോരം തനിക്കു പറയുവാനുള്ളതു് പറഞ്ഞുകൊള്ളാമെന്നും സമാധാനപ്പെട്ടിരുന്നു. ക്രിസ്തു പത്രോസിനെ വിളിച്ചു ചൂണ്ടയിട്ടു് ഒരു മീൻ പിടിക്കുന്നതിനും അതിൻെറ വായിൽനിന്നു കിട്ടുന്ന നാണയം കരമായി അടയ്ക്കുന്നതിനും ആവശ്യപ്പെട്ടു. യൂദായുടെ കഴിവുകരംക്കു് ഇവിടെ വിപണിയില്ലെങ്കിൽ യൂദാ എന്തിനിവിടെ നില്ക്കുന്നു? പ. കുബ്ബാനയെപ്പററിയുള്ള ക്രിസ്തുവിൻെറ കഫർനാം പ്രഭാഷണം, ഗുരുവിനു് യാഥാർത്ഥ്യബോധമില്ലെന്നുള്ള അയാളുടെ അനുമാനത്തിൽ അയാളെ ഉറപ്പിച്ചു. നിങ്ങളിൽ ഒരുവൻ പിശാചാണെന്നുള്ള ഗുരുവിൻെറ ആരോപണം തന്നെ ഉദ്ദേശിച്ചാണെന്നു് അയാരംക്കു് ബോധ്യമായി. മറിയംമഗ്ദലൈത്താ വിലകൂടിയ സുഗന്ധ തൈലംകൊണ്ടു് ക്രിസ്തുവിനെ അഭിഷേചിച്ചതു് അയാളുടെ വിമർശനങ്ങരംക്കു് മൂച്ചുകൂട്ടി. ദരിദ്രരുടെകാര്യം ലോകചരിത്രത്തിൽ ആദ്യമായി വാദിച്ചതു് ക്രിസ്തുവാണു്. ക്രിസ്തുവിനെ പ്രതിക്കൂട്ടിൽ ആക്കുവാനാണു് യൂദായുടെ ഉദ്യമം. ദേവാലയത്തിൽനിന്നു് ക്രിസ്തു വ്യാപാരികളെ ഒടിച്ചതു് യൂദായുടെ പദ്ധതികളെല്ലാം ഉടയ്ക്കുകയാണു്. ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതെ നശിക്കുമെന്നുവന്നപ്പോരം യൂദായുടെ അകൽച്ച പൂർത്തിയായി. ഇത്തരം ധിക്കാരം നീക്കേണ്ടതു് അത്യാവശ്യമാണു്. യൂദ അധികാരികരം ക്രിസ്തുവിനെ പിടിക്കുന്നതിനുള്ള അവസരം പാർത്തിരുന്നു. പരസ്യമായി പിടിക്കുക സാധ്യമല്ല. രഹസ്യസങ്കേതങ്ങരം ആരാഞ്ഞുതുടങ്ങി. യൂദാ അവരെ സമീപിച്ച് മുപ്പതു വെള്ളിക്കാശിനു് അയാളെ ഒററിക്കൊടുക്കാമെന്നു് ഭരമേററു.

## അന്തിമ അത്താഴം

പുളിപ്പില്ലാത്ത അപ്പങ്ങളുടെ ഒന്നാം ദിവസമായ വ്യാഴാഴ്ച വൈകിട്ടു് ക്രിസ്തുവും അപ്പസ്തോലന്മാരും ഊട്ടുശാലയിൽ സമ്മേളിച്ചു. മക്കളെ വിട്ടുപിരിയുവാൻപോകുന്ന പിതാവിൻെറ വാത്സല്യമാണു് ഇവിടെ ക്രിസ്തു പ്രത്യക്ഷപ്പെടുത്തുന്നതു്. സാമാന്യം ഏതുവേർപാടിനും ഇതുപോലുള്ള സ്നേഹപ്രകടനങ്ങരം കാണാം. എന്നാൽ ഇവിടെ നാം കണ്ടതു് ദൈവീകലെവലിലുള്ള സ്നേഹപ്രകടനമാണു്. ദൈവം കൊടുത്തു ഭാഗ്യമനുഭവിക്കുന്നു. അതു് മനുഷ്യരെ സംബന്ധിച്ചിടത്തോളം അതിസ്വാഭാവികമെന്നോ വിപ്ലവപരമെന്നോ പറയാം.

ദൈവീക ആളുകളുടെ ഭാഗ്യം അവരുടെ മുപ്രതിഷ്ഠയിലാണ്. ഈ സ്നേഹമാണ് സൃഷ്ടിയിലും സർവ്വോപരി മനുഷ്യാവതാരത്തിലും പ്രകടിതമാകുന്നത്. എന്നാൽ ഉയർന്നലെവലിലുള്ള ഈ സ്നേഹം കുഞ്ഞുങ്ങൾക്ക് മനസ്സിലായി എന്നു വരികയില്ല. മാതാപിതാക്കന്മാരുടെ വേർപാടിൽ പ്രകടിപ്പിക്കപ്പെടുന്ന സ്നേഹം മുതിർന്ന മക്കൾക്ക് മനസ്സിലാകും. കുഞ്ഞുങ്ങൾ അതു മനസ്സിലാക്കുന്നത് അവർക്കു മനസ്സിലാകുന്നരീതിയിൽ ആലിംഗനംചെയ്യും ചുംബനംചെയ്യുമാണ്. ക്രിസ്തുവും അപ്പസ്തോലന്മാരുടെയും പിൻതലമുറകളുടെയും ഗ്രഹണശക്തിയ്ക്കൊപ്പിച്ച് ദൈവത്തിൻെറ സ്നേഹം ഇവിടെ പ്രകടിപ്പിക്കുന്നു. ഒന്നാമതായി ശിഷ്യന്മാരുടെ കാലുകഴുകുന്നു. അതിലും വലിയ സ്നേഹമാണ് പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനത്തിൽ പ്രകടിതമാകുന്നത്. ഒടുവിലത്തേതു് മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള തൻെറ കുരിശുമരണം.

## കാലു കഴുകുന്നു

ഭക്ഷണത്തിനിരിക്കുകയിൽ ക്രിസ്തു എഴുന്നേററ് അരയ്ക്ക് ഒരു ശീലചുററി ഓരോ അപ്പസ്തോലൻെറയും കാൽ വെള്ളമൊഴിച്ചു കഴുകുകയും അരയിൽ ചുററിയിരുന്ന ശീലകൊണ്ട് തുടയ്ക്കുകയുംചെയ്തു. സ്തംഭനാവസ്ഥയിൽ എത്തിയ അപ്പസ്തോലന്മാരുടെ വികാരങ്ങൾ ഊഹിക്കുകയാണുത്തമം. തങ്ങളുടെ ഗുരു ആരെന്ന് അവർക്ക് ഇതിനകം പൂർണ്ണമായി ബോധ്യമായിക്കഴിഞ്ഞിരുന്നു. യജമാനന്മാരുടെ കാലു് അടിമകൾ കഴുകുക സാധാരണമാണ്. തങ്ങളുടെ യജമാനനെന്നല്ല സർവ്വവുമായ ഗുരു തങ്ങളുടെ കാലു കഴുകിയതിൽ അവർ അമ്പരന്നുപോയി. ക്രിസ്തു തൻെറ പീഡാനുഭവങ്ങൾ വിവരിച്ചപ്പോൾ അവിടത്തെ ശാസിച്ചു വിലക്കിയ ക്ഷിപ്ര വികാരിയായ പത്രോസ്, ''കർത്താവെ നീ ഒരിക്കലും എൻെറകാലുകഴുകരുതു്'' എന്നു പറഞ്ഞപ്പോൾ ''ഞാൻ നിൻെറ കാലുകഴുകുന്നില്ലെങ്കിൽ നിനക്കു് എന്നിൽ പങ്കില്ല'' എന്നായിരുന്നു മറുപടി. ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ സ്നേഹവിപ്ലവം തനിനിറത്തിൽ ഇവിടെ പ്രത്യക്ഷപ്പെട്ടു. ഈ വിപ്ലവം സ്വർഗ്ഗത്തിൽ ഒതുക്കിനിർത്തുവാനല്ല ക്രിസ്തു വന്നിരിക്കുന്നതു്. ഓരോ മനുഷ്യ ആത്മാവുംഈ വിപ്ലവത്തിനു കഴിവുള്ളതാണ്. ഓരോ വ്യക്തിയും ലോകത്തിലുള്ള എല്ലാ മനുഷ്യരെയും ശുശ്രൂഷിച്ച് ഭാഗ്യമനുഭവിക്കണം. ശുശ്രൂഷിക്കുന്നതിലുപരിയായ ഭാഗ്യം ഉണ്ടാകുവാനില്ല. അതോടെ ദൈവതുല്യരായിത്തീരുകയാണ്. അതാണ് ദൈവീക കലീനത്വം. ജനകീയഭരണത്തിൻെറ ഉത്ഭവം ഫ്രഞ്ചുവിപ്ലവത്തിലോ ഗ്രീക്കു് പൌരസഭകളിലോ അല്ല അന്ത്യ അത്താഴത്തിലാണ്. അന്ത്യഅത്താഴത്തെജനകീയഭരണത്തിൻെറ ആരംഭമായി കരുതുന്നവർ ആദർശപ്രിയരായമതഭ്രാന്തന്മാരായി പരിഗണിക്കപ്പെടുന്നു. ഫ്രഞ്ചുവിപ്ലവത്തെയാണ് എവിടെയും ഇന്നു് ജനകീയഭരണത്തിൻെറ ആരംഭമായി കരുതുന്നതു്. യഥാർത്ഥത്തിൽ ഇന്നത്തെ ജനകീയഭരണമൊന്നും ജനകീയവുമല്ല ഭരണവുമല്ല. ഒന്നുകിൽ സ്വേച്ഛാധിപ

ത്യം അല്ലെങ്കിൽ അരാജകത്വം. ഭരണീയർ യജമാനന്മാരും ഭരണാധികാരികൾ ദാസന്മാരുമാകുമ്പോഴാണ് ജനകീയഭരണം. അതെവിടെയുണ്ട്? രാജകീയ സ്വേഛാധിപത്യത്തിൻെറ സ്ഥാനത്ത് കക്ഷിസ്വേഛാധിപത്യം കയറിപററി എന്നുമാത്രം. കക്ഷി സ്വേഛാധിപത്യത്തിൻെറ ഉത്ഭവം അന്ത്യ അത്താഴത്തിലല്ല ഫ്രഞ്ചുവിപ്ലവത്തിലാണ്. ജനകീയഭരണം രാജഭരണമായിട്ടുപോലും പൊരുത്തപ്പെട്ടുപോകും. ജനങ്ങൾക്കുവേണ്ടിയുള്ള ഭരണമായിരിക്കണം എന്നുമാത്രമേയുള്ളു.

## പരിശുദ്ധ കർബ്ബാനയുടെ സ്ഥാപനം

സ്നേഹവിപ്ലവത്തിൻെറ അടുത്ത പ്രായോഗികരംഗം പ. കുബ്ബാനയുടെ സ്ഥാപനത്തിലാണ്. ക്രിസ്തു അപ്പവും വീഞ്ഞും തൻെറ ശരീര രക്തങ്ങളാക്കി പകർത്തി ശിഷ്യന്മാക്ക് ആഹാരമായി നല്കുന്നു. ദൈവത്തിലെ മുപ്രതിഷ്ഠ ഇതിലുപരിയായി എങ്ങനെ പ്രകടിപ്പിക്കും? ദൈവം സ്നേഹിച്ചുതുടങ്ങിയാൽ അവസാനമില്ലാതെ സ്നേഹിക്കുകയായി. ഇതിനെപ്പററി പറയുകയിൽ ദൈവം തൻെറ കഴിവിൻെറ പരമാവധിവരെ സ്നേഹിച്ചു എന്നാണ് യോഹന്നാൻ അപ്പസ്തോലൻ പ്രസ്താവിക്കുന്നതു്. (ഇതേപ്പററി അന്യത്ര) ഈ സംഭവം അന്തിമ പ്രതീക്ഷയിലേയ്ക്കു് നമ്മെ അവതരിപ്പിക്കുന്നു. ഇതു് നിങ്ങൾക്കുവേണ്ടിയും മററു പലക്കുവേണ്ടിയും ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എൻെറ രക്തമാകുന്നു. പതിനാലു നൂററാണ്ടുകൾക്കുമുമ്പു് മൂശയും ഇസ്രായേലിലെ എഴുപതു ജനപ്രതിനിധികളുംചേന്ന് സീനാമലയുടെ അടിവാരത്തിൽവെച്ചു് ബലി അപ്പണത്തോടുകൂടി യഹോവായുമായി പഴയ ഉടമ്പടിനടത്തി. അവിടെ രക്തം പകുതി അൾത്താരയിൽ ചിന്തുകയും പകുതി ജനങ്ങളുടെമേൽ തളിക്കുകയും ബലിമാംസം ഉടമ്പടിയിലെ കക്ഷികളായ ജനങ്ങൾ ഭക്ഷിക്കുകയുംചെയ്തു. പുതിയ ഉടമ്പടിയും ഒരു ബലിയോടുകൂടിയാണ് ആരംഭിക്കുന്നതു്. ഇവിടെ ആടുമാടുകളുടെ മാംസരക്തങ്ങളല്ല മാംസമായ ദൈവവചനത്തിൻെറ മാംസരക്തങ്ങളാണ് അപ്പിക്കപ്പെടുന്നതു്. ഗാഗുൽത്തായിലെ ബലിയിൽ ചിന്തപ്പെട്ട മാംസരക്തങ്ങളാണ് ക്രിസ്തു ഇപ്പോൾ അപ്പവും വീഞ്ഞും മാംസവും രക്തവുമാക്കി പകത്തി അപ്പസ്തോലന്മാക്ക് നല്കുന്നതു്.

ഗാഗുൽത്തായിലെ കുരിശുമരണം ഒരു ബലിയാണെന്നു് ക്രിസ്തു ഇവിടെ സമത്ഥിക്കുന്നു. ചരിത്രകാരൻ ക്രിസ്തുവിൻെറ മരണത്തെ ചരിത്രപരമായ പരിവത്തനങ്ങൾവഴി നിസ്സഹായതയിൽനിന്നുള്ള മരണമായിട്ടുമാത്രമേ വ്യാഖ്യാനിക്കുകയുള്ളു. തന്മൂലമത്രേ ഉയിപ്പു് നിഷേധിക്കുന്നതിനോ അവഗണിക്കുന്നതിനോ ഉള്ള വ്യഗ്രത. തൻെറ മരണം സ്വയ അപ്പണമാണെന്നു് പലപ്രാവശ്യം ക്രിസ്തു വ്യക്തമാക്കിയിട്ടുണ്ടു്. യാതൊരു എതിപ്പുംകൂടാതെ ക്രിസ്തു മരണത്തിനു് സ്വയം വിധേയനാക്കി എന്നുള്ള വസ്തുത ചരിത്രകാരൻ സമ്മതിച്ചേ മതിയാ

വൂ. എതിപ്പ്ില്ലാത്തതുകൊണ്ടുമാത്രം സ്വയ അപ്പ്ണമാണെന്നുവരുന്നി ല്ല. സ്വയം അപ്പ്ണമാണെന്നുള്ള ക്രിസ്തുവിൻെറ പ്രഖ്യാപനവും അ തിനെ ഉറപ്പിക്കത്തക്കവിധത്തിലുള്ള ഉയപ്പ്കൂടി സമ്മേളിക്കുമ്പോരം ചരിത്രപരിവത്തനങ്ങരംക്കപ്പുറം പ്രപഞ്ചാതീതമായ ഒരു പദ്ധതി പ്രവത്തിക്കുന്നതായിക്കാണാം.

## ഗാഗുൽത്തായിലെ ബലി

ക്രിസ്തു ഗെതസേമാൻ തോട്ടത്തിൽ പ്രാത്ഥിച്ചുകൊണ്ടിരിക്കു മ്പോരം യൂദാസ്കറിയായുടെ നേതൃത്വത്തിൽ യൂദന്മാരുടെ സംഘം ക്രി സ്തുവിനെ സമീപിച്ചു. അവിടുന്ന് തന്നെ അറസ്ററുചെയ്യപ്പോരം പ ത്രോസ് വാളൂരി അക്രമണമാരംഭിച്ചു. ക്രിസ്തു അയാളെ വിലക്കുക യും മുറിവേററ ആളെ അത്ഭുതരൂപേണ സുഖപ്പെടുത്തുകയുംചെയ്യു. ''വാരം ഉറയിൽ ഇടുക. വാളെടുക്കുന്നവൻ വാളാൽ നശിക്കും''. ഞാൻ പിതാവിനോട് അപേക്ഷിച്ചാൽ പന്ത്രണ്ടു സംഘം മാലാഖാ മാരെ അയയ്ക്കുകയില്ലെന്നു നീ വിചാരിക്കുന്നുണ്ടോ? അങ്ങനെയെ ങ്കിൽ ഇപ്രകാരം സംഭവിക്കണമെന്നുള്ള തിരുവെഴുത്തുകരം എങ്ങനെ നിറവേറും? ആദ്യം അന്നാസ്, കയ്യാപ്പാ എന്നീ പുരോഹിതവിധി യാളന്മാരുടെമുമ്പിൽ ഹാജരാക്കപ്പെട്ടു. ദൈവപുത്രനോ എന്ന് ആണ ഇട്ടുകൊണ്ടുള്ള ചോദ്യത്തിനു് താൻ ദൈവപുത്രനാണെന്നും മനുഷ്യരെ വിധിപ്പാൻ വാനമേഘങ്ങളിൽ വരുമെന്നും പ്രഖ്യാപിച്ചതോടെ സ നെഡ്രിൻസംഘം (മതാധികാരികരം) ദൈവദൂഷണക്കുററം ചുമത്തി അങ്ങേ മരണത്തിനു വിധിച്ചു. ഇതേത്തുടന്ന് സിവിരം നിയമലംഘ നം ആരോപിച്ച് സിവിരം അധികാരിയായ പീലാത്തോസിനെ ഏല്പിക്കുകയും അയാരം ക്രിസ്തുവിൻെറ നിരപരാധിത്വം വ്യക്തമായും പരസ്യമായും മൂന്നുപ്രാവശ്യം പ്രഖ്യാപിച്ചശേഷം യൂദന്മാരുടെ സമ്മ ദ്ദവും ഭീഷണിയുംമൂലം അങ്ങേകുരിശുമരണത്തിനു വിധിക്കുകയുംചെ യ്യു. മൂന്നു മണിക്കൂർനേരം കുരിശിൽ കിടന്ന് അതിനിഷ്ഠൂര വേദന കരം സഹിച്ചശേഷം ''എല്ലാം പൂത്തിയായി. എൻെറ ദൈവമെ എ ൻെറ ആത്മാവിനെ നിൻെറ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടു് തലചായിച്ച് മരണം പ്രാപിച്ചു.

അറമായക്കാരൻ യൌസേപ്പ് ക്രിസ്തുവിൻെറ ശരീരം പാറ തുര ന്നുണ്ടാക്കിയ ഒരു കല്ലറയിൽ ആഘോഷപൂവ്വം സംസ്കരിച്ചു. അവിടു ന്ന് ജീവിച്ചിരിക്കെ മൂന്നാംദിവസം ഉയത്തെഴുന്നേല്ക്കുമെന്ന് പറ ഞ്ഞിട്ടുണ്ടെന്നും ഈ വീരവാദത്തെ പൂത്തീകരിക്കുമാറ് ശിഷ്യന്മാർ വന്നു ശരീരം എടുത്തുകൊണ്ടുപോയി ഉയത്തെഴുന്നേററതായി പ്രചര ണം നടത്തി വീണ്ടും ബഹളങ്ങരം കുത്തിപ്പൊക്കുമെന്നും യൂദപ്രമാ ണികരം പീലാത്തോസിനെ അറിയിക്കുകയും അതു തടയുന്നതിലേ യ്ക്ക് കവറിടം കാക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്യു. പീലാത്തോ സിൻെറ കല്പനപ്രകാരം കാര്യക്ഷമമായി റോമൻ പട്ടാളം കവറിട

ത്തിനുചുററും താവളമടിച്ചു. മൂന്നാംദിവസം കവറിടം ഒഴിഞ്ഞതായി ട്ടാണു് കാണപ്പെട്ടതു്. കാര്യക്ഷമതയുള്ള റോമൻ പട്ടാളം ഉറങ്ങിപ്പോയെന്നോ ഭീരുക്കളായ ശിഷ്യന്മാർ പട്ടാളക്കാവലിനെയോ തല്പരകക്ഷിയുടെ കാവലിനെയോ വിഫലീകരിച്ചു് ശരീരം തട്ടിക്കൊണ്ടുപോയെന്നോ ഉള്ള വാദം നിഷ്പക്ഷനിരീക്ഷകനെ ബോധ്യപ്പെടുത്തുകയോ മറേറതെങ്കിലും തുറയിൽ വിലപ്പോവുകയോ ചെയ്യുകയില്ല. ഒഴിഞ്ഞ കവറിടമായിരുന്ന അപ്പസ്തോലന്മാരുടെ ഒരു തലമുറക്കാലത്തേയ്ക്കുള്ളവെല്ലുവിളി. ഈ വെല്ലുവിളിയ്ക്കു്സക്കാർ അധികൃതരാകട്ടെ മതാധികാരികളാകട്ടെ എന്തെങ്കിലും മറുപടി നല്കിയതായി ഒരു രേഖയുമില്ല. ക്രിസ്തു ഉയർത്തെഴുന്നേററു് അപ്പസ്തോലന്മാക്കും മററു വിശ്വാസികൾക്കും നാല്പതിൽ പരം ദിവസം പലപ്രാവശ്യം പ്രത്യക്ഷനായതിൻെറശേഷം നല്പതാംദിവസം എല്ലാവരും നോക്കിനില്ക്കവേ അന്തരീക്ഷത്തിൽ പടിപടിയായായി ഉയന്നു് മേഘങ്ങളുടെ ഇടയിൽ അപ്രത്യക്ഷനായി.

നിസ്സഹായതയിൽനിന്നുള്ള ഒരു മരണമായിട്ടുമാത്രമേ ലോകായതികർ ഇതിനെ പരിഗണിക്കുകയുള്ളു. ക്രിസ്തു ഇതേപ്പററി ഒന്നിലധികംപ്രാവശ്യം പ്രവചിക്കുകയും ഇതിൻെറ പിന്നിലുള്ള ദൈവത്തിൻെറ പദ്ധതി വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്, തൻെറ ജീവനെ സ്വയമേ അർപ്പിക്കുന്നു എന്നുള്ള പ്രസ്താവന ഉയർത്തെഴുന്നേല്ക്കുന്നില്ലെങ്കിൽ വെറും വീരവാദമായിട്ടുമാത്രമേ കണക്കാക്കേണ്ടതുള്ളു. അന്ത്യഅത്താഴത്തിൽ ഇതു ഒരു ബലിഅപ്പണമാണെന്നു് (നിങ്ങൾക്കുവേണ്ടിയും പലക്കുവേണ്ടിയും ചിന്തപ്പെടുന്ന എൻെറ പുതിയ ഉടമ്പടിയുടെ രക്തത്തിൻെറ കാസാ) അവിടുന്നു് വ്യക്തമാക്കി. എന്തിനു ബലി അപ്പിക്കുന്നു? ''ലോകത്തിൻെറ പാപങ്ങളെ വഹിക്കുന്ന ചെമ്മരിയാട്ടിൻകുട്ടി'' എന്നീ വാക്കുകളിലാണു് യോഹന്നാൻ ക്രിസ്തുവിനെ ലോകസമക്ഷം അവതരിപ്പിക്കുന്നതു്. എല്ലാ മനുഷ്യരുടെയും പാപപരിഹാരത്തിനാണു് ഈ ബലി അപ്പിക്കുന്നതു്. അളവില്ലാത്ത തിന്മയുള്ള പാപത്തിനു് പരിഹാരംചെയ്യുവാൻ മനുഷ്യനു് കഴിവില്ല. തന്മൂലമത്രേ മനുഷ്യാവതാരം. മനുഷ്യാവതാരം ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു വിവാഹമത്രേ. ദൈവം വരനും മനുഷ്യവഗ്ഗം വധുവും. പാപപരിഹാരമായി വധുവാണു് ചിതയിൽ ദഹിപ്പിക്കപ്പെടേണ്ടതു്. വരനായ ക്രിസ്തു വധുവിൻെറ ചിതയിൽ സ്വയം ഹോമിച്ചു് ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ സ്നേഹവിപ്ലവം ഭൂമിയിൽ അവതരിപ്പിച്ചു. മനുഷ്യൻെറ പാപം അളവില്ലാത്ത തിന്മയെങ്കിലും ദൈവത്തിനു് ഇളച്ചുകൊടുക്കാവുന്നതേയുള്ളു. തക്കതായ പരിഹാരം ചെയ്തു് മനുഷ്യനെ അന്തസ്സോടെ നടത്തുന്നതിനു് നരദൈവം അളവില്ലാത്ത പരിഹാരബലി അപ്പിച്ചേ മതിയാവൂ. മനുഷ്യനെ അന്തസ്സോടെ നടത്തുകമാത്രമല്ല ദൈവം പരിഹാരത്തിന്മേൽ കടിച്ചുതൂങ്ങുന്നതിൻെറ ലക്ഷ്യം. ലോകത്തിലെ ക്രയവിക്രയപരമായ സ്നേഹത്തിനെല്ലാമപ്പുറം കൊടുത്തു ഭാഗ്യമനുഭവിക്കുന്ന ഒരുതരം സ്നേഹമുണ്ടു് എന്നും,

ആ സ്നേഹംവഴിമാത്രമേ മൗലീകമായദാഹം ശമിക്കുകയുള്ളൂവെന്നും അവനെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടികൂടിയാണു് മനുഷ്യാവതാരവും കുരിശുമരണവുമെല്ലാം. ലോകായതികനു് മനുഷ്യൻ സാമ്പത്തികജീവിയും മാനവചരിത്രം ആഹാരസമ്പാദനത്തിൻെറ ചരിത്രവുമത്രേ. ക്രിസ്തുവിൻെറ ജീവിതവീക്ഷണത്തിൽ മനുഷ്യൻ ദൈവത്തിൻെറ (വരൻെറ) വായിൽനിന്നു് പുറപ്പെടുന്ന വചനങ്ങൾകൊണ്ടു് ജീവിക്കുന്ന സ്നേഹജീവിയാണു്. ആഹാരസമ്പാദനം സ്നേഹജീവിതത്തിനുള്ള ഒരു മാർഗ്ഗംമാത്രം. സ്നേഹജീവിതമെന്നുപറയുന്നതു് വെറും ശുഷ്കമായ ക്രയവിക്രയപരമായ സ്നേഹമല്ല, സ്വയം കൊടുത്തുകൊണ്ടുള്ള സ്നേഹമാണു്. ഈ സ്നേഹം മനുഷ്യനു്വിപ്ലവപരമായിതോന്നുന്നെങ്കിലും ദൈവത്തിനു്വെറും സ്വാഭാവികംമാത്രമാണു്. ദൈവത്തിനുമാത്രമല്ല ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യനും അതു് തികച്ചും സ്വാഭാവികംതന്നെ. അനേകലക്ഷം കൊല്ലത്തെ വിശ്വദേവതാസംസ്കാരംമാത്രമാണു് അതിനെ അധികപറ്റോ വിചിത്രമോ, അരാജകത്വമോ ആക്കി ചിത്രീകരിക്കുന്നതു്. ചിരകാലമായി മനുഷ്യനിൽ വേരൂന്നിയിരിക്കുന്ന ഈ തകരാറു് തീക്കുന്നതിനു് സാമാന്യനടപടികൾ മതിയാവുകയില്ല. അതിലേയ്ക്കു് ഒരു വിപ്ലവംതന്നെ ആവശ്യമാണു്. സമകാലീനചട്ടക്കൂട്ടിൽനിന്നല്ല മാനുഷിക ചട്ടക്കൂടിനും അതീതമായി ചിന്തിച്ചാൽമാത്രമേ മനുഷ്യപ്രകൃതിയിൽവന്നിട്ടുള്ള ഈ തകരാറു് മനസ്സിലാക്കുന്നതിനു് സാധിക്കുകയുള്ളു. ദൈവം മുൻകൈ എടുത്തു പ്രവൎത്തിച്ചാണു് ഈ വിപ്ലവം അവതരിപ്പിക്കേണ്ടതു്. മനുഷ്യൻ വെറും സാമ്പത്തികജീവിയെങ്കിൽ സ്നേഹത്തിനു യാതൊരു സ്ഥാനവുമില്ല. നേരേമറിച്ചു് സ്നേഹജീവിയെങ്കിൽ സ്നേഹംമാത്രമേ കാര്യമായിട്ടുള്ളു. ആഹാരസമ്പാദനത്തെ സ്നേഹത്തിനു വിധേയമാക്കണം. സ്നേഹജീവിയെങ്കിൽ ജീവിതം ദ്വിപക്ഷീയമായ ഒരു സംസാരമാണു് (dialogue). വരൻ സ്വയം വധുവിനു് സമൎപ്പിക്കുന്നു. അതേതുടൎന്നു് വധു വരനു സ്വയം സമൎപ്പിക്കണം. ആദ്യം വരൻ വധുവിൻെറ ചിതയിൽ സ്വയം ഹോമിക്കുന്നു. പിന്നീടു് വധു വരൻെറ ചിതയിൽ സ്വയം ഹോമിക്കുന്നു. ഇതെല്ലാം വെറും സുന്ദരമായ (Avalionnight) അറബിക്കഥയാണോ? അനുദിനജീവിതത്തിലേയ്ക്കു് കടന്നു് ആത്മാൎത്ഥമായി പരിശോധിക്കുക. പശുവിനു് വൈയ്ക്കോലും പിണ്ണാക്കും ഇണയും കിട്ടിയാൽ തൃപ്തിയായി. അല്ലമെങ്കിലും മനുഷ്യത്വം ഉള്ളവൎക്കു് ആഹാരത്തേക്കാളെല്ലാംകാര്യം തങ്ങളുടെ ബന്ധുമിത്രാദികളുടെ സുഖദുഃഖങ്ങളാണു്. മനുഷ്യത്വത്തിൻെറ തോതനുസരിച്ചു് ജീവിതം ഒരു സ്നേഹനാടകമായി പകരുന്നു. രോഗിയായ കുഞ്ഞിനുവേണ്ടി ഉറക്കമിളയ്ക്കുവാൻ ഇടയാകുന്നതു് അമ്മ ഭാഗ്യമായി കരുതുന്നു. മനുഷ്യൻ സാമ്പത്തികജീവിയെന്നുപറയുന്നതല്ലേ അറബിക്കഥ?

വസ്തുനിഷ്ഠമായി പരിഗണിച്ചാൽ രണ്ടും അറബിക്കഥയല്ല അന്യോന്യം പൂരിപ്പിക്കേണ്ട രണ്ടു ലബോറട്ടറികൾ (പരീക്ഷണശാല)

ദൈവം ലോകത്തിൽ സ്ഥാപിച്ചിരിക്കയാണ്. പ്രകൃതിയിലെ ലബോറട്ടറിയും പ്രകൃതിക്കതീതമായ സ്നേഹലബോറട്ടറിയും. സ്നേഹലബോറട്ടറിയിൽ ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ കൊട്ടുകൊണ്ടുള്ള സ്നേഹം പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും പ്രകൃതിജന്യമായ സ്നേഹത്തെ പൂൎണ്ണതപ്പെടുത്തുകയും മനുഷ്യനെ ധന്യനാക്കുകയും ചെയ്യുന്നു.

അതിസ്വാഭാവികമായ ഈ സ്നേഹലബോറട്ടറി പരീക്ഷണത്തിന് ആദ്യം വിധേയമാക്കിയതു് ക്രിസ്തുവിനെ തന്നെയാണ്. വചനവുമായി ആളിനടുത്ത ഐക്യത്തിൽ എത്തിച്ചേൎന്ന നസ്രായൻ യേശുവിൻെറ ആത്മശരീരങ്ങൾ വെറും ഒരു സൃഷ്ടിമാത്രമാണ്. പരിശുദ്ധാത്മാവു് (ദൈവത്തിൻെറ പവിത്രീകരണ ജോലികളത്രയും പരിശുദ്ധാത്മാവിൽ ആരോപിക്കപ്പെടുന്നു.) നസ്രായൻ യേശുവിൻെറ ആത്മശരീരങ്ങളെ മനഞ്ഞതു് സ്നേഹലബോറട്ടറിയുടെ പ്രവൎത്തനങ്ങൾക്ക് പററിയരീതിയിലാണ്. അവിടുത്തെ ആത്മശരീരങ്ങൾ പ്രകൃതിലബോറട്ടറിയിൽ വളൎന്നു വന്നതോടൊപ്പം സ്നേഹലബോറട്ടറിയിലും ഏററം (ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ കൃപയിലും) വളൎന്നു വന്നു. ലോകായതികന് പ്രകൃതിയിലെ ലബോറട്ടറിേ മാത്രമേ യഥാൎത്ഥമായിട്ടുള്ളു. അതിലെ ഒരു അപ്രധാന പരീക്ഷണമായിട്ടു (minor experiment) മാത്രമെ അവർ മരണത്തെ പരിഗണിക്കുന്നുള്ളു. മനുഷ്യൻ തന്നെ പ്രകൃതിയുടെ ഒരു അപ്രധാന ഘടകമാണ്. എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ മനുഷ്യബുദ്ധി പുരോഗമനത്തെ ത്വരിപ്പിക്കുന്നു എന്നുള്ളതുമാത്രം.

## എൻെറ ആത്മാവിനെ നിൻെറ തൃക്കരങ്ങളിൽ സമൎപ്പിക്കുന്നു

ലോകായതികനു മാത്രമല്ല ക്രിസ്തുവരെയുള്ള യാതൊരു മനുഷ്യനും മരണം ജീവിതത്തിൻെറ വിധിനിൎണ്ണായകമായ സംഭവമായിരുന്നില്ല. സത്യാന്വേഷികൾക്കെല്ലാം സാമാന്യജനങ്ങളെ സ്തംഭിപ്പിക്കുന്ന ഈ സംഭവം ഒരു തുറന്ന പ്രശ്നമായി അവശേഷിച്ചതല്ലാതെ ജീവിതത്തിൻെറ മകുടമായ ഒരു സംഭവമായി തോന്നിയിട്ടില്ല. ദൈവത്തിനു് അതിൽ ഇടപെടേണ്ട കാര്യവുമില്ല. ക്രിസ്തുവിൻെറ ഇടതുവശത്തു തൂങ്ങിയ കള്ളൻ ആവശ്യപ്പെട്ടതുപോലെ മരണത്തിൽ നിന്നു് മോചിച്ചു കൊണ്ടു വേണം ദൈവം ഇടപെടുവാൻ. യൂദന്മാൎക്കു് ദൈവം മരണത്തിൽ ഇടപെടേണ്ട കാര്യമൊന്നുമില്ല. അവരിൽ ഒരു കൂട്ടർ മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു. എന്നിരുന്നാലും അവൎക്കും മരണത്തോടുകൂടി പിതാക്കന്മാരോടു് ചേരുകമാത്രമേ ചെയ്യേണ്ടതുള്ളു. പിതാക്കന്മാരോടു ചേരുന്നതിനുപകരം ദൈവത്തോടുചേരുക എന്നുള്ള ആശയം മാനവചരിത്രത്തിൽ ഒന്നാമതായി അവതരിപ്പിച്ചതു് ക്രിസ്തുവിൻെറ വലത്തു വശത്തു തൂങ്ങിയ കള്ളനാണ്. ''നീ നിൻെറ രാജ്യത്തിൽ എത്തുമ്പോൾ എന്നെയും ഓൎക്കണമെ''.

ഹിന്തുമതത്തിലും മററും വ്യക്തിത്വം നഷ്ടപ്പെടുത്തി പരബ്രമ്മത്തിൽ ലയിക്കുന്നതിൽ വരനുള്ള വധുവിൻെറ അപ്പ്ണം കണ്ടെത്തുവാൻ സാധിക്കുകയില്ല. എന്നാൽ ഈ നല്ലകള്ളൻെറ അപ്പ്ണവും പൂണ്ണമല്ല. തൻെറ പിതാവിൻെറ ഭവനത്തിൽ മനുഷ്യക്ക് സ്ഥലമൊരുക്കുന്നതിനു് വന്ന ക്രിസ്തു തന്നെ സ്മരിക്കണമെന്നല്ല പിതാവിനോടാവശ്യപ്പെടുന്നതു്. ''എൻെറ പിതാവെ എൻെറ ആത്മാവിനെ നിൻെറ തൃക്കരങ്ങളിൽ സമപ്പിക്കുന്നു.'' വധുവിൻെറ സംപൂണ്ണ പ്രതിഷ്ഠയാണു് അവിടുത്തേ ലക്ഷ്യം. അതു് ഒററതിരിഞ്ഞുള്ള ഒരു സംഭവവുമല്ല. പ്രതിഷ്ഠാജീവിതത്തിൻെറ മകുടം മാത്രമാണു് പ്രതിഷ്ഠാമരണം. ''എല്ലാം പൂത്തിയായി'' ഒന്നാമത്തെ മനുഷ്യൻ (ആദം) ഈ പ്രതിഷ്ഠയ്ക്കു് വിസമ്മതിച്ചു. അയാൾക്കു് പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കഴിഞ്ഞില്ല. ആദ്യത്തെ സ്നേഹലബോറട്ടറി പരീക്ഷണം പരാജയമടഞ്ഞു. രണ്ടാമത്തെ പരീക്ഷണത്തിൽ വിജയം നേടി. പാപമൊഴിച്ച് ശരീരത്തിൻെറ അവശതകളെല്ലാം ക്രിസ്തുവിനുമുണ്ടായിരുന്നു. ''പാടുണ്ടെങ്കിൽ ഈ കാസ ഒഴിഞ്ഞുപോകട്ടെ. എങ്കിലും എൻെറ മനസ്സല്ല നിൻെറ തിരുമനസ്സ്.'' അന്തിമഘട്ടമായപ്പോഴേയ്ക്കും പിതാവുകൂടിയും തന്നെ ഉപേക്ഷിച്ചതുപോലെ തോന്നി. പിതാവിൻെറ മുഖം ഇരുണ്ടു. പ്രിയ പുത്രനായിട്ടല്ല ലോകപാപങ്ങൾവഹിക്കുന്ന അപരാധിയായിട്ടാണു് പുത്രനെ വീക്ഷിക്കുന്നതു്.'' എൻെറ ദൈവമെ എൻെറ ദൈവമെ എന്തുകൊണ്ടു് നീ എന്നെ കൈവിട്ടു എന്നു് നിലവിളിക്കുകയായി. വരൻ തന്നെ കൈവിട്ട സ്ഥിതിയ്ക്കു് എന്തിനു് വരനു് സ്വയം അപ്പിക്കുവാൻ വധു മിനക്കെടുന്നു? ആദിമനുഷ്യൻെറ അനുഭവം ആവത്തിക്കപ്പെടുവാനാണോ പോകുന്നതു്? പൊട്ടിക്കപ്പെടുവാൻ പാടില്ലാത്ത ഒരു നൂലുകൊണ്ടെന്നവണ്ണം ക്രിസ്തു പിതാവുമായി ബന്ധിക്കപ്പെട്ടിരുന്നു. പിതാവു് തന്നെ ഉപേക്ഷിച്ചിട്ടില്ലെന്നു് ക്രിസ്തുവിനു് പരിപൂണ്ണ ബോധമുണ്ടു്. തന്നെ ഉപേക്ഷിച്ചതായി നടിക്കുന്ന വരനു് ക്രിസ്തു സ്വയം സംപൂണ്ണമായി സമപ്പിക്കുന്നു.

## അദ്ധ്യായം 14

# സ്നേഹലബോറട്ടറി

ശാസ്ത്രീയഗവേഷണങ്ങൾക്കായി വസ്തുക്കളുടെ സ്വഭാവവും പ്രവത്തനങ്ങളും പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുന്ന പരീക്ഷണശാലയേയാണു് ''ലബോറട്ടറി'' (Laboratary) എന്ന ഇംഗ്ലീഷ്പദം സൂചിപ്പിക്കുന്നതു്. പ്രകൃതിയിൽ സംഭവിക്കുന്ന പരിവത്തനങ്ങ

ളുടെ ചുരുക്കം സാമ്പിളുകൾ മാത്രമേ ഇവിടെ പരിശോധിക്കുന്നുള്ളു. ഈ വാക്യത്തിന്റെ അത്ഥവ്യാപ്തി വികസിപ്പിച്ച് പ്രകൃതിയെ മുഴുവൻ മൊത്തത്തിൽ ലബോറട്ടറി എന്നു വിളിക്കാം. ലോകായതികർ മനുഷ്യനെ സമൂലം പ്രകൃതിലബോറട്ടറിയുടെ പ്രവത്തനപരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് പഞ്ചവത്സരപദ്ധതികൾ കരുപ്പിടിപ്പിക്കുന്നതു്. എന്നാൽ പ്രകൃത്യാതീത ലക്ഷ്യത്തിലേയ്ക്കു് വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ പ്രകൃതിയ്ക്കെല്ലാം അതീതമായ ഒരു ലബോറട്ടറിയുടെ പ്രവത്തനത്തിനു വിധേയനായിക്കൊണ്ടുവേണം പൂണ്ണവളച്ചയിൽ എത്തുവാൻ. ഈ ലബോറട്ടറിയ്ക്കു് സ്നേഹലബോറട്ടറി എന്നു വേണമെങ്കിൽ പേരുകൊടുക്കാം. അതിന്റെ ഉത്ഭവം ദൈവത്തിന്റെ അഭ്യന്തരജീവിതത്തിലാണ്. ഈ ലബോറട്ടറി ഭൂമിയിൽ സ്ഥാപിക്കുവാനാണ് മനുഷ്യാവതാരം. ക്രിസ്തു തന്നെയാണ് അതിന്റെ പ്രവത്തനത്തിനു് ആദ്യം വിധേയനായതു്. മററു മനുഷ്യരെയും അതിന്റെ പ്രവത്തനത്തിനു് വിധേയരാക്കി. കൊടുത്തു സ്നേഹിക്കുന്നതിനും കൊടുത്തു ഭാഗ്യമനുഭവിക്കുന്നതിനും പരിശീലിപ്പിക്കണം. ഇതിനു വേണ്ടിയാണ് ക്രിസ്തു ഒരു ദൃശ്യസഭയെ സ്ഥാപിച്ചതു്.

ക്രിസ്തുവിന്റെ പ്രേഷിത വേലയുടെയെല്ലാം ലക്ഷ്യം ദൈവരാജ്യസ്ഥാപനമാണ്. ഈ ദൈവരാജ്യം ഇസ്രായേൽ ജനത പ്രതീക്ഷിച്ചിരുന്നതുപോലുള്ള ഒരു ഭൌതികരാജ്യമല്ലെന്നു വ്യക്തമാക്കി. ''ദൈവരാജ്യം വന്നിരിക്കുന്നു. അനുതപിക്കുവിൻ'' ഭൌതീകരാജ്യവും അനുതാപവുമായിട്ടു് ഒരു ബന്ധവുമില്ല. മനുഷ്യഹൃദയങ്ങളെ സംസ്കരിക്കുകയാണ് ദൈവരാജ്യത്തിന്റെ ലക്ഷ്യം. മനുഷ്യരെ സംസ്കരിച്ച ഉത്തമ പൗരന്മാരാക്കി മനുഷ്യനഗരം ലോകത്തിൽ പണിയുകയുമല്ല അവിടുന്നു് ചെയ്യുന്നതു്. പിതാവിന്റെ ഭവനത്തിൽ മനുഷ്യക്കു് സ്ഥലം ഒരുക്കുവാനാണ് അവിടുന്നു് വന്നിരിക്കുന്നതു്. ലോകാവസാനത്തിൽ ഉദയം ചെയ്യേണ്ട ദൈവരാജ്യത്തിനു് ഒരുക്കുവാനാണ് അവിടുന്നു് വന്നിരിക്കുന്നതു്. ദൈവരാജ്യത്തിലെ പൌരന്മാരാകുന്നതിനു് കൊടുത്തു സ്നേഹിച്ചുകൊണ്ടു് ദൈവീക കുലീനത്വം പ്രാപിച്ചിരിക്കണം. ദൈവീക കുലീനപ്രാപ്തിയ്ക്കു ഒരുക്കുവാനുള്ള ലബോറട്ടറിയാണ് അവിടുന്നു് സ്ഥാപിച്ച ദൃശ്യസഭ.

## അപ്പസ്തോല സമൂഹം

പ്രേഷിതവേലയുടെ ആരംഭംമുതൽ ക്രിസ്തു ഏതാനും പേരെ തിരഞ്ഞെടുത്തു് അപ്പസ്തോലന്മാരെന്ന പേരിൽ തന്റെ വക്താക്കളായി സ്ഥാപിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നുണ്ടു്. സുവിശേഷത്തിലെ ദൈവരാജ്യത്തെപ്പററിയുള്ള ഉപമകളിൽ പലതും ദൃശ്യമായ ഒരു സമൂഹത്തോടാണ് പൊരുത്തപ്പെടുന്നതു്. കാലാന്തരത്തിൽ മനുഷ്യരെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഭരിച്ച നടത്തുന്നതിനും അവരെ അധികാ

രപ്പെടുത്തി. ''എൻെറപിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയയ്ക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളോടും എൻെറ സുവിശേഷം പ്രസംഗിക്കുക ഞാൻ പറഞ്ഞിട്ടുള്ളവ ആചരിക്കുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുവിൻ. നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.'' എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു. ''നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു.'' ''നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും.'' പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യം ലോകാവസാനം വരെ അവരോടുകൂടി ഉണ്ടായിരിക്കുമെന്നു് ഉറപ്പുകൊടുത്തുകൊണ്ടു് ഈ അധികാരങ്ങളെല്ലാം പിൻഗാമികളിലേയ്ക്കു പ്രവഹിക്കുമെന്നു് അവിടുന്നു് വ്യക്തമാക്കി.

## പരമാധികാരി

വീണ്ടും അപ്പസ്തോലയുഗത്തിൽ അരാജകത്വം ഒഴിവാക്കുവാൻ വേണ്ടി ശിമയോൻ പത്രോസിനെ സഭയുടെ പരമാധികാരിയായി സ്ഥാപിച്ചു. പാറ കെട്ടിടത്തിനു് ഉറപ്പും ഐക്യവും നല്കുന്നതുപോലെ പത്രോസിൽ സ്ഥാപിതമായ പരമാധികാരമാണു് സഭയ്ക്കു് ഉറപ്പും ഐക്യവും നല്കേണ്ടതു്. അപ്പസ്തോലന്മാർക്കെല്ലാവർക്കും കെട്ടുന്നതിനും അഴിക്കുന്നതിനും ഉള്ള അധികാരമുണ്ടു്. പരമാധികാരത്തെ സൂചിപ്പിക്കുന്ന താക്കോലിൻെറ അധികാരം പത്രോസിനു് നല്കുന്നു. അവസാനമായി സഭമുഴുവനെയും മേയിക്കുന്നതിനുള്ള അധികാരം നല്കിക്കൊണ്ടു കുരിശുമരണത്തിനു മുമ്പു് വാഗ്ദാനം ചെയ്തിരുന്ന പരമാധികാരത്തിൽ പത്രോസിനെ ഉറപ്പിച്ചു.

## പൌരധ്വനിയനുസരിച്ചല്ല പരിശുദ്ധാത്മാവിൻെറ ധ്വനിയനുസരിച്ചു്

ജനകീയഭരണമല്ല ക്രിസ്തുവിൻെറ ലക്ഷ്യം. രാഷ്ട്രീയ സമൂഹത്തിൽ നിന്നും ക്രിസ്തു സഭയെഖണ്ഡിതമായി വേർതിരിക്കുന്നു. ''കേസറിൻേറതു് കേസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുക്കുക.'' ആത്മീയതുറയിൽ സഭയ്ക്കു് പരമാധികാരമുണ്ടു്. അതിലെ അധികാരികളെ ജനങ്ങൾ തിരഞ്ഞെടുക്കുകയല്ല ദൈവം നിയമിക്കുകയാണു്. അവരുടെ പിൻതുടച്ച് നിർണ്ണയിക്കേണ്ടതു് ജനങ്ങളല്ല അധികൃതസമൂഹമത്രേ. അധികൃതരുടെ സ്വേഛരാതിപത്യമല്ല ക്രിസ്തു ഉദ്ദേശിക്കുന്നതു്. ഭരിക്കുക എന്നുള്ളതു് കീഴുള്ളവരെ ശുശ്രൂഷിക്കുകയാണു്. പൌരധ്വനിയനുസരിച്ചല്ല പരിശുദ്ധാത്മാവിൻെറ ധ്വനിയനുസരിച്ചാണു് സഭാഭരണം നിർവ്വഹിക്കേണ്ടതു്.

ക്രിസ്തുവിൻെറ മാതൃകയനുസരിച്ച് അവർ അംഗീകാരമുള്ളവരെപ്പോലെ പഠിപ്പിക്കണം. ക്രിസ്തു തൻെറ സന്ദേശം ദൈവീകമെന്നു് അവകാശപ്പെട്ടന്നുണ്ടു്. ഇതിനകം തൻെറ ദൈവത്വം ഖണ്ഡിതമായി പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവാനാണു് കല്പന. എല്ലാ മനുഷ്യരും ഈ സന്ദേശം സ്വീകരിക്കുവാൻ കടപ്പെട്ടുന്നു. അവരെ കേൾക്കുന്നവർ രക്ഷിക്കപ്പെട്ടും. കേൾക്കാത്തവർ വിധിക്കപ്പെട്ടും. ദൈവം ഒരു സന്ദേശം അവതരിപ്പിക്കുന്ന പക്ഷം അതു സ്വീകരിക്കുവാൻ എല്ലാമനുഷ്യരും പ്രകൃതിനിയമത്താൽ കടപ്പെട്ടുന്നു. ദൈവസന്ദേശത്തെപ്പററി ബോധ്യപ്പെട്ടതിൻെറ ശേഷവും അതു സ്വീകരിക്കാതിരുന്നാൽ കുററക്കാരനായി വിധിക്കപ്പെട്ടും. ദൈവേഷ്ടത്തിനു് പൂണ്ണമായി സ്വയം പ്രതിഷ്ഠിക്കുന്ന ആളിൻെറ പക്കൽ ഈ സന്ദേശം എത്താതിരിക്കുകയോ എത്തിയാൽ തന്നെ അതിൻെറ ദൈവീക ഉത്ഭവം മനസ്സിലാകാതെ വരികയോ ചെയ്താലും അയാൾ പരോക്ഷമായി ക്രിസ്തുവിൻെറ സന്ദേശം സ്വീകരിക്കുന്നുണ്ടു്.

## ഒററ മൂലികൾകൊണ്ടല്ല വിശുദ്ധീകരിച്ചുകൊണ്ടു്

അപ്പസ്തോലന്മാർ ചെയ്യേണ്ടിയിരുന്നതു് ക്രിസ്തു അവരെ ഏല്പിച്ച സന്ദേശം ലോകത്തിൻെറ അതിത്തികൾ വരെ എത്തിക്കുകയും എല്ലാമനുഷ്യരെയും പഠിപ്പിക്കുകയും പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനപ്പെടുത്തി വിശുദ്ധീകരിക്കുകയും ഭരിച്ചുനടത്തുകയുമാണു്. പഠിപ്പിക്കുകയും സ്നാനപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു് സ്നേഹവിപ്ലവം എങ്ങനെ മുന്നേറും. സ്നേഹവിപ്ലവം കൊണ്ടു് സാമാന്യ ജനങ്ങൾ മനസ്സിലാക്കുന്നതു് കൊടുത്തുകൊണ്ടുള്ള സ്നേഹമല്ല വൈകാരികമായ സ്നേഹമാണു്. ദൈവസ്നേഹം അവരുടെ പരിഗണനയിൽ പെടുന്നതേയില്ല. പലക്കും ദൈവവും മതവുമെല്ലാം സ്നേഹത്തിൽ ഇടപെടേണ്ടതായിട്ടില്ല. മതപ്രേരിതമല്ലാത്ത ഒരു സുകൃതമാണുപോലും സ്നേഹം. മതം സ്നേഹത്തെ മരവിപ്പിക്കുകയും അതിൻെറ സ്വാദു് നഷ്ടപ്പെടുത്തുകയും ചെയ്യുമെന്നാണു് പലരുടേയും ആശങ്ക. മനുഷ്യരുടെ ഇടയിൽ സ്നേഹവും പരസ്പര ധാരണയും സൌഹാർദ്ദവും പുലത്തുന്നതിനുവേണ്ടി സവ്വദേശീയമായ തോതിൽ കളികളും വിനോദങ്ങളും വിരുന്നുകളും ക്ലബ്ബുകളും സാസ്കാരിക സംഘടനകളും രാഷ്ട്രീയവും വ്യാപാരപരവുമായ സമ്മേളനങ്ങളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണു് ഇതു്. അലക്സാണ്ടർ ചക്രവത്തി പാശ്ചാത്യ പൌരസ്ത്യദേശങ്ങളെ യോജിപ്പിക്കുന്നതിനുവേണ്ടി ഒരു പേഷ്യൻ രാജകുമാരിയെ വിവാഹം കഴിക്കുകയും തൻെറ പടയാളികളും പ്രജകളും വിദേശിയരെ വിവാഹം കഴിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മിശ്രവിവാഹം വഴി ലോകത്തെ ഒന്നാക്കിത്തീക്കുക ആയിരുന്നു അദ്ദേഹത്തിൻെറ പ്ലാൻ. സ്തുത്യഹമായ

ഈ ലക്ഷ്യങ്ങൾ വിലമതിക്കപ്പെടുകതന്നെ വേണം. എന്നാൽ ലോകാരംഭം മുതലുള്ള സ്ഥായിയായ പ്രശ്നങ്ങൾ ഈ ഒററ മൂലികൾ കൊണ്ടു് പരിഹരിക്കപ്പെടുമൊ എന്നു് കണ്ടറിയേണ്ടിയിരിക്കുന്നു.

ക്രിസ്തുവിൻെറ സ്നേഹലബോറട്ടറിയിൽ സംശയാസ്പദങ്ങളായ ഒററ മൂലികൾ തിരസ്കരിക്കപ്പെടുന്നു. ഒരു ദിവസം കൊണ്ടു് ലോകത്തെ സംസ്കരിക്കുവാനുള്ള ബദ്ധപ്പാടൊന്നുമില്ല അവിടെ. ഫലത്തിൽ നിന്നാണു് അവിടെ വൃക്ഷം നിർണ്ണയിക്കുന്നതു്. സ്വാത്ഥപൂർണ്ണവും വൈകാരികവുമായ സ്നേഹം അവിടെ വിലമതിക്കപ്പെടുന്നില്ല. നല്ല സമ്രായനിൽ വൈകാരികമായ സ്നേഹം അധികമൊന്നും കണ്ടെത്തുകയില്ല.

## ദൈവസ്നേഹം പരസ്നേഹത്തിൻെറ മൂലം

ക്രിസ്തുവിൻെറ ലബോറട്ടറിയിൽ പരസ്നേഹം അത്ര എളുപ്പമുള്ള സുകൃതമല്ല. ദൈവസ്നേഹമാണു് പരസ്നേഹത്തിൻെറ മൂലം. സവ്വനന്മയായ സ്രഷ്ടാവായ ദൈവം മനുഷ്യൻെറ സ്നേഹം അർഹിക്കുന്നു. മററുള്ളവർ സ്നേഹിക്കപ്പെടുന്നതു് അവരുടെ വ്യക്തിപരമായ ഗുണങ്ങൾ മൂലമല്ല അവർ ദൈവത്തിൻെറ മക്കളായതുകൊണ്ടാണു്. ദൈവത്തിൻെറ ഛായ അവരിൽ പതിഞ്ഞിരിക്കുന്നു. അവക്കു ചെയ്യുന്നതെല്ലാം ദൈവത്തിനുതന്നെ ചെയ്യുന്നതായിട്ടാണു് അവിടുന്നു് കരുതുന്നതു്. അവരെ ദ്വേഷിക്കുന്നവർ ദൈവത്തെ ദ്വേഷിക്കുന്നു. ''നീ ബലി അപ്പിക്കുവാൻ ചെല്ലുമ്പോൾ നിൻെറ സഹോദരനു് നിനക്കെതിരായി എന്തെങ്കിലും ഉണ്ടെങ്കിൽ ബലിസാധനം അവിടെവെച്ചു് ആദ്യമായി സഹോദരനുമായി രമ്യപ്പെടുക. അതിൻെറ ശേഷം വന്നു ബലി അപ്പിക്കുക.'' ദൈവത്തിൻെറ പിതൃത്വമാണു് മനുഷ്യരുടെ പരസ്പര സഹോദര്യത്തിനു് നിദാനം. ''മററുള്ളവർ നിന്നോടു് എന്തു ചെയ്യണമെന്നാഗ്രഹിക്കുന്നുവൊ അങ്ങനെ മററുള്ളവരോടും ചെയ്യുക.'' നമ്മുടെ ഭാഗധേയങ്ങളെല്ലാം പിതാവായ ദൈവത്തിൽ സമ്മേളിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടാൽ നമുക്കു് അസൂയയോ സ്വാത്ഥമൊ ഉണ്ടാകുകയില്ല. നമ്മുടെ ദൈവസ്നേഹത്തിൻെറ തോതനുസരിച്ചായിരിക്കും സഹോദരസ്നേഹം. കാണപ്പെടുന്ന സഹോദരനെ സ്നേഹിച്ചു കൊണ്ടുവേണം കാണപ്പെടാത്ത ദൈവത്തോടുള്ള സ്നേഹത്തിൽ വദ്ധിച്ചുവരുവാൻ. ദൈവത്തിനുവേണ്ടിയല്ലാത്ത ആളുകൾ പലപ്പോഴും ബദ്ധവൈരികളായിത്തീരുന്നതു് നാം കാണുന്നുണ്ടു്. ഇരുകൂട്ടരും അപരനെക്കൊണ്ടു് ആദായമെടുക്കുന്നതിനു് അടുത്തുകൂടി. ഒരാൾക്കൊ ഇരുകൂട്ടക്കുമൊ ഇച്ഛാഭംഗം നേരിട്ടതാണു് ഈ പിണക്കത്തിനു കാരണം. മതവും ദൈവസ്നേഹവും അധമമായ സ്നേഹത്തെ മരവിപ്പിക്കുകയോ അതിലെ സ്വാദു് എടുത്തുകളയുകയോചെയ്തു എന്നു വന്നേക്കാം. കൊലപാതകത്തിൽ ചെന്നവസാനിക്കേണ്ട ആ സ്നേഹത്തിൻെറ സ്വാദു് എടുത്തുകളഞ്ഞതു് അവക്കു് മോചനമാഗ്ഗമായിത്തീരുന്നു.

## സ്നേഹലബോറട്ടറി ദൈവസ്നേഹത്തെ തചരിപ്പിക്കുന്നതു്

### പാപവിഷത്തെ നീക്കിക്കൊണ്ടു്

സ്നേഹലബോറട്ടറിയുടെ പ്രഥമ പ്രവത്തനം മൌലീകമായ ദൈവസ്നേഹത്തെ തചരിപ്പിക്കുകയാണു്. അതിലെ പ്രഥമഘട്ടം തടസ്സങ്ങളെ നീക്കുകയത്രെ. ദൈവസ്നേഹത്തിനുള്ള പ്രധാന തടസ്സം പാപമാണു്. ''ദൈവരാജ്യം വന്നിരിക്കുന്നു. അനുതപിക്കുവിൻ.'' പരമാന്ത്യമായി വരിച്ചിരിക്കുന്ന സൃഷ്ടികളെ ഉപേക്ഷിച്ചു ദൈവത്തെ പരമാന്ത്യമായി വരിച്ചുകൊണ്ടാണു് ദൈവസ്നേഹം വളത്തുന്നതു്. വലതുകണ്ണു് ഇടച്ചു കൊടുക്കുന്നുവെങ്കിൽ അതിനെ പിഴുതു കളയണം. പാപത്തിൻെറ കെട്ടുകൾ വെട്ടിനീക്കിയാൽ മാത്രമേ മനുഷ്യൻ സ്വതന്ത്രനാകുകയുള്ളു. പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാകുന്നു എന്നാണു് ക്രിസ്തുവിൻെറ വാദം. യജമാനൻെറ ചങ്ങല മനുഷ്യൻെറ കൈകാലുകളെ ബന്ധിച്ചേക്കാം. മനസ്സിനെ അടിമയാക്കുന്നതു അസത്യവും പാപവുമാണു്. ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും.'' എന്നാണു് അവിടുന്നു് അരുളിച്ചെയ്യുന്നതു്. ശരിയായ ജീവിത വീക്ഷണവും സൃഷ്ടികളുടെ കെട്ടുകളിൽ നിന്നുള്ള മോചനവും മനുഷ്യൻ പ്രാപിച്ചു കഴിഞ്ഞാൽ സ്വതന്ത്രനായി. തന്മൂലം ക്രിസ്തുവിൻേറയും അവിടുത്തെ ലബോറട്ടറിയുടേയും സവ്വശ്രദ്ധയും കേന്ദ്രീകരിക്കുന്നതു്. മനുഷ്യനെ പാപത്തിൽനിന്നും മോചിപ്പിച്ചു് ദൈവകേന്ദ്രിതമായ ഒരു ജീവിതവീക്ഷണം നല്കുന്നതിലാണു്. പാപത്തിൻെറ യാഥാത്ഥ്യത്തെപ്പററി ബോധമില്ലാത്ത ലോകായതികൻ സഭയുടെ ഈ ഉദ്യമത്തെ നിഴലിനെതിരായ ഒരു യുദ്ധമായിട്ടാണു് താറടിക്കുന്നതു്. അപ്പസ്തോലന്മാർ വാമൊഴിയായും വരമൊഴിയായും ക്രിസ്തുവിൻെറ സന്ദേശം ലോകത്തിൽ അവതരിപ്പിച്ചു. ഇന്നും അവതരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആദ്യനൂററാണ്ടിൽതന്നെ വിരചിതമായ സുവിശേഷങ്ങളും ലേഖനങ്ങളും ഈ സന്ദേശത്തെ ലോകസമക്ഷം അന്നും ഇന്നും അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. പാപമോചനം പ്രാപിച്ചു് ദൈവസ്നേഹത്തിൽ വളരുന്നതിനും അതുവഴിയായി പരസ്നേഹം കാര്യക്ഷമമാകുന്നതിനുമായി ക്രിസ്തു സഭയെ ഏല്പിച്ച കൂദാശകൾ അഥവാ ദൃശ്യ അടയാളങ്ങൾ വഴി സഭ എക്കാലത്തും തൻെറ വിശുദ്ധീകരണ ജോലിനിവ്വഹിച്ചുകൊണ്ടിരിക്കുന്നു.

### സഭയുടെ അദൃശ ദൈവീക ഘടകം

ക്രിസ്തു സ്ഥാപിച്ച സഭയ്ക്കു് സംഘടനതുടങ്ങിയുള്ള ദൃശ്യഘടകം മാത്രമേയുള്ളുവെങ്കിൽ സ്നേഹവിപ്ലവം കടുകിടപോലും മുന്നേറുവാൻ പോകുന്നില്ല. സഭ വെറും ഒരു സംഘടനമാത്രമേ ആകുന്നുള്ളുവെങ്കിൽ, അതുഎത്രതന്നെ അധികൃതമായിരുന്നാലും, സന്ദേശകർ എത്രതന്നെ സമത്ഥരായിരുന്നാലും, അവരുടെ സന്ദേശങ്ങൾ എത്രതന്നെ

ഉൽകൃഷ്ടങ്ങളായിരുന്നാലും അവയെല്ലാം മാനുഷീകഫലങ്ങൾ പുറപ്പെടുവിക്കുന്നതല്ലാതെ ആത്മാവിനെ സംസ്കരിക്കുകയില്ല. മററു മതങ്ങളിലെന്നപോലെ അതു് വെറും ഒരു സംഘടനമാത്രമായിരുന്നാൽ അതിലെ സ്നാനംവഴി ശരീരത്തിലെ ചെളി പോകുമെന്നല്ലാതെ ആത്മാവിൽ യാതൊരു മാററവും വരികയില്ല. സഭ വെറും ഒരു മാനുഷികസ്ഥാപനമായിരുന്നാൽ അതിലെ സന്ദേശവും പ്രസംഗങ്ങളും സുവിശേഷങ്ങളും മനുഷ്യർ വാനോളം പുകഴ്ത്തിയേക്കാമെന്നല്ലാതെ ആരും വിശ്വാസം വഴി തങ്ങളെതന്നെ അടിയറവെയ്ക്കുകയില്ല.

ക്രിസ്തു സ്ഥാപിച്ച സഭ വെറും ഒരു സംഘടനയല്ല. ദൃശ്യഘടകത്തിനു പുറമെ ഒരു അദൃശ്യഘടകം കൂടിയുണ്ടു്. മാനുഷീക ഘടകത്തിനു പുറമെ ഒരു ദൈവീകഘടകം കൂടിയുണ്ടു്. സഭ ഒരു നിർജ്ജീവ സംഘടനയല്ല ഒരു സജീവശരീരമത്രേ (organism). ശരീരത്തെ ആത്മാവു് ജീവിപ്പിക്കുകയും ചലിപ്പിക്കുകയും പ്രവത്തിപ്പിക്കുകയും ചെയ്യുന്നതുപോലെ ക്രിസ്തുവിൻെറ അരൂപി (പരിശുദ്ധാത്മാവു്) അതിനെ ജീവിപ്പിക്കുകയും ചലിപ്പിക്കുകയും പ്രവത്തിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവു് ലോകാവസാനത്തോളം സഭയോടുകൂടി ഉണ്ടായിരിക്കുമെന്നു് ക്രിസ്തു വാഗ്ദാനം ചെയ്യുന്നുണ്ടു്. സഭയോടുകൂടി ഉണ്ടായിരിക്കുമെന്നു പറയുന്നതിൽനിന്നു് സഹവത്തിത്വമല്ല മനസ്സിലാക്കേണ്ടതു്. സഭയുടെ പ്രവത്തനങ്ങളെല്ലാം പരിശുദ്ധാത്മാവിൻെറ പ്രവത്തനങ്ങളാണു്. സഭ സ്നാനപ്പെടുത്തുമ്പോൾ പരിശുദ്ധാത്മാവു് പ്രവത്തിക്കുന്നതുകൊണ്ടാണു് ശരീരം കഴുകുന്നതോടുകൂടി ആത്മാവിനെയും സംസ്കരിക്കുന്നതു്. സഭയുടെ ദൃശ്യഘടകം പ്രവത്തിക്കുന്നില്ലെന്നല്ല അത്ഥമാക്കേണ്ടതു്. സഭയിലെ സൃഷ്ടിപരമായ പ്രവത്തനങ്ങളെല്ലാം പരിശുദ്ധാത്മാവിൽ നിന്നാണു്.

സഭയുടെ പ്രവത്തനങ്ങളെ ഓരോന്നായി പരിശോധിക്കാം. ദൈവവചനം പ്രസംഗിക്കേണ്ടതു് അപ്പസ്തോലന്മാരുടേയും പിൻഗാമികളുടേയും കടമയാണു് (Fides ex auditu). എന്നാൽ പട്ടുവ്യാപാരിണിയായ ലീദിയായുടെ ഹൃദയം ദൈവം തുറന്നതുകൊണ്ടാണു് അവർ പൗലോസിൻെറ വചനം ശ്രവിച്ചതു്. ''എൻെറ പിതാവു് ആകർഷിക്കാതെ ആരും എൻെറ അടുക്കലേക്കു് വരുന്നില്ല''. സുവിശേഷകൻ സ്വന്തം വ്യക്തിത്വമുദ്രയോടുകൂടി സുവിശേഷം എഴുതുന്നുവെങ്കിലും അതിനെ പ്രേരിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതു് പരിശുദ്ധാത്മാവാണു്. അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ദൈവത്തിൻെറ ആശയം മനസ്സിലാക്കുന്നതു് പരിശുദ്ധാത്മാവിൻെറ വെളിച്ചത്തിൽ സുവിശേഷങ്ങളെ പരിശോധിക്കുമ്പോഴാണു്.

## വിശ്വാസം ഹൃദയത്തിൻേറതായ കാരണങ്ങളാൽ

ക്രിസ്തുവിൻെറ സന്ദേശം സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും ഹൃദയത്തിൻേറതായ കാരണങ്ങളാലെയാണു്. അവിടുത്തേ

സന്ദേശം സ്വഗ്രാമവാസികളും (നസ്രസുകാർ) സ്വജാതീയരും മൊത്തത്തിൽ തിരസ്ക്കരിക്കുകയാണ് ചെയ്തതു്. പരിശുദ്ധാത്മാവിൻെറ വെളിച്ചത്തിൽ അല്ല അവർ ഈ സത്യങ്ങളെ വീക്ഷിച്ചതു്. അവർ അവിടുത്തേ ഉപദേശങ്ങളിൽ അത്ഭുതപ്പെട്ടു. അവിടുത്തേ അത്ഭുതങ്ങളെ ചോദ്യംചെയ്തുമില്ല. ''തച്ചൻ യൗസേപ്പിൻെറ മകനല്ലേ'' എന്നുള്ളതു മാത്രമാണ് തിരസ്സരണത്തിനു കാരണം. ഭൗതീകമൂല്യങ്ങൾ മാത്രമേ അവർ സ്വീകരിക്കുകയുള്ളു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുന്നതിനുള്ള അഭിഷേകവും ഹൃദയസംസ്സരണവും മററും അവക്ക് ഒരു കാര്യവുമില്ല. ഭൗതീകമൂല്യമായി പരിഗണിക്കാവുന്ന മാന്ത്രികൻെറ ചെപ്പടിവിദ്യപോലെയുള്ള അത്ഭുതങ്ങളാണ് അവക്ക് ആവശ്യം. സത്യാന്വേഷികൾക്കുവേണ്ടിയുള്ള അത്ഭുതങ്ങൾ മാത്രമേ അവിടുന്ന് പ്രവത്തിക്കുകയുള്ളു. ''മററു ഗ്രാമങ്ങളിൽ പ്രവത്തിച്ച അത്ഭുതങ്ങൾ എന്തുകൊണ്ട് നിൻെറ ഗ്രാമത്തിൽ പ്രവത്തിക്കുന്നില്ല.'' പരിശുദ്ധാത്മാവിനെ നിരസിക്കുന്നവൻ എത്ര പ്രസംഗങ്ങൾ കേട്ടാലും എത്ര അത്ഭുതങ്ങൾ കണ്ടാലും മാനസാന്തരപ്പെടുകയില്ല. മൂശയെകേൾക്കാത്തവൻ മരിച്ചവരിൽനിന്നുയത്തെഴുന്നേററു വന്നവൻ പറഞ്ഞാൽ പോലും സ്വീകരിക്കുകയില്ല. മരിച്ചവരിൽ നിന്നുയത്ത ലാസറിനെ കൊല്ലുവാനാണ് അവർ ശ്രമിച്ചതു്. ഇന്ന് ഡോക്ടർമാർ ഐക്യകണ്ഠ്യേന പ്രകൃത്യാതീതമെന്നു വിധിച്ച അത്ഭുതങ്ങൾപോലും സ്വീകരിക്കാതെ അത്ഭുതങ്ങൾ അസാധ്യമെന്നുള്ള ലോകായിതിക വേദാന്തം ഉരുവിടുകമാത്രമാണ് ഭൂരിപക്ഷം ആളുകളും ചെയ്യുന്നതു്. അന്തിമമായി ഹൃദയത്തിൻേറതായ ന്യായങ്ങളാണ് വിധിനിണ്ണായകം.

## വിശ്വാസംവഴി അപൂണ്ണ ദൈവഐക്യം

വിശ്വാസം വഴി ദൈവൈക്യം പ്രാപിച്ച ആത്മാവിലാണ് ദൈവം തൻെറ സ്നേഹവിപ്ലവം കരുപ്പിടിപ്പിക്കുന്നതു്. വിശ്വാസത്തിൽ എത്തിച്ചേരുന്നതു് പഠനം വഴിയോ പ്രസംഗം വഴിയോ വായന വഴിയോ അല്ല. പരിശുദ്ധാത്മാവുമൂലമാണ്. വിശ്വാസത്തിൽ ഒരു ആത്മസമപ്പണം അന്തർഭവിച്ചിട്ടുണ്ട്. അജ്ഞാതമായ രംഗത്തേയ്ക്കുള്ള ഒരു എടുത്തുചാട്ടമാണ് അതു്. ദൈവകല്പന അനുസരിച്ച് നാടും വീടും ഉപേക്ഷിച്ച് വിദേശത്തേയ്ക്കു പുറപ്പെട്ട അബ്രാഹത്തിൻെറ ആത്മസമപ്പണം വിശ്വാസത്തിൽ അന്തർഭവിച്ചിരിക്കുന്നു. കയ്യിലിരിക്കുന്ന ഒരു പക്ഷിക്ക് മരത്തേലിരിക്കുന്ന രണ്ടു പക്ഷിയുടെ വിലയുണ്ട്. (A bird in the hand is worth two in the bush) എന്നാണ് ആപ്തവ്യാകം. കൈയ്യിലിരിക്കുന്ന ഭൗതീക മൂല്യങ്ങൾ ഉപേക്ഷിച്ച് സംശയാസ്പദമായ ആത്മീയമൂല്യങ്ങൾ തേടേണ്ടതില്ലെന്നാണ് ലോകായിതികരുടെ വാദം. കയ്യിലിരിക്കുന്ന നശ്വരമായ ഭൗതീക നന്മകളെ ഉപയോഗിച്ച് അനശ്വരനന്മകൾ പ്രാപിക്കണമെന്നാണ് (ചിതൽ തിന്നുകയും കള്ളൻ മോഷ്ടിക്കുകയും ചെയ്യാത്ത സ്വർഗ്ഗരാജ്യത്തിൽ സമ്പാദ്യങ്ങൾ നിക്ഷേപിക്കണം) ക്രിസ്തുവിൻെറ വാദം. പ

ത്തുപറ വിളവിനുവേണ്ടി ഒരു പറ വിത്തു് പാടത്തിറക്കുന്നതിലും കൂടുതലായ പരാജയസാദ്ധ്യത (risk) ഇവിടെ അന്തർഭവിച്ചിട്ടുണ്ടു്. ഭൌതീകമൂല്യങ്ങളിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവൻ അവയുടെ നശ്വരതയും ശുഷ്കതയും വ്യർത്ഥതയും അനുഭവജ്ഞാനംകൊണ്ടു് ബോധ്യമായാൽപോലും അതിൻെറ ചവിട്ടും തൊഴിയും കൊണ്ടു് അവിടെ കിടക്കുന്നതല്ലാതെ അതിനെ ഉപേക്ഷിച്ചു് ധാർമ്മികമൂല്യങ്ങൾ നേടുകയില്ല.

## ശിശു തുറന്ന സത്യാന്വേഷി

ഇക്കൂട്ടർ സത്യാന്വേഷികളല്ല. സത്യം കണ്ടുപിടിക്കുവാനല്ല സത്യം കാണാതിരിക്കുവാൻ ഗവേഷണം നടത്തുന്നവരാണു് ഇവർ. പരിശുദ്ധാത്മാവിൻെറ വെളിച്ചം തങ്ങളിൽ പ്രവേശിക്കാതിരിക്കുവാൻ അവർ പഴുതുകളെല്ലാം അടയ്ക്കുന്നു. വിശ്വാസത്തിനു് തുറന്ന മനസ്ഥിതിയാണു് ആവശ്യം. മനസ്സുതിരിഞ്ഞു ശിശുക്കളെപ്പോലെയാകുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യം പ്രാപിക്കുകയില്ല എന്നാണു് ക്രിസ്തു ഉറപ്പിച്ചു പറയുന്നതു്. ശിശുത്വം കൊണ്ടു് ഉദ്ദേശിക്കുന്നതു് ആത്മാർത്ഥതയും സത്യാന്വേഷണവുമാണു്. തുറന്ന മനസ്ഥിതിയിൽ എത്തിച്ചേരുന്നതിനു് ഒരു മാനസാന്തരം ആവശ്യമാണെന്നാണു് ക്രിസ്തുവിൻെറ സങ്കല്പം. സാമാന്യമായി മനുഷ്യൻ ജനിച്ചു വളന്ന ചട്ടക്കൂട്ടിൽ ചിന്തിക്കുകയും അതിനെ ന്യായീകരിക്കുന്നതിനുള്ള വാദമുഖങ്ങൾ കൊണ്ടുവരികയാണു് പതിവു്. മുൻവിധികളിൽനിന്നു് സ്വാതന്ത്ര്യനാകാതെ മനുഷ്യൻ സത്യത്തിൽ എത്തിച്ചേരുകയില്ല എന്നുള്ളതു് നിസ്സംശയമാണു്. മറെറാരിടത്തും ബന്ധപ്പെടാതെ, മുൻബാധ്യതകളൊന്നുമില്ലാതെ പുതുതായി ജനിച്ചുവീണ ഒരാളിനെപ്പോലെ വേണം സത്യത്തെ അഭിമുഖീകരിക്കുവാൻ. ഓരോരുത്തൻെറയും ജീവിതത്തോടു് തലമുറതലമുറയായി അലിഞ്ഞു ചേന്നിരിക്കുന്ന ആശയങ്ങൾക്കും സംസ്കാരത്തിനും വിശ്വാസത്തിനും അതീതമായി ഉയരുക അത്ര എളുപ്പമുള്ള കാര്യമല്ല. സമകാലീന ആശയങ്ങൾക്കെല്ലാം അതീതമായി ഉയന്നു് ചിന്തിക്കുന്ന വിപ്ലവകാരിയാണു് ശിശു. മനുഷ്യത്വം അതിൻെറ പ്രകൃതിജന്യമായ നൈർമ്മല്യത്തോടുകൂടി പ്രത്യക്ഷപ്പെടുന്ന ശിശുവിൽ മാത്രമേ വെള്ളംചേരാത്ത പാൽ കണ്ടെത്തുകയുള്ളൂ. ഇന്നു് എവിടെയും കൊട്ടിഘോഷിക്കുന്ന ''മനുഷ്യത്വം'' ''ആത്മാർത്ഥതയുള്ള അവിശ്വാസി'' (honest unbeliever) എന്നിവയെല്ലാം വെള്ളം ചേന്ന പാലാണു്. അനേകലക്ഷം കൊല്ലത്തെ വിശ്വദേവതാസംസ്കാരവും പാരമ്പര്യവും അതിൽ അലിഞ്ഞു ചേന്നിരിക്കുന്നു. ആധുനിക ''മനുഷ്യത്വത്തിലെ'' മൃഗീയത്വവും അവിശ്വാസിയുടെ വെച്ചുകെട്ടിയ ആത്മാർത്ഥതയും തെളിവായി കാണുന്നതു് പരിശുദ്ധാത്മാവിൻെറ വെളിച്ചത്തിലാണു്. ക്രിസ്തുവിൻെറ സുവിശേഷം സ്വീകരിക്കുന്നതിനു് ശിശുതുല്യമായ ആത്മാർത്ഥത ആവശ്യമാണു്. ശിശു

തുല്യമായ മനുഷ്യനു് ക്രൂശിതനായ തച്ചൻെറ മകനിൽ ദൈവീക കുലീനത്വം തെളിഞ്ഞുകാണുവാൻ സാധിക്കും. ക്രിസ്തു തന്നിൽ നിരുപാധി വിശ്വസിക്കണമെന്നു് നിഷ്കർഷിച്ചിരുന്നു. വിശ്വാസം എന്നതു പഠനത്തിൻെറ ഫലമായിസ്വന്തം വ്യവസ്ഥയിൽ സ്വീകരിക്കുകയല്ല ദൈവത്തിനു തന്നെത്തന്നെ അടിയറവെയ്ക്കുകയാണു്. പരിശുദ്ധാത്മാവു് ആത്മാവിൽ പ്രവർത്തിക്കുന്നതിൻെറ ഫലമായിട്ടാണു് ആത്മാവു് സ്വയം ദൈവത്തിനു് തുറന്നു കൊടുക്കുന്നതു്. ദൈവം പ്രവർത്തിക്കുന്നതു് മനുഷ്യ സ്വാതന്ത്ര്യത്തെ ആദരിച്ചുകൊണ്ടാണു്. മനുഷ്യനു് ആത്മാവിനെതിരായി സ്വയം അടയ്ക്കുവാനും കഴിവുണ്ടു്. വിശ്വാസം ദൈവത്തിൻെറ ഒരു ദാനമാണു്. ഈ ദാനം എല്ലാവർക്കും ലഭിക്കുന്നുണ്ടു്. ക്രിസ്തുവിനെപ്പററി കേൾക്കുകപോലും ചെയ്തിട്ടില്ലാത്ത കാട്ടുജാതിക്കും മനുഷ്യൻെറ സമ്പൂർണ്ണവും പരമവുമായ വിധേയത്വം അവകാശപ്പെടുന്ന അത്യുന്നതനായ സൃഷ്ടാവിനു് സ്വയം അടിയറവെയ്ക്കുന്നതിനുള്ള ക്ഷണം ഹൃദയത്തിൽ അനുഭവപ്പെടുന്നുണ്ടു്. ഈ ക്ഷണം സ്വീകരിച്ചു് ദൈവത്തിനായി ഹൃദയം തുറക്കുന്നവൻ ദൈവവുമായി വിശ്വാസൈക്യത്തിൽ എത്തിച്ചേരുന്നു. ഈ ഐക്യംവഴിയത്രേ സ്നേഹവിപ്ലവം മനുഷ്യഹൃദയത്തിൽ അവതരിപ്പിക്കുന്നതും, പൂർണ്ണമായ ദൈവാവിഷ്കരണത്തിനോ കാട്ടുജാതിയ്ക്കുള്ള അപൂർണ്ണമായ ആവിഷ്കരണത്തിനോ ഹൃദയം തുറന്നു് ദൈവഐക്യം പ്രാപിക്കുന്നതോടെ സ്നേഹവിപ്ലവത്തിൻ ബീജമായ കൃപാവരം പരിശുദ്ധാത്മാവു് മനുഷ്യാത്മാവിൽ നിക്ഷേപിക്കുകയായി. 'തന്നെ സ്വീകരിച്ചവർക്കു് ദൈവപുത്രരാകുന്നതിനുള്ള വരം നല്കി.'(J. 1. 12)

## കൃപാവരം വഴി പൂർണ്ണദൈവഐക്യം

പരിശുദ്ധാത്മാവിൻെറ ഒന്നാമത്തെ പ്രവർത്തനം വിശ്വാസൈക്യത്തിൽ വരുത്തുകയാണു്. രണ്ടാമത്തേതു് ദൈവപുത്രനാക്കുന്ന കൃപാവരം ആത്മാവിൽ ചിന്തിക്കൊണ്ടു് ഈ ഐക്യത്തെ പൂർണ്ണമാക്കുകയാണു്. ദൈവപുത്രൻ മനുഷ്യനായിത്തീർന്നതു് മനുഷ്യരെ ദൈവപുത്രരാക്കുവാനാണു്.

സസ്യങ്ങൾക്കാകട്ടെ മൃഗങ്ങൾക്കാകട്ടെ അവരുടെ സ്വാഭാവിക പരിധികൾക്കപ്പുറം യാതൊരു മോഹവുമില്ല. സ്യസങ്ങൾ കാണുന്നതിനോ കേൾക്കുന്നതിനോ, മൃഗങ്ങൾ അനുമാനിക്കുന്നതിനോ സ്വയം പരിശോധിക്കുന്നതിനോ ഒരു ബദ്ധപ്പാടും കാണിക്കുന്നില്ല. മനുഷ്യൻ അങ്ങനെയല്ല. മനുഷ്യൻ ഒന്നുംകൊണ്ടും തൃപ്തിപ്പെടുന്നില്ല. കുലശ്രേഷ്ഠത നഷ്ടപ്പെട്ടു് ബഹിഷ്കൃതനായി എങ്ങോട്ടെന്നറിയാതെ പരക്കംപായുന്ന ആളിൻെറ പ്രതീതിയാണു് മനുഷ്യനിൽ നാം കാണുന്നതു്. പൌരാണിക കാട്ടുജാതികളുടെ പാരമ്പര്യം മനുഷ്യനെ ദൈവം പുത്രപദവിയിൽ കൊണ്ടുനടന്നുവെന്നും പാപത്തെത്തുടർന്നു് അതെല്ലാം നഷ്ടപ്പെട്ടുവെന്നുമാണു്. സൃഷ്ടികളായ മനുഷ്യൻ പ്രകൃത്യാദൈവത്തിൻെറ

മക്കളെല്ല ഭൃത്യൻ മാത്രമാണ്. അവിടത്തെ ഔദാര്യംകൊണ്ട് അവരെ മക്കളായി സ്വീകരിക്കുകമാത്രം. ക്രിസ്തു മാത്രമാണ് ദൈവപുത്രൻ. മറ്റുള്ളവർ ദത്തുപുത്രന്മാർ മാത്രം. എന്നാൽ ദൈവത്തിൻെറ ദത്തെടുപ്പ് മനുഷ്യൻെറ പ്രകൃതിയെ ഉയർത്തി അതിന്ന് ദൈവീകകുലീനത്വം നല്കുന്നു. ഈ ദൈവീക കുലീനത്വം ലഭിക്കുന്നത് കൃപാവരം എന്നദാനം ആത്മാവിന്നു് നല്കുന്നതുകൊണ്ടാണ്. ആത്മാവു് സ്വതേ ദൈവത്തിൻെറ പക്കൽ പ്രീതികണ്ടെത്തുകയല്ല, പ്രത്യുത പ്രീതികണ്ടെത്തത്തക്കവിധത്തിലുള്ള വരം ദൈവം നല്കുകയാണ്. ഈ വരം ആത്മാവിനെ രൂപാന്തരപ്പെടുത്തി ദൈവതുല്യമാക്കുന്നു.

കൃപാവരം വഴി നാം ദൈവസ്വഭാവത്തിൽ പങ്കുകാരാകുന്നു എന്നാണ് പത്രോസ് അപ്പസ്തോലൻ പറയുന്നത്. വസ്തുവിനടുത്ത പങ്കാളിത്വമല്ല. ദൈവം ദൈവവും മനുഷ്യൻ മനുഷ്യനുമത്രേ. ദൈവസ്വഭാവത്തിൽ പങ്കുകാരാകുക എന്നതു് അവിടത്തെ ഗുണങ്ങളിലും പ്രവൎത്തനങ്ങളിലുള്ള പങ്കാളിത്വത്തെയാണ് സൂചിപ്പിക്കുന്നത്. പുത്രൻ പിതാവിൽനിന്നു് ജനിക്കുന്നതുവഴി പിതാവിൻെറ ഗുണങ്ങളും പിതാവിൻെറ കുലീനത്വവും ലഭിക്കുന്നതുപോലെ, കൃപാവരം വഴി മനുഷ്യന്നു് ദൈവത്തിൻെറ ഗുണങ്ങളും പ്രവൎത്തനങ്ങളും കുലീനത്വവും ലഭിക്കുമെന്നു സാരം. കൃപാവരം എന്നതു് ഒരു ചരിത്രപുരുഷൻെറ ഉപദേശവും മാതൃകയും വഴിയുള്ള ധാൎമ്മിക സമ്പൎക്കമല്ല. തായിത്തണ്ടിൽ നിന്നു് ശിഖരങ്ങളിലേയ്ക്കു് നീരൊഴുകുന്നതുപോലെയുള്ള സമ്പൎക്കമാണ്. പരിശുദ്ധാത്മാവു് ആത്മാവിനെ നേരിട്ടു സ്പൎശിച്ച് അതിന്നു് മുമ്പില്ലാതിരുന്ന ഒരു ഗുണം നല്കുന്നു. അതു് ശാശ്വതവുമത്രേ. പാപം വഴി മാത്രമേ അതു് നഷ്ടപ്പെടുകയുള്ളു.

ആത്മാവിന്നു് ലഭിക്കുന്ന ഈ പുതിയ ഗുണംവഴി, പുതിയ രീതിയിൽ പ്രവൎത്തിച്ചുതുടങ്ങുന്നു. ആത്മാവിന്നു് പ്രകൃത്യാതീതമായി അതിന്നു് ലഭിച്ച ശക്തിവഴി പ്രകൃത്യാതീതമായ രീതിയിൽ ദൈവത്തെയും അയല്ക്കാരെയും സ്നേഹിച്ചുതുടങ്ങുന്നു. പ്രതിഫലം ഇഛിക്കാതെ ശത്രുക്കളെക്കൂടെയും സ്നേഹിച്ചുതുടങ്ങുന്നു. മിത്രങ്ങളെ സ്നേഹിക്കുന്നതിനേക്കാൾ ശത്രുക്കളെ സ്നേഹിക്കുന്നതിലാണ് ദൈവസ്നേഹം പ്രകടമാകുന്നതു്. സഹോദരന്മാരെ സ്നേഹിക്കുന്നതു് അവരുടെ വ്യക്തിപരമായ നന്മയെ പരിഗണിച്ചല്ല അവരിൽ പതിഞ്ഞിരിക്കുന്ന ദൈവഛായയെ പരിഗണിച്ചാണ്. കാണപ്പെടാത്ത ദൈവത്തോടുള്ളസ്നേഹത്തിൽ ഉയൎന്നു് ദൈവഐക്യം പൂൎണ്ണമാക്കുന്നതിനുള്ള ഏററം പററിയ മാൎഗ്ഗം കാണപ്പെടുന്ന സഹോദരന്മാരെ സ്നേഹിക്കുകയാണ്. അയല്ക്കാരൻെറ നന്മ കാണുമ്പോൾ ഞാൻ അസൂയപ്പെടുകയല്ല പ്രത്യുതാ അതിൽ ''എൻേറതാ''യിതീൎന്നിരിക്കുന്ന ദൈവം മഹത്വീകരിക്കപ്പെടുന്നതുകൊണ്ടു് മതിമറന്നു് സന്തോഷിക്കുകയാണ്. കൃപാവരം ആത്മാവിൽ വരുത്തിയിരിക്കുന്ന രൂപാന്തീകരണംവഴി തങ്ങളുടെ ശ്രേഷ്ഠമായ സ്വാൎത്ഥത്തിൻെറ സ്ഥാനത്തു് സൎവ്വനന്മയായിരിക്കുന്ന ദൈവം

ജീവിതത്തിൻെറ കേന്ദ്രമാകുന്നു. ചിരകാലപ്രതിഷ്ഠിതമായ വിശ്വദേവതാസംസ്കാരംമൂലം മരവിച്ചുകിടന്നിരുന്ന ആത്മാവിൻെറ ദൈവത്തിനുവേണ്ടിയുള്ള മൌലീകഭാഗം മരവിപ്പു നീങ്ങി സജീവമായിതീരുന്നു. അതോടെ കണ്ണുകണ്ടും ചെവികേട്ടും ഭാഗ്യമനുഭവിക്കുന്നതുപോലെ മനുഷ്യാത്മാവു് ദൈവത്തിനു് കൊടുത്തു് ഭാഗ്യമടയുന്നു. ദൈവത്തെപ്രതി മനുഷ്യക്കും കൊടുത്തുഭാഗ്യമടയുന്നു. ഇതോടെ ചൂഷണം നിരത്ഥകമായിത്തീരുന്നു. ഭൌതീകമായിട്ടുള്ളവയിൽ നിന്നെല്ലാമുള്ള യഹോവായുടെ അനന്തമായ വേർതിരിവു് ആത്മാവിൽ പ്രതിഫലിക്കുന്നു. യഹോവായുടെ അനന്തമായ വിശുദ്ധിയും പാപത്തോടുള്ള അനന്തമായ വെറുപ്പും, പാപികളോടുള്ള അനന്തമായ സ്നേഹവും മനുഷ്യാത്മാവിൽ രൂപം പ്രാപിക്കുന്നു.

## കൃപാവരം സ്നേഹവിപ്ലവ ബീജം

പുറത്തുനിന്നുള്ള ഒരു ചെടി തോട്ടത്തിൽ നട്ടുപിടിപ്പിക്കുന്നതുപോലെ ദൈവം പൂണ്ണമോ അപൂണ്ണമോ ആയ ആവിഷ്കരണംവഴി വിശ്വാസഐക്യം പ്രാപിച്ചു് ദൈവത്തിനായി തുറന്നുകൊടുക്കുന്ന ഓരോ ആത്മാവിലും സ്നേഹവിപ്ലവത്തിൻെറ ബീജമായ കൃപാവരം നട്ടുപിടിപ്പിക്കുന്നു. പരിശുദ്ധാത്മാവു് മനുഷ്യാത്മാവിൽ പ്രവത്തിക്കുന്നതിനു് ദൃഢമായ ഐക്യം ആവശ്യമില്ല. എന്നിരുന്നാലും ചരിത്രത്തിൽകൂടി പ്രവത്തിക്കുന്ന ദൈവത്തിൻെറ അംഗീകൃതനയം മനുഷ്യൻെറ ഐന്ദ്രികവും സാമൂഹ്യവുമായ പ്രകൃതിയനുസരിച്ചു് അംഗീകൃതമായ ഒരു ദൃശ്യസമൂഹത്തിൽകൂടിയും, അംഗീകൃതമായ ദൃശ്യഅടയാളങ്ങളിൽകൂടെയും, അദൃശ്യമായ ഈ സ്നേഹവിപ്ലവബീജം അദൃശ്യമായ രീതിയിൽ നട്ടുപിടിപ്പിക്കുകയാണു് ഇതിലേയ്ക്കു് ക്രിസ്തു ഒരു ദൃശ്യസഭയെ സ്ഥാപിക്കുകയും, ആ സഭയെ ഏതാനും ദൃശ്യഅടയാളങ്ങൾ കൈകാര്യംചെയ്യുന്നതിനു് ഭരമേല്പിക്കുകയും ചെയ്തു. ഈ സഭയ്ക്കു് ഒരു അദൃശ്യഘടകംകൂടിയുണ്ടു്. അതിനെ ജീവിപ്പിക്കുകയും പ്രവത്തിപ്പിക്കുകയും ചെയ്യുന്നു പരിശുദ്ധാത്മാവു്. ഈ അദൃശ്യഘടകംവഴിയാണു് ദൃശ്യസഭ ദൃശ്യഅടയാളങ്ങളെ ഉപയോഗിച്ചുകൊണ്ടു് മനുഷ്യാത്മാവിൽ ഈ അദൃശ്യബീജം നട്ടുപിടിപ്പിക്കുന്നതു്.

## വിശുദ്ധീകരണം ക്രിസ്തുവുമായുള്ള സമ്പക്കംവഴി

സ്നേഹവിപ്ലവം മുന്നേററുന്നതിനുള്ള ലബോറട്ടറിയാണല്ലോ ദൃശ്യസഭ. സഭ ആത്മാവിനെ വിശുദ്ധീകരിക്കുന്നതു് അതിനെ ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവുവഴിയും ക്രിസ്തുവുമായുള്ള സമ്പക്കം വഴിയുമത്രേ. ക്രിസ്തു മരിച്ചവരിൽ നിന്നുയത്ത്ഴുന്നേററിട്ടില്ലെങ്കിൽ വെറും ധാമ്മീകമായ സമ്പക്കം മാത്രമേ പ്രതീക്ഷിക്കേണ്ടതുള്ളു. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം അപ്രകാരമല്ല. മുന്തിരിത്തണ്ടിൽനിന്നു് ശിഖരങ്ങളിലേയ്ക്കു് നീരു് പോകുന്നതു പോലെ ക്രിസ്തുവി

ൻെറ ശിരസ്സിനടുത്ത കൃപാവരത്തിൽ നിന്നു് സഭാശരീരത്തിലേയ്ക്കു് കൃപാവരം ഒഴുകിക്കൊണ്ടിരിക്കുന്നു. സഭയിലെ അംഗങ്ങളുത്രയും ക്രിസ്തുവിൻെറ കുരിശുമരണത്തിലും ഉയപ്പിലുമത്രേ സ്നാനം സ്വീകരിച്ചിരിക്കുന്നതു്. സ്നാനപ്രതിഷ്ഠയിൽ വിശ്വാസി മരിച്ചു് വെള്ളമാകുന്ന കവറിടത്തിൽ സംസ്കരിക്കപ്പെട്ടു് ഉയത്തെഴുന്നേററു് പുതിയമനുഷ്യനായി പുറത്തുവരുന്നു. പഴയ മനുഷ്യൻ അവൻെറ പാപങ്ങളോടുകൂടി കവറിയിടത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുകയത്രേ. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിലുള്ള സ്നാനത്തിനു് ക്രിസ്തു നല്കിയിരിക്കുന്ന ശക്തിവഴിയായി ക്രിസ്തുവിനോടുകൂടി ഉയത്തെഴുന്നേററ മനുഷ്യൻ ഒട്ടിപ്പിക്കപ്പെട്ട രണ്ടു ചെടികൾ അവയുടെ ഭാഗധേയങ്ങൾ സമ്മേളിപ്പിക്കുന്നതുപോലെ ക്രിസ്തുവുമായി തൻെറഭാഗധേയം സമ്മേളിപ്പിക്കുന്നു. ഇനി ഞാനല്ല ജീവിക്കുന്നതു് ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്നുള്ള പൌലോസിൻെറ വാക്കുകൾ വെറും അലങ്കാര ഭാഷയല്ല. ക്രിസ്തു മൌതീക ശരീരത്തിൻെറ ശിരസ്സും വിശ്വാസികൾ അതിൻെറ അവയവങ്ങളുമത്രേ. മുന്തിരിത്തണ്ടിൽ നിന്നു് ശിഖരങ്ങളിലേയ്ക്കു് നീരു് ഒഴുകുന്നതുപോലെ ക്രിസ്തുവിൻെറ രക്ഷണീയ ചൈതന്യം എപ്പോഴും സഭ മുഴുവനിലും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവുമായുള്ള നമ്മുടെ സമ്പക്കം സഭയിൽകൂടിയാണു്. ക്രിസ്തുസഭയുമായി സ്വയം ഏകീഭവിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ രക്ഷണീയ ചൈതന്യമത്രേ തൻെറ അരൂപിവഴി ആത്മാക്കളെ വിശുദ്ധീകരിക്കുന്നതു്. ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം ദൈവത്തിൻെറ രക്ഷണീയ വേലയിൽ ഒരു കരുവാണു്. ക്രിസ്തുസഭയെ ഒരു കരുവാക്കിക്കൊണ്ടാണു് തൻെറ അരൂപിവഴി (പരിശുദ്ധാത്മാവു്) ആത്മാക്കളുടെ വിശുദ്ധീകരണം നിവ്വഹിക്കുന്നതു്. ക്രിസ്തുവിൻെറ സജീവ സമ്പക്കമില്ലെങ്കിൽ സഭയുടെ സ്നാനമാകട്ടെ സഭയുടെ പാപമോചനമാകട്ടെ ആത്മാവിൽ യാതൊരു മാററവും വരുത്തുകയില്ല. ക്രിസ്തുവിൻെറ സജീവസമ്പക്കമില്ലെങ്കിൽ പരിശുദ്ധ കുബ്ബാനയിൽ വസ്തുമാററമാകട്ടെ ഗാഗുൽത്തായിലെ ബലിയുമായുള്ള ഏകീകരണമാകട്ടെ ഉണ്ടാകുകയില്ല. ക്രിസ്തുവിൻെറ സജീവസമ്പക്കമില്ലെങ്കിൽ വിശ്വാസി തൻെറ ഭാഗധേയം ക്രിസ്തുവിൻേറതുമായി സമ്മേളിപ്പിക്കുകയാകട്ടെ വധു കൂട്ടുപുരോഹിതയും കൂട്ടുബലിവസ്തുവുമായി ചമഞ്ഞു് വരൻെറ ചിതയിൽ സ്വയം അപ്പിക്കുകയാകട്ടെ ചെയ്യുകയില്ല. ക്രിസ്തുവിൻെറ സജീവസമ്പക്കമില്ലെങ്കിൽ മനുഷ്യൻ ദൈവപുത്രന്മാരാകുകയാകട്ടെ, ദൈവപുത്രന്മാരുടെ കുലീനത്വം പ്രാപിക്കുകയാകട്ടെ ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആകുകയാകട്ടെ ചെയ്യുകയില്ല.

## ക്രിസ്തുവുമായുള്ള സമ്പക്കം ദൃശ്യസഭ വഴി

എന്തിനു് ക്രിസ്തു ദൃശ്യസഭവഴി സമ്പക്കം പുലത്തുന്നു? എന്തുകൊണ്ടു് നീതിമാന്മാർ മാത്രം അടങ്ങിയ ഒരു അദൃശ്യസഭ ആയിക്കൂടാ?

സഭയൊന്നും കൂടാതെ പരിശുദ്ധാത്മാവുവഴി ഓരോ വ്യക്തിയുടെയും ഹൃദയത്തെ സംസ്കരിച്ചു കൂടേ? സഭയ്ക്കുപകരം ബൈബിൾ വഴി എല്ലാമനുഷ്യരുമായി സമ്പക്കം പുലത്തിക്കൂടേ? ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടതു് ക്രിസ്തുവാണ്. സഭ വഴിയാണ് ക്രിസ്തു സമ്പക്കം പുലത്തുവാൻ ഉദ്ദേശിക്കുന്നതെന്നു് സുവിശേഷത്തിൽ ഒന്നു കണ്ണോടിച്ചാൽ നിഷ്പ്രയാസം ഗ്രഹിക്കാം.

എല്ലാതുറകളിലും ഏതുതരത്തിലുമുള്ള നിയന്ത്രണത്തെ വെറുക്കുന്ന അരാജകത്വ കക്ഷികൾ ഉണ്ട്. അവരുടെ വീക്ഷണത്തിൽ സൃഷ്ടിപരമായനിയന്ത്രണത്തിൽ നിന്നൊഴിഞ്ഞു് സുഖിക്കുകമാത്രമാണ് ജീവിതലക്ഷ്യം. സ്പെയിനിലെ അരാജകത്വ കക്ഷിക്കാരോട് ''നിങ്ങൾക്കു് ഒരു തൊഴിലാളിഗവമ്മെണ്ടല്ലേ വേണ്ടതു്'' എന്നുള്ള ട്രോററ്സക്കിയുടെചോദ്യത്തിനു് ''ഞങ്ങൾക്കു് ഗവമ്മേണ്ടേ വേണ്ട'' എന്നായിരുന്നുമറുപടി. ഗവമ്മെണ്ടില്ലെങ്കിൽ എങ്ങനെ തീവണ്ടി സമയത്തു് ഓടും? എന്നുള്ള ചോദ്യത്തിനു് ''തീവണ്ടി ഓടുകേ വേണ്ട'' എന്നായിരുന്നു മറുപടി. ഇതൊന്നും വിപ്ലവമല്ല കാട്ടാളത്തം മാത്രമാണ്.

സ്നേഹവിപ്ലവത്തിനോ മറേറതെങ്കിലും വിപ്ലവത്തിനോ ആശയംപ്രചരിപ്പിക്കുകയല്ലാതെ സഭസ്ഥാപിച്ചിട്ടെന്തുകാര്യം എന്നു് ചോദിക്കുന്നവരുണ്ട്. അധികാരം തുടങ്ങിയുള്ള സാമൂഹ്യ പ്രവത്തനങ്ങൾ വിപ്ലവാരൂപിയെ മരവിപ്പിക്കുകയേയുള്ള എന്നാണ് ചിലരുടെ വാദം. ക്രിസ്തു സഭയൊന്നും സ്ഥാപിച്ചിട്ടില്ലെന്നും അതെല്ലാം പിൻ തലമുറകളുടെ വേലയാണെന്നുമാണ് മററു ചിലരുടെ വാദം. സഭ തുടങ്ങിയുള്ള മദ്ധ്യവത്തികളൊന്നും കൂടാതെ ദൈവവചനം കൊണ്ടുമാത്രം ദൈവവുമായി സമ്പക്കം പുലത്താനാണ് ചിലരുടെ യത്നം. വീട്ടിലിരുന്നു് ബൈബിൾ വായിച്ചു പഠിച്ചാൽ ക്രിസ്ത്യാനി ആയി എന്നു് ചിലർ കരുതുന്നു. അരൂപിയിലും സത്യത്തിലും ഉള്ള ആരാധനയാണ് ദൈവരാജ്യത്തിൻെറ സാരാംശമെന്നും സഭയും മററും മനുഷ്യ നിമ്മിതമാണെന്നും, ചരിത്രപരമായ പരിവത്തനങ്ങളുടെ ഫലമായി അവയുണ്ടായി എന്നും, കൂട്ടായ്മ തുടങ്ങിയുള്ള ഭൌതീക ലക്ഷ്യങ്ങൾക്കു മാത്രമേ അവ ഉപകരിക്കു എന്നുമാണ് ചിലരുടെ വാദം. ഏതായാലും സുവിശേഷങ്ങളിലെ ചരിത്ര സാക്ഷ്യങ്ങൾ അപ്പസ്തോലന്മാരുടെ അധികാരത്തിൻ കീഴിൽ പിൻഗാമികളിൽ കൂടി എക്കാലത്തേയ്ക്കും തുടരേണ്ട ഒരു ദൃശ്യസഭയെ ക്രിസ്തു സ്ഥാപിച്ചു വെന്നാണ്. ഇന്നു കാണുന്ന പ്രോട്ടസ്റ്റൻറു സഭകൾ 16 നൂററാണ്ടു കാലത്തേയ്ക്കു് ബൈബിൾ പഠിച്ചു് സ്വകാര്യമതം അനുഷ്ഠിച്ച ശേഷം പൊടുന്നനവെ കൂട്ടായ്മയ്ക്കു വേണ്ടി സംഘടിച്ചുണ്ടായവയല്ല. 16 നൂററാണ്ടു കാലത്തേയ്ക്കു് തങ്ങൾ ദൈവസ്ഥാപിതമായ ദൃശ്യസഭയുടെ അംഗങ്ങളെന്ന ബോധത്തോടെ വത്തിച്ച ശേഷം രാഷ്ട്രീയ പരിവത്തനങ്ങളുടേയും മററും ഫലമായി സാപ്വ്രതീക സഭയിൽനിന്നു്പിരിഞ്ഞു പോകുകയാണു് ചെയ്തിട്ടുള്ളതു്. ഈ സഭ ഹെൻറി എട്ടാമനു് വിവാഹ മോചനം

നിഷേധിച്ചതോടെ ദൈവീക സഭ അദൃശ്യമായി പ്രഖ്യാപിക്കപ്പെട്ടു കയും കൂട്ടായ്മയ്ക്കുവേണ്ടിയുള്ള ദൃശ്യസഭയുടെ പരമാധികാരിയായി രാജാവു് അംഗീകരിക്കപ്പെടുകയും ചെയ്തു.

## സഭ വിപ്ലവപ്രചരണത്തിനുള്ള കരു

ഏതു വിപ്ലവവും ഒരു സമൂഹത്തിൽ കൂടി പ്രയോഗത്തിൽ കൊണ്ടുവരുമ്പോഃ മാത്രമാണു് പൂർണ്ണതയിൽ എത്തുന്നതു്. സാമുദായിക പരീക്ഷണത്തെ അതിജീവിച്ചാൽ മാത്രമെ അതിനെ യഥാർത്ഥ വിപ്ലവമായി കരുതേണ്ടതുള്ള. ലെനിൻെറ കാലംവരെ കമ്മ്യൂണിസം ഒരു വായാടി വിപ്ലവമായി അവശേഷിച്ചു. വായാടിയായിരുന്ന കാറം മക്സിനോട്ട അയാളുടെ ഭാര്യ ''നിങ്ങഠം മൂലധനത്തെപ്പററി (Das Kapital) പുസ്തകമെഴുതി നിങ്ങഠംക്കു് മൂലധനമെവിടെ?'' എന്നു് ചോദിക്കുക പതിവായിരുന്നു. ലെനിൻ വെറും വായാടി ആയിരുന്നില്ല. അദ്ദേഹം റഷ്യൻ ഭരണകൂടം പിടിച്ചടക്കുകയും ആ രാജ്യത്തെ കമ്യൂണിസ്റ്റു്വ്യവസ്ഥിതികെട്ടിപ്പടുക്കുന്നതിനും കമ്യൂണിസ്റ്റു് പ്രചരണത്തിനുമായി വിനിയോഗിക്കുകയും ചെയ്തു. ലെനിൻെറ വാക്കുകളിൽ ഭരണകൂടം കമ്യൂണിസ്റ്റുപാർട്ടിയാൽ ലോകത്തെ ഇളക്കി മറിക്കുന്നതിനുള്ള ആപ്പു് (lever) അഥവാ കുത്തുപലക മാത്രമാണു്. തടികഠം മാററുകയും ഇളക്കുകയും ചെയ്യുന്നതിനു് അവയുടെ ഇടയിൽ ഒരു ആപ്പു തള്ളിക്കയററി, ആപ്പു് ഒരു തടിയിന്മേൽ ഉറപ്പിച്ചുകൊണ്ടു് മറേറ തടിതള്ളി നീക്കുന്നതു് നാംകണ്ടുവരാറുള്ള അനുദിനസംഭവമാണു്. ഭരണകൂടത്തെ ഒരു ആപ്പു് ആയി ഉപേയാഗിച്ചുകൊണ്ടു് സമുദായത്തെ മുഴവൻ ഇളക്കി മറിക്കുക എന്നു സാരം. ലെനിൻെറ മരണത്തെ തുടന്നു് റഷ്യയിൽ കമ്യൂണിസം ഉറപ്പിച്ചു് അതിൽകൂടി ലോകമാകെ കമ്യൂണിസം വികസിപ്പിക്കണമെന്നു് സ്റ്റലിനും, ലോകം മുഴവൻ കമ്യൂണിസം വ്യപിപ്പിച്ച ശേഷം റഷ്യയിൽ കമ്യൂണിസം ഉറപ്പിക്കണമെന്നു് ട്രോററ്സക്കിയും വാദിച്ചു. യാഥാർത്ഥ്യബോധം ട്രോററ്സക്കിക്കു് കുറവായിരുന്നു. സമകാലീനരുടെ ആശയഗതികഠംക്കു് അതീതമായ ചിന്ത മേഘലങ്ങളുടെ ഇടയിൽ അല്ല മനുഷ്യരുടെ ഇടയിൽ ആണു് അവതരിപ്പിക്കേണ്ടതു്.

ക്രിസ്തു ഏതായാലും ഒരു വായാടി വിപ്ലവകാരിയായിരുന്നില്ല. തൻെറ വിപ്ലവം മനുഷ്യ സമൂഹത്തിൽ പ്രയോഗിച്ചു കൊണ്ടുവേണം മുന്നേറുവാൻ. അതു് വ്യക്തികളുടെ സ്വകാര്യ വിശ്വാസമല്ല സാമൂഹ്യമതമാണു്. സമുദായത്തിൽ പ്രയോഗിക്കുന്നതു് എങ്ങും തൊടാതുള്ള ഏതാനും പ്രസംഗങ്ങഠം വഴിയോ ബൈബിഠം പ്രചരിപ്പിച്ചുകൊണ്ടോ അല്ല ഒരു അധികൃത ദൃശ്യസമൂഹം വഴിയത്രേ. ചരിത്രത്തിൽ കൂടി പ്രവർത്തിക്കുന്ന ദൈവം ഓരോ വ്യക്തിയുമായിട്ടും ഇടപെടുന്നതു് സമൂഹത്തിൽ കൂടിയാണു്. പരിശുദ്ധാത്മാവു് ഓരോ ആത്മാവിലും പ്രവർത്തിക്കുന്നതു് സഭയിലെ സാമൂഹ്യവിശുദ്ധീകരണവുമായി പൊരു

ത്തപ്പെട്ടത്തിക്കൊണ്ടാണ്. അതിനെതിരായ ആത്മീയ അനുഭവങ്ങളെല്ലാം വെറും ഞരമ്പുപിണക്കം മാത്രം. ഏതാനും പ്രസംഗപരമ്പരകൾ കൊണ്ടോ ബൈബിൾ പ്രചരിപ്പിച്ചുകൊണ്ടോ മനുഷ്യരെ സംസ്കരിക്കാമെന്നു കരുതുന്നതു് പ്രായോഗിക ജ്ഞാനത്തിൻെറ അഭാവം മൂലമാണ്.

യുട്ടോപ്പിയൻ സ്വപ്നങ്ങളും കൊണ്ടുവന്നിരിക്കുന്ന ആളല്ല ക്രിസ്തു. അവിടത്തേയ്ക്കു് മനുഷ്യപ്രകൃതിയുടെ ഗതിയും കഴിവുകളും നല്ല പോലെ അറിയാം. ബൈബിൾ വായിച്ചു പഠിച്ചതുകൊണ്ടു് മാത്രം സത്യം ഗ്രഹിച്ചു എന്നുവരികയില്ല. ക്രിസ്തുമതത്തിൽനിന്നു് പിരിഞ്ഞുപോയ ആയിരത്തോളം സഭകൾ സ്വയം കൃതമായ പരിശുദ്ധാത്മാവിൻെറ വെളിച്ചത്തിൽ ആയിരം തരത്തിലാണ് ബൈബിൾ മനസ്സിലാക്കുന്നതു്. പരിശുദ്ധാത്മാവു് അധികൃതമായ ഒരു സമൂഹം വഴി പ്രവൎത്തിച്ചാൽ മാത്രമേ അരാജകത്വം ഒഴിവാകുകയും, സത്യത്തിൽ എത്തുകയും മനുഷ്യാത്മാവ് സംസ്കരിക്കപ്പെടുകയും ചെയ്യുകയുള്ളു. വിശ്വാസം ആന്തരികമായ ഒരു പ്രവൃത്തിയായിരുന്നാലും അതു് പ്രമാണങ്ങളുടെ അനുസരണം കൊണ്ടും ദൃശ്യമായ മതാനുഷ്ഠാനം കൊണ്ടും മാത്രമേ പുഷ്ടി പ്രാപിക്കുകയുള്ളു.

ഇസ്രായേലിൽ ഏകദൈവത്തിലുള്ള വിശ്വാസം നിലനിൎത്തിക്കൊണ്ടു പോകുന്നതിനു് ദൃശ്യമായ തിരുക്കൎമ്മാനുഷ്ഠാനങ്ങൾ ദൈവം നിശ്ചയിക്കുകയുണ്ടായി. നിൻെറ കൎത്താവായ ദൈവത്തെ മുഴുഹൃദയത്തോടും മുഴുആത്മാവോടും മുഴുശക്തിയോടും കൂടി സ്നേഹിക്കുക എന്നുള്ള പ്രമാണം നിറവേറുന്നതു്സാബത്താചരണം, തിക്കൎമ്മാനുഷ്ഠാനങ്ങൾ, ചേലാകൎമ്മം എന്നിവയെല്ലാം വഴിയായിട്ടാണ്. അതിലേയ്ക്കു് ദേവാലയവും പൌരോഹിത്യവും ബലികളും ജപക്കൂടവും എല്ലാം ആവശ്യമാണ്. അതിലേയ്ക്കു് മദ്ധ്യവൎത്തികളെ ഉപയോഗിക്കുന്നു. ഓർശ്ലം ദേവാലയശുശ്രൂഷയ്ക്കായി പല ഇനങ്ങളിലായി 25000 ആളുകൾ ഏൎപ്പെട്ടിരുന്നതായിട്ടാണ് പറയപ്പെടുന്നതു്. ക്രിസ്തുവും മദ്ധ്യവൎത്തികളിൽ കൂടിയാണ്തൻെറ വിപ്ലവം മുന്നോറുന്നതു്. മനുഷ്യൻെറ ജനനത്തിൽ രണ്ടു മദ്ധ്യവൎത്തികൾ (മാതാപിതാക്കന്മാർ) ഉണ്ടാകാമെങ്കിൽ എന്തുകൊണ്ടു് അവൻെറ വിശുദ്ധീകരണം മദ്ധ്യവൎത്തികൾ വഴി പാടില്ല? നേരിട്ടു് ആത്മാവിൽ പ്രവൎത്തിക്കുന്ന പരിശുദ്ധാരൂപി ദൃശ്യസമൂഹത്തിൽ കൂടിയാണ് പ്രവൎത്തിക്കുന്നതു്. മനുഷ്യാത്മാവിൻെറ പ്രതിഷ്ഠ വിശ്വാസം കൊണ്ടാരംഭിച്ചു് സഭാശിക്ഷണത്തിനുള്ള വിധേയത്വം വഴി പൂൎണ്ണമാകുന്നു. ആന്തരീക പ്രതിഷ്ഠയെ ഉറച്ചു നോക്കുന്നതിനും പൂൎണ്ണമാക്കുന്നതിനും ഈ വിധേയത്വം ഉപകരിക്കും. ദൈവത്തിൻെറ പ്രതിനിധികൾക്കു് വിധേയമാകുവാൻ ഒരുക്കമില്ലെങ്കിൽ അയാളുടെ പ്രതിഷ്ഠ വെറും പൂജ്യം.

## ദൈവസ്നേഹവും പരസ്നേഹവും പൂൎണ്ണമാകേണ്ടതു് സാമൂഹ്യ ജീവിതത്തിൽ

ഈ പ്രതിഷ്ഠ സംപൂൎണ്ണമാകേണ്ടതു് സാമൂഹ്യജീവിതത്തിലാണു്. കാണുവാൻ പാടുള്ള സഹോദരനെ ശുശ്രൂഷിച്ചുകൊണ്ടും അധികാരിയെ അനുസരിച്ചുകൊണ്ടുമാണു് കാണുവാൻ പാടില്ലാത്ത ദൈവത്തിനുള്ള സേവനംസമ്പൂൎണ്ണമാകുന്നതു്.

ക്രിസ്തുവും ദൃശ്യസഭയെ സ്ഥാപിച്ചിരിക്കുന്നതു് സ്നേഹവിപ്ലവത്തെ മുന്നേററുന്നതിനുള്ള ഒരു ആപ്പു് (lever) ആയിട്ടാണു്. ലെനിൻ റഷ്യൻ ഭരണകൂടത്തെ ബലാൽകാരമായി പിടിച്ചെടുത്തതുപോലെ ക്രിസ്തു ബലാൽകാരമായി പിടിച്ചെടുക്കുന്നില്ല. സ്വതന്ത്രമായ വിശ്വാസം വഴിയാണു് ഓരോരുത്തനും സഭയുടെ അംഗമായിത്തീരുന്നതു്. ക്രിസ്തു സഭയേയും അതിൻെറ ഭരണകൂടത്തെയും സ്നേഹവിപ്ലവത്തിൻെറ പ്രചരണത്തിനായി ഉപയോഗിക്കുന്നു. ലെനിൻ ചൂഷണക്കാരെ ചൂഷണം ചെയ്തുകൊണ്ടും. കൊന്നൊടുക്കിക്കൊണ്ടും ആണു് വിപ്ലവം മുന്നേററിയതു്. ക്രിസ്തു വന്നിരിക്കുന്നതു് ദുഷ്ടന്മാരെ സംഹരിക്കുന്നതിനല്ല ദുഷ്ടന്മാരെ ശിഷ്ടന്മാരാക്കുന്നതിനാണു്. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെയാണു് ക്രിസ്തു തൻെറ അപ്പസ്തോലന്മാരെ ലോകത്തിൻെറ അതിൎത്തികളിലേയ്ക്കയച്ചതു്. അതതുരാജ്യങ്ങൾ പിടിച്ചടക്കുവാനോ, ആധിപത്യം വഹിക്കുവാനോ, ബാങ്കുകൾ സ്ഥാപിക്കുവാനോ, സാമ്പത്തിക മേധാവിത്വം ഏൎപ്പെടുത്തുവാനോ അല്ല ശുശ്രൂഷിക്കുവാനാണു് ബദ്ധപ്പെട്ടിരുന്നതു്. അധികാരികൾ കീഴുള്ളവരുടെ കാലുകഴുകണം. പരസ്പരം ശുശ്രൂഷിക്കണം. സഭയിൽ ഭരിക്കുക എന്നതു് ശുശ്രൂഷിക്കുകയാണു്. അന്നുവരെ ഭരിക്കുക എന്നതു് ശുശ്രൂഷിക്കുകയാണു് എന്നുള്ള ആശയം ആരുടേയും തലയിൽ കയറിയിട്ടില്ല. ക്രിസ്തീയ ചിന്ത ലോകത്തിൽ പ്രചരിച്ചതിൻെറ ഫലമായി മനുഷ്യ ഹൃദയങ്ങൾ മുഴുവനായും സംസ്കരിക്കപ്പെട്ടില്ലെങ്കിലും ഇന്നു് എററം വലിയ സ്വേഛാധിപതിപോലും ജനങ്ങളെ ശുശ്രൂഷിക്കുന്നു എന്നാണു് ഭാവിക്കുന്നതു്.

## സ്നേഹവിപ്ലവം ഭരണീയരെ ശുശ്രൂഷിച്ചുകൊണ്ടു്

ക്രിസ്തുവിൻെറ സഭയിൽ ഭരണാധികാരികൾ ദാസന്മാരും ഭരണീയർ യജമാനന്മാരുമാണു്. അധികാരികളുടെ ആദായത്തിനുവേണ്ടിയല്ല ഭരണീയർ. ഭരണീയരുടെ താല്പര്യങ്ങൾ പുലൎത്തുന്നതിനുവേണ്ടിയാണു് അധികാരികൾ. സുഖജീവിതത്തിനു വേണ്ടിയുള്ള പ്രലോഭകൻെറ വശീകരണങ്ങളെല്ലാം തിരസ്കരിച്ചുകൊണ്ടു് അവിടുന്നു് വിരക്തനായി ജീവിച്ചു. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും സ്വന്തം സുഖം അന്വേഷിക്കാതെ ഭരണീയരുടെ താല്പര്യങ്ങളെ മുൻനിൎത്തി വിരക്തരായി ജീവിക്കണമെന്നാണു് പ്രതീക്ഷിക്കുന്നതു്.

കമ്യൂണിസ്റ്റ് വിപ്ലവകാരികൾ തങ്ങളുടെ ശ്വാസോച്ഛ്വാസം പോലും കമ്യൂണിസത്തിന്റെ പ്രചാരത്തിനായി വിനിയോഗിക്കുന്നു എന്നാണ് സങ്കല്പം. വൈരാഗികളായ വിപ്ലവകാരികൾ അപ്രകാരം ചെയ്യു എന്നു വരാം. ക്രിസ്തുവിനു് ഏതായാലും തന്റെ പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കുന്നതാണു് അവിടുത്തെ ഭക്ഷണം. അപ്പസ്തോലന്മാരിൽ നിന്നും അവരുടെ പിൻഗാമികളിൽ നിന്നും ഇപ്രകാരമുള്ള നിസ്വാർത്ഥ സേവനം ആവശ്യപ്പെടുന്നു.

## ദൃശ്യസഭ നല്ല സമ്രായൻ

ക്രിസ്തുവിന്റെ ദൃശ്യസഭ തന്നിൽതന്നെ ഒരു ലക്ഷ്യമല്ല. വിപ്ലവ മുന്നേററത്തിനുള്ള ഒരു ഉപകരണം മാത്രം. ലോകത്തിലുള്ള എല്ലാ മനുഷ്യരും ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെ പോലെ ആയിത്തീർന്നാൽ അതിന്റെ ദൌത്യം പൂർത്തിയായായി. ഈ മനസ്ഥിതി സ്നേഹലബോറട്ടറിയിലെ പരിശീലനത്തിന്റെ ഫലമാണു്. എല്ലാ മനുഷ്യരും തങ്ങളുടെ ശ്വാസോച്ഛ്വാസമടക്കം സകല കഴിവുകളും ദൈവരാജ്യത്തിന്റെ പ്രചാരത്തിനായി വിനിയോഗിക്കണം. നല്ല സമ്രായൻ വഴിയിൽ കണ്ടുമുട്ടിയ രക്തത്തിൽ കുളിച്ചു കിടക്കുന്ന ആൾ ലോകമാസകലമുള്ള അവശരെ സൂചിപ്പിക്കുന്നു. രണ്ടു തരത്തിലുള്ള ആവശ്യങ്ങളായിരുന്നു അയാൾക്കുണ്ടായിരുന്നതു്. ഒന്നാമത്തേതു് പ്രഥമശുശ്രൂഷവഴി രക്തം പോക്കു നിർത്തുക. രണ്ടാമത്തേതു് സത്രത്തിൽ കൊണ്ടുപോയി ചികിത്സിച്ചു് വ്രണങ്ങൾ കരിക്കുക. ലോകത്തിൽ ചിതറിക്കിടക്കുന്ന ആളുകൾക്കും രണ്ടുതരം ആവശ്യങ്ങളാണു് ഉള്ളതു്.

## പ്രഥമ ശുശ്രൂഷ ശരീരത്തിന്റെ രോഗം നീക്കുക

ദാരിദ്ര്യം രോഗം തുടങ്ങിയ പുറമെയുള്ള അവശതകളാണു് ആദ്യമായി പരിഹരിക്കേണ്ടതു്. സഭ ആത്മാവിന്റെ വിശുദ്ധീകരണം മാത്രം പ്രസംഗിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ക്രിസ്തു രോഗികളെ സ്വസ്ഥമാക്കിക്കൊണ്ടാണു് സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങിയതു്. ജാതിമത ഭേദമൊന്നും കൂടാതെ പിതാവായ ദൈവത്തോടുള്ള അവരുടെ ബന്ധത്തെ പരിഗണിച്ചു് എല്ലാവരുടെയും സഹായത്തിനായി ഒടിയെത്തണം.

## ദ്വിതീയ ശുശ്രൂഷ ആത്മരോഗം നീക്കുക

പ്രഥമ ശുശ്രൂഷകൊണ്ടു് മതിയാക്കരുതു്. മൌലികമായ രോഗം ആത്മാവിന്റെ രോഗമാണു്. അവിടെ തൊട്ടുപോയാൽ ലോകത്തിന്റെ അപ്രീതിയും പ്രതിഷേധവും വിളിച്ചുവരുത്തുകയായി. ഒരു നിമിഷം കൊണ്ടു് അവർക്കു് ചെയ്തിട്ടുള്ള സേവനങ്ങളെല്ലാം മ

റക്കും. എത്ര സേവിച്ചാലും ലോകം ദൈവത്തിൻേറയും സഭയുടേയും ശത്രുവാണു്. പരിശുദ്ധാത്മാവു് അവരുടെ ഹൃദയത്തെ തുറക്കുകയും പാപത്തെപ്പററി ബോധ്യപ്പെടുത്തുകയും ചെയ്താൽ മാത്രമേ അവർ സഭയുടെ സന്ദേശം സ്വീകരിക്കുകയുള്ളു. പ്രാത്ഥനയും മാതൃകാപരമായ ജീവിതവും എളിമ, അനുകമ്പ, ദീനദയാലുത്വം സമഭാവന തുടങ്ങിയ സുകൃതങ്ങളും സമ്മേളിച്ചാൽ മാത്രമേ അവർ ക്രിസ്തുവിനായി അവരുടെ ഹൃദയം തുറക്കുവാൻ പോകുന്നുള്ളു. സുവിശേഷം എന്ന വാക്കിൻെറ അത്ഥം നല്ലവത്തമാനം എന്നാണു്. മഹാഭൂരിപക്ഷം ആളുകൾക്കും പാപമോചന പ്രതീക്ഷ നല്ലവത്തമാനമല്ല. മോചനം അനുതാപം ആവശ്യപ്പെടുന്നു. ലോകായതികനു് ലോകഭാഗ്യങ്ങൾ മാത്രമാണു് നല്ലവത്തമാനം. വിഷയേച്ഛുവിനു് വിവാഹമോചനം മാത്രമാണു് നല്ലവത്തമാനം.

## കൂദാശകൾവഴി ക്രിസ്തുവിൻെറ സജീവ സമ്പക്കം

പ്രഥമ ശുശ്രൂഷയെ തുടന്നു് സഭ ആത്മാവിനു് മൌലീകമായ രോഗശാന്തിനല്കുന്നതു് കൂദാശകൾ എന്ന പേരിൽ അറിയപ്പെടുന്ന ദൈവീകഅടയാളങ്ങൾ വഴിയുള്ള ക്രിസ്തുവിൻെറ സജീവസമ്പക്കം കൊണ്ടാണു്. എന്തിനു് ഈ അടയാളങ്ങൾ വഴി സമ്പക്കം പുലത്തുന്നു? എല്ലാതുറയിലുമുള്ള മനുഷ്യൻെറ മുന്നേററം അവൻെറ പ്രകൃതിയനുസരിച്ചായിരിക്കണം. മനുഷ്യൻ അടയാളങ്ങളിൽ കൂടിയാണു് മുന്നേറുന്നതു്. അവൻ സംസാരിക്കുന്ന ഭാഷ അടയാളമല്ലേ? പന്തുകളിയിലും വ്യാപാരത്തിലും യുദ്ധത്തിലും അന്തർദേശീയ സമ്മേളനങ്ങളിലും അടയാളങ്ങൾ വഴിയാണു് മനുഷ്യൻ ആശയം കൈമാററം ചെയ്യുന്നതു്. മനുഷ്യജീവിതത്തിൻെറ വിവിധ ഘട്ടങ്ങൾ അനുസരിച്ചു് (ജനനം, വളച്ച, ഭക്ഷണം, ചികിത്സ, മരണം........) ക്രിസ്തു ഏതാനും അടയാളങ്ങൾ സ്ഥാപിച്ചു് സഭ കൈകാര്യം ചെയ്യുന്നതിനായി അവയെ ഏല്പിച്ചിരിക്കുന്നു. ഈ അടയാളങ്ങൾ സ്വതേ ആത്മീയനന്മ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഈ അടയാളങ്ങളെ സഭ കൈകാര്യം ചെയ്യുന്നതിനേ തുടന്നു് സഭയിലുള്ള ക്രിസ്തുവിൻെറ സമ്പക്കംവഴി ഈ അടയാളങ്ങൾ അവ സൂചിപ്പിക്കുന്ന നന്മ പുറപ്പെടുവിക്കുന്നു. സ്നാനത്തിൽ ആത്മാവിൻെറ കഴുകലിനെ സൂചിപ്പിച്ചുകൊണ്ടു് ശരീരത്തെ കഴുകുമ്പോൾ ക്രിസ്തുവിൻെറ സമ്പക്കം വഴി അവിടുത്തെ അരൂപി ആത്മാവിനെ കഴുകുന്നു.

## അദ്ധ്യായം 15

# സ്ഥാനപ്രതിഷ്ഠ

ക്രിസ്തുവിൻെറ കരിശു മരണത്തോടുകൂടി ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ സ്നേഹവിപ്ലവം ന്യൂറുശതമാനം വിജയപ്രദമായി ഭൂമിയിൽ അവതരിപ്പിക്കപ്പെട്ടു. ഓരോ മനുഷ്യവ്യക്തിയിലും ഈ വിപ്ലവം അവതരിപ്പിച്ച് ദൈവത്തിൻെറ രാജ്യം അതിൻെറ പ്രാരംഭദശയിൽ സ്ഥാപിക്കുകയാണ് അവിടുത്തെ ലക്ഷ്യം. അതു പൂർത്തിയാകുന്നതു് ഓരോ മനുഷ്യവ്യക്തിയും ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെമേലും മഴപെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആയിത്തീരുകയും അങ്ങനെ ദൈവത്തിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകുകയും ചെയ്യുമ്പോഴാണ്. അതിനു് വേണ്ടിയാണ് പത്രോസിൻെറ അദ്ധ്യക്ഷതയിൻ കീഴുള്ള ദൃശ്യസഭയെ ക്രിസ്തു സ്ഥാപിച്ചതു്.

### ലബോറട്ടറി

ഈ ദൃശ്യസഭ ഒരു വായനശാലയല്ല ഒരു ലബോറട്ടറിയാണ്. അതു് മനുഷ്യരെ പഠിപ്പിക്കുക മാത്രമല്ല ആന്തരീകമായി സംസ്കരിക്കുകകൂടി ചെയ്യണം. തികഞ്ഞ ശുഭാപ്തി വിശ്വാസിയും (optimist അതേ സമയം തികഞ്ഞ യാഥാർത്ഥ്യബോധമുള്ളവനും (realist) ആണ് ക്രിസ്തു. തച്ചൻെറ സുവിശേഷം മുക്കവർ വാമൊഴിയോ വരമൊഴിയൊ വഴി പ്രചരിപ്പിച്ചതുകൊണ്ടുമാത്രം ആരും സംസ്കരിക്കപ്പെടുവാൻ പോകുന്നില്ല. ചക്രവർത്തിയായ തിബേരിയസ് സീസറും മററു സീമന്ത രാജാക്കന്മാരും സുവിശേഷ പഠനം വഴി തങ്ങളുടെ പ്രജകളുടെ കാലു കഴുകുകയും ശുശ്രൂഷിക്കുകയും ചെയ്യുമെന്നു് ആരും പ്രതീക്ഷിക്കേണ്ടതില്ല. നീറോ, മാരിയസ് തുടങ്ങിയുള്ള ചക്രവർത്തികൾക്ക് വെട്ടപ്പെട്ട ഒരു മനുഷ്യൻെറ തല കണ്ടുകൊണ്ടു് ഭക്ഷിക്കുക എന്നുള്ളതാണു ചിട്ട. ചൈനയിലെ ചക്രവർത്തിയായിരുന്ന ഹ്ലുവാങ്ടിയുടെ ഭക്ഷണം രാജ്യത്തിലെ ഏററം സൌന്ദര്യവതികളായ സ്ത്രീകളുടെ ശരീരം വറുത്തു് പൊരിച്ചെടുത്തതായിരുന്നു. ഇന്നുള്ളവൎക്ക് ഇതൊക്കെ വിശ്വസിക്കുവാൻ വിഷമമെങ്കിലും ഇവയെല്ലാം ചോദ്യം ചെയ്യപ്പെടാത്ത ചരിത്രസത്യങ്ങളാണ്. എളിമ, ക്ഷമ, അനുകമ്പ കൊടുത്തു കൊണ്ടുള്ളസ്നേഹം എന്നിങ്ങനെയുള്ള അധഃകൃതസുകൃതങ്ങളേക്കാൾ അന്നുള്ളവർ മതിച്ചിരുന്നതും അഭിമാനിച്ചിരുന്നതും ധൈര്യം പരാക്രമശീലം പൌരുഷത്വം എന്നിവയെല്ലാം അന്തർഭവിച്ചിട്ടുള്ള മേല്പറഞ്ഞ ''സുകൃത''ങ്ങളെയാണ്. ''കണ്ണാടി കാണുമ്പോളവും തന്നുടെ മുഖമേററം നന്നെന്നു് നിരൂപിക്കുമെത്രയും വിരൂപന്മാർ'' മാക്ക

സ് ഔറേലീയസ്, അശോകൻ തുടങ്ങി നിരവധി ആളുകൾ രാജഅരമനകളിലും സോക്രട്ടീസ്, സെനക്കാ, കൺഫൂഷ്യസ്, സിദ്ധാർത്ഥൻ തുടങ്ങി നിരവധിയാളുകൾ ജനതാമദ്ധ്യത്തിലും, പ്ലേറോ, അരിസ്റ്റോട്ടൽ തുടങ്ങിയുള്ളവർ പണ്ഡിത സദസ്സുകളിലും ക്രൂരതയെ അപലപിക്കയും മനുഷ്യത്വത്തെ ആദരിക്കുകയും ചെയ്തിരുന്നെങ്കിലും എല്ലാതുറകളിലുമുള്ള മഹാഭൂരിപക്ഷം ആളുകളും ഭൌതീക മൂല്യങ്ങളിലത്രേ അഭിമാനിച്ചിരുന്നതു്. ഭൂരിപക്ഷം ആളുകളും അടിമത്വത്തിലും നിസ്സഹായതയിലും ആണു് കഴിഞ്ഞു കൂടിയിരുന്നതു്. അടിമത്ത്വത്തിലും നിസ്സഹായതയിലും കഴിഞ്ഞിരുന്നവർപോലും കണ്ണാടിയുടെ (പുതിയ ജീവിത വീക്ഷണം) അഭാവത്താൽ സാമ്രാജ്യത്തിൻെറ രാഷ്ട്രീയവും സാംസ്കാരികവും കലാപരവുമായ നേട്ടങ്ങളിൽ അഭിമാനിച്ചിരുന്നു.

അപ്പസ്തോലന്മാരുടെ പ്രസംഗമൊ സുവിശേഷങ്ങളൊ അവതരിപ്പിക്കുന്ന ജീവിതവീക്ഷണം ദൈവത്തിൻെറ ലാബോറട്ടറി പ്രവർത്തനംവഴി മാത്രമേ മനുഷ്യനെ സംസ്കരിക്കുകയുള്ളു. പാപബോധമില്ലാത്തവനു് ഈ ജീവിതവീക്ഷണം സ്വീകാര്യമല്ല. വൈകാരികമായ സ്നേഹം മാത്രമേ അവർ കണ്ടുമുട്ടിയിട്ടുള്ളു. അതു് ജീവിതത്തിൻെറ എല്ലാതുറകളിലും ഉണ്ടുതാനും. ദൈവവും മതവുമെല്ലാമായിട്ടു് അതിനു് യാതൊരു ബന്ധവുമില്ല. എന്തിനു് കൊല്ലക്കുടിയിൽ സൂചി വില്ക്കുവാൻ വരുന്നു.? പ്രപഞ്ചാതീതവും മതപ്രേരിതവുമായ കൊട്ടത്തുകൊണ്ടുള്ള സ്നേഹം ലോകത്തിൽ വിററഴിയുമെന്നു് ക്രിസ്തുവൊഴികെ മററാക്കും അന്നും ഇന്നും യാതൊരു പ്രതീക്ഷയുമില്ല.

മാന്ത്രികമായ പരിവർത്തനങ്ങളൊന്നും ക്രിസ്തു പ്രതീക്ഷിക്കുന്നില്ല. മനുഷ്യൻ സ്വയമായും സ്വതന്ത്രമായും തിരഞ്ഞെടുക്കണം. വിപ്ലവപരമായ ഒരു ജീവിതവീക്ഷണം അവതരിപ്പിക്കുക മാത്രം. ''ദൈവരാജ്യം വന്നിരിക്കുന്നു. അനുതപിക്കുവിൻ.'' ദൈവീക ലാബോറട്ടറിയിലെ ആദ്യപ്രവർത്തനം പാപബോധം വരുത്തുകയും ദൈവീക ആവിഷ്കരണത്തിൻെറ വെളിച്ചത്തിൽ മനുഷ്യരെ തങ്ങളുടെ നേട്ടങ്ങളുടേയും സംസ്കാരത്തിൻെറയും വൈരൂപ്യം മനസ്സിലാക്കികൊടുക്കുകയുമാണു്. പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാണു്. സത്യമാണു് മനുഷ്യരെ സ്വതന്ത്രമാക്കേണ്ടതു്. അനുതാപം പ്രസംഗിച്ച യോഹന്നാൻ തൻെറ സ്നാനം ഈ ബോധ്യം വരുത്തുന്നതിനു് പര്യാപ്തമല്ലെന്നു വ്യക്തമാക്കുന്നു. തൻെറ സ്നാനം പരിശുദ്ധാത്മാവിൻെറ സ്നാനത്തിനു് ഒരുക്കം മാത്രം. തൻെറ പിന്നാലെ വരുന്നവനത്രേ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നതു്. പരിശുദ്ധാത്മാവിൽ മാത്രമേ മനുഷ്യനെ അവൻെറ പാപത്തെപ്പററി ബോധ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളു. പരിശുദ്ധാത്മാവു് ദൃശ്യസഭയിൽ കൂടി പ്രവർത്തിക്കുന്നതിലേയ്ക്കു് ക്രിസ്തു സ്ഥാപിച്ചു് സഭയെ എല്പിച്ചിരിക്കുന്ന ഏഴുവിപ്ലവ ചിഹ്നങ്ങൾ കൂദാശകൾ എന്ന പേരിൽ അറിയ

പ്പെടുന്നു. ഈ ദൃശ്യചിഹ്നങ്ങൾവഴിയത്രേ ക്രിസ്തു ദൃശ്യസഭയുമായി സജീവസമ്പക്കം പുലത്തുന്നതും തൻെറ അരൂപിവഴി (പരിശുദ്ധാത്മാവു്) പാപത്തിൻെറ അടിമത്തത്തിൽനിന്നു മോചിക്കുന്നതും.

## ക്രിസ്തുവിൻെറ മരണത്തിലും ഉയപ്പിലുമുള്ള സ്നാനം

ക്രിസ്തു തൻെറ സ്വഗ്ഗാരോഹണാവസരത്തിൽ അപ്പസ്തോലന്മാരെ ഭരമേല്പിച്ചതു് സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുന്നതിനും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തുന്നതിനുമാണു്. ഇതാകുന്നു അവിടുന്നു് സ്ഥാപിച്ച ആദ്യത്തെ ചിഹ്നം. എന്തിൻെറ ചിഹ്നമാണു് സ്നാനം.? ''ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച നാം അവൻെറ മരണത്തിലാകുന്നു സ്നാനം സ്വീകരിച്ചിരിക്കുന്നതെന്നു് നിങ്ങൾ അറിയുന്നില്ലയോ? ക്രിസ്തു മരിച്ചവരിൽനിന്നു് തൻെറ പിതാവിൻെറ മഹത്വത്തോടുകൂടി ഉയത്തെഴുന്നേററതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനു് അവനോടുകൂടി സ്നാനം മൂലം മരണത്തിനു് സംസ്കരിക്കപ്പെട്ടിരിക്കുന്നു. അവൻെറ മരണത്തിൻെറ സാദൃശ്യത്തിൽ അവനോടൊന്നിച്ചു് നാം സ്ഥാപിക്കപ്പെട്ടുവെങ്കിൽ അവൻെറ ഉയപ്പിലും നാം അതുപോലെ ആയിരിക്കും'' (റോമാ. 6. 3-5) ''അവൻ മരിച്ചു; പാപത്തിനാകുന്നു ഒരു പ്രാവശ്യം അവൻ മരിച്ചതു്. അവൻ ജീവിക്കുന്നു. ദൈവത്തിനാകുന്നു അവൻ ജീവിക്കുന്നതു്. ഇങ്ങനെതന്നെ നിങ്ങളും പാപത്തിനു് മരിച്ചവരാകുന്നു എന്നും, നമ്മുടെ കത്താവായ ഈശോമിശിഹായിൽ ദൈവത്തിനായി ജീവിക്കുന്നവരാകുന്നു നിങ്ങൾ എന്നും കരുതിക്കൊള്ളുവിൻ (റോമാ .6. 10—11) ക്രിസ്തുവിൻെറ മരണത്തിലും ഉയപ്പിലും അത്രേ നാം സ്നാനപ്പെട്ടിരിക്കുന്നതു് എന്നാണു് പൌലോസ് സമത്ഥിക്കുന്നതു്. സ്നാനപ്രതിഷ്ഠയിൽ നമ്മുടെ ഭാഗധേയം ക്രിസ്തുവിൻേറതുമായി നാം സമ്മേളിപ്പിക്കുന്നു. പാപപരിഹാരത്തിനായി ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോടുകൂടി പാപത്തിൻെറ മനുഷ്യൻ കുരിശിന്മേൽ തറയ്ക്കപ്പെടുന്നു. വെള്ളമാകുന്ന കവറിടത്തിൽ നമ്മുടെ പാപങ്ങൾ സംസ്കരിച്ചു് ഉയത്തെഴുന്നേററ ക്രിസ്തുവിനെപ്പോലെ പുതിയ മനുഷ്യനായിട്ടാണു് നാം പുറത്തു വരുന്നതു്. സ്നാന പ്രതിഷ്ഠവഴിയായി നാം പാപത്തിനു് മരിച്ചു് ക്രിസ്തുവിൽ ദൈവത്തിനായി ജീവിക്കുന്നു.

പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുള്ള സ്നാനം അവരുടെ പ്രതിഷ്ഠയുടെ ഒരു ആവത്തനം മാത്രമാണു്. ഭൂമിയിൽഈ പ്രതിഷ്ഠ ആദ്യമായി നിവ്വഹിച്ചതു് ക്രിസ്തുവത്രേ. തൻെറ മനുഷ്യവതാര ക്ഷണത്തിൽ അവിടുന്നു് തന്നെത്തന്നെ മുഴുവനായി ദൈവത്തിനു പ്രതിഷ്ഠിച്ചു. അവിടുന്നു് ദൈവത്തിനായി ജീവിക്കുന്നു. മററു മനുഷ്യർ പാപാവസ്ഥയിൽ ജനിച്ചതിൻെറ ശേഷം ദൈവത്തിനായി ജീവിക്കുന്നതു് തങ്ങളുടെ ഭാഗധേയത്തെ ക്രിസ്തുവു

മായി ഏകീഭവിപ്പിച്ച് അവിടുത്തെ കുരിശുമരണത്തിലും ഉയപ്പിലും ഉള്ള സ്നാനംവഴി പാപത്തിൻെറ മനുഷ്യനെ കുരിശിൽ തറച്ച് വെള്ളമാകുന്ന കവറിടത്തിൽ സംസ്കരിച്ച് പുതിയ മനുഷ്യനായി ഉയത്ത്ഴുന്നേററു കൊണ്ടാണ്. ക്രിസ്തുവിൻെറ പ്രതിഷ്ഠയോട്ട് ഏകീഭവിച്ചിരിക്കുന്ന സ്നാനപ്രതിഷ്ഠ അതിൻെറ തുടച്ച്മാത്രം

മാനവചരിത്രത്തിൻെറ ആരംഭം മുതൽ എല്ലാ ജാതികളിലും ദേശങ്ങളിലും സ്വകീയമായ രീതിയിൽ മനുഷ്യൻ ദൈവത്തിനു് സ്വയം പ്രതിഷ്ഠിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ വിശ്വദേവതയുടെ ആവിർഭാവത്തോടെ മനുഷ്യൻ കണ്ണിൽ കണ്ട ദേവന്മാക്കും ദേവതകാംക്കും സ്വയം പ്രതിഷ്ഠിച്ചുതുടങ്ങി. ഈ പ്രതിഷ്ഠ പല സ്ഥലങ്ങളിലും ലിംഗ ആരാധനയായി (Fertility cult) പരിണമിച്ചു. ദേവന്മാരുടെയും ദേവികളുടെയും ലൈംഗീക വിഹാരമാണ് ലോകത്തിലെ ഐശ്വര്യത്തിനെല്ലാം നിദാനം എന്നു് അവർ വിശ്വസിച്ചു തുടങ്ങി. ആരാധന അവരുടെ ലൈംഗീക വിഹാരത്തിൻെറ അഭിനയമായി പകന്നു. ലിംഗം ആരാധന പാത്രമായി. ലിംഗാആരാധന ഭൂമിയ്ക്കുള്ള ഒരു പ്രതിഷ്ഠയാണ്.

## ഛേലാകമ്മപ്രതിഷ്ഠ

ഇസ്രായേൽ ജനതയ്ക്കു് യഹോവാ നിർദ്ദേശിച്ചതു് ഭൌതിക കേന്ദ്രിതമായ പ്രതിഷ്ഠയല്ല ദൈവകേന്ദ്രിതമായ പ്രതിഷ്ഠയാണ്. മനുഷ്യൻ ഭൂമിയുടെ ഫലമല്ല ദൈവത്തിൻെറ സൃഷ്ടിയാണ്. മനുഷ്യൻ ഭൂമിദേവിയേഅല്ല സ്രഷ്ടാവായ ദൈവത്തെയാണ് ആരാധിക്കേണ്ടതു്. ഭൌമികമായവയത്രയും ബലിയപ്പിച്ചുകൊണ്ടുവേണം ദൈവത്തിനു് സ്വയം പ്രതിഷ്ഠിക്കുവാൻ. ലിംഗത്തെ ആരാധിക്കുകയല്ല വെട്ടിമുറിച്ച് ബലിയപ്പിക്കുകയത്രേ വേണ്ടതു്. ലിംഗത്തെ നശിപ്പിക്കണമെന്നു് ദൈവം ആവശ്യപ്പെടുന്നില്ല. സൂചനാപരമായ അപ്പണമെ ആവശ്യപ്പെടുന്നുള്ളു. അതിലേയ്ക്കു് അഗ്രചമ്മം മുറിച്ചാൽ മതിയാകും. മനുഷ്യൻ തന്നെത്തന്നെയും സന്തതികളെയും ദൈവത്തിനായിപ്രതിഷ്ഠിച്ച് ദൈവത്തിനായി ജീവിക്കുന്നതിനെ ഈ കമ്മം സൂചിപ്പിക്കുന്നു. ക്രിസ്തുവിൻെറ കുരിശുമരണത്തോടു കൂടിയത്രേ സ്വഗ്ഗകേന്ദ്രിതമായ ഈ പ്രതിഷ്ഠ അവസാനിക്കുന്നതു്. അതിനു മുമ്പുള്ള ബലികളെല്ലാം അതിൻെറ മുൻസൂചനമാത്രം. ക്രിസ്തുവിനോടുകൂടി ബലികളെല്ലാം അവസാനിച്ചു. അതേ തുടന്നു് ക്രിസ്തുവിനോട്ട് ഏകീഭവിച്ചും ക്രിസ്തുവിൽ കൂടിയും ഉള്ള ബലിയും പ്രതിഷ്ഠയും മാത്രമേയുള്ളു. പിന്നീടുള്ളവരെല്ലാം ക്രിസ്തുവിനോടുചേന്നു്, ക്രിസ്തുവിൻെറ അംഗങ്ങളായിതീന്നു് സംയുക്ത പ്രതിഷ്ഠയാണ് നടത്തേണ്ടതു്. ഈ സംയുക്ത പ്രതിഷ്ഠയ്ക്കു വേണ്ടിയാണ് ലബോറട്ടറിയിൽ നിവ്വഹിക്കപ്പെടുന്ന പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിലുള്ള സ്നാനം.

ക്രിസ്തുവിൻെറ ലബോറട്ടറി പ്രകൃതിലബോറട്ടറിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതിൻെറ ലക്ഷ്യം ലോകപൌരന്മാരെ ജനിപ്പിക്കുകയല്ല ദൈവപുത്രന്മാരെ ജനിപ്പിക്കുകയാണ്. ഭൌതികപുരോഗതിയല്ല ദൈവരാജ്യമാണ് അയാളുടെ ജീവിതോദ്ദേശം. ലോകത്തിനായിട്ടല്ല ദൈവത്തിനായിട്ടാണ് അയാൾ ജീവിക്കേണ്ടതു്. ലോകത്തെ അയാൾ പരമാന്ത്യമായി വരിച്ചു കൂടാ. ദൈവമാണ് അയാളുടെ പരമാന്ത്യം. അയാളുടെ ചുററുമുള്ള ഇതരസൃഷ്ടികൾ പരമാന്ത്യത്തിനുള്ള ഒരു മാർഗ്ഗം മാത്രം. സൃഷ്ടികളുടെ ദാസന്മാരായിട്ടല്ല അവരുടെ യജമാനനായിട്ടാണ് വർത്തിക്കേണ്ടതു്. സസ്യപരമായ ജീവിതത്തിനോ മൃഗീയ ജീവിതത്തിനോ, ബുദ്ധിപരമായ ജീവിതത്തിനോ അല്ല ദൈവമക്കൾക്കടുത്ത ജീവിതത്തിനാണ് അയാൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യൻ ജീവിക്കുന്നതു് അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽ നിന്നു പുറപ്പെടുന്ന വചനങ്ങൾ കൊണ്ടു കൂടിയാണ്. അപ്പം സ്നേഹിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രം, പ്രകൃതി ജന്യമായ സ്നേഹമല്ല ദൈവജന്യമായ സ്നേഹമാണ് അയാളെ നയിക്കേണ്ടതു്. ദൈവ മക്കൾക്കടുത്ത ജീവിതത്തിനു് ദൈവിക കുലീനത്വം ആവശ്യമാണ്. ഈ കുലീനത്വം അഥവാ കൊടുത്തു കൊണ്ടുള്ള സ്നേഹം പരിശുദ്ധാത്മാവിലും വെള്ളത്തിലുമുള്ള ജനനം കൊണ്ടുമാത്രമേ ലഭിക്കുകയുള്ളു.

## സ്നാനപ്രതിഷ്ഠ

ഒരു ദിവസം യൂദപ്രമാണിയായ നിക്കാദേമോസ് ക്രിസ്തുവിനെ സമീപിച്ച് അവിടുത്തെ ദിവ്യദൌത്യം സമ്മതിച്ചു പറയുകയും ദൈവരാജ്യത്തെപ്പററിയുള്ള വീക്ഷണം എന്തെന്നു് ആരായുകയും ചെയ്തു. മനുഷ്യൻ വീണ്ടും പരിശുദ്ധാത്മാവിലും വെള്ളത്തിലും ജനിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യം പ്രാപിക്കുകയില്ല എന്നായിരുന്നു ക്രിസ്തുവിൻെറ മറുപടി. മാംസത്തിൽനിന്നു ജനിക്കുന്നതു് മാംസവും അരൂപിയിൽ നിന്നു ജനിക്കുന്നതു് അരൂപിയുമത്രെ. മനുഷ്യൻെറ സ്വാഭാവിക പരിതികൾക്കെല്ലാം അപ്പുറമുള്ള പ്രവർത്തനം ഉണ്ടാകുന്നതിനു് സ്വാഭാവിക ജനനത്തിനുപുറമെ അരൂപിക്കടുത്ത ഒരു ജനനം കൂടി ഉണ്ടാകണമെന്നാണ് ക്രിസ്തു സമർത്ഥിക്കുന്നതു്. ദൈവമക്കൾക്കടുത്ത കുലീനത്വം ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവിൽ നിന്നു് ജനിക്കണം. അരൂപിയിൽ നിന്നു് എങ്ങനെ ജനിക്കും? ദൈവം വെള്ളത്തിനു് ശക്തി നല്കുന്ന പക്ഷം ആ വെള്ളം അമ്മയുടെ സ്ഥാനത്തു് ഒരു കരുവായി വർത്തിച്ചുകൊണ്ടു് അതിൽ സ്നാനപ്പെടുന്നവൻെറ ആത്മാവിനെ ആന്തരികമായി സംസ്കരിക്കുകയും അങ്ങനെ ദൈവിക കുലീനത്വം കൊടുക്കുകയും ചെയ്യുവാൻ പാടുണ്ടു്. കാററിൻെറ ഉത്ഭവം നമുക്കു് കണ്ടുകൂടാ. കാററു് ഇഷ്ടമുള്ളിടത്തു് അടിക്കുന്നു. അതിൻെറ സ്വരം കേൾക്കാം. അതു് എവിടെ നിന്നു് വരുന്നുവെന്നോ എവിടേയ്ക്കു് പോകുന്നുവെന്നോ അറിഞ്ഞുകൂടാ. പരിശുദ്ധാത്മാവിൻെറ സ്നാ

നത്തിൽ ആത്മാവിൻെറ മാററം പുറമെയൊന്നും കണ്ടുകൂടാ. എന്നാൽ ഒരു പുതിയ കുലീനത്വം അനുഭവപ്പെടുന്നു. ഈ കുലീനത്വത്തിൻെറ ഉത്ഭവം വെള്ളത്തിൽ നാം കണ്ടെത്തുകയില്ല. കുലീനത്വം കുലത്തിൽ നിന്നാണ്. പുതിയ കുലീനത്വം വെള്ളത്തിനു ശക്തി നല്കിയ ദൈവത്തിൽ നിന്നാണ്. സസ്യത്തിൽ നിന്നു സസ്യകുലീനത്വം മാത്രമേ പ്രതീക്ഷിക്കുവാൻ പാടുള്ളു. വാഴ കാണുകയും കേൾക്കുകയും ചെയ്യുകയില്ല. മൃഗത്തിൽ നിന്നു മൃഗീയ കുലീനത്വം മാത്രമേ പ്രതീക്ഷിക്കാവൂ. അതു അനുമാനിക്കുകയില്ല. മനുഷ്യനിൽ നിന്നു മനുഷ്യകുലീനത്വം മാത്രമേ പ്രതീക്ഷിക്കുവാൻ പാടുള്ളു. അവൻ തങ്ങൾക്കു സ്വസ്തി ചൊല്ലുന്നവർക്കു സ്വസ്തി ചൊല്ലും. സ്വയം കൊടുത്തു സ്നേഹിക്കുകയില്ല. ശത്രുക്കളെ സ്നേഹിക്കുകയില്ല. (സ്നേഹവിപ്ലവം) ശത്രുക്കളെ സ്നേഹിക്കണമെങ്കിൽ ആ കുലീനത്വം അവൻെറ പ്രകൃതിയിൽ നിന്നു വരുന്നതല്ല. ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെമേലും മഴപെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിൽനിന്നാണ്. ഈ കുലീനത്വം സാമാന്യമായി ലഭിക്കുന്നതു പരിശുദ്ധാത്മാവിലും വെള്ളത്തിലും ഉള്ള ജനനത്തിൽ നിന്നാണ്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന ദൈവത്തിനു മററു തരത്തിലും ഈ വരം നല്കാമെങ്കിലും ചരിത്രത്തിൽ കൂടി പ്രവർത്തിക്കുന്ന ദൈവത്തിൻെറ അംഗീകൃതനയം ഒരു പുതിയ ജനനത്തിൽ കൂടി ഈ കുലീനത്വം നല്കുക എന്നുള്ളതാണ്.

## ആത്മാവിനെ കഴുകുന്നു

സ്നാനത്തിൻെറ ലക്ഷ്യം കഴുകുകയാണ്. പരിശുദ്ധാത്മാവിലുള്ള സ്നാനം ശരീരത്തെ കഴുകുന്നതു ആത്മാവിൻെറ കഴുകലിനെ സൂചിപ്പിക്കുകയും അതിനു കൊടുത്തിരിക്കുന്ന ദൈവീകശക്തിയാൽ ആത്മാവിനെ കഴുകുകയും ചെയ്യുന്നതിനാണ്. മനുഷ്യൻെറ അതിസ്വാഭാവിക ലക്ഷ്യമെന്ന നിലയിൽ ദൈവത്തെ ലക്ഷ്യമാക്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണ് അവൻെറ ജീവിതോദ്ദേശം. പാപം ചെയ്യുന്നതോടെ ദൈവത്തെ ഉപേക്ഷിച്ചു സൃഷ്ടികളെ പരമാന്ത്യമായി വരിക്കുന്നു. പാപപ്രവൃത്തി കടന്നു പോയാലും പാപാവസ്ഥ അവശേഷിക്കുന്നു. സൃഷ്ടികളിന്മേൽ ഉടക്കിയിരിക്കുന്ന ആത്മാവിനു സ്വശക്തിയാലെ ദൈവത്തിലേയ്ക്കു തിരിയുക സാദ്ധ്യമല്ല. മൂക്കുകണ്ണാടി നഷ്ടപ്പെട്ട ആളിനു സ്വശക്തിയാലെ കാണുവാനോ അതു നോക്കിയെടുക്കുവാനോ സാധിക്കുകയില്ല. മററാരെങ്കിലും അതു എടുത്തു കൊടുക്കണം. പാപം വഴിയായി ആത്മാവിൻെറ ദൈവീകവീക്ഷണം നഷ്ടപ്പെടുന്നു. തകിടം മറിഞ്ഞ ഈ സ്ഥിതിയ്ക്കാണ് പാപാവസ്ഥ എന്നു പറയുന്നതു. യൂദന്മാർ ഉത്ഭവപാപത്തിൽ വിശ്വസിച്ചിരുന്നു. ആദിമാതാപിതാക്കന്മാരുടെ പാപം വഴി അവരുടെ പ്രകൃതിയിൽ വന്നു ഭവിച്ച ഈ തകിടം മറിഞ്ഞ അവസ്ഥ സന്തതികളിലേയ്ക്കും പകരുന്നു എന്നാണ് ഉത്ഭവപാപം കൊണ്ടു അവർ വിവക്ഷിക്കു

ന്നതു്. തകിടം മറിഞ്ഞ ഈ അവസ്ഥയിലാണ് എല്ലാവരും ജനിക്കു ന്നതു്. സ്നാനപ്രതിഷ്ഠയിൽ പരിശുദ്ധാത്മാവു് മനുഷ്യാത്മാവിനെ സ്പ ർശിക്കുന്നതുവഴിയായി ഈ തകിടംമറിച്ചിൽ ഭാഗികമായി നീങ്ങുക യും ആത്മാവു് സൃഷ്ടികളെ വിട്ടു് ദൈവത്തെ പരമാന്ത്യമായി വരി ക്കുകയും ചെയ്യുന്നു.

## പ്രതിഷ്ഠാ മുദ്ര പതിക്കുന്നു

പാപത്തിൽനിന്നുള്ള മോചനം നിഷേധാത്മകഘടകം മാത്ര മേ ആകുന്നുള്ളു. ഏതെങ്കിലും ഒരു വസ്തു നമ്മുടെ കൈവശം വന്നാൽ അതിന്മേൽ നമ്മുടെ പേരോ മുദ്രയോ കുത്തി അതിനെ സ്വാ യത്തമാക്കുക പതിവാണ്. ആ വസ്തു കൈമറിഞ്ഞു് അന്യൻെറ കൈ വശം എത്തിയാലും നമ്മുടെ മൂലകർത്തൃത്വം അതിന്മേൽ അടയാളപ്പെ ട്ടുകിടക്കും. ഇതുപോലെ തന്നെ ലോകത്തിൻേറയും പിശാചിൻേറയും ദാസ്യത്തിൽ നിന്നു് വിടുർത്തി ദൈവത്തിനു പ്രതിഷ്ഠിച്ച ആത്മാവി ന്മേൽ പരിശുദ്ധാത്മാവു് ദൈവപുത്രൻെറ മുദ്ര കുത്തുന്നു. ജനനത്തിൽ ശരീരത്തിനു ലഭിക്കുന്ന ആകൃതി മററെല്ലാ പരിവർത്തനങ്ങളെയും അതിജീവിക്കുന്നതുപോലെ ആത്മാവിനു് ലഭിക്കുന്ന ഈ ദൈവ പുത്രൻെറ ആകൃതി ഏതു പരിവർത്തനങ്ങളെയും അതിജീവിക്കും. അയാഠം പിന്നീടു വഴിതെററി പോയാലും ഈ മുദ്രമൂലം ദൈവത്തി ൻെറ പ്രത്യേക പരിപാലനയ്ക്കു് അർഹനായിത്തീരുന്നു. വഴി തെ ററിപ്പോയ പുത്രൻെറയും അന്യൻെറയും കാര്യത്തിൽ ഒരേ മനോഭാവ മല്ല പിതാവിനുള്ളതു്.

## ക്രിസ്തുവിൻെറ അവയവം

ക്രിസ്തുവിൻെറ പീഡാനുഭവം വഴിയായി മനുഷ്യപവിത്രീകര ണത്തിനുവേണ്ടിയുള്ള എല്ലാ കൃപാവരവും സമ്പാദിച്ചിട്ടുണ്ടു്. അവി ടുന്നു് മൌതിക ശരീരത്തിൻെറ ശിരസ്സാണ്. അവിടുന്നു് വീണ്ടെടു ത്ത ആത്മാക്കളുമായുള്ള ഐക്യമാണ് മൌതീക ശരീരം എന്ന പദം കൊണ്ടു് വിവക്ഷിക്കുന്നതു്. ഇതു് വെറും ധാർമ്മീകമായ ഐക്യമ ല്ല. മുന്തിരിത്തണ്ടും ശിഖരങ്ങളും തമ്മിലുള്ള ബന്ധമാണ് ക്രിസ്തുവും സ്നാനപ്രതിഷ്ഠ നടത്തിയ ആളും തമ്മിലുള്ളതു്. ഒരു റോസിന്മേൽ മ ററൊന്നു ഒട്ടിക്കുമ്പോഠം ധാർമ്മിക ഐക്യമല്ല അവിടെയുള്ളതു്. ഒരേ മൂലത്തിൽ നിന്നെന്ന വണ്ണമുള്ള പ്രവർത്തനങ്ങളുടെ ഐക്യവും സമ്പർക്ക വുമാണ് അവിടെ അന്തർഭവിച്ചിരിക്കുന്നതു്. ചെടികഠം ഒട്ടിക്കു മ്പോഠം ഒന്നു്മറെറാന്നിൻെറ അവയവമായിത്തീരുന്നതുപോലെ സ്നാ നപ്രതിഷ്ഠ വഴിയായി ഒരുവൻ ക്രിസ്തുവിൻെറ അവയവമായിത്തീ രുന്നു. ക്രിസ്തുവിൻെറ കൃപാവരജീവൻ അയാളിലേയ്ക്കു് പ്രവഹിക്കുന്നു. ഇതിനാണ് ശിരസ്സിനടുത്ത കൃപാവരം എന്നു പറയുന്നതു്.

## ആത്മാവിൻെറ ദൈവീകരണം

ദൈവപുത്രൻെറ മുദ്ര കുത്തിയതുകൊണ്ടോ ക്രിസ്തുവിൻെറ അവയവമായതുകൊണ്ടോ ഒരാറംക്കു് ദൈവിക കുലീനത്വം ഉണ്ടാകണമെന്നില്ല. അതിലേയ്ക്കു് ദൈവത്തിൻെറ ഗുണം ആത്മാവിലേയ്ക്കു് ഒഴുകണം. ഇതിനാണു് കൃപാവരം എന്നു പറയുന്നതു്. ദൈവത്തിൻെറ ഈ സൃഷ്ടദാനം മനുഷ്യനെ ദൈവതുല്യനാക്കുന്നു. പത്രോസു് അപ്പസ്തോലൻെറ വാക്കുകളിൽ നാം ദൈവസ്വഭാവത്തിൽ പങ്കുകാരാകുന്നു. വസ്തുവിനടുത്ത അംശിക്കൽ അല്ല ഇവിടെ അന്തർഭവിച്ചിരിക്കുന്നതു്. നാം ദൈവത്തിൻെറ അംശമല്ല. ദൈവംദൈവവുമാണു, മനുഷ്യൻ മനുഷ്യനുമാണു്. നമ്മുടെ സ്വഭാവിക പരിധികളിലെല്ലാം കവിഞ്ഞ ദൈവത്തിൻെറ ഗുണങ്ങറം നമുക്കു് ലഭിക്കുക മാത്രം. ദൈവത്തിൻെറ സ്നേഹവിപ്ലവം മനുഷ്യഹൃദയത്തിൽ നട്ടുപിടിപ്പിക്കുന്നു. ദൈവത്തെപ്പോലെ മനുഷ്യനും കൊടുത്തു ഭാഗ്യമനുഭവിച്ചു തുടങ്ങുന്നു. ദൈവം സ്നേഹമാണു്. മനുഷ്യനും സ്നേഹമായിത്തീരുന്നു. ദൈവത്തിൻെറ നിസ്വാത്ഥത മനുഷ്യനിലേയ്ക്കും ഒഴുകുന്നു. ഈ നിസ്വാത്ഥ സ്നേഹംവഴിയാണു് മനുഷ്യൻെറ ചൂഷണവുംസ്വാത്ഥവും അസൂയയും നീങ്ങുന്നതു്. മാനുഷികസ്നേഹം ഒരു തരത്തിലല്ലെങ്കിൽ മററുതരത്തിൽ പ്രതിഫലം അന്വേഷിക്കുന്നു. നിസ്വാത്ഥമെന്നു തോന്നുന്ന സ്നേഹം പലപ്പോഴും സൂക്ഷ്മപരിശോധനയിൽ വിശാലവീഷണത്തോടുകൂടിയ സ്വാത്ഥമത്രേ. സ്വന്തം കീശനിറയ്ക്കുവാൻ ഏററംപററിയ മാഗ്ഗം പൊതു സേവനമാണു്. വിശാലവീക്ഷണത്തിനു് ബുദ്ധിമതി. നിസ്വാത്ഥസ്നേഹംമുപ്പരിശുദ്ധൻെറ പ്രതിഷ്ഠയിൽ നിന്നുമാത്രമേ വരികയുള്ളു. കൃപാവരം ദൈവീകജീവിതത്തിലേയ്ക്കു് നമ്മെ അടുപ്പിക്കുന്നു. മുന്നാളുകളുടേയുംസ്നേഹം സ്വാത്ഥ കേന്ദ്രിതമല്ല അപരകേന്ദ്രീതമാണു്. ഈ കുലീനത്വം കൃപാവരം വഴി മനുഷ്യനും ലഭിക്കുന്നു. അതോടെ ദൈവീകമാനദണ്ഡം കൊണ്ടു് അളക്കുകയും എല്ലാവരെയും ദൈവത്തെ പ്രതിസ്നേഹിക്കുകയും ചെയ്യുന്നു. മാനുഷികദത്തെടുപ്പു് പ്രകൃതിയിൽ യാതൊരു മാററവും വരുത്തുന്നില്ല. ദൈവീകദത്തെടുപ്പിൽ കൃപാവരം വഴി മാററം വരുന്നു.

## പരിശുദ്ധാത്മാവിൻെറ ആലയം

സ്നാനപ്രതിഷ്ഠ നടത്തിയ ആളിൻെറ ആത്മാവിൽ പരിശുദ്ധാത്മാവു് വാസമുറപ്പിക്കുന്നു. ക്രിസ്തു ഈ സംഗതി വ്യക്തമാക്കിയിട്ടുണ്ടു്. ദൈവം എല്ലായിടത്തും ഉണ്ടു്. എന്നാൽ പ്രത്യേക രീതിയിലാണു് ദൈവം മനുഷ്യാത്മാവിൽ സന്നിഹിതനായിരിക്കുന്നതു്. കൃപാവരം വികസിച്ചു് മോക്ഷമഹിമയാകുമ്പോറം ആത്മാവു് ദൈവത്തെ പൂണ്ണമായും കൈവശപ്പെടുത്തുന്നു. ഗർഭസ്ഥിതമായ ശിശുവിനെ തള്ള കൈയ്യടക്കുന്നതിനേക്കാറം ഉപരിയായ തോതിലും രീതിയിലും,

ദിവ്യദർശനം അനുഭവിക്കുന്ന ആത്മാവു് ദൈവത്തെ കൈയ്യടക്കുന്നു. ബീജരൂപത്തിലുള്ള കൃപാവരത്തിൽ ഇരിക്കുന്ന ആത്മാവു് ബീജരൂപത്തിൽ ദൈവത്തെ കൈയ്യടക്കുന്നു. പരിശുദ്ധാത്മാവു് മനുഷ്യാത്മാവിൽ എഴുന്നള്ളിയിരുന്നുകൊണ്ടു് സൽപ്രേരണകഠം നല്കുകയും മറ്റാംക്കട്ടെത്ത മനോഭാവം സൃഷ്ടിക്കുകയും ചെയ്യുന്നു.

## അവയവസമൂഹം

ഒരു ഒഴുക്കൻ ഉപമ ഉപയോഗിക്കുന്ന പക്ഷം കൃപാവരം ആത്മാവിൻെറ ദൈവികമുളയാണു്. ഈ ദൈവികജീവൻ വളന്നുവരുന്നതിനുള്ള സജ്ജീകരണങ്ങളും പരിശുദ്ധാത്മാവു് ചെയ്യുന്നു. ശാരീരിക ജീവൻെറ വളച്ച്ക്കും പ്രവത്തനത്തിനുമാണു് അവയവങ്ങളും പഞ്ചേന്ദ്രീയങ്ങളുമെല്ലാം. ആത്മാവിൻെറ സ്വഭാവിക ജീവൻെറ വളച്ച്ക്കാണു് ബുദ്ധിയും മനസ്സും. ആത്മാവിൻെറ സ്വഭാവാതീത ജീവൻെറ വളച്ച്ക്കാണു് ഏഴപുണ്യങ്ങളും ഏഴദാനങ്ങളും. സ്വഭാവാതീത ജീവൻെറ പ്രവത്തനത്തിനാണു് പുണ്യങ്ങഠം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അതുവഴി സ്വഭാവാതീതപ്രവത്തനങ്ങഠം പൌരുഷത്വത്തോടും എളുപ്പത്തിലും പ്രവത്തിക്കുന്നതിനുള്ള തഴക്കം ലഭിക്കുന്നു. പരിശുദ്ധാത്മാവു് വിശ്വാസം ശരണം ഉപവി എന്നീ ദൈവികപുണ്യങ്ങളും അതിനെ സഹായിക്കുന്ന വിവേകം നെറിവു ആത്മശക്തി പതം എന്നീ സാന്മാൎഗ്ഗീകപുണ്യങ്ങളും ആത്മാവിൽ ചിന്തുന്നു.

## ദൈവീകപുണ്യങ്ങഠം

മനുഷ്യാത്മാവിൽ നട്ടുപിടിപ്പിച്ചിരിക്കുന്ന സ്നേഹവിപ്ലവം പ്രകൃത്യാ അനാരോഗ്യപരമായ കാലാവസ്ഥയും പരിതസ്ഥിതികളുമാണു് അഭിമുഖീകരിക്കുന്നതു്. സ്നാനപ്രതിഷ്ഠയുടെ ശേഷവും അധഃപതിച്ച മനുഷ്യപ്രകൃതിയുടെ വാസനകളും അകമെയും പുറമെയും ചിരകാല പ്രതിഷ്ഠിതമായ വിശ്വദേവതാ സംസ്കാരവും അവശേഷിക്കുന്നു. അതിനെയെല്ലാം എതിത്തു മുന്നേറണമെങ്കിൽ സ്വൎഗ്ഗീയകാലാവസ്ഥയും സ്വൎഗ്ഗീയ സംസ്കാരവും ലഭിക്കണം. ഇതിലേയ്ക്കു് വേണ്ടിയാണു് ദൈവീകപുണ്യങ്ങഠം. വിശ്വാസംവഴി മനുഷ്യൻ സ്വാഭാവികമായവഎല്ലാററിൽനിന്നും ഉയരുന്നു. അതു് അവനു് പുതിയ കാഴ്ചപ്പാടു് നല്കുകയും പുതുതായ ഒരു ലോകം തുറന്നുകൊടുക്കുകയും ചെയ്യുന്നു. വിശ്വാസവും സ്വൎഗ്ഗീയപ്രതിഷ്ഠയും ഏതുസമയത്തും മനുഷ്യനെ ആവരണം ചെയ്യുന്നുവെങ്കിൽ ആത്മാവിൻെറ ഈ ദൈവികമുള സ്വൎഗ്ഗീയ കാലവസ്ഥയിൽ പുഷ്ടിയായി വളന്നുവരും. ഇതിലെല്ലാം ആവശ്യമായിട്ടുള്ളതു് മനുഷ്യനിൽ വേരൂന്നിയിരിക്കുന്ന സൃഷ്ടികളോടുള്ള മമത നീക്കുകയാണു്. സ്നാനപ്രതിഷ്ഠയുടെ ശേഷവും കണ്ണുകളുടെ ദുരാശയും മാംസത്തിൻെറദുരാശയും ജീവിതത്തിൻെറ അഹങ്കാരവും അവശേഷിക്കുന്നു. പേനാക്കത്തി മുറിയ്ക്കുന്നതിനും, സൂചി തയ്ക്കുന്നതിനുമെന്നപോലെ മ

നഷ്യാത്മാവു് സ്നേഹിക്കുന്നതിനു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. തക്കതായ വിഷയം കിട്ടാതിരുന്നാൽ അതു് ഇന്ദ്രിയ ഗോചരവും നശ്വരവുമായ സൃഷ്ടികളിലേയ്ക്കു തിരിക്കും. അവയെ ദൈവത്തിലേയ്ക്കുയരുന്നതിനു് ഒരു കരുവായി ഉപയോഗിക്കുന്നതിനുപകരം പരമാന്ത്യമായി വരിക്കുകയായി. മത്തുപിടിച്ചു് സൃഷ്ടികളുടെ പുറകെ പരക്കം പായുന്ന ആത്മാവിൽ ദൈവസ്നേഹത്തിൻെറ മത്തു് കുത്തിച്ചെലുത്തേണ്ടതുണ്ടു്. വിശ്വാസം, സർവ്വഥാ സ്നേഹയോഗ്യനും വാത്സല്യപിതാവും ആയ ദൈവത്തെ അവതരിപ്പിച്ചാലും സൃഷ്ടികളിലേയ്ക്കുള്ള മത്തുമൂലം അതു് ആകർഷണീയമായി തോന്നുകയില്ല. ഈ മത്തിൻെറ വീര്യത്തെ കെടുത്തി ദൈവത്തെ ആകർഷണീയനാക്കിത്തീർക്കുന്നതു് പരിശുദ്ധാത്മാവു് ആത്മാവിൽ ചിന്തുന്ന ഉപവി എന്ന മത്താണു്. മനുഷ്യനിൽ മയങ്ങിക്കിടക്കുന്ന സ്രഷ്ടാവിനു വേണ്ടിയുള്ള മൌലീകമായ ദാഹത്തെ ഉപവി തട്ടിയുണർത്തുന്നു. സ്വാർത്ഥകേന്ദ്രിതയായ മനുഷ്യാത്മാവു് ദൈവത്തെ കേന്ദ്രമാക്കുകയും അവിടുത്തെ പക്കൽ അടിയറവെയ്ക്കുകയും ചെയ്യുന്നു. ഇതുവരെ മററു മനുഷ്യരെ സ്നേഹിച്ചിരുന്നതു് പ്രകൃതിജന്യമായ സ്നേഹത്തിൻെറ പ്രേരണയിലും താല്പര്യങ്ങളുടെ പൊരുത്തംമൂലവുമത്രേ. ഇപ്പോഴാകട്ടെ തൻെറ സ്നേഹം മുഴുവനും ദൈവത്തിൻെറ പക്കൽ അടിയറവെച്ചിരിക്കുന്നു. മുഴുഹൃദയത്തോടും മുഴുആത്മാവോടും മുഴുശക്തിയോടും കൂടിയത്രേ ദൈവത്തെ സ്നേഹിക്കുന്നതു്. മുഴുഹൃദയം ദൈവത്തിനു കൊടുത്തു കഴിഞ്ഞാൽ സൃഷ്ടികൾക്കു് ഒന്നുമില്ല. എന്നിരുന്നാലും മുമ്പേക്കാൾ കൂടുതലായി അയല്ക്കാരെ സ്നേഹിക്കുന്നു. അതു് അവരുടെ നന്മയേയോ എൻെറ ലാഭത്തേയോ പരിഗണിച്ചല്ല അവർ ദൈവപുത്രരായതുകൊണ്ടും ദൈവഛായ അവരിൽ പതിഞ്ഞിരിക്കുന്നതുകൊണ്ടുമത്രേ. അങ്ങിനെ ശത്രുക്കളടക്കം എല്ലാമനുഷ്യരേയും പ്രതിഫലേച്ഛ കൂടാതെ സ്നേഹിക്കുകയും ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും മഴപെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ ആകുകയും ചെയ്യുന്നു. ദൈവത്തെ പ്രതിയല്ലാതുള്ള സ്നേഹം ഏറിയ കൂറും ഇന്നല്ലെങ്കിൽ നാളെ അതിഭയങ്കരമായ വിദ്വേഷത്തിൽ കലാശിക്കുന്നതായിട്ടാണു് അനുദിന അനുഭവം.

## സാന്മാർഗ്ഗിക പുണ്യങ്ങൾ

എന്നാൽ സ്വാഭാവിക പുണ്യങ്ങളുടെ അടിസ്ഥാനമില്ലാതെ അതിസ്വഭാവ സുകൃതങ്ങൾ നിലനില്ക്കുകയോ വളരുകയോ ചെയ്യുകയില്ല. പലനന്മകളും നമ്മുടെ മുമ്പാകെ അവതരിപ്പിക്കപ്പെടുന്നു. അവയിൽ ഒന്നു് തിരഞ്ഞെടുക്കണം. ഇതിലേയ്ക്കു് പരിശുദ്ധാത്മാവു് വിവേകം എന്ന പുണ്യം ആത്മാവിൽ ചിന്തുന്നു. മാംസത്തിൻെറ (കാര്യം കാണാൻ വേണ്ടി എന്തും ചെയ്യാം യൂദാസ്കറിയോത്താ) വിവേകമല്ല പരിശുദ്ധാത്മാവിൻെറ വിവേകം. ക്രിസ്തുവിൻെറ പീഡാനുഭവ പ്രവചനത്തിൽ ഇടച്ചു തോന്നിയ പത്രോസിൻെറ സ്വാഭാവിക വി

വേകവുമല്ല അതു്. അതിസ്വാഭാവിക ലക്ഷ്യപ്രാപ്തിക്കു് ഏററം പററിയതു് തിരഞ്ഞെടുക്കുന്നതിനുള്ള വരമാണു് വിവേകം. വിശ്വാസത്തിൽ അപകടം (risk) അന്തർഭവിച്ചിട്ടുണ്ടു്. കൈയ്യിലിരിക്കുന്ന ഒരു പക്ഷി മരത്തേലിരിക്കുന്ന രണ്ടു പക്ഷിയോളം വിലപിടിപ്പുള്ളതാണു് എന്നാണു് ആപ്തവാക്യം. ഈ തത്വം പ്രയോഗിച്ചു് പത്തു പറനെല്ലിനുവേണ്ടി കയ്യിലിരിക്കുന്ന ഒരുപറ നെല്ലു് പാടത്തിറക്കുവാൻ വിസമ്മതിക്കുന്നവൻ ഭോഷനാണു്. പരലോകഭാഗ്യത്തിനുവേണ്ടി ഈ ലോകഭാഗ്യങ്ങളെ ത്യജിക്കുന്നതു് ഭോഷത്വമാണു് എന്നു് ലോകായതികർ പറയുന്നു. ലോകഭാഗ്യങ്ങളുടെ നശ്വരതയും പരലോക ഭാഗ്യത്തിൻെറ യാഥാത്ഥ്യവും തൂക്കിനോക്കുന്നതിലാണു് വിവേകം അടങ്ങിയിരിക്കുന്നതു്. ദൈവാസ്ഥികൃവും ക്രിസ്തുവിൻെറ അവകാശ വാദങ്ങളുടെ യാഥാത്ഥ്യവും സ്പഷ്ടമായാൽ തന്നെയും ദൈവത്തിനു കൊടുക്കുവാനുള്ളതു് കൊടുക്കുവാൻ നീതിബോധം ആവശ്യമാണു്. നീതിബോധം ഇല്ലാത്തവൻ അപരനു് കൂടുതൽ തലേന്നു കൊടുത്തതിൽ പരിഭവിച്ചു് ദൈവം വിതയ്ക്കാത്തിടത്തു് കൊയ്യുവാൻ വന്നിരിക്കുന്നു എന്നു്ആവലാതിപ്പെടുകയേയുള്ളു. ദൈവത്തിൻെറ ഇഷ്ടം നിറവേററുന്നതിലേയ്ക്കു് മനുഷ്യൻെറ ദുരാശകളെ അമർത്തേണ്ടതുണ്ടു് (പത്ഥ്യം). ദൈവത്തിൻെറ വഴിയിൽ നടക്കുന്നതിനു് വസ്തുനിഷ്ഠമായ പഠനവും ധൈര്യവും സ്ഥിരമായ പരിശ്രമവും ആവശ്യമുണ്ടു്. ആത്മശക്തി ആവശ്യമാണു്. ഈ ധൈര്യവും ആത്മശക്തിയും സ്ഥിര പരിശ്രമവും നാഡീബലത്തിൽനിന്നു് ലഭിക്കുകയില്ല. പരിശുദ്ധാത്മാവു് സ്നാനപ്രതിഷ്ഠയിൽ സാന്മാർഗ്ഗിക പുണ്യങ്ങൾ ആത്മാവിൽ ചിന്തിക്കൊണ്ടു് ദൈവീക പുണ്യങ്ങളുടെയും കൃപാവരമെന്ന ദൈവീക മുളയുടെയും വളച്ച സുഖകരമാക്കുന്നു.

## പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ

സ്നാനപ്രതിഷ്ഠ നടത്തിയ ആത്മാവിൽ ദൈവീക പുണ്യങ്ങൾക്കും സന്മാർഗ്ഗപുണ്യങ്ങൾക്കുംപുറമെ ഐസയാസു് പ്രവാചകൻ പ്രകീർത്തിക്കുന്ന ഏഴു ദാനങ്ങൾ പരിശുദ്ധാത്മാവു് നൽകുന്നു. ആത്മാവിൻെറ ദൈവീക മുളയുടെ വളച്ചയ്ക്കു് ഈ ദാനങ്ങൾ വളരെ സഹായകരമാണു്. ദാനം എന്ന വാക്കു് സൂചിപ്പിക്കുന്നതു് മനുഷ്യൻെറ പ്രവത്തനം അതിൽ അന്തർഭവിച്ചിട്ടില്ല എന്നാണു്. പുണ്യങ്ങൾ മനുഷ്യ പ്രയത്നം സങ്കല്പിക്കുന്നു. തുഴയെടുത്തു് നല്ലപോലെ തുഴയണം. ദാനമാകട്ടെ കപ്പലിൻെറ പായപോലെയാണു്. കാററുപിടിച്ചു് വള്ളം തള്ളിക്കൊണ്ടു് പൊയ്ക്കൊള്ളും. മനുഷ്യൻ അതിനെ തടയരുതെന്നുമാത്രം. മനുഷ്യസ്വാതന്ത്ര്യത്തിനുമുമ്പിൽസവ്വശക്തനായദൈവംനിസ്സഹായനാണു്. മറെറാരു ഉപമ പ്രയോഗിക്കുന്ന പക്ഷം പരിശുദ്ധാത്മാവു് ആത്മാവിൽ സ്ഥാപിച്ചിരിക്കുന്ന ഏഴു റേഡിയോആണു് ഈ ദാനങ്ങൾ. സ്വർഗ്ഗത്തിൽ നിന്നുള്ള പ്രക്ഷേപണം അനുനിമിഷം അവിടെ ലഭിക്കുന്നു, ബോധയടക്കം പാലിച്ചു് റേഡിയോ പ്രവത്തനോന്മുഖ

മായരിക്കണമെന്നുമാത്രം. ആത്മാവു് ഇതുവരെനന്മയിൽ ഉറച്ചിട്ടില്ല. ദൈവത്തെ ഉപേക്ഷിച്ചു് പാപത്തിൽ വീഴുവാൻ പാടുണ്ടു്. ദൈവഭയം എന്ന ദാനംവഴി പരിശുദ്ധാത്മാവു് പാപത്തെപ്പററി രക്ഷാകരമായ ഒരു ഭയംജനിപ്പിക്കുന്നു. ദൈവത്തിൻെറ ഇഷ്ടക്കേടുഉണ്ടാകുവാൻ പാടുള്ളതിൽ വെച്ചു് ഏററം വലിയ തിന്മയായി കരുതുന്നു. ഭക്തി എന്ന ദാനം വഴി ദൈവത്തോടു് മക്കൾക്കടുത്ത ഒരു മനോഭാവം ജനിക്കുന്നു. താൻ ദൈവത്തിൻേറതാണെന്നും ദൈവം മുഴുവനും തൻേറതാണെന്നും ആത്മാവിനു് ബോദ്ധ്യമാകുന്നു. ദൈവത്തിൻെറ ഭാഗ്യത്തിലും മഹത്വത്തിലും ആണു് ആത്മാവിൻെറ സന്തോഷം. സ്വാത്ഥമതിയായ മനുഷ്യൻ അയല്ക്കാർ തന്നെക്കാൾ ഉയന്നുവരുന്നതുകാണുമ്പോൾ അസൂയപ്പെടുന്നു. അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നു് ഒരു പഴഞ്ചൊല്ലുണ്ടു്. ലോകവസ്തുക്കൾ പരിമിതമായിരിക്കെ ഒരാൾക്കു കൂടിയാൽ മററൊരാൾക്കു് കുറഞ്ഞിരിക്കും. തന്മൂലം അയല്ക്കാരൻെറ ഉയച്ച തനിക്കൊരു താഴ്ച്ചയായി എല്ലാവരും കരുതുന്നു. ലോകത്തിൽ വിഭവങ്ങൾ പച്ചവെള്ളം പോലെ സമൃദ്ധമായിരുന്നാൽപോലും അസൂയ ഉള്ളിടത്തു് വിതരണമോ സൌഭാഗ്യമൊ ഉണ്ടാകുകയില്ല. സ്വാത്ഥവും അസൂയയും ഏററംകൂടുതൽ നാശം വരുത്തുന്നതു് അവനവനു തന്നെയാണു്. ദ്വേഷിക്കുന്നവനു് എന്തുകിട്ടിയാലും മനസ്സിനോ ശരീരത്തിനോ സുഖമുണ്ടാകുകയില്ല. പലരും തങ്ങളുടെ അസൂയ പുറമേ പ്രകടിപ്പിച്ചെന്നുവരില്ല. അവരുടെ മനസ്സു് എപ്പോഴും നീറിക്കൊണ്ടു് നടക്കും. അസൂയ നീങ്ങിയാൽ ഭൂമി സ്വഗ്ഗമായി. മനസ്സിലുള്ള അസൂയ നീങ്ങി സന്തോഷം അനുഭവിക്കുന്നതിനുള്ള മാഗ്ഗം എന്തു്? മററാളെ പോലെ ആകുവാൻ നിങ്ങളും ശ്രമിക്കുക എന്നുള്ള മറുപടി പരിപൂണ്ണതൃപ്തി വരുത്തിയെന്നുവരികയില്ല. ഞാൻ എത്ര ശ്രമിച്ചാലും മററെയാളെപ്പോലെ ഉയരുവാൻ സാധിക്കുകയില്ല. അയല്ക്കാരൻെറ ഉയച്ചയിൽ ആത്മാത്ഥമായി സന്തോഷിക്കണമെങ്കിൽ ദൈവത്തെ നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാക്കണം. ദൈവത്തെ ജീവിതത്തിൻെറ ഒരു ഘടകമാക്കുക നീതിയുടെ ഒരു കടം മാത്രം. അപ്പോഴെ ഭാഗ്യം പൂണ്ണമാകുകയുള്ളു. ഇതുതന്നെയാണു് ഭക്തി എന്ന ദാനത്തിൻേറയും ലക്ഷ്യം. ദൈവത്തിനുവരുന്ന മഹത്വമത്രയും നമ്മുടേതായിത്തീന്നാൽ അന്യൻെറ ഉയച്ചയും നമ്മുടേതായിത്തീരും. നമ്മുടെ കുടുംബത്തേയ്ക്കു് ആരെങ്കിലും എന്തെങ്കിലും സംഭാവന നൽകിയാൽ അതു നമ്മുടേതായി. കുടുംബത്തിൻെറ ഭാഗധേയവുമായി നാം ഏകീഭവിക്കുന്നതിൻെറ തോതനുസരിച്ചു്. അതു് നമ്മുടേതാകും. എന്നാൽ കുടുംബത്തിൻെറ ഭാഗധേയം, നമുക്കു് എത്രതന്നെ സന്മനസുണ്ടായാലും എപ്പോഴും നമ്മുടെ ഭാഗധേയവുമായി ഏകീഭവിച്ചു എന്നുവരികയില്ല. ദൈവം അങ്ങനെയല്ല. ദൈവവുമായി നമ്മുടെ ഭാഗധേയം ഏകീഭവിപ്പിക്കുന്നതിനു് നമ്മുടെ ഭാഗത്തുനിന്നുള്ള സന്മനസ്സിൻെറ പോരായ്മമാത്രമേ തടസ്സമായിട്ടുള്ളു. ഈ ഏകീകരണം ഉള്ളിടത്തു് നമുക്കു് ഒരു തലേന്തു മാത്രമേയുള്ളവെങ്കിലും രണ്ടും അഞ്ചും തലേന്തുകിട്ടിയവരുടെ ഉയച്ച

അന്തിമമായി ദൈവമഹത്വത്തിൽ കലാശിക്കുന്നതുമൂലം നമുക്കുതന്നെ കിട്ടിയതായി അനുഭപ്പെടും. ഇതൊക്കെ പ്രായോഗികമോ സാധ്യമോ ആണോ? പ്രായോഗികതയും സാദ്ധ്യതയും പരിശുദ്ധാത്മാവ് ഭക്തി എന്ന ദാനം നമ്മുടെ ആത്മാവിൽ ചിന്തുന്നതിൻെറ തോതനുസരി ച്ചിരിക്കും.

സുകൃത ജീവിതം നയിക്കുന്നതിനു് ആത്മധൈര്യം നല്കുന്നതു് ആത്മശക്തി എന്ന ദാനമാണു്. വളരെ പ്രതിബന്ധമുള്ളപ്പോൾ മനസ്സു മടുക്കുവാൻപാടുണ്ടു്. അവയെ ജയിക്കുവാൻ നാഡി ബലത്തിൽ ആണു് പലരും ആശ്രയിക്കുന്നതു്. നാഡീബലത്തിനു് പരിധി കളുണ്ടു്. ഏതു് അഗ്നിപരീക്ഷണത്തെയും ജയിക്കുന്നതിനു് കഴിവുള്ളതു് പരിശുദ്ധാത്മാവു് നല്കുന്ന ആത്മശക്തിക്കുമാത്രമാണു്. അഗ്നിപരീക്ഷണത്തിൻെറ അഭാവത്തിലും സുകൃതജീവിതത്തിൽ സ്ഥിരതയോടെ മുന്നോട്ടു പോകുന്നതിനു് ഈ ദാനം അത്യന്താപേക്ഷിതമാണു്. സ്നാനപ്രതിഷ്ഠവഴി പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു് പുതിയ മനുഷ്യനെ ധരിക്കുകയാണു്ചെയ്യുന്നതു്. പഴയമനുഷ്യൻ ക്രിസ്തുവിനോടുകൂടി വെള്ളമാകുന്ന കവറിടത്തിൽ സംസ്കരിക്കപ്പെടുന്നു, എന്നാണു് സൂചിപ്പിക്കപ്പെടുന്നതു്. സ്നാനപ്രതിഷ്ഠയുടെ ശേഷവും പഴയ മനുഷ്യൻെറ പ്രവൎത്തികൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. ദുരാശകളെ അമൎത്തണം. മാംസത്തിൻെറ ദുരാശകളെ അമൎത്തിക്കൊണ്ടുള്ള ജീവിതമാണു് ക്രിസ്തീയ ജീവിതം. മനുഷ്യജീവിതം ലോകത്തോടും ശരീരത്തോടും പിശാചിനോടുമുള്ള ഒരു നിരന്തരയുദ്ധമാണു്. തന്മൂലം അഗ്നി പരീക്ഷണഘട്ടത്തിൽമാത്രമല്ല അനുദിനജീവിതത്തിൽക്കൂടെയും പരിശുദ്ധാത്മാവിൻെറ ആത്മശക്തി എന്ന ദാനം ആവശ്യമാണു്. അനുദിന ജീവിതത്തിൽ ഓരോ പ്രത്യേക സാഹചര്യങ്ങളിൽ എന്തു ചെയ്യേണ്ടു എന്നറിയാതെ കുഴങ്ങുന്ന അവസരങ്ങളും വിരളമല്ല. വിധിയാളന്മാരുടെ മുമ്പാകെ എന്തു പറയേണ്ടു എന്നു് നിങ്ങൾ വിഷമിക്കേണ്ട എന്നാണു് ക്രിസ്തു അരുളിച്ചെയ്യുന്നതു്. പരിശുദ്ധാത്മാവു് അവസരോചിതമായി പറയേണ്ടതും പ്രവൎത്തിക്കേണ്ടതും ആലോചന എന്ന ദാനംവഴി അറിയിച്ചുതരും. അന്ധമായിട്ടല്ല പുതിയ പുതിയ കാഴ്ചപ്പാടു് നൽകിക്കൊണ്ടാണു് പരിശുദ്ധാരൂപി മനുഷ്യാത്മാവിനെ സംസ്കരിക്കുന്നതു്. നേത്രരോഗിക്കു് അയാളുടെ ഫ്രെയിമിൽ (കണ്ണാടി) പുതിയ പുതിയ ചില്ലു മാറിവച്ചു് പരീക്ഷിക്കുമ്പോൾ പുതിയ പുതിയ ലോകങ്ങൾ തുറക്കപ്പെടുന്നതുപോലെ പരിശുദ്ധാരൂപി മനുഷ്യാത്മാവിൽ പുതിയ പുതിയ ഫിലിം അവതരിപ്പിച്ചുകൊണ്ടു് ഇതുവരെ സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാത്ത ലോകങ്ങൾ തുറക്കുന്നു. അറിവു് എന്നദാനം വഴി (knowledge) ലോകവസ്തുക്കളുടെ നശ്വരത നമുക്കു് കാണിച്ചു തരുന്നു. രോഗം മരണം എന്നിവയെല്ലാം അനുദിന സംഭവങ്ങളെങ്കിലും അവയിൽ നമ്മുടെ ശ്രദ്ധ പതിയുന്നില്ല. പതിയുന്നെങ്കിൽതന്നെ ദോഷൈക ദൃക്കുകളുടെ പ്രാപഞ്ചീക വീക്ഷണകോണത്തിൽ കൂടിമാ

ത്രം. അസൂയയുടേയും മത്സരത്തിൻേറയും വിഷയമായ ഭൌതീകനന്മകളുടെ ശൂന്യതയും പൊള്ളത്തരവും മനസ്സിലാക്കുന്നതു് രക്ഷാകരമായ വിരക്തി പാലിക്കുന്നതിനും, വിരക്തമായ ഉപയോഗം വഴി അവയെ ദൈവത്തിലേയ്ക്കുള്ള ചവിട്ടു പടിയാക്കി പകർത്തുന്നതിനും ഉപകരിക്കും. ലോക സംഭവങ്ങളുടെ അടിയിൽ അഥവാ അവയെ തുളച്ചു് (intus legere) ദൈവത്തിൻെറ നിഗൂഢ പദ്ധതികൾ (under standing) അയാൾ കണ്ടെത്തുന്നു. ദൈവം കാണുന്നതുപോലെ അയാൾ വസ്തുക്കളേയും സംഭവങ്ങളേയും കാണുകയും, അവയിൽ ആസ്വദിച്ചു തുടങ്ങുകയും ചെയ്യുന്നു.

സ്ഥാനപ്രതിഷ്ഠയിൽനിന്നു് ഏപ്പോഴും അപ്രമാദമായി ഈ മാററങ്ങളെല്ലാം സംഭവിക്കുന്നുണ്ടോ? ആത്മാർത്ഥമായി മാനസാന്തരപ്പെട്ടു് സ്ഥാനപ്രതിഷ്ഠ നടത്തുമ്പോഴും ശിശുവിൻെറ കൃപാവരം വികസിക്കുന്നതിനു് അവസരം നല്കുന്ന പരിശീലനം ഉത്തരവാദപ്പെട്ട ആളുകൾ നല്കുമ്പോഴും ഈ മാററങ്ങൾ സംഭവിക്കുന്നുണ്ടു്. മനുഷ്യൻെറ സ്വതന്ത്ര സഹകരണം കൂടാതെ ദൈവത്തിനു് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. മനുഷ്യസ്വാതന്ത്ര്യത്തിൻെറ മുമ്പിൽ സർവ്വ ശക്തനായ ദൈവം നിസ്സഹായനാണു്. സ്ഥാനപ്രതിഷ്ഠവഴി മനുഷ്യനു് ദൈവീക കുലീനത ലഭിക്കുന്നു. കുലീനകുടുംബങ്ങളിലെ അംഗങ്ങൾ ശരിയായ പരിശീലനത്തിൻെറ അഭാവത്തിൽ വഴിപിഴച്ചുപോകുന്നതു് അനുദിനസംഭവമാണു്. രാജപുത്രന്മാർക്കു് രാജകീയ പരിശീലനം നല്കുന്നതുപോലെ ദൈവപുത്രന്മാർക്കു് ദൈവീകപരിശീലനം നല്കേണ്ടതുണ്ടു്. ദൈവപുത്രനു് ഭൌതീകമൂല്യങ്ങൾ സർവ്വസ്വവുമായി കരുതുന്ന ഭൌതീക പരിശീലനവും സംസ്കാരവുമാണു് കിട്ടുന്നതെങ്കിൽ അയാളിൽ കുടികൊള്ളുന്ന ദൈവീക കുലീനത്വത്തിൻെറബീജം മരവിച്ചുപോകും. ഹർമോണിയംകൊട്ടുന്നതിനു് പരിശീലിച്ചിട്ടുള്ള ആളിൻെറ കൈവിരലുകൾക്കു് വാതംപിടിച്ചു് മരവിച്ചു്പോകുന്നപക്ഷം അയാൾക്കു് കൊട്ടുവാൻ സാധിക്കുകയില്ല. സ്ഥാനപ്രതിഷ്ഠയുടെ ഫലം പുറത്തുവരണമെങ്കിൽ ഭൌതീകപരിശീലനവും സംസ്കാരവും വഴി വന്നിട്ടുള്ള മരവിപ്പു് നീക്കണം.

## പുരോഹിതൻ

ഭൂമിയിലെ സ്നേഹവിപ്ലവം ആരംഭിക്കുന്നതു് മനുഷ്യാവതാരത്തിലുള്ള ക്രിസ്തുവിൻെറ അർപ്പണത്തോടു കൂടിയാണു്. ''ഇതാ ഞാൻ വരുന്ന ഒരു ബലിവസ്തുവിനടുത്ത ശരീരം നീ എനിക്കു് ഒരുക്കിയിരിക്കുന്നു. നിൻെറ ഇഷ്ടം ഞാൻ സസന്തോഷം സ്വാഗതംചെയ്യുന്നു.'' ക്രിസ്തു സ്വയംഒരു ബലിയായി സമർപ്പിക്കുന്നു. ആത്മീയമായ ഈ അർപ്പണത്തിൽ അവിടുന്നു് പുരോഹിതനും ബലിവസ്തുവുമത്രേ. ഈ അർപ്പണം ഒററപ്പെട്ട ഒരു സംഭവമായിട്ടല്ല ഉദ്ദേശിച്ചിട്ടുള്ളതു്. ക്രിസ്തുവിനോടുകൂടി മനുഷ്യവർഗ്ഗം മുഴുവനും സ്വയം പാപപരിഹാരബലിയായി

അപ്പിക്കുകയും അതേതുടന്ന് അപ്പിതജീവിതം നയിക്കുകയും ചെയ്യണം. സ്ഥാനപ്രതിഷ്ഠയോടുകൂടി ഒരുവൻ ക്രിസ്തുവിൻെറ ആത്മീയ പൗരോഹിത്യത്തിൽ ഓഹരി പ്രാപിക്കുകയും തന്നെത്തന്നെ ഒരു ബലിവസ്തുവായി ദൈവത്തിനു് സമപ്പിക്കുകയും ചെയ്യുന്നു. സ്നേഹവിപ്ലവം അടങ്ങിയിരിക്കുന്നതു് സ്വയം പ്രതിഷ്ഠിക്കുന്നതിലാണു്. ക്രിസ്തു മനുഷ്യ രക്ഷയ്ക്കായി സ്വയം അപ്പിക്കുന്നു. സ്ഥാനപ്രതിഷ്ഠയോടുകൂടി മൌതീകശരീരത്തിൻെറ അവയവമായി തീന്നയാരം ക്രിസ്തുവിനോടുകൂടി കൂട്ടു പുരോഹിതനെന്നുള്ള നിലയിൽ തന്നെത്തന്നെ സ്വന്തം പാപപരിഹാരത്തിനായിട്ടുമാത്രമല്ല ലോകം മുഴുവൻേറയും പാപപരിഹാരത്തിനായി അപ്പിക്കുന്നു. ശേഷിച്ചിട്ടുള്ള ജീവിതമത്രയും ഒരു ബലിവസ്തുവിൻെറ ജീവിതമാണു്. അയാളുടെ പ്രവത്തനങ്ങളത്രയും ഈ ബലിയിൽ ഉരംപ്പെട്ടിട്ടുണ്ടു്.

## സ്ഥിരീകരണം

ക്രിസ്തുവിൽ ആരംഭിച്ച ഈ പ്രതിഷ്ഠാജീവിതത്തിൽ ഉറയ്ക്കുന്നതു് അപ്പസ്തോല കൈവെപ്പു വഴി ലഭിക്കുന്ന പരിശുദ്ധാത്മാവിൻെറ സ്ഥിരീകരണംകൊണ്ടാണു്. ആത്മാവിൻെറ വളച്ചയേയു ംനന്മയിൽ ഉള്ള ഉറപ്പിനേയും സൂചിപ്പിക്കുന്നതിനു് ക്രിസ്തു സ്ഥാപിച്ച മററൊരു അടയാളമാണു് സ്ഥിരീകരണം. ഇതുവഴി പെന്തക്കുസ്താ ദിനത്തിലെ അനുഭവങ്ങരം അദൃശ്യമായിട്ടെങ്കിലും ആവത്തിക്കപ്പെടുന്നു. ക്രിസ്തുവിൻെറ അപ്പസ്തോലന്മാർ ലോകായതികരും ഭീരുക്കളും ആയിരുന്നു. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണം കഴിഞ്ഞു് പത്താം ദിവസം പരിശുദ്ധാത്മാവു് അവരുടെ മേൽ എഴുന്നെള്ളിയതോടെ അവരുടെ പ്രാപഞ്ചീകവീക്ഷണങ്ങരംക്കെല്ലാം അതീതമായി ഉയന്നു് പുതിയ മനുഷ്യരായിത്തീന്നു. ഭീരുക്കളായിരുന്ന അവർ കെട്ടി അടിക്കപ്പെട്ടപ്പോരം ക്രിസ്തുവിനെപ്പററി സഹിക്കുവാൻ ഇടയായതിൽ സന്തോഷിച്ചു് വീട്ടിലേക്കു് മടങ്ങി. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ അജ്ഞരായ ഈ മുക്കുവർ ലോകത്തിൻെറ അതിത്തികരം വരെ സഞ്ചരിച്ചു് സുവിശേഷം പ്രസംഗിച്ചു സഭകരം സ്ഥാപിക്കുകയും അവ ഇന്നുവരെ നിലനില്ക്കുകയും ചെയ്യുന്നു. അലക്സാണ്ടറിൻെറ സേനകരം സിന്ധുനദിക്കപ്പുറം പോകുവാൻ വിസമ്മതിച്ചു് നാട്ടിലേയ്ക്കു് മടങ്ങി. ക്രിസ്തുവിൻെറ അപ്പസ്തോലനായ തോമ്മാ അതിലും വിദൂരമായ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും കേരളത്തിൽ സുവിശേഷം പ്രസംഗിച്ചു് ഏഴു പള്ളികരം സ്ഥാപിക്കുകയും മൈലാപ്പൂരിൽവച്ചു് 72—ൽ വേദസാക്ഷിമകുടം പ്രാപിക്കുകയുംചെയ്തു. അപ്പസ്തോലന്മാർ എല്ലാവരും രക്തസാക്ഷിത്വം വരിച്ചു. അതേതുടന്നു ഇന്നുവരെ അനേകലക്ഷങ്ങരം രക്തസാക്ഷിത്വം വരിച്ചിട്ടുണ്ടു്.

സ്ഥാനപ്രതിഷ്ഠവഴി ക്രിസ്തീയജീവിതം ശൈശവാവസ്ഥയിൽ എത്തുകമാത്രമേ ചെയ്യുന്നുള്ളു. പക്വത പ്രാപിക്കുന്നതു് സ്ഥിരീകരണ

ത്തോടുകൂടിയാണു്. ലത്തീൻ സഭയിൽ സൈത്തു പൂശിക്കൊണ്ടുള്ള സ്ഥിരീകരണകർമ്മംഈ ആശയത്തെയാണു്സൂചിപ്പിക്കുന്നതു്. അമ്മമാർ കുഞ്ഞുങ്ങളെ എണ്ണതേപ്പിക്കുന്നതു് അസ്ഥികൾക്കു് ഉറപ്പുകിട്ടി തറയിൽ ഉറച്ചുനില്ക്കുവാനാണു്. ആത്മാവു് ശക്തി പ്രാപിച്ചു് നമ്മയിൽ ഉറച്ചുനില്ക്കുന്നതിനെ സൂചിപ്പിക്കുവാൻ ഈ അടയാളം പര്യാപ്തമാണു്. മുതിന്ന മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടി ആകാതെ സാഹചര്യങ്ങളെ സൃഷ്ടിക്കുകയും ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കുന്നതിനു് ബദ്ധപ്പെടുകയുംചെയ്യുന്നു. അയാൾ ക്രിസ്തുവിൻെറ പടയാളിയായിത്തീരുന്നു.

## അദ്ധ്യായം 16

# അനുതാപപ്രതിഷ്ഠ

സ്നാനപ്രതിഷ്ഠയോടുകൂടി സ്നേഹലബോററ്ററിയുടെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളു. അതു് വിവാഹമല്ല വിവാഹവശ്ദാനം (betrothal) മാത്രം. മരണത്തോടുകൂടിമാത്രമേ ഈ ഐക്യം ഖണ്ഡിതവും പൂർണ്ണവുമാകുന്നുള്ളു. ആദിമാതാപിതാക്കളിൽനിന്നുള്ള ഉത്ഭവപാപം മനുഷ്യപ്രകൃതിയിൽ വരുത്തിയിട്ടുള്ള അരാജകത്വം ഭാഗികമായി മാത്രം പരിഹരിക്കപ്പെടുന്നു. സ്നാനപ്രതിഷ്ഠ കൃപാവരം നല്കി പാപാവസ്ഥ നീക്കുകയും ദൈവപുത്രൻെറ കുലീനത്വം നല്കുകയും ചെയ്യുന്നുണ്ടെങ്കിലും മനുഷ്യപ്രകൃതിയിൽ കടന്നുകൂടിയ തകിടം മറിച്ചിൽ ഇനിയും അവശേഷിക്കുന്നു. പാപാവസ്ഥ നീങ്ങിയെങ്കിലും പാപത്തിലേയ്ക്കുള്ള ചാച്ചിൽ ഇനിയും നീങ്ങിയിട്ടില്ല. മലമ്പനി നീങ്ങിയ ശേഷവും അതിൻെറ വിഷം ശരീരത്തിൽ ശേഷിക്കുകയും അനുകൂല സാഹചര്യത്തിൽ വീണ്ടും പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നതുപോലെ പാപാവസ്ഥ നിങ്ങിയ ശേഷവും അതിൻെറ വേരുകൾ മനുഷ്യപ്രകൃതിയിൽ അവശേഷിക്കുകയും പ്രലോഭനങ്ങളോടു് എതിക്കാത്തപക്ഷം അതിനടിപെട്ടു് പാപത്തിൽ വീഴുകയും പാപാവസ്ഥയിൽ വീണ്ടും എത്തിച്ചേരുകയുംചെയ്യുന്നു.

### പരിഹാരത്തിൽ പങ്കുവഹിക്കണം

മനുഷ്യർക്കുവേണ്ടി ഇത്രയെല്ലാം ചെയ്തതിൻെറശേഷം പാപത്തിൻെറ വേരുകൾകൂടി നീക്കി പൂർണ്ണ ആരോഗ്യത്തിൽ എത്തിച്ചുകൂടേ? മനുഷ്യൻെറ അളവുകോലുകൊണ്ടല്ല ദൈവത്തെ അളക്കേ

ണ്ടതു്. ലുബ്ധു കൊണ്ടല്ല ദൈവം മനുഷ്യപ്രകൃതിയിൽനിന്നു് ഈ അരാജകത്വം നീക്കാത്തതു്? ഒരു പരിഹാരവും ചെയ്യിക്കാതെ ദൈവത്തിനു് മുഴുവൻ ഇളച്ചുകൊടുക്കാം. അതു് മനുഷ്യനു് അഭിമാനകരമല്ലെന്നുമാത്രം. വിശ്വദേവതാ സംസ്കാരത്തിൽവളൎന്ന മനുഷ്യന്റെ താരിപ്പനുസരിച്ചു് പരിഹാരംചെയ്തു് നീതീകരണം പ്രാപിക്കുന്നതിനേക്കാൾ പരിഹാരംകൂടാതെ മോചനം പ്രാപിക്കുകയാണു് അഭിമാനകരം. ദൈവത്തിന്റെ പ്രപഞ്ചാതീത വിശുദ്ധിയുടെ വെളിച്ചത്തിൽ പരിഹാരമല്ല പാപമാണു് ആക്ഷേപകരം. ഇളവു ലഭിക്കുന്നതിനേക്കാൾ പരിഹാരം ചെയ്യുന്നതാണു് അഭിമാനകരം. ഇളച്ചുകൊടുക്കുന്നതിനേക്കാൾ പരിഹാരം ചെയ്യിച്ചിട്ടു് നീതീകരണം പ്രാപിക്കുന്നതിനുള്ള അവസരം കൊടുക്കുകയാണു് കൂടുതൽ ഔദാര്യം. മനുഷ്യ കഴിവിന്റെ അഭാവത്തിൽ വാദിപ്രതിക്കുവേണ്ടി പരിഹാരം നിൎവ്വഹിക്കുന്നതാണു്ഔദാര്യത്തിന്റെ പാരമ്യം. മനുഷ്യാവതാരംചെയ്ത ക്രിസ്തു കുരിശുമരണം വരിച്ചതുകൊണ്ടുമാത്രം അതു് ഓരോ വ്യക്തിക്കും അഭിമാനകരമായിരിക്കുകയില്ല. ക്രിസ്തുവിന്റെ കുരിശു മരണത്തിൽ എല്ലാവരും പങ്കുവഹിച്ചു് അഭിമാനപൂൎവ്വം പരിഹാരം ചെയ്യുന്നതിനുവേണ്ടിയാണു് മനുഷ്യപ്രകൃതിയുടെ അധഃപതനത്തെ ഭാഗികമായിട്ടുമാത്രം പരിഹരിച്ചതു്.

മരണത്തോടുകൂടി ആത്മാവു് നന്മയിലോ തിന്മയിലോ, സ്നേഹത്തിലോ ദ്വേഷത്തിലോ ഉറയ്ക്കുന്നു. ആത്മാവു് പ്രവൎത്തിക്കുന്നതു് ശരീരത്തിൽ കൂടിയാണു്. പഞ്ചേന്ദ്രിയങ്ങളിൽ കൂടി ലഭിക്കുന്ന ഐന്ദ്രീക ഛായകളാണു്. മനുഷ്യന്റെ അറിവിനു് വിഷയം നല്കുന്നതു്. അവയെ ഉപയോഗിച്ചു് മനുഷ്യൻ കൂടുതൽകൂടുതലായി അറിയുകയും സ്നേഹിക്കുകയുംചെയ്യുന്നു. അറിവും സ്നേഹവും ദൈവത്തിൽ കേന്ദ്രീകരിക്കുന്നതനുസരിച്ചു് നന്മയിൽ ഉറയ്ക്കുന്നു. സൃഷ്ടികളിൽ കേന്ദ്രീകരിക്കുന്നതനുസരിച്ചു് തിന്മയിൽ ഉറയ്ക്കുന്നു. ഉറച്ചുകഴിഞ്ഞാൽ മാററം വരുത്തുക സാദ്ധ്യമല്ല. കോൺക്രീററു വാൎത്തു് ഉറച്ചുകഴിഞ്ഞാൽ മാററം വരുത്തുവാൻ സാധിക്കുകയില്ല. ഉറച്ചുകഴിഞ്ഞാൽ അച്ചു് പൊളിച്ചുമാററുന്നതുപോലെ ആത്മാവു് നന്മയിലോ തിന്മയിലോ ഉറച്ചു കഴിഞ്ഞാൽ ശരീരമാകുന്ന അച്ചു പൊളിച്ചു് മാററുന്നു. മരണംവരെ മനുഷ്യന്റെ മനസ്ഥിതി മാററത്തിനു് വിധേയമാണു്. സ്നാനപ്രതിഷ്ഠ നടത്തിയവർ നന്മയിൽ ഉറച്ചുവെന്നും പിന്നീടു് പാപത്തിൽ വീഴുക അസാദ്ധ്യമെന്നും ആദ്യക്രിസ്ത്യാനികളിൽ ചിലരെല്ലാം വിശ്വസിച്ചിരുന്നു. ആദ്യക്രിസ്ത്യാനികളുടെ മൊത്തത്തിലുള്ള തീക്ഷ്ണമായ ജീവിതം അവരെ ഈ വിശ്വാസത്തിൽ ഉറപ്പിച്ചു എന്നാൽ അനുഭവം ഇതിനെല്ലാമെതിരാണു്. സ്നാനത്തിനു് ശേഷവും ശരീരത്തിന്റെ ദുരാശകളും ലോകത്തിന്റെ വശീകരണവും അവശേഷിക്കുന്നു. മനുഷ്യന്റെ ആശയഗതികൾ കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുന്നു. സ്നാനപ്രതിഷ്ഠവഴി ദൈവൈക്യത്തിൽ എത്തി

യിരിക്കുന്ന മനുഷ്യാത്മാവു് വശീകരിക്കുന്ന സൃഷ്ടികളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഈ സൃഷ്ടികളെ ഉപയോഗിച്ചുകൊണ്ടാണു് ദൈവത്തെ സേവിക്കേണ്ടതു്. അവയുടെവശീകരണം പരമാന്ത്യമായ ദൈവത്തെ വിസ്മരിക്കുന്നതിനു് ഇടയാക്കുന്നു. ലോകം, പിശാചു്, ശരീരം എന്നിവയുടെ പ്രലോഭനങ്ങളിൽപെട്ടു് മാററാരെയുംപോലെ സ്ഥാനപ്രതിഷ്ഠ നടത്തിയ ദൈവപുത്രനും ദൈവത്തിൻെറ സ്ഥാനത്തു് അവയെ പരമാന്ത്യമായി വരിക്കുന്നു. ഇതാണു് പാപം. ദൈവവുമായുള്ള ബന്ധം വിടർത്തിയതിൻെറശേഷം ആത്മാവിൻെറ ഗതി സൃഷ്ടികളിലേയ്ക്കാണു്. അതിസ്വാഭാവിക ലക്ഷ്യമെന്നനിലയിൽ ദൈവത്തിലേയ്ക്കു് തിരിയുന്നതിനു് ആത്മാവിനു് സ്വയമേ സാധ്യമല്ല. ആത്മാവു് സൃഷ്ടികളിന്മേൽ ഉടക്കി അവയുടെഅടിമയായിത്തീരുന്നു.

## പാപമോചന അധികാരം

സ്ഥാനപ്രതിഷ്ഠയുടെശേഷം മനുഷ്യൻ പാപത്തിൽ വീഴുന്നുണ്ടെന്നുള്ളതിനു് എക്കാലത്തുമുള്ള അനുഭവം സാക്ഷി. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് പാപമോചനത്തിനുള്ള അധികാരം അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കിയതു്. അപ്പസ്തോലന്മാരുടെമേൽ അവിടന്നു് നിവസിച്ചുകൊണ്ടു് ''നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെട്ടിരിക്കും''. വെറും ഭരണപരമായ ഒരു അധികാരമല്ല ഇവിടെ അന്തർഭവിച്ചിരിക്കുന്നതു്. ഭരണപരമായ അധികാരപ്രയോഗത്തിനു് പരിശുദ്ധാത്മാവിനെ നല്കേണ്ട ആവശ്യമില്ല. സിവിൾകോടതിയിലെ വിധിയാളൻ കുററവാളികളെ മോചിക്കുമ്പോൾ അയാളുടെ ശിക്ഷ ഇളവുചെയ്യുന്നതല്ലാതെ മനസ്ഥിതിയിൽ മാററം വരുത്തുന്നില്ല. പരിശുദ്ധാത്മാവിനെ പ്രാപിക്കാത്തപക്ഷം വിധിയാളൻ (പുരോഹിതൻ) ദൈവീക സ്ഥാനപതിയായിരുന്നാൽ പോലും ദൈവത്താൽ പ്രത്യേകമായി അധികാരപ്പെടുത്തപ്പെട്ടാൽപോലും അതുകൊണ്ടു് ശിക്ഷയ്ക്കു് ഇളവുലഭിക്കുന്നതല്ലാതെ മനസ്ഥിതിയിൽ യാതൊരു മാററവും വരുന്നില്ല. നിങ്ങൾ ബാഹ്യമായ വിധിത്തീർപ്പുമൂലം ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവരുടെ ആത്മാവിൽ പാപാവസ്ഥനീങ്ങി മോചനം പ്രാപിക്കുന്നു എന്നാണു് ക്രിസ്തു അർത്ഥമാക്കുന്നതു്. ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതു് നിരർത്ഥകമായ ആവർത്തനമാണു്. ആദ്യഭാഗത്തെ മോചനം പുറമെയുള്ള മോചന വിധിത്തീർപ്പാണു്. രണ്ടാമത്തെ മോചനം അവരുടെമേൽ നിശ്വസിച്ച പരിശുദ്ധാത്മാവു് ക്രിസ്തു സ്ഥാപിച്ച ദിവ്യ അടയാളം (കൂദാശ) വഴിയായി ആത്മാവിൽ നിർവ്വഹിക്കുന്ന മോചനമാണു് സൂചിപ്പിക്കുന്നതു്. ബാഹ്യമായ വിധിയാളന്നടുത്ത പാപങ്ങ

ളുടെ പരിശോധനയും മോചനവും ക്രിസ്തു ആവശ്യപ്പെടുന്നുണ്ടെന്നുള്ളതു് വ്യക്തമാണു്. പാപത്തെ പിടിക്കുന്നതിനുള്ള അധികാരത്തിൽനിന്നു് സഭയുടെ വിധിത്തീർപ്പിനപ്പുറമെ മോചനമില്ലെന്നു് സിദ്ധിക്കുന്നു.

ക്രിസ്തു പാപങ്ങളെ മോചിക്കുന്നതു് ദൈവദൂഷണപരമായിട്ടാണു് പ്രീശന്മാർ കരുതിയിരുന്നതു്. ദൈവത്തിനെതിരായ പാപം മോചിക്കുന്നതിനുള്ള അധികാരം ദൈവത്തിനല്ലാതെ ആർക്കുണ്ടു്? ക്രിസ്തു അത്ഭുതം പ്രവർത്തിച്ച തൻെറ ദൈവീകഅധികാരം വ്യക്തമാക്കി. ''മനുഷ്യപുത്രനു് ലോകത്തിൽ പാപങ്ങൾ മോചിക്കുന്നതിനു അധികാരമുണ്ടെന്നറിയുവാൻ നീ നിൻെറ കട്ടിലെടുത്തു വീട്ടിലേയ്ക്കു് പോകുക''. ദൈവം പാപങ്ങളെ മോചിക്കുന്നതുതന്നെ നീതിക്കെതിരായ ഒരു വെല്ലുവിളിയായും അരാജകത്വമായും കരുതുന്നവരുണ്ടു്. ''ഉപ്പു തിന്നവൻ വെള്ളം കുടിക്കണം''. മററുള്ളവർ എളിമയോടുകൂടി തങ്ങളുടെ പാപങ്ങൾ ഏററുപറഞ്ഞു് പൊറുതി പ്രാപിക്കുന്നതു് അഹങ്കാരികൾ സഹിക്കുകയില്ല. ഇങ്ങനെയുള്ളവർക്കു് പൊറുതി നല്കുവാനിരിക്കുന്ന ദൈവംകൂടെയും അവരുടെ വിദ്വേഷത്തിനു പാത്രമായിത്തീരുന്നു. ഇത്തരം മോചനം തങ്ങളുടെ സ്വയംകൃത നീതിക്കെതിരായ ഒരു വെല്ലുവിളിയായിട്ടാണു് അവർ കരുതുന്നതു്. സ്വയംകൃത നീതിമാന്മാർക്കു് അവരുടെ കള്ളച്ചരക്കു് വിററഴിക്കണമെങ്കിൽ പാപികളായി മുദ്രകുത്തപ്പെട്ട ഏതാനും പേർ ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം ഞാൻ ഈ ചുങ്കക്കാരനെപ്പോലെയല്ലയെന്നു് എങ്ങനെ വീരവാദം ചെയ്യും? എളിമയോടുകൂടിയ അനുതാപത്തിൻെറമുമ്പിൽ അവരുടെ സ്വയംകൃതനീതി ഉരുകിപ്പോകും. ഏതായാലും ക്രിസ്തുമതത്തിൻെറ ആരംഭത്തിൽ സഭ നീതിമാന്മാരുടെ സംഘമാണെന്നുള്ള ധാരണ പ്രബലപ്പെട്ടിരുന്നു. സഭയുടെ പ്രശസ്തി കാക്കുന്നതിനു് പാപികൾ ബഹിഷ്കരിക്കപ്പെടണമെന്നായിരുന്നു പലരുടേയും അഭിപ്രായം. സഭ എല്ലാപാപങ്ങൾക്കും മാപ്പുനല്കിയതു് തെർത്തുല്യൻ പ്രഭൃതികൾക്കു് ഇടച്ചാഹേതുവായിരുന്നു. പാപികളെ പുറംതള്ളി സാത്താനെ ഏല്പിക്കുക എന്ന ആശയമാണു് പ്രാബല്യത്തിൽ ഇരുന്നിരുന്നതു്. ക്രിസ്തുവിൻെറ അഭിപ്രായം മറിച്ചായിരുന്നുവെന്നു സുവിശേഷത്തിൽ ഒന്നു കണ്ണോടിക്കുന്നവനു് നിഷ്പ്രയാസം മനസ്സിലാക്കാം. മനുഷ്യപുത്രൻ വന്നിരിക്കുന്നതു് നീതിമാന്മാരെ അന്വേഷിച്ചല്ല പാപികളെ അന്വേഷിച്ചാണു്. കുടുംബത്തിൻെറ പ്രശസ്തി നിലനിർത്തുന്നതിനുവേണ്ടി മക്കളെ നന്നാക്കിക്കൊണ്ടുവരുന്നതിനു പകരം ബഹിഷ്കരിക്കുന്നതിനു ബദ്ധപ്പെടുന്ന മാതാപിതാക്കന്മാരെപ്പററി എന്തുപറയുവാനാണു? ആശുപത്രിയുടെ പ്രശസ്തി കാക്കുന്നതിനു വേണ്ടി രോഗികളേയും, സ്കൂളിൻെറ പ്രശസ്തിയ്ക്കു വേണ്ടി വിദ്യാർത്ഥികളേയും ബഹിഷ്കരിക്കുന്നതു് വിചിത്രമല്ലേ? മററുമതങ്ങളിലെ വിവിധ അവതാരങ്ങളുടെ ലക്ഷ്യം ദുഷ്ടന്മാരെ ശിക്ഷിക്കുകയാണെങ്കിൽ

ക്രിസ്തുമതത്തിലെ അവതാരത്തിൻെറ ലക്ഷ്യം ദുഷ്ടന്മാരെ ശിഷ്ടന്മാരാക്കുകയാണ്.

## സഭയിൽ കൂടി മോചനം

നിയമ പണ്ഡിതനായിരുന്ന തെർത്തുല്യൻ പാപംവഴി ആത്മാവിൽ സംഭവിക്കുന്ന പരിവർത്തനങ്ങളെപ്പററി മനസ്സിലാക്കിയിരുന്നുവെന്നു് തോന്നുന്നില്ല. സാമൂഹ്യശിക്ഷണത്തിന്മേൽ ഒരു വ്രണമാണു് പാപം. അതുകൊണ്ടു് പാപിയെ ബഹിഷ്കരിച്ചു് സാമൂഹ്യക്രമം പുനഃസ്ഥാപിക്കുക എന്നതായിരുന്നു. അദ്ദേഹത്തിൻെറ തത്വം. ആദ്യസഭയിൽ ബഹിഷ്കരിക്കുക, പിശാചിനു് ഏല്പിച്ചുകൊടുക്കുക എന്നുള്ള പദപ്രയോഗങ്ങളെല്ലാം നിലവിലിരുന്നു. എന്നാൽ അതു മനസ്സുതിരിഞ്ഞു വരുന്നതിനുള്ള ഒരു തല്ക്കാല ബഹിഷ്കരണമാണു്. പാപം സഭയ്ക്കെതിരായിട്ടുള്ള ദ്രോഹം കൂടിയാണു്. തന്മൂലം സഭയിൽ കൂടിയത്രേ മോചനം പ്രാപിക്കേണ്ടതും. യൂദസഭയിൽ തല്ക്കാലിക ബഹിഷ്കരണവും സഭയിൽകൂടിയുള്ള മോചനവും നിലവിലിരുന്നതിനെ പരിഗണിച്ചാണു് സഭയ്ക്കു് മോചിക്കുന്നതിനും പിടിക്കുന്നതിനും അധികാരം കൊടുത്തുകൊണ്ടു് സഭയിൽകൂടി മോചിക്കുക എന്ന പദ്ധതി ക്രിസ്തു ഏർപ്പെടുത്തിയതു്. ചരിത്രത്തിൽകൂടി പ്രവർത്തിക്കുന്ന ദൈവം സഭയിൽകൂടിയാണു് തൻെറ രക്ഷണീയവേല നിർവ്വഹിച്ചതു്. യൂട്ടോപ്യൻ സ്വപ്നങ്ങളുംകൊണ്ടു് വന്നിരിക്കുന്ന ആളല്ല ക്രിസ്തു. നിലം തൊടാതുള്ള സ്വകാര്യ ആത്മീയ അനുഭവങ്ങളും ദൈവവുമായുള്ള സ്വകാര്യ അഭിമുഖീകരണവും, ചിലപ്പോഴെല്ലാം ആത്മാർത്ഥമായിരുന്നേക്കാമെങ്കിലും മൊത്തത്തിൽ ആത്മവഞ്ചനയ്ക്കാണു് ഉപകരിക്കുന്നതു്. ഇങ്ങനെയുള്ള അഭിമുഖീകരണങ്ങൾ പ്രീശൻെറ ആത്മപ്രശംസാപരമായ പ്രാർത്ഥനകൾ പോലിരിക്കും. അനുതാപംവഴിയാണു് മോചനം പ്രാപിക്കേണ്ടതു്. ഈ അനുതാപം സ്വകാര്യമായിരുന്നാൽ പോരേ? ഹൃദയംകൊണ്ടു് പശ്ചാത്തപിച്ചാൽ പോരേ? പാപികളുടെ മോചനം ആഗ്രഹിക്കുന്ന ക്രിസ്തു ആത്മാവിൻെറയും ദൈവത്തിൻെറയുമിടയിൽ ഒരു മദ്ധ്യവർത്തിയെ സ്ഥാപിക്കുന്നുവെന്നു പ്രതീക്ഷിക്കണമോ?

ക്രിസ്തുവിൻെറ വാക്കുകൾ സ്പഷ്ടമാണു്. സഭയിൽ കൂടിയല്ലാതെയുള്ള മോചനം ക്രിസ്തു വിഭാവനംചെയ്യുന്നില്ല. ഓരോ മനുഷ്യൻെറയും ജനനത്തിൽ രണ്ടു മദ്ധ്യവർത്തികളുണ്ടാകാമെങ്കിൽ എന്തുകൊണ്ടു് അവൻെറ വിശുദ്ധീകരണത്തിൽ മദ്ധ്യവർത്തികൾ ഉണ്ടാകുവാൻ പാടില്ല? പശ്ചാത്താപം ഉരച്ചുനോക്കുന്നതിനുള്ള മാർഗ്ഗം കൂടിയാണു് പാപങ്ങളുടെ ഏററുപറച്ചിൽ. ഒരു പാപം ചെയ്യുന്നതിനേക്കാൾ മരിക്കുവാൻ ഒരുക്കമൊണെന്നു പറയുന്നു. പാപങ്ങൾ ഒരു മനുഷ്യൻെറ പക്കൽ ഏററുപറയുവാൻ ഒരുക്കമില്ലെങ്കിൽ മരിക്കുവാനുള്ള ഒരുക്കമെല്ലാം വെ

റ്റം നാട്യമോ ചുരുങ്ങിയ പക്ഷം ആത്മവഞ്ചനയോ അല്ലേ? ആത്മാവിൻെറ പശ്ചാത്താപം ത്വരിപ്പിക്കുന്നതിനു ഏററുപറച്ചിൽ ഉപകരിക്കും. മനസ്സിൽ വരുന്ന ഒരു ആശയം ചുണ്ടുകൊണ്ടു പറയുന്നതോടെ അതു് മനസ്സിൽ പതിയുന്നു. തന്മൂലം പാപങ്ങളും ഏററുപറയുന്നതിനുള്ള വ്യവസ്ഥ പശ്ചാത്താപത്തെ ത്വരിപ്പിക്കുന്നതിനും, ഉരച്ചുനോക്കുന്നതിനും, മതിയായ പശ്ചാത്താപമുണ്ടെന്നു് ബോധ്യം വരുത്തുന്നതിനും ഉപകരിക്കും. സഭയുടെ ഔദ്യോഗികമോചനം അനുതാപിയ്ക്കു് മോചനത്തിനുറപ്പുനല്കുന്നതിനു പുറമെ ധൈര്യപൂർവ്വം മുന്നോട്ടുനീങ്ങുന്നതിനും സഹായിക്കുന്നു.

## മോചനം മനസ്ഥിതിയിൽ മാററം വരുത്തുന്നു

സഭയുടെ വിധിത്തീർപ്പുവഴിയുള്ള മോചനം സാമൂഹ്യ ബന്ധത്തെ ക്രമീകരിക്കുക മാത്രമല്ല ചെയ്യുന്നതു്. പാപിയുടെ മനസ്ഥിതിയ്ക്കു തന്നെ മാററം വരുത്തുന്നു. പാപകർമ്മം മനസ്ഥിതിയിൽ വരുത്തുന്ന മാററത്തെപ്പററി പലർക്കും വലിയ ബോധമൊന്നുമില്ല. പാപത്തെ തുടർന്നു് ദൈവത്തെ ലക്ഷ്യമാക്കിയിരുന്ന ആത്മാവു് ദൈവത്തെ ഉപേക്ഷിച്ചു് സൃഷ്ടികളെ പരമാന്ത്യമായി വരിക്കുന്നു. പാപം ദൈവത്തിനെതിരായ കർമ്മമാണു്. സ്പഷ്ടമായി ഉദ്ദേശിക്കുന്നില്ലെങ്കിലും ദൈവകല്പനകളെ ലംഘിക്കുന്നതോടെ ദൈവ ഐക്യം നഷ്ടപ്പെടുകയും സൃഷ്ടികളുടെ ഉടക്കിൽ പെട്ടുപോകുകയുംചെയ്യുന്നു. ഉത്ഭവപാപമെന്നു പറയുന്നതു് പാപകർമ്മമല്ല പാപാവസ്ഥയാണു്. പ്രകൃതിയിൽ വന്നുഭവിച്ച അധഃപതനം അവശേഷിക്കുന്നു. അലങ്കോലപ്പെട്ട അവസ്ഥയിലാണു് ആത്മാവു് ജനിക്കുന്നതു്. സ്നാനപ്രതിഷ്ഠവഴി ലഭിച്ച കൃപാവരം പാപത്താൽ നഷ്ടപ്പെട്ടു് അലങ്കോലപ്പെട്ട അവസ്ഥയിൽ വീണ്ടും എത്തിച്ചേരുന്നു. ഈ അധഃപതനം വഴി ആത്മാവു് സ്വതേ നിസ്സഹായാവസ്ഥയിൽ എത്തിച്ചേരുന്നു. സ്വശക്തിയാൽ സൃഷ്ടികളുടെ ഉടക്കിൽനിന്നും വിടുത്തി അതിസ്വഭാവികലക്ഷ്യമെന്ന നിലയിൽ ദൈവത്തിലേയ്ക്കു് തിരിക്കുന്നതിനു് അസാദ്ധ്യമായിത്തീരുന്നു. കാഴ്ചനഷ്ടപ്പെട്ടവൻ മൂക്കു കണ്ണാടി നഷ്ടപ്പെട്ടാൽ നോക്കികണ്ടുപിടിക്കുന്നതിനു് അശക്തനായിതീരുന്നതുപോലെതന്നെ. മററാരെങ്കിലും ആ കണ്ണാടി എടുത്തുകൊടുത്താൽമാത്രമേ എന്തെങ്കിലും കാണുവാൻ സാധിക്കുകയുള്ളു. ഇവിടെ സഭയാണു് നഷ്ടപ്പെട്ട മൂക്കുകണ്ണാടി എടുത്തുകൊടുക്കുന്നതു്. സഭ അനുതാപിയെ ഭാഗികമായി ബഹിഷ്ക്കരിച്ചു് മോചനത്തിനു് ഒരുക്കുകയും സൃഷ്ടികളുമായുള്ള ഉടക്കു് വിടുത്തുന്നതിനു് ഒരുക്കമുള്ളപക്ഷം വിധിത്തീർപ്പുനടത്തി ശിക്ഷ കല്പിച്ചു് മോചിക്കുകയും ചെയ്യുന്നു.

സഭയുടെ വിധിത്തീർപ്പു് ആത്മാവിനെ സ്പർശിച്ചു് അതിൻെറ മനസ്ഥിതിമാററുന്നതു്, ക്രിസ്തു നിശ്വസിച്ചുകൊണ്ടു് അപ്പസ്തോലന്മാർക്കു നല്കിയ പരിശുദ്ധാത്മാവുമൂലമാണു്. പാപത്തിൽ പതിച്ച

ആളിൻെറ മനസ്ഥിതി അഥവാ ചാച്ചിൽ സ്വയം നീതികരിക്കുന്ന തിനും പാപത്തിൽ തുടരുന്നതിനുമാണ്. പരിശുദ്ധാത്മാവിൻെറ ആദ്യത്തെ ജോലി പാപത്തെപ്പററി ബോധ്യപ്പെടുത്തുകയാണ്. അടുത്ത പടി പാപത്തിൻെറ ഉടക്കുകളിൽനിന്ന് വിടത്തുകയാണ്. പൂണ്ണമനസ്താപം മോചനംകൂടാതെതന്നെ ആത്മാവിനെ നീതികരിക്കുമെങ്കിലും ആ മനസ്താപത്തിൽ പാപങ്ങളെ സഭയുടെ പരിശോധനയ്ക്കും മോചനത്തിന് വിധേയമാക്കുന്നതിനുള്ള മനസ്സ് അന്തർഭവിച്ചിരിക്കുന്നു. അനുതാപംകൂടാതെ സഭയുടെ വിധിത്തീപ്പുകൊണ്ടുമാത്രം മോചനം ലഭിക്കുകയില്ല. അനുതാപത്തിനായി ഒരുക്കുന്നതു് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന് പ്രവേശനം നിരോധിക്കുന്നവന് യാതൊരു രക്ഷാമാർഗ്ഗവുമില്ല. മരുന്നുതന്നെ ഛർദ്ദിച്ചുകളയുന്നവന് യാതൊരു ആരോഗ്യ പ്രതീക്ഷയുമില്ല. പരിശുദ്ധാത്മാവിനെതിരായിട്ടുള്ള പാപം ഈ ലോകത്തിലാകട്ടെ പരലോകത്തിലാകട്ടെ പൊറുക്കപ്പെടുകയില്ല എന്നാണ് ക്രിസ്തു പറയുന്നതു്. വൈദ്യനിലൊ മരുന്നിലോ വിശ്വാസമില്ലാതെ ശരണക്കേടിൽ പെടുന്നവൻ മരുന്നു സ്വീകരിക്കുകയില്ല. വൈദ്യനെ കൂടാതെ ആരോഗ്യം പ്രാപിച്ചുകൊള്ളാമെന്നുള്ള തൻെറടവും എടുപ്പും ഉള്ളവനും മരുന്നുകഴിക്കുകയോ ആരോഗ്യം പ്രാപിക്കുകയോ ചെയ്യുകയില്ല. സത്യത്തോടു മറുതലിക്കുകയും സ്വയം വഞ്ചിച്ചു ബുദ്ധിയെ തന്നെ വ്യഭിചരിക്കുകയും ചെയ്യുന്നവനും ദ്വേഷവും അസൂയയുംവഴി മനസ്സിനെ വ്യഭിചരിപ്പിക്കുകയും ചെയ്യുന്നവനും കൈ മരവിച്ച് ജോലിചെയ്യുവാൻ അപ്രാപ്തനാകുന്നവനെപ്പോലെയാണ്. ബുദ്ധിയും മനസ്സും വഴിയാണല്ലോ അനുതപിക്കുകയും ദൈവത്തിൽ എത്തിച്ചേരുകയും ചെയ്യേണ്ടതു്. പാപത്തിൽ മരണംവരെ മൂർഖനായി നില്ക്കുകയും പരിശുദ്ധാത്മാവിന് പ്രവേശനം നിരോധിക്കുകയും ചെയ്യുന്നവൻ അവൻെറ ദുഷ്ടതയിൽ അപരിഹാര്യമാംവണ്ണം ഉറയ്ക്കുന്നു. മരണത്തോടുകൂടി തിന്മയിൽ ഉറച്ചവൻെറ ബുദ്ധിയും മനസ്സും സത്യത്തിനും സ്നേഹത്തിനും അപ്രാപ്യമായിത്തീരുന്നു. മനുഷ്യ സ്വാതന്ത്ര്യത്തിൻെറ മുമ്പിൽ സർവ്വശക്തനായ ദൈവം നിസ്സഹായനത്രേ.

## അനുതാപം

പരിശുദ്ധാത്മാവിന് പ്രവേശനം അനുവദിക്കുന്ന ആത്മാവിൽ അവിടുന്ന് പ്രവേശിച്ച് അതിനെ വിശുദ്ധീകരിക്കുന്നു. കഴിഞ്ഞുപോയ പാപം ഇല്ലാതാക്കുക സാദ്ധ്യമല്ല. ഇപ്പോഴും നിലവിലിരിക്കുന്ന പാപസ്ഥിതി മാററി, സൃഷ്ടികളിൽ ഉള്ള ഉടക്കുകളെല്ലാം വെട്ടിനീക്കി ദൈവത്തിലേയ്ക്കു് തിരിയുന്നതിന് ആത്മാവിനെ പ്രാപ്തമാക്കുന്നു. അനുതാപം എന്നു പറയുന്നതു് അസുഖകരമായ ഓമ്മകളിൽ നിന്നും പാപഫലങ്ങളിൽനിന്നും ഉള്ള ഒഴിഞ്ഞുമാറലല്ല പ്രത്യുത ക

ഴിഞ്ഞ പാപത്തെപ്പററിയുള്ള ദുഃഖവും അതിൽനിന്നുള്ള അകൽച്ചയും ദൈവത്തിലേയ്ക്കുള്ള തിരിവും ആണ്. പാപത്തെപ്പററിയുള്ള ദുഃഖത്തിനു പ്രേരണനല്കുന്നതു് ദൈവസ്നേഹമാണ്. അപൂർണ്ണമായ കാരണങ്ങളാൽ മനസ്ഥാപപ്പെടുമ്പോഴും പോലും ദൈവസ്നേഹം ഒഴിവാക്കരുതു്. അനുതാപമെന്നു പറയുന്നതു് വെറും മനസ്സിൻെറ മടുപ്പോ നിരാശയോ പരാജയബോധമോ അല്ല. ദൈവത്തെ കൂടാതെയുള്ള പശ്ചാത്താപം അവിടംവരെ മാത്രമേ എത്തുകയുള്ളു. ദൈവ സന്നിധിയിൽ വർത്തിക്കുന്നവൻെറ പശ്ചാത്താപം അങ്ങനെയുള്ളതല്ല. മോചന പ്രതീക്ഷയോടെ അനുഗ്രഹവാനായ ദൈവത്തിന്റെ മുമ്പിൽ അവൻ നില്ക്കുന്നു. പാപത്തെപ്പററി വിലപിക്കുന്ന ക്രൂശിലെ ക്രിസ്തുവിൻെറ മനസ്ഥിതിയാണ് അവനും ഉള്ളതു്. ഈ ദുഃഖം മഹത്വത്തിലേയ്ക്കുള്ള വഴിയാണെന്നു് അവൻ അറിയുന്നു. തൻെറ പാപകരമായ സ്വയം ഭരണം വ്യാജപരമായിരുന്നുവെന്നും, തൻെറ വിജ്ഞാനമത്രയും ഭോഷത്വമായിരുന്നുവെന്നും, തൻെറ സ്വാതന്ത്ര്യം അടിമത്ത്വത്തിൽ എത്തിച്ചു എന്നും അവനു ബോധ്യമാകുന്നു. തൻെറ നികൃഷ്ടാവസ്ഥയെ വെളിപ്പെടുത്തുന്ന ഈ ദൈവീകവെളിച്ചം അവനെ നിരുത്സാഹപ്പെടുത്തുന്നില്ല. സന്തോഷത്തോടെ ദൈവത്തിങ്കലേയ്ക്കു് തിരിയുന്നതിനു് പ്രേരണനല്കുകമാത്രം. ദൈവം വിതച്ചിടത്തു കൊയ്യുവാൻ വന്നിരിക്കുന്നു എന്നു സമ്മതിച്ചു പറയുകയും വിളവു് അടിയറവെയ്ക്കുകയും ചെയ്യുന്നു. മേലാൽ പാപത്തെ വിട്ടകലുന്നതിനും പുറമെ കഴിഞ്ഞതിനു കൂടി പരിഹാരമാകത്തക്കവിധത്തിൽ സവ്വശക്തിയോടും കൂടി ദൈവത്തെ സ്നേഹിക്കുന്നതിനും അയാൾ ബദ്ധപ്പെടുന്നു. അയാളുടെ പശ്ചാത്താപം സാർവ്വത്രീകമാണ് (എല്ലാപാപത്തെപ്പററിയും) പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനു് ഒരുങ്ങിയിരിക്കുന്നു.

അനുതാപിയ്ക്കു് സഭയുടെ വിധിത്തീർപ്പോടുകൂടിയാണ് മോചനം ലഭിക്കുന്നതു്. മനസ്താപം അപൂർണ്ണമെങ്കിൽ അതോടുകൂടി പാപത്തിൻെറ കെട്ടെല്ലാം വിട്ടമെന്നല്ലാതെ ദൈവീക ലവലിലേയ്ക്കു ഉയരുന്നില്ല. സഭയുടെ മോചനം അപൂർണ്ണമായ അനുതാപത്തെ ദൈവീക ലെവലിൽ എത്തിക്കുന്നു. സഭയുടെ വിധിത്തീർപ്പു മോചനം നല്കുന്നതു് പരിഹാരം ചുമത്തി ക്രിസ്തുവിൻെറ ക്രൂശിത ജീവിതത്തിൽ അനുതാപിയെ പങ്കുകാരനാക്കിക്കൊണ്ടാണ്. ക്രിസ്തുവിൻെറ പരിഹാരത്തിനു പുറമെ സഭയിലെ വിശുദ്ധന്മാരുടെ നന്മപ്രവൃത്തികളും അനുതാപിയുടെ പ്രവർത്തനങ്ങളും ത്യാഗങ്ങളുമെല്ലാം പരിഹാരമായി പകരുന്നു. വിശ്വാസിയുടെ അനുതാപം സ്നാനപ്രതിഷ്ഠയെ പുതുക്കുന്നു. ഇങ്ങനെ ഒരു മനുഷ്യൻ പാപത്തിൽ വീഴുമ്പോഴെല്ലാം ഈ പ്രതിഷ്ഠയെ പുതുക്കിക്കൊണ്ടു് അയാൾ മുന്നോട്ടുനീങ്ങുന്നു. അനുതാപപ്രതിഷ്ഠ അയാളെ കൂടുതൽ കൂടുതലായി ദൈവസ്നേഹത്തിൽ ഉറപ്പിക്കുകയും ദൈവത്തിലേയ്ക്കു് അടുപ്പിക്കുകയും ചെയ്യുന്നു.

## അന്ത്യലേപനം

തൻെറ പ്രതിഷ്ഠയിൽ മനുഷ്യൻ ഖണ്ഡിതമായി ഉറയ്ക്കുന്നതു് മരണത്തോടുകൂടിയാണു്. പാപത്തിൻെറ അവശിഷ്ടങ്ങളെ നീക്കുന്നതിനു ക്രിസ്തു സ്ഥാപിച്ചിരിക്കുന്ന ദൈവീക അടയാളമാണു് അന്ത്യലേപനം. ക്രിസ്തുവിനു് മരണം വിധിനിർണ്ണായകമാണു്. ജീവിതം ഒരു കളരിയാണു്. മരണത്തിൻെറ സ്ഥാനം ആണ്ടവസാന പരീക്ഷയുടേതാണു്. ആണ്ടവസാനപരീക്ഷ ജീവിതത്തെ മുഴുവനും നിർണ്ണയിക്കുന്നില്ല. മരണം മനുഷ്യൻെറ നിത്യതവത്തെ പൂർണ്ണമായും നിർണ്ണയിക്കുന്നു. അതു് ജീവിതനാടകത്തിലെ അവസാനത്തെ സീനാണു്. അവസാനത്തെ സീനാണു് നാടകത്തെ സന്തോഷപരമോ സന്താപപരമോ ആക്കിത്തീർക്കുന്നതു്. മററവിടെയും പരേതൻെറ ജന്മദിനമാണു് ആഘോഷിക്കുന്നതു്. അവക്കു് എല്ലാംകൂടി ഈ ലോകജീവിതം മാത്രമേയുള്ളു. ക്രിസ്ത്യാനികൾ മരണത്തോടുകൂടിയുള്ള പരലോകത്തിലെ ജന്മദിനമാണു് ആഘോഷിക്കുന്നതു്. അന്നാണു് അവരുടെ നിത്യായുസ്സു് ആരംഭിക്കുന്നതു്. മററവിടെയും മരണത്തിനു് വിധിനിർണ്ണായകമായ പ്രാധാന്യം കല്പിച്ചുകാണുന്നില്ല. ക്രിസ്തുമതത്തിൽ ഓരോരുത്തൻെറയും അന്തിമതീരുമാനം സർവ്വപ്രധാനമാണു്. ക്രിസ്തുവിൻെറ വലത്തുവശത്തു തൂങ്ങിയ കള്ളൻ അനുതാപം വഴി നിത്യജീവൻ പ്രാപിച്ചു. ക്രിസ്തുവിൻെറ സഹപ്രവർത്തകനായിരുന്ന യൂദാസ്സറിയോത്ത അവസാന നിമിഷത്തിൽ ഗുരുവിനെ ഒററിക്കൊടുത്തു ആത്മഹത്യവരിച്ചു. അവിടെ നാടകത്തിൻെറ മററു സീനുകളെല്ലാം അവസാന സീനിനു് ഒരുക്കംമാത്രമാണു്. അതിൽനിന്നു് വിടർത്തി അവയ്ക്കു് ഒരു സ്ഥാനവുമില്ല.

അന്തിമതീരുമാനത്തിൻെറ വിധിനിർണ്ണായകമായ പ്രാധാന്യത്തെ പരിഗണിച്ചാണു് ക്രിസ്തു അന്ത്യലേപനം സ്ഥാപിച്ചിരിക്കുന്നതു്. ജീവിതം ഒരു പരീക്ഷണരംഗമാണു്. ഓരോ മനുഷ്യൻെറയും സ്നേഹം ശോധനചെയ്യപ്പെടുന്നു. മനുഷ്യൻെറ ജീവിതാരംഭത്തിലെ പ്രതിഷ്ഠ വിവാഹമല്ല വിവാഹത്തിനുള്ള വാഗ്ദാനം (betrothal) മാത്രമാണു് .വിവാഹം മരണസമയത്താണു്. ഇവരണ്ടിൻെറയും ഇടയ്ക്കുള്ള കാലഘട്ടമാണു് മനുഷ്യജീവിതം. ഈ ഇടക്കാലത്തു് നിരവധി കാമുകന്മാർ ആത്മാവിനെ സമീപിക്കുന്നു. പലേ അവിശ്വസ്തതകളും ജീവിതായോധനത്തിൽ വന്നുഭവിക്കുന്നു. മരണസമയത്താണു് പ്രലോഭനങ്ങൾ ഏററം കൂടുതലായി ശക്തിപ്പെടുന്നതു്. ക്രിസ്തുവിനെ പരീക്ഷിച്ച പ്രലോഭകൻ ആത്മാവിനെ തട്ടിയെടുക്കുന്നതിനായി പണിപ്പെടുന്നു. പ്രലോഭകനെതിരായി ആത്മാവിനെ സജ്ജീകരിക്കുന്നതിനും പ്രത്യേക ശക്തിനല്കുന്നതിനുമാണു് അന്തിമലേപനം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. പാപത്തിൻെറ അവശിഷ്ടങ്ങൾ, കാമുകന്മാരുടെ വളയും മോതിരവുമെല്ലാം ആത്മാവിൽനിന്നു് നീക്കേണ്ടതായി

ട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങളിൽ പൂശുന്നതോടെ മനുഷ്യൻെറ ആത്മീയവും ശാരീരികവുമായ വശങ്ങൾ പൂർണ്ണശക്തിയിൽ പുനസ്ഥാപിക്കപ്പെടുന്നു. മനുഷ്യൻെറ പ്രതിഷ്ഠയും സ്നേഹവിപ്ലവവും മുടി ചൂടുന്നതു് ഈ അവസരത്തിലാണു്.

പ്രകൃതിലബോറട്ടറിയിൽ മരണം ഒരു മുഷിപ്പൻ നാടകമാണു്. രസകരമായ ഒരു സിനിമാ കാണുവാൻ പോകുന്നതുപോലെ രസത്തിനുവേണ്ടി ഒരു മരണം കാണുവാൻ ആരും പോകാറില്ല. ബന്ധുക്കളും മററുവിധത്തിൽ കടപ്പാടുള്ളവരും ഗത്യന്തരമില്ലാതെ അവിടെ നില്ക്കുന്നു എന്നു മാത്രം. പ്രകൃതി ലബോറട്ടറി മനുഷ്യനെ മരണമൊഴിച്ച് മററെല്ലാ കാര്യങ്ങൾക്കും സജ്ജീകരിക്കുന്നുണ്ടു്. ലോകായതികനു് അപരിഹാര്യവും അപ്രതിരോധ്യവുമായ ഒരു പരാജയമത്രേ മരണം. അസുഖകരമായ ആ ചിന്തയെ അവഗണിക്കുന്നതിലുള്ള കാര്യക്ഷമതയാണു് ജീവിതവിജയത്തിൻെറ മാനദണ്ഡം. തങ്ങൾക്കു് അതിൽ ഒന്നും ചെയ്യുവാനില്ലാത്ത ഒരു അജ്ഞാതരഹസ്യമാണു് മരണം. മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ പലരും അതിനെ ജീവിതത്തിൻെറ ആകെ തുകയായിട്ടല്ലാതെ അന്തിമനിമിഷത്തിലെ തിരഞ്ഞെടുപ്പിൻെറ പരിണതഫലമായി എണ്ണുന്നില്ല.

## മരണത്തോടുകൂടി വിജയമകുടം ചൂടുന്നു

ക്രിസ്തുവിൻെറ സ്നേഹലബോറട്ടറിയിൽ മരണം ഒരു മുഷിപ്പൻ നാടകമല്ല. അവിടെ ഒടുവിലത്തേ സീൻ (scene) ആണു്. നാടകത്തിനു മുഴുവൻ നിറം കൊടുക്കുന്നതു്. അതിലെ തിരഞ്ഞെടുപ്പാണു് ഭാവിയെ മുഴുവൻ നിർണ്ണയിക്കുന്നതും. അതിനുമുമ്പുള്ളതെല്ലാം അന്തിമസീനിനുള്ള ഒരുക്കം മാത്രം. മരണം ഒരു പരാജയമല്ല. അവിടെയാണു് ജീവിതം മുഴുവൻ മകുടം ചൂടുന്നതു്. മരണംവരെ നന്മയിലുള്ള നിലനില്പ്പ് ദൈവത്തിൻെറ ഒരു സൗജന്യദാനമാണു്. ഈ ദാനത്തെ മനുഷ്യനു് സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. തന്മൂലം മനുഷ്യനു് മരണത്തെ വിജയമോ പരാജയമോആക്കിത്തീർക്കാം. അന്തിമലേപനം മനുഷ്യൻെറ ആത്മീയവും ശാരീരികവുമായ കഴിവുകളെ പൂർണ്ണശക്തിയിൽ പുനഃസ്ഥാപിക്കുന്നു. ഈ പുനഃസ്ഥാപനം കായികാഭ്യാസത്തിനോ മാനസികാഭ്യാസത്തിനോ അല്ല സ്നേഹിക്കുന്നതിനും വരനു് സ്വയം അർപ്പിക്കുന്നതിനുമത്രേ. സ്ഥാനപ്രതിഷ്ഠ ഇവിടെ ഖണ്ഡിതമായി തീരുന്നു. വിശ്വാസിയുടെ മരണം വധുവിൻെറ ഭാഗത്തുനിന്നുള്ള പ്രതിഷ്ഠയായി പകരുന്നു. സ്വന്തം ആയുസ്സുകൊടുത്തു് ക്രിസ്തുവിനു് സാക്ഷ്യംവഹിച്ചുകൊണ്ടാണു് ഈ പ്രതിഷ്ഠ ഖണ്ഡിതവും വിധിനിർണ്ണായകവുമാക്കിത്തീർക്കേണ്ടതു്. രക്തസാക്ഷിത്വം അപൂർവ്വം ചിലർക്കുമാത്രം ലഭിക്കുന്നവരമാണു്. എല്ലാവരിൽനിന്നും ആവശ്യപ്പെടുന്നതു് വിധേയത്വത്തോടുകൂടി സ്നേഹത്തിൻെറ ഒരു അർപ്പ

ണമായി ആയുസ്സിനെ ദൈവത്തിനു് നല്ലണമെന്നാണു്. പലരും പ്രത്യക്ഷമായോ പരോക്ഷമായോ ദൈവത്തിനു് സ്വയം സമപ്പിക്കവാൻ വിസമ്മതിക്കുന്നു.

വിശ്വാസമില്ലാത്തവനു് പ്രകൃതിയിലെ നിസ്സാരമായ ഒരു പരിവത്തനം (Minor experiment in the laboratary of nature.)മാത്രമാണു് മരണം. പോൾസാർട്ടറിനു (Paul Sartre) സ്വാതന്ത്ര്യത്തിൻെറ അരങ്ങേററമാണു് മരണം. മനുഷ്യസ്വാതന്ത്ര്യം പരമകാഷ്ഠയെ പ്രാപിക്കുന്നതു് ജീവനെ മരണത്തിൻെറ ഭിത്തിയിന്മേൽ അടിച്ചുടച്ചുകൊണ്ടാണു്. വിശ്വാസിയാകട്ടെ ഈ പരിവത്തനത്തിനു പിന്നിൽ സ്നേഹത്തിൻെറ നാടകം അരങ്ങേറുന്നതായികാണുന്നു. ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലുള്ള മൂന്നാളുകളുടെ പരസ്പര പ്രതിഷ്ഠയെ അനുകരിച്ചു്, അതിൻെറ മനുഷ്യപതിപ്പായ (human edition) ക്രിസ്തുവിൻെറ ഗാഗുൽത്തായിലെ പ്രതിഷ്ഠയെ അനുകരിച്ചു് ഓരോ വിശ്വാസിയും തൻെറ മരണംവഴി സ്വന്തം ആത്മാവിനെ ദൈവത്തിനു് പ്രതിഷ്ഠിക്കുന്നു. വരൻ തന്നെ ഉപേക്ഷിച്ചതായി തോന്നിയേക്കാം ''എൻെറ ദൈവമേ എൻെറ ദൈവമേ എന്തുകൊണ്ടു് നീ എന്നെ ഉപേക്ഷിച്ചു'' എന്നു് ക്രിസ്തു ആവലാതിപ്പെടുകയുണ്ടായി. ശരണക്കേടു് മരണാസന്നനെ പലപ്പോഴും അലട്ടുന്നു. വൈദ്യനിൽ വിശ്വാസം നഷ്ടപ്പെട്ട ലോകായതികൻ സ്വന്തം സ്വാത്ഥ്യം ദൈവത്തിലും ആരോപിക്കുകയും പ്രതിഷേധസൂചകമായി മരുന്നു് (സൽപ്രേരണകൾ) ഛർദ്ദിച്ചുകളയുകയും ചെയ്യുന്നു.

''എല്ലാം പൂത്തിയായി. എൻെറ പിതാവേ! എൻെറ ആത്മാവിനെ നിൻെറ തൃക്കരങ്ങളിൽ ഞാൻ സമപ്പിക്കുന്നു''. പിതാവു് തന്നെ ഉപേക്ഷിച്ചതായി നടിച്ചുവെങ്കിലും ക്രിസ്തു തന്നെത്തന്നെ പൂണ്ണമായും പിതാവിനു സമപ്പിച്ചു. ക്രിസ്തുവിൻെറ ലബോറട്ടറിയിൽ പരിശീലിപ്പിക്കപ്പെടുന്നതു വഴിയായി മനോവിശ്വാസത്തോടെ ദൈവത്തെ സമീപിക്കുന്നു. വിതയ്ക്കാത്തിടത്തു് കൊയ്യുവാൻ വരുന്ന സ്വാത്ഥമതിയായിട്ടല്ല ധൂത്തപുത്രനെ മാറോടണയ്ക്കുന്ന പിതാവായിട്ടാണു് ദൈവത്തെ കാണുന്നതു്. പാപത്തെപ്പററി വിലപിക്കുന്ന ക്രൂശിതനായ ക്രിസ്തുവിൻെറ മനസ്ഥിതിയാണു് അവനും ഉള്ളതു്. സ്നേഹപ്രേരിതമായ അനുതാപം അവനിൽ മനോവിശ്വാസം വദ്ധിപ്പിക്കുന്നു. ''എൻെറ ദൈവമേ എൻെറ ആത്മാവിനെ നിൻെറ തൃക്കരങ്ങളിൽ സമപ്പിക്കുന്നു '' എന്നു പറഞ്ഞുകൊണ്ടു് മനുഷ്യാത്മാവു് തന്നെത്തന്നെ തൻെറ വരനു് സമപ്പിക്കുന്നു.

വിശ്വാസിയുടെ മരണം ക്രിസ്തുവിൻെറ മരണത്തോടു ചേന്നുള്ള ഒരു കൂട്ടുബലിയാണു്. കൂട്ടുബലിയായിട്ടുള്ള ഈ മരണം കൂട്ടുബലിയായിട്ടുള്ള ജീവിതത്തിൻെറ അന്തിമ പരിണാമം മാത്രമാണു്. കൂട്ടുബലിയായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതിനു് മനുഷ്യനെ

പര്യാപ്തനാകുവാൻവേണ്ടി ക്രിസ്തുസ്ഥാപിച്ച ദിവ്യഅടയാളമാണ് പരിശുദ്ധ കർബ്ബാന.

## അദ്ധ്യായം 17

# വരൻെറ ചിതയിൽ

ഹിന്ദുക്കരം ശവശരീരം കുഴിച്ചിടുകയല്ല ദഹിപ്പിക്കുകയാണ്. ശവം ദഹിപ്പിക്കുന്ന പീഠത്തിനാണ് ചിത എന്നു പറയുന്നതു്. ഭർത്താവിൻെറ ശരീരം ചിതയിൽ ദഹിപ്പിക്കുമ്പോരം ഭാര്യ ഭർത്താവിൻെറ മേലുള്ള സ്നേഹത്താൽ പ്രേരിതയായി അയാളുടെ ചിതയിൽ ചാടി സ്വയം ദഹിപ്പിക്കുന്നു. 13—ാം അദ്ധ്യായത്തിൽ വരൻ വധുവിൻെറചിതയിൽ സ്വയം ദഹിപ്പിക്കുന്നതായിവിവരിച്ചിട്ടുണ്ടു്. വരൻ ക്രിസ്തുവത്രെ. ക്രിസ്തുവിനെ എന്തിനു് വരൻ എന്നു വിളിക്കുന്നു? സന്താനോല്പാദനത്തിനായി തങ്ങളുടെ ജീവിതത്തെ സമ്മേളിപ്പിക്കുന്ന സ്ത്രീ പുരുഷന്മാരാണ് വധൂവരന്മാർ. വി. ലിഖിതങ്ങളിൽ യഹോവാ വരനായും ഇസ്രായേൽ വധുവായും ചിത്രീകരിക്കപ്പെട്ടുന്നുണ്ടു്. ഇവിടെ ശരീരത്തിൻെറ കൈമാററം അന്തർഭവിച്ചിട്ടില്ല. യഹോവായ്ക്കു് ശരീരമേ ഇല്ല. യൂദജനത്തിൻെറ സംരക്ഷണം യഹോവാ ഏറെറടുത്തിരിക്കുന്നു. ഇസ്രായേൽ യഹോവായുടെ പ്രമാണങ്ങരം കാക്കണം. യഹോവാ ഇസ്രായേലിൻെറ ദൈവമാണ്. ഇസ്രായേൽ യഹോവായുടെ ജനവുമാണ്. മററു ജനതകളിലെന്നപോലെ കാശു കൊടുത്തു് ചായ കുടിക്കുന്ന ബന്ധമല്ല ഇസ്രായേലും യഹോവായും തമ്മിലുള്ളതു്.

### ആത്മീയബലി

ക്രിസ്തു മനുഷ്യാത്മാവിൻെറ വരനായി സങ്കല്പിക്കപ്പെടുന്നതു് അവിടുന്നു് തൻെറ ഭാഗധേയം മുഴുവനായും മനുഷ്യവർഗ്ഗവുമായി സമ്മേളിപ്പിച്ചിരിക്കുന്നതുകൊണ്ടാണ്. ഇവിടെയും കാശു കൊടുത്തു് ചായ കുടിക്കുന്ന ബന്ധമല്ല ഉള്ളതു്. പാപം മൂലം ശത്രുവായിതീന്ന മനുഷ്യരെ രക്ഷിക്കുവാൻ വേണ്ടി വചനംമാംസമായിതീന്നു് ദാസൻെറ വേഷം ചമഞ്ഞു് സ്വരക്തത്താൽ അവരെ വീണ്ടെടുത്തു. പാപപരിഹാരത്തിനായി മനുഷ്യരാണ് ചിതയിൽ ദഹിപ്പിക്കപ്പെടേണ്ടതു്. വധുവിൻെറ സ്ഥാനത്തു് വരൻ ചിതയിൽ സ്വയം ഹോമിച്ചു. കുരിശുമരണം വധുവിൻെറ ചിതയിലുള്ള സ്വയം ഹോമിക്കലത്രെ. വിശ്വദേവതാ സംസ്കാരത്തിൽ വളന്നു വന്ന മനുഷ്യനു് ഇത്തരം സ്നേഹം വിചിത്രമായി തോന്നിയേക്കാമെങ്കിലും ദൈവത്തിൻെറ അഭ്യന്തരജീവിതത്തിലെ കൊടുത്തു കൊണ്ടുള്ള സ്നേഹത്തോടു് പരിപൂണ്ണമായും പൊരുത്തപ്പെടുന്നു. ഈ സ്നേഹം ഓരോ വ്യക്തിയിലും

അവതരിപ്പിക്കുന്നതിനു വേണ്ടിയാണ് ദൃശ്യസഭയാകുന്ന ലബോറട്ടറി ക്രിസ്തു സ്ഥാപിച്ചതു്. അവിടുത്തേ കുരിശു മരണത്തിലും ഉയപ്പിലു മുള്ള സ്നാനം വഴിയായി വിശ്വാസി പാപത്തെ കുരിശിന്മേൽ തറച്ച് വെള്ളമാകുന്ന കവറിടത്തിൽ നിന്നു് ക്രിസ്തുവിനോടുകൂടി ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനായി ഉയത്തെഴുന്നേല്ക്കുകയും പ്രതിഷ്ഠ വഴിയായി തന്റെ ഭാഗധേയം ക്രിസ്തുവുമായി സമ്മേളിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശിരസ്സിത്തിനടുത്ത കൃപാവരം തായിതണ്ടിൽനിന്നു് ശിഖരങ്ങളിലേയ്ക്കെന്നവണ്ണം തന്നോടു് ഏകീഭവിച്ച വിശ്വാസിയിലേയ്ക്കും ഒഴുകുന്നു. ഇനിമേൽ അയാൾ ജീവിക്കുന്നതു സ്വാത്ഥകേന്ദ്രീതമായ ഇടുങ്ങിയ ലോകത്തിലല്ല. അയാളും ക്രിസ്തുവിനോടുകൂടി കൂട്ടു പുരോഹിതനായിത്തീരുന്നു. ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിൽ മദ്ധ്യസ്ഥനായി സ്വയം സ്ഥാപിക്കുന്നു. ക്രിസ്തുവിനോടുകൂടി കൂട്ടു ബലിവസ്തുവായി ചമഞ്ഞുകൊണ്ടു് തന്റെ അരിഷ്ടതകളും ത്യാഗങ്ങളും ക്രിസ്തുവിന്റെ പീഡാനുഭവങ്ങളുമായി യോജിപ്പിച്ച് മനുഷ്യവഗ്ഗത്തിന്റെ പാപപരിഹാരബലിയായി ദൈവത്തിനു് സമപ്പിക്കുന്നു.

സ്നേഹലബോറട്ടറി പ്രവത്തനത്തിന്റെ ഫലമായി വരന്റെ ചിതയിൽ ചാടി സ്വയം ഹോമിക്കുന്നതിനാണ് ഓരോ ക്രൈസ്തവനും വെമ്പൽ കൊള്ളുന്നതു്. അവർ തങ്ങളുടെ ജീവിതം ക്രൂശിതജീവിതമായി പകത്തുന്നു. ക്രിസ്തുവിന്റെ ബലിയോടുകൂടി തങ്ങളുടെ ബലിയും സമ്മേളിപ്പിച്ച് കൂട്ടുബലി അപ്പിക്കുന്നതിനാണ് അയാളുടെ യത്നം. എന്നാൽ അദൃശ്യമായ ഈ ആത്മീയ ബലി വഴിയായി ക്രിസ്തുവിന്റെ ഗാഗുൽത്തായിലെ ബലിയും നമ്മുടെ ബലിയും തമ്മിലുള്ള ഐക്യം പൂണ്ണമാകുകയോ നമ്മുടെ ബലി കൂട്ടുബലിയായിത്തീരുകയോ ചെയ്യുന്നില്ല. വിശ്വാസികളുടെ ആത്മീയ ബലി ശാശ്വതവും ഉറപ്പുള്ളതും മനുഷ്യന്റെ വികാരങ്ങളെ ഉണത്തുന്നതും ആകണമെങ്കിൽ അതു് ഐന്ദ്രീകമായി പ്രകടിപ്പിക്കുകയും ക്രിസ്തുവിന്റെ ദൃശ്യബലിയുമായി ഏകീഭവിപ്പിക്കുകയും ചെയ്യണം. ദൃശ്യമായ പ്രകടനം വഴി നമ്മുടെ വികാരങ്ങൾ സമ്പുഷ്ടമാകുകയത്രേ ചെയ്യുന്നതു്. ആത്മീയ ബലിയുടെ ഗാഗുൽത്തായിലെ ബലിയുമായുള്ള ഏകീകരണം ദൃശ്യമായിത്തീരുന്നതു് അതിനെ ദൃശ്യമാക്കി പകത്തിക്കൊണ്ടാണ്. ഏകീകരണം പൂത്തിയാകുകയും നമ്മുടെ ബലി കൂട്ടുബലിയാകുകയും ചെയ്യുന്നതിനു് നമ്മുടെ ബലി ദൃശ്യമായതുകൊണ്ടു് മാത്രമായില്ല. ഇരുബലികളിലേയും ബലിവസ്തുവും അപ്പകനും അപ്പണവും ഒന്നായിത്തീരുകകൂടിചെയ്യണം. നമ്മുടെ ആത്മീയ ബലിയെ ദൃശ്യമാക്കിത്തീക്കുന്നതിനുവേണ്ടിയാണ് മെല്ക്കിസ്ദെക്കിന്റെ ക്രമത്തിലുള്ള അപ്പവീഞ്ഞുകളുടെ ബലിയെ ക്രിസ്തു സ്ഥാപിച്ചതു്. ഈ ബലിയെ ഗാഗുൽത്തായിലെ ബലിയുമായി ഏകീകരിക്കുന്നതിനു വേണ്ടിയത്രേ അന്ത്യ അത്താഴത്തിൽ അപ്പവീഞ്ഞുകളെ തന്റെ ശരീരവും രക്തവുമാക്കി പകത്തിയതു്.

## സൂചനാ ബലികൾ

ദൈവത്തിൻെറ പരമാധികാരത്തെയും കതൃത്വത്തെയും അംഗീകരിക്കുന്നതിന്ന് മനുഷ്യവഗ്ഗത്തിൻെറ ആരംഭം മുതൽ ഉള്ള ഒരു ഏപ്പാടാണ് ബലിയപ്പണം. കർഷകർ കായ്കനികളും മേച്ചിൽ ജോലിക്കാർ ആടുമാടുകളും അപ്പിച്ചിരുന്നു. ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടിയിൽ വിശ്വസിച്ചിരുന്ന ഇസ്രായേൽക്കാർ ദൈവത്തിൻെറ നിർദ്ദേശപ്രകാരം ആയുസ്സിന്മേലുള്ള അവിടുത്തെ ഉടമയെ സൂചിപ്പിക്കുന്നതിനുവേണ്ടി ആടുമാടുകളെ കൊന്നു് ബലിയപ്പിച്ചിരുന്നു. അവയെല്ലാം കുരിശുമരണമാകുന്ന ഗാഗുൽത്തായിലെ ബലിയുടെ (കുരിശുമരണം സ്വമേധയാഉള്ള ബലിയെന്നു് അന്യത്ര) ഒരു മുൻസൂചനമാത്രം. അതിനു പുറമേ വേറെ ബലിയില്ല. മാലാക്കി പ്രവചിച്ചിരുന്ന പ്രഭാതം മുതൽ പ്രദോഷം വരെയുള്ള ബലികളും ദാവീദ് പ്രവചിക്കുന്ന മെൽക്കിസ് ദെക്കിൻെറ ക്രമത്തിലുള്ള ബലികളും ഗാഗുൽത്തായിലെ ബലിയുടെ പൂത്തീകരണം മാത്രം. ഈ ബലികളിലെല്ലാമുള്ള ബലിവസ്തു ഗാഗുൽത്താ ബലിയുടെ ബലിവസ്തുവായ ക്രിസ്തുവിൻെറ ശരീരവും രക്തവും തന്നെ. അവയുടെയെല്ലാം അപ്പകനും ഗാഗുൽത്താ ബലിയുടെ അപ്പകനായ ക്രിസ്തുതന്നെ. അതിലെ പുരോഹിതന്മാർ ക്രിസ്തുവിൻെറ വെറും കരുക്കൾ മാത്രം. അവയുടെ അപ്പണവും ഗാഗുൽത്താ ബലിയുടെ അപ്പണത്തിൽ നിന്നു് വ്യത്യസ്ഥമല്ല. ഈ അപ്പണത്തിൻെറയെല്ലാംആന്തരിക ഘടകം അഥവാ ആത്മാവു് ക്രിസ്തു മനുഷ്യവതാരത്തിൽ നടത്തിയതും പിൻവലിക്കപ്പെടാതെ എന്നേയ്ക്കും നീണ്ടുനില്ക്കുന്നതുമായ ആത്മീയ അപ്പണമാണ്. ഈ ആത്മീയ അപ്പണമാണ് ഗാഗുൽത്തായിലെ ഐന്ദ്രീക പ്രകടനത്തിനും മററു ബലികളിലെ ഐന്ദ്രീക പ്രകടനത്തിനും ഐക്യം നല്കുന്നതു്.

## അന്ത്യ അത്താഴത്തിൽ

ക്രിസ്തു അന്ത്യ അത്താഴത്തിനിരിക്കുകയിൽ അപ്പമെടുത്തു് ആശീവ്വദിച്ചു്, മുറിച്ചു് ശിഷ്യക്കു് കൊടുത്തു കൊണ്ടു് പറയുന്നു. ''വാങ്ങി ഭക്ഷിപ്പിൻ ഇതു് എൻെറ ശരീരമാകുന്നു.'' വീണ്ടും വീഞ്ഞെടുത്തു് ആശീവ്വദിച്ചു് ശിഷ്യക്കു് കൊടുത്തു കൊണ്ടു് പറയുന്നു. ''വാങ്ങികുടിപ്പിൻ ഇതു് നിങ്ങൾക്കുവേണ്ടിയും പലക്കു വേണ്ടിയും ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എൻെറ രക്തത്തിൻെറ കാസായാകുന്നു.'' അപ്പവീഞ്ഞുകൾ തൻെറ ശരീര രക്തങ്ങളാക്കി പകത്തുന്നു എന്നുള്ളതാണ് ഇതിൻെറ സുവിദിതമായ അത്ഥം. അപ്പവീഞ്ഞുകളെ ശരീര രക്തങ്ങളാക്കി പകത്തുവാൻ കഴിവില്ലാത്തവർ ഇപ്രകാരം പ്രസ്താവിച്ചാൽ വല്ല രൂപകാത്ഥത്തിലും അഭയം പ്രാപിക്കുകയേ ഗത്യന്തരമുള്ളു. ''ഞാൻ മുന്തിരിത്തണ്ടാകുന്നു. വെളിച്ചമാകുന്നു.'' എന്നിപ്പോലുള്ള രൂപകാത്ഥ പ്രയോഗമാകുവാൻ പാടില്ലേ? ആ പ്രയോഗങ്ങൾക്കെല്ലാം വ്യക്തമായ ഒരു രൂപകാത്ഥമുണ്ടു്. മുന്തിരിത്ത

ണ്ടും ശിഖരങ്ങളും തമ്മിൽ ഉള്ളതുപോലുള്ള ബന്ധമാണ് ക്രിസ്തുവും അപ്പസ്തോലന്മാരും തമ്മിൽ ഉള്ളതെന്നു് സാരം. അപ്പം തന്റെ ശരീരമാണെന്നു പറഞ്ഞാൽ എത്ര വലിച്ചു നീട്ടിയാലും അതിനു് വ്യക്തമായ ഒരു രൂപകാർത്ഥം കല്പിക്കുവാനില്ല. ഈ ചടങ്ങ് തന്റെ ഓർമ്മയ്ക്കായി ചെയ്യണമെന്നു് അവരെ ഭരമേല്പിക്കുവാൻ അപ്പം തന്റെ ശരീരമാണെന്നു് പറയേണ്ട ആവശ്യമില്ല. ബന്ധുക്കളെ വിട്ടുപിരിയുമ്പോൾ തങ്ങളുടെ ശരീരരക്തങ്ങളെ ഭക്ഷിക്കുന്നതിന്റെ സാദൃശ്യമായിട്ട് അപ്പവീഞ്ഞുകളെ ഭക്ഷിക്കുവാൻ ഭരമേല്പിക്കുന്ന വിചിത്രമായ ഒരു പാരമ്പര്യം ആ പ്രദേശങ്ങളിൽ ഉണ്ടായിരുന്നുവെങ്കിൽ ആ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുവിന്റെ പ്രസ്താവനയെ രൂപകാർത്ഥത്തിൽ മനസ്സിലാക്കാം. തന്റെ ശരീര രക്തങ്ങളെ അനുസ്മരിക്കത്തക്ക വിധത്തിൽ അപ്പവീഞ്ഞുകൾക്ക് ആകൃതിയിലോ പ്രകൃതിയിലോ എന്തെങ്കിലും സാമ്യമോ ബന്ധമോ ഇല്ല. ഒരു മനുഷ്യന്റെ ശരീരം ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുക എന്നതു് മനുഷ്യഭുക്കുകളായ വർഗ്ഗക്കാരിലൊഴികെ ചിന്തിക്കുവാൻപോലും പാടില്ലാത്തവണ്ണം അത്രയ്ക്കും അറപ്പു വരുത്തുന്ന ഒരുസംഗതിയായിട്ടാണ് സമകാലീനർ കരുതിയിരുന്നതെന്നു് ആറുമാസം മുമ്പുള്ള ക്രിസ്തുവിന്റെ കഫർനാം പ്രഭാഷണം തെളിയിക്കുന്നു.

## കഫർനാം പ്രഭാഷണം

ക്രിസ്തു തലേ ദിവസത്തേതുപോലെ അപ്പം അത്ഭുതകരമായി വർദ്ധിപ്പിക്കും എന്നുള്ള പ്രതീക്ഷയിലാണ് ജനങ്ങൾ ഓടിക്കൂടിയതു്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം താനാണെന്നു് ക്രിസ്തു അരുളിചെയ്തു. ഇതു് ഒരു പക്ഷെ രൂപകാർത്ഥത്തിലുള്ള സംസാരമാണെന്നു് അവർ വിധിച്ചു. അതേ തുടർന്നുള്ള പ്രഭാഷണത്തിൽ രൂപകാർത്ഥത്തിൽ അല്ല അവിടുന്നു് സംസാരിക്കുന്നതെന്നു് മനസ്സിലായി. ''ഈ അപ്പത്തിൽ നിന്നു് ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി എന്റെ മാംസമാകുന്നു''. ഈ മനുഷ്യൻ എങ്ങനെ തന്റെ മാംസം ഭക്ഷിക്കുന്നതിനായി കൊടുക്കും എന്നായി. ക്രിസ്തു താൻ അക്ഷരാർത്ഥത്തിൽ തന്നെയാണ് സംസാരിക്കുന്നതെന്നു് ഉറപ്പിച്ചു പറയുക മാത്രമാണ് ചെയ്തതു്. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യായുസ്സുണ്ടു്. അവസാന നാളിൽ ഞാൻ അവനെ ഉയർപ്പിക്കും. എന്റെ ശരീരം സത്യമായി ഭക്ഷണവും എന്റെ രക്തം സത്യമായി പാനീയവുമത്രെ. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയുംചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. പിതാവു് എന്നെ അയയ്ക്കുകയും ഞാൻ പിതാ

വിൽജീവിക്കുകയും ചെയ്യുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ വഴിയായി ജീവിക്കുന്നു. ജനക്കൂട്ടം ഇതു് വിശ്വസിക്കുകവിഷമമെന്നു് ആവലാതിപ്പെട്ടു. ക്രിസ്തു പ്രതിവചിച്ചു ''മനുഷ്യപുത്രൻ ആയിരുന്നിടത്തേയ്ക്കു് കയറുന്നതു് നിങ്ങൾ കണ്ടാലോ? ആത്മാവാകുന്നു ജീവിപ്പിക്കുന്നതു്. മാംസംപ്രയോജനമററതാകുന്നു. ഞാൻ നിങ്ങളോടുപറഞ്ഞ വാക്കുകൾ അരൂപിയും ജീവനുമാകുന്നു.'' ക്രിസ്തു തൻെറ ഉയിപ്പിനെപ്പററി മുൻ സൂചന നല്കുന്നു. മനുഷ്യനു് ഭക്ഷിക്കുവാൻ കൊടുക്കുന്നതു് നിർജ്ജീവ മാംസമല്ല പുനരുത്ഥാനം ചെയ്തു് സ്വർഗ്ഗത്തിൽ മഹത്വം പ്രാപിച്ചിരിക്കുന്ന തൻെറ ശരീരമാണു്. പരിശുദ്ധാത്മാവു് നല്കുന്ന വിശ്വാസമെന്ന ദാനം വഴിമാത്രമേ ഇതു് വിശ്വസിക്കുവാൻ സാധിക്കുകയുള്ളു. ക്രിസ്തുവിനെ ദൈവപുത്രനായി സ്വീകരിക്കുന്നവക്കു് തൻെറ മാംസം ഭക്ഷണമായി ദാനം ചെയ്യുന്നതും വിശ്വസിക്കുവാൻ സാധിക്കും. ഇതു് സ്വീകരിക്കുവാൻ വിസമ്മതിക്കുന്നവർ (അപ്പസ്തോലന്മാരടക്കം) തന്നെ വിട്ടുപൊയ്ക്കൊള്ളുന്നതിനു് അനുവദിച്ചു. വളരെ പേർ അതോടെ ക്രിസ്തുവുമായുള്ള ബന്ധം വിടർത്തുക തന്നെ ചെയ്തു.

## സമകാലീനർ അക്ഷരാത്ഥത്തിൽ

അപ്പസ്തോലസംഘവും മറേറതാനും ആളുകളും ക്രിസ്തുവിൽ വിശ്വസിച്ചു. ''ഞങ്ങൾ ആരുടെ പക്കൽ പോകും. നിൻെറ വാക്കുകളാണല്ലോ നിത്യജീവൻെറ വചനങ്ങൾ.'' ആറുമാസം കഴിഞ്ഞു് അന്ത്യ അത്താഴത്തിൽ ക്രിസ്തു അപ്പം തൻെറ ശരീരമാണെന്നു പറഞ്ഞപ്പോൾ അതു് സ്വീകരിക്കുന്നതിനു് അപ്പസ്തോലന്മാക്കു് ഒരു വിഷമവുമുണ്ടായില്ല. ക്രിസ്തു അക്ഷരാത്ഥത്തിലോ രൂപകാത്ഥത്തിലോ ഈ വാക്കുകൾ ഉപയോഗിച്ചതെന്നു് വിധിക്കുവാൻ അഹ്തയുള്ളതു് ആധുനീകരേക്കാൾ ദൃക്സാക്ഷികളായ അപ്പസ്തോലന്മാക്കും സമകാലീനക്കമാണു്. അപ്പസ്തോലന്മാരും സമകാലീനരും ഈ വാക്കുകളെ അക്ഷരാത്ഥത്തിൽ തന്നെയാണു് എടുത്തതു്. സുവിശേഷങ്ങൾ വിരചിതമാകുന്നതിനുമുമ്പു് പൌലോസിൻെറ ലേഖനങ്ങളിൽ അപ്പം മുറിക്കൽ ചടങ്ങു് വെറും ഓമ്മയല്ലെന്നു് വ്യക്തമാക്കുന്നുണ്ടു്. അയോഗ്യമായി ക്രിസ്തുവിൻെറ ശരീരരക്തങ്ങളെ ഭക്ഷിക്കുന്നവൻ സ്വന്തം വിധിക്കായി ഭക്ഷിക്കുന്നു എന്നാണു് അദ്ദേഹം സമത്ഥിക്കുന്നതു്. രൂപകാത്ഥത്തിലാണു് ക്രിസ്തു പറഞ്ഞിട്ടുള്ളതെങ്കിൽ സ്വന്തം വിധിക്കായി ഭക്ഷിക്കുന്നു എന്നു പറയുന്നതു് നിരത്ഥകമല്ലേ? 12—ാം നൂററാണ്ടുവരെ ഈ സത്യം കാര്യമായി ചോദ്യം ചെയ്യപ്പെട്ടിരുന്നതേയില്ല. സ്വാഭാവികരീതിയിലല്ലെങ്കിലും ചരിത്രത്തിലെ ക്രിസ്തു തന്നെ പ. കർബ്ബനയിൽ സന്നിഹിതനായിരിക്കുന്നുവെന്നും, അതു സ്വീകരിക്കുന്നവൻ ക്രിസ്തുവിൻെറ ശരീരം ഭക്ഷിക്കുന്നുവെന്നും ആണു് സഭ മുഴുവനും വിശ്വസിച്ചിരുന്നതു്.

## വസ്തുമാററം

വെള്ളം വീഞ്ഞാക്കിയതുപോലെയുള്ള ഒരു അത്ഭുതമല്ല ഈ വസ്തുമാററം. ഇവിടെ ഇന്ദ്രിയഗോചരമായി യാതൊരു മാററവും സംഭവിക്കുന്നില്ല. കാനായിലെ വീഞ്ഞിനു് വീഞ്ഞിൻെറ രുചി ഉണ്ടായിരുന്നു. ഇവിടെ അപ്പത്തിൻെറ നിറവും രുചിയും മാത്രമേയുള്ളു. ബാഹ്യ ഗുണങ്ങളല്ല ഗുണങ്ങളുടെ പിന്നിൽ നില്ക്കുന്ന വസ്തുവാണു് മാററത്തിനധീനമായിട്ടുള്ളതു്. അസ്ഥിത്വവാദികൾക്കു് ഇന്ദ്രിയഗോചരങ്ങളായ ഗുണങ്ങളുടെ ആകെത്തുകയാണു് ഓരോ വസ്തുവും. ഇന്ദ്രിയഗോചരമല്ലാത്തതൊന്നും അവർ സ്വീകരിക്കുകയില്ല. വസ്തുമാററം വിശ്വാസത്തിൻെറ വിഷയമാണെങ്കിലും മാറിക്കൊണ്ടിരിക്കുന്ന ഗുണങ്ങൾക്കു പിന്നിൽ അതിനു് വ്യക്തിത്വം നല്കുന്നതും അതിൽ നിന്നു് വിഭിന്നവുമായ ഒരു സ്ഥിരഘടകം ഉണ്ടെന്നു് അനുമാനിക്കുന്നതിനു് വിശ്വാസം ആവശ്യമില്ല. യുക്തിമതിയാകും. വസ്തുവിനു് പാശ്ചാത്യഭാഷകളിൽ ഉപയോഗിക്കുന്ന ''സബ്സ്റ്റൻസ'' (Substance) എന്ന വാക്കു് ഗുണങ്ങളുടെ അടിയിൽ നില്ക്കുന്ന ഒരു ഘടകത്തെദ്യോതിപ്പിക്കുന്നു. ഒരു മാവിൽ അതിനെ മാവാക്കുന്ന ഘടകം അതിൻെറ വണ്ണം നീളം എന്നിവയിൽ നിന്നെല്ലാം വ്യത്യസ്ഥമാണു്. അല്ലാത്തപക്ഷം വളന്നു വരുമ്പോഴെല്ലും അതു് മറെറാന്നായിത്തീരും. തൈയിലും വൃക്ഷത്തിലും മാവൊന്നുതന്നെ. മാവാക്കുന്ന സ്ഥിരഘടകവും അതിൻെറ ഗുണങ്ങളും തമ്മിൽ വേർപെടുത്തുക സാദ്ധ്യമല്ല. ഈ സ്ഥിരഘടകം ലബോറട്ടറിയിൽ വിശകലനം ചെയ്യുന്നതിനും സാദ്ധ്യമല്ല. അവരണ്ടും രണ്ടു യാഥാർത്ഥ്യങ്ങളാണെന്നു് യുക്തികൊണ്ടു് അനുമാനിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളു. വസ്തു എപ്പോഴും ഗുണങ്ങളിൽ സ്ഥിതിചെയ്യുന്നു. വ്യക്തിത്വം നല്കുന്ന ഈ സ്ഥിരഘടകത്തെയാണു് ദൈവം തൻെറ സർവ്വശക്തിയാൽ ക്രിസ്തുവിൻെറ ശരീരമായി പകർത്തുന്നതു്. ക്രിസ്തുവിൻെറ ശരീരം അതിൻെറ സ്വാഭാവികനിലയിൽ സ്ഥിതിചെയ്യുന്നതു് സ്വർഗ്ഗത്തിലത്രെ. അപ്പത്തിൻെറ സ്ഥിരഘടകം ക്രിസ്തുവിൻെറ ശരീരമാക്കിപകർത്തിയതു് അതിൻെറ ഗുണങ്ങളിലും സ്ഥലത്തും ആണു് സ്ഥിതിചെയ്യുന്നതു്. ബാഹ്യഘടകങ്ങളാണു് സ്ഥലത്താൽ പൊതിയപ്പെട്ടിരിക്കുന്നതു്. ബാഹ്യഗുണങ്ങളിൽ സ്ഥിതിചെയ്യുന്ന സ്ഥിരഘടകത്തിനു് സ്വതേസ്ഥലം ആവശ്യമില്ല. ക്രിസ്തുവിൻെറ ശരീരത്തിനു് സ്വർഗ്ഗത്തിൽ വണ്ണവും നീളവുമുണ്ടു്. വണ്ണവും നീളവുമില്ലാതെ സ്ഥിരഘടകത്തിൻെറ രീതിയിൽ ആണു് ക്രിസ്തുവിൻെറ ശരീരം അതിൻെറ ഗുണങ്ങളോട്ടുകൂടി അപ്പത്തിൻെറ ഗുണങ്ങളിൽ സ്ഥിതിചെയ്യുന്നതു്. വസ്തുമാററം സംഭവിച്ചിടത്തു് അപ്പത്തിൻെറ ഗുണങ്ങൾ അപ്രത്യക്ഷമാകുന്നതോടെ സാന്നിദ്ധ്യവും ഇല്ലാതാകുന്നു.

## ഐക്യചിഹ്നം

അപ്പവീഞ്ഞുകളെ ക്രിസ്തുതൻെറ ശരീരരക്തങ്ങളാക്കി പകൎത്തുന്നതു് ബലിയൎപ്പണത്തിനുവേണ്ടിമാത്രമല്ല. മനുഷ്യാത്മാവും ദൈവവുമായുള്ള ഐക്യചിഹ്നമായിട്ടു കൂടിയാണു്. മനുഷ്യനും ദൈവവുമായുള്ള സമ്പൎക്കത്തിൻെറയെല്ലാം അന്തിമലക്ഷ്യം ദൈവൈക്യമാണു്. ഹിന്തുമതത്തിൽ ദൈവൈക്യം അടങ്ങിയിരിക്കുന്നതു വ്യക്തിത്വം നഷ്ടപ്പെടുത്തി പരബ്രഹ്മത്തിൽ ലയിക്കുന്നതിലാണു്. വ്യക്തിത്വം നശിപ്പിച്ചുകൊണ്ടു് ലയിക്കുന്നതിൽ ദൈവമാകട്ടെ മനുഷ്യനാകട്ടെ ധന്യനാകുന്നില്ല. ക്രിസ്തു അവതരിപ്പിക്കുന്ന ഐക്യം ദിവ്യദൎശനത്തിലുള്ള ഐക്യമാണു്. ദിവ്യദൎശനത്തിൽ മനുഷ്യൻെറ വ്യക്തിത്വം നഷ്ടപ്പെടുത്താതെ ദൈവവുമായി യോജിക്കുന്നു. ഇഹത്തിൽ നാം കാണുന്ന വസ്തുവല്ല അതിൻെറ ഛായമാത്രമാണു് ബുദ്ധിയുടെ വിഷയമായിത്തീരുന്നതു്. ദിവ്യദൎശനത്തിൽ ദിവ്യസത്തതന്നെ നമ്മുടെ ബുദ്ധിയുടെ വിഷയമായിത്തീരുന്നു. നാം കാണുന്ന മാങ്ങയുടെ ഛായ എങ്ങനെ ബുദ്ധികൈവശപ്പെടുത്തി അനുഭവിക്കുന്നുവോ അതുപോലെ ദിവ്യദൎശനത്തിൽ ദൈവസത്തയെത്തന്നെ കൈവശപ്പെടുത്തി അനുഭവിക്കുന്നു. ഇതിൻെറ ഒരു ചിഹ്നമാണു് ക്രിസ്തുവിൻെറ മാംസരക്തങ്ങളെ നാം ഭക്ഷണമായി അനുഭവിക്കുന്നതു്. ഇതിൻെറ ലക്ഷ്യം ക്രിസ്തുവും മനുഷ്യാത്മാവും തമ്മിലുള്ള വ്യക്തിപരമായ ഐക്യമാണു്. ഭക്ഷണം ഐക്യത്തെ സൂചിപ്പിക്കുന്നു. ഭക്ഷണവും ഭക്ഷിക്കുന്ന ആളും ഒന്നായിത്തീരുന്നു. ഇതിൽ ഉപരിയായ ഐക്യമില്ല. ആത്മാവു് ഭക്ഷിക്കുന്നില്ല ഭക്ഷിക്കുന്നതിൽ അന്തൎഭവിച്ചിരിക്കുന്ന ഐക്യം ക്രിസ്തുവും ആത്മാവും തമ്മിൽ ഉണ്ടാകുന്നു. ആത്മാവിൽ ഉത്ഭവിക്കുന്ന കൃപാവരം ദൈവത്തെയും മനുഷ്യനെയും അപൂൎണ്ണമായിട്ടെങ്കിലും ഒന്നിപ്പിക്കുന്നു. കൃപാവരം മോക്ഷമഹിമയായി വികസിക്കുന്നതോടെ ഈ ഐക്യം പൂൎത്തിയാകുന്നു. ഈ കൃപാവരബീജം സ്നാനപ്രതിഷ്ഠ തുടങ്ങിയുള്ള എല്ലാരക്ഷാകര അടയാളങ്ങളിലും നല്കപ്പെടുന്നു. അവയുടെയെല്ലാം കേന്ദ്രം ഈ ഐക്യചിഹ്നമത്രെ. ഈ ഐക്യചിഹ്നത്തിൽ മറെറല്ലാ അടയാളങ്ങളും പരോക്ഷമായി അന്തൎഭവിച്ചിരിക്കുകകൊണ്ടത്രെ അവയിലെല്ലാം കൃപാവരബീജം നല്കപ്പെടുന്നതും.

## കന്യകകളെ ജനിപ്പിക്കുന്നു.

സാമാന്യമായി ഭക്ഷിക്കുന്നവൻ ഭക്ഷണത്തെ തന്നിലേയ്ക്കു് വലിച്ചെടുക്കുകയാണു് ചെയ്യുന്നതു്. ഇവിടെ ഭക്ഷണം ഭക്ഷിക്കുന്നവനെ തന്നിലേയ്ക്കു് വലിച്ചെടുക്കുകയാണു് ചെയ്യുന്നതു്. താഴ്വിത്തണ്ടിൽനിന്നു് ശിഖരങ്ങളിലേയ്ക്കു് നീരു ഒഴുകുന്നതുപോലെ ക്രിസ്തുവിൽനിന്നു് സ്നേഹവിപ്ലവം മനുഷ്യാത്മാവിലേയ്ക്കു് ഒഴുകുന്നു. ക്രിസ്തുവുമായുള്ള ഐക്യം കന്യകകളെ ജനിപ്പിക്കുകയും അവിടുത്തേ പഞ്ച

ക്ഷതങ്ങൾ മനുഷ്യാത്മാവിൽ ഏല്പിക്കുകയും ചെയ്യുന്നു. അയാൾ ലോകവസ്തുക്കളെ ഉപയോഗിക്കുന്നതു് കന്യകകളുടെ മനസ്ഥിതിയോടുകൂടിയാണു്. ലോകത്തിൽ ലയിക്കാതെ അവയെ ദൈവത്തിനു് പ്രതിഷ്ഠിക്കുകമാത്രം. ദൈവമാണു് അയാളുടെ സ്നേഹത്തിൻെറയും പ്രതീക്ഷയുടേയും വിഷയം. ലോകം അയാൾക്കു പരദേശമത്രേ. ഈ ഭക്ഷണം മനുഷ്യാത്മാവിൽ ക്രിസ്തുവിൻെറ ജീവിതവീക്ഷണവും ആശയഗതികളും ജനിപ്പിക്കുന്നു. ഇതുവഴി പിതാവിൻെറ മഹത്വം ഒന്നുമാത്രമാണു് അയാൾ അഭിലഷിക്കുന്നതു്. ഇതിൻെറ ഫലമായി ലോകകാര്യങ്ങളിൽ രുചികേടും സ്വർഗ്ഗീയകാര്യങ്ങളിൽ അഭിരുചിയും ജനിക്കുന്നു. അയാളുടെ ഭക്ഷണം ''പിതാവിൻെറ ഇഷ്ടം നിറവേററുന്നതാകുന്നു''. ഈ ഐക്യം ആത്മാവിനെ മാത്രമല്ല സ്പർശിക്കുന്നതു്. അതു് പഞ്ചേന്ദ്രിയങ്ങളേയും ശരീരത്തെത്തന്നെയും സംസ്കരിക്കുകയും അതിൽ അമർത്ത്യതയുടെ ബീജം നിക്ഷേപിക്കുകയും ചെയ്യുന്നു.

## പഞ്ചക്ഷതങ്ങൾ ആത്മാവിൽ പതിക്കുന്നു

ക്രിസ്തുവുമായുള്ള ഐക്യം അവിടുത്തെ പഞ്ചക്ഷതങ്ങൾ ആത്മാവിൽ ഏല്പിക്കുന്നു. അയാൾ വേട്ടയാടിയല്ല സന്തോഷമനുഭവിക്കുന്നതു് വേട്ടയാടപ്പെട്ടാണു്. മോഷ്ടാവു് സാമ്പത്തിക ലക്ഷ്യത്തിനുവേണ്ടിയല്ല വേട്ടസന്തോഷത്തിനുവേണ്ടിയാണു് മോഷ്ടിക്കുന്നതു്. ഒരു വാഴവെച്ചു് പിടിപ്പിക്കുന്നതിൽ പത്തിരട്ടി വ്യയഹേതുകമാണു് അന്യൻെറ പറമ്പിലെ വാഴക്കുല മോഷ്ടിക്കുന്നതു്. അല്പജോലികൊണ്ടു് ഒരു വാഴവെച്ചു പിടിപ്പിക്കുകയും കുലവെട്ടുകയും ചെയ്യാം. തൈവാഴകൾ പിന്നെയും ഉണ്ടായിക്കൊണ്ടിരിക്കും രാത്രിയിൽ അന്യൻെറ പറമ്പിൽ കയറിയാൽ പാമ്പു കടിച്ചേക്കാം. പിടികൂടുമോ എന്നുള്ള ആശങ്ക, ഇങ്ങനെ പലതും. അന്യൻെറ മേൽ വിജയംവരിച്ചു എന്നുള്ള വേട്ടസന്തോഷംമാത്രമേ അതിൽനിന്നു് കിട്ടുവാനുള്ളൂ. ഇതു് ദുഷ്ടമനസ്ഥിതിയിൽനിന്നു വരുന്ന സന്തോഷമാണു്. വാഴവെച്ചു് കുലവെട്ടി ഇതിലും സന്തോഷമനുഭവിക്കാം. എന്നാൽ ക്രിസ്തുവിൻെറ പഞ്ചക്ഷതങ്ങൾ ആത്മാവിൽ എററിട്ടുള്ളവർ വേട്ടസന്തോഷത്തേക്കാളുമല്ല വാഴവെച്ചു കുലവെട്ടുന്നവനുള്ളതിനേക്കാൾ ഉപരിയായ സന്തോഷം മററുള്ളവരാൽ ചൂഷണം ചെയ്യപ്പെടുമ്പോൾ അനുഭവിക്കുന്നു. കൊടുത്തു സന്തോഷമനുഭവിക്കുകയാണു് അവൻെറ ഭാഗ്യം. ക്രിസ്തുവിൻെറ ക്രൂശിത ജീവിതമാണു് അയാളുടെ ആദർശം. ഗാഗുൽത്തായിലെ ബലിയുടെ പൂർത്തികരണമാണു് ക്രിസ്തു സ്ഥാപിച്ച ബലി. വരൻെറ ചിതയിൽ വധുകൂടെയും സ്വയം ഹോമിക്കുന്നു. വരൻെറ ശരീരരക്തങ്ങൾ മാത്രമല്ല വധുവിൻെറ ശരീരരക്തങ്ങൾ കൂടിയും ബലിവസ്തുവാണു്. പഞ്ചക്ഷതങ്ങളാണു് അവയെ ബലിവസ്തുവാക്കിത്തീർക്കുന്നതു്. ഗാഗുൽത്തായിലെ ബലിയുമായി നമ്മുടെ ആത്മീയബലി ഏകീഭവിക്കുന്നതു് ബലിവസ്തുക്കൾ ഏകീഭവിപ്പിച്ചുകൊണ്ടാണു്.

## പൌരോഹിത്യം

ബലിവസ്തുവിനെ ഏകീഭവിപ്പിച്ച് അതേ പുരോഹിതൻ അതേ ബലിവസ്തുവിനെ അർപ്പിച്ചാൽ മാത്രമേ അതു് ഒരേ ബലിയാകുകയുള്ളു. സ്വർഗ്ഗത്തിൽ ഇരിക്കുന്ന അങ്ങേ ശരീരരക്തങ്ങൾ വീണ്ടും ദൃശ്യമായി അർപ്പിക്കുന്നതിനു വേണ്ടിയാണു് അപ്പവീഞ്ഞുകൾ ക്രിസ്തുവിൻെറ ശരീരരക്തങ്ങളാക്കി പകത്തുന്നതു്. ലോകാവസാനം വരെ ഈ ദൃശ്യ അർപ്പണം തുടരുന്നതിലേയ്ക്കു് തുടർച്ചയായി അപ്പവീഞ്ഞുകൾ ശരീരരക്തങ്ങളാക്കി പകത്തണം. ഇതിലേയ്ക്കു് ക്രിസ്തുവിനെപ്പോലെ പരിശുദ്ധാത്മാവിൻെറ അഭിഷേകം പ്രാപിച്ചവർ ഉണ്ടായിരിക്കണം. ''ഇതു് എൻെറ ഓർമ്മക്കായി ചെയ്യുവിൻ'' എന്നു പറഞ്ഞുകൊണ്ടു് ക്രിസ്തു തൻെറ അപ്പസ്തോലന്മാരെ പരിശുദ്ധാത്മാവിനാൽ അഭിഷേകിച്ചു. അപ്പസ്തോലന്മാർ അവരുടെ പിൻഗാമികളെ ലോകാവസാനംവരെ കൈവെപ്പുവഴിയായി പരിശുദ്ധാത്മാവിനാൽ അഭിഷേകിക്കണം. ഇങ്ങനെ പൌരോഹിത്യം എന്ന മറെറാരു രക്ഷാകര അടയാളം കൂടി സ്ഥാപിച്ചു. ക്രിസ്തുവാണു് പ്രധാന പുരോഹിതൻ. അപ്പസ്തോലന്മാരുടേയും പിൻഗാമികളുടേയും കൈവപ്പുമൂലം അഭിഷേകിക്കപ്പെട്ടിരിക്കുന്ന പുരോഹിതൻ ക്രിസ്തുവിൻെറ ഒരു കരുവായി പ്രവത്തിച്ചുകൊണ്ടു് കമ്മവിധികളോടു കൂടിയ ദൃശ്യമായ ബലി അപ്പണം നടത്തണം. ഗാഗുൽത്തായിലെയും അന്ത്യഅത്താഴത്തിലെയും അൾത്താരകളിലെയും പുരോഹിതൻ ക്രിസ്തുതന്നെ. അൾത്താരയിലെ ബലിയിൽ തൻെറ കരുവായി പുരോഹിതനെ ഉപയോഗിച്ചുകൊണ്ടു് ബലിഅപ്പിക്കുന്നു. ഈ ബലിയുടെ വില കരുക്കളായി വത്തിക്കുന്ന പുരോഹിതന്മാരുടെ വ്യക്തിപരമായ യോഗ്യതകളെ അടിസ്ഥാനമാക്കിയല്ല പ്രധാന പുരോഹിതനായ ക്രിസ്തുവിൻെറ യോഗ്യതകളെ അടിസ്ഥാനമാക്കിയാണു് നിർണ്ണയിക്കേണ്ടതു്. ചരിത്രത്തിൽ കൂടി പ്രവത്തിക്കുന്ന ദൈവം മറെറല്ലാതുറകളിലുമെന്നതുപോലെ മദ്ധ്യവത്തികൾ വഴിയാണു് വിശുദ്ധീകരിക്കുന്നതു്. മനുഷ്യരെ തന്നെ അവിടുന്നു് ദൈവത്തിൻെറയും മനുഷ്യരുടേയും ഇടയിൽ മദ്ധ്യസ്ഥരായി സ്ഥാപിച്ചിരിക്കുന്നു. ഏക മദ്ധ്യസ്ഥനായിരിക്കുന്ന ക്രിസ്തുവിൽനിന്നും വിഭിന്നമല്ല അവരുടെ മദ്ധ്യസ്ഥ ഉദ്യോഗം. ഇവർ വഴി പ്രധാനപുരോഹിതനായിരിക്കുന്ന ക്രിസ്തു അപ്പിക്കുന്ന ബലിവസ്തുവിൽ തൻെറ ശരീരരക്തങ്ങളോടുകൂടി തൻെറ വധുവിൻെറ അഥവാ മൌതീക ശരീരത്തിൻെറ ശരീരരക്തങ്ങൾ കൂടി കൂട്ടിചേക്കുന്നു.

## ഒരേ അപ്പണം

അപ്പകനും ബലിവസ്തുവും ഒന്നായതുകൊണ്ടുമാത്രം ബലി ഒന്നാകുകയില്ല. അപ്പണവും ഒന്നായിരിക്കണം. ബലി അപ്പണത്തിൽ രണ്ടുഘടകങ്ങൾ വേർതിരിക്കേണ്ടതുണ്ടു്. ആന്തരീകഘടകവും ബാഹ്യഘടകവും. മനുഷ്യൻെറ ബാഹ്യഘടകം അവൻെറ ശരീരവും ആന്ത

രീകഘടകം ആത്മാവുമത്രേ. ശരീരം പത്തുകൊല്ലത്തിനകം പൂർണ്ണമായി മാറുന്നു എന്നാണ് പ്രകൃതിശാസ്ത്രം ഘോഷിക്കുന്നത്. പത്തുവയസ്സുള്ളപ്പോൾ ഉള്ള ശരീരമല്ല ഇരുപതു വയസ്സുള്ളപ്പോൾ ഉള്ളത്. എന്നിരുന്നാലും ആൾ ഒന്നുതന്നെ. ഒരേ ആത്മാവ് ജീവിപ്പിക്കുന്നതുകൊണ്ട് ഒരേ ശരീരം എന്നു പറയുന്നു. ഇതുപോലെതന്നെ ക്രിസ്തുവിൻെറ അർപ്പണത്തിൽ ആന്തരീകഘടകവും (ആത്മാവ്) ബാഹ്യഘടകവും (ശരീരം) തമ്മിൽ വേർതിരിക്കേണ്ടതുണ്ട്. ആന്തരീകഘടകം മനുഷ്യാവതാരക്ഷണത്തിൽ നടത്തിയ സ്വയ അർപ്പണമാണ്. ''ഇതാ ഞാൻ വരുന്നു. ഒരു ബലിവസ്തുവായിട്ടുള്ള ശരീരം എനിക്കു ഒരുക്കിയിരിക്കുന്നു. നിൻെറ ഇഷ്ടം ഞാൻ സസന്തോഷം സ്വാഗതം ചെയ്യുന്നു''. ഈഅർപ്പണം ചരിത്രത്തിൻെറ വിഷയമല്ല. മനുഷ്യാവതാരംപോലും ചരിത്രത്തിൻെറ വിഷയമല്ല. ചരിത്രപരമായ ഉയർപ്പിനോടനുബന്ധിച്ചുള്ള അനുമാനം മാത്രം. മനുഷ്യാവതാര ദൌത്യത്തിൻെറ ഫലമായി നസ്രായൻ യേശുവിനു ലഭിച്ച പ്രത്യേക വരമാണ് നിവേശിതാജ്ഞാനവും മററും. അവിടുന്ന് മററു ശിശുക്കളെപ്പോലെ ആയിരുന്നില്ല. ജീവിതത്തിൻെറ പ്രാരംഭക്ഷണത്തിൽ അവിടുന്ന് സ്വയം അർപ്പിച്ചു. ഈ പ്രതിഷ്ഠ തൻെറ മരണം വരെയല്ല ലോകാവസാനത്തോളമല്ല നിത്യകാലം തുടർന്ന് കൊണ്ടിരിക്കുന്നു. ഈ അർപ്പണമാണ് ക്രിസ്തുവിൻെറ ബലിയുടെ ആന്തരീകഘടകം. അറുപതുകൊല്ലത്തെ ഒരാളിൻെറ ആയുഷ്കാലത്തിൽ ഓരോ ഘട്ടങ്ങളിലുമുള്ള ശരീരം തനിയെ എടുത്താൽ വ്യത്യസ്ഥമെങ്കിലും ഒരേ ആത്മാവ് ജീവിപ്പിക്കുന്നതുകൊണ്ട് ഒന്നായിരിക്കുന്നതുപോലെ ക്രിസ്തുവിൻെറ ആന്തരീക അർപ്പണത്തിൻെറ ബാഹ്യ പ്രകടനങ്ങൾ തനിയെ എടുത്താൽ വ്യത്യസ്ഥമെങ്കിലും അവയെല്ലാം പിൻവലിക്കപ്പെടാത്ത ഒരേ ഒരു ആന്തരിക അർപ്പണത്തിൻെറ ബാഹ്യപ്രകടനങ്ങളാകയാൽ അതെല്ലാം കൂടി ഒരേ ഒരു അർപ്പണമായിത്തീരുന്നു. ഈ അർപ്പണത്തിൻെറ ബാഹ്യപ്രകടനങ്ങളാണ് ഗാഗുൽത്തായിലെ ബലിയും, അന്ത്യഅത്താഴത്തിലെ ബലിയും, അൾത്താരകളിലെ ബലിയും. ഈ മൂന്നു ബാഹ്യപ്രകടനങ്ങൾ ബലിയുടെ മൂന്നുകാലഘട്ടങ്ങളിലുള്ള ശരീരമാണ്. അതിൻെറ ആത്മാവ് മനുഷ്യാവതാരം മുതൽ പിൻവലിക്കപ്പെടാതെ നീണ്ടുനില്ക്കുന്ന ക്രിസ്തുവിൻെറ ആന്തരിക അർപ്പണമത്രേ. ഈ ആന്തരിക അർപ്പണം നീണ്ടുനില്ക്കുന്നില്ലെങ്കിൽ ഗാഗുൽത്തായിലെ ബലിതന്നെയും പ്രവാചകന്മാരുടെ ആവലാതിയുടെ വിഷയമായ പഴയനിയമത്തിലെ ഹൃദയ സംസ്കരണമില്ലാത്ത ബലികൾപോലെ ആയിരിക്കും. അതേ പുരോഹിതൻ അതേ ബലിവസ്തു അന്ത്യഅത്താഴത്തിൽ സ്വന്തം കരങ്ങളാലെയും അൾത്താരയിലെ ബലിയിൽ ശുശ്രൂഷികളുടെ കരങ്ങളാലെയും ബലി അർപ്പിക്കുമ്പോൾ അതിന് ജീവൻ ലഭിക്കുന്നത് അവിടുത്തെ ആത്മീയ അർപ്പണത്തിൽ നിന്നാണ്.

## പുതിയ ഉടമ്പടി

ക്രിസ്തു സ്ഥാപിച്ച ബലി പുതിയ ഉടമ്പടിയുടെ ബലിയത്രേ. മുൻകാലങ്ങളിൽ ഉടമ്പടികളെല്ലാം ബലി അർപ്പണത്തോടു കൂടിയാണ് നടത്തിയിരുന്നത്. 14 നൂററാണ്ടുകൾക്കു മുമ്പ് സീനാമലയുടെ അടിവാരത്തിൽവെച്ച് ഇസ്രായേലും യഹോവായും തമ്മിൽ നടത്തിയ ഉടമ്പടിയും ബലിഅർപ്പണത്തോടെയാണ് ആരംഭിച്ചതു്. ബലിവിരുന്ന് ഉടമ്പടിയെ ഉറപ്പിക്കുന്നതിനാണ്. യഹോവാ ഇസ്രായേലിനെ സംരക്ഷിച്ചുകൊള്ളാമെന്നും ഇസ്രായേൽ യഹോവായുടെ പ്രമാണങ്ങൾ കാത്തുകൊള്ളാമെന്നും വ്യവസ്ഥ ചെയ്തു. ഇസ്രായേലിലെ 70 പ്രമാണികൾ ഈ വിരുന്നിൽ സംബന്ധിച്ച് അതിനെ ഉറപ്പിച്ചു. മൂശ ''ഇതാ ഉടമ്പടിയുടെ രക്തം'' എന്നു പറഞ്ഞു ബലി മൃഗത്തിന്റെ രക്തം ഈ പ്രമാണികളുടേമേൽ തളിച്ച് ഉടമ്പടിയെ അംഗീകരിച്ചു. പുതിയ ഉടമ്പടിയും ബലി അർപ്പണത്തോടെയാണ് നിർവ്വഹിക്കപ്പെട്ടതു്. ഇവിടെ ഉടമ്പടിയുടെ രക്തം ആടുമാടുകളുടേതല്ല ക്രിസ്തുവിന്റെ തന്നെ. ''വാങ്ങികുടിപ്പിൻ. ഇതു് നിങ്ങൾക്കുവേണ്ടിയും പലർക്കുവേണ്ടിയും ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തത്തിന്റെ കാസാ ആകുന്നു''. ഇവിടെ ജനത്തിന്റെ സംരക്ഷണം ഏറെറടുക്കുകയല്ല ജനത്തിനുവേണ്ടി രക്തം ചിന്തി സ്വയം ഹോമിച്ച് പാപപ്പരിഹാരം ചെയ്തു് അവരെ വീണ്ടെടുക്കുകയാണ്. ഇസ്രായേൽ ജനത ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിക്കുകമാത്രമേ ചെയ്യേണ്ടിയിരുന്നുള്ളു. പുതിയ ഉടമ്പടിയിൽ വീണ്ടെടുക്കപ്പെട്ട വധു തന്റെ ജീവിതം വരന്റേതുമായി സമ്മേളിപ്പിക്കണം. ''ഇതു് എന്റെ ഓർമ്മക്കായി ചെയ്യുവിൻ'' എന്നു് പറഞ്ഞുകൊണ്ടു് താൻ ഏൽപ്പെടുത്തിയ ബലി ആവർത്തിക്കുന്നതിനു് അപ്പസ്തോലന്മാരെ ഏല്പിച്ചു. ഈ പുതിയ ബലി വഴി വിശ്വാസികൾ തങ്ങളുടെ ആത്മീയബലിയെ ക്രിസ്തുവിന്റെ ഗാഗുൽത്താ ബലിയുമായി സമ്മേളിപ്പിച്ച് കൂട്ടുബലി അർപ്പിക്കണം.

## കൂട്ടുബലി

വധു വിവാഹം കഴിഞ്ഞു് സ്വാകാര്യ ജീവിതം ഉപേക്ഷിച്ച് വരന്റെ ജീവിതത്തിൽ ലയിച്ച് പുതിയ ജീവിതം ആരംഭിക്കുന്നതുപോലെ വിശ്വാസി സ്വാത്മകേന്ദ്രിതമായ ജീവിതം ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ജീവിതഒഴുക്കിൽപെട്ടു് ക്രിസ്തുവിനെപ്പോലെ ദൈവരാജ്യത്തിനായി ജീവിക്കുന്നു. സ്നാനപ്രതിഷ്ഠയിൽ ആരംഭിക്കുന്ന ക്രൈസ്തവജീവിതം മകുടം ചൂടുന്നതു് പ. കുർബ്ബാന എന്ന ബലിയിലാണ്. അനുദിനദേവാലയ ബലിയിൽ വിശ്വാസികൾ സംബന്ധിക്കുന്നതു് വെറും കാഴ്ചക്കാരായിട്ടല്ല. വൈദികനോടു് ചേർന്ന് അവർ കൂട്ടുബലി അർപ്പിക്കുകയാണ്. അൾത്താരയിലെ ബലിയിൽ ഗാഗുൽത്തായിലെ ബലിവസ്തുവായ ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ

തന്നെയാണ് അപ്പിക്കപ്പെടുന്നതു്. ഈ ബലിവസ്തുവിനോടുകൂടി വിശ്വാസി തൻെറ കണ്ണുനീരും വിയപ്പും സമ്മേളിപ്പിക്കുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുള്ള സ്നാനത്താൽ ദൈവത്തിനു് പ്രതിഷ്ഠിക്കപ്പെട്ട വിശ്വാസിയുടെ അദ്ധ്വാനവും വിയപ്പുമെല്ലാം ക്രിസ്തുവിനും തൻെറ ദൈവരാജ്യത്തിനും വേണ്ടിയത്രേ. തൻെറ ക്രൂശിതജീവിതം തിരഞ്ഞെടുത്ത ക്രൈസ്തവനു് അയാളുടെ ജീവിതായോധനത്തിൽ അനുഭവപ്പെടുന്ന അരിഷ്ടതകളിലും ത്യാഗങ്ങളിലും കണ്ണുനീരിലും ഒന്നു പോലും ക്രിസ്തുവിൻെറ പീഡകളിൽനിന്നു് വേർപെടുത്തിക്കൂടാ. അയാരം ക്രിസ്തുവിനോടുകൂടി കൂട്ടുബലി വസ്തുവായിതീരുന്നു. അയാരം തൻെറ സ്വകാര്യ മേഖലയെല്ലാം വിട്ടു് ദൈവത്തിൻെറയും മനുഷ്യരുടേയും ഇടയിൽ മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു. സ്വന്തം താല്പര്യങ്ങളേക്കാരം ദൈവത്തിൻെറയും അങ്ങേ ദൈവരാജ്യത്തിൻെറയും താല്പര്യങ്ങരംക്കാണു് അയാരം മുൻ സ്ഥാനം നല്കുന്നതു്.

## കൂട്ടുനടന്മാർ

ക്രിസ്തുവിനോടുകൂടി കൂട്ടുബലി അപ്പിക്കുന്ന ക്രൈസ്തവനെപ്പററി ''ഇതാ ലോകത്തിൻെറ പാപങ്ങളെ വഹിക്കുന്ന ചെമ്മരിയാട്ടിൻ കുട്ടി'' എന്നു് യാതൊരു അതിശയോക്തിയും കൂടാതെ പറയാം. അവനവൻെറ പാപങ്ങരം വഹിക്കുവാൻ എടുപ്പതുള്ളപ്പോരം എന്തിനു് ലോകം മുഴുവൻെറയും പാപങ്ങരം വഹിക്കുവാൻ ബദ്ധപ്പെടുന്നു? തനിക്കു പാപമില്ലെന്നോ താൻ പരിശുദ്ധനാണെന്നോ അയാരം ഭാവിക്കുന്നില്ല. ക്രിസ്തുവിനോടു തൻെറ ഭാഗധേയം സമ്മേളിപ്പിച്ചതോടെ തനിക്കു് വന്നു ചേന്നിരിക്കുന്ന ദൌത്യം അയ്യാരം ശരിക്കു മനസ്സിലാക്കി എന്നു മാത്രം. ഒരു വലിയ ലോകദൌത്യമാണു് അയാരംക്കു് വന്നുചേന്നിരിക്കുന്നതു്. ലോകചരിത്രമെന്നു് പറയുന്നതു് ഒരുവലിയ ലോകനാടകമത്രെ. ക്രിസ്തു അതിലെ കേന്ദ്രനടനും മററുള്ളവർ കൂട്ടുനടന്മാരും. ക്രൂശിക്കുന്നവരും ക്രൂശിതരുമടങ്ങിയ ഒരു നാടകമത്രെ അതു്. ക്രിസ്തുവും തൻെറ ചിതയിൽ ദഹിക്കുന്ന തൻെറ അനുയായികളും ക്രൂശിതരും, മററുള്ളവർ ക്രൂശിക്കുന്നവരുമത്രെ. ഈ രണ്ടു ഗണത്തിൽ പെടാത്തവരായി ഭൂമുഖത്തു് ആരുമില്ല, ചിലർ ക്രിസ്തുവനെപ്പററി കേട്ടിട്ടു പോലുമുണ്ടാകുകയില്ല. തങ്ങരം അഭിനയിക്കുന്ന ഭാഗത്തെപ്പററി അവർ ബോധവാന്മാരായി എന്നും വരികയില്ല. എന്നിരുന്നാലും ലോകം സ്നേഹവിപ്ലവനാടകം അഭിനയിക്കുന്ന ഒരു നാടകവേദിയാണു്. കേന്ദ്രനടനെ അറിഞ്ഞോ അറിയാതെയോ ക്രിസ്തുവിനു് മുമ്പും പിമ്പും എല്ലാതലമുറകളിലും എല്ലാ ദേശങ്ങളിലുമുള്ള ആളുകരം കൂട്ടു നടന്മാരായി വത്തിക്കുന്നു. ചിലർ ക്രൂശിക്കുന്നവരായിട്ടും. ''ഈ ശിശു ഇസ്രായേലിൽ പലരുടേയും ഉയച്ചയ്ക്കും താഴ്ചയ്ക്കുമായി വയ്ക്കപ്പെട്ടിരിക്കുന്നു. ഈ ശിശു പരസ്പര വൈപരീത്യത്തിൻെറ അടയാളമായി വയ്ക്കപ്പെട്ടിരിക്കുന്നു.'' ക്രൂശിക്കുന്നവരും ക്രൂശിതരുമായി ലോകംഇരുപാ

ളങ്ങളിലായി അണിനിരന്നുകൊണ്ടിരിക്കുന്നു. ലോകം അന്തിമ വിശകലനത്തിൽ സ്നേഹവിപ്ലവത്തിന്റെ മുന്നേററത്തിലേയ്ക്കായി ബലി അപ്പിക്കുവാനുള്ള പീഠം മാത്രമാണ്. ക്രിസ്തുവും തന്റെ അനുയായികളും ഈ ബലിപീഠത്തിൽ സ്വയം അപ്പിച്ചുകൊണ്ട് ദൈവത്തിന്റെ അഭ്യന്തര ജീവിതത്തിലെ സ്നേഹജീവിതവുമായി തങ്ങളെ പൊരുത്തപ്പെടുത്തുന്നു.

വരന്റെ ചിതയിൽ ദഹിക്കുവാൻ വെമ്പൽ കൊള്ളുന്ന വധുവിന്റെ ചിതയാണ് ഭൂമിയത്രയും. അതിലുള്ള വസ്തുക്കളെല്ലാം ചിതയിലേയ്ക്കുള്ള വിറകാണ്. ജീവിതത്തെപ്പററിയുള്ള ഏററം ഇരുളടഞ്ഞ ഒരു വീക്ഷണമായിട്ടാണ് ലോകായതികർ ഇത്തരം ആശയഗതികളെ കരുതുന്നതു്. ലോകത്തിൽ ഉള്ള സമയം കൊണ്ട് പാട്ടുള്ളിടത്തോളം ഭാഗ്യമനുഭവിക്കുന്നതിനും മററുള്ളവരെ ഭാഗ്യവാന്മാരാക്കുന്നതിനും അല്ലേ ശ്രമിക്കേണ്ടതു്? ഒരു ക്ഷേമരാഷ്ട്രം (Welfare state)നിമ്മിച്ച് ശാസ്ത്രീയ കഴിവുകളെല്ലാം യഥായോഗ്യം ഉപയോഗിച്ച് എല്ലാ മനുഷ്യരും ഐശ്വര്യ പൂണ്ണമായ ജീവിതം നയിക്കുന്നതിനു പകരം വെറും സാങ്കല്പികമായ പാരത്രീക ജീവിതത്തിനുവേണ്ടി ഈ ലോകത്തെ ചിതയാക്കി പകത്തുന്നതു് ഭോഷത്വമല്ലേ? മനുഷ്യജീവിതത്തെ ഭാഗ്യപ്രദമാക്കിത്തീക്കുന്നതു് ക്ഷേമരാഷ്ട്രമല്ല സ്നേഹവിപ്ലവമാണ്. ക്രിസ്തു ക്ഷേമരാഷ്ട്രത്തിനെതിരല്ല. ''ഒന്നാമതായിദൈവരാജ്യവും അങ്ങേ നീതിയും അന്വേഷിക്കുക. അപ്പോഠം സകലവും നിങ്ങഠംക്കു് നല്കപ്പെടും''. ലോകത്തിലെ നീതി നേതാക്കന്മാരുടെ താല്പര്യങ്ങഠം പുലത്തുന്നതിനുവേണ്ടിമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. അവിടെ നേതാക്കന്മാരെ മാത്രമേ പൂണ്ണവളച്ചയിൽ എത്തുന്നതിനു് അനുവദിക്കുകയുള്ളു. വ്യക്തികഠം സാമൂഹ്യ യന്ത്രത്തിന്റെ സ്പെയർ പാർട്ട് (spare part) മാത്രമേ ആയിരിക്കുകയുള്ളു. ദൈവരാജ്യത്തിലെ നീതികെട്ടിപ്പടുക്കുന്ന ക്ഷേമരാഷ്ട്രം ഓരോ വ്യക്തിയ്ക്കും അവന്റെ പൂണ്ണവളച്ചയിൽ എത്തുന്നതിനു് അവസരം നല്കുന്നു. ലോകായതികരുടെ ക്ഷേമരാഷ്ട്രം ആരംഭിച്ചിട്ടേയുള്ളു. സന്താനനിയന്ത്രണത്തോടെയാണ് ക്ഷേമരാഷ്ട്രം ആരംഭിക്കുന്നതു തന്നെ. പത്തു കൊല്ലം മുമ്പ് ഗർഭധാരണം തടയുക മാത്രമായിരുന്നു ലക്ഷ്യം. ഇന്നു് ഗർഭസ്ഥിതരായ ശിശുക്കളെ പിടികൂടുവാൻ തുടങ്ങിയിരിക്കുന്നു. പത്തുകൊല്ലം കഴിയുമ്പോഠം ഗർഭത്തിൽനിന്നു് പുറത്തു ചാടിയവരെ പിടികൂടുകയില്ലെന്നു് ആരറിഞ്ഞു? കാശിന്റെ പിൻബലമില്ലാതെ ആശുപത്രിയൽ കയറുന്നവർ ഇന്നു് പലസ്ഥലങ്ങളിലും അനുഗ്രഹവധത്തിനു് വിധേയമായേക്കുമോ എന്നു്ഭയപ്പെടുന്നു. ക്രിസ്തുവിന്റെ ക്ഷേമരാഷ്ട്രം അനുഗ്രഹിച്ചനുഗ്രഹിച്ച് വധിക്കുകയല്ല ജീവിപ്പിക്കുകയത്രെ ചെയ്യുന്നതു്. ദൈവരാജ്യവും അങ്ങേ നീതിയും കൂടാതുള്ള ക്ഷേമരാഷ്ട്രം ലോകത്തെ ഒരു കശാപ്പുശാലയായി പകത്തും. ഭൂരിപക്ഷം ആളുകളുടെ സന്മനസ്സിനെ തുരങ്കം വയ്ക്കുവാൻ ചുരുക്കം ദുഷ്ടന്മാർ മതിയാകും. ലോകം അപ്രതിഹതമായി പു

രോഗമിക്കുമെന്നോ ക്ഷേമരാഷ്ട്രം ലോകത്തെ മോക്ഷമാക്കിത്തീക്കുമെന്നോ വിശ്വസിക്കുന്നവക്ക് ചരിത്രജ്ഞാനമോ മനുഷ്യപ്രകൃതിയുടെ ഗതി വിഗതികളെപ്പററയുള്ള ജ്ഞാനമോ ഇല്ല.

## ക്രൂശിതനായ ക്രിസ്തു ലോകചരിത്രത്തിലെ കേന്ദ്രം

ലോകസൃഷ്ടിമുതൽ ആരംഭിക്കുന്ന ദൈവത്തിൻെറ പദ്ധതി ക്രൂശിതനായ ക്രിസ്തുവിൽ ആണ് കേന്ദ്രീകരിച്ചിരിക്കുന്നതു്. ക്രൂശിതനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ച് ചരിത്രം വീക്ഷിക്കുന്നവൻ ആരംഭംമുതൽ എല്ലാം പരസ്പരം ബന്ധപ്പെട്ടും പൊരുത്തപ്പെട്ടും കാണുന്നു. അവിടുന്നത്രെ ലോകചരിത്രത്തിൻെറ പ്ലോട്ട്. ഈ പ്ലോട്ടിൻെറ വെളിച്ചത്തിൽ പരിശോധിക്കുന്നവൻ എല്ലാം വസ്തു നിഷ്ഠമായും അതാതിൻെറ സ്ഥാനത്തിലും വലിപ്പത്തിലും കാണുന്നു. അതിനു പുറമെയുള്ള പരിശോധന കുരങ്ങ് നാടകം കാണുന്നതുപോലിരിക്കും. യാതൊരു ബന്ധവും ലക്ഷ്യവുമില്ലാതെ ആളുകളും സംഭവങ്ങളും വാരിവിതറപ്പെട്ടിരിക്കുന്നതായിട്ടേ അയാരം കാണുകയുള്ളു.

കുട്ടുബലിയപ്പിക്കുന്ന വധുവിൻെറ ജീവിതവീക്ഷണം മനുഷ്യജീവിതത്തെ ഇരുളടഞ്ഞതാക്കുകയല്ല പ്രത്യുത ഇരുളടഞ്ഞ മനുഷ്യജീവിതത്തെ ശോഭനീയമാക്കിത്തീക്കുകയാണ്. എക്കാലത്തും എവിടെയും ജീവിതത്തിൻെറ എല്ലാത്തുറകളിലും എല്ലാമനുഷ്യരുടേയും ജീവിതം അരിഷ്ടതകരം കൊണ്ട് നിറഞ്ഞിരിക്കുന്നു. ക്രിസ്തീയ വീക്ഷണത്തിൽ അവയെല്ലാം ഭാവി മഹത്വത്തിലേയ്ക്കുള്ള ചവിട്ടുപടികളാണ്. എന്നാൽ പരലോകത്തിൽ മാത്രമല്ല ഇഹലോകത്തിൽ കൂടെയും അരിഷ്ടതകരം മനുഷ്യനെ പൂണ്ണതപ്പെടുത്തുന്നു. അരിഷ്ടതകരം അറിയാത്ത മനുഷ്യൻ ഭൌതികമായും (phisically) മാനസികമായും (intellectually) ധാമ്മികമായും (morally) പക്വത പ്രാപിക്കാത്തവൻ (cripple)അത്രേ. സുഖജീവിതം ശരീരത്തെയും ബുദ്ധിയേയും മനസ്സിനെയും ക്ഷീണിപ്പിക്കുന്നു. അദ്ധ്വാന ജീവിതം ശരീരത്തെയും ബുദ്ധിയേയും മനസ്സിനെയും ശക്തവും നട്ടെല്ലുള്ളതുമാക്കിത്തീക്കുന്നു. അരിഷ്ടതകളുടെ നടുവിലാണ് മനുഷ്യൻ ജീവിത പ്രശ്നങ്ങളെ ചുഴിഞ്ഞുപരിശോധിക്കുന്നതു്. സുഖിമാൻെറ തൊലിപ്പുറമെയുള്ള ജീവിത വീക്ഷണം വസ്തുനിഷ്ഠമല്ല. ജീവിത്തിൻെറ പ്ലോട്ട് അയാരം മനസ്സിലാക്കുന്നുമില്ല. സുഖിമാൻെറ ജീവിത്തിൽ ബുദ്ധിമുട്ടുകളെ എതിരിടാനില്ലാത്തതു കൊണ്ടു് അയാളിൽ നിഷ്ഠയോ, ശിക്ഷണമോ മനോവീര്യമോ നട്ടെല്ലോ പൌരുഷത്വമോ ഉണ്ടാകുകയില്ല.

കുട്ടുബലിയപ്പിക്കുന്ന വധു അരിഷ്ടതകളെ സ്വാഗതം ചെയ്യുന്നതു് വരൻെറ മേലുള്ള സ്നേഹത്തെ പ്രതിയാണ്. വരൻെറ മേലുള്ള സ്നേഹത്തെപ്രതി എന്തു സഹിച്ചാലും മതിയാകുകയില്ല. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നല്ലവനായദൈവം അരിഷ്ടതകരം

അയയ്ക്കുന്നുവെങ്കിൽ അതു് തൻെറ ഏററം വലിയ നന്മയ്ക്കു മാത്രമേ ആയിരിക്കുകയുള്ള എന്നാണു് അയാരം അനുമാനിക്കുന്നതു്. ദുഷ്ടൻ വിജയിക്കുന്നതും ശിഷ്ടൻ പരാജയപ്പെടുന്നതും അയാരംക്കു് ഒരു തീരാപ്രശ്നമല്ല. നാടകത്തിൻെറ അവസാനത്തെ ''സീൻ'' ആണു് നാടകത്തിനു് നിറം കൊടുക്കുന്നതു്. അതിനു മുമ്പുള്ള സീനുകളെല്ലാം അതിനു് ഒരുക്കം മാത്രം.

അവിശ്വാസിയായ മനുഷ്യൻ അരിഷ്ടതകളുടെപിന്നിൽ അനുഗ്രഹവാനായ പിതാവിനെ കാണുന്നില്ല. തന്മൂലം അയാരം ദൈവതൃക്കരങ്ങളിൽ നിന്നു് അവ സ്വീകരിക്കുന്നില്ലെന്നുമാത്രമല്ല നീതിബോധം നടിച്ചുകൊണ്ടു് ദൈവത്തെ നിഷേധിക്കുകയും ചെയ്യുന്നു. തീരാവ്യാധിയെന്നു് തോന്നിയാൽ ഡോക്ടർ മോർഫെയിൻ കുത്തിവെച്ചു് രോഗിയെ വധിച്ചു് അയാളെ വേദനയിൽ നിന്നു് മോചിപ്പിക്കുകയായി. രോഗി നിർഭാഗ്യനാണെന്നും താൻ അയാളെ ഒരു മാസത്തെ കഠിന വേദനയിൽ നിന്നും മോചിച്ചു എന്നുമാണു് അയാളുടെ ഭാവം. എന്നാൽ ക്രിസ്തുവിനോടു കൂടി കുട്ടബലി അപ്പിക്കുന്ന ഈ രോഗി ഈ ഡോക്ടർ അനുഭവിക്കുന്നതിലും ഉപരിയായ സന്തോഷം അയാളുടെ വേദനകളുടെ ഇടയിൽ അനുഭവിക്കുന്നുണ്ടു്. ഡോക്ടക്കു് പട്ടിയുടേയും പൂച്ചയുടേയും ഭാഗ്യത്തിൽ കവിയുന്ന ഭാഗ്യം അനുഭവിക്കുവാനില്ല. അയാരംക്കു് പററിയിരിക്കുന്ന മൌലീകമായ പ്രമാദം അരിഷ്ടതകളുടെ പിന്നിലുള്ള ദൈവത്തിൻെറ പദ്ധതി മനസ്സിലാക്കുന്നില്ല എന്നുള്ളതാണു്. കുരിശുമരണത്തിനു വിധിച്ചതിനെ തുടന്നു് അനുഗ്രഹവാനായ ഒരു ഡോക്ടർ ക്രിസ്തുവിനെ അതിഭയങ്കരമായ വേദനയിൽനിന്നു് മോചിപ്പിക്കുന്നതിനുവേണ്ടി മോർഫെയിൻ കുത്തിവച്ചു് വധിക്കുന്നു എന്നിരിക്കട്ടെ. ക്രിസ്തുവിൻെറ ജീവിതം മുഴുവനും പാഴാകും. ഭൂമുഖം നവീകരിക്കപ്പെടുകയില്ല. ലോകസൃഷ്ടികൊണ്ടാരംഭിക്കുന്ന ദൈവത്തിൻെറ പദ്ധതി മുഴുവനും വെള്ളത്തിലാകും. ക്രിസ്തുവിൻെറ നേട്ടം മുഴുവനും കുരിശിലാണു്. കുരിശിൽ വെച്ചാണു് അവിടുന്നു് തന്നെ ഉപേക്ഷിച്ചവനായി നടിച്ച വരനു് വീരോചിതമായ രീതിയിൽ തൻെറ ആത്മാവിനെ സമപ്പിച്ചതു്.

ക്രിസ്തുവിനോടുകൂടി കുട്ടബലിഅപ്പിക്കുന്ന വധുവും അരിഷ്ടതകരം വഴിയായിട്ടാണു് മുന്നേറുന്നതു്. ''എന്നെ പിഞ്ചെല്ലുവാൻ മനസ്സാകുന്നവൻ തന്നത്താൻ പരിത്യജിച്ചു് തൻെറ കുരിശെടുത്തും കൊണ്ടു് എൻെറ പിന്നാലെ വരട്ടെ'' ദേവാലയത്തിലെ അനുദിന ബലിയിൽ സംബന്ധിച്ചുകൊണ്ടും സവ്വോപരി ക്രിസ്തുവിൻെറ ശരീര രക്തങ്ങളെ അനുഭവിച്ചുകൊണ്ടും അയാരം ക്രൂശിതജീവിതത്തിൽ മുന്നേറുന്നു. അയാളുടെ അദ്ധ്വാനവും വിശ്രമവും എല്ലാം കുട്ടബലിയുടെ ഒരു ഭാഗം മാത്രമാണു്. മററുള്ളവരുമായുള്ള അയാളുടെ ബന്ധവും നിസ്വാത്ഥവും അതിസ്വാഭാവികവുമായിത്തീരുന്നതു് പരിശുദ്ധ കർബ്ബാനയുമായുള്ള സമ്പക്കം വഴിയാണു്. എല്ലാവിശ്വാസികളും ക്രിസ്തുവി

DHARMARAM COLLEGE LIBRARY, BANGALORE. 20987

ന്റെ മൌതികശരീരത്തിന്റെ അംഗങ്ങളത്രെ. അവിടെ ഒററ തിരിഞ്ഞുള്ള ജീവിതമില്ല. ''നാം പലരെങ്കിലും ഒരു അപ്പമത്രേ. നാം ഒരു ശരീരം, ഒരു അപ്പത്തിൽ നിന്നു് ഓഹരി പററുന്നവരത്രെ''. അവരുടെ ജീവിതം സ്വാർത്ഥകേന്ദ്രിതമല്ല പരകേന്ദ്രിതമത്രേ. (ad aliud) ദരിദ്രനായ അയല്ക്കാരനിൽ ക്രിസ്തുവിനെ അയാൾ കണ്ടെത്തുന്നു. ദൈവത്തിന്റെ ഛായ അവരിൽ പതിഞ്ഞു കാണുന്നു. അവരുടെ വ്യക്തിപരമായ ഗുണങ്ങളെ പരിഗണിച്ചോ, അവരിൽ നിന്നുള്ള ഉപകാരത്തെ പരിഗണിച്ചോ അല്ല, അവർ ദൈവമക്കൾ ആയതുകൊണ്ടാണു് അവരെ സ്നേഹിക്കുന്നതു്. അവരിൽ നിന്നു് ശത്രുതയും വിദ്വേഷവും നന്ദികേടും അനുഭവപ്പെട്ടാൽ പോലും ദൈവമക്കൾ എന്ന ന്യായത്താൽ അവരെ സ്നേഹിക്കുന്നു.

## നല്ല സമ്രായൻ

കൂട്ടബലിയുടെ ജീവിതം നയിക്കുന്ന വിശ്വാസി ചക്കരവാക്കു കൊണ്ടല്ല പ്രവർത്തികൾ കൊണ്ടാണു് തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുന്നതു്. നല്ലസമ്രായൻ ശത്രു ഗണത്തിൽ പെട്ട ഒരുവൻ മുറിവേററു് അവശനായിക്കിടക്കുന്നതു കണ്ടു് മുറിവുകളിൽ എണ്ണ ഒഴിച്ചു് പ്രഥമ ശുശ്രൂഷ ചെയ്യുകയും അതേതുടർന്നു് കഴുതപ്പുറത്തു് കയററി സത്രത്തിൽ ആക്കി ചികിത്സയ്ക്കു വേണ്ട പണം സത്രക്കാരനെ ഏല്പിക്കുകയും ചെയ്തു. ചികിത്സയ്ക്കു് ആവശ്യമായ പണം മുഴുവൻ കൊടുക്കുവാൻ തല്ക്കാലം കൈവശമില്ലാത്ത ഇയാൾ ധനവാനല്ല. സ്വന്തം ചിലവു ചുരുക്കിക്കൊണ്ടാണു് അയാൾ അയല്ക്കാരനെ സേവിക്കുന്നതു്. ധനവാന്റെ പണക്കിഴിയല്ല കൂട്ടബലിയപ്പിക്കുന്ന വിധവയുടെ കൊച്ചുകാശാണു് ദൈവരാജ്യത്തിന്റെ സാധുസംരക്ഷണം നിർവ്വഹിക്കുന്നതു്. പണസഹായം മാത്രമല്ല ക്രിസ്തുവിനെപ്പോലെ മററുള്ളവരുടെ വീണ്ടെടുപ്പിനായി ആയുസ്സിനെ കൊടുക്കുന്നതിനുപോലും ഒരുങ്ങിയിരിക്കണം. കൂട്ടബലിയുടെ ജീവിതം നയിക്കുന്നവൻ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനാണു് ബദ്ധപ്പെടുന്നതു്.

ക്രിസ്തു എല്ലാവർക്കും നന്മചെയ്തുകൊണ്ടു് കടന്നുപോയതുപോലെ കൂട്ടബലിയുടെ ജീവിതം നയിക്കുന്നവനും എല്ലാവർക്കും നന്മ ചെയ്തുകൊണ്ടു് കടന്നുപോകുന്നു. ലോകത്തിലുള്ള എല്ലാ മനുഷ്യരും അയാളുടെ സഹോദരന്മാരാണു്. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കൾ ആയതുകൊണ്ടുതന്നെ. നിറം ജാതി മതം എന്നിങ്ങനെയുള്ള തരം തിരിവു് ക്രൈസ്തവനു് യോജിച്ചതല്ല. ആഫ്രിക്കായിലെ നീഗ്രോയുടെ മേലും അലാസ്കായിലെഎസ്കീമോയുടെ മേലും സ്വർഗ്ഗസ്ഥനായ പിതാവു് തന്റെ മഴയെ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്നു.

## അതിസ്വാഭാവിക സ്നേഹം

ക്രിസ്തുവിൻെറ അനുയായികൾ ദേശീയവും ജാതീയവുമായ
തിത്തികൾക്കെല്ലാം അതീതമായി ജീവിക്കണം. ആഫ്രിക്കയിലെ
കാട്ടുജാതികളുടെ വിധേയത്വം മുഴുവനും അവരുടെ ജാതിതലവ
രോടാണ് (clan spirit). ബുദ്ധിവികാസം പ്രാപിക്കാത്ത ഇവക്ക്
ഗങ്ങളുടെ അന്ധമായ കൂട്ടുവാസന (herd instinct) മാത്രമേ അവ
ഷിച്ചിട്ടുള്ളു. അതിൽ അവരെ പഴിക്കേണ്ടതുമില്ല. എന്നാൽ ഇക്കൂ
ബാഹ്യലോകവുമായിട്ടുള്ള സമ്പക്കം വഴി സംസ്കാരം പ്രാപി
തിൻെറ ശേഷവും കൂട്ടുവാസനയ്ക്കെതിരായി ഉയരുവാൻ അവക്ക്
ധിക്കാതെ പോകുന്നതാണ് പരിതാപകരമായിട്ടുള്ളതു്. അതിനു
കാരണം ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുക
സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിൽ
ന്നു് അവരുടെ സംസ്കാരം പ്രാപിക്കാത്തതുതന്നെ. ഈ പിതാവിൻെ
വക്താവായിട്ടാണ് സകലജാതികളോടും സുവിശേഷം പ്രസംഗി
അവരെ സംസ്കരിക്കുവാൻ ക്രിസ്തു അപ്പസ്തോലന്മാരെ ഭരമേല്പിച്ചു
ക്രിസ്തു ഒഴികെ ബാക്കിയുള്ളവരെയെല്ലാം പ്രാദേശിക മുൻവിധിക
താല്പര്യങ്ങളും ദുരഭിമാനവും ആണ് ഭരിക്കുന്നതു്. സുബുദ്ധിയുള
നുഷ്യൻ ദൈവത്തിനുമാത്രമേ പരമമായ വിധേയത്വം നല്കുകയു
അതു് അന്ധമല്ലതാനും. ബാക്കിയുള്ള വിധേയത്വമെല്ലാം പരമമ
വിധേയത്വത്തിനു് കീഴ്പെട്ടിരിക്കണം. ജാതീയ വിധേയത്വ
ദേശീയവിധേയത്വമോ മുൻ വിധികളോ യാതൊരു മനുഷ്യനേയു
മ്മുടെ സ്നേഹത്തിൽ നിന്നും സേവനത്തിൽ നിന്നും ഒഴിവാക്കരു
സാവ്വത്രീക സഹോദര്യത്വത്തെ അഭംഗമായി പാലിച്ചുകൊണ്ടു
തിനു വിധേയമായും ഉള്ള സ്വരാജ്യസ്നേഹവും ജാതിസ്നേഹ
ഒരു സുകൃതമാണ്. ഇടുങ്ങിയതും അന്ധവും പട്ടിയുടെ തിണ്ണ
ക്കിൻെറ പരിഷ്കരിച്ച പതിപ്പുമായ സ്വരാജ്യസ്നേഹവും സ്വജ
സ്നേഹവും ദൈവത്തിൻെറയും മനുഷ്യരുടേയും മുമ്പാകെ നിന്ദ്യവു
പരിഷ്കൃതവുമത്രേ. പലപ്പോഴും സ്വാത്ഥതയും നിക്ഷിപ്ത താല്പര്യ
അതിലേയ്ക്കു് അവരെ പ്രേരിപ്പിച്ചേക്കാം. മുഖ്യകാരണം അതേ
മല്ല. പരിഷ്കൃതവേഷമണിയുകയും സവ്വകലാശാലാ ബിരുദ
നേടുകയും കാറിലും വിമാനത്തിലും സഞ്ചരിക്കുകയും ചെ
ന്നാലും ജാതിയുടേയും ദേശത്തിൻെറയും ചട്ടക്കൂട്ടിനും മുൻവിധ
കും അതീതമായി ഉയരുന്നതിനുള്ള മനോവികാസം അവക്ക്
ച്ചിട്ടില്ല എന്നുള്ളതു തന്നെ. ക്രിസ്തീയ ആദശ്ശങ്ങളല്ല ഭൌതിക
ങ്ങളാണ് അവരെ സംസ്കരിച്ചിട്ടുള്ളതു്.

ക്രിസ്തീയപരസ്നേഹം വികാരങ്ങളിലല്ല സ്വയ അപ്പണ
ത്രേ അടങ്ങിയിരിക്കുന്നതു്. മനുഷ്യൻെറ വികാരങ്ങൾ പല
അവരുടെ മാനസ്സിക ഘടനയെ ആശ്രയിച്ചാണ്. സ്നേഹപ്രകൃ

രിശ പ്രകൃതി, ദ്രവപ്രകൃതി, മന്ദപ്രകൃതി എന്നിങ്ങനെയുള്ള അവസ്ഥാവിശേഷങ്ങളും അതാതിൻെറ വികാരങ്ങളും മനുഷ്യനിൽ ജനിപ്പിക്കുന്നു. ചുവന്ന രക്തബിന്ദുക്കൾ ഒരു മനുഷ്യനിൽ അധികരിച്ചിരിക്കുന്നുവെങ്കിൽ അയാൾ സർവ്വത്ര സ്നേഹവികാരങ്ങൾ കൊണ്ട് നിറഞ്ഞിരിക്കും. എന്നാൽ ഈ സ്നേഹമെല്ലാം പട്ടിയുടെ സ്നേഹത്തിൻെറ പരിഷ്കരിച്ച പതിപ്പുമാത്രം. അത് നട്ടെല്ലുള്ള സ്നേഹമല്ല. അതിനെ യഥായോഗ്യം സംസ്കരിച്ച് അതിസ്വാഭാവികമാക്കി പകർത്തിയാൽ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും മുന്നേറി വലിയ വിശുദ്ധരായിത്തീരും. ത്യാഗമാണ് സ്നേഹത്തിൻെറ ഉരകല്ല്. ഫലംകൊണ്ടാണ് വൃക്ഷം അറിയേണ്ടത്. സ്വയം നല്കികൊണ്ടുള്ള നിസ്വാർത്ഥമായ സ്നേഹമാണ് കുട്ടുബലിയുടെ ജീവിതത്തിൽ നിന്നും പ്രതീക്ഷിക്കുന്നതും.

## സ്നേഹവിപ്ലവം മനുഷ്യവംശത്തെ ഒരു കുടുംബമാക്കുന്നു

കുട്ടുബലി ജീവിതത്തിൻെറ പരിണത ഫലമായ കൊടുത്തുകൊണ്ടുള്ള സ്നേഹവും ശുശ്രൂഷയുമാണ് മനുഷ്യരെ പരസ്പരം അടുപ്പിച്ച് ഒരു കുടുംബമാക്കിത്തീർക്കേണ്ടത്. ഒരേ ആദിമാതാപിതാക്കന്മാരിൽനിന്ന് വന്നിട്ടുള്ള മനുഷ്യവർഗ്ഗം തങ്ങളുടെ അകന്നരക്തബന്ധത്തെ പരിഗണിച്ച് സഹോദരന്മാരായി വർത്തിക്കുമെന്നോ ഒരു കുടുംബമായിതീരുമെന്നോ പ്രതീക്ഷിക്കേണ്ടതില്ല. ഒരേ മാതാപിതാക്കന്മാരുടെ നാലുമക്കൾ പ്രായമാകുന്നതോടുകൂടി സാമാന്യമായി വഴക്കടിച്ച് ചട്ടിയും കലവും തല്ലിയാണ് പിരിയുന്നത്. ബലപ്രയോഗം വഴി മനുഷ്യവർഗ്ഗം ഒരു തൊഴുത്തായിത്തീരുന്നതല്ലാതെ ഒരു കുടുംബമായി തീരുകയില്ല. കുടുംബമാക്കിത്തീർക്കുന്നതിനുള്ള കഴിവ് സ്നേഹവിപ്ലവത്തിനുമാത്രമേയുള്ളു.

200 കൊല്ലങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഹേഗൽ ലോകത്തെ ഒരു അവിഭക്തനാടകമായി വിഭാവനം ചെയ്തു. ലോകത്തിൽനിന്ന് അരാജകത്വം ഒഴിവാക്കുന്നതിനുവേണ്ടി ഒരേ ഒരു മനസ്സ് അതിനെ ക്രമീകരിക്കണമെന്ന് വാദിച്ചു. അക്രമവും കൊള്ളയുംവഴി സ്വരാജ്യത്തെ വികസിപ്പിച്ചിരുന്ന ഫ്രെഡറിക്ക രണ്ടാമനെ നീതീകരിക്കുകയും മുഖസ്തുതിപാടുകയുമാണ് ഈ തത്വശാസ്ത്രത്തിൻെറ ലക്ഷ്യം. നഗ്നമായ അക്രമത്തെ എങ്ങനെ നീതീകരിക്കും? സ്വയം യഥാർത്ഥീകരിച്ചുകൊണ്ട് മുന്നേറുന്ന വിശ്വാത്മാവിൻെറ (Idea) വിവിധ കാലങ്ങളിലെയും ദേശങ്ങളിലെയും മൂടുപടങ്ങളാണ് ലോകത്തിലുള്ള സംഭവങ്ങളെല്ലാം. ലോകത്തിൽ നടക്കുന്ന അനീതിയും അക്രമവും അതാതു മൂടുപടങ്ങളുടെ പിന്നിലുള്ള വിശ്വാത്മാവിൻെറ സ്വയം യഥാർത്ഥീകരണത്തിലുള്ള വിവിധഘട്ടങ്ങളായതു കൊണ്ട് അവയെല്ലാം സത്യവും നീതിയും തന്നെ. ഈ വിശ്വാത്മാവിൻെറ വക്താവായി

ഫ്രഡറിക്ക രണ്ടാമൻ ലോകം മുഴുവൻ പിടിച്ചടക്കി ഭരിക്കുവാൻ പോകുന്നു എന്നാണ് ഹേഗലിൻെറ ഭാവം. മൂട്ടപടങ്ങളുടെ പിന്നിലുള്ള വിശ്വാത്മാവിനെ വലിച്ചെറിഞ്ഞു് വർഗ്ഗീയ മത്സരം വഴിയായി സർവ്വലോകത്തേയും ഒരു സേ്വച്ഛാധിപതിയുടെ കീഴിൽ സംഘടിപ്പിക്കുന്നതിനാണ് കമ്മ്യൂണിസ്റ്റുകാർ തുടങ്ങിയുള്ള എല്ലാ ലോകായതികരുടെയും യത്നം.

2000 കൊല്ലങ്ങൾക്കു മുമ്പ് ക്രിസ്തു ഒരു അവിഭക്തനാടകം വിഭാവനം ചെയ്തു. ഒരേ ഒരു മനസ്സ് ലോകത്തെ ക്രമീകരിക്കണമെന്നാണ് അദ്ദേഹത്തിൻെറയും വാദം. അക്രമങ്ങളാകുന്ന മൂട്ടപടങ്ങളിൽ കൂടി മുന്നേറുന്ന വിശ്വാത്മാവല്ല ഈ ക്രമീകരണം നിർവ്വഹിക്കേണ്ടതു്. സ്വയം കൊടുത്തു് സ്വയം യഥാർത്ഥീകരിക്കുന്ന ദൈവമാണ് ഈ ക്രമീകരണം നിർവഹിക്കേണ്ടതു്. ''നിൻെറ രാജ്യംവരണം നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണം''. ദൈവത്തിൻെറ സേ്വച്ഛാധിപത്യം ലോകത്തിൽ ഏർപ്പെടുത്തുവാൻ ക്രിസ്തുവിനു് പദ്ധതിയില്ല. മനുഷ്യഹൃദയം ദൈവത്തിൻെറ പദ്ധതിയനുസരിച്ച് സംസ്കരിക്കപ്പെടണമെന്നു മാത്രം.

ബലപ്രയോഗം വഴിയുള്ള ആധിപത്യം ഹൃദയത്തെ സ്പർശിക്കുന്നില്ല. ദൈവരാജ്യം മനുഷ്യൻെറ ഉള്ളിലത്രേ. സ്നേഹത്തിനു മാത്രമേ അതിനെ സ്പർശിക്കുന്നതിനും സംസ്കരിക്കുന്നതിനും കഴിവുള്ളു. ഭൂമിയിൽ തീയിടുന്നതിനു് താൻ വന്നിരിക്കുന്നു വെന്നും അതു് കത്തിയെരിഞ്ഞു് മനുഷ്യഹൃദയങ്ങളെ സംസ്കരിക്കണമെന്നുമാണ് ക്രിസ്തു സമർത്ഥിക്കുന്നതു്. അഗ്നിപടൎന്നു പിടിക്കുന്നതുപോലെ സ്നേഹം പടൎന്നു പിടിക്കണം. വരൻ വധുവിൻെറ ചിതയിൽ സ്വയം ഹോമിച്ചാൽ വധു വെറുതെ ഇരിക്കുകയില്ല. വരൻെറ ചിതയിൽ സ്വയം ഹോമിക്കണമെന്നാണ് അവളുടെ ജ്വരം. സ്നേഹം പകർച്ചവ്യാധിപോലെയാണ്. ഔദാര്യം ഔദാര്യത്തെ ജനിപ്പിക്കുന്നു. ക്രിസ്തു അഖിലലോക ദൈവരാജ്യം സ്ഥാപിക്കുന്നതു് എല്ലാം പിടിച്ചടക്കിക്കൊണ്ടല്ല. എല്ലാവരുടേയും കാലുകഴുകി അവരെ സേവിച്ചുകൊണ്ടാണ്. വർഗ്ഗീയ മത്സരം വഴിയല്ല വർഗ്ഗീയ സഹകരണം വഴിയത്രേ. ദൈവത്തിൻെറ ഇഷ്ടം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിൽ ആകുന്നതു് ഈ ഇഷ്ടം സ്വർഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ബലാല്ക്കാരമായി അടിച്ചേല്പിച്ചുകൊണ്ടല്ല, വധുവിൻെറ ചിതയിൽ സ്വയം ഹോമിച്ചുകൊണ്ടാണ്.

ലോകം ഒരു കുടുംബമായിത്തീരുന്നതിനു് രാഷ്ട്രീയ ഐക്യമോ വർഗ്ഗീയ ഐക്യമോ (monogenism) സംസ്കാരിക ഐക്യമോ, ഭാഷാപരമായ ഐക്യമോ ആവശ്യമില്ല. ആധുനിക സംഭവവികാസങ്ങളെ പരിഗണിച്ചാൽ രണ്ടു മൂന്നു തലമുറയ്ക്കകം രാഷ്ട്രീയവും സംസ്കാരികവുമായ ഐക്യം വന്നു ചേരുമെന്നു വേണം പ്രതീക്ഷിക്കുവാൻ. എന്നാൽ അതുകൊണ്ടൊന്നും മനുഷ്യവർഗ്ഗം ഒരു കുടുംബമായിത്തീരുക

യില്ല. സവ്വത്രീകമായ ഐകരൂപ്യം നീണ്ടുനില്ക്കയില്ല. പട്ടാളച്ചിട്ടയിലുള്ള ഐകരൂപ്യം മനുഷ്യപ്രകൃതിയ്ക്കെതിരാണ്. വ്യത്യസ്ഥങ്ങളായവ ഇണങ്ങിച്ചേർന്ന് സമ്മേളിക്കുന്നതിലാണ് ഐക്യം സ്ഥിതിചെയ്യുന്നതു്. രണ്ടു പുരുഷന്മാർ ചേർന്നാൽ ഒരു കുടുംബമാകുകയില്ല. ഒരു സ്ത്രീയും ഒരു പുരുഷനും കൂടി ചേരുന്നതാണ് കുടുംബം. സ്ത്രീയും പുരുഷനും ചേർന്നു കൊണ്ടു് കുടുംബമാകണമെന്നില്ല. പലപ്പോഴും ഒരു തൊഴുത്തുമാത്രമേ ആയിരിക്കുകയുള്ളു. കുടുംബമായിത്തീരുന്നതിന് മനുഷ്യത്വബന്ധം തത്വത്തിൽ മതിയാകും. മനുഷ്യത്വത്തിനപ്പുറമുള്ള ഒരു ശൃംഖല അവരെ ബന്ധിച്ചാൽ ഈ ഐക്യം പൂർണ്ണവും സമ്പുഷ്ടവും ശാശ്വതവുമായിത്തീരും. മനുഷ്യവർഗ്ഗം ഒരു കുടുംബമായിത്തീരുന്നതിനു് മനുഷ്യത്വത്തിനപ്പുറമുള്ള ഒരു ശൃംഖല അവരെ ബന്ധിക്കണം. അതിലെ അംഗങ്ങൾ സഖാക്കളായാൽ പോരാ സഹോദരന്മാരായിതീരണം. പിതാവായ ദൈവത്തെ കൂടാതെ മനുഷ്യർ പരസ്പരം സഹോദരന്മാരായിതീരുകയില്ല. ദൈവത്തിൻെറ അഭ്യന്തരജീവിതം മനുഷ്യരിലേയ്ക്കു് പകർന്ന് അവർ അന്യോന്യം കൊടുത്തു സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുതുടങ്ങുന്നതോടെ മനുഷ്യവർഗ്ഗം ഒരു കുടുംബമായിത്തീരും.

## അദ്ധ്യായം 18

# ദാമ്പത്യ പ്രതിഷ്ഠ

പ്രകൃത്യാതീതമായ സ്നേഹത്തെപ്പററിയാണ് ഇതുവരെ നാം പ്രതിപാദിച്ചതു്. പ്രകൃത്യാതീത സ്നേഹത്തിൻെറ വൈശിഷ്ട്യം പ്രകൃതിജന്യമായ സ്നേഹത്തെ അവഗണിക്കുന്നതിനു് ഇടയാക്കരുതു്. സ്വാഭാവിക ക്രമത്തിന്മേലാണ് അതിസ്വാഭാവിക ക്രമം കെട്ടിപ്പടുക്കേണ്ടതു്. പ്രകൃതി ദൈവം അറിയാതെ വന്നിട്ടുള്ളതല്ല. അതിനെ കരുപ്പിടിപ്പിക്കുന്നതിൽ ദൈവത്തിനു് പ്രകൃത്യാതീതമായ ലക്ഷ്യമുണ്ടു്. കല്ലിനെ വിശുദ്ധനാക്കുന്നതിനു് ദൈവത്തിനു് സാധിക്കുകയില്ല. പ്രകൃതിയെ ദൈവം സജ്ജീകരിച്ചിരിക്കുന്നതു് സ്നേഹവിപ്ലവത്തെ ത്വരിപ്പിക്കുന്നതിനുവേണ്ടിയാണ്. ധന്യമായ പ്രകൃതി സ്നേഹത്തെ പുഷ്ടിപ്പെടുത്തുന്നു. സ്നേഹപ്രകൃതി (sanguinic temperment) വലിയ ഒരു മൂലധനമാണ്. അതിനെ നന്മയ്ക്കും തിന്മയ്ക്കും ഉപകരിപ്പിക്കാം. പ്രകൃതിജന്യമായ സ്നേഹത്തെ അവഗണിച്ചുകൊണ്ടുള്ള സ്നേ

ഹവിപ്ലവം മേഘങ്ങളുടെ ഇടയിൽ ഉള്ള വിപ്ലവമാണ്. പ്രകൃതിജന്യമായ സ്നേഹം വികാരഭരിതവും, അശക്തവും, നട്ടെല്ലില്ലാത്തതും, എളുപ്പത്തിൽ വഴിപിഴച്ചുപോകുന്നതുമാണ്. അതേസമയം മനുഷ്യരുടെ ഇടയിൽ വികാരം കൂടാതെ സ്നേഹമില്ല. വികാരങ്ങളെ നിയന്ത്രിക്കണമെന്നുമാത്രമേയുള്ളു. നട്ടെല്ലില്ലാത്തതും വഴിപിഴയ്ക്കുന്നതുമായതുകൊണ്ട് പ്രകൃതിജന്യമായ സ്നേഹത്തെ അവഗണിക്കുകയല്ല അതിസ്വാഭാവികസ്നേഹംകൊണ്ട് നട്ടെല്ലുള്ളതും ക്രമീകൃതവുമാക്കുകയാണ് വേണ്ടതു്.

കൃപാവരവും ദൈവീക കലീനത്വവും കൊണ്ടുമാത്രം ദൈവസ്നേഹമാകട്ടെ പരസ്നേഹമാകട്ടെ പുഷ്ടിപ്പെടുമെന്നു കരുതുന്നതു് മൌഢ്യമായിരിക്കും. കൃപാവരം സ്നേഹവിപ്ലവബീജം മാത്രമേ ആകുകയുള്ളു. വിത്തു് ചെടിയല്ല. വിത്തു് മണ്ണിൽ വളരാതെ ചെടിയാകുകയുമില്ല. ദൈവസ്നേഹത്തിൽ വളരേണ്ടതു് സഹോദരന്മാരെ സ്നേഹിച്ചുകൊണ്ടാണ്. സഹോദരന്മാരെ അവരുടെ വ്യക്തിപരമായ ഗുണങ്ങളെ പരിഗണിച്ചല്ല ദൈവത്തെപ്രതിയാണ് സ്നേഹിക്കേണ്ടതു്. എന്നാൽ സഹോദരസ്നേഹത്തിൽ പല ഘടകങ്ങളുണ്ടു്. മനുഷ്യത്വവികാരങ്ങൾ അവരുമായുള്ള വ്യക്തിപരമായ ബന്ധങ്ങൾ, അവരുടെ സ്വഭാവവൈശിഷ്ട്യം താല്പര്യങ്ങളിലുള്ള പൊരുത്തം എന്നിങ്ങനെ പലതും പ്രേരണ ചെലുത്തുന്നു. അതിസ്വാഭാവികമായ സ്നേഹം ഈ ഘടകങ്ങളെ അവഗണിക്കേണ്ട കാര്യമില്ല. അവയെയെല്ലാം അതിസ്വാഭാവികഘടകം പൂർണ്ണതപ്പെടുത്തുന്നു. അവയെല്ലാം അതിസ്വാഭാവികഘടകത്തിൻെറ പരിപൂർണ്ണ നിയന്ത്രണത്തിൽ ഇരിക്കുമെങ്കിൽ അതിനെ ഉറപ്പിക്കുകയുംചെയ്യുന്നു. മനുഷ്യത്വം, വികാരങ്ങൾ, സ്വാഭാവികസ്നേഹം എന്നിങ്ങനെയുള്ള സ്വാഭാവിക അടിസ്ഥാനത്തിൻെറ അഭാവത്തിൽ അതിസ്വാഭാവികസ്നേഹം സാമാന്യമായി പുഷ്ടിപ്രാപിക്കുകയില്ല. അതേസമയം അതിസ്വാഭാവിക സ്നേഹത്തിൻെറ അഭാവത്തിൽ സ്വാഭാവികസ്നേഹവും നാശകരമായ സ്വാർത്ഥപൂർണ്ണവും അശക്തവും ഇടുങ്ങിയതുമായിത്തീരുന്നു. സ്വാഭാവികസ്നേഹത്തിൻെറപരിമിതികളൊന്നും അതിസ്വാഭാവിക സ്നേഹത്തിനില്ല. മിത്രങ്ങളെ സ്നേഹിക്കുക എളുപ്പമാണ്. അതിനു് സ്വാഭാവികസ്നേഹം മതി. ശത്രുക്കളെ സ്നേഹിക്കുന്നതിനു് അതിസ്വാഭാവിക സ്നേഹംതന്നെ വേണം. നല്ലവനായ ദൈവത്തെ സ്നേഹിക്കുവാൻ വിഷമമില്ല. ദുഷ്ടന്മാരായ മനുഷ്യരെ ദൈവത്തെപ്രതി സ്നേഹിക്കുക വളരെ വിഷമമുള്ള കാര്യമാണ്. ദുഷ്ടന്മാരും ദൈവത്തിൻെറ മക്കളാണ്. അവരെ സ്നേഹിക്കുന്നില്ലെങ്കിൽ ദൈവത്തോടുള്ള സ്നേഹം വെറും മുഖസ്തുതിയാണ്. ഭൂമുഖത്തുള്ള എല്ലാ മനുഷ്യരും സ്നേഹത്തിൻെറ വിഷയമായിത്തീരണം. ദൈവത്തെ പ്രതി അവക്കുവേണ്ടി മരിക്കുന്നതിനും ഒരുങ്ങിയിരിക്കണം. ശത്രുസ്നേഹം ദൈവസ്നേഹത്തെ ഉറപ്പിക്കുന്നു. സാർവ്വത്രീകസ്നേഹം ദൈവസ്നേഹത്തെ വ്യാപ്തമാക്കുന്നു.

ദാമ്പത്യസ്നേഹം പ്രകൃതിജന്യമായ ഒന്നാണ്. താല്പര്യങ്ങളുടെ പൊരുത്തത്തിൽ നിന്നു് ഉടലെടുക്കുന്ന ഈ സ്നേഹം നിസ്വാർത്ഥമെന്നു പറഞ്ഞുകൂടാ. ദൈവം ആദ്യ ദമ്പതിമാരെ സൃഷ്ടിച്ചതു് അന്യോന്യം പൂരിപ്പിക്കുന്ന ഘടകങ്ങളായിട്ടാണ്. ലിംഗ വ്യത്യാസം അവരെ അകററുകയല്ല അടുപ്പിച്ചു് ഒരു ജഡമാക്കിത്തീർക്കുകയാണ് ചെയ്യുന്നതു്. അവർ പരസ്പരം സേവിച്ചു് മറുകക്ഷിയെ സന്തുഷ്ടമാക്കുകയും അവരുടെ ഐക്യത്തിൽ നിന്നുളവാകുന്ന സന്താനങ്ങളെ സംയുക്ത ശ്രമം വഴിയായി ദൈവമക്കളായി വളർത്തിക്കൊണ്ടുവരികയും ചെയ്യണം. ഇതിലേയ്ക്കു് ഇരുകക്ഷികളും മറുകക്ഷിക്കു് സ്വയം പ്രതിഷ്ഠിക്കണം. അവർ തങ്ങൾക്കുള്ളതു സമസ്തവും സമ്മേളിപ്പിക്കുന്നതിലാണു് കുടുംബത്തിൻെറ വിജയം അടങ്ങിയിരിക്കുന്നതു്. മൃഗങ്ങളുടെ ഇടയിലെന്നപോലെ ശരീരങ്ങളുടെ ഐക്യം മാത്രമല്ല ആത്മീയ ഐക്യം കൂടെയും അന്തർഭവിച്ചിരിക്കുന്നു. വിവാഹം ഒരോരുത്തനും തൻെറ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചു് നടത്തുന്ന ഉടമ്പടിയല്ല. പ്രകൃതി ആവശ്യപ്പെടുന്ന ഒരു സമൂഹമാണ് കുടുംബം. ഒരു കുടുംബമായി സംഘടിക്കുന്നതിനു് വാസന നല്കിയ ദൈവമത്രെ അതിൻെറ സ്ഥാപകൻ. പ്രകൃതിയിൽ നിന്നു് ഉടലെടുക്കുന്ന ഈ സമൂഹം പ്രകൃതിനിയമങ്ങൾക്കു് വിധേയമാണ്.

പ്രകൃതി ഏകവും ശാശ്വതവുമായ ബന്ധം കക്ഷികളിൽ നിന്നാവശ്യപ്പെടുന്നു. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണം വരെ പിരിയുവാൻ പാടില്ലാത്ത തരത്തിലുള്ള ഒരു ബന്ധമായിരിക്കണം അതു്. ഇരച്ചുവരുന്ന മലവെള്ളം ഭൂമി നശിപ്പിക്കാതിരിക്കുന്നതിനുവേണ്ടി ചാലുവെട്ടി കൊടുക്കുന്നതുപോലെ അനിയന്ത്രിതമായ ലൈംഗീക വാസനയെ നാശകരമാക്കാതെ നിയന്ത്രിക്കുന്നതിനു വേണ്ടിയാണു് വിവാഹം. എന്നാൽ മനുഷ്യൻെറ സ്വാർത്ഥം ഈ നിയന്ത്രണങ്ങളെയെല്ലാം വലിച്ചെറിഞ്ഞു് സ്വാർത്ഥപൂരണത്തിനൊരു മാർഗ്ഗമായിട്ടാണ് വിവാഹത്തെ ഉപയോഗിക്കുന്നതു്. കാട്ടുജാതികൾ, അവിടവിടെയായി വല്ല അപവാദങ്ങളെല്ലാമുണ്ടായിരുന്നാലും, മൊത്തത്തിൽ പ്രകൃതിനിയമാനുസരണം വർത്തിച്ചു വരുന്നു. സംസ്കാരം പുരോഗമിച്ചതിൻെറ തോതനുസരിച്ചു് അടിമത്തത്തോടുകൂടി ഗാർഹികരംഗത്തും അഴിമതികൾ വർദ്ധിച്ചു. ബഹുഭാര്യാത്വവും ബഹുഭർതൃത്വവും വിവാഹമോചനവും എല്ലാം രംഗപ്രവേശം ചെയ്തു. കുടുംബങ്ങളുടെ സ്ഥാനത്തു് മനുഷ്യതൊഴുത്തുകൾ സ്ഥലം പിടിച്ചു.

## സഭയും ക്രിസ്തുവുമായുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു

ക്രിസ്തു വിവാഹത്തെ അതിൻെറ പ്രാഥമിക പരിശുദ്ധിയിലും മഹത്വത്തിലും പുന:സ്ഥാപിച്ചു. ''അവരുടെ ഹൃദയകാഠിന്യം മൂലം വിവാഹമോചനവും ബഹുഭാര്യാത്വവും മൂശ അനുവദിച്ചു. എന്നാൽ ആരംഭം മുതൽ അങ്ങനെ ആയിരുന്നില്ല''. ആദിമാതാപി

താക്കന്മാരുടെ പരസ്പര പ്രതിഷ്ഠയെ ക്രിസ്തു തിരുവെഴുത്തുകളിൽ നിന്നും അനുസ്മരിക്കുന്നു. അവിടുന്നു് വിവാഹത്തെ ഒരു കൂദാശയായി ഉയർത്തി മേലാൽ അതു് ഒരു ഉടമ്പടി മാത്രമല്ല പരിശുദ്ധാത്മാവിൻെറ വിശുദ്ധീകരണത്തിനു് വഴിതെളിക്കുന്ന ഒരു രക്ഷാകര അടയാളം കൂടിയാണു്. പൌലോസു് അപ്പസ്തോലൻ സമർത്ഥിക്കുന്നതിൻവണ്ണം ദമ്പതിമാരുടെ ഐക്യം ക്രിസ്തുവും സഭയുമായുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു. ഈ സാദൃശ്യം ഒന്നാമതായി തൻെറ വധുവായ സഭയ്ക്കുവേണ്ടി ജീവൻ അർപ്പിച്ച ക്രിസ്തുവിൻെറ അനന്തമായ സ്നേഹത്തെയാണു് അനുസ്മരിപ്പിക്കുന്നതു്. രണ്ടാമതായി ക്രിസ്തുവിൻെറ സഭയോടുള്ള സ്നേഹത്തിൻെറ പ്രതിഛായയായ ദാമ്പത്യ സ്നേഹത്തിൻെറ ആഴമായ ലക്ഷ്യം സൂചിപ്പിക്കുന്നു. ക്രിസ്തു സഭയ്ക്കു് വേണ്ടി സ്വയം അർപ്പിച്ചതുപോലെ ആവശ്യപ്പെട്ടാൽ മറുകക്ഷിക്കു വേണ്ടി മരിക്കുന്നതിനുപോലും ഒരുക്കമായിരിക്കത്തക്കസ്ഥിതിയിൽ അവരുടെ സ്വയ അർപ്പണം അത്രയും പൂർണ്ണമായിരിക്കണം. സഭയുടെ ഭാവിമഹത്വീകരണത്തിൽ ക്രിസ്തുവുമായുള്ള ഐക്യം പൂർണ്ണമാക്കുന്നതിനെയും ഇതു് സൂചിപ്പിക്കുന്നുണ്ടു്.

ക്രിസ്തുവും സഭയുമായുള്ള ഐക്യത്തെ സൂചിപ്പിക്കുക മാത്രമല്ല സഭയുടെ മുമ്പാകെ തങ്ങൾ സ്വയം പരസ്പരം അർപ്പിക്കുമ്പോൾ തങ്ങൾക്കു വേണ്ടി ഈ ഐക്യത്തിൻെറ വരം പ്രാപിക്കുകയും ചെയ്യുന്നു. പരസ്പരം വധൂവരന്മാരായി സ്വീകരിച്ചുകൊണ്ടു് സ്വയമർപ്പണം നടത്തുന്നതോടെ പരിശുദ്ധാത്മാവു് ഈ അടയാളങ്ങളെ കരുവായി ഉപയോഗിച്ചുകൊണ്ടു് അവരുടെ ആത്മാവിനെ വിശുദ്ധീകരിക്കുകയും ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹചൈതന്യത്താൽ അവരുടെ ഹൃദയത്തെ നിറയ്ക്കുകയും ചെയ്യുന്നു. ജഡികവും സ്വാർത്ഥപൂർണ്ണവുമായ സ്നേഹമാണു് ഇതുവരെ അവരിൽ കുടികൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ അതു് പ്രകൃത്യാതീതവും നിസ്വാർത്ഥവുമായിത്തീരുന്നു. കാട്ടുറോസിന്മേൽ നല്ല റോസ് ഒട്ടിക്കുന്നതോടെ അതിൻെറ പ്രകൃതി മാറുന്നതുപോലെ പ്രാപഞ്ചികമായ സ്നേഹത്തിന്മേൽ ദൈവത്തിൻെറ അഭ്യന്തര ജീവിതത്തിലെ സ്നേഹം ഒട്ടിക്കുന്നതോടെ അതു് വിപ്ലവകരമായിത്തീരുകയും അവരുടെ പ്രതിഷ്ഠ ദൈവത്തിലെ മുപ്രതിഷ്ഠയോടു് അപൂർണ്ണമായിട്ടെങ്കിലും സദൃശ്യമായിത്തീരുകയും ചെയ്യുന്നു. മേലാൽ അവരുടെ സ്നേഹത്തിൻെറ ഒഴുക്കു് തങ്ങളിലേയ്ക്കല്ല മറുകക്ഷിയിലേയ്ക്കാണു് (ad aliud). മേലാൽ അവർ സ്വന്തമല്ല മറുകക്ഷിയുടേതാണു്. മറുകക്ഷിയെ ഭാഗ്യപ്പെടുത്തുകയാണു് അവരുടെ ലക്ഷ്യം. ബ്രഹ്മചര്യത്തെ വാനോളം പുകഴ്ത്തുന്ന പൌലോസ് അപ്പസ്തോലൻ വിവാഹിതരുടെ കടമകളെയും അവകാശങ്ങളെയും നിഷ്കർഷിക്കുന്നു. ഭർത്താവു് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും അവരുടെ അവകാശം ... ള്ളട്ടെ ''ഭാര്യയ്ക്കും ഭർത്താവിനും അവരവരുടെ ശരീരങ്ങളിന്മേൽ ത്ത കാശമില്ല. മറുകക്ഷിക്കാണു് അവകാശം''. ഈ ശരീരം കൈ ചെയ്യേണ്ടതു് ദൈവത്തിനു് പ്രതിഷ്ഠിക്കപ്പെട്ടതും ദൈവത്തി

ആലയവുമെന്നതരത്തിൽ വണക്കത്തോടെയാണ്. വൈവാഹിക ശുദ്ധത പാലിച്ചുകൊണ്ട് അവർ ജീവിക്കേണ്ടിയിരിക്കുന്നു.

## മക്കൾക്കുവേണ്ടിയുള്ള സംയുക്തപ്രതിഷ്ഠ

ദമ്പതിമാർ അവരുടെ സംയുക്തയത്നം തിരിക്കേണ്ടതു് മററൊരു പ്രതിഷ്ഠയിലേയ്ക്കാണ്. അവർ ഇരുവരും കൂടി ഏകമൂലമായി പ്രവർത്തിച്ച് തങ്ങളുടെ സന്താനങ്ങൾക്ക് (ad aliud) തങ്ങളെ പ്രതിഷ്ഠിക്കണം. സന്താനങ്ങളെ വണ്ടിയിൽ കയററിയിരുത്തി ആ വണ്ടി വലിക്കുന്ന രണ്ടു കാളകളാണ് ദമ്പതിമാർ. സ്വയം വിസ്മരിച്ച് തങ്ങളുടെ സന്താനങ്ങളെ സമ്പുഷ്ടരാക്കുന്നതിനു് മാതാപിതാക്കന്മാർ ബാദ്ധ്യസ്ഥരാണ്. അവരുടെ മേൽ അധികാരം നല്കപ്പെട്ടിരിക്കുന്നതു് തങ്ങളുടെ നന്മയ്ക്കു വേണ്ടിയല്ല അവരുടെ നന്മയ്ക്കുവേണ്ടിയാണ്. മക്കൾ യജമാനന്മാരും മാതാപിതാക്കന്മാർ ശുശ്രൂഷികളുമാണ്. അവർക്ക് മതപരവും സാന്മാർഗ്ഗികവും പൌരപരവും തൊഴിൽപരവുമായ വിദ്യാഭ്യാസവും പരിശീലനവും നല്കുന്നതിനു് മാതാപിതാക്കന്മാർ കടപ്പെടുന്നു.

ക്രിസ്തീയ വിവാഹത്തിൻെറ ഉദ്ദേശം തങ്ങളുടെ മക്കളെ ദൈവപുത്രന്മാരാക്കുകയാണ്. വിശുദ്ധരാക്കുന്നതിനു് ഏററം സഹായകരമായ ഘടകം ബുദ്ധിപൂർവ്വകമായ ക്രിസ്തീയ പരിശീലനമാണ്. സ്നാനപ്രതിഷ്ഠയോടുകൂടി മനുഷ്യാത്മാവിൽ നട്ടുപിടിപ്പിക്കുന്ന സ്നേഹവിപ്ലവം തഴച്ചു വളരേണ്ടതു് മാതൃകാപരമായ കുടുംബത്തിലാണ്. അതിസ്വാഭാവികക്രമം കെട്ടിപ്പടുക്കേണ്ടതു് സ്വാഭാവികക്രമത്തിന്മേലാണ്. ഈ അടിസ്ഥാനം കൂടാതെ പണിയുന്ന അതിസ്വാഭാവികക്രമം ശക്തമായിരിക്കുകയില്ല. സ്വാഭാവികസ്നേഹത്തെ ശുദ്ധീകരിച്ച്അതിന്മേൽ അതിസ്വാഭാവികസ്നേഹം കെട്ടിപ്പടുക്കുകയാണെങ്കിൽ അതു് ഉറപ്പുള്ളതായിരിക്കും. മാതൃകാപരമായ കുടുംബത്തിൽ സ്വാഭാവികസ്നേഹം കലപ്പില്ലാത്തതും നേർവഴിയിലൂടെ ചരിക്കുന്നതുമായിരിക്കും. മാതാപിതാക്കന്മാർ ആണ് അടുത്തു് നില്ക്കുന്നതു്. അവരുടെ സ്നേഹത്തിൽ കൂടിയാണ് ദൈവത്തിലേയ്ക്കു് തിരിയേണ്ടതു്? ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെ മേലും മഴപെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിലേയ്ക്കു് തിരിയുവാൻ പാപത്തെ വെറുക്കുന്ന മാതാപിതാക്കന്മാരുടെ നട്ടെല്ലുള്ള സ്നേഹത്തിൽ നിന്നുവേണം നട്ടെല്ലുള്ള ദൈവത്തിൻെറ പരിശുദ്ധിയിലേയ്ക്കു് കടക്കുവാൻ.

വിശ്വദേവതയുടെ ഭൌതിക മൂല്യങ്ങൾക്ക് പ്രാമാണ്യം നല്കുന്ന കുടുംബങ്ങളിൽ സ്നേഹവിപ്ലവം ശൈശവത്തിൽ തന്നെ കൂമ്പടയും. മഹത്തോദയം ഭൌതികമൂല്യങ്ങളെ പാടെ അവഗണിച്ചുകൊണ്ടു് മൂലം വിപ്പടുക്കുന്ന സ്നേഹവിപ്ലവത്തിനു് ജീവനുണ്ടാകുകയില്ല. ഭൌതി ന്നാൽ ല്യങ്ങളുടെ ബഹിളി ആത്മീയ ചൈതന്യം കൊണ്ടു് കാര്യക്ഷമം ഫലപ്രദമായും നിയന്ത്രിച്ച് സ്നേഹവിപ്ലവത്തിൻെറ വളച്ച

ശ്ശുള്ള ഉപകരണങ്ങളാക്കിത്തീക്കണം. ഉൽകൃഷ്ടവും വിശാലവും പ്രായോഗികവും അവരുടെ ചിന്താഗതിയിൽ ഒതുങ്ങുന്നതും യാഥാത്ഥ്യബോധ്യമുള്ളതും ആയ കാഴ്ചപ്പാടുകഠം തങ്ങളുടെ കുഞ്ഞുങ്ങഠംക്കു് അവതരിപ്പിക്കുന്ന മാതാപിതാക്കന്മാരാണു് സ്നേഹവിപ്ലവത്തിനു് അടിസ്ഥാനമിടുന്നതു്. അവരുടെ മാതൃക ഈ വിശാല വീക്ഷണത്തെ ഉറപ്പിക്കുന്നവയെങ്കിൽ അവ വളന്നുവരും. ഔദാര്യം ഔദാര്യത്തെ ജനിപ്പിക്കും. നിസ്വാത്ഥത നിസ്വാത്ഥതയെ ജനിപ്പിക്കും. മാതാപിതാക്കന്മാരുടെ പരസ്പരമുള്ള തുറന്ന പെരുമാററം കുഞ്ഞുങ്ങളിലും തുറന്ന മനസ്ഥിതി സൃഷ്ടിക്കും. ദൈവത്തെ ജീവിതത്തിൻെറ കേന്ദ്രവും സ്നേഹത്തിൻെറ മൂത്തീകരണവും, ആയി അവതരിപ്പിക്കുന്നതോടെ വിശുദ്ധിയുടെ അടിത്തറ പാകിക്കഴിഞ്ഞു.

## അദ്ധ്യായം 19

# പുഴ ചിത്രശലഭമായിത്തീരുന്നു

ക്രിസ്തുവിൻെറ സമകാലീനർ മനുഷ്യൻെറ വ്യക്തിപരമായ അമർത്ത്യതയിലല്ല സന്താനങ്ങളിൽ കൂടിയുള്ള അമർത്ത്യതയിലാണു് വിശ്വസിച്ചിരുന്നതു്. ലോകത്തിനു് ആരംഭവുമില്ല അവസാനവുമില്ല. ഒരു വൃത്തത്തിനു് ആരംഭവും അവസാനവുമില്ലാത്തതുപോലെ തന്നെ. ചരിത്രത്തിൻെറ ഗതി മുന്നോട്ടല്ല വൃത്തത്തിലാണു് (Cyclic theory of history). നദി ഉത്ഭവിച്ചിടത്തു തന്നെ വന്നവസാനിക്കും. ഇങ്ങനെ ലോകം അവസാനമില്ലാതെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും. ഓരോ വ്യക്തിയും മരണത്തോടുകൂടി അവസാനിക്കും. വ്യക്തിക്കു് ആരും ഒരു പ്രാധാന്യവും കല്പിച്ചിരുന്നില്ല. അയാഠം ജീവിക്കുന്നതു് സന്താനങ്ങളിൽ കൂടിയത്രേ. മനുഷ്യാത്മാവു് നിത്യമാണെന്നും അതു് ഓരോശരീരങ്ങളിൽ കൂടി കയറിയിറങ്ങി നടക്കുകയാണെന്നും കരുതുന്നവരുമുണ്ടു്. അവക്കും ആത്മാവു് ഈ ഭൂമിയ്ക്കുള്ളിലായി അവിടവിടയായി ചുററിപ്പററിനടക്കുകയാണു്. എത്രയായാലും ജീവിച്ചിരിക്കുമ്പോഠം ഉള്ളിടത്തോളം സുഖം ഒരിക്കലും ഉണ്ടാകുകയില്ല. തന്മൂലം ലോകജീവിതം സുഖപ്രദമാക്കുകയത്രേ സവ്വപ്രധാനമായ ന സുകൃതജീവിതത്തിൻെറ സമ്മാനമാണു് ഭൌമിക ഐശ്വ ങ്ങഠംക്കും തങ്ങളുടെ സന്താനങ്ങഠംക്കും ഭൌമിക ഐശ്വ ക്കുകയാണു് സുകൃതജീവിതത്തിൻെറ ലക്ഷ്യം. തന്മൂലം

ലെ അരിഷ്ടതകളും ദുഷ്ടൻെറ വിജയവും നീതിമാൻെറ പരാജയവും അവക്ക് തീരാപ്രശ്നമാണ്. ദൈവാസ്ഥിക്യം സ്വീകരിക്കുന്നതിനുള്ള തടസ്സം തെളിവിൻെറ അഭാവമല്ല. എല്ലാററിനും ആദികാരണവും നീതിയോടും അനുഗ്രഹത്തോടും കൂടി എല്ലാം പരിപാലിക്കുന്നവനുമായ ഒരാളെപ്പററിയുള്ള ബോധം (അവ്യക്തമായ ഈ സ്വാഭാവിക അനുമാനത്തെ അസ്ഥിത്വവാദികൾ അന്ധമായ ബോധം എന്നു വിളിക്കുന്നു) എല്ലാവക്കുമുണ്ട്. പരിപാലകനായ ദൈവവും സാർവ്വത്രികമായ അരിഷ്ടതകളും എങ്ങനെ പൊരുത്തപ്പെട്ടും? നീതിമാനായ ദൈവവും ദുഷ്ടൻെറ വിജയവും ശിഷ്ടൻെറ പരാജയവും എങ്ങനെ പൊരുത്തപ്പെട്ടുപോകും? അരിഷ്ടതകളുടേയും അനീതിയുടേയും സമ്മർദ്ദത്തിൽ അവയുടെയെല്ലാം പിന്നിൽ ദൈവത്തിനു് വല്ലപദ്ധതിയുമുണ്ടോ എന്നു് പരിശോധിക്കുന്നതിനുള്ള ക്ഷമ ഉണ്ടായി എന്നു വരികയില്ല.

## വ്യക്തിപരമായ അമർത്ത്യത

ഇസ്രായേലിൽ ചരിത്രത്തിൻെറ ഗതി മുന്നോട്ടാണ് (linear theory of history). നദി മലയിൽ ഉത്ഭവിച്ച് സമതലങ്ങളിൽ കൂടി ഒഴുകി സമുദ്രത്തിൽ പതിക്കുന്നു. സമയത്തിലുള്ള സൃഷ്ടിയിൽ അവർ വിശ്വസിക്കുന്നു. ഭൂമി നിത്യമല്ല. ശൂന്യാവസ്ഥയിൽ നിന്നും ദൈവം അവയെ കാലത്തിൽ സൃഷ്ടിച്ചു. മനുഷ്യൻെറ അമർത്ത്യതയെപ്പററി സമകാലീനന്മാരുടെ ആശയഗതികൾതന്നെയാണ് പ്രവാചകന്മാരുടെ കാലം വരെ അവക്കും ഉണ്ടായിരുന്നതു്. പ്രവാചകരെ തുടർന്നും സദ്ദുക്കായർ തുടങ്ങി സമുദായത്തിൻെറ ഗണ്യമായ ഒരുഭാഗം വ്യക്തിപരമായ അമർത്ത്യതയിൽ വിശ്വസിച്ചിരുന്നില്ല. നിയമങ്ങളുടെ അനുഷ്ഠാനം വഴി യഹോവാ ഇസ്രായേലിനെ നിത്യമായി അനുഗ്രഹിക്കുകയും ലോകത്തിൻെറ അതിർത്തികൾ വരെ എത്തുന്ന ദൈവരാജ്യം സ്ഥാപിക്കുകയും ചെയ്യും. പ്രവാചകന്മാരുടെ പ്രവൎത്തനം വഴിയായി വ്യക്തിപരമായ അമർത്ത്യതയിലുള്ള വിശ്വാസം ഇസ്രായേലിൽ പ്രചരിച്ചു. ലാസർ ഉയർക്കും എന്നു് ക്രിസ്തു പറഞ്ഞപ്പോൾ ''അവസാനനാളുകളിൽ അയാൾ ഉയർക്കും'' എന്നു് പ്രത്യുത്തരിച്ചുകൊണ്ടു് അയാളുടെ സഹോദരി മാർത്താ യൂദന്മാരുടെ പരമ്പരാഗതമായ വിശ്വാസത്തെ അനുസ്മരിക്കുകമാത്രമാണ് ചെയ്തതു്.

## മരിച്ചവരുടെ ഉയിപ്പു്

ക്രിസ്തു മരിച്ചവരുടെ ഉയിപ്പിനെപ്പററി ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ടു്. അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും യാക്കോവിൻെറയും ദൈവം മരിച്ചവരുടെ ദൈവമല്ല ജീവിക്കുന്നവരുടെ ദൈവമാണ്. ഈ പിതൃപ്പിതാക്കന്മാക്കു് സന്തതികളിൽ കൂടിയുള്ള അമർത്ത്യത മാത്രമല്ല വ്യക്തിപരമായ അമർത്ത്യത കൂടിയുണ്ടെന്നാണ്

അവിടുന്നു് സമർത്ഥിക്കുന്നതു്. ഇവിടെ ശരീരത്തിൽനിന്നു് വേർതിരിച്ചു് ആത്മാവിനുമാത്രമുള്ള അമർത്ത്യതയെപ്പററി അവിടുന്നു് സൂചിപ്പിക്കുവാൻ വഴിയില്ല. ശരീരത്തിൽനിന്നു തിരിഞ്ഞുള്ള ആത്മാവിന്റെസ്വതന്ത്രമായ ആസ്ഥിക്യം അവിടുത്തെ ശ്രോതാക്കൾക്കു് സുപരിചിതമായിരുന്നില്ല എന്നുള്ളതുകൊണ്ടുതന്നെ. ശരീരത്തിന്റെ ഉയിപ്പു വഴിയുള്ള അമർത്ത്യതയാണു് അവിടുന്നു് സൂചിപ്പിക്കുന്നതു്. അതേസമയം അവിടുന്നുയപ്പിച്ച ലാസറിന്റേതുപോലുള്ള ഉയപ്പല്ല ഇതു്. ഉയത്തെഴുന്നേററ ലാസർ വീണ്ടും മരിക്കും. ലാസർ ഭക്ഷിക്കുകയും കുടിക്കുകയും വിവാഹം കഴിക്കുകയും ചെയ്യും. അയാളിൽ യാതൊരു രൂപാന്തരീകരണവും സംഭവിച്ചിട്ടില്ല. അവസാനനാളുകളിലുള്ള പൊതു ഉയപ്പിൽ മനുഷ്യൻ മുഴുവനായും രൂപാന്തരപ്പെടും. അവർ തിന്നുകയോ കുടിക്കുകയോ വിവാഹംകഴിക്കുകയോ ചെയ്യുകയില്ല—ഏഴു പുരുഷന്മാരുടെ ഭാര്യ ഉയപ്പിൽ ആരുടെ ഭാര്യയായിരിക്കും എന്ന ചോദ്യത്തിനു് അവിടെ വിവാഹമോ ഭാര്യയോ ഭർത്താവോ ഇല്ലെന്നും ദൈവദൂതന്മാരെപ്പോലെ ആയിരിക്കുമെന്നുമാണു് അവിടുന്നു് പ്രത്യുത്തരിച്ചതു്.

## രൂപാന്തരപ്പെട്ട ശരീരം

സ്നേഹലബോറട്ടറിയുടെ പ്രവർത്തനത്തിനു് ആദ്യം വിധേയനായ ക്രിസ്തുവിൽ ആണു് ഈ രൂപാന്തരീകരണം ആദ്യമായി സംഭവിച്ചതു്. ഉയത്തെഴുന്നേററ ക്രിസ്തു മുഴുവനായും രൂപാന്തരപ്പെട്ടിരുന്നു. സുവിശേഷത്തിൽ അപ്പസ്തോലന്മാർ തുടങ്ങി പലക്കും അവിടന്നു് പ്രത്യക്ഷപ്പെട്ടതായി വിവരിക്കുന്നുണ്ടു്. ഒരിക്കൽപോലും ആദ്യക്ഷണത്തിൽ അങ്ങേ തിരിച്ചറിയുവാൻ സാധിച്ചില്ല. സ്വരംകൊണ്ടും സുപരിചിതമായ മുൻസംഭവങ്ങളുമായുള്ള ബന്ധംകൊണ്ടുംമററുമാണു് സാവധാനത്തിൽ അവക്കു് അങ്ങേ തിരിച്ചറിയുവാൻ കഴിഞ്ഞതു്. സുശക്തവും കാര്യക്ഷമവുമായ റോമൻപട്ടാളത്തിന്റെ കാവലിൽ ഇരുന്ന കല്ലറ ഒഴിവായതോടെ അവിടുത്തെ ഉയിപ്പു് ശത്രുക്കൾക്കു് ബോധ്യമായി. കുറെ കാശുകൊടുത്തു് ഉയപ്പു നിഷേധിക്കുവാൻ പടയാളികളെ പ്രേരിപ്പിച്ചതല്ലാതെ സംഭവത്തെ മറയ്ക്കുന്നതിനും ഒതുക്കുന്നതിനും കാര്യമായ ശ്രമമൊന്നും നടത്തിയില്ല. അന്തിമ ഉയപ്പിൽ വിശ്വസിച്ചിരുന്ന പ്രീശർ ഈ സംഭവത്തെ തങ്ങളുടെ വാദത്തിന്റെ വിജയമായി കരുതി ഇതിനകം അധികാരികളിൽനിന്നു് അകന്നിരുന്നു. അപ്പസ്തോലന്മാർ അധികാരികളുടെ മൂക്കിനുകീഴേ പരസ്യമായി പ്രവത്തിക്കുന്നതുകണ്ടിട്ടും ആരുമാരും അനങ്ങിയില്ല. ഒഴിഞ്ഞ കവറിടത്തിനുമുമ്പിൽ ഏതു ശ്രമവും നിഷ്ഫലമത്രേ.

അപ്പസ്തോലന്മാക്കും ഒഴിഞ്ഞ കവറിടമാണു് ഉയപ്പിന്റെ അന്തിമസാക്ഷ്യം. ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം ഉയപ്പിൽ വിശ്വസി

കുന്നതിനു് സഹായകരമെങ്കിലും മൊത്തത്തിൽ ഒരു പ്രശ്നമായി ട്ടാണു് അവശേഷിച്ചതു്. മുമ്പേപ്പോലെ അവിടുന്നു് അവരുടെകൂടെ സ്ഥിരവാസമുറപ്പിച്ചിരുന്നില്ല. പ്രത്യക്ഷപ്പെടുന്ന ഓരോ അവസര ത്തിലും സാവധാനത്തിലും പടിപടിയായിട്ടുമത്രേ അതു് തങ്ങളുടെ ഗുരുവാണെന്നു് ബോദ്ധ്യപ്പെട്ടുക. ഓരോ ദശനത്തിലും ഭൂതമാണോയെ ന്നു് പലരും ഭയപ്പെട്ടിരുന്നു. അവരുടെ ഭയം നീക്കുന്നതിനാണു് തൻെറ കൈകാലുകൾ സ്പശിക്കുന്നതിനായി അവക്കു കൊടുക്കുകയും അവരോടു കൂടി ഭക്ഷിക്കുകയും ചെയ്തതു്. രൂപാന്തരപ്പെട്ട ആളിനു് വിശപ്പോ ദാഹമോ ഭക്ഷിക്കുന്നതിനുള്ള എന്തെങ്കിലും ആവശ്യമോ ഇല്ല. ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനു് ഇവയെല്ലാം ചെയ്തു എന്നുമാത്രം. രൂപാന്തരപ്പെട്ട മനുഷ്യനെ പൂണ്ണമായും ഗ്രഹിക്കുന്ന തിനു് രൂപാന്തരപ്പെട്ട ആളിനുമാത്രമേ സാധിക്കുകയുള്ളു. അപ്പസ്തോ ലന്മാക്കു് തൻെറ രൂപാന്തരീകരണം ഭാഗികമായിട്ടുമാത്രമേ പ്രകടി പ്പിക്കുകയുണ്ടായുള്ളു. അതു് അവരുടെ കഴിവുകൾക്കു് അതീതമായതു കൊണ്ടുതന്നെ. ശക്തിയായ പ്രകാശം മനുഷ്യൻെറ കണ്ണിനെ ക്ഷത പ്പെടുത്തിയെന്നുവരും. കുരിശുമരണത്തിനു് ഏതാനും ആഴ്ചകൾക്കു മുമ്പു് താബോർമലയിൽവച്ചു് പത്രോസു് യാക്കോവു് യോഹന്നാൻ എന്നിവരുടെ മുമ്പിൽ അവിടുന്നു മറുരൂപനായി. അവിടുത്തെ ശരീര ത്തിൽനിന്നു് പുറപ്പെട്ട പ്രകാശം സമീപപ്രദേശങ്ങളെ മുഴുവൻ നി റച്ചു. പത്രോസു് മതിമറന്നു് കത്താവെ! നമുക്കു് ഇവിടെ ഇരിക്കാം എന്നു് നിലവിളിക്കുകയായി. ഇതു് തൻെറ ഭാവി രൂപാന്തരീകരണ ത്തിൻേറയും മഹത്വീകരണത്തിൻേറയും ഒരു മുൻസൂചനയത്രെ. ത ൻെറ ഉയപ്പുവരെ ഇതു് വെളിപ്പെടുത്തരുതെന്നു് ക്രിസ്തു അവരെ വി ലക്കി.

## പീഡാനുഭവങ്ങൾ മഹത്വത്തിലേയ്ക്കുള്ള ചവിട്ടുപടി

ക്രിസ്തു തൻെറ മഹത്വീകരണത്തിൽ എത്തിച്ചേന്നതു് തൻെറ പീഡാനുഭവങ്ങൾവഴിയത്രെ. അവിടുന്നു് ഉയത്തെഴുന്നേററ ദിവസം തന്നെ തൻെറ രണ്ടു ശിഷ്യന്മാർ അവരുടെ ആശകളെല്ലാം തകന്നു് ജന്മദേശമായ എമ്മാവൂസിലേയ്ക്കു് പോവുകയായിരുന്നു. ക്രിസ്തുവും ഒരു അപരിചിതനെന്നവണ്ണം അവരോടുകൂടി യാത്രചെയ്തു തുടങ്ങി. തങ്ങളുടെ ഇച്ഛാഭംഗത്തെപ്പററി പറഞ്ഞു വിലപിച്ചിരുന്ന ഈ വഴി പോക്കരോടു് തിരുവെഴുത്തുകളിൽനിന്നു് ഉദ്ധരിച്ചുകൊണ്ടു് ക്രിസ്തു ത ൻെറ പീഡാനുഭവങ്ങൾ വഴി മഹത്വത്തിൽ പ്രവേശിക്കേണ്ടതാണെ ന്നു് സമത്ഥിക്കുകയായി. ഭൂമിയിൽ കൂടി ഇഴഞ്ഞുനടക്കുന്ന പുഴ ക്കൾ രൂപാന്തരപ്പെട്ടു് ചിത്രശലഭമായി തീരുന്നതു് മരണത്തിനു തുല്യ മായ ഒരു നിദ്രാഘട്ടത്തിൽ കൂടിയാണു്. ഈ പുഴക്കൾ അവരുടെ ജീവി തത്തിൽ ഒരു നിശ്ചിത കാലഘട്ടം വരുമ്പോഴെല്ലാം ശവക്കല്ലറ പോ ലെ ഒരു കൂടുണ്ടാക്കി അതിൽ നിശ്ചലമായി ഏതാനും നാൾ കഴിച്ചു കൂട്ടും. ഈ കാലഘട്ടത്തിൽ അതിൻെറ ശരീരം ആകൃതിയിലും പ്രകൃ

തിയിലും മാററത്തിന്ന വിധേയമായി ഒരു ചിത്രശലഭമായി പുറത്തു വരും. ആ പുഴുവിനെ ദീർഘകാലം കണ്ടു പരിചയിച്ചിട്ടുള്ളവർ പോലും ഇപ്പോഠം അതിനെ കണ്ടാൽ തിരിച്ചറിയുകയില്ല. തങ്ങ ഠംക്കു് പരിചയമുള്ള പുഴുവാണോയെന്നു് മനസ്സിലാക്കുന്നതു് അതു് നിദ്രാവസ്ഥയിൽ കഴിച്ചുകൂട്ടിയ കൂടു് ഏതാണെന്നു് തിട്ടപ്പെടുത്തി ക്കൊണ്ടാണു്. മരണതുല്യമായ നിദ്രാഘട്ടത്തിൽ കൂടിമാത്രം പുഴ ചിത്രശലഭമായിത്തീരുന്നതുപോലെ ക്രിസ്തുവും മരണമാകുന്ന നിദ്രാ ഘട്ടത്തിൽ (Pupa stage) കൂടിയാണു് മഹത്വീകരിക്കപ്പെട്ടതു്. ''വിതയ്ക്കുന്ന വിത്തു് അഴിയുന്നില്ലെങ്കിൽ ജീവിക്കുന്നില്ല.'' (1. Cor. 15: 36) ''ക്ഷയത്തിൽ വിതയ്ക്കപ്പെടുന്നു. ക്ഷയമില്ലാത്തവ നായി ഉയക്കുന്നു. അവമാനത്തിൽ വിതയ്ക്കപ്പെടുന്നു. മഹത്വത്തിൽ ഉയക്കുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു. ശക്തിയിൽ ഉയക്കു ന്നു. മൃഗീയ ശരീരം വിതയ്ക്കപ്പെടുന്നു. ആത്മീയ ശരീരം ഉയക്കുന്നു. എന്തുകൊണ്ടെന്നാൽ മൃഗീയ ശരീരവുമുണ്ടു് ആത്മീയശരീരവുമുണ്ടു്.'' (1. Cor. 15: 42-44)

ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം തൻെറ പീഡാനുഭവ ങ്ങഠം അങ്ങേ മഹത്വീകരണത്തിലേയ്ക്കുള്ള ഒരു ചവിട്ടുപടിമാത്രമാ യിരുന്നു. എല്ലാമനുഷ്യരെ സംബന്ധിച്ചും അരിഷ്ടതകളുടെ പിന്നി ലുള്ള ദൈവത്തിൻെറ പദ്ധതി ഇതുതന്നെ. ''നാം ഈ ജീവിതത്തിൽ മാത്രമാണു് ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നതെങ്കിൽ മററു സകല മനുഷ്യരേയുംകാഠം നാം ദുർഭഗരാകുന്നു. എന്നാൽ ക്രിസ്തു മരിച്ചവ രുടെ ഇടയിൽ നിന്നുയത്തു് നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായി തീൎന്നിരിക്കുന്നു. മനുഷ്യൻമൂലം മരണമുണ്ടായതെങ്ങിനെയോ അങ്ങി നെതന്നെ മനുഷ്യൻ മൂലം മരിച്ചവരുടെ ഉയപ്പും ഉണ്ടാകുന്നു. ആദം മൂലം സകലമനുഷ്യരും മരിക്കുന്നതു എങ്ങിനെയോ അങ്ങിനെതന്നെ ക്രിസ്തുമൂലം എല്ലാമനുഷ്യരും ജീവിക്കുന്നു. ഓരോരുത്തനും അവൻെറ ക്രമം അനുസരിച്ചു്: ആദ്യഫലം ക്രിസ്തു ആയിരുന്നു. അതിനുശേഷം ക്രിസ്തുവിൻെറ വരവിൽ അവനുള്ളവർ.'' (1. Cor 15: 19-23)

## സാർവ്വത്രീകമായ ഉയപ്പിൻെറ അച്ചാരം

ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നുയത്തു് നിദ്രപ്രാപിച്ചവ രുടെ ആദ്യഫലമായിത്തീൎന്നിരിക്കുന്നു എന്നാണു് പൌലോസ് സമ ത്ഥിക്കുന്നതു്. ക്രിസ്തുവിൻെറ ഉയപ്പു് മററുമനുഷ്യരുടെ ഉയപ്പിൻെറ അച്ചാരമാണു്. മൌതികശരീരത്തിൻെറ ശിരസ്സു് ഉയത്തുവെങ്കിൽ അവയവങ്ങളും കാലത്തിൻെറ തികവിൽ ഉയത്തേ മതിയാവൂ. ക്രിസ്തു വിലുള്ള പ്രത്യാശ ഈ ജീവിതത്തിലല്ല രൂപാന്തരപ്പെട്ട ജീവിതത്തി ലത്രെ. ദൈവം ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നതു് ഇഴഞ്ഞു നടക്കുന്ന പുഴ ക്കഠംക്കു വേണ്ടിയല്ല പറന്നുനടക്കുന്ന ചിത്രശലഭങ്ങഠംക്കുവേണ്ടിയ ത്രേ. ആദ്യത്തെ ചിത്രശലഭം ക്രിസ്തുവാണു്. മറെറല്ലാ മനുഷ്യരും

അവരവരുടെ നിദ്രാഘട്ടത്തിൽ കൂടികടന്നു് ചിത്രശലഭമായിത്തീരുന്നതിനു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. മനുഷ്യർ മാത്രമല്ല സകല സൃഷ്ടിജാലങ്ങളും നിദ്രാഘട്ടത്തിൽ കൂടികടന്നു് രൂപാന്തരീകരണത്തിൽ എത്തിച്ചേരണം.

ഈ രൂപാന്തരീകരണം എപ്പോഴാണ് സംഭവിക്കും? എപ്പോഴെന്നോ എങ്ങനെയെന്നോ നമുക്കറിഞ്ഞുകൂടാ. പ്രകൃതിയിലെ പരിവർത്തനങ്ങളുടെ ഫലമായിട്ടല്ല അവ സംഭവിക്കുന്നതും. പ്രകൃതിശാസ്ത്രം ഇങ്ങനെ ഒരു രൂപാന്തരീകരണം ആവശ്യപ്പെടുന്നുമില്ല. അതേസമയം ദൈവം പ്രകൃത്യാതീതമായി ഇടപെട്ടു് മരിച്ചവർ ഉയിർക്കുന്നതിനോ ശരീരം രൂപാന്തരപ്പെടുന്നതിനോ പ്രകൃതിശാസ്ത്രം എതിരുമല്ല. ചരിത്രപരമായആവിഷ്ക്കരണംകൊണ്ടു മാത്രമേ നാം അതു് മനസ്സിലാക്കുകയുള്ളു. ലോകാവസാനത്തെയും മനുഷ്യപുത്രന്റെ വരവിനെയും പററി ക്രിസ്തു അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നുണ്ടു്. അതെപ്പോഴായിരിക്കുമെന്നു് പറയുവാൻ അവിടുന്നു് വിസമ്മതിക്കുകയാണുണ്ടായതു്. മരിച്ചവരുടെ സാർവ്വത്രീകമായ ഉയിർപ്പു് ചരിത്രകാലത്തല്ല നടക്കുന്നതു്. ചരിത്രകാലത്തു് രൂപാന്തരീകരണത്തോടു കൂടിയുള്ള ഉയിർപ്പു് ക്രിസ്തുവിലും, തന്റെ മരണസമയത്തു് ഉയർത്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന വിശുദ്ധന്മാരിലും മാത്രമേ സംഭവിച്ചിട്ടുള്ളു. ചരിത്രകാലത്തു് ഇപ്രകാരമുള്ള ഉയിർപ്പു് ഓരോ കേസിലും തെളിയിക്കുന്നതിനുള്ള ഭാരം അതു് അവതരിപ്പിക്കുന്ന ആളിനുണ്ടു്.

ലോകായതികർ ലോകാവസാനം വെറും കെട്ടുകഥയായിട്ടാണു് കരുതുന്നതു്. അവർക്കു് ലോകത്തിൽ ആരംഭവുമില്ല അവസാനവുമില്ല. ലോകത്തിനു് അവസാനമുണ്ടെന്നു് ആദ്യം വാദിച്ചതു് സ്റ്റോയിക്കു മതക്കാരാണു്. പ്രകൃതിയിലെ പരിവർത്തന ഫലമായി എല്ലാവസ്തുക്കളും ഒരു അന്തിമ അഗ്നിപ്രളയം വഴി മൂലധാതുവിൽ എത്തിച്ചേരുമെന്നാണു് അവരുടെ വിശ്വാസം. പ്രകൃതിയ്ക്കതീതമായ ഒരു ശക്തിയുടെ ഇടപെടൽ കൂടാതെ വസ്തുക്കൾ ശൂന്യാവസ്ഥയിൽ എത്തിച്ചേരുമെന്നോ രൂപാന്തരപ്പെടുമെന്നോ ഉള്ള വാദം പ്രകൃതിശാസ്ത്രത്തിനെതിരാണു്. അതേസമയം പ്രകൃത്യാതീത ശക്തി ഇടപെട്ടിട്ടുള്ള നാശവും രൂപാന്തരീകരണവുമെല്ലാം പ്രകൃതിശാസ്ത്രത്തിന്റെ പരിധിയ്ക്കപ്പുറമാണു്. അതേപ്പററി പ്രകൃതിശാസ്ത്രം വിധി പറയേണ്ട കാര്യവുമില്ല. ക്രിസ്തു അവതരിപ്പിക്കുന്ന ലോകാവസാനം ധാർമ്മികലക്ഷ്യപ്രാപ്തിക്കുവേണ്ടി ദൈവത്തിന്റെ പ്രകൃത്യാതീത ഇടപെടലിന്റെ ഫലമാണു്. ചരിത്രത്തിന്റെ അവസാനത്തിൽ ലോകം ശൂന്യാവസ്ഥയിൽ എത്തുകയല്ല രൂപാന്തരപ്പെടുകയാണു്. ദൈവത്തിന്റെ ഈ ഇടപെടൽ ലോകത്തെ സംസ്കരിക്കുന്നതിനും രൂപം കൊടുക്കുന്നതിനുമുള്ള മനുഷ്യന്റെ യത്നങ്ങളുടെ അവസാനത്തെ കണ്ണിയാണു്. ക്രിസ്തുവും തന്റെ കൂട്ടുനടന്മാരും ചേർന്നുള്ള അഖിലലോകനാടകത്തിന്റെ അവ

സാനത്തെ സീൻ ആണ് ഈ ഇടപെടൽ. ഓർശ്ലേം പട്ടണത്തിന്റെ നാശവുമായി കൂട്ടിക്കലർത്തിയാണ് ഈ സംഭവം ക്രിസ്തു വിവരിക്കുന്നത്. ഒന്ന് മറ്റൊന്നിന്റെ മുൻസൂചനയും സാദൃശ്യവുമാണ്. പഴയ ദൈവരാജ്യത്തിന്റെ നാശവും (ഇസ്രായേൽ) ലോകത്തിന്റെ നാശവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.

## പുതിയ ആകാശവും പുതിയ ഭൂമിയും

രൂപാന്തരപ്പെട്ടുണ്ടാകുന്ന ദൈവരാജ്യം പുതിയ ആകാശവും പുതിയ ഭൂമിയും എന്ന് വിളിക്കപ്പെടുന്നു. പുതിയ ആകാശം രൂപാന്തരപ്പെട്ട ആത്മാവിനെ സൂചിപ്പിക്കുന്നു. സ്നേഹലബ്ധോററ്ററിയുടെ പ്രവൎത്തനം വഴിയായി മനുഷ്യാത്മാവിന് ദൈവകലീനത്വം ലഭിക്കുകയും അതു് ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെ മേലും സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വൎഗ്ഗസ്ഥനായ പിതാവിനെപോലെ ആയിത്തീരുകയും ചെയ്യുന്നു. പഴയ ഭൂമി അഥവാ മനുഷ്യശരീരം മരണത്തിനുമുമ്പ് എപ്പോഴും സ്വാൎത്ഥകേന്ദ്രീതമത്രേ. ശത്രുവിന്റെ ചാരനായി വൎത്തിച്ചുകൊണ്ട് മനുഷ്യാത്മാവിനെ എപ്പോഴും ലോകവസ്തുക്കളിലേയ്ക്കു് ആകർഷിക്കുകയാണ് ചെയ്യുന്നതു്. സ്വയനിഗ്രഹം വഴിയായി മനുഷ്യൻ സ്നേഹവിപ്ലവത്തെ സ്വതേ സ്വാൎത്ഥകേന്ദ്രീതമായശരീരത്തിലേയ്ക്കും വ്യാപിപ്പിക്കുന്നു. ആത്മാവിന്റെ വരപ്രസാദ ജീവൻ ശരീരത്തിന്മേലും പ്രതിഫലിക്കുന്നു. പ. കർബാനയുടെ സ്വീകരണം അമർത്യതയുടെ ബീജം ആത്മാവിൽ നിക്ഷേപിക്കുന്നു. ഈ ആത്മാവുമായുള്ള സമ്പക്കത്തിൽക്കൂടി ദൈവത്തിന്റെ ഇടപെടൽ വഴി അമർത്യത ലഭിക്കുന്നതിനും രൂപാന്തരപ്പെടുന്നതിനും വിശ്വാസി സ്വയം സജ്ജീകരിക്കുന്നു. ഇങ്ങനെ രൂപാന്തരം പ്രാപിച്ച ശരീരം പുതിയ ഭൂമി എന്നു വിളിക്കപ്പെടുന്നു. രൂപാന്തരപ്പെട്ട ശരീരം പുഴുവിന്റെ പ്രവൎത്തന രംഗത്തേയ്ക്കല്ല ആത്മാവിന്റെ പ്രവൎത്തന രംഗങ്ങളിലേയ്ക്കാണ് തിരിയുന്നതു്. തിന്നുന്നതിനും കുടിക്കുന്നതിനും അല്ല ആത്മാവിന്റെ സ്നേഹത്തെ ത്വരിപ്പിക്കുന്നതിലാണ് അതിന്റെ യത്നം. ക്രിസ്തു അപ്പസ്തോലന്മാരോടുകൂടി ഭക്ഷിക്കുകയും മററും ചെയ്തതു് തന്റെ ഉയിൎപ്പിനെ ഉറപ്പിക്കുന്നതിനുമാത്രം. 40 ദിവസത്തേയ്ക്കു് പുതിയ ചിത്രശലഭം പുഴുവിന്റെ പ്രവൎത്തനരംഗം അപൂൎവ്വമായി സന്ദൎശിച്ചിരുന്നതു് അപ്പസ്തോലന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനു വേണ്ടിയത്രെ.

ഉയൎത്തെഴുന്നേററ ക്രിസ്തുവിന്റെ ശരീരം മനുഷ്യരുടെ മാത്രമല്ല ദൃശ്യമായ വിശ്വം മുഴുവന്റെയും ആദിജാതനാണ്. അവിടുത്തെ ശരീരത്തിൽ നിന്നുള്ള പ്രകാശം ഒരിക്കൽ താബോർ മലയേയും പരിസരങ്ങളെയും പ്രകാശിപ്പിച്ചതുപോലെ ദൃശ്യമായ വിശ്വം മുഴുവനെയും നിറയ്ക്കും. ഉയിൎപ്പിന്റെ അവസരത്തിൽ തന്റെ അപ്പസ്തോലന്മാൎക്കു് ഉയിൎപ്പിനു് സാക്ഷ്യം വഹിക്കുവാൻ ആവശ്യമായ അളവിൽ മാത്രമേ

തൻെറ മഹത്വം പ്രകടിപ്പിക്കുകയുണ്ടായുള്ളു. ചുരുങ്ങിയ തോതിലെങ്കിലും പുതിയ ആകാശവും പുതിയ ഭൂമിയും അതോടെ ആരംഭിച്ചു. അതു് കാലത്തിൻെറ അവസാനത്തോടെ പൂൎത്തിയാകുകയും ലോകം മുഴുവനിലേയ്ക്കും വ്യാപിക്കുകയും മാത്രമേ ചെയ്യേണ്ടതുള്ളു. ക്രിസ്തുവിൻെറ ശരീരം മാത്രമല്ല എല്ലാമനുഷ്യരുടേയും ശരീരം അവരുടെ മഹത്വത്തിൻെറ തോതനുസരിച്ചു് പ്രകാശിക്കുകയായി. മനുഷ്യശരീരങ്ങൾ മാത്രവുമല്ല ദൃശ്യമായ പ്രപഞ്ചം മുഴുവനും ഈ മഹത്വീകരണത്തിൽ പങ്കുകൊള്ളും.

ഭൌതിക വസ്തുക്കളെല്ലാം അന്തിമമായി സൂര്യപ്രകാശമാണെന്നാണു് ആധുനികശാസ്ത്രത്തിൻെറ നിഗമനം. വസ്തുക്കളെല്ലാം സൂര്യപ്രകാശത്തിൻെറ വകഭേദമാണുപോലും (bottled light)! കുപ്പിയിൽ അടച്ചിരിക്കുന്ന വെളിച്ചം രൂപാന്തരപ്പെട്ട വെളിച്ചമായി പുറത്തുവരുവാൻ അതിൻെറ അടപ്പു് തുറന്നുവിട്ടാൽ മതി. രൂപാന്തരപ്പെട്ട വെളിച്ചം കുസൃതികൾ തുറന്നു വിട്ടാൽ ഹിരോഷിമാ സാഗസഖി എന്നീ പട്ടണങ്ങൾക്കുണ്ടായ അനുഭവമായിരിക്കും ഉണ്ടാവുക. ദൈവം ഇടപെട്ടു് പ്രകാശത്തെ രൂപാന്തരപ്പെടുത്തി പുറത്തേയ്ക്കയച്ചാൽ അതു് പുതിയ ഭൂമിയായി പകരും.

പ്രകാശം മററു വസ്തുക്കളെപ്പോലെ സ്വാത്മകേന്ദ്രിതമല്ല. അതിൻെറ ഗതി തന്നിലേയ്ക്കല്ല പുറത്തേയ്ക്കാണു് (ad aliud): സ്വയം കൊടുക്കുകയാണു് അതിൻെറ പ്രകൃതി. അതു് മററുവസ്തുക്കളെ പ്രകാശിപ്പിക്കുന്നു. മനുഷ്യശരീരം പുറത്തേയ്ക്കൊഴുകുന്ന പ്രകാശമായോ പ്രകാശപൂൎണ്ണമായ വസ്തുവായോ പരിണമിക്കുമ്പോൾ അതു് സ്വയം കൊടുത്തു് ഭാഗ്യമനുഭവിക്കുന്ന ആത്മാവിനെ വഹിക്കുന്നതിനും അതിൻെറ പ്രവൎത്തനങ്ങളെ ത്വരിപ്പിക്കുന്നതിനും പര്യാപ്തമായിത്തീരുന്നു. ശരീരം ആത്മാവിനെ പൂൎണ്ണതപ്പെടുത്തുന്നതിനാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. പുഴുവിനെപ്പോലെ പ്രവൎത്തിച്ചുകൊണ്ടല്ല ചിത്രശലഭത്തെപ്പോലെ പ്രവൎത്തിച്ചുകൊണ്ടാണു് അതിനെ പൂൎണ്ണതപ്പെടുത്തുന്നതു്. പുഴു ഭൂമിയിലേയ്ക്കു് ആത്മാവിനെ വലിച്ചിഴച്ചു കൊണ്ടുപോകുമ്പോൾ ചിത്രശലഭം സ്വൎഗ്ഗത്തിലേയ്ക്കു് അതിനെ അടുപ്പിക്കുന്നു.

## സജ്ജീകരണ ഘട്ടം

ക്രിസ്തുവിൻെറ ഉയൎപ്പിൻേറയും അന്തിമ മഹത്വീകരണത്തിൻേറയും ഇടയ്ക്കുള്ളകാലം സജ്ജീകരണത്തിൻെറ കാലമത്രേ. മനുഷ്യൻ തൻെറ ആത്മാവിനെയും ശരീരത്തെയും ലോകം മുഴുവനെയും ഈ രൂപാന്തരീകരണത്തിനായി സജ്ജീകരിക്കണം. സ്നേഹലബ്ധോററി വഴിയുള്ള ആത്മാവിൻെറ സജ്ജീകരണത്തെപ്പററി മുൻ അദ്ധ്യായങ്ങളിൽ നാം കണ്ടു കഴിഞ്ഞു. ശരീരത്തെയും വിശ്വം മുഴുവത്തെയും സ

ജ്ജീകരിക്കുന്നതു് 1, അവയുടെ സ്വാഭാവിക പൂണ്ണവികസനത്തിൽ എത്തിച്ചു കൊണ്ടും, 2, സ്നേഹവിപ്ലവം അവയിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ടും, 3, ത്യാഗം വഴിയായി സ്നേഹവിപ്ലവത്തെ ത്വരിപ്പിച്ചു് ചിത്രശലഭമാക്കുന്നതിനു മുമ്പുള്ള നിദ്രാഘട്ടത്തിൽ അഥവാ മരണത്തിൽ അവയെ എത്തിച്ചുകൊണ്ടും ആണു്.

## ലോകത്തെ സംസ്കരിക്കുന്നു

ലോകത്തിലുള്ള മററു വസ്തുക്കളെല്ലാം ലക്ഷ്യപ്രാപ്തിയ്ക്കുള്ള മാർഗ്ഗങ്ങളാണു്. തന്മൂലം ഭൌമിക പുരോഗതിയിൽ മനുഷ്യൻ നിഷ്പക്ഷത പാലിച്ചുകൂടാ. ഒന്നാമതായി ദൈവരാജ്യവും അവിടുത്തേ നീതിയും അന്വേഷിക്കണം എന്നുമാത്രമേയുള്ളു. അപ്പോഠം സകലവും നല്കപ്പെടും. ഭൌതിക പുരോഗതി ദൈവരാജ്യത്തിനു് മാർഗ്ഗമായിട്ടുമാത്രമേ ഉദ്ദേശിക്കാവൂ. ലോകായതികരെപ്പോലെ ലോകത്തെ തന്നിൽതന്നെ ഒരു ലക്ഷ്യമായി പ്രതിഷ്ഠിച്ചുകൂടാ. വസ്തുക്കളുടെ വിരക്തമായ ഉപയോഗമാണു് ക്രിസ്തു നിർദ്ദേശിക്കുന്നതു്. ഈ വിരക്തി ബുദ്ധമതക്കാരുടേതുപോലുള്ള വിരക്തിയല്ല. അവർ ഭൌതിക വസ്തുക്കളെ മുക്തിക്കു് തടസ്സമായിക്കരുതുന്നു. എന്നാൽ ഭൌതിക വസ്തുക്കളെ ഉപയോഗിക്കാതെ ദൈവത്തെ ശുശ്രൂഷിക്കുക സാധ്യമല്ല. മനുഷ്യൻെറ തലച്ചോറും പഞ്ചേന്ദ്രിയങ്ങളും വികസിക്കാതെ മനുഷ്യനു് ദൈവത്തെ അറിയുന്നതിനോ സ്നേഹിക്കുന്നതിനോ സാധിക്കുകയില്ല. പഞ്ചേന്ദ്രിയങ്ങളും തലച്ചോറും വികസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനു് ഭക്ഷിക്കുകയും ലോകവസ്തുക്കളെ ഉപയോഗിക്കുകയും ചെയ്യണം. മുളകുകൊടി നിലത്തുകൂടി പടരുന്ന പക്ഷം ഫലം പുറപ്പെടുവിക്കുകയില്ല. അതു് മുകളിലേയ്ക്കു കയറി ഫലം പുറപ്പെടുവിക്കുന്നതിനാണു് മുരിക്കു് നട്ടുപിടിപ്പിക്കുന്നതു്. കുരുമുളകു് ആഗ്രഹിക്കുന്നവൻ മുരിക്കിൻെറ വളർച്ചയിൽ നിഷ്പക്ഷത ഭാവിച്ചുകൂടാ. മുരിക്കും കൊടിയും ഒരുപോലെ വളരണം. മുരിക്കിൻെറ വളർച്ച കൊടിയുടെ വളർച്ചയ്ക്കു് തടസ്സമാകരുതെന്നു് മാത്രമേയുള്ളു. ഭൌതിക ഘടകത്തിൻെറ വളർച്ചയനുസരിച്ചു് ആത്മീയഘടകവും വളരാതിരുന്നാൽ അതു് ഭൌതിക ഘടകത്തിനു് അടിപ്പെട്ടുപോകും. അതു് പ്രകൃതിവിരുദ്ധവും ഇരു ഘടകങ്ങഠംക്കും നാശകരവുമാണു്. ഇരുഘടകങ്ങളും ഒരുമിച്ചു വളരുകയും പ്രകൃത്യാ അന്ധമായ ഭൌതികഘടകം ആത്മീയഘടകത്തിൻെറ പരിപൂർണ്ണനിയന്ത്രണത്തിൽ ഇരിക്കുകയും ചെയ്യുന്നപക്ഷം അതു് പ്രകൃതിയ്ക്കനുയോജ്യമെന്നു മാത്രമല്ല ഇരുഘടകങ്ങളുടേയും വളർച്ചയ്ക്കു് ഉപകരിക്കുകയും ചെയ്യും. ഭൌതിക ഘടകം സ്വതന്ത്രമായി വളരുന്ന പക്ഷം അതു് മനുഷ്യൻെറ അരിഷ്ടതകളിൽ പല്ലിളിച്ചു കാണിക്കുകയേ ഉള്ളു. ''നീ ഭയപ്പെടേണ്ട. നിനക്കു് ഞാനുണ്ടു്. ഞാൻ നിനക്കുവേണ്ടിയാണു'' എന്നു് പറഞ്ഞുകൊണ്ടു് സഹായഹസ്തം നീട്ടണമെങ്കിൽ ഭൌതിക ഘടകം സ്നേഹവിപ്ലവത്തിൻെറ നിയന്ത്രണത്തിൽ എത്തിച്ചേരണം. ദ്വേഷവിപ്ലവമാണു് ലോകത്തെ നയിക്കു

ന്നതെങ്കിൽ വിഭവങ്ങൾ പച്ചവെള്ളംപോലെ സമൃദ്ധമായിരുന്നാൽ പോലും മനുഷ്യരെ പട്ടിണി ഇട്ടുകൊല്ലും. ഭൌതികഘടകത്തെ മററുള്ളവരെ അടിമത്തത്തിൽ അമർത്തുന്നതിനുള്ള ഒരു നുകമായിട്ടായിരിക്കും പകർത്തുക. മുതലാളി വ്യവസ്ഥിതിയിലും കമ്മ്യൂണിസ്ററു വ്യവസ്ഥിതിയിലും സാധുക്കളെ മർദ്ദിക്കുന്നതിനുള്ള ഒരു നുകം മാത്രമാണു് സമ്പത്തു്.

## ലോകത്തെ സേവിക്കണം

ഭൌതികഘടകത്തിൻെറ ബഹിളിയെ ഭയപ്പെട്ടു് അതിനെ അവഗണിക്കുകയല്ല വേണ്ടതു്. ഭൌതികഘടകത്തിൻെറ ബഹിളിയേയും അരാജകത്വത്തേയും സ്വേഛാ പ്രവണതയേയും കാര്യക്ഷമമായി നിയന്ത്രിക്കത്തക്കവണ്ണം ആത്മീയ ചൈതന്യത്തെ ത്വരിപ്പിക്കണം. അതിനെ സ്നേഹവിപ്ലവത്തിൻെറ ഉപകരണമാക്കി പകർത്തണം. ലോകത്തിലാണു് മനുഷ്യൻ ജീവിക്കുന്നതു്. ലോകത്തിലെ രാഷ്ട്രീയവും സാമുദായികവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ സ്നേഹവിപ്ലവത്തെ ഗാഢമായി സ്പർശിക്കും. ലോകത്തെ വികസിതരൂപത്തിലല്ല ദൈവം സൃഷ്ടിച്ചിരിക്കുന്നതു്. മനുഷ്യൻ അതിനെ വികസിപ്പിക്കണം എന്നു് സൃഷ്ടിയുടെ പുസ്തകം അനുശാസിക്കുന്നു. ''വർദ്ധിച്ചുപെരുകുകയും ലോകത്തെ നിറയ്ക്കുകയും അതിനെ കീഴ്പെടുത്തുകയും ചെയ്യുക''. ലോകത്തെ സേവിക്കാതിരിക്കുന്നതു് ദൈവത്തിൻെറ പദ്ധതിയ്ക്കെതിരാണു്. സസ്യപരവും, മൃഗപരവും ബുദ്ധിപരവുമായ ജീവിതത്തിൻെറ സഹായത്തോടെ മാത്രമേ സ്നേഹവിപ്ലവം പ്രവർത്തനക്ഷമമാകുകയുള്ളു. സൃഷ്ടികളിൽനിന്നുള്ള സമ്പൂർണ്ണവിരക്തി ആത്മഹത്യാപരമാണു്. ദൈവത്തെ പ്രതി അവയെ സ്നേഹിക്കുകയും ഉപയോഗിക്കുകയുംചെയ്യണം. ദൈവം അവയെ എടുത്തുകളഞ്ഞാൽ സന്തോഷത്തോടെ കൈവിടണം. ദൈവത്തെപ്രതി അവയെ വിട്ടുപേക്ഷിച്ചു് സന്യാസജീവിതം വരിക്കുന്നവൻ അതിനെ തിരസ്കരിക്കുകയല്ല ദൈവത്തോടു് അടുപ്പിക്കുകയാണു് ചെയ്യുന്നതു്. ദൈവമഹത്വത്തിനുവേണ്ടി ലോകത്തെ സേവിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യുന്നവൻ അതിൻെറ ബഹിളിയിൽ അമർന്നു പോകാതിരിക്കുന്നപക്ഷം സ്നേഹവിപ്ലവത്തെ ത്വരിപ്പിക്കുകയാണു്.

## ലോകായതികൻെറ നേട്ടം

ലോകായതികൻ ലോകത്തെ പുരോഗമിപ്പിക്കുവാനുള്ള ദൌത്യം തൻെറ കർത്തവ്യമായിട്ടാണു് കരുതുന്നതു്. ലോകം ദൈവത്തിൻെറ സൃഷ്ടിയാണെന്നും തന്നെ ആശ്രയിച്ചിരിക്കുന്നു എന്നുമുള്ള വസ്തുത അയാൾ സമ്മതിക്കുകയില്ല. മദ്ധ്യയുഗങ്ങളിലെ ഭാവനയനുസരിച്ചു് ലോകം തീർത്തും പരിമിതമായിരുന്നു. കണ്ടുപിടിത്തങ്ങൾ വഴി അതിൻെറ അതിർത്തികൾ വികസിച്ചു് മനുഷ്യ സങ്കല്പത്തിൻെറ അതി

ത്തികാം വരെ എത്തി. അതിൻെറ അപ്പുറം ഒന്നും സങ്കല്പിക്കുവാൻ പാടില്ലാത്തവണ്ണം അതു് സകലതുമായി. തന്മൂലം ദൈവത്തിനു് സ്ഥാനമില്ല. ദൈവവും ദൈവീക പ്രതീകങ്ങളുമെല്ലാം ലോകത്തിൻെറ ഗുണങ്ങളായി പരിണമിച്ചു. ലോകത്തിനു് ദിവ്യത്വം ആരോപിക്കപ്പെട്ടു. ഇങ്ങനെ പ്രപഞ്ചകേന്ദ്രിതമായ ലോകവീക്ഷണം ആരംഭിച്ചു. വസ്തുക്കളെ പരസ്പരബന്ധത്തിൽ പരിശോധിച്ചാൽ മതിയെന്നായി. പ്രപഞ്ചാതീതവീക്ഷണം നഷ്ടപ്പെട്ടു. മനുഷ്യനെ സ്വയം പര്യാപ്തനാക്കുവാനുള്ള ബദ്ധപ്പാടായി. ഭൗതികപുരോഗതിക്കുവേണ്ടി പരക്കം പാഞ്ഞുതുടങ്ങി. പുരോഗതിയുടെ തോതനുസരിച്ചു് മനുഷ്യൻ അതിൻെറ ബലിവസ്തു ആയിത്തീരുകയാണു് ചെയ്തതു്. ലോകായതികൻെറ നേട്ടം വിചിത്രമാണു്. സ്നേഹവിപ്ലവം അധികപററാണെന്നു് വാദിക്കുന്നവരെല്ലാംതന്നെ വ്യക്തിസ്വാതന്ത്ര്യം അധികപററാണെന്നും അതു് പുരോഗതിക്കെതിരാണെന്നുമാണു് ശഠിക്കുന്നതു്. പാപംവഴി മരണവും നാശവും ലോകത്തിൽ പ്രവേശിച്ചു. പാപത്തിനുമുമ്പും മരണമുണ്ടെങ്കിലും (മൃഗങ്ങാം അന്യോന്യം കൊന്നു ഭക്ഷിച്ചിരുന്നു) അതു് ശിക്ഷയായിരുന്നില്ല. പാപമില്ലെങ്കിൽ മനുഷ്യൻ ജീവിതം അതിൻെറ പൂർണ്ണതയിൽ ആസ്വാദിച്ചശേഷം ദൈവം ഇടപെട്ടു് രൂപാന്തരം പ്രാപിച്ചേനേ. പാപത്തെതുടന്നു് മനുഷ്യജീവിതം മരണം കൊണ്ടവസാനിക്കുന്ന ഒരു നാടകമായി പകന്നിരിക്കുന്നു. നിത്യജീവനെ അനുസ്മരിപ്പിക്കുന്നതായി ലോകത്തിൽ ഒന്നുമില്ല. കൊലയ്ക്കു് വിധിക്കപ്പെട്ടവനെപ്പോലെയാണു് അവൻെറ നടപ്പു്. സന്തതികളിൽ കൂടിയുള്ള അമർത്യത എത്ര ശുഷ്കം! ലോകം നിത്യജീവൻ മനുഷ്യൻെറ മുമ്പിൽ അവതരിപ്പിക്കുന്നില്ല. ഉള്ളസമയംകൊണ്ടു് കുറച്ചു കൂത്താടാനുള്ള പ്രത്യാശയെ അവശേഷിപ്പിച്ചിട്ടുള്ളു. വ്യക്തിപരമായ അമർത്യതാ പ്രതീക്ഷയ്ക്കെതിരായി ലോകത്തിനു് പ്രതിഷേധമെയുള്ളു. ഈ പ്രത്യാശ കൂത്താട്ടത്തിൻെറ രസം മുഴുവനും നശിപ്പിക്കുമെന്നാണു് അവരുടെ ഭയം. നശ്വരഭാഗ്യം മാത്രമേ ലോകം വാഗ്ദാനം ചെയ്യുകപോലും ചെയ്യുന്നുള്ളു. എത്ര ശാശ്വതമെന്നു് തോന്നുന്നവപോലും നാശത്തിനധീനമാണു്. മരണശാപത്തെ തടയുവാൻ ഒരു ശക്തിയുമില്ല.

## വിരക്ത സേവനം പുരോഗമിപ്പിക്കുന്നു

ലോകത്തിൻെറ സർവ്വതോന്മുഖവും ശാശ്വതവുമായ പുരോഗതിക്കു വേണ്ടി യത്നിക്കുന്നതു് ക്രിസ്തുവിൻെറ അനുയായി അത്രേ. ലോകത്തിൻെറ പുരോഗതി അന്തിമലക്ഷ്യമല്ലെങ്കിലും ശാശ്വതമായ ലക്ഷ്യപ്രാപ്തിക്കു് അത്യന്താപേക്ഷിതമായ മാർഗ്ഗമെന്നനിലയിൽ ലോകായതികൻ അതിനു് കല്പിപ്പിക്കുന്നതിലെല്ലാം ഉപരിയായ വില ക്രിസ്തീയ വിശ്വാസി അതിനു് കല്പിക്കുന്നുണ്ടു്. ദൈവരാജ്യത്തിൻെറ വളച്ചയ്ക്കു് ലോകത്തിൻെറ സർവ്വതോന്മുഖമായ പുരോഗതി ആവശ്യമാണു്. ബുദ്ധിപരമായ പ്രവർത്തനങ്ങാംക്കു് ഏററം പററിയ ആഹാര

മെന്താണെന്നു് ഗവേഷണം നടത്തണം. ഇതുതന്നെ ജീവിതത്തിൻെറ എല്ലാതുറയിലും. ലോകം അനുദിനം രാഷ്ട്രീയമായും സാമുദായികമായും, സാംസ്കാരികമായും, കാഷികമായും, വ്യവസായികമായും വളൻ വരണം. ദൈവമക്കാംക്കുടുത്ത ജീവിതം നയിക്കുന്നതിനുതകിയതും ജീവിതത്തിൻെറ എല്ലാതുറകളിലും അരക്ഷിതാവസ്ഥ നീക്കുന്നതും മനസ്സിൻെറയും, ശരീരത്തിൻെറയും പരമാവധി വളച്ച്യ്ക്കു് അവസരം നല്കുന്നതുമായ ഒരു സാമൂഹ്യവ്യവസ്ഥിതി കരുപ്പിടിപ്പിക്കണം. ലോകത്തിൻെറ വളച്ച് മനുഷ്യൻെറ വളച്ച്യ്ക്കു് വിധേയമായിരിക്കണമെന്നുമാത്രമേയുള്ളു. ന്യൂക്ലിയർ ശക്തി മനുഷ്യനെ കൊല്ലുന്നതിനല്ല, പുരോഗമിപ്പിക്കുന്നതിനാണു് ഉപയോഗിക്കേണ്ടതു്. ലോകായതികൻെറ സംസ്കാരം സ്വാഭാവികമായി കുടുംബം ഒരു തൊഴുത്താക്കുന്നതിനും, രാജ്യം ഒരു കാരാഗൃഹമാക്കുന്നതിനും സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിനുമാണു് ഉപകരിക്കുക. നേരേ മറിച്ചു് സ്വർഗ്ഗരാജ്യത്തിനൊരുക്കമായി ലോകത്തെ സംസ്കരിക്കുന്നവൻ അരക്ഷിതാവസ്ഥ നീക്കുകയും മനുഷ്യോചിതമായി ജീവിക്കുന്നതിനു് പ്രാപ്തനാക്കുകയും എല്ലാമനുഷ്യക്കും പരമാവധി വളരുന്നതിനു് അവസരം കൊടുക്കുകയും സ്വാതന്ത്ര്യത്തെ പോഷിപ്പിക്കുകയും ലോകത്തെ ഒരു കുടുംബമാക്കി പകുത്തുകയും ചെയ്യുന്നു,

## സ്നേഹവിപ്ലവം ലോകത്തിന്മേലേയ്ക്കും വ്യാപിപ്പിക്കണം

ലോകത്തെ അതിൻെറ സ്വാഭാവിക ഗതിയിൽ വികസിപ്പിച്ചതുകൊണ്ടു് മാത്രമായില്ല. അതിനെ സ്വഭാവാതീത ലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കുകയും സംസ്കരിക്കുകയും സ്നേഹവിപ്ലവം അവയിലേയ്ക്കു് വ്യാപിപ്പിക്കുകയും ചെയ്യണം. ദൈവവുമായുള്ള സമ്പക്കം വഴി മനുഷ്യൻ സംസ്കരിക്കപ്പെടുകയും ദൈവികമുദ്ര അവനിൽ പതിയുകയും ചെയ്യുന്നു. ഈ സംസ്കരണവും മുദ്രയും പ്രകൃത്യാതീതലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങളിന്മേലും പതിക്കണം. രാഷ്ട്രത്തിന്മേലും സംസ്കാരത്തിന്മേലും കലയിന്മേലും എല്ലാം ദൈവിക സംസ്കരണവും മുദ്രയും പതിക്കുന്നതു് അവയുടെ രൂപാന്തരീകരണത്തിലേയ്ക്കുള്ള ഒരു പടിയാണു്. നിജ്ജീവവസ്തുക്കാംപോലും ഈ സംസ്കരണത്തിനു് വിധേയമാകണം. അവയെ യഥായോഗ്യം ഉപയോഗിക്കുന്നതുതന്നെ ഒരു സംസ്കരണമാണു്. ഈ സംസ്കരണം അവയെ രൂപാന്തരപ്പെടുത്തുമെന്നു് വാദമില്ല. എല്ലാവസ്തുക്കളും അവയുടെ മുൻജന്മത്തിൽ പ്രകാശമായിരുന്നുവെന്നും ഇന്നു് ആ പ്രകാശം വസ്തുക്കളിൽ അടയ്ക്കപ്പെട്ടിരിയ്ക്കുന്നതു് (bottled light) അടുത്ത ജന്മത്തിൽ വീണ്ടും പുറത്തുവരുമെന്നുമുള്ള വാദം സ്വീകാര്യമല്ല. വസ്തുക്കളിൽ പ്രകാശം അടയ്ക്കപ്പെട്ടിട്ടുണ്ടായിരിക്കാം. അവ പുറത്തുവരുന്നതു് പ്രകൃതിയിലെ പരിവത്തനങ്ങാംകൊണ്ടോ അവയെ മനുഷ്യൻ സംസ്കരിച്ചതുകൊണ്ടോ അല്ല ദൈവത്തിൻെറ ഇടപെടൽ കൊണ്ടാണു്.

## നിദ്രാവസ്ഥ (Cocoon)

പുതിയ ശരീരത്തോടെ ഉയർത്തെഴുന്നേല്ക്കുന്നതിനു മുമ്പ് ക്രിസ്തു മരണത്തിൽ കൂടി കടന്നതുപോലെ മനുഷ്യരും നിർജ്ജീവലോകം തന്നെയും ഒരു മരണത്തിൽ കൂടി കടക്കണം. ഇതിനെ പുഴുവിൻെറ രൂപാന്തരീകരണത്തിനു മുമ്പുള്ള നിദ്രാഘട്ടത്തോട് ഉപമിക്കാം. നിർജ്ജീവവസ്തുക്കളെ എങ്ങനെ മരണം പ്രാപിക്കും? നാശം എന്നു മാത്രമേ അർത്ഥമാക്കേണ്ടതുള്ളു. മണവാട്ടിയുടെ ചിതയിൽ കത്തിക്കുവാനുള്ള വിറകാണ് പ്രപഞ്ചംമുഴുവനും എന്ന് നാം കണ്ടുകഴിഞ്ഞു. മനുഷ്യനു വേണ്ടിയാണ് പ്രപഞ്ചം മുഴുവനും. മനുഷ്യൻ പ്രപഞ്ചത്തിൻെറ ഭാഗമല്ല അതിൻെറ നാഥനാണ്. മനുഷ്യൻ അതിനെ പുരോഗമിപ്പിക്കണം. പുഴുവിൻെറ നിദ്രാവസ്ഥ പുരോഗമനത്തിൻെറ ഒരു ഘട്ടമായിരിക്കുന്നതുപോലെ രൂപാന്തരീകരണത്തിലേയ്ക്കുള്ള ഈ നാശവും പുരോഗമനത്തിൻെറ ഒരു ഘട്ടമാണ്. നാഥനായ മനുഷ്യൻെറ ഭാഗധേയത്തിൽ പ്രപഞ്ചവും പങ്കുവഹിക്കണം.

## സുവർണ്ണദശ

ക്രിസ്തു വന്നു കഴിഞ്ഞാലുടനെ പിശാചിനെ ബന്ധിക്കുമെന്നും അതേ തുടർന്ന് ആയിരം കൊല്ലത്തേയ്ക്ക് ദീർഘിക്കുന്ന ഒരു സുവർണ്ണദശ ഉദയം ചെയ്യുമെന്നും വളരെപ്പേർ പ്രതീക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ക്രിസ്തു അടുത്തുതന്നെ രണ്ടാമതും വരുമെന്നും അതോടെ സുവർണ്ണദശ ഉൽഘാടനം ചെയ്യുമെന്നുമായിരുന്നു പലരുടെയും പ്രതീക്ഷ. ഇക്കൂട്ടരുടെ ദൈവരാജ്യം ഹൃദയസംസ്കരണത്തിലല്ല സമൃദ്ധിയിലാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തിലും ക്രിസ്തുവിലും ഉള്ളവിശ്വാസമെല്ലാം നഷ്ടപ്പെട്ട് നിരീശ്വരന്മാരായിക്കഴിയുന്ന ഈ വേളയിൽ പോലും ഈ സുവർണ്ണദശാപ്രതീക്ഷ വിവിധരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. നിരീശ്വരനെപ്പോലെ അന്ധവിശ്വാസി മററാരുമില്ല. ഹൃദയസംസ്കരണം അന്തർഭവിച്ചിട്ടില്ലാത്ത എന്തും വിശ്വസിക്കുന്നതിന് അയാാം ഒരുക്കമാണ്. കാറൽമാർക്സുടക്കം പല നിരീശ്വരന്മാരും വർഗ്ഗ വ്യത്യാസമില്ലാത്ത ഒരു സുവർണ്ണദശയിലാണ് വിശ്വസിക്കുന്നത്. തൊഴിലാളി വിപ്ലവത്തെയും സേച്ഛാധിപത്യത്തെയും തുടർന്ന് (നിദ്രാഘട്ടം) സമൃദ്ധിയുടെ സുവർണ്ണദശ ഉദയം ചെയ്യുംപോലും! ചൂഷണവും സ്വാർത്ഥവും ഭരണകൂടവും ഒന്നും ഉണ്ടാകുകയില്ല. ഈ പ്രതീക്ഷയ്ക്ക് വസ്തുനിഷ്ഠമായ അടിസ്ഥാനമൊന്നുമില്ല. ഈ ഇരുപതാം നൂററാണ്ടിൽ ഇതെല്ലാം വിശ്വസിക്കുന്നത് എത്ര വിചിത്രം! ലോകത്തിൻെറ നാശത്തിലും മരിച്ചവരുടെ ഉയപ്പിലും ലോകത്തിൻെറ രൂപാന്തരീകരണത്തിലും വിശ്വസിക്കുന്നത് അതിലും വിചിത്രമല്ലേ? അത് ശാസ്ത്രീയ അനുമാനമല്ല. അത് വിശ്വാസത്തിൻെറ വിഷയമാണ്. ചരിത്രപരമായി തെളിയിക്കപ്പെട്ട ക്രിസ്തുവിൻെറ ഉയപ്പിൻെറ പിൻ ബലം ഈ വിശ്വാസത്തിനുണ്ട്. തന്മൂലം

അന്ധവിശ്വാസമല്ല. അന്ധവിശ്വാസമെന്നുതന്നെ ഇരിക്കട്ടെ. ഹൃദയ സംസ്കരണം അന്തർഭവിച്ചിരിക്കുന്ന ഈ അന്ധവിശ്വാസം പ്രപഞ്ചത്തിൽ ഉത്ഭവിച്ചതല്ല. അതിനു പുറമെനിന്നു് കൊണ്ടുവന്നതാണു്.

## ഇന്നത്തെ ലോകത്തിനു് ദൈവീക ജീവൻ വഹിപ്പാൻ ശക്തിയില്ല.

ഈ ഹൃദയസംസ്കരണത്തിനപ്പുറം ഇവിടെ യാതൊരു സ്വവർണ്ണദശയുമില്ല. മരിച്ചവരുടെ ഉയിർപ്പും രൂപാന്തരീകരണവുമെല്ലാം ഈ സംസ്കാരത്തിൻെറ പൂർത്തീകരണവും അനുബന്ധവും മാത്രം. ലോകത്തിനു് ഇന്നത്തെ രൂപത്തിൽ ദൈവികജീവനെ, സ്നേഹവിപ്ലവത്തെ വഹിക്കുന്നതിനു് ശക്തിയില്ല. സ്വയം നല്കിക്കൊണ്ടു് ഭാഗ്യം അനുഭവിക്കുന്ന ആത്മാവിൻെറ ഭാഗ്യം പൂർത്തിയാകണമെങ്കിൽ അതിനെ വഹിക്കുന്ന ശരീരവും ലോകവും സ്വയം കേന്ദ്രീകരിക്കുന്നവയാകരുതു്. സ്വയം കേന്ദ്രീകരിക്കുന്ന ശരീരത്തിൽ സ്വയം നല്കുന്ന ആത്മാവിനു് അതിൻെറ പൂർണ്ണപ്രവർത്തനം നടത്തുവാൻ സാധിക്കുകയില്ല. സ്വയം നല്കുന്ന പ്രകാശവുമായി അഥവാ പ്രകാശം വഹിക്കുന്ന ശരീരവുമായി അതു് പൊരുത്തപ്പെടും. പ്രകാശപൂരിതമായ ഒരു ലോകം അതിനു് ഹൃദ്യമായ വാസസ്ഥലമായി അനുഭവപ്പെടും. പുതിയ ആകാശം (ആത്മാവു്) പുതിയ ഭൂമി (ശരീരവും ലോകവും) ആവശ്യപ്പെടുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും ദൈവത്തിൻെറ പൂർണ്ണകർതൃത്വം വെളിപ്പെടുത്തും. ലോകാവസാനംവരെ ദൈവത്തിൻെറ പ്രഭ മറഞ്ഞിരിക്കകൊണ്ടു് അവിടുത്തെ സത്യവും സ്നേഹവുമല്ല നുണയും ദ്വേഷവുമാണു് ലോകത്തിനു് രൂപം കൊടുക്കുന്നതെന്നു് തോന്നിപ്പോകും. മനുഷ്യാവതാരത്തോടുകൂടി മനുഷ്യൻെറ എതിർപ്പു് വർദ്ധിക്കുകയാണു് ചെയ്തതു്. അതേ തുടർന്നു് കൂടുതൽ ശക്തി പ്രയോഗിച്ചാൽ മാത്രമേ ദൈവത്തെ എതിർക്കുവാൻ സാധിക്കുകയുള്ളു. അതിനുമുമ്പുള്ള പാപം ശിശുക്കളുടേതെങ്കിൽ പിന്നെയുള്ളതു് മുതിർന്നവരുടേതത്രേ. ക്രിസ്തുവിൻെറ എതിരാളിയായ മനുഷ്യൻെറ (അന്തിക്രിസ്തു) നേതൃത്വത്തിൽ ദ്വേഷവും നുണയും അതിൻെറ ഉച്ചകോടിയിൽ എത്തുന്നു. ലോകാവസാനത്തിൽ ഉള്ള മത്സരം ദൈവത്തിലുള്ള വിശ്വാസവും മനുഷ്യനിലുള്ള വിശ്വാസവും തമ്മിൽ ആയിരിക്കും. ദൈവത്തിനുള്ള ആരാധന മനുഷ്യൻ അവകാശപ്പെടുകയായി. ദൈവത്തിൻെറ ശിക്ഷാവിധി അവനെ മാനസാന്തരപ്പെടുത്തുകയില്ല. സ്വർഗ്ഗത്തിലേയ്ക്കു് മുഷ്ടിചുരുട്ടി അവൻ ശാപവർഷം ചൊരിഞ്ഞുകൊണ്ടിരിക്കും. അവസാനത്തേതിനു് തൊട്ടുമുമ്പുള്ള ഈ 'സീനിൽ' നുണയും ദ്വേഷവും അന്തിമവും വിധിനിർണ്ണായകവും ആയ വിജയം വരിപ്പാൻ പോകുന്നതായും സത്യവും സ്നേഹവും വിജയത്തിനുള്ള സകല പ്രത്യാശയും നശിച്ചു് വിധിനിർണ്ണായകമായി പരാജയപ്പെടുവാൻ പോകുന്നതായും

തോന്നിപ്പോകും. അപ്പോഴാണ് മനുഷ്യരെ വിധിക്കുന്നതിനായി മനുഷ്യപുത്രൻ വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്.

## മനുഷ്യപുത്രൻ വരുന്നു

പ്രകൃതിയുടെ മുന്നേററം നിഷ്പക്ഷമായ പ്രവൎത്തികളിൽ കൂടിയാണ്. അവ നല്ലതുമല്ല ചീത്തയുമല്ല. അവ വിധിത്തീൎപ്പിന്റെ വിഷയവുമല്ല. മനുഷ്യന്റെ മുന്നേററം അങ്ങനെയല്ല. പ്രായോഗികമായി മനുഷ്യനിൽ നിഷ്പക്ഷമായ പ്രവൎത്തികൾ ഇല്ല. അവന്റെ പ്രവൎത്തികളെല്ലാം വിധിത്തീൎപ്പിന്റെ വിഷയങ്ങളാണ്. അവയെല്ലാം അവന്റെ വിശ്വസ്തതയെ ഉരച്ചുനോക്കുന്നു. വിശ്വസ്തതയിലോ അവിശ്വസ്തതയിലോ ഉറപ്പിക്കുന്നു. സ്ഥാനപ്രതിഷ്ഠയിൽ വിവാഹത്തിന്റെ അച്ചാരം മാത്രമേ നടക്കുന്നുള്ളു. ജീവിതത്തിൽ അഭിമുഖീകരിക്കുന്ന സൃഷ്ടികളാകുന്ന കാമുകന്മാരെയെല്ലാം തിരസ്കരിച്ച് മരണത്തോടുകൂടി ''എന്റെ ദൈവമെ എന്റെ ആത്മാവിനെ നിന്റെ തൃക്കരങ്ങളിൽ സമൎപ്പിക്കുന്നു''. എന്നു് ക്രിസ്തുവിനോടുകൂടി പറഞ്ഞുകൊണ്ടു് വിവാഹമോതിരം വരനെ ഏല്പിക്കുന്നു. മരണത്തിന്റെ ശൂന്യതയിൽ ഈ വിശ്വസ്തതയും വിവാഹമോതിരവും എല്ലാം നിഷ്ഫലമായി പ്രത്യക്ഷപ്പെടുന്നു. അതിസുന്ദരമായ ഈ ലോകത്തെ മുഴുവൻ വിറകാക്കി പകൎത്തി അതിനു് തീ കൊളുത്തി ആ ചിതയിൽ പ്രപഞ്ചത്തിനെല്ലാം അന്യമായ ഏതോ ഒരു സ്നേഹത്തെപ്രതി മണവാട്ടി സ്വയം ഹോമിച്ചിട്ടെന്തുഫലം? ശൂന്യത എവിടെയും തുറിച്ചുനോക്കുന്നു. മണവാളനെപ്പററിയുള്ള വിദൂരപ്രതീക്ഷയെങ്കിലുമുള്ള മണവാട്ടിക്കു് ഈ ശൂന്യതയെല്ലാമതീതമായി ഉയരുവാൻ സാധിക്കും. മണവാളൻ പ്രവേശിക്കുന്നതോടെ ശൂന്യത നീങ്ങുന്നു. നാടകത്തിനു മുഴുവൻ നിറം കൊടുക്കുന്ന അന്തിമരംഗം ആരംഭിക്കുന്നു. മരിച്ചവർ ഉയൎക്കുന്നു. ലോകം രൂപാന്തരപ്പെടുന്നു. വിലാപരംഗം വിനോദരംഗമായി പകരുന്നു. സ്വൎഗ്ഗീയ നഗരം ഉദയം ചെയ്യുന്നു. കൂട്ടുനടന്മാർ ക്രിസ്തുവിനോടുകൂടി മഹത്വത്തിൽ പ്രവേശിക്കുന്നു.

## വധിക്കപ്പെട്ട കുഞ്ഞാടിനെപ്പോലെ

മനുഷ്യരെ വിധിക്കുവാൻ വരുന്ന ക്രിസ്തുവിന്റെ മഹത്വപൂൎണ്ണമായ ആഗമനം നമ്മുടെ പ്രതീക്ഷകൾ അനുസരിച്ചായിരിക്കുകയില്ല. നമുക്കു് മഹത്വമെന്നു പറയുന്നതു് പപ്പടാച്ചിയാണ്. ദൈവീകകുലീനത്വവുമായി പൊരുത്തപ്പെടാത്ത മഹത്വമൊന്നും നാം പ്രതീക്ഷിക്കേണ്ടതില്ല. മലകളെ ഞങ്ങളുടെമേൽ വന്നുവീണു് കുഞ്ഞാടിന്റെ നോട്ടത്തിൽനിന്നു് ഞങ്ങളെ മറപ്പിൻ എന്നാണു് ദുഷ്ടന്മാർ പറയുക. മനുഷ്യപുത്രൻ കടുവാആയിട്ടാണു് വരുന്നതെങ്കിൽ അവർ സ്വാഗതം ചെയ്യും. കുഞ്ഞാടിന്റെ സൌമ്യത അവരുടെ ദുഷ്ടതയെ വെല്ലുവിളിക്കുന്നു. സിംഹാസനാരൂഢനായിരിക്കുന്ന വിധിയാളൻ വധിക്കപ്പെട്ട

കുഞ്ഞാടിനെപ്പോലെയാണ് പ്രത്യക്ഷപ്പെടുന്നതു്. ഗാഗുൽത്തായിൽ പ്രത്യക്ഷപ്പെട്ട സ്നേഹവിപ്ലവം ഇവിടെ മകുടം ചൂടുന്നു. മഹത്വീകരിക്കപ്പെട്ട ക്രിസ്തു തൻെറ മഹത്വവും പ്രതാപവും അടക്കിഭരിക്കുന്നതിനല്ല മനുഷ്യരെ ഭാഗ്യപ്പെടുത്തുന്നതിനാണ് വിനിയോഗിക്കുന്നതു്. ഒരു ബലിവസ്തുവിൻെറ നിലയിൽ അവിടുന്നു് തന്നെ വെളിപ്പെടുത്തുന്നു. അപ്പസ്തോലന്മാരുടെ കാലുകഴുകുന്നതിന് പ്രേരിപ്പിച്ച ദൈവീക കുലീനത്വവും ദൈവിക പാരമ്പര്യവും സേവനമനസ്ഥിതിയും ഇവിടെ പാരമ്യത്തിൽ എത്തുന്നു.

## ചിതയിൽ ചാടിയ വധുവിനെ ഉപേക്ഷിക്കുകയില്ല

തനിക്കുവേണ്ടി ചിതയിൽ ചാടിയ വധുവിനെ അവിടുന്നു് ഉപേക്ഷിക്കുകയില്ല. അവളേയും അവളുടെ ചിതയേയും മഹത്വപ്പെടുത്തുന്നു. തനിക്കുവേണ്ടി ഒരു പാത്രം പച്ചവെള്ളം കൊടുത്തതുപോലും വിസ്മരിക്കപ്പെടുകയില്ല. ''എനിക്കു വിശന്നു; നിങ്ങൾ എനിക്കു് ഭക്ഷണം തന്നു; ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു''. പത്രോസു് ഇടയ്ക്കു കയറി ചോദിക്കുന്നു. ''എപ്പോഴാണ്' ഞങ്ങൾ നിനക്കു് ഭക്ഷണവും വസ്ത്രവും നല്കിയതു്''. ക്രിസ്തു ഉത്തരിക്കുന്നു. ''ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തതു് എനിക്കാണ് നിങ്ങൾ ചെയ്തതു്''. വീണ്ടും ദുഷ്ടന്മാരോടു് ''എനിക്കു' വിശന്നു; നിങ്ങൾ ഭക്ഷണം തന്നില്ല; ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; ഈ ചെറിയവരിൽ ഒരുവനു് ഭക്ഷണവും വസ്ത്രവും നിഷേധിച്ചപ്പോൾ എനിക്കാണ്നിഷേധിച്ചതു്''. അഹങ്കാരിയും അസൂയാലുവും ലൂസിഫറിനോടുകൂടി തച്ചൻെറ മകനിൽനിന്നു് അകന്നുപോകും. കൃശിതൻ അവക്കു് ഒരു ഇടച്ചാവിഷയമായിരിക്കും. അസൂയാലുക്കൾ എളിയവരെ ദൈവം ഉയർത്തുന്നതു് സഹിക്കുകയില്ല. കുഞ്ഞാടിൻെറ വാത്സല്യപൂർണ്ണമായ നോട്ടം മനുഷ്യൻെറ ദുഷ്ടതയെ വെല്ലുവിളിക്കുന്നു. അവൻ ഓടി അകലുന്നു. അവരുടെ വേർപാടു് അവരുടെ ശിക്ഷയായി ദൈവം ഏല്പിക്കുന്നു. ''ശപിക്കപ്പെട്ടവരെ എന്നിൽ നിന്നകന്നു് പിശാചിനും അവൻെറ ദൂതന്മാക്കുമായി നിയമിക്കപ്പെട്ടിരിക്കുന്ന നിത്യനരകത്തിലേയ്ക്കു് പോകുവിൻ''.

## ഏററുപറയും

തന്നെ മനുഷ്യരുടെ മുമ്പാകെ ഏററുപറയുവാൻ ലജ്ജിക്കാത്തവരെ തൻെറ പിതാവിൻെറ പക്കൽ ഏററുപറയുവാൻ അവിടുന്നു് ലജ്ജിക്കുകയില്ല. തനിക്കു സാക്ഷ്യം വഹിച്ചവരെ, തൻെറ സാക്ഷ്യത്തിനായി രക്തം ചിന്തിയവരെ, തൻെറ സ്നേഹത്തെപ്രതി ചിതയിൽ ചാടി സ്വയം ഹോമിച്ച തൻെറ വധുവിനെ അവിടുന്നു് തൻെറ പിതാവിൻെറ പക്കൽ അവതരിപ്പിക്കും. അവർ മഹത്വീകരിക്കപ്പെടും. കേന്ദ്രനടനായ ക്രിസ്തു തൻെറ കൂട്ടുനടന്മാരുടെ ഇടയിൽ

സ്തുതിയും മഹത്വവും ബഹുമാനവും പ്രാപിക്കും. അവിടുന്നു് സൃഷ്ടികളുടെ കേന്ദ്രമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

## ദൈവദർശനം

സ്നേഹവിപ്ലവം അരങ്ങേറുന്നസ്വർഗ്ഗം ഭാഗ്യത്തിൻെറ സ്ഥലമാണു്. പട്ടിയുടെയും പൂച്ചയുടെയും ഭാഗ്യമല്ല ദൈവമക്കളുടെ ഭാഗ്യം. തീനും കുടിയും വിശപ്പും ദാഹവും അവിടെ ഇല്ല. ഭർത്താവും ഭാര്യയുമില്ല. കുഞ്ഞുങ്ങൾക്കു് രണ്ടുതരത്തിലുള്ള ഭാഗ്യമാണു് ഉള്ളതു്. ഒന്നാമത്തു് മതാപിതാക്കളുടെ മടിയിൽ കയറി ഇരിക്കുക. രണ്ടാമത്തേതു് സഹോദരീസഹോദരന്മാരുടെ മടിയിൽ കയറി ഇരിക്കുക. ദൈവത്തിൻെറ മടിയിൽ കയറി ഇരിക്കുന്നതിനു് ദൈവദർശനമെന്നും (beatific vision) പുണ്യവാന്മാരുടെ (സഹോദരീസഹോദരന്മാരുടെ) മടിയിൽ കയറി ഇരിക്കുന്നതിനു് പുണ്യവാന്മാരുടെ ഒരുമ്പാടെന്നും പറയും. ഇന്നു് ദൈവത്തിൻെറ അഭ്യന്തരജീവിതത്തെപ്പററി നമുക്കു് ഒരു പിടിയുമില്ല. മഹത്വീകരിക്കപ്പെടുന്നയാൾ ദൈവത്തെ അഭിമുഖം ദർശിക്കുകയായി. മുപ്പരിശുദ്ധൻെറ ക്ലമ്മയുള്ള വിശുദ്ധിയും പ്രതിഷ്ഠയും കൊടുത്തുകൊണ്ടുള്ള ഭാഗ്യവും, ദൈവസത്തയോടു ഏകീഭവിച്ചുകൊണ്ടുള്ള മൂവാൾ വ്യക്തിത്വവും, നമുക്കു് അനുഭവഭേദ്യമാകുന്നു. പ്ലേറേറായും മററും ദൈവദർശനം ബുദ്ധിമാന്മാരുടെ ഒരു മാനസികകസത്തായിട്ടാണു് കരുതിയിരുന്നതു്. അതു് വഴി ദൈവത്തെ അല്പനേരത്തേയ്ക്കു് നേരിട്ടു ദർശിക്കാം. ഇവിടെ ബുദ്ധിയുടെ തോതനുസരിച്ചല്ല സ്നേഹത്തിൻെറ തോതനുസരിച്ചു് ദൈവീകരഹസ്യങ്ങൾ ആഴമായി ഗ്രഹിക്കുന്നു. ദൈവിക സത്തതന്നെ മനുഷ്യബുദ്ധിയുടെ വിഷയമായിത്തീരുന്നു. മർത്ത്യജീവിതത്തിൽ ലഭിച്ച കൃപാവരം വളൎന്നു വികസിച്ചു് മോക്ഷമഹിമയായി പകരുകയും അതുവഴി ദൈവത്തെ നേരിട്ടു അറിയുകയും ചെയ്യുന്നു. മർത്ത്യജീവിതത്തിലെ അപൂൎണ്ണജ്ഞാനത്തിൽ വസ്തുവിൻെറ ഛായ മനസ്സിൽ പതിയുക മാത്രം. ഇവിടെ ഛായയല്ല ദൈവസത്ത തന്നെ മനുഷ്യാത്മാവിൻെറ വിഷയമായിത്തീരുന്നു. പുണ്യവാന്മാരുടെ ഒരുമ്പാടിൽ ഓരോ വിശുദ്ധനും മററെല്ലാവൎക്കും ഭാഗ്യകാരണമായിത്തീരുകയും അവരുടെ മഹത്വത്തെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. അവിടെ അസൂയ എന്നൊന്നില്ല. ഒരുവനു കൂടുതൽ കിട്ടിയതുകൊണ്ടു് കുറഞ്ഞവൻ സന്തോഷിക്കുകയാണു് ചെയ്യുന്നതു്.

## അവസാനമില്ല

ദൈവഐക്യം പ്രാപിക്കുന്ന ആത്മാവിൻെറ ഭാഗ്യങ്ങൾ നമ്മുടെ ഊഹങ്ങൾക്കെല്ലാം അതീതമാണു്. അതിനു അവസാനമില്ല. ചരിത്രകാലം കഴിഞ്ഞു് നിത്യത്വത്തിൽ പ്രവേശിക്കുന്നു. അവിടെ സമയ

മില്ല. മുമ്പും പിമ്പുമില്ല. ആത്മാവിനു് വന്നുചേർന്നിരിക്കുന്ന അമർത്യത വ്യക്തിപരമായതാണു്. ഹിന്ദുക്കളുടെ പരബ്രഹ്മത്തിലുള്ള ലയനവും ബുദ്ധമതക്കാരുടെ മുക്തിയും മനുഷ്യപ്രകൃതിയോടു് യോജിക്കുന്നവയല്ല. മനുഷ്യൻ നിത്യം ജീവിക്കുവാനും നിത്യം ഭാഗ്യമനുഭവിക്കുവാനും ആഗ്രഹിക്കുന്നു. സ്നേഹവിപ്ലവം വഴി അവയെല്ലാം പരമാവധി പൂർത്തീകരിക്കപ്പെടുന്നു.

## അദ്ധ്യായം 20

# ഉൽഘാടകൻ

സ്നേഹവിപ്ലവത്തിൻെറ യഥാർത്ഥ ജനയിതാവു് രംഗപ്രവേശം ചെയ്യുന്നതു് ക്രിസ്തുവിൻെറ തിരോധാനത്തോടു കൂടിയാണു്. ക്രിസ്തു സ്നേഹവിപ്ലവം അവതരിപ്പിക്കുകമാത്രം. അണിയറയിൽ ഇരുന്നു പ്രവർത്തിക്കുന്നതു് അവിടുത്തെ ശരീരം മനഞ്ഞുണ്ടാക്കുകയും അവിടുത്തെ അഭിഷേകിക്കുകയും ചെയ്ത പരിശുദ്ധാത്മാവാണു്. അവിടുന്നു് ദൈവത്തിൻെറ കൈയിൽ ഒരു കരു മാത്രം.

ചിത്രശലഭമായിതീർന്ന ക്രിസ്തുവിൻെറ വിഹാരരംഗം ഭൂമിയല്ല സ്വർഗ്ഗമാണു്. ചിത്രശലഭം പഴയ പുഴുവിൻെറ വിഹാരരംഗം ഒന്നു സന്ദർശിക്കുന്നതുപോലെ മാത്രമേ ക്രിസ്തുവിൻെറ 40 ദിവസത്തെ ലോകവാസം പരിഗണിക്കേണ്ടതുള്ളു. അതു് താൻ സ്ഥാപിച്ച ദൈവരാജ്യത്തിൻെറ താല്പര്യങ്ങളെ പരിഗണിച്ചാണുതാനും. പില്ക്കാലങ്ങളിൽ ലോകത്തിൻെറ അതൃത്തികൾ വരെ തൻെറ ഉയർപ്പിനു സാക്ഷ്യം വഹിക്കേണ്ട അപ്പസ്തോലന്മാരെ ആ വസ്തുതയെ പററി ബോദ്ധ്യപ്പെടുത്തണം. ഒഴിഞ്ഞ കവറിടം മതിയായ തെളിവാണെങ്കിലും അവിടുത്തെ സജീവസമ്പർക്കം അവരെ തങ്ങളുടെ ബോധ്യത്തിൽ ഉറപ്പിക്കും..

കരിശു മരണത്തിനുമുമ്പു് പരിശുദ്ധാത്മാവിനെ (സഭയുടെ അദൃശ്യഘടകം) വാഗ്ദാനം ചെയ്യുകമാത്രമേ ചെയ്തിരുന്നുള്ളു. അതുപോലെ തന്നെ പത്രോസിനു പരമാധികാരം (ദൃശ്യഘടകം) വാഗ്ദാനം ചെയ്യുകമാത്രം. വീണ്ടും തല്ക്കാലത്തേയ്ക്കെങ്കിലും ഇസ്രായേലിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ പക്കലേയ്ക്കു് തൻെറ അപ്പസ്തോലന്മാരെ അയക്കുന്നതായിട്ടാണു് അവിടുന്നു് ഭാവിച്ചിരുന്നതു്. അപ്പസ്തോല പ

ര്യടനങ്ങളിൽ പുറജാതികളുടെപക്കലേയ്ക്കു് പോകുന്നതിനെ വിലക്കുക പോലും ചെയ്തു. ക്രിസ്തുവിനു് മാനുഷികമായ പരിമിതികൾ എല്ലാമു ണ്ടായിരുന്നു. അവിടുന്നു് യൂദവംശത്തിൻെറ ഒരു അംഗമത്രെ. യൂദന്മാർ പുറജാതികളുമായി സമ്പർക്കം പുലർത്തിയിരുന്നില്ല. അതു് യഹോവാ യുടെ നിർദ്ദേശപ്രകാരവുമത്രെ. അതു് ഒരു താല്ക്കാലിക നടപടിമാത്രം. മാത്രവുമല്ല പുറജാതികളുടെ ഇടയിലുള്ള പ്രേഷിതവേല ജനതാമദ്ധ്യ ത്തിൽ കുഴപ്പം സൃഷ്ടിക്കുന്നതിനും ഇടയുണ്ട്. ഉയിപ്പിനെ തുടന്നു് പുറ ജാതികളുടെ ഇടയ്ക്കുള്ള ദൌത്യം വ്യക്തമാക്കി. ലോകമെങ്ങും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിച്ചു് പിതാവിൻെറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനപ്പെടുത്ത ണം. മുൻവാഗ്ദാനമനുസരിച്ചു് തൻെറ ആട്ടിൻ പററത്തെ മുഴുവനും മേ യിക്കുന്നതിനു് അധികാരപ്പെടുത്തിക്കൊണ്ടു് പത്രോസിനെ പരമാ ധികാരത്തിൽ ഉറപ്പിച്ചു. ഉയത്തെഴുന്നേററശേഷം അവിടുത്തെ പ്രഥമ ചിന്ത പരിശുദ്ധാത്മാവിനെപ്പററിയായിരുന്നു. തൻെറ ജോലി അ വസാനിച്ചു. പരിശുദ്ധാത്മാവിൻെറ യുഗം ആരംഭിച്ചു. അപ്പസ്തോല ന്മാരുടെ മേൽ നിശ്വസിച്ചുകൊണ്ടു് ''നിങ്ങൾ പരിശുദ്ധാത്മാവി നെ പ്രാപിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും. നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നു വോ അവ പിടിക്കപ്പെടും.

അന്തിമ വേർപാടിൻെറ രംഗം സൈത്തുമലയത്രേ. അപ്പസ്തോ ലന്മാരും വിശ്വാസികളും അവിടെ സമ്മേളിച്ചു. ഈ ഒരുക്കമെല്ലാം കണ്ടപ്പോൾ ശിഷ്യന്മാരിൽ ചിലർ അവിടുന്നു് ഇസ്രായേലിൻെറ രാജ്യം അവിടെവച്ചു് ഉൽഘാടനം ചെയ്യുവാൻ പോവുകയാണോ എന്നു് സംശയിച്ചു് അവിടുത്തോടു ചോദിക്കുകയായി. ക്രിസ്തു അ തിനു് കൊടുത്ത മറുപടി ''പിതാവു് തൻെറ അധികാരത്തിൽ വ ച്ചിരിക്കുന്ന സമയമോ കാലങ്ങളോ അറിയുന്നതു് നിങ്ങളുടെ കര്യ മല്ല'' എന്നായിരുന്നു. ഇത്രയെല്ലാമായിട്ടും ഭൌതിക പ്രതീക്ഷകളാ ണു് അവരിൽ കുടികൊണ്ടിരുന്നതു്. അവിടുത്തെ സ്വർഗ്ഗാരോഹണ ത്തിനുശേഷവും ദീർഘകാലത്തേയ്ക്കു് യൂദന്മാരിൽ ഗണ്യമായ ഒരു ഭാ ഗം അവിടുത്തേ രണ്ടാമത്തെ വരവിനെയും ഭൌമികരാജ്യസ്ഥാപന ത്തെയും പ്രതീക്ഷിച്ചുകൊണ്ടു് കഴിച്ചുകൂട്ടി. പരിശുദ്ധാരൂപിയെ പ്ര തീക്ഷിക്കുന്നതിനായിരുന്നു ക്രിസ്തുവിൻെറ ആഹ്വാനം. സുവിശേഷം ലോകാതിർത്തികൾ വരെ എത്തിക്കേണ്ടതുണ്ടെങ്കിലും ഉന്നതങ്ങളി ൽനിന്നു് ശക്തി പ്രാപിക്കുന്നതുവരെ അവർ പട്ടണത്തിൽ താമസി ക്കണം. അവിടുന്നു് അവരെ അനുഗ്രഹിച്ചശേഷം അന്തരീക്ഷത്തിൽ പടിപടിയായി ഉയന്നു് മേഘങ്ങളുടെ ഇടയിൽ മറഞ്ഞു.

## തീനാക്കുകളുടെ ഭാഷയിൽ

ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തെ തുടന്നു പരിശുദ്ധാത്മാവി നെ പ്രതീക്ഷിച്ചു് അപ്പസ്തോലന്മാരും ശിഷ്യന്മാരും സെഹിയോൻ

മാളികയിൽ ജപധ്യാനത്തിൽ കഴിച്ചുകൂട്ടി. യൂദന്മാരുടെ പെന്തക്കു സ്താ തിരുനാറം പ്രമാണിച്ച് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിന്നു് യൂദന്മാർ ഓറ്റശ്ലത്തു് സമ്മേളിച്ചിരുന്ന ഒരു അവസരമായിരുന്നു അതു്. വലിയ ഒരു സ്വരം കേറക്കുകയും ശക്തിയായ കാററു് ഊതുകയും ചെയ്യതോടെ യൂദന്മാർ അവിടേയ്ക്കു് (സെഹിയോൻ മാളികയിലേയ്ക്കു്) ഓടിക്കൂടി. പ്രാത്ഥനാനിരതരായിരുന്ന അപ്പസ്തോലന്മാരുടെ മേൽപരിശുദ്ധാത്മാവു് തീജ്വാലയുടെ രീതിയിൽ ആവസിക്കുന്നതായിട്ടാണു് അവർ കണ്ടതു്. അപ്പസ്തോലപ്രമുഖനായ പത്രോസ് ക്രിസ്തുവിന്റെ ഉയപ്പിനു് സാക്ഷ്യം വഹിച്ച് പ്രസംഗിക്കുകയും പാപങ്ങളിന്മേൽ അനുതപിച്ച് സ്നാനം സ്വീകരിക്കുന്നതിനു് ആഹ്വാനം ചെയ്യുകയും ചെയ്തു. ഗലിലേയ ഭാഷയിലുള്ള അവരുടെ പ്രസംഗം ഓരോരുത്തരും അവരവരുടെ മാതൃഭാഷകളിൽ ഗ്രഹിച്ചതു് കാണികളിൽ വളരെ അത്ഭുതം ജനിപ്പിച്ചു. അന്നുതന്നെ 3000 ആളുകറ സ്നാനം സ്വീകരിക്കുകയും സഭയോടു ചേക്കപ്പെടുകയും ചെയ്തു. ഇതാണു് ക്രിസ്തു സ്ഥാപിച്ച ദൃശ്യസഭയുടെ ഉത്ഭവം. അപ്പസ്തോലന്മാരുടെ മേലും ശിഷ്യന്മാരുടെ മേലും ആവസിച്ച പരിശുദ്ധാത്മാവാണു് അതിന്റെ ഉൽഘാടകൻ.

ക്രിസ്തുമതത്തിന്റെ പ്രത്യേകതകളിൽ ഒന്നു് അതു് ഒരു അദൃശ്യശക്തിയാൽ നയിക്കപ്പെടുന്നു എന്നുള്ളതാണു്. അതിന്റെ ഉൽഘാടനം തന്നെ അതിനു സാക്ഷി. മററുമതങ്ങറ ഇപ്രകാരം ഒരു അവകാശവാദം പുറപ്പെടുവിക്കുകപോലും ചെയ്യുന്നില്ല. ക്രിസ്തുമതം സംഘടനയെ അവഗണിക്കുന്നില്ല. സ്ഥാപകൻ തന്നെ ഖണ്ഡിതമായ ഒരു സംഘടന നിശ്ചയിച്ചിട്ടുണ്ടു്. അവിടുന്നു് നിയമിച്ചാക്കിയ അധികാരികറതന്നെ പിൻഗാമികളിൽ കൂടി തുടന്നു പോരുകയും ചെയ്യുന്നു. ഇതൊക്കെ ആയാലും അധികാരികളടക്കം സ്വഗ്ഗീയ ഇടപെടലിനു് സംഘാതമായി ജപധ്യാനം വഴി തങ്ങളെത്തന്നെ ഒരുക്കുന്നു. സ്വഗ്ഗീയ ഇടപെടൽ കൂടാതെ തങ്ങറ ഒന്നുമില്ലെന്നുള്ള ബോധംഅവക്കുണ്ടു്. സൈത്തു മലയിൽ നിന്നു് മടങ്ങിയെത്തിയ ശേഷം അവർ സ്വയമായി സഭയെ ഒന്നു് ഉൽഘാടനം ചെയ്യുന്നു എന്നിരിക്കട്ടെ. ഒരു പട്ടിയും തരിഞ്ഞുനോക്കാനുണ്ടാകുകയില്ല. അജ്ഞരായ ഈ മുക്കുവക്കു് തങ്ങളുടെ പരിമിതിയെപ്പററി പൂണ്ണബോധ്യമുണ്ടു്. മനുഷ്യശക്തിയിലെല്ലാം കവിയുന്ന ഈ ദൌത്യത്തിനുള്ള അവരുടെ അപര്യാപ്തത ക്രിസ്തുവിനു് നല്ലവണ്ണം അറിയാം. കുരിശുമരണം തുടങ്ങിയുള്ള ഭീകര സംഭവങ്ങറപോലും അവരുടെ കണ്ണുതുറക്കുകയുണ്ടായില്ല. അവരുടെ അതിസ്വാഭാവികമായ ദൌത്യത്തെപ്പററി അവക്കു് ഒരുബോധവുമില്ലായിരുന്നു ഈ നാടകങ്ങളുടെയെല്ലാം ശേഷം അവർ തരം കിട്ടിയപ്പോറ മീൻ പിടിക്കുവാൻ ഇറങ്ങി. അവരെല്ലാം വിശുദ്ധരും പണ്ഡിതരും കാര്യശേഷിയും സാമത്ഥ്യമുള്ളവരും ആയിരുന്നുവെങ്കിൽ തന്നെയും അവരുടെ കഴിവുകളിലെല്ലാം ഉപരിയായ ഒരു ദൌത്യമാണു് അവരെ ഏല്പിച്ചിരുന്നതു്.

അജ്ഞരായ ഈ മൂക്കവരെ സഭയുടെ സ്ഥാപകന്മാരായി തിര ഞ്ഞെടുക്കുന്നതിൽ ദൈവത്തിനു് പ്രത്യേകവല്ല ഉദ്ദേശവുമുണ്ടോ? സഭയ്ക്കു് മാനുഷികമായ ഒരു ഘടകമുണ്ടായിരുന്നാലും അതു ദൈവത്തിന്റെ കൈവേലയായിട്ടുതന്നെ സ്ഥിതിചെയ്യണമെന്നുള്ളതാണു് ദൈവത്തിന്റെ പ്ലാൻ. സ്വതേ വിദഗ്ദ്ധന്മാരായ ആളുകളാണെങ്കിൽ അവരുടെ സ്വന്തം ആശയഗതികളും മുൻവിധികളും വ്യക്തിവിലാസവും സഭയിൽ അവർ കുത്തിച്ചെലുത്തിയെന്നുവരും. പരമാധികാരിപത്രോസിന്റെ പിൻഗാമികളായ പാപ്പാമാരിൽ 5—ാം നൂററാണ്ടുവരെ തങ്ങളുടെ വ്യക്തിവിലാസം സഭയുടെ മേൽ പതിക്കുവാൻ കഴിവുള്ളവരായി ആരും ഉണ്ടായിരുന്നില്ല. ലോകത്തിന്റെ മക്കളാണു് എക്കാലത്തും അതിന്റെ തലമുറയിൽ വിവേകികൾ. അയോഗ്യരെ ക്രിസ്തു തിരഞ്ഞെടുത്തു എന്നു് അർത്ഥമാക്കേണ്ടതില്ല. പരിശീലിപ്പിച്ചുകൊണ്ടുവന്നാൽ അവർ ആ ജോലികൾക്കു് അർഹർ തന്നെ. കൊച്ചുകുഞ്ഞുങ്ങളെപ്പോലെ അവരെ പരിശീലിപ്പിച്ചു കൊണ്ടുവരണം. അങ്ങനെ പരിശീലിപ്പിച്ചു കൊണ്ടുവരേണ്ടതു് പരിശുദ്ധാത്മാവാണു്. അബദ്ധധാരണകൾ വച്ചുകൊണ്ടിരിക്കുന്നവരെ പഠിപ്പിക്കുവാൻ വിഷമമാണു്. അബദ്ധധാരണകൾ എത്രശ്രമിച്ചാലും നീങ്ങുകയില്ല. അദ്ധ്യാപകനെ പഠിപ്പിക്കുന്നതിനായിരിക്കും അവരുടെ ശ്രമം. കൊച്ചുകുഞ്ഞുങ്ങളുടെ കാര്യത്തിൽ ആ വിഷമമില്ല.

സഭയിലെ അദ്ധ്യാപകന്മാരായിട്ടാണു് ക്രിസ്തു അപ്പസ്തോലന്മാരെ നിയമിച്ചതു്. അദ്ധ്യാപകന്മാരെ പഠിപ്പിക്കുന്ന അദ്ധ്യാപകനാണു് പരിശുദ്ധാത്മാവു്. ''ഞാൻ പോകുന്നതു് നിങ്ങൾക്കു് നല്ലതാകുന്നു. ഞാൻ പോകാതിരുന്നാൽ പരിശുദ്ധാത്മാവു് വരികയില്ല''. ''നിങ്ങളോടുകൂടി ലോകാവസാനംവരെ ആയിരിക്കേണ്ടതിനു് ഞാൻ പരിശുദ്ധാത്മാവിനെ അയയ്ക്കും''. ''എനിക്കു് നിങ്ങളോടു് ഇനിയും വളരെ കാര്യങ്ങൾ പറയുവാനുണ്ടു്. എന്നാൽ നിങ്ങൾക്കു് ഇപ്പോൾ അതിനെ സ്വീകരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ സത്യത്തിന്റെ അരൂപി വരുമ്പോൾ അവൻ എല്ലാസത്യവും നിങ്ങളെപഠിപ്പിക്കും''. (John. 16: 12. 13). താൻ പോകുന്നതു് നല്ലതാണു് എന്നാണു് ക്രിസ്തു സമർത്ഥിക്കുന്നതു്. അതിഗഹനങ്ങളായ സത്യങ്ങൾ പഠിപ്പിച്ചാലും അതെല്ലാം ഭൌതികമായ രീതിയിൽ മാത്രമേ അവർ മനസ്സിലാക്കുകയുള്ളു. അവിടുത്തെമനുഷ്യത്വം ആത്മീയമായ രീതിയിൽ മനസ്സിലാക്കുന്നതിനു തടസ്സമായിട്ടു നില്ക്കുന്നതുകൊണ്ടു് താൻ പോവുകയാണു് നല്ലതു് എന്നാണു് അവിടുത്തെ വാദം. അവർക്കു് ആകെക്കൂടിയുള്ളതു് ഗുരുഭക്തിമാത്രമാണു്. അവർ നല്ലവരും വിധേയത്വമുള്ളവരുമാണു്. എന്നാൽ ലോകായതികരായ ഇവർ എല്ലാം ലോകായതികമായ ചട്ടക്കൂട്ടിലാണു് മനസ്സിലാക്കുന്നതു്. അവർക്കു് ഒരു പുതിയ ജീവിത വീക്ഷണമാണു് ആവശ്യം. ഈ ജീവിതവീക്ഷണം നല്കുന്നതിനുവേണ്ടി ഗുരുഭൂതൻ എന്തെല്ലാം പറഞ്ഞു കൊടുത്താലും

അതു് ഒരു ചെവിയിൽ കൂടി കയറി മറേറ ചെവിയിൽകൂടി ഇറങ്ങുകയേ ഉള്ള. പരിശുദ്ധാത്മാവു് അകമെ നിന്നു് ഹൃദയത്തെ നേരിട്ടു സ്പർശിക്കാതെ ഈ ജീവിതവീക്ഷണം അവതരിപ്പിക്കുക സാദ്ധ്യമല്ല. തന്മൂലം പരിശുദ്ധാത്മാവു വരുമ്പോഠം താൻ പഠിപ്പിച്ചിട്ടുള്ളവയെല്ലാം അവരെ ബോദ്ധ്യപ്പെടുത്തുമെന്നു് അവിടുന്നു് സമാശ്വസിച്ചു.

## സത്യത്തിൻെറ അരൂപി

ക്രിസ്തു പരിശുദ്ധാത്മാവിനെ സത്യത്തിൻെറ അരൂപി എന്നാണു് വിളിക്കുന്നതു്. ഈ അരൂപി നിത്യസത്യമായിരിക്കുന്ന പിതാവിൽനിന്നും, സത്യത്തിൻെറ സത്തയായ പുത്രനിൽ നിന്നും തൻെറ സത്തയും സത്യത്തിൻെറ പൂണ്ണതയും പ്രാപിച്ചിരിക്കുകകൊണ്ടത്രേ സത്യത്തിൻെറ അരൂപി എന്നു് വിളിക്കപ്പെടുന്നതു്. എല്ലാപ്രമാദങ്ങളിൽനിന്നും തൻെറ സവ്വശക്തമായ സഹായത്താൽ സംരക്ഷിച്ചുകൊണ്ടും അനുദിനം ദൈവികസത്യങ്ങളുടെ ബീജങ്ങഠം നട്ടുവളർത്തി മനുഷ്യവഗ്ഗത്തിൻെറ ക്ഷേമം പുലത്തുമാറു് ഫലം പുറപ്പെടുവിക്കുന്നതിനു് സഹായിച്ചുകൊണ്ടും അവിടുന്നു് ഈ സത്യം സഭയ്ക്കു് പ്രദാനം ചെയ്യുന്നു. മനുഷ്യവഗ്ഗത്തിൻെറ ക്ഷേമത്തിനു് ഈ അദ്ധ്യയന ഉദ്യോഗം അത്യന്താപേക്ഷിതമായതുകൊണ്ടു് പരിശുദ്ധാത്മാവു് എക്കാലവും സഭയുടെ നിലനില്പിനും വളച്ചയ്ക്കുംവേണ്ടി ജീവനും ശക്തിയും അതിനു് പ്രദാനംചെയ്തുകൊണ്ടിരിക്കുന്നു. ''ഞാൻ പിതാവിനോടു് അപേക്ഷിക്കുകയും അവിടുന്നു് ഒരു ആശ്വാസപ്രദനെ എപ്പോഴും നിങ്ങളോടുകൂടി ഇരിക്കുന്നതിനു് സത്യത്തിൻെറ അരൂപിയെ നല്കുകയും ചെയ്യും'' (യോ.. 14. 16–17). സഭയിൽ അന്യോന്യം മത്സരിക്കുന്ന രണ്ടു് അധികാരമില്ല. സത്യത്തിൻെറ അരൂപി അപ്പസ്തോലന്മാർ വഴിയത്രേ തൻെറ ദൌത്യം നിവ്വഹിക്കുന്നതു്. അവിടുന്നത്രേ മെത്രാന്മാരെ സഭയിൽ സ്ഥാപിക്കുന്നതും അവരുടെ ശുശ്രൂഷ വഴിയായി പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നതും. ''പരിശുദ്ധാത്മാവത്രേ ദൈവം തൻെറ രക്തത്താൽ വീണ്ടെടുത്ത സഭയെ ഭരിക്കുന്നതിനായി നിങ്ങളെ നിയമിച്ചിരിക്കുന്നതു്'' (അപ്പ. നടപടി 20: 18). അവർ പരിശുദ്ധത്മാവുവഴി പാപങ്ങളെ മോചിക്കുന്നു.

## പുതിയ മനുഷ്യരായിത്തീരുന്നു

പരിശുദ്ധാത്മാവിനെ പ്രാപിച്ചതോടെ അപ്പസ്തോലന്മാർ പുതിയ മനുഷ്യരായിതീന്നു. തങ്ങളിൽ വലിയവൻ ആരെന്നുള്ള വാദകോലാഹലങ്ങഠം കേഠംക്കുവാനേയില്ല. സെബദിപുത്രന്മാരുടെ തള്ളയ്ക്കു് മക്കളെ ക്രിസ്തുവിൻെറ ഇരുവശങ്ങളിലുമായി പ്രതിഷ്ഠിക്കുവാനുള്ള ബദ്ധപ്പാടുമില്ല. തൻെറ കാസാ കുടിക്കുന്നതിനാണു് അവരുടെ ബദ്ധപ്പാടു്. മൂത്തമകൻ യാക്കോവു് ആദ്യമായി വേദസാക്ഷിത്വം വ

രിച്ചു. ഞൊടിയിടകൊണ്ടു് അവക്കു് പുതിയ കാഴ്ചപ്പാടു് അവതരിപ്പിക്കപ്പെട്ടു. മുമ്പുകണ്ടതുപോലെയല്ല ഇന്നു് അവർ ലോകത്തെക്കാണുന്നതു്. ദൈവരാജ്യമെന്തെന്നും തങ്ങളുടെ ദൌത്യമെന്തെന്നും അവക്കു് പൂർണ്ണബോധ്യമായി. അതിനുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതിനു് അവർ സന്നദ്ധരത്രേ. അവരുടെ പ്രസംഗങ്ങൾ വഴിയായും അവർ പ്രവൎത്തിച്ച അത്ഭുതങ്ങൾ വഴിയായും വളരെപ്പേർ മാനസാന്തരപ്പെട്ടു. ദേവാലയ വാതുക്കൽ കിടന്നിരുന്ന മുടന്തനെ പത്രോസ് അത്ഭുതകരമായി സുഖപ്പെടുത്തിയതിനെത്തുടൎന്നു് അയ്യായിരം പേർ മാനസാന്തരപ്പെട്ടു. ക്രിസ്തുമതത്തിൻെറ പ്രചാരം യൂദമതാധികൃതരെ കലികൊള്ളിച്ചു. അവർ പത്രോസിനെയും മററും പിടിച്ചുകെട്ടിയടിക്കുകയും മേലാൽ ഈ നാമത്തിൽ പ്രസംഗിച്ചുപോകരുതെന്നു് വിലക്കുകയും ചെയ്തു. ''നിങ്ങളേയോ ദൈവത്തേയോ അനുസരിക്കേണ്ടതെന്നു പറയുക'' എന്നായിരുന്നു ഒരു ഭൃത്യയുടെ വാക്കിന്മേൽ മൂന്നുപ്രാവശ്യം ക്രിസ്തുവിനെ ആണയിട്ടുപേക്ഷിച്ച പത്രോസിൻെറ മറുപടി. ക്രിസ്തുവിനെപ്പററി സഹിക്കുവാൻ ഇടയായതിൽ സന്തോഷിച്ചു് അവർ വീട്ടിലേയ്ക്കു് മടങ്ങി. മൎദ്ദനം ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. യാക്കോവിനെ വധിച്ചു. പത്രോസിനെ കാരാഗൃഹത്തിലാക്കിയെങ്കിലും അത്ഭുതകരമാംവണ്ണം രക്ഷപ്പെട്ടു. സ്റ്റീഫനെ അവർ കല്ലെറിഞ്ഞു. ശത്രുക്കൾക്കുവേണ്ടി പ്രാൎത്ഥിച്ചുകൊണ്ടു് അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ പിൻഗാമി ഘാതകനായിരുന്ന ശാവോലായിരുന്നു. ശാവോൽ ക്രിസ്ത്യാനികളെ മൎദ്ദിക്കുന്നതിനായി ദമ്മസോക്കിലേയ്ക്കു് പോകുകയിൽ ഒരു ദൎശനംമൂലം മാനസാന്തരപ്പെടുകയും ക്രിസ്തുവിനെ പ്രസംഗിക്കുകയും ചെയ്തു. അദ്ദേഹം പൌലോസ് എന്ന പേരിൽ അറിയപ്പെടുന്നു. ഏഷ്യയിലും യൂറോപ്പിലും ഉള്ള പല നഗരങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തു. റോമായിൽവെച്ചു് നീറോയുടെ മതമൎദ്ദനത്തിൽ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു.

എല്ലാററിലും പരിശുദ്ധാത്മാവു് തങ്ങളെ നയിക്കുന്നതായ ബോധം അവക്കുണ്ടായിരുന്നു. ''പരിശുദ്ധാത്മാവു് അവരെ വിലക്കി'' ''പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി'' ''പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്നു'' ''പരിശുദ്ധാത്മാവിനെതിരായിട്ടാണു് നീ വ്യാജംപറഞ്ഞതു്''. എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ അപ്പസ്തോല നടപടികളിൽ സൎവ്വസാധരണമാണു്. അദൃശ്യനായ പരിശുദ്ധാത്മാവിയുടെ അദ്ധ്യക്ഷതയിൽ ആയിരുന്നു അവരുടെ എല്ലാനീക്കങ്ങളും. പരമാധികാരിയായിരുന്ന പത്രോസു് പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ ആണു് കൊർണേലിയസ്സിനേയും പുറജാതികളേയും ക്രിസ്തുമതത്തിൽ സ്വീകരിച്ചതു്. വീണ്ടും അതേ പ്രേരണയാൽ ഫിലിപ്പു് ഒരു എത്തിയോപ്പിയൻ ഷണ്ഡനെ സ്നാനപ്പെടുത്തി ക്രിസ്തുമതത്തിൽ സ്വീകരിച്ചു. മതമൎദ്ദനം ശക്തിപ്പെട്ടപ്പോൾ വിശ്വാസികൾ സമരി

യായിലും പുറരാജ്യങ്ങളിലും അഭയംതേടി. അവിടെയെല്ലാം ക്രിസ്തുമതം പ്രചരിച്ചു. സമറിയാക്കാർ വിശ്വാസം സ്വീകരിച്ച് സ്നാനപ്പെട്ടതിനെത്തുടന്ന് പത്രോസും യോഹന്നാനും അവിടേയ്ക്ക് പുറപ്പെട്ട് അവരുടെമേൽ കൈവെച്ച് അവക്ക് പരിശുദ്ധാത്മാവിനെ നല്കി വിശ്വാസത്തിൽ ഉറപ്പിച്ചു.

## ഒരു ഹൃദയവും ഒരു ആത്മാവും

പരിശുദ്ധാത്മാവിൻെറ അദ്ധ്യക്ഷതയിൽ വിശ്വാസികളുടെ ഇടയിൽ ഉണ്ടായമാററം അത്ഭുതകരമായിരുന്നു. വിശ്വാസികാംക്ക് ഒരു ഹൃദയവും ഒരു ആത്മാവുമത്രേ ഉണ്ടായിരുന്നതു്. സഭയുടെ അംഗത്വം വഴി തങ്ങാംക്ക് ഒരു പുതിയഐക്യം വന്നുചേരുന്നതായിഅനുഭവപ്പെട്ടിരുന്നു. ദരിദ്രരെയും അവശരേയും പരിചരിക്കുക തങ്ങളുടെ ഒരു കടമയായിട്ടാണു് അവർ കരുതിയിരുന്നതു്. "രണ്ടുകോട്ടുള്ളവർ ഒന്നു് ഇല്ലാത്തവനു് കൊടുക്കണം". വിശ്വാസചൈതന്യത്തിൽ ജീവിച്ചിരുന്ന അവക്ക് ദരിദ്രക്ക് ചെയ്യുന്ന ഏതു സേവനവും ക്രിസ്തുവിനുള്ള സേവനമാണു്. സാധുസംരക്ഷണത്തിൻെറ രക്ഷാകതൃത്വം ഏറെറടുത്തിരുന്നതു് സഭാധികാരികാം തന്നെ. സാധുസംരക്ഷണം അപ്പസ്തോലജോലിക്ക് തടസ്സമായിരുന്നതുകൊണ്ടു് അതിലേയ്ക്ക് ഡീക്കന്മാരെ നിയമിച്ചു. ഈ വിഷയത്തിൽ പ്രാദേശിക സഭകാം അന്യോന്യം സഹായിച്ചിരുന്നു. ആഴ്ച്ചയുടെ ഒന്നാം ദിവസം ആരാധനയ്ക്ക് സമ്മേളിക്കുമ്പോാം ദൂരെയുള്ള അവശസ്ഥിതിയിലുള്ള സമൂഹങ്ങാംക്കു വേണ്ടി പിരിവുനടത്തുന്നതിനെപ്പററി പൌലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നുണ്ടു്. ഓരോ സഭകളും ഒരേ ഒരു കുടുംബത്തിൻെറ ശാഖകാം പോലെയാണു് കരുതപ്പെടുന്നതു്. ഓർശ്ലത്തും മററിതരസഭകളിലും ധനവാനായ യുവാവിനോടുള്ള ക്രിസ്തുവിൻെറ ആഹ്വാനമനുസരിച്ച് വിശ്വാസികാം തങ്ങാംക്കുള്ളതെല്ലാംവിററ് അപ്പസ്തോലന്മാരെ ഏല്പിച്ചിരുന്നു. അവക്ക് സ്വന്തമായി ഒന്നും ഉണ്ടായിരുന്നില്ല. എല്ലാം പൊതുവായിരുന്നു. ആക്കും ഒരു പോരായ്മയും ഉണ്ടായിരുന്നില്ല. ഈ ഔദാര്യത്തിനു് എല്ലാവരും കടപ്പെട്ടിരുന്നില്ല എന്നുള്ളതു് നിസ്തക്കമാണു്. നിനക്ക വേണമെങ്കിൽ മുഴവൻ സൂക്ഷിക്കാമായിരുന്നല്ലോ എന്നുള്ള പത്രോസിൻെറ അനനിയാസിനുള്ള മറുപടി സ്വകാര്യ സ്വത്തു് അംഗീകരിക്കപ്പെട്ടിരുന്നു എന്നു് തെളിയിക്കുന്നു.

## ലോകത്തിൻെറ അതിർത്തികളിലേയ്ക്കു്

ഓർശ്ലത്തെ സഭ സംഘടിപ്പിക്കപ്പെട്ടതിനെ തുടന്നു് അപ്പസ്തോലന്മാർ ലോകത്തിൻെറ അതിർത്തികളിലേയ്ക്ക് പുറപ്പെട്ടു. പത്രോസ് ആദ്യം പ്രവിശ്യാ തലസ്ഥാനമായ അന്തിയോക്കിയായിലേയ്ക്കും അവിടെ തൻെറ പിൻഗാമിയായി എവോദിയസിനെ നിയമിച്ചാക്കി

യശേഷം സാമ്രാജ്യതലസ്ഥാനമായ റോമായിലേയ്ക്കും തിരിച്ചു. അവിടെ 25 കൊല്ലത്തെ പ്രേഷിതവേല നടത്തുകയും നീറോചക്രവത്തിയുടെ മതമദ്ദനകാലത്തു് വേദസാക്ഷിത്വം വരിക്കുകയും ചെയ്തു (67). ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെയാണു് അപ്പസ്തോലന്മാർ തങ്ങളുടെ പ്രേഷിതരംഗത്തേയ്ക്കു് പുറപ്പെട്ടതു്. രാജസംരക്ഷണമോ സ്വാധീനശക്തിയോ ധനശക്തിയോ പാണ്ഡിത്യമോ സംസ്കാരമോ അവക്കുണ്ടായിരുന്നില്ല. എവിടെയും മദ്ദനവും എതിപ്പുമാണു് അവക്കു് അനുഭവപ്പെട്ടതു്. പരിശുദ്ധാത്മാവിന്റെ സംരക്ഷണയിലും നേതൃത്വത്തിലും അവർ അന്നു് അറിയപ്പെട്ടിരുന്ന രാജ്യങ്ങളിൽ സുവിശേഷദീപം എത്തിക്കുകയും പുറജാതികളെ സ്നാനപ്പെടുത്തി സഭകൾ സ്ഥാപിക്കുകയും ചെയ്തു.

അപ്പസ്തോലന്മാരിൽ പലരുടേയും പ്രേഷിതപ്രവത്തനങ്ങളെപ്പററി വിശ്വസനീയമായ രേഖകൾ ഒന്നുമില്ല. യഥാത്ഥമായ ചരിത്രം തന്നെയും പലപ്പോഴും കെട്ടുകഥകളുമായി കെട്ടുപിണഞ്ഞാണു് കിടക്കുന്നതു്. ഓർശ്ലം സഭയിൽ പ്രവത്തനം നടത്തിയിരുന്നതു് ചെറിയ യാക്കോവാണു്. യോഹന്നാന്റെ പ്രവത്തനരംഗം എഫേസൂസായിരുന്നു. വലിയ യാക്കോബിന്റെ സ്പെയിനിലുള്ള പ്രേഷിത പ്രവത്തനം ഇന്നു് നിഷേധിക്കപ്പെട്ടുവരികയാണു്. ഓർശ്ലത്തു വച്ചു് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. മത്തായി എത്തിയോപ്പിയായിൽ സുവിശേഷ വേല നടത്തിയതായിട്ടാണു് പാരമ്പര്യം. ഫിലിപ്പു് ഫ്രീജിയായിൽ സുവിശേഷം പ്രസംഗിച്ചു. അന്ത്രയോസ് സിറിയായിൽ സുവിശേഷം പ്രസംഗിക്കുകയും പത്രാസോസിൽ വെച്ചു് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ബർത്തുലൂമായുടെ പ്രവത്തനരംഗം അർമേനിയാ ആയിരുന്നു. അദ്ദേഹത്തെ ജീവനോടെ തൊലിയുരിഞ്ഞു് ക്രൂശിൽ തറച്ചു. ശെമഓൻ പേഷ്യയിലും അർമേനിയായിലും സുവിശേഷ ജോലി നടത്തുകയും ഒടുവിൽ ക്രൂശിക്കപ്പെടുകയും ചെയ്തു. കിഴക്കൻ ദേശങ്ങളിലേയ്ക്കു് പുറപ്പെട്ടതു് തോമസു് അപ്പസ്തോലനാണു്. അദ്ദേഹം 52—ൽ ഇന്ത്യയിൽ എത്തുകയും നിരവധി ആളുകളെ സ്നാനപ്പെടുത്തി 7 പള്ളികൾ സ്ഥാപിക്കുകയും 72—ൽ മൈലാപ്പൂരിൽ വെച്ചു് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

ഒന്നാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി റോമൻ സാമ്രാജ്യത്തിനകത്തും പുറത്തും ഉള്ള പ്രധാന പട്ടണങ്ങളിലെല്ലാം ക്രിസ്തീയസഭകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. റോമായിൽവെച്ചു് രക്തസാക്ഷിത്വം വരിച്ച പത്രോസിന്റെ പിൻഗാമികളായ റോമാമെത്രാന്മാരിലത്രേ അദ്ദേഹത്തിന്റെ പരമാധിപത്യം പതിച്ചതു്. ഒന്നാം നൂററാണ്ടുമുതൽ അവർ അപ്പസ്തോലിക പരമാധികാരം അവകാശപ്പെടുകയും മററുസഭകൾ അതിനെ അംഗീകരിക്കുകയും ചെയ്തിരുന്നു.

ഗലിലേയ തടാകത്തിൽ മീൻപിടിച്ചിരുന്ന 12 മുക്കുവർ ലോകത്തിലെ പ്രധാന പട്ടണങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും

അനുയായികളെ സമ്പാദിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്യുക എന്നതു് മനുഷ്യൻെറ ഊഹാപോഹങ്ങൾക്കും ചരിത്രത്തിൻെറ ഗതികളെല്ലാം അതീതമാണു്. പരിശുദ്ധാത്മാവു് അവരെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തതുകൊണ്ടാണു് അവർ ഈ വൻകാര്യങ്ങളെല്ലാം നിർവ്വഹിച്ചതു്. എവിടെയും അതിനു് ശക്തിയായ മർദ്ദനം അനുഭവപ്പെട്ടു. റോമൻ സാമ്രാജ്യത്തിൽ ആദ്യ മൂന്നുനൂററാണ്ടുകളിലായി 182000-നും 292000 മദ്ധ്യേ ആളുകൾ രക്തസാക്ഷിത്വം വരിച്ചതായിട്ടാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. രക്തസാക്ഷികളുടെ രക്തം ക്രിസ്തുമതത്തിൻെറ വിത്തായിതീൎന്നു. അനേകലക്ഷങ്ങൾ ക്രൂശിതൻെറ സുവിശേഷം സ്വീകരിച്ചു.

## ഭൂമുഖത്തെ നവീകരിക്കുന്നു

ക്രിസ്തുമതം സ്വീകരിച്ചവർ എവിടെയും മൎദ്ദനത്തിനും അവഹേളനങ്ങൾക്കും വിധേയരായിത്തീൎന്നു. അവർ ദാരിദ്ര്യത്തിൻെറയും മൎദ്ദനത്തിൻെറയും ഞെരുക്കങ്ങളുടെയുമിടയിൽ സമാധാനത്തിലും സന്തോഷത്തിലും അത്രേ കഴിഞ്ഞുകൂടിയതു്. ശരീരത്തിൻെറ പീഡകളെ മനസ്സിൻെറ വീര്യം നികത്തി. ശരീരത്തിൽ രോഗമുള്ളപ്പോൾ ലഹരിസാധനം കഴിച്ചാൽ ആ വേദന അവരെ സ്പൎശിക്കുകയില്ല. വിശ്വാസികളുടെ ലഹരി അവരുടെ ആത്മാവിലായിരുന്നു. കൊളംബസ് അമേരിക്കാകണ്ടുപിടിച്ചപ്പോൾ ഉണ്ടായതിലും ഉപരിയായ ഒരു ആനന്ദലഹരിയാണു് അവൎക്കു് അനുഭവപ്പെട്ടതു്. അവരുടെ സന്തോഷത്തിൻെറയും സ്നേഹത്തിൻെറയും സേവനത്തിൻെറയും ഔദാര്യത്തിൻെറയുമെല്ലാം രഹസ്യം അടങ്ങിയിരിക്കുന്നതു് അവരുടെ പ്രാൎത്ഥനാപരമായ ജീവിതത്തിലത്രേ. അനുദിനം അവർ നിശ്ചിതസമയത്തുള്ള ദേവാലയപ്രാൎത്ഥനകളിൽ സംബന്ധിച്ചിരുന്നതിനുപുറമെ അവൎക്കു പ്രത്യേകമായുള്ള അപ്പംമുറിക്കൽ (കുബ്ബാന) വിശ്വാസികളുടെ ഭവനങ്ങളിൽ അനുഷ്ഠിച്ചിരുന്നു. യൂദമതം റദ്ദാക്കപ്പെട്ടുവെങ്കിലും ഇനിയും അതു് വിലക്കപ്പെട്ടിരുന്നില്ല. കാലാന്തരത്തിൽ മൎദ്ദനംമൂലവും മററും അവർ ദേവാലയത്തിൽനിന്നും പടിപടിയായി വിട്ടുമാറിക്കൊണ്ടിരുന്നു. യൂദന്മാർ റോമൻ മേൽക്കോയ്മയ്ക്കെതിരായി വിപ്ലവമുണ്ടാക്കുകയും 70—ാം മാണ്ടോടുകൂടി റോമൻ സൈന്യം ഓൎശ്ലേം പിടിച്ചടക്കുകയും ദേവാലയം നശിപ്പിക്കുകയും യൂദന്മാരെ ചിതറിക്കുകയും ചെയ്തു. കുടുംബങ്ങളിൽ അനുഷ്ഠിച്ചിരുന്ന അപ്പം മുറിക്കൽ ശുശ്രൂഷയാണു് വിശ്വാസികൾക്കു് ഉത്തേജനം നല്കിയതു്.

പരിശുദ്ധാത്മാവിൻെറ ദൃശ്യമായ പ്രകടനങ്ങൾ അപ്പസ്തോലകാലത്തോടുകൂടി അവസാനിച്ചെങ്കിലും അവിടുന്നു് എക്കാലവും സഭയെ നയിക്കുകയും ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഏതു കാലത്തും മനുഷ്യപ്രകൃതിയ്ക്കെല്ലാം അതീതമായ ദിവ്യചൈതന്യം സഭയിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. ആദ്യമൂന്നുനൂററാണ്ടുകളിൽ അനേകായി

രണ്ടാം ക്രിസ്തുവിനുവേണ്ടി ചുടുരക്തംചിന്തി ജീവൻ അപ്പിച്ചു. നാഡിബലത്തിൻെറ പരിധി നമുക്കെല്ലാവക്കും അറിയാവുന്നതാണു്. ശിശുവായ കര്യാക്കോസു്, 14വയസ്സുള്ള താർസീസു്, 12 വയസ്സുള്ള ആഗ്നസു് തുടങ്ങി ശിശുക്കളും അബലകളും തങ്ങളുടെ ജീവൻ അപ്പിച്ചതു് നാഡിബലത്തിൽ നിന്നാകുവാൻ പാടില്ല. സെബാസ്റ്റയിൽ (Sebaste) വേദസാക്ഷികളെ വണ്ടിയിൽ കയററി വധ സ്ഥലത്തേയ്ക്കു കൊണ്ടുപോകുമ്പോൾ തൻെറ കുഞ്ഞുമകൻ ആരുടെയും ദൃഷ്ടിയിൽ പെടാതെ വണ്ടിയിൽ നിന്നു് ചോന്നുപോകുന്നതുകണ്ടു് മകൻെറ വേദസാക്ഷിമകുടം നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി അമ്മ മകനെ എടുത്തു് വണ്ടിയിൽ ഇട്ടു. ആറും ഏഴും നൂററാണ്ടുകളിലായി ഇംഗ്ലണ്ടിലെ പല ചെറുരാജ്യങ്ങളിൽനിന്നായി 60—ൽ പരം രാജവംശജർ അവരുടെ ചെങ്കോൽ വലിച്ചെറിഞ്ഞു് സന്യാസസഭകളെ അഭയം പ്രാപിച്ചു. 13—ാം നൂററാണ്ടിൽ ഫ്രാൻസീസു് അസീസി തൻെറ പിതാവു് അവകാശം ഒഴിപ്പിച്ചപ്പോൾ ഉടുത്തിരിക്കുന്ന വസ്ത്രംപോലും മെത്രാൻെറ മുമ്പിൽവെച്ചു് ''ഇതുവരെ പീററർ ബെർണദോനെ എൻെറ പിതാവെ എന്നു വിളിച്ചു. ഇനിമുതൽ സ്വർഗ്ഗസ്ഥനായ എൻെറ പിതാവേ എന്നു് ധൈര്യപൂർവ്വം പറയാം'' എന്നു് പ്രതിവചിച്ചു. 12—ാം നൂററാണ്ടിൽ ബെർനാർദുപുണ്യവാൻെറ സഹോദരന്മാർ കുഞ്ഞനുജനോടു് ''ഞങ്ങളെല്ലാം ആശ്രമത്തിൽ ചേരുകയാണു്. വസ്തുക്കളെല്ലാം നിനക്കെടുക്കാമെന്നു് പറഞ്ഞപ്പോൾ ആ ബാലൻ ''നിങ്ങൾ മോക്ഷം എടുത്തുകൊണ്ടു് നശ്വരമായ വസ്തുക്കളാണോ എനിക്കു തരുന്നതു്'' എന്നാണു് ഉത്തരിച്ചതു്. 16—ാം നൂററാണ്ടിൽ ദൈവത്തിൻെറ യോഹന്നാൻ സ്വയം അടിമത്തത്തിനേല്പിച്ചുകൊണ്ടു് അടിമകളെ വീണ്ടെടുക്കുന്നതിനുള്ള സഭ സ്ഥാപിച്ചു. 19—ാം നൂററാണ്ടിൽ ഫാദർ ഡേമിയൻ മൊളോക്കൊദ്വീപിൽ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനു് സ്വയം അപ്പിച്ചു് സ്വയം ഹോമിച്ചു. 20—ാം നൂററാണ്ടിൽ മരിയഗൊരേത്തി ശരീരത്തിൽ ആഴമുള്ള 14 മുറിവേററിട്ടും 12വയസ്സുള്ള ആ ബാലിക മരണംവരെ പാപത്തെ എതിത്തുനിന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഫാദർ മാക്സിമീലിയൻ കുടുംബസ്ഥനായ ഒരാളെ രക്ഷിക്കുവാൻവേണ്ടി സ്വന്തം ജീവനെ ഹോമിച്ചു. മറെറാരിടത്തും ഇത്തരം സംഭവങ്ങൾ കാണ്മാനില്ല. പരിശുദ്ധാത്മാവിനെ കൂടാതെ ഇവയൊന്നും നടക്കുവാൻ പോകുന്നില്ല. ലോകചരിത്രത്തിൽ ഏററം വീരപരാക്രമവും ശൌര്യവും പ്രകടിപ്പിച്ചിട്ടുള്ള ഒരാളാണു് നെപ്പോളിയൻ. അയാൾ കയറിയിരുന്ന 19 കുതിരകൾ വെടികൊണ്ടു് വീണിട്ടും അയാൾ യുദ്ധം തുടന്നു. എന്നാൽ അയാൾ ഒടുവിൽ ജേതാവിനു് കീഴടങ്ങി. 12 വയസ്സുള്ള മരിയഗൊരെത്തിയാകട്ടെ പരിശുദ്ധാത്മാവു നല്കിയ ആത്മശക്തിമൂലം 14 മുറിവുകൾ ഏററിട്ടും അവസാനംവരെ പിടിച്ചുനിന്നു.

## പരിശുദ്ധാത്മാവ് സഭയുടെ ജീവൻ

ക്രിസ്തു തൻെറ സഭയ്ക്കു നല്കിയ പരിശുദ്ധാത്മാവാണ് അതിനെ നയിക്കുന്നതും ജീവിപ്പിക്കുന്നതും സംരക്ഷിക്കുന്നതും. മററുമതങ്ങളൊന്നും അങ്ങനെയൊരു അവകാശവാദം പുറപ്പെടുവിക്കുകപോലും ചെയ്യുന്നില്ല. അവയൊന്നും വിപ്ലവപരമായ ഒരു പദ്ധതി ഇല്ല. അവയെല്ലാം മനുഷ്യനിർമ്മിതമായ സംഘടനകളാണ്. അതിലപ്പുറം അവർ അവകാശവാദം നടത്തുന്നുമില്ല. ക്രിസ്തുമതത്തിൽ സംഘടനയ്ക്കപ്പുറം എന്തെല്ലാമോ ഉണ്ട്. അത് ഒരു സജീവശരീരമാണ്. പരിശുദ്ധാത്മാവിനെ നീക്കിയാൽ അത് ഒരു ശ്മശാനം മാത്രമേ ആയിരിക്കുകയുള്ളു. ഈ ശരീരത്തിൻെറ ആത്മാവ് അഥവാ ജീവതത്വം പരിശുദ്ധാത്മാവാണ്. അതിൻെറ വിപ്ലവാത്മകത്വവും ഈ ജീവിതത്തിൽനിന്നുതന്നെ. ഫ്രഞ്ചുവിപ്ലവത്തിൻെറയും ബോൾഷെവിക്കു വിപ്ലവത്തിൻെറയും വിപ്ലവവീര്യം കാലാന്തരത്തിൽ നഷ്ടപ്പെട്ടു. ഫ്രഞ്ചുവിപ്ലവ ആദർശങ്ങൾക്കുവേണ്ടി ഇന്ന് ആരും മിനക്കെടുന്നില്ല. കമ്മ്യൂണിസ്റ്റുവിപ്ലവം മുതലാളിത്വരാജ്യങ്ങളുമായി സഹവർത്തിത്വത്തിനുവേണ്ടി ബദ്ധപ്പെടുന്നു. സ്നേഹവിപ്ലവം അതിൻെറ ആദർശങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കാതെ രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും മുന്നേറുന്നു. മനുഷ്യൻ വിപ്ലവം കൈകാര്യം ചെയ്യുമ്പോൾ തങ്ങളുടെ സ്വകാര്യലാഭത്തിനായിവ്യതിചലിപ്പിക്കുന്നു. ദൈവം വിപ്ലവംകൈകാര്യം ചെയ്യുമ്പോൾ അതിനെ വ്യതിചലിപ്പിക്കാതെ കാക്കുന്നു. ദൈവികവിപ്ലവവും മനുഷ്യരിൽ കൂടിയാണ് പ്രവർത്തിക്കുന്നത്. മനുഷ്യരുടെ പരിമിതികളും വ്യക്തിത്വവും അതിൻെറ ഭാഗധേയങ്ങളെ സ്പർശിക്കുന്നുമുണ്ട്. ലോകത്തിൽ സൃഷ്ടിപരമായിട്ടുള്ളതെല്ലാം അതിനോടുചേർത്ത് അതിനെ സമ്പുഷ്ടമാക്കുക ദൈവത്തിൻെറ പദ്ധതിയിൽ പെട്ടിട്ടുള്ളതുമാണ്. ചരിത്രപരമായ പരിവർത്തനങ്ങളിൽ കൂടെയാണ് അതു് മുന്നേറുന്നതും. പുറമെ നിന്നുള്ള അന്ധമായ ശത്രുതയും അകമെനിന്നുള്ള അവിശ്വസ്തതയും അറിഞ്ഞും അറിയാതെയുമുള്ള ഒററിക്കൊടുക്കലിനും അതു് ഇരയായിത്തീരുന്നുമുണ്ട്. പരിശുദ്ധാത്മാവ് ഉറങ്ങുകയാണോ എന്ന് കാണികൾക്ക് തോന്നിക്കുന്ന അവസരങ്ങൾ സഭാചരിത്രത്തിൽ പലപ്പോഴും ഉണ്ടാകുന്നുമുണ്ട്. പരിശുദ്ധാത്മാവ് മനുഷ്യസ്വാതന്ത്ര്യത്തിൻെറ മുമ്പിൽ നിസ്സഹായനാണ്. ഇതൊക്കെയായാലും അവിടുന്ന് അതിനെ അനുദിനം മുന്നേററിക്കൊണ്ടിരിക്കുന്നു.

സഭയുടെ അദൃശ്യഘടകമാണ് പരിശുദ്ധാത്മാവ്. ദൃശ്യസഭയെ എതിർക്കുവാനായി നിരുത്തരവാദിയായ ഒരു പരിശുദ്ധാത്മാവിനെ പൊക്കിക്കൊണ്ടുനടക്കുന്നവരുമുണ്ട്. ആത്മാവ് ശരീരത്തിൽകൂടി പ്രവർത്തിക്കുന്നതുപോലെ പരിശുദ്ധാത്മാവ് അധികൃതസഭയിൽ കൂടിയാണ് പ്രവർത്തിക്കുന്നത്.

സ്നേഹവിപ്ലവം ആസൂത്രണം ചെയ്തുകൊണ്ടുള്ള പരിശുദ്ധാത്മാവിന്റെ പദ്ധതിയിൽ ക്രിസ്തുവിനും തന്റെ സഭയ്ക്കും വേർതിരിഞ്ഞുള്ള ആസ്ഥിക്യമില്ല. സഭ ക്രിസ്തുവിന്റെ മനുഷ്യവതാരത്തോടുകൂടി ആരംഭിച്ചു. സഭക്രിസ്തുവിന്റെ തുടർച്ചയും പൂർത്തീകരണവുമത്രേ. ക്രിസ്തു മൌതികശരീരത്തിന്റെ ശിരസ്സും സഭ അതിന്റെ അവയവവും.

ദൈവവചനവുമായി ആളിന്നടുത്ത ഐക്യത്തിൽ സ്ഥിതിചെയ്യുന്ന ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം ദൈവത്തിന്റെ സൃഷ്ടിമാത്രം. വിശുദ്ധീകരണം ആരോപിക്കപ്പെടുന്ന പരിശുദ്ധാത്മാവ് അവിടുത്തെ ആത്മശരീരങ്ങളെ മനഞ്ഞു് മനുഷ്യരുടെ പവിത്രീകരണാർത്ഥം അതിനെ തന്റെ വിപ്ലവപരമായ സ്നേഹംകൊണ്ടുനിറച്ചു. ദൈവത്തിലെ അസൃഷ്ടസ്നേഹമാണ് പരിശുദ്ധാത്മാവ്. ദൈവത്തെ മനുഷ്യരൂപത്തിൽ വരക്കുകയാണെങ്കിൽ അതിലെ ഹൃദയമാണ് പരിശുദ്ധാത്മാവ്. ഹൃദയമാണല്ലോ സ്നേഹത്തിന്റെ അടയാളം. ക്രിസ്തുവിൽ സ്നേഹപ്രകൃതി നിക്ഷേപിച്ചതും അവിടുത്തെ വിശുദ്ധീകരിച്ച് അഭിഷേകിച്ചതും സഭയ്ക്കുവേണ്ടിയാണ്. അങ്ങിൽ നിക്ഷേപിച്ചിരിക്കുന്ന ശിരസ്സിനടുത്ത കൃപാവരമാണ് മനുഷ്യരെ വിശുദ്ധീകരിക്കുന്നതു്. ഈ കൃപാവരം മനുഷ്യരെ വിശുദ്ധീകരിക്കുന്നതു് സഭയിൽ കൂടിയാണ്. സഭയെ കൂടാതെ മനുഷ്യരെ വിശുദ്ധീകരിക്കുകയാണ് പരിശുദ്ധാത്മാവിന്റെ അംഗീകൃത നയമെങ്കിൽ സഭയും കൂദാശകളും സ്ഥാപിക്കേണ്ട കാര്യമില്ല. ലോകാരംഭംമുതൽ എല്ലാക്കാലങ്ങളിലും എല്ലാദേശങ്ങളിലും പരിശുദ്ധാത്മാവ് മനുഷ്യാത്മാക്കളെ വിശുദ്ധീകരിക്കുന്നുണ്ട്. മനുഷ്യരുടെ വിശുദ്ധീകരണത്തിനായി സഭയെ സ്ഥാപിച്ച ശേഷം മനപൂർവ്വം സഭയ്ക്കു പുറമെ പരിശുദ്ധാത്മാവിനെ തേടുന്നവൻ അശുദ്ധാത്മാവിനെ മാത്രമെ കണ്ടെത്തുകയുള്ളു.

## പരിശുദ്ധാത്മാവിന്റെ ആലയം

പരിശുദ്ധാത്മാവ് സഭയെ ജീവിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിനുപുറമെ ഓരോ ആത്മാവിനെയും വിശുദ്ധീകരിക്കുന്നു. തടസ്സം വയ്ക്കാത്തിടത്തോളംകാലം അവിടുന്ന് ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. സഭയെപ്പററി അറിയാതിരിക്കുകയോ അതിന്റെ അവകാശവാദത്തെപ്പററി കുററകരമാകാതെ ബോധ്യം വരാതിരിക്കുകയോ ചെയ്യുന്ന ആത്മാവിലും അവിടുന്ന് പ്രവർത്തിക്കുന്നതു് സഭയിൽ കൂടിതന്നെ. അവിടുത്തെ അംഗീകൃതനയം സഭയുടെ ദൃശ്യഘടകത്തിൽ കൂടി പ്രവർത്തിക്കുകയാണ്. ദൃശ്യ അടയാളങ്ങൾ അഥവാ കൂദാശകൾവഴി ക്രിസ്തു സഭയുമായി സജീവസമ്പർക്കം പുലർത്തുകയും തന്റെ അരൂപിയെ അയച്ച് (പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിനെ അവർ അയയ്ക്കുകയും ചെയ്യുന്നു) ആത്മാവിനെ വിശുദ്ധീകരിക്കുകയുംചെയ്യുന്നു.

മനുഷ്യാത്മാവിലുള്ള പരിശുദ്ധാത്മാവിൻെറ പ്രവത്തനം ആരംഭിക്കുന്നതു് വിശ്വാസ ദാനത്തോടുകൂടിയാണു്. സ്നാനപ്രതിഷ്ഠയോടു കൂടി ദൈവരാജ്യം ആത്മാവിൽ ഉൽഘാടനം ചെയ്യുകയായി. കൃപാവരം പ്രാപിച്ച ആത്മാവിൽ അവിടുന്നു് ഒരു ദേവാലയത്തിൽ എന്നതുപോലെ വസിച്ചു് അതിനെ നന്മയിൽ ഉറപ്പിക്കുകയും ദൈവമക്കാംക്കടുത്ത മനോഭാവം സൃഷ്ടിക്കുകയും ഉൽകൃഷ്ടമായ ജീവിതവീക്ഷണം നല്കുകയും ഔദാര്യത്തോടെ ദൈവത്തോടു് വത്തിക്കുന്നതിനു് ആത്മാവിനെ പ്രേരിപ്പിക്കുകയും ക്രൂശിതനായ ക്രിസ്തുവിനോടു് അനുരൂപനാക്കുകയും ചെയ്യുന്നു. ക്രൂശിതനായ ക്രിസ്തുവിൻെറ ഛായ ആത്മാവിൽ പതിച്ചുകൊണ്ടു് അതിനെ പൂണ്ണതപ്പെടുത്തുന്നു. തൽഫലമായി ശുശ്രൂഷിക്കുന്നതിനും പലരുടെ വീണ്ടെടുപ്പിനായി സ്വയം അപ്പിക്കുന്നതിനുമുള്ള മനോഭാവം സംജാതമാകുന്നു. ഈ സംസ്കരണത്തിൻെറ ഫലമായി അയാരം കൂടുതൽ കൂടുതൽ നിസ്വാത്ഥമായി വത്തിക്കുകയും മററുള്ളവരുമായുള്ള ഇടപാടിൽ നീതിനിഷ്ഠയും ഔദാര്യവും പാലിക്കുകയും ഏതു വിധേനയും മററുള്ളവരുടെ സഹായത്തിനു് ഓടിയെത്തുവാൻ ബദ്ധപ്പെടുകയും ചെയ്യുന്നു. ഇതിൻെറയെല്ലാം ഫലമായി അയാരം സവ്വത്ര നിഷ്കളങ്കമനസ്സാക്ഷിയോടും സമാധാനത്തോടും സന്തോഷത്തോടും കൂടി കഴിഞ്ഞുകൂടുന്നു. ദൈവമാണു് അയാളുടെ ജീവിതത്തിൻെറ കേന്ദ്രം. എല്ലാററിലും ദൈവത്തിൻെറഇഷ്ടം നിറവേററുന്നതിനു്ബദ്ധപ്പെടുന്നു. ദൈവത്തിനെതിരായ പാപത്തെ സവ്വശക്തിയോടെ എതിക്കുന്നു. അയാളുടെ ചിന്തകളെല്ലാം ദൈവത്തിൻെറ ചിന്തകരംതന്നെ. ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെമേലും മഴയെ പെയ്യിപ്പിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ അയാരം ആയിത്തീരുന്നു.

## അദ്ധ്യായം 21

# പൂർണ്ണനാകുവാൻ മനസ്സാകുന്നുവെങ്കിൽ

എൻെറ പിതാവു് പരിപൂണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂണ്ണരാകുവിൻ എന്നാണു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ളതു്. സ്വർഗ്ഗീയപിതാവിൻെറ അളവിലുള്ള പൂണ്ണത ആക്കും പ്രാപിക്കുവാൻ സാധിക്കുകയില്ല. സ്വർഗ്ഗീയപിതാവിൻെറ പൂണ്ണത കൊടുത്തു ഭാഗ്യമനുഭവിക്കുന്നതിലാണു്. മനുഷ്യരും കൊടുത്തു ഭാഗ്യമനുഭവിക്കണം. വെള്ളം ചേരാത്ത പാലുപോലെ തീത്തും നിസ്വാത്ഥമായ സ്നേഹ

മാണ് മനുഷ്യനെ ദൈവത്തെപ്പോലെ പൂർണ്ണനാക്കുന്നത് മനുഷ്യൻെറ വിശുദ്ധി അടങ്ങിയിരിക്കുന്നത് ആത്മാവ് അതിൻെറ യഥാർത്ഥരൂപം (Symmetry of the soul) കൈക്കൊള്ളുന്നതിലാണ്. അനേകായിരം നൂററാണ്ടുകളിലെ വിശ്വദേവതാ സംസ്കാരംവഴി മരവിച്ച മനുഷ്യാത്മാവ് ഏററം കൂടുതൽ ഭാഗ്യമനുഭവിക്കുന്നത് കൊടുത്തുസ്നേഹിക്കുമ്പോഴാണ്. കൊടുത്തുസ്നേഹിക്കുന്നതിനുള്ള മൌലികദാഹം മനുഷ്യനിൽ അവശേഷിക്കുന്നു. അതിനെ പ്രവർത്തനപരമാക്കുന്നതിനാണ് സ്നേഹവിപ്ലവം.

മനുഷ്യൻ പ്രാപിക്കാവുന്ന പൂർണ്ണതയ്ക്ക് ഒരു അതിരും ദൈവം വച്ചിട്ടില്ല. ഓരോരുത്തനും അവനവനു കിട്ടിയിരിക്കുന്ന തലേന്തു് പരമാവധി വികസിപ്പിക്കണം. 12തുടം കൊള്ളുന്ന കുപ്പിയിൽ 11 തുടം വെള്ളമേയുള്ളവെങ്കിൽ അതു് പൂർണ്ണമല്ല. ഓരോരുത്തനും അവൻെറ പൂർണ്ണവളർച്ചയിൽ എത്തിച്ചേരണം. വേനപ്പച്ചയിൽനിന്നു് ഒരടിയും വാഴയിൽനിന്നു് പത്തടിയും തെങ്ങിൽനിന്നു് നൂറടിയും പൊക്കമാണു് പ്രതീക്ഷിക്കുന്നതു്. എല്ലാവരിൽനിന്നും ഒരേ പൂർണ്ണതയല്ല ദൈവം പ്രതീക്ഷിക്കുന്നതു്. കൂടുതൽ കൊടുത്തിട്ടുള്ളവരിൽനിന്നു് കൂടുതൽ പ്രതീക്ഷിക്കുന്നു. ഉത്തമരായ മാതാപിതാക്കന്മാർ, ഉത്തമമായ പരിശീലനം, തെളിവുള്ള ബുദ്ധി, മഹത്വത്തിലേയ്ക്കുള്ള ചവിട്ടുപടിയായി ദൈവം അയച്ചിട്ടുള്ള അരിഷ്ടതകൾ, വിശ്വാസദാനം, ദൈവം വിളിച്ചിരിക്കുന്ന ജീവിതസ്ഥിതി എന്നിങ്ങനെ പോകുന്നു ദൈവത്തിൻെറ ദാനങ്ങൾ. അവയെല്ലാം പരമാവധി ഫലിപ്പിക്കണം.

## പൂർണ്ണനാകുവാൻ മനസ്സാകുന്നുവെങ്കിൽ

തൻെറ സ്നേഹവിപ്ലവത്തെ ലോകത്തിൽ മുന്നേററുന്നതിനു് ദൈവം ഔദാര്യമതികളുടെ സേവനം ആവശ്യപ്പെടുന്നു. ഏതുവിപ്ലവത്തിൻെറയും വിജയം അടങ്ങിയിരിക്കുന്നതു് വിപ്ലവകാരികളുടെ അംഗസംഖ്യയിലല്ല ഔദാര്യമതികളായ ഒരു ന്യൂനപക്ഷത്തിൻെറ വിപ്ലവവീര്യത്തിലും കാര്യക്ഷമതയിലുമത്രെ. തൻെറ അനുയായികൾ പ്രമാണം കാക്കുന്നതിനുമാത്രമേ കടപ്പെട്ടുള്ളൂ. നിത്യജീവൻ പ്രാപിക്കുന്നതിനു് എന്തു ചെയ്യണമെന്നു് ഒരു ധനവാനായ യുവാവു് ക്രിസ്തുവിനോടുചോദിച്ചപ്പോൾ പ്രമാണങ്ങൾ കാക്കുക എന്നായിരുന്നു മറുപടി. ''ബാല്യം മുതൽ ഞാൻ കാക്കുന്നുണ്ടു്. എനിക്കു് എന്തു പോരായ്മയുണ്ടു്'' എന്നായിയുവാവു്. അയാളുടെ ഔദാര്യത്തിൽ ക്രിസ്തു സന്തോഷിച്ചു. തങ്ങളിൽ എന്തു പോരായ്മയുണ്ടു് എന്നല്ലതങ്ങളിൽ ആരു വലിയവൻ എന്നായിരുന്നു അപ്പസ്തോലന്മാരുടെ ഇടയിലെ വാദം. ഇവിടെ പോരായ്മകളെല്ലാം തീർത്തു് പൂർണ്ണനാകുവാൻ വന്നിരിക്കുന്ന ഒരാളെയാണു് ക്രിസ്തു ദർശിക്കുന്നതു്. അയാൾക്കു് ധനമുണ്ടു്. ആ ധനത്തിനു് യാതൊരു പഴതുമില്ല. ധനത്തിൻെറ സാമൂഹ്യ ചുമതലകൾ ശരി

യായിനിർവ്വഹിക്കുന്നതായിട്ടാണ് ക്രിസ്തു സങ്കല്പിക്കുന്നതു്. ദൈവരാജ്യത്തിനുവേണ്ടി ഇനിയും വളരെയധികം പ്രവർത്തിക്കുവാൻ ഉള്ള ഉദ്ദേശമാണു് അയാൾക്കുള്ളതു്.

അയാൾക്കു് ഇനി പോരായ്മയുള്ളതു് വിപ്ലവ പരമായ ഒരു ജീവിതവീക്ഷണമാണു്. ''നീപൂർണ്ണനാകുവാൻ മനസ്സാകുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിററു് ദിദ്രക്കുകൊടുത്തു് നിൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലെ വരിക''. കുടുംബത്തു ജീവിച്ചു് കുടുംബജീവിതത്തിൻെറ അത്യന്തം ഭാരമുള്ള കടമകൾ നിർവ്വഹിച്ചുകൊണ്ടു് പ്രാപിക്കാവുന്ന പൂർണ്ണതയല്ല ക്രിസ്തു അവിടെ ഉദ്ദേശിക്കുന്നതു്. ദൈവരാജ്യത്തിനുവേണ്ടി തൻെറ വിപുലമായ സമ്പത്തും കഴിവുകളും സ്വാതന്ത്ര്യവും പരമാവധി ഉപയോഗിക്കുന്നതിനു് അയാൾക്കു് ഒരുക്കമാണു്. എന്നാൽ അവയെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള പൂർണ്ണതയല്ല ഉപേക്ഷിച്ചുകൊണ്ടുള്ള പൂർണ്ണതയാണു് ക്രിസ്തു നിർദ്ദേശിക്കുന്നതു്. സർവ്വസമ്പന്നനായിരിക്കെ മനുഷ്യരെ പ്രതി ദരിദ്രനായിതീൎന്ന ക്രിസ്തുവിനെപോലെ അയാളും ദരിദ്രനായിത്തീൎന്നു് തലചായിപ്പാൻ സ്ഥലമില്ലാത്ത അവിടത്തെപ്പോലെ അയാളും സ്വയം നിസ്സഹായ അവസ്ഥയിൽ വരണം.

## ദാരിദ്ര്യപ്രതിജ്ഞ

ക്രിസ്തു രണ്ടു സുവിശേഷം അവതരിപ്പിക്കുന്നില്ല. ദൈവരാജ്യത്തിൽ ഫസ്റ്റ് ക്ലാസ്സും സെക്കൻെറു് ക്ലാസ്സും തേർഡ് ക്ലാസ്സും ഇല്ല. എല്ലാവൎക്കും ഒരേലക്ഷ്യം ഒരേ സുവിശേഷം ഒരേ പ്രമാണങ്ങൾ ഒരേ പ്രതിജ്ഞ. പ്രമാണങ്ങൾ എല്ലാവരെയും കടപ്പെടുത്തുന്നു. ഉപദേശങ്ങൾ കടപ്പെടുത്തുന്നില്ല. സ്വീകരിക്കുന്നതു് സ്തുത്യൎഹമെന്നുമാത്രം. വസ്തുക്കൾ ന്യായമായി സമ്പാദിച്ചു് അതിൻെറ സാമൂഹ്യ ചുമതല നിർവ്വഹിച്ചുകൊണ്ടു് ഉപയോഗിക്കുന്നതു് സ്തുത്യൎഹമാണു്. അതിൽ ത്യാഗവും അന്തർഭവിച്ചിട്ടുണ്ടു്. അതിലും സ്തുത്യൎഹമാണു്. സ്വത്തുക്കളുടെ ഉപയോഗം ഉപേക്ഷിച്ചു് ക്രിസ്തുവിൻെറ നിസ്സഹായവസ്ഥയിൽ തങ്ങളെ വരുന്നതു്. സ്നേഹപ്രകടനത്തിനു് വസ്തുക്കളുടെ ഉപയോഗമല്ല ഉപേക്ഷയാണു് ഉപകരിക്കുക. ഉള്ള സ്വത്തു് ഉപേക്ഷിക്കുകമാത്രമല്ല ദാരിദ്ര്യപ്രതിജ്ഞവഴി സ്വത്തു് നിരോധിക്കുകകൂടിചെയ്യുന്നതു് സ്നേഹത്തിൻെറ പാരമ്യത്തെ കുറിക്കുന്നു. വസ്തുക്കളുടെ ഉപേക്ഷമാത്രമേ വിപ്ലവപരമായിട്ടുള്ളു. ധനപുഷ്ടിയുള്ള ഒരു സന്യാസസമൂഹത്തിൻെറ പിൻബലത്തിൽ ആശ്രയിച്ചുകൊണ്ടു് നടത്തുന്ന ദാരിദ്ര്യപ്രതിജ്ഞ ക്രിസ്തുവിൻെറ നിസ്സഹായതയിൽ വരുന്നുണ്ടോ? അവരുടെ ജീവിതത്തോതു് സാമാന്യജനങ്ങളുടേതിൽ ഉയൎന്നതായിരിക്കുകയില്ലേ? സെൻറർ ജയിലിലെ ജീവിതത്തോതു് സാമാന്യജനങ്ങളുടേതിൽ ഉയൎന്നതാണു്. അതുകൊണ്ടു് ആ ജീവിതം അഭികാമ്യമായി ആരും കരുതുന്നില്ല. ജീവിതത്തോതിലല്ല സ്വത്തുക്കളെ ഇഷ്ടം പോലെ കൈകാര്യം

ചെയ്യുന്നതിനുള്ള കഴിവുകേടിലാണ് നിസ്സഹായത അടങ്ങിയിരിക്കുന്നതു്, അധികൃത അംഗീകാരത്തോടെ ആയാലും ആഡംബര ജീവിതം നിഷിദ്ധവും ക്രിസ്തുവിൻെറ നിസ്സഹായാവസ്ഥയോടു്പൊരുത്തപ്പെടാത്തതുമത്രെ.

## ബ്രഹ്മചര്യപ്രതിഷ്ഠ

ദാരിദ്ര്യപ്രതിഷ്ഠയിലുമുപരിയായി ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കുന്നതു് ജഡികസന്തോഷങ്ങളെ ഉപേക്ഷിച്ചുകൊണ്ടുള്ള ബ്രഹ്മചര്യപ്രതിഷ്ഠയിലാണു്. കുടുംബ ജീവിതം അത്യന്തം ത്യാഗപരമെങ്കിലും വിപ്ലവപരമല്ല. സമകാലീനർ പലരും കരുതിയിരുന്നതുപോലെ ശരീരം തിന്മയാണെന്നോ വിവാഹം പാപമാണെന്നോ അവിടുന്നു് കരുതുന്നില്ല. അവിടുന്നു് വിവാഹത്തെ അനുഗ്രഹിച്ചു് ഒരു കൂദാശയായി ഉയർത്തി. ദൈവത്തിൻെറ സൃഷ്ടിയത്രയും നല്ലതുതന്നെ. എന്നാൽ അവിഭാജ്യമായ ദൈവസേവനത്തിനു് ഏററം പററിയതു് വിരക്ത ജീവിതമാണു്. വിവാഹിതൻ അവൻെറ ഹൃദയത്തെ പകുതി ഭാര്യയ്ക്കും പകുതി ദൈവത്തിനും കൊടുക്കുന്നു. അവിവാഹിതൻ ഹൃദയത്തെ മുഴുവനായി ദൈവത്തിനു കൊടുക്കുന്നു. തങ്ങളുടെ സ്നേഹം മററൊരു വ്യക്തിക്കു് അർപ്പിക്കുന്നതിനുള്ള ദാഹം ഈ സ്നേഹം ദൈവത്തിനു് അർപ്പിക്കുന്നതു കൊണ്ടു് വിഫലമാകുന്നില്ല. അതു കൂടുതൽ സമ്പുഷ്ടമാകുന്നതേയുള്ളൂ. തന്മൂലം അതിൽ പ്രകൃതിവിരുദ്ധമായി ഒന്നുമില്ല. ത്യാഗം അന്തർഭവിച്ചിട്ടില്ലെന്നു് വാദമില്ല. ഉത്തമാംശം സ്നേഹം ദൈവത്തിൽ കേന്ദ്രീകരിക്കുന്നതിനു് ബദ്ധപ്പെടുമ്പോൾ മനുഷ്യൻെറ അധമാംശം സൃഷ്ടികളിൽ കേന്ദ്രീകരിക്കുന്നതിനു് ബദ്ധപ്പെടുന്നു. ഉത്ഭവപാപം വഴി ആത്മാവിൽ അനുഭവപ്പെടുന്ന അരാജകത്വത്തിൻെറ ഫലമായി ഐന്ദ്രീക പക്ഷങ്ങൾ അരൂപിയ്ക്കു് വഴങ്ങാതെ സൃഷ്ടികളിലേയ്ക്കു് തിരിയുവാൻ ബദ്ധപ്പെടുന്നു. വിറകിട്ടുകൊടുക്കുന്നതിൻെറ തോതനുസരിച്ചു് മോഹാഗ്നി വളരുന്നു. അനുദിന ജീവിതത്തിൽ ബ്രഹ്മചാരിയേക്കാൾ ഏകഭാര്യയുള്ളവനും അതിനേക്കാൾ പല ഭാര്യമാരുള്ളവനും വേലിചാടുന്നതായിട്ടാണു് അനുഭവം. ഒട്ടും വിറകിട്ടുകൊടുക്കാത്തബ്രഹ്മചാരിയിലും ശരീരത്തിൻെറ ആകഷ്ണംഅവശേഷിക്കുന്നു. ഉൽകൃഷ്ടജീവിതവീക്ഷണത്തിൻെറ അഭാവത്തിൽഅതു് രഹസ്യത്തിലെങ്കിലുംഅപകടകരമായി വികസിക്കുവാനും പാടുണ്ടു്. ബുദ്ധിമുട്ടുണ്ടെങ്കിലും മനുഷ്യപ്രകൃതിക്കു് അതു് സാദ്ധ്യമാണു്. ബുദ്ധിമുട്ടില്ലെങ്കിൽ അതു് സ്നേഹത്തിൻെറ ഉരകല്ലാകുകയില്ല. എല്ലാം ജീവിതവീക്ഷണത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്.

ദൈവത്തിൻെറ അതിസ്വാഭാവികലബോറട്ടറിയിൽ മാംസത്തിൻെറ ആശകൾ അരൂപിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതു് പുതിയ വീഞ്ഞു് പഴയ തുകൽ കുടങ്ങളിൽ സൂക്ഷിച്ചുകൊണ്ടല്ല.

യോഗാഭ്യാസം കൊണ്ടോ തപശ്ചര്യകൾ വഴിയോ അല്ല ഉൽകൃഷ്ടമായ ജീവിത വീക്ഷണം അവതരിപ്പിച്ചുകൊണ്ടാണ്, ഐന്ദ്രിക വികാരങ്ങളെ ബുദ്ധിയുടെ നിയന്ത്രണത്തിൽ വരുത്തി ദൈവത്തിൽ കേന്ദ്രീകരിക്കുന്നതു്. തപശ്ചര്യയെ തള്ളിക്കളയുകയല്ല. അതും ആവശ്യമത്രേ. അതു് ചൂരൽ കഷായം പോലെയാണ്. കുട്ടികളെ നന്നാക്കിക്കൊണ്ടു വരുന്നതു് ചൂരൽ കഷായം കൊണ്ടല്ല ഉൽകൃഷ്ട ജീവിത വീക്ഷണം അവതരിപ്പിച്ചുകൊണ്ടാണ്. പ്രായമായി ഉൽകൃഷ്ട ജീവിതവീക്ഷണം സ്വീകരിക്കുന്നതിനുള്ള കഴിവു് വദ്ധിക്കുന്നതിന്റെ തോതനുസരിച്ചു് ചൂരൽ കഷായം കുറച്ചു കൊണ്ടുവരണം. ക്രിസ്തു ദോഷൈകദൃക്കല്ല. മനുഷ്യന്റെ ആശകളുടെ അന്ധമായ നിഗ്രഹമല്ല അവിടുന്നു് ആവശ്യപ്പെടുന്നതു്. കണ്ണുകൊട്ടത്തിരിക്കുന്നതു് അടച്ചുവയ്ക്കുവാനല്ല തുറന്നു് നോക്കിക്കാണുവാനാണ്. ഐന്ദ്രികമായ പക്ഷങ്ങൾ ശിക്ഷണത്തിനു് വിധേയമാക്കണമെന്നുമാത്രം. അരൂപിയുടെ പ്രവൃത്തികളെ പുഷ്ടിപ്പെടുത്തി ദൈവത്തിൽ കേന്ദ്രീകരിക്കുന്നതിലേയ്ക്കു് ഐന്ദ്രികപക്ഷങ്ങൾ ഔദാര്യമതികൾ നിഗ്രഹിക്കുന്നതിൽ പ്രകൃതിവിരുദ്ധമായി ഒന്നുമില്ല. ക്രിസ്തു ബ്രഹ്മചാരി ആയിരുന്നു. ഹെബ്രായ ബാലന്മാരുടെ വിവാഹ ആലോചനകൾ 12—ാമത്തെ വയസ്സിൽ ആണ് ആരംഭിച്ചിരുന്നതു്. ''എന്റെ പിതാവിന്റെ ജോലിയിൽ ഞാൻ ഏപ്പെട്ടിരിക്കേണ്ടതാകുന്നു എന്നു് നിങ്ങൾ അറിയുന്നില്ലേ?'' കുടുംബജീവിതത്തിനല്ല നേരിട്ടു് ദൈവശുശ്രൂഷയ്ക്കാണ് താൻനിയോഗിക്കപ്പെട്ടിരിക്കുന്നതെന്നു് ക്രിസ്തു വ്യക്തമാക്കി. അവിഭാജ്യ ദൈവസേവനത്തിനു് കുടുംബസ്നേഹത്തെ ദൈവസ്നേഹമാക്കി ഉയത്തണം. ബ്രഹ്മചാരികൾ ദൈവത്തെയാണ് തങ്ങളുടെ വരനായി സ്വീകരിക്കുന്നതു്. മനുഷ്യാത്മാവിന്റെ വരനാണ് ദൈവം. അവിഭാജ്യസ്നേഹം അപ്പിക്കുന്ന ബ്രഹ്മചാരിയിലാണ് ഈ ദാമ്പത്യം പൂണ്ണത പ്രാപിക്കുന്നതു്. സ്നേഹിക്കുന്ന ആളിനു് അവിഭാജ്യമായി സ്വയം അപ്പിക്കുന്നതിലത്രെ സ്നേഹത്തിന്റെ പൂണ്ണത. വധുവും വരനും യഥേഷ്ടം കൈകാര്യം ചെയ്യുന്നതിനായി സ്വയം മറുകക്ഷിക്കു് വിട്ടുകൊടുക്കുന്നു. ആത്മീയ യാഥാത്ഥ്യങ്ങളിൽ വിശ്വസിക്കാത്ത ലോകായതികനും ജഡിക സന്തോഷങ്ങൾ സവ്വസ്വവുമായി കരുതുന്നവനും ഇതെല്ലാം സുന്ദരസ്വപ്നങ്ങളായി പരിഗണിക്കുകയേയുള്ളു.

## അനുസരണ പ്രതിജ്ഞ

മൂന്നാമത്തെ ആഹ്വാനം തന്റെ കുരിശെടുത്തുകൊണ്ടു് തന്നെ പിഞ്ചെല്ലുവാനാണ്. ദൈവപ്രമാണങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെ എടുത്തു കളയുന്നില്ല. സ്വാതന്ത്ര്യത്തെ ക്രമീകൃതമാക്കുന്നതിനുവേണ്ടിയാണ് പ്രമാണങ്ങൾ. സ്വാതന്ത്ര്യത്തിന്റെ ഏററം വിശിഷ്ടമായ ഉപയോഗം അതു് യഥേഷ്ടം കൈകാര്യം ചെയ്യുന്നതിനു് ദൈവത്തിനു തന്നെവിട്ടുകൊടുക്കുകയാണ്. വിശിഷ്ടമെങ്കിലും ഏററംബുദ്ധിമുട്ടുള്ള കാര്യമത്രേ. മനുഷ്യൻഎന്നുപറയുന്നതു് അവൻറെസ്വാതന്ത്ര്യമാണ്. സ്വാ

തന്ത്ര്യം ദൈവത്തിനു് വിട്ടുകൊടുക്കുക എന്നതു് തന്നെത്തന്നെ ഇല്ലായ്മയാക്കുകയാണു്. ക്രിസ്തു കുരിശു മരണം വരെ കീഴ്വഴങ്ങി. സ്വാതന്ത്ര്യം അവനവൻ തന്നെ ദൈവപ്രമാണങ്ങൾ അനുസരിച്ചു് ഉപയോഗിക്കുക എന്നതു് ത്യാഗപരവും സ്തുത്യർഹവുമാണെന്നിരുന്നാലും വിപ്ലവപരമല്ല. ദൈവസ്നേഹത്തെ പ്രതി സ്വാതന്ത്ര്യം ദൈവത്തിനു വിട്ടുകൊടുക്കുക എന്നതു് വിപ്ലവപരമാണു്.

ധനികനായ യുവാവിനെ ഈ മൂന്നുതരത്തിലുള്ള പ്രതിഷ്ഠയ്ക്കാണു് ക്രിസ്തു ക്ഷണിച്ചതു്. മനുഷ്യനു് ഈ ലോകത്തിൽ ലഭിപ്പാൻ പാടുള്ള എല്ലാ ഭാഗ്യങ്ങളും ഇതുവഴിയായി വിട്ടൊഴിയുന്നു. ധനവും ശരീരസന്തോഷങ്ങളും സ്വാതന്ത്ര്യവും ഒഴിച്ചാൽ പിന്നെ മനുഷ്യനു് ഒന്നുമില്ല. ഈ മൂന്നു പ്രതിഷ്ഠ ക്രിസ്തുവിൻെറ കുരിശിലേയ്ക്കു് നമ്മെ തറയ്ക്കുന്ന മൂന്നാണികളാണു്. ഈ പ്രതിഷ്ഠ ക്രൈസ്തവരുടെ മൊത്തത്തിലുള്ള പ്രതിഷ്ഠയിൽ നിന്നും മൗലികമായി വ്യത്യസ്തമല്ല. അതിൻെറ പൂർത്തീകരണം മാത്രമാണു്.

ക്രിസ്തു ധനവാനായ ഈയുവാവിനെ ക്ഷണിച്ചതു് മനുഷ്യരെ പിടിക്കുന്നവനാകുവാനല്ല. അതു് അപ്പസ്തോലന്മാരുടെ ജോലിയാണു്. അപ്പസ്തോലന്മാരെപോലെ ഒരു അധികൃതസമൂഹമല്ല ഇവർ. തങ്ങളുടെ ത്യാഗപരമായ ജീവിതം വഴി ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാനാണു് ഇവർ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇത്തരം ജീവിതം വെറും നഷ്ടമായിട്ടാണു് ലോകത്തിലെ ''പ്രായോഗിക'' മനുഷ്യർ കരുതുന്നതു്. ധനവാനായ ആ യുവാവു് ക്രിസ്തുവിൻെറ ആഹ്വാനമനുസരിച്ചു് എല്ലാം ഉപേക്ഷിച്ചു് അവിടുത്തെ പിൻചെന്നുവെന്നിരിക്കട്ടെ. സമകാലീനർ അയാളെ പടു ഭോഷനായിട്ടുമാത്രമേ കരുതുകയുള്ളു. മറിയ മഗ്ദലേന വിലകൂടിയ തൈലം കൊണ്ടു് ക്രിസ്തുവിൻെറ പാദം അഭിഷേകിച്ചതു് വെറും നഷ്ടമായിട്ടാണു് അപ്പസ്തോലന്മാരടക്കം അന്നത്തെ ''പ്രായോഗിക'' മനുഷ്യരെല്ലാം കരുതിയതു്. അവിടുന്നു് അവളുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന സ്നേഹം ദർശിച്ചു. ''ഈ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം ഇതു് അവളുടെ സ്തുതിക്കായി പ്രകീർത്തിക്കപ്പെടും''. അവളുടെ ഔദാര്യവും സ്നേഹവും വിപ്ലവപരമായിരുന്നു. അവിടെ കൂടിയിരുന്ന ''പ്രായോഗിക'' മനുഷ്യരിൽ ആർക്കും ഇല്ലാതിരുന്ന ഒരു ഉൽകൃഷ്ടവീക്ഷണം അവൾക്കുണ്ടു്. പിറവിക്കുരുടനോടു് വെളിച്ചത്തെപ്പററി പറഞ്ഞാൽ അതെല്ലാം അയഥാർത്ഥമെന്നു് അയാൾ ജല്പിക്കുകയേയുള്ളൂ. സ്വയം കൊടുത്തുസ്നേഹിക്കുന്ന ദൈവം ഈ ''പ്രായോഗിക''മനുഷ്യർക്കു് അജ്ഞാതനാണു്. ഈ അജ്ഞാതനായ ദൈവത്തിനാണു് മറിയ മഗ്ദലൈത്താ സാക്ഷ്യം വഹിച്ചതു്. ദൈവത്തെ പ്രതിയെല്ലാം ഉപേക്ഷിച്ചു് അങ്ങേ പിഞ്ചെല്ലുന്നവരും പ്രായോഗികമനുഷ്യരുടെ ദൃഷ്ടിയിൽ ഭോഷന്മാരെങ്കിലും കൊടുത്തു് സ്നേഹിക്കുന്ന ദൈവത്തിനു് സാക്ഷ്യം വഹിക്കുന്നു.

പട്ടാളത്തിൽ ധൈര്യം വിലമതിക്കപ്പെടുന്നു. വിജ്ഞാനികളുടെ ഇടയിൽ പാണ്ഡിത്യം വിലമതിക്കപ്പെടുന്നു. ദൈവരാജ്യത്തിൽ സ്നേഹം ഒന്നുമാത്രമേ വിലമതിക്കപ്പെടുന്നുള്ളു. ഔദാര്യത്തിൻെറ തോതനുസരിച്ചാണ് ദൈവരാജ്യം മുന്നേറുന്നത്. ദൈവത്തിനു പത്തിൽ ഒമ്പതും കൊടുക്കുന്നവൻ പകുതിപോലും കൊടുക്കുന്നില്ല. ഔദാര്യപൂർവ്വം പത്താമത്തേതും കൊടുക്കുന്നവൻ മുഴുവനും കൊടുക്കുന്നു. ക്രിസ്തുവിനെ ഒരുവൻ മനുഷ്യരുടെ മുമ്പാകെ ഏററു പറയുവാൻ മുതിരുന്നപക്ഷം ക്രിസ്തു തൻെറ പിതാവിൻെറ പക്കൽ അയാളെ ഏററു പറയും. എല്ലാവരും ഒരേ രീതിയിലല്ല ഏററു പറയുന്നത്. ചിലർ തങ്ങളുടെ ചുടുരക്തം ചിന്തിക്കൊണ്ടു് സാക്ഷ്യം വഹിക്കുന്നു. മററു ചലർ രക്തസാക്ഷിത്വത്തിനു തുല്യമായ ത്യാഗ ജീവിതം വഴി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. ദൈവത്തിൻെറ ദൃഷ്ടിയിൽ അവരുടെ ഒളിക്കപ്പെട്ട ജീവിതമാണ് ദൈവരാജ്യത്തിൻെറ ജീവനാഡി. അവരുടെ പ്രാർത്ഥനാ ചൈതന്യത്തിൻെറഫലമായിട്ടാണ് പിതാവ് മനുഷ്യാത്മാക്കളെ തൻെറ പക്കലേയ്ക്കു് ആകർഷിക്കുന്നത്. പൌലോസിൻെറ വാക്കുകൾ സ്വീകരിക്കുന്നതിനു പട്ടുവ്യാപാരിണിയായ ലിദിയായുടെ ഹൃദയം തുറന്നത് വിശ്വാസികളുടെ പ്രാർത്ഥനാചൈതന്യത്തിൻെറ ഫലമായിട്ടത്രേ. പത്രോസ് കോർണ്ണേലിയസ്സിനെ സ്നാനപ്പെടുത്തുന്നതിനു മുമ്പുതന്നെ അയാൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നു. ദൃശ്യസഭയുടെ ദൃശ്യസേവനത്തിനുപുറമെ പരിശുദ്ധാത്മാവ് പ്രതിഷ്ഠിക്കപ്പെട്ട ആത്മാക്കളെ കരുവാക്കിക്കൊണ്ടു് ദൈവരാജ്യത്തെ മുന്നേററുന്നു.

പ്രതിഷ്ഠാജീവിതക്കാർ ക്രിസ്തീയ സഭയിലെ അധികൃതസമൂഹമല്ലെങ്കിലും സഭയ്ക്കു് അവഗണിയ്ക്കാവുന്ന ഒരു ഘടകമല്ല അതു്. അതിനെ സംഘടിപ്പിച്ചു് യഥായോഗ്യം കൈകാര്യം ചെയ്യുമ്പോഴാണ് സമ്പുഷ്ടമായ ഫലം ഉളവാകുന്നതു്. പ്രതിഷ്ഠാജീവിതക്കാർ സഭയുടെ നേതൃത്വത്തിൻ കീഴിൽ അവരുടെ പ്രവർത്തനങ്ങൾ സഭയുടെ പ്രയോജനത്തിനായി സംഘടിപ്പിക്കുമ്പോൾ നൂറുമേനി ഫലം പുറപ്പെടുവിക്കുന്നു. അവരുടെ ഭാഗധേയങ്ങൾ സഭയുടെ താല്പര്യങ്ങളുമായി സംമ്മേളിപ്പിക്കണം. അവർ നൂറുശതമാനം സഭയ്ക്കുവേണ്ടിയാണ്. സഭയുടെ താല്പര്യങ്ങളിൽ നിന്നു് വിഭിന്നമായ താല്പര്യങ്ങൾ അവർക്കുണ്ടാകുവാൻ പാടില്ല. അവർക്കു് നല്ലപ്പെട്ടിരിക്കുന്ന തലേന്തുകൾ സഭ മുഴുവനും വേണ്ടിയാണ്. അവർ സഭയുടെ ജീവനാഡിയായി വർത്തിക്കണം. സഭ ദൃശ്യരായ അധികാരികളാൽ നയിക്കപ്പെടുന്ന ഒരു ദൃശ്യസംഘടനയാണെങ്കിലും പഴയ നിയമത്തിൽ പ്രവാചകന്മാരെ ഉയർത്തിയതുപോലെ സഭയുടെ അതാതുകാലങ്ങളിലെ ആവശ്യാനുസരണം ഫ്രാൻസീസ് അസീസിയെപോലെ ദൈവീക ചൈതന്യം നിറഞ്ഞ ആളുകളെ ഉയർത്തുന്നു. അവർ സഭയ്ക്കു് വിധേയമായി പ്രവർത്തിക്കണം. സഭ അവരുടെ ദൌത്യത്തെ വിലമതിച്ചു് അവരുടെ

ദൈവീക ചൈതന്യത്തെ സഭാ നവീകരണത്തിനായി വിനിയോഗിക്കണം.

ധനവും ശാരീരിക സന്തോഷങ്ങളും സ്വന്തമനസ്സും ഉപേക്ഷിച്ചുകൊണ്ടുള്ള പ്രതിഷ്ഠാജീവിതം സ്വന്തം വിശുദ്ധീകരണത്തിനുവേണ്ടി മാത്രമല്ല. സഭയുടെ ആവശ്യങ്ങൾക്കുവേണ്ടികൂടെയാണ്. മൌതിക ശരീരത്തിൻെറ ശിരസ്സായ ക്രിസ്തുവാണ് പ്രതിഷ്ഠയുടെ വിഷയം. മൌതികശരീരത്തിൻെറ അവയവങ്ങളെ അവഗണിച്ചുകൊണ്ടുള്ള പ്രതിഷ്ഠ ഈ അവയവങ്ങളുമായി ഏകീഭവിച്ചിരിക്കുന്ന ക്രിസ്തുവിനു സ്വീകാര്യമായിരിക്കുകയില്ല. ക്രിസ്തുവിനെ പരിഗണിച്ചാണ് അവയവങ്ങൾക്ക് സേവനമനുഷ്ഠിക്കേണ്ടതു്. അവരുടെ സേവനത്തിൻെറ ഫലപ്രാപ്തി ആശ്രയിച്ചിരിക്കുന്നതു് സഭാധികാരികളോടുള്ള വിധേയത്വത്തിൻേറയും കൌദാശിക ജീവിതത്തിൻേറയും ത്യാഗസന്നദ്ധതയുടേയും പ്രാത്ഥനാജീവിതം വഴിയുള്ള ദൈവൈക്യത്തിൻേറയും തോതനുസരിച്ചാണ്. കാര്യശേഷിയും സാമത്ഥ്യവും മററു തുറകളിൽ ഫലം പുറപ്പെടുവിച്ചേക്കാം. ദൈവരാജ്യത്തിൽ ദൈവികസമ്പക്മൊണ് ഫലം പുറപ്പെടുവിക്കേണ്ടതു്. ധ്യാനപരമായ ജീവിതം വഴിയുള്ള ദൈവൈക്യം അത്ഭുതകരമായ ഫലം പുറപ്പെടുവിക്കും.

പ്രാത്ഥനാപരമായ ജീവിതം ഉപയോഗശൂന്യമെന്നു് കരുതുന്നവർ പലരുമുണ്ടു്. അവരുടെ ശക്തി മുഴുവനും ബാഹ്യപ്രവത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നു. കാര്യക്ഷമതയില്ലാത്തവരുടെ അഭയസ്ഥാനമായി പ്രാത്ഥനയെ കരുതുന്നവരുണ്ടു്. അതെല്ലാം മാനുഷികമായ ചിന്താഗതിയാണ്. യജമാനൻ ഭൃത്യനിൽനിന്നു് നന്മനസ്സിനേക്കാൾ കാര്യക്ഷമതയാണ് പ്രതീക്ഷിക്കുന്നതു്. എന്നാൽ വരൻ വധുവിൽനിന്നു് കാര്യക്ഷമതയേക്കാൾ സന്മനസ്സും വിശ്വസ്തതയുമാണ് പ്രതീക്ഷിക്കുന്നതു്. ക്രിസ്തു തൻെറ അനുയായികളിൽ നിന്നു് നന്മനസ്സും വിശ്വസ്തതയും മാത്രമേ പ്രതീക്ഷിക്കുന്നുള്ളു. ദൈവീക തുറയിൽ കാര്യക്ഷമതയേക്കാൾ ഫലം പുറപ്പെടുവിക്കുന്നതു് സന്മനസ്സും വിശ്വസ്തതയുമാണ്. കാര്യക്ഷമതയും ബാഹ്യപ്രവത്തനങ്ങളും വേണ്ടെന്നല്ല വാദം. അവയെല്ലാം ആവശ്യമാണ്. അതിനുവേണ്ടി പ്രയത്നിക്കുകയും വേണം. എന്നാൽ അത്യാവശ്യമായ കാര്യം ഒന്നേയുള്ളു. മറിയം അതു് (നല്ലഭാഗം) തിരഞ്ഞെടുത്തിരിക്കുന്നു.

മത്തായും അവളുടെ വക്താക്കളും വാദിക്കുന്നതു് മറിയം മടിച്ചിയും സമുദായത്തിൻെറ ഇത്തിക്കണ്ണിയും ആണെന്നും തന്മൂലം അവളെ ജോലിക്കു് പറഞ്ഞയയ്ക്കണമെന്നുമാണ്. എന്നാൽ ക്രിസ്തു ഈ അഭിപ്രായത്തെ ശരിവയ്ക്കുകയുണ്ടായില്ല. ഒരു പുതിയ ജീവിത വീക്ഷണം

അവതരിപ്പിക്കുകയാണ് അവിടുന്ന് ചെയ്തതു്. പ്രാർത്ഥനാ ജീവിതം അലസതയോ സമുദായത്തിൻെറ മേലുള്ള ചൂഷണമോ അല്ല. ദൃശ്യമല്ലെങ്കിലും പ്രാർത്ഥന അത്യുഗ്രമായ പ്രവർത്തനമാണ്. സമുദായത്തിൻെറ പുരോഗതിക്ക് കായികാദ്ധ്വാനം മാത്രമല്ല ആവശ്യം. ജോലികളുടെ വിഭജനം പ്രവൃത്തികളുടെ കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്നു. ദൃശ്യമായ ലോകം മാത്രമേ ഉള്ളുവെങ്കിൽ പ്രാർത്ഥനകൊണ്ടു് തങ്ങൾക്കാകട്ടെ മററുള്ളവർക്കാകട്ടെ യാതൊരു പ്രയോജനവുമില്ല. എന്നാൽ ദൈവപരിപാലന ലോകത്തെ ക്രമീകരിക്കുന്നുവെങ്കിൽ ലോകത്തിൻെറ ഭൌതിക പുരോഗതിക്കുപോലും പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. ധ്യാന ജീവിതം വഴി മനുഷ്യൻ സംസ്കരിക്കപ്പെടുന്നപക്ഷം ഭൂമി സ്വർഗ്ഗമായിത്തീരും. പ്രകൃതിയുടെ മാക്കററിൽ ധ്യാനപരമായ ജീവിതത്തിന് വിലയില്ലെങ്കിൽ പ്രകൃത്യാതീതമാക്കററിൽ വളരെയധികം വിലയുണ്ടു്. മനുഷ്യൻെറ കഴിവുകളെല്ലാം പരമാവധി സാമ്പത്തികോല്പാദനത്തിനുവേണ്ടി ചിലവഴിക്കണമെന്നുള്ള വാദം അവിടുത്തേയ്ക്കു് സ്വീകാര്യമല്ല. മനുഷ്യൻ സസ്യപരമായ ജീവിമാത്രമാണെങ്കിൽ കഴിവുകളെല്ലാം ഭക്ഷ്യോല്പാദനത്തിനുവേണ്ടി ചിലവാക്കുന്നതു് മനസ്സിലാക്കാം. മനുഷ്യന് ഐന്ദ്രികവും ബുദ്ധിപരവും ദൈവികവുമായ ജീവനുണ്ടെങ്കിൽ കഴിവുകളെല്ലാം ഭക്ഷ്യോല്പാദനത്തിൽ ചിലവഴിക്കുന്നതു് ശരിയല്ല. ജോലികളുടെ വിഭജനം സാമൂഹ്യ ആവശ്യങ്ങൾ ഓരോരുത്തൻേറയും കഴിവു്, വാസന, അഭിരുചി എന്നിങ്ങനെ പല ഘടകങ്ങളെ പരിഗണിച്ചാണ് നിർവ്വഹിക്കേണ്ടതു്. മർത്തായുടെ അഭിരുചി പാചകജോലിയ്ക്കും മറിയത്തിൻേറതു് ധ്യാനപരമായ ജീവിതത്തിനുമായിരിക്കാം. സമൂഹത്തിന് ഇവരണ്ടിൻെറയും ആവശ്യമുണ്ടു്. ഓരോരുത്തനും അവനവൻെറ വാസനയനുസരിച്ചു് പ്രവർത്തിക്കട്ടെ. രണ്ടും ആവശ്യമാണ്. മർത്താ മറിയത്തോടൊന്നിച്ചു ഉപദേശം കേട്ടുകൊണ്ടിരുന്നാൽ ക്രിസ്തു പട്ടിണികിടക്കേണ്ടതായിവരും. എന്നാൽ അവിടുന്ന് അവരുടെ പലഹാരം തിന്നാൻ വന്നിരിക്കുകയല്ല. അതുകൊണ്ടു് ഭക്ഷണം വേണ്ടാ എന്നല്ല അർത്ഥം. വല്ലതും ഒരു കറിയുണ്ടാക്കിയാൽ മതി. അതു കഴിഞ്ഞു് അവളും വന്നു് ഉപദേശം കേൾക്കുവാനാണ് അവിടുത്തെ ആഹ്വാനം. ഏതായാലും പാചകവൃത്തി തന്നിൽത്തന്നെ ഒരു അന്ത്യമല്ല. അതിനെ ഒരു പ്രാർത്ഥനയായി പകർത്താമെന്നുമാത്രം. ധ്യാനപരമായ ജീവിതം തന്നിൽത്തന്നെ ഒരു അന്ത്യമാണ്. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തു. അതു അവളിൽ നിന്നു് എടുക്കപ്പെടുകയുമില്ല.

എല്ലാം ദൈവത്തെ പ്രതി വിട്ടൊഴിഞ്ഞ പ്രതിഷ്ഠാജീവിതക്കാർ ആയുഷ്ക്കാലം മുഴുവനും ''പിതാവിൻെറ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിനുവേണ്ടി അവർ എല്ലായ്പ്പോഴും പ്രാർത്ഥനയിലും അദ്ധ്വാനത്തിലും (ora et labora) ഏർപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതം ക്രിസ്തുവിൻെറ ജീവിതത്തിൻെറ ശ

രി പകപ്പാണ്. 30 വയസ്സുവരെയുള്ള ക്രിസ്തുവിൻെറ ജീവിതം അ ദ്ധ്വാനത്തിൻെറയും പ്രാൎത്ഥനയുടെയും ജീവിതമായിരുന്നു. പരസ്യ ജീവിതം വളരെ ജോലിത്തിരക്കുള്ളതെങ്കിലും ഗണ്യമായ ഒരു ഭാഗം പ്രാൎത്ഥനയിൽ ആണു് കഴിച്ചു കൂട്ടിയതു്. അതു് 40 ദിവസത്തെ പ്രാൎത്ഥനയും ഉപവാസവും കൊണ്ടാരംഭിച്ചു. പലപ്പോഴും രാത്രിമുഴ വനും മലയിൽ കയറി പ്രാൎത്ഥനയിൽ കഴിച്ചുകൂട്ടിയതായി സുവിശേ ഷങ്ങരം സാക്ഷിക്കുന്നു. ധ്യാനപരമായ ജീവിതംവഴി അവർ ദൈവ ഐക്യത്തിൽ ജീവിക്കുന്നു. കൌദാശിക ജീവിതത്തിൽ ക്രിസ്തു ആ ത്മാവുമായി സജീവസമ്പൎക്കം പാലിക്കുന്നതു് അടയാളങ്ങരം വഴിയ ത്രേ. അതിനെ പുഷ്ടിപ്പെടുത്തേണ്ടതു് ധ്യാനം വഴി നേരിട്ടു് വ്യക്തി പരമായ സമ്പൎക്കം പുലൎത്തിക്കൊണ്ടാണു്. വ്യക്തിപരമായ ഈ ഐ ക്യം ആത്മാവിനെ രൂപാന്തരപ്പെടുത്തുന്നു. സുകൃതവാന്മാരുമായുള്ള സ മ്പൎക്കം നമ്മെ സുകൃതവാന്മാരാക്കിത്തീൎക്കുന്നു. ദൈവവുമായുള്ള സമ്പ ൎക്കം നമ്മെ ദൈവതുല്യരാക്കിത്തീൎക്കുന്നു. പ്രാൎത്ഥനാപരമായ അവ രുടെ ജീവിതമാണു് അവരുടെയും സഭ മുഴുവൻെറയും ശക്തികേന്ദ്രം.

അവരുടെ ബാഹ്യ പ്രവൎത്തനങ്ങളത്രയും പ്രാൎത്ഥനാജീവിത ത്തിൻെറ പരിണതഫലമായിരിക്കണം (contemplata aliis trad- ere) ഓരോരുത്തരുടെയും തുറയിലും പരിധിയിലും മററുള്ളവരുടെ ആ ത്മരക്ഷയ്ക്കായി പ്രതിഷ്ഠാജീവിതക്കാർ പരമാവധി ശ്രമിക്കണം. ധ്യാ നപരമായ ജീവിതമായിരിക്കണം അവരുടെ പ്രേഷിതജീവിതത്തി ന്നു് ജീവൻനല്കുന്നതു്. ബാഹ്യമായപ്രവൎത്തനങ്ങരം ധ്യാനപരമായ ജീ വിതത്തെ മന്ദീഭവിപ്പിക്കും എന്നുള്ള വാദം സ്വീകാൎയ്യമല്ല. കൃത്രിമ പുഷ്പങ്ങരം കാററും വെയിലും കൊണ്ടാൽ അതിൻെറ ഭംഗി നഷ്ടപ്പെ ടും. എന്നാൽ സ്വാഭാവിക പുഷ്പങ്ങരം കാററും വെയിലും കൊണ്ടാൽ അതിൻെറ ഭംഗി വൎദ്ധിച്ചുവരും. യഥാൎത്ഥമായ ധ്യാനജീവിതം പ്രേ ഷിതവേല വഴിയായി പുഷ്ടിപ്പെടുകയേയുള്ളു. യഥാൎത്ഥമായ ധ്യാന ജീവിതം സേവനത്തിനു് ഒരുക്കുന്നു.

പരസ്നേഹം ലോകായതികർ ഭാവിക്കുന്നതുപോലെ അത്ര എളു പ്പമുള്ള സുകൃതമല്ല. അവൎക്കു് പരസ്നേഹം മതത്തോടു് യാതൊരു ബ ന്ധവുമില്ലാത്ത ഭൌതിക സുകൃതമത്രേ. പരസ്പരം അധികമൊന്നുമടു ക്കാതെ കുറെ അകലെനിന്നു് സ്നേഹിച്ചാൽ അതു് നീണ്ടുനില്ക്കും. പ്ര കൃതിജന്യമായ സ്നേഹത്തെ നിഷേധിക്കുന്നില്ല. അതു് പലപ്പോഴും യ ഥാൎത്ഥവുമത്രേ. തീൎത്തും നിസ്വാൎത്ഥമായി പ്രവൎത്തിക്കുന്ന അവസര ങ്ങളുണ്ടു്. ഒന്നും പഠിക്കാതെ സ്വാഭാവിക വാസനകൊണ്ടുമാത്രം പഠി ച്ചവരെക്കാരം നന്നായി പ്രസംഗിക്കുന്ന പ്രാസംഗികന്മാരില്ലേ? അ തിൽനിന്നു് പഠിക്കേണ്ട ആവശ്യമില്ല എന്നു് അനുമാനിക്കുന്നതു് ബുദ്ധിപൂൎവ്വകമായിരിക്കുകയില്ല. സ്വാഭാവിക വാസനയെ പഠനം പൂ ൎണ്ണതപ്പെടുത്തും. ഭൂരിപക്ഷം ആളുകരംക്കും പഠനം ആവശ്യവുമാണു്. അടുത്തു സ്നേഹിച്ചുകഴിഞ്ഞാൽ അതു് പലപ്പോഴും ഭയങ്കര ശത്രുതയി

ലാണ് അവസാനിക്കുക. ചിലപ്പോൾ കൊലപാതകത്തിൽ അവസാനിച്ചെന്നുവരും. യഥാർത്ഥ പരസ്നേഹത്തിനുള്ള തടസ്സം സ്വാർത്ഥമാണ്. ധ്യാനപരമായ ജീവിതത്തിന്റെ ഫലമായി സ്വാർത്ഥം നീങ്ങി യഥാർത്ഥമായ കൊടുത്തുകൊണ്ടുള്ള പരസ്നേഹത്തിൽ എത്തിച്ചേരണം.

പ്രതിഷ്ഠാജീവിതം നയിച്ചിരുന്ന ആദ്യക്രിസ്ത്യാനികൾക്ക് ഒരു ഹൃദയവും ഒരു ആത്മാവും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. യൂദമതത്തിലെ എസ്സീനിയർ എന്ന സന്യാസസമൂഹത്തിന്റെ മോഡലിൽ ആണ് ഈ സമൂഹം രൂപമെടുത്തതെന്ന് തോന്നുന്നു. അവർക്ക് പുറമെ മററുമതങ്ങളിലും സന്യാസസമൂഹങ്ങളെ കാണുമാനുണ്ട്. അവർ തപസ്സ് ശുദ്ധികർമ്മങ്ങൾ എന്നിവയിലാണ് നിഷ്കർഷിക്കുന്നത്. നേരെമറിച്ച് ക്രിസ്തീയ പ്രതിഷ്ഠാജീവിതത്തിന്റെ മർമ്മസ്ഥാനം ദൈവസ്നേഹവും അതിന്റെ പരിണതഫലമായ പരസ്നേഹവുമാണ്. ദൈവസ്നേഹത്തിൽ വർദ്ധിക്കുന്നതു് പരസ്നേഹം വഴിയാണ്. ദൈവത്തെ ആരും കാണുന്നില്ല. സഹോദരനെ കാണാം. സഹോദരനിൽ ദൈവത്തെ കാണാം. സഹോദരനെ സ്നേഹിച്ചുകൊണ്ടാണ് ദൈവത്തെ സ്നേഹിക്കേണ്ടതു്. താദൃശമായ പരസ്നേഹത്തിന്റെ ഫലമായിട്ട് ഒരു ഹൃദയവും ഒരു ആത്മാവും എന്ന നിലയിൽ ആ സമൂഹം ഐക്യപ്പെട്ടിരുന്നു. ഈ സ്നേഹം വെറും ചക്കരവാക്കിലല്ല സ്ഥിതിചെയ്യുന്നതു്. അവർ തങ്ങൾക്കുള്ളതെല്ലാം വിററ് അപ്പസ്തോലന്മാരെ ഏല്പിച്ചു. ആർക്കും സ്വന്തമായി ഒന്നും ഉണ്ടായിരുന്നില്ല. എല്ലാവരുടെയും ആവശ്യങ്ങൾ നിവ്വഹിക്കപ്പെട്ടിരുന്നു. കൂടുതൽ കൊടുത്തവർക്ക് ആവലാതിയോ അസൂയയോ ഇല്ല. അരൂപിയുടെ സന്തോഷം മററുതുറകളിൽ നിന്നുള്ള വിഷമങ്ങളെ നികത്തി. ധനം വിട്ടുപേക്ഷിക്കുവാൻ വിസമ്മതിച്ച ധനവാനായ യുവാവ് ക്രിസ്തുവിന്റെപക്കൽനിന്നും ദുഃഖത്തോടെ വീട്ടിലേയ്ക്കു് മടങ്ങി. തങ്ങൾക്കുള്ളതെല്ലാം വിററ് അപ്പസ്തോലന്മാരെ ഏല്പിച്ച ഈ വീരാത്മാക്കൾ സമൂഹത്തിന്റെ ജീവിതത്തിൽ ഓഹരി പററിക്കൊണ്ട് സംതൃപ്തരും ഭാഗ്യവാന്മാരുമായി കഴിഞ്ഞിരുന്നു. ''അവർ എല്ലാ ദിവസവും ഏക മനസ്സോടെ ദേവാലയത്തിൽ ദീർഘനേരം ചിലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും സന്തോഷത്തോടും ഹൃദയനിഷ്കപടതയോടും കൂടി ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തിരുന്നു. (അപ്പ. നടപടി. 2. 46-47).

എസ്തപ്പാനോസും അപ്പസ്തോലന്മാരും തങ്ങളുടെ ചുടുരക്തംകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വരിച്ചതുപോലെ ഈ വീരാത്മാക്കളും തങ്ങളുടെ ത്യാഗം വഴിയും ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു. ഇതിന്റെ ഫലമായി ''നമ്മുടെ കർത്താവു് രക്ഷപ്രാപിക്കേണ്ടവരെ എല്ലാദിവസവും സഭയിൽ വദ്ധിപ്പിച്ചുകൊണ്ടുമിരുന്നു''. വീരോചിതമായ ഈ

പരസ്നേഹത്തിനു് പ്രചോദനം നല്കിയിരുന്നതു് അവരുടെ പ്രാൎത്ഥനാ ജീവിതവും ബലിയൎപ്പണം മുറിക്കലുമായിരുന്നു. ദരിദ്ര സംരക്ഷണത്തിന്റെ ഭാരം സഭ ഏറെറടുത്തു. പ്രാദേശിക സഭകൾ അന്യോന്യം സഹായിച്ചിരുന്നു. റോമാക്കാർ ഓർശ്ലം പിടിച്ചെടുക്കുന്നതുവരെ ഈ സമൂഹം നീണ്ടുനിന്നു എന്നുവേണം പ്രതീക്ഷിക്കുവാൻ. ഇടച്ചുകളും പരീക്ഷണഘട്ടങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അനനിയായും സഫീറായും തങ്ങളുടെ കാഴ്ചദ്രവ്യത്തിൽനിന്നു് ഒരു ഭാഗം മാററിവച്ചതിനു് ദൈവം അവരെ മാതൃകാപരമായി ശിക്ഷിച്ചു. ഇത്തരം സംഭവങ്ങൾ പിന്നെയും ഉണ്ടായി എന്നുവരാം. അവിടവിടെയായി ചില്ലറ അപവാദങ്ങൾ ഉണ്ടായിരുന്നാലും ഈ സമൂഹം സുവിശേഷ ആദൎശം പൂൎണ്ണമായി പാലിച്ചുകൊണ്ടു് ചരിത്രം സൃഷ്ടിച്ചു.

ഔദാര്യമതികൾ പലപ്പോഴും കലപ്പയ്ക്കു് കൈവച്ചശേഷം പുറകോട്ടു തിരിഞ്ഞു് നോക്കുകയായി. അവർ വളരെ എളുപ്പത്തിൽ വഴി പിഴച്ചുപോകുകയും അവരുടെ തീക്ഷ്ണത മതഭ്രാന്തായി പകരുകയും ചെയ്യുന്നു. പ്രതിഷ്ഠാജീവിതം നയിച്ചിരുന്ന ഈജിപ്തിലെ വനവാസികളുടെ ഇടയിൽ സൎവ്വത്രഅരാജകത്വമായിരുന്നു അനുഭവം. ദൈവസ്നേഹമോ പരസ്നേഹമോ അല്ല തപശ്ചര്യകളുടെ പ്രകടനവും മത്സരവുമായിരുന്നു അവരുടെ പ്രതിഷ്ഠാജീവിതത്തിന്റെ മൎമ്മസ്ഥാനം. ഒരാൾ ഒരു തൂണുണ്ടാക്കി അതിൽ കയറിയിരുന്നു് തപസ്സുചെയ്യുമ്പോൾ മറെറാരാൾ അതിലും പൊക്കമുള്ള തൂണുണ്ടാക്കി അതിൽ കയറിയിരുന്നു് തപസ്സുചെയ്യുകയായി. വനാന്തരം മുഴുവൻ പിരി അയഞ്ഞ ആളുകളെ കൊണ്ടു് നിറഞ്ഞു. കാലാന്തരത്തിൽ അവരെല്ലാം സംഘടിച്ചു് വനവാസികളുടെ ഗ്രാമങ്ങളും പട്ടണങ്ങളും രൂപീകൃതമായി. ഇടുങ്ങിയ പ്രാദേശികമനോഭാവം അവരിൽ വളൎന്നു. അപ്പസ്തോലിക പരാമാധികാരത്തേക്കാൾ ആഫ്രിക്കൻ ദേശീയത്വത്തിനു മുൻഗണനന നല്കികൊണ്ടു് അലക്സാന്ത്രിയൻ പാത്രിയൎക്കീസിനെ അവർ അന്ധമായി പിഞ്ചെല്ലുകയായി. ജാതിതലവനോടുള്ള അന്ധമായ വിധേയത്വമാണു് ആഫ്രിക്കരുടെ പ്രത്യേകത. പാത്രിയൎക്കീസ് ഏക സ്വഭാവ പാഷണ്ഡതയിൽ പതിച്ചപ്പോൾ പട്ടികളെപ്പോലെ ഈ സ്വാമിഭക്തന്മാർ അയാളെ അന്ധമായി പിഞ്ചെന്നു. തീക്ഷ്ണത മതഭ്രാന്തായി പകൎന്നു. സ്നേഹവിപ്ലവം മുന്നേററുന്നതു് വാളുകൊണ്ടാണുപോലും! ആയിരക്കണക്കിനു് സന്യാസികൾ ആയുധം ധരിച്ചു് യജമാനന്റെ പക്ഷത്തു് യുദ്ധം ചെയ്യുകയായി.

ബസിലിയോസ് ബെനദിക്തോസ് എന്നിവരുടെ നേതൃത്വത്തിൽ രൂപമെടുത്ത സന്യാസസഭകൾ തങ്ങളുടെ വിധേയത്വം മുഴുവനും അൎപ്പിച്ചിരുന്നതു് സഭയുടെ പരാമാധ്യക്ഷനായ പാപ്പായ്ക്കാണു്. മെത്രാന്മാർ രാജപക്ഷത്തു അണിനിരക്കുമ്പോൾ പാപ്പായുടെ ഭാഗത്തു് അണിനിരക്കുവാൻ അവശേഷിച്ചതു് സന്യാസികളാണു്. പാ

പ്പാസ്റ്റ് വിധേയത്വം നല്കിയെങ്കിലും വാളെടുത്തു മതം പ്രചരിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായില്ല. സേവിച്ചുകൊണ്ടും ശുശ്രൂഷിച്ചുകൊണ്ടും വിപ്ലവം മുന്നേറുകയായിരുന്നു അവരുടെ ലക്ഷ്യം. അവർ കാട്ടുജാതികളോട് സുവിശേഷം പ്രസംഗിക്കുകയും ചതുപ്പുഭൂമി വററിച്ച് കൃഷിചെയ്യുകയും കാട്ടാളന്മാരെ വസ്ത്രമുടുപ്പിച്ച് വിദ്യ അഭ്യസിപ്പിക്കുകയും സർവ്വകലാശാലകളും, അഗതി മന്ദിരങ്ങളും ആസ്പത്രികളും സ്ഥാപിക്കുകയും ചെയ്തു. യൂറോപ്പിയൻ സംസ്കാരത്തിൻെറ അടിത്തറ പാകിയതും അവർതന്നെ.

അദ്ധ്വാനവും പ്രാർത്ഥനയും വഴി സ്നേഹവിപ്ലവത്തെ മുന്നേററുന്ന ഒരു ലബോറട്ടറിയാണ് ബെനദിക്തോസ് സ്ഥാപിച്ചതു്. ക്രിസ്തുവിൻെറ ദൃശ്യസഭ ഒരു ലബോറട്ടറിയാണെന്ന് നാം കണ്ടുകഴിഞ്ഞു. അതു് പ്രകൃതി ലബോറട്ടറിപോലെ ഒരു പൊതുലബോറട്ടറിയാണ്. ഒരു പ്രത്യേക വസ്തുവിൻെറ പഠിനത്തിനും ഗവേഷണത്തിനുമുള്ള പരീക്ഷണ ശാലയേയാണ് നാം സാമാന്യമായി ലബോറട്ടറി എന്നു പറയുന്നതു്. ബെനദിക്തോസിൻെറ സഭയിൽ അഥവാ ലബോറട്ടറിയിൽ ഈജിപ്തിലെ സന്യാസികളുടേതുപോലുള്ള അത്യുഗ്രമായ തപശ്ചര്യകളൊന്നുമില്ല. അത്യുഗ്രമായ തപസ്സിനുള്ള കഴിവ് അപൂർവ്വം ആളുകൾക്കേ ഉണ്ടാകുകയുള്ളു. മനസ്സിൻെറ പ്രതിഷ്ഠയാണ് കാര്യമായിട്ടുള്ളതു്. നന്മനസ്സുള്ളവർക്കെല്ലാം ഏററം ഉന്നതമായ വിശുദ്ധിയിൽ എത്തുന്നതിനുള്ള കഴിവുണ്ടാകണം. അതിനു് സാമാന്യജനങ്ങളുടെ കഴിവിൽ പെട്ട നിയമങ്ങളുടെ അനുഷ്ഠാനം മതിയാകും. അന്ധമായ അനുഷ്ഠാനങ്ങളല്ല അവസ്ഥ് പ്രേരണ നല്കുന്ന ദൈവസ്നേഹമാണ് വിശുദ്ധീകരിക്കുന്നതു്. ഒരാൾക്ക് എത്രമാത്രം സ്നേഹിക്കുവാൻ കഴിവുണ്ടോ അത്രയും വിശുദ്ധിയിൽ എത്തിച്ചേരാം. എളിമ, അനുസരണം, പരസ്നേഹം, സേവനം എന്നിവയെല്ലാമാണ് വിശുദ്ധിയുടെ ഉരകല്ല്. കസർത്തുപോലുള്ള തപശ്ചര്യകൾക്കൊന്നും അവിടെ ഒരു സ്ഥാനവുമില്ല. ഈ വിശുദ്ധി പുറമെയുള്ളവരിലേയ്ക്കും പകർന്നു കൊടുക്കണം. കുടുംബജീവിതക്കാർക്കും അവരുടെ ഔദാര്യത്തിൻെറ തോതനുസരിച്ച് ഏററം ഉന്നതമായ വിശുദ്ധി പ്രാപ്യമാക്കിത്തീർക്കണം. അദ്ധ്വാനത്തെ പവിത്രീകരിക്കണം. അദ്ധ്വാനത്തെ ഒരു പ്രാർത്ഥനയായി പകർത്തണം. അതിസ്വാഭാവികമായ ഒരു ജീവിതവീക്ഷണം അവർക്ക് നല്കണം. അവരുടെ മക്കളെ ക്രിസ്തീയ അന്തരീക്ഷത്തിൽ വളർത്തിക്കൊണ്ടുവരണം. ബെനദിക്തൻ ആശ്രമങ്ങളെല്ലാം ദൈവശാസ്ത്രകളരികളായിതീർന്നു. ദൈവശാസ്ത്രത്തിൻെറ പ്രേരണയിൽ ഭൌതികശാസ്ത്രങ്ങളും കലകളും മുന്നേറുകയും അങ്ങനെ മനുഷ്യവർഗ്ഗം സൃഷ്ടിപരമായ പുരോഗമനത്തിൻെറ പാതയിൽ എത്തിച്ചേരുകയും ചെയ്തു.

## ഉപസംഹാരം

സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ മുദ്രാവാക്യങ്ങളോടുകൂടിയാണ് ഫ്രഞ്ചുവിപ്ലവം ആരംഭിച്ചതു്. അവിടെ സ്വാതന്ത്ര്യത്തിൽ

നിന്നാണ് സമത്വവും സഹോദര്യവും ഉണ്ടാകേണ്ടതു്. ഇവയൊന്നും ഉണ്ടായില്ല. സ്വാതന്ത്ര്യം ദുഷ്ടന്റെ സ്വാതന്ത്ര്യമായും ശിഷ്ടന്റെ അടിമത്തമായും പരിണമിച്ചു. സ്വതന്ത്ര ഉൽപാദനവും സ്വതന്ത്രവിപണിയും എന്നേക്കുമായി തിരോധാനം ചെയ്തു. ഗവമ്മെണ്ടു് സാമാനങ്ങളുടെ വില നിശ്ചയിക്കുന്നതു് കരിഞ്ചന്തക്കാരെ രസിപ്പിക്കുകയേയുള്ളു. അസമത്വം വദ്ധിച്ചു. തൊഴിൽ സംഘടനകളെല്ലാം നിയമവിരുദ്ധമാക്കി. ധനവാൻ കൂടുതൽ ധനവാനും ദരിദ്രൻ കൂടുതൽ ദരിദ്രനും ആയിത്തീൎന്നു. സാഹോദര്യത്വം കൂട്ടക്കൊലയിൽ ആണു് എത്തിച്ചേൎന്നതു്. കമ്മ്യൂണിസ്റ്റുവിപ്ലവം സമത്വം കൊണ്ടാരംഭിക്കുന്നു. സമത്വമുണ്ടായാൽ സ്വാതന്ത്ര്യവും സാഹോദര്യത്വവുമുണ്ടാകുമെന്നാണു് അവരുടെ വാദം. അവിടെയും ഇവയിൽ ഒന്നും ഉണ്ടായില്ല. സ്വാതന്ത്ര്യം എന്നു പറയുന്നതു് പാൎട്ടിയുടേയോ പാൎട്ടിവക്താക്കളുടേയോ അരാജകത്വപരമായ സ്വാതന്ത്ര്യമല്ല രാജ്യത്തെ ഓരോ വ്യക്തിയുടെയും നിയമത്തിനുവിധേയമായ സ്വാതന്ത്ര്യമാണു്. സഖാവു് സഹോദരനല്ല. പാൎട്ടിയുടെ നിക്ഷിപ്ത താല്പര്യങ്ങളാണു് സഖിത്വത്തിനു് നിദാനം. പാൎട്ടി അംഗങ്ങൾ മാത്രമേ സഖാക്കളായുള്ളതാനം. മററുള്ളവവരെല്ലാം ചൂഷണം ചെയ്യപ്പെടേണ്ടവർഅത്രേ.

ക്രിസ്തു ആരംഭിച്ച സാഹോദര്യത്വ വിപ്ലവം ഭൂമുഖത്തുള്ള എല്ലാ മനുഷ്യരേയും സഹോദരന്മാരാക്കുകയും സാഹോദര്യത്വത്തിൽ നിന്നു് പുറപ്പെടുന്ന നിയമത്തിനു വിധേയമായ സ്വാതന്ത്ര്യവും സഹോദരന്മാക്കുടുത്ത സമത്വവും ഭദ്രമാക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരന്മാരുമത്രേ. എല്ലാ മനുഷ്യരും അവിടുത്തെ മൌതീകശരീരത്തിന്റെ അവയവയങ്ങളത്രേ. ഈ ഐക്യം ഐഹിക ജീവിതത്തോടു കൂടി അവസാനിക്കാനുള്ളതുമല്ല. ഒരു അവയവയത്തിന്റെ സുഖദു:ഖങ്ങൾ മററു് അവയവങ്ങളേയും ബാധിക്കും. മരണാനന്തരജീവിതത്തിൽ ഒരു സഹോദരന്റെ മഹത്വം മററെല്ലാ സഹോദരന്മാരേയും ഭാഗ്യപ്പെടുത്തും.

സാഹോദര്യത്തിൽനിന്നനുഭവിക്കുന്ന സ്വാതന്ത്ര്യം മൃഗങ്ങളുടെ സ്വാതന്ത്ര്യമല്ല ദൈവമക്കളുടെ സ്വാതന്ത്ര്യമാണു്. ശക്തിയല്ല സത്യമാണു് അവരെ സ്വതന്ത്ര്യരാക്കുന്നതു്. തിന്മ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമല്ല നന്മ ചെയ്യുന്നതിള്ള സ്വാതന്ത്ര്യമാണു്. സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം മനുഷ്യന്റെ പുരുഷാത്മകത്വമാണു്. മനുഷ്യവ്യക്തി സമൂഹത്തിന്റെ സ്പെയർ പാൎട്ടു് അല്ല. ഓരോ മനുഷ്യനും തന്നിൽത്തന്നെ ഒരു അന്ത്യമാണു്. മനുഷ്യൻ പ്രകൃതിയുടെ ഒരു ഭാഗമല്ല. പ്രകൃതിയാതീതമായ ഒരു ദൌത്യം അവനുണ്ടു്. ഈ ദൌത്യ നിവ്വണത്തിനുവേണ്ടി പ്രകൃതിജന്യവും ദൈവദത്തവും അലംഘനീയവുമായ അവകാശങ്ങൾ അവനുണ്ടു്. ലോകത്തിൽ ഒരു മനുഷ്യനും മററൊരുവന്റെമേൽ (തള്ളയ്ക്കു് സ്വന്തം കുഞ്ഞിന്മേൽ പോലും) സ്വതേ ഒരു അധികാരമ

DHARMARAM COLLEGE LIBRARY, BANGALORE. 20981

ല. എല്ലാ അധികാരവും ദൈവത്തിൽനിന്നത്രേ, പ്രകൃതിജന്യ
യ സമൂഹങ്ങളിൽക്കൂടി ദൈവം തൻെറ അധികാരം വിതരണം ചെ
യ്യുന്നു. മാതാപിതാക്കന്മാൎക്കും രാഷ്ട്രീയാധികാരികാംക്കും അധികാരം
കൊടുത്തിരിക്കുന്നതു് തങ്ങളുടെ കീഴുള്ളവരെ ശുശ്രൂഷിക്കുവാനാ
ണ്. മക്കാം മതാപിതാക്കന്മാൎക്കുവേണ്ടിയല്ല മാതാപിതാക്കാം മക്കാം
ക്കുവേണ്ടിയാണു്. എല്ലാ അധികാരികളും പ്രജകളുടെ ശുശ്രൂഷി
കാം ആണു്. അവരുടെ ജന്മസിദ്ധമായ അവകാശങ്ങളെ നശിപ്പിക്കു
വാനല്ല പുഷ്ടിപ്പെടുത്തുവാനാണു്. മാതാപിതാക്കാം തങ്ങളുടെ പരാ
മാവധി വളൎച്ചയല്ല മക്കളുടെ പരമാവധി വളൎച്ചയാണു് ലക്ഷ്യമാ
ക്കേണ്ടതു്. എല്ലാ അധികാരികളും സ്വന്തം കീശ നിറയ്ക്കുന്നതിനല്ല
ഭരണീയരുടെ കീശ നിറയ്ക്കുന്നതിനും അവരെ തങ്ങളുടെ പരാമാവധി
വളൎച്ചയിൽ എത്തിക്കുന്നതിനുമാണു് പരിശ്രമിക്കേണ്ടതു്. ഭരണീയ
രുടെ താല്പര്യങ്ങാംക്കു് വിധേയമാക്കിക്കൊണ്ടുവേണം തങ്ങളുടെ താല്പ
ര്യങ്ങാം പുലത്തുവാൻ.

സഹോദര്യത്വത്തിൽ നിന്നുത്ഭവിക്കുന്ന സമത്വം മൃഗങ്ങളുടെ ഇടയി
ലുള്ള സമത്വമല്ല കുടുംബാംഗങ്ങളുടെ ഇടയിലുള്ള സമത്വമാണു്. മാതാ
പിതാക്കന്മാരും മക്കളും സമക്കാരണു്. മക്കളും ഭൃത്യന്മാരും പിതാവി
നെ അനുസരിക്കുന്നുവെങ്കിലും അവർ സമക്കാരല്ല. ഭൃത്യൻെറ സേവ
നം തനിക്കുവേണ്ടിയല്ല യജമാനനുവേണ്ടിയാണു്. മകൻെറ സേവ
നം തനിക്കുവേണ്ടിതന്നെയാണു്. കുടുംബത്തുള്ള സഹോദരന്മാരിൽ
ഒരുവൻ തൂമ്പായെടുത്തു കിളയ്ക്കുകയും മറെറാരുവൻ സ്കൂളിൽ പോക
കയും മൂന്നാമൻ കളിക്കുകയും നാലാമൻ മുല കുടിക്കുകയും ചെയ്തിരു
ന്നാലും അവരെല്ലാം സമന്മാരത്രേ. അവരുടെ സമത്വം ജോലിയി
ലോ ഭക്ഷണത്തിലോ വസ്ത്രത്തിലോ അല്ല സ്ഥിതിചെയ്യുന്നതു്. മാ
താപിതാക്കന്മാരുടെ ദൃഷ്ടിയിലുള്ള സമത്വമാണു് അവരുടെ സമത്വ
ത്തിൻെറ നിദാനം. സാമ്പത്തിക സമത്വമല്ല ക്രിസ്തുവിൻെറ ല
ക്ഷ്യം. മനുഷ്യൻെറ കഴിവുകളും ആവശ്യങ്ങളും വ്യത്യസ്തങ്ങളാണു്.
യാന്ത്രികമായ സമത്വം നിലനില്ക്കുകയില്ല. അതു് പ്രകൃതിവിരുദ്ധ
വുമത്രേ. യൂദനും, യവനനും, സ്വതന്ത്രനും, അടിമയും, സവൎണ്ണനും,
അവൎണ്ണനും, ദൈവരാജ്യത്തിൽ തുല്യരത്രേ. സമ്പത്തികതുറയിൽ തു
ല്യവേലയ്ക്കു് തുല്യവേതനം നല്കുന്നതിലാണു് സമത്വം അടങ്ങിയി
രിക്കുന്നതു്. ഉല്പാദനകരുക്കളെല്ലാം ചുരുക്കം മുതലാളികളുടേയോ ക
മീസറന്മാരുടേയോ പിടിയിൽ വരുത്തിയതുകൊണ്ടു് സമത്വം ഉ
ണ്ടാകുകയില്ല. സഹോദര്യത്വബോധം മനുഷ്യഹൃദയങ്ങളിൽ ജനി
പ്പിക്കുകയും സാമ്പത്തിക കേന്ദ്രീകരണം തടയുകയുമാണു് സമത്വ
ത്തിലേയ്ക്കുള്ള വഴി. ഒന്നാമതായി ദൈവരാജ്യവും അവിടത്തെ നീതി
യും അന്വേഷിക്കുക അപ്പോാം സകലവും നല്കപ്പെടും.

ക്രിസ്തുവിൻെറ സ്നേഹവിപ്ലവം ലോകത്തിൽ പ്രചരിക്കുന്ന
തിൻെറ തോതനുസരിച്ചു് സാഹോദര്യത്വവും സ്വാതന്ത്ര്യവും സമത്വ

വും ലോകത്തിൽ പുഷ്ടിപ്രാപിക്കുന്നു. ആദ്യ ക്രിസ്ത്യാനികളുടെ യിൽ സാഹോദര്യതത്വവും സ്വാതന്ത്ര്യവും പ്രായോഗത്തിൽ വന്നു. ലാന്തരത്തിൽ അടിമത്തം അപ്രത്യക്ഷമായി. ക്രിസ്തുമതം മനുഷ്യഹൃ യങ്ങളെ സംസ്കരിച്ചതോടെ അടിമത്തം ഇല്ലാതായി. ഈ സംസ്ക ണം പൂർത്തിയായി എന്നോ അടിമത്തം പൂർണ്ണമായി അവസാനിച്ച വെന്നോ കരുതുന്നതു് മൌഢ്യമായിരിക്കും. മനുഷ്യഹൃദയം ഒരു ദിവ സംകൊണ്ടു് സംസ്കരിക്കപ്പെടുകയില്ല. മൂന്നു പറമാവിൽ നിക്ഷേപി ച്ച പുളിപ്പുപോലെയാണു് ദൈവരാജ്യം. അതു കൂടുതൽ കൂടുതലായ് അനുദിനം പുളിപ്പിച്ചുകൊണ്ടിരിക്കുന്നു. 20—നൂററാണ്ടുകളായിട്ടും സം സ്കരണം ആരംഭിച്ചിട്ടേയുള്ളു. നഗ്നമായ അടിമത്തം അവസാനിച്ച വെങ്കിലും അതു് ഇന്നും വിവിധവേഷങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊ ണ്ടിരിക്കുന്നു. 20 നൂററാണ്ടുകളായിട്ടും ക്രിസ്തുമതത്തിനു് അതിന്റെ പരിപാടി ലോകത്തിൽ പൂർണ്ണമായി അവതരിപ്പിക്കുന്നതിനുള്ള അ വസരം ലഭിച്ചിട്ടില്ല എന്നുള്ളതാണു് പരമാർത്ഥം. അവിടെയും ഇവി ടെയും ഭാഗികമായിട്ടുള്ള പരീക്ഷണം മാത്രമെ ഇതിനകം നടന്നിട്ടു ള്ളു. ഈ പരീക്ഷണത്തെ അലങ്കോലപ്പെടുത്തുന്നതിനു് ലോകശക്ത കൾ അതിന്റെ കഴിവുകളെല്ലാം പരമാവധി ഉപയോഗിച്ചിട്ടുണ്ടു്. സഭയുടെ പരമാധികാരിയായ പാപ്പായുടെ തിരഞ്ഞെടുപ്പിൽ പോ ലും 20-ാം നൂററാണ്ടിന്റെ ആരംഭംവരെ ലോകശക്തികൾ കൈകടത്തു കയും (1903—ൽ വീറോ അധികാരം ആസ്റ്റ്രിയൻ ചക്രവർത്തി ഫല പ്രദമായി പ്രയോഗിച്ചു) സഭയുടെ സ്വാതന്ത്ര്യപ്രവർത്തനത്തെ വിഘ്ലാ തപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇതൊക്കെ ആയാലും ഭാഗികമായ ഈ പരീക്ഷണങ്ങൾ അത്ഭുതകരമായ ഫലങ്ങളാണു് പുറപ്പെടുവിച്ചിട്ടുള്ള തു്. നിമ്മതത്വവും മതത്യാഗവും കൊടുമ്പിരിക്കൊള്ളുന്ന ഇക്കാലത്തു പോലും പരിശുദ്ധാത്മാവു് മനുഷ്യഹൃദയങ്ങളെ സംസ്കരിക്കുകയും ഭൂ മുഖത്തെ നവീകരിക്കുകയും ചെയ്തുകൊണ്ടു് മുന്നേറുന്നു.

ഈ മുന്നേററത്തിന്റെ ചരിത്രമാണു് ഈ ഗ്രന്ഥത്തിന്റെ അര ത്ത വാല്യങ്ങളുടെ പ്രതിപാദ്യ വിഷയം. ദൈവത്തിന്റെ അഭ്യന്തര ജീവിതത്തിലെ കൊടുത്തുകൊണ്ടുള്ള സ്നേഹം എങ്ങനെ ക്രിസ്തു ഭൂമി യിൽ അവതരിപ്പിച്ചു എന്നും അതിനെ ഓരോ വ്യക്തികളിലും അ വതരിപ്പിക്കുന്നതിലേയ്ക്കു് ദൃശ്യസഭയാകുന്ന ലബോറട്ടറി സ്ഥാപിച്ചു എന്നുമാണു് കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ചതു്. അടുത്തതായി ഈ ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടിയിരി ക്കുന്നു.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 04 FEB 1994 | | |
| 2 DEC 1995 | | |
| 3 JAN 1995 | | |
| 31 AUG 1996 | | |

K04
496
Indic Digital Archive Foundation
gpura.org